മഹിളാമന്ദിരസ്ഥാപക

# കെ. ചിന്നമ്മ

(ജീവിതചരിത്രം)

ആത്മാർത്ഥമായി ആനന്ദാശ്രുക്കളും
ശോകാശ്രുക്കളും ഒരേസമയം
ഉദ്ദീപ്പിക്കുന്ന ഏകമലയാളഗ്രന്ഥം.

എം. ആർ. വേലുപ്പിള്ളശാസ്ത്രി, ബി. ഏ.

ഗ്രന്ഥകർത്താ,

എൻ. ബാലകൃഷ്ണൻനായർ.

മഹിളാമന്ദിര സ്ഥാപക

# കെ. ചിന്നമ്മ

(ജീവിതചരിത്രം)

SRIVILAS PRESS & BOOK DEPOT. TRIVANDRUM.

---

ഗ്രന്ഥകർത്താ:

എൻ. ബാലകൃഷ്ണൻ നായർ

---

*Publishers:*

**Sri Vilas Press & Book Depot,**
**Trivandrum.**

1122

PRICE Rs. 3/—

---

എല്ലാം പ്രതികളിലും ഗ്രന്ഥകർത്താവിൻെറയും പ്രസാധകരുടെയും മുദ്ര ഉണ്ടായിരിക്കുന്നതാണ്.

92
CA1

# മുഖവുര

## I

പ്രാദേശികപ്രശസ്തിയുള്ള ജീവിതങ്ങൾ എല്ലാ ദേശത്തും എല്ലാ കാലത്തും ഇല്ലാതെ വരാറില്ല. എന്നാൽ കാലദേശങ്ങൾക്കതീതമായി ജനതയുടെ സ്മരണയിൽ എന്നും തെളിഞ്ഞുനില്ക്കുന്ന—അതായത്തു്, "ഉത്തിഷ്ഠത ജാഗ്രത പ്രാപ്യവരാൻ നിബോധത" എന്നീ മഹദ്വാക്യങ്ങളുടെ സത്തയെ, സമുദായത്തിന്റെ ഭൗതികശ്രേയസ്സിനും ആത്മീയോൽക്കർഷത്തിനുമായി നല്കപ്പെടുന്ന, ജീവിതങ്ങൾ അത്ര സുലഭമല്ല. സാമാന്യൻ ക്ലേശംകൊണ്ടും നിരാശകൊണ്ടും പരാജയംകൊണ്ടും നിശ്ചേഷ്ടനായി ജീവിതത്തിനു ചലനമില്ലാത്തവനാകുമ്പോൾ, അവന്റെ ജീവിതത്തിനു ചലനവും, കണ്ണുകൾക്കു പ്രകാശവും, പ്രവൃത്തിക്കു ശുഭാപ്തിവിശ്വാസവും നല്കുന്ന—മനുഷ്യപരമ്പരയ്ക്കു് എന്നും ഏറ്റവും ഉപകരിക്കുന്ന വിശിഷ്ടജീവിതങ്ങൾ, പ്രാദേശികപ്രശസ്തിയിൽ തഴച്ചു ശോഭിക്കുന്ന ചരിതങ്ങളെ അപേക്ഷിച്ചു വീക്ഷിക്കുമ്പോൾ കുറച്ചു ഉണ്ടാകുന്നുള്ളു എന്നു ചുരുക്കം. പ്രാദേശികപ്രശസ്തിയെ കവിഞ്ഞു നില്ക്കുന്ന ചരിതങ്ങൾ മനുഷ്യവംശത്തിന്റെ പൊതു സംസ്കാരത്തിലെ വിലപ്പെട്ട സമ്പത്തുക്കളാകുന്നു.

## II

ജീവിക്കുകയും, ജീവിതമാകുന്ന പ്രവാഹശക്തിയുമായി ഒരിക്കലും പൊരുത്തമില്ലാത്ത ചലനവിഹീനമായ

## II

ഭീരുത്വം കാണിക്കുകയും ചെയ്യുന്ന മനുഷ്യനെ നോക്കി, "നീ നിന്റെ കർമ്മം ചെയ്യു" എന്നു് ഉദ്ഘോഷിക്കുന്ന ശ്രീകൃഷ്ണൻ, ലോകത്തിന്റെ നിലനില്പിനു എന്നും എപ്പോഴും സഹായിക്കുന്ന മഹാപുരുഷന്മാരിൽ ഒന്നാമത്തെ ഒരു ഉദാഹരണമാണു്. ധനം, സമുദായം, രാഷ്ട്രം എന്ന മൂന്നു പ്രധാന ഭൗതികകാര്യങ്ങളും, അതോടെ ആത്മീയാന്വേഷണങ്ങൾക്കായുള്ള പ്രേരണയും ഈ സന്ദേശത്തിൽ ചേർന്നുനില്ക്കുന്നു. ഈ സന്ദേശതത്വത്തെ സമുദായമൂല്യത്തിൽ ആനയിക്കുവാനോ ഉന്നയിക്കുവാനോ വേണ്ടിയാണു്, സാമുദായികവും, രാഷ്ട്രീയവും, ആത്മീയവുമായ കാര്യങ്ങളിൽ ചരിത്രാവകാശികളായ മഹാപുരുഷന്മാർ ജീവിതം ചെലവിട്ടിട്ടുള്ളതു്. അതാതുകാലത്തെ സമുദായസ്ഥിതിക്കു ആവശ്യമായിട്ടുള്ളതു നേടുവാൻ ജീവിച്ചവരും, മരിച്ചവരും, ഇന്നു ജീവിക്കുന്നവരും ആയ സർവ്വ മനുഷ്യസ്നേഹികളും ശ്രീകൃഷ്ണൻ നൽകിയിട്ടുള്ള സന്ദേശം പ്രചരിപ്പിക്കാൻ പോന്നവരാണെന്നു ഒരു ഭാരതീയൻ പറയുന്നുവെങ്കിൽ, ദിക്കാലങ്ങൾകൊണ്ടു മാത്രം വ്യത്യസ്ഥനായ മറ്റൊരാൾക്കു വിശ്വവ്യാപ്തിയുള്ള ഈ ആശയത്തിൽ എതിർ നില്ക്കുവാൻ വഴിയൊന്നുമില്ലതന്നെ. മഹാപുരുഷന്മാരും അവരുടെ ആശയങ്ങളും സാർവ്വലൗകികമായിത്തീരുവാൻ കാരണവും ഇതു തന്നെ.

## III

പ്രവൃത്തിയുടെ സാഫല്യത്തിനും ജീവിതവിജയത്തിനും ഉപകരിക്കുന്ന ചരിതങ്ങൾ അധികവും രേഖപ്പെടുത്തിയി

ട്ടുള്ളതു്, ഏഷ്യയെപ്പോലെ വലിപ്പമില്ലാത്ത യൂറോപ്പാണു്. ഏഷ്യയിലെതന്നെ പല വിശിഷ്ടജീവിതങ്ങളും വിസ്തൃതിയിൽ അറിയാൻ തുടങ്ങിയിട്ടുള്ളതും യൂറോപ്പിന്റെ ഏഷ്യയുമായിട്ടുള്ള അടുത്ത ബന്ധത്തിനുശേഷമാണു്. ജീവിതത്തിന്റെ പ്രായോഗികതയേയും പരിസരങ്ങളുടെ പരമാർത്ഥതയേയും കൂട്ടിയിണക്കി വിജയത്തിനു വഴി ഒരുക്കുന്ന പ്രയോജനബുദ്ധി ഏഷ്യയിലെ പല രാഷ്ട്രങ്ങളും ഇനിയും ശീലിക്കേണ്ടിയിരിക്കുന്നു. യൂറോപ്പിന്റെ അന്വേഷണബുദ്ധിയുടെ ഫലമാണു്, പ്രതിലോമസ്വഭാവത്തിൽനിന്നു് വിമുക്തമല്ലെങ്കിലും, പല നൂതനചിന്തകളും പരിഷ്കാരങ്ങളുംകൊണ്ടു നിറഞ്ഞ ആധുനികലോകം.

ലേഖനം ചെയ്യാത്ത ഭോഗങ്ങളല്ലാതെ, ക്രിസ്തുവിനേയും കൃഷ്ണനേയും ഉൽപ്പാദിച്ച ഏഷ്യയിൽ—പക്ഷേ, ലോകത്തിന്റെ പൊതുസംസ്കാരത്തിന്റെ പോഷണത്തിൽ—പ്രവൃത്തിസ്ഥൈര്യത്തിന്റെ അത്യുദഗ്രമായ മഹാമ്മദു നബിയേയും ഉൾക്കൊള്ളുന്ന കിഴക്കൻ ഭൂവിഭാഗത്തിൽ,—വിവക്ഷിതമായ ചരിത്രങ്ങൾ ഇല്ലാതെവന്നിട്ടില്ല എന്നുള്ളതിനു തെളിവു് ഇന്നു നമ്മുടെ മുൻപിൽ ജീവിക്കുന്ന മഹാത്മാഗാന്ധി ഒന്നുമാത്രം മതിയാകും.

## IV

മഹച്ചരിതങ്ങൾ പഠിക്കുവാൻ തുടങ്ങിയ നാൾ മുതൽ, ലോകത്തെങ്ങുമുള്ള ജീവിതഭാരംകൊണ്ടു കാൽ കുഴയുന്ന മൂകലക്ഷങ്ങൾക്കു ഉപകരിക്കുമാറു്, എന്തെങ്കിലു

സന്ദേശത്തോട്ട് ആരെങ്കിലും മലയാളക്കരയിൽ ജീവിച്ചിട്ടുണ്ടോ എന്നു ഞാൻ അന്വേഷിക്കാറുണ്ടായിരുന്നു. ദേശീയമായ പ്രത്യേകതകളെ കവിഞ്ഞു്, സാർവ്വദേശീയതയിലേയ്ക്കും ഉയരുന്ന പ്രയോജനവും പ്രശംസയും എന്റെ അന്വേഷണത്തിലെ പ്രധാന ഘടകങ്ങളായിരുന്നു. ശ്രീമതി. കെ. ചിന്നമ്മ എന്റെ ഭാവനയിലുള്ള പ്രയോജനാത്മകതയ്ക്കും തന്മൂലമുള്ള പ്രശംസയ്ക്കും പാത്രമായി മലയാളക്കരയിൽ പ്രതിഷ്ഠ നേടിയിരിക്കുന്നതു എനിക്കു കാണാറായി.

## V

എന്റെ അഭിവന്ദ്യ ഗുരുവരേണ്യനായ ശ്രീ. വി. കൃഷ്ണൻ തമ്പിയുടെ ജീവിതചരിതം സ്വരൂപിച്ചുകൊണ്ടിരുന്ന ആയിരത്തി ഒരുനൂററി പതിനഞ്ചിലാണു്, പ്രകടമായി, ശ്രീ. ചിന്നമ്മയുടെ ചരിത്രത്തെപ്പററിയുള്ള അന്വേഷണങ്ങൾക്കു ചില സാഹചര്യങ്ങൾ സംജാതമായതു്.

എന്റെ ഒരു സ്നേഹിതനായ ശ്രീ. രാമചന്ദ്രൻ തമ്പിയും, ശ്രീ. ചിന്നമ്മയുടെ സംരക്ഷണത്തിൽ വളൎന്ന ശ്രീമതി ദേവകിഅമ്മ, ഒരു പ്രത്യേക ഘട്ടത്തിൽ ശ്രീ. ചിന്നമ്മ മഹിളാമന്ദിരനിവാസികൾക്കയക്കയുണ്ടായ ഒരു സന്ദേശം പകൎത്തി അയച്ചുകൊടുത്തതായിരുന്നു, എനിക്കു ഈ ഗ്രന്ഥരചനയിൽ ആദ്യം അന്വേഷിച്ചു പോകാതെ വന്നുകിട്ടിയ ഒരൊററ സമ്പാദ്യം.

നൂററി പതിനഞ്ചു അവസാനിക്കും മുമ്പു് ഇതിനുള്ള യത്നം ആരംഭിച്ചു. ഈ ഗ്രന്ഥനിൎമ്മിതിക്കായി

ഉപയോഗിച്ചിട്ടുള്ള കത്തുകൾ ശേഖരിക്കുന്നതിലേയ്ക്കു ഇടവിട്ടിടവിട്ടു്, രണ്ടരക്കൊല്ലത്തോളം എനിക്കു വേണ്ടി വന്നിട്ടുണ്ടു്. ഇതിലേയ്ക്കു തിരുവിതാംകൂറിലെ പല കരകളും (ശ്രീ. ചിന്നമ്മ സഞ്ചരിച്ചിട്ടുള്ള) ഞാൻ കയറിയിറങ്ങിയിട്ടുണ്ടു്. ഇതേസംബന്ധിച്ച് നിരവധി മഹതീമഹാന്മാരെ ഇവിടെ എനിക്കു ഓർക്കേണ്ടതായിട്ടുണ്ടു്. ഗ്രന്ഥത്തിന്റെ നിർവിഘ്നപരിസമാപ്തിക്കായി കൊതിച്ചിരുന്നവരും, എന്നാൽ അകാലത്തു കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയവരും ആയ, മിസ്സിസ്, പി. രാമൻതമ്പി, ശ്രീ. ചിന്നമ്മയുടെ ജ്യേഷ്ഠസഹോദരി അദ്ധ്യാപിക ജാനകിഅമ്മ, മിസ്സിസ് കെ. വേലുപ്പിള്ള (പരേതനായ പത്രാധിപർ കെ. വേലുപ്പിള്ളയുടെ പത്നി) ശ്രീ. ശങ്കരപ്പിള്ള (ചിന്നമ്മയുടെ ഭർത്താവു് ശ്രീ. കുമാരപിള്ളയുടെ സഹോദരൻ) ഇവരുടെ വിയോഗത്തിൽ എനിക്കു ഇവിടെ അനുശോചിക്കേണ്ടതായിട്ടാണു വന്നതു്. കാലഗതിക്കു പ്രതിവിധിയെന്തു്?

"ഞങ്ങളുടെ അമ്മയുടെ ചരിത്രംവരുന്നുവോ" എന്നു് ആഹ്ലാദഭരിതരായി എന്നോടു ചോദിച്ച കരുനാഗപ്പള്ളിയിലെ പാവപ്പെട്ട ചില ചായക്കടക്കാരേയും, വാഴൂർ തീർത്ഥപാദാശ്രമത്തിനു സമീപത്തുവച്ച്, കണ്ണുനീരോടുകൂടി ചിന്നമ്മയെപ്പററിയുള്ള ചില സ്മരണകൾ സജീവങ്ങളാക്കിയ ചില കൂലിവേലക്കാരെയും, ഞാൻ പ്രത്യേകം ഓർക്കുന്നു. അവരെപ്പററിയുള്ള എന്റെ സ്മരണ വാടാത്ത മലർച്ചെണ്ടിനു തുല്യമാണു്.

ഈ സന്ദർഭത്തിൽ ചിന്നമ്മയുടെ ഭർത്താവായ ശ്രീ. കുമാരപിള്ള, മി. ജസ്റ്റിസ്സ് ജി. ശങ്കരപ്പിള്ള, ദിവാൻ പേഷ്കാരായിരുന്ന ശ്രീ. നാരായണമേനോൻ, ശ്രീ. മന്ദത്തു

പത്മനാഭപിള്ള, ശ്രീ. മള്ളൂർ ഗോവിന്ദപ്പിള്ള തുടങ്ങിയ വരെയൊക്കെയും ഞാൻ ഇവിടെ പ്രത്യേകം അനുസ്മരിക്കുന്നു. തിരുവല്ലയിലെ ഗൃഹസ്ഥകളായ ചില മഹിളമാർ, കോട്ടയത്തെ ചില അദ്ധ്യാപികമാർ, കൊല്ലത്തെ മററുചില സഹോദരിമാർ മിസ്സ്. ലക്ഷ്മിഅമ്മ, ശ്രീ ജി. ആർ. തങ്കമ്മ, ശ്രീ. പി. തങ്കമ്മ, ശ്രീ. ഗൗരിഅമ്മ എന്നിങ്ങനെ ഈ ഗ്രന്ഥരചനയിൽ എനിക്കുപകരിച്ചിട്ടുള്ള അനവധിപേരോട് ഈ പ്രകൃതത്തിൽ നന്ദി പറയാനുണ്ട്.

ഗ്രന്ഥത്തിന്റെ രചനയെപ്പററിയോ, ഘടനയെപ്പററിയോ ഗ്രന്ഥമുഖത്തിൽ കൂടുതലായി പറവാനൊന്നുമില്ല. കരുന്നൂററിപതിനേഴിൽ, ഗ്രന്ഥം ഒട്ടുമുക്കാലും പൂർത്തിയായെങ്കിലും, ഇന്നുവരേയും ഉള്ള സമയം ഗ്രന്ഥാവിഷ്കരണത്തിനുവേണ്ടി വന്നു എന്നുള്ളതു പറയാതെവയ്യ. സന്ദർഭാനുസരണം, ചിലേടത്തു ചില ഇംഗ്ലീഷു ഗ്രന്ഥങ്ങളിൽനിന്നും എനിക്കു ഉദ്ധരിക്കേണ്ടിവന്നിട്ടുണ്ട്. ഉദ്ധരണങ്ങളുടെ ഉദ്ദേശം പ്രകൃതത്തിൽ വന്നിട്ടുള്ളതുകൊണ്ട് അവയ്ക്കു പ്രത്യേകം ഭാഷ വേണമെന്നു കരുതിയില്ല.

സശ്രദ്ധം പുസ്തകം മുഴുവനും വായിച്ചുകേട്ട്, എന്നെ അനുഗ്രഹിച്ച്, പുസ്തകം പ്രസിദ്ധീകരിക്കുവാൻ ഉത്സാഹിപ്പിച്ച ശ്രീ. കുമാരപിള്ളയോടുള്ള എന്റെ അകൈതവമായ നന്ദി ഒന്നുകൂടി എടുത്തു പറഞ്ഞുകൊള്ളട്ടെ.

ഈ പുസ്തകത്തിന്റെ രചനാകാലത്ത്, പലപ്പോഴും ഒരു സുഹൃത്ത് എന്ന നിലയിൽ പല കാര്യങ്ങളും കേട്ടും

ഉപകരിച്ചിട്ടുള്ള അഡ്വക്കേററ് ശ്രീ. മള്ളൂർ എൻ. കൊച്ചുകൃഷ്ണപിള്ളയോടും, ഇതിന്റെ കയ്യെഴുത്തു പ്രതി പകത്തുന്നതിനും മററും സഹായിച്ചിട്ടുള്ള ശ്രീ പി. രാഘവൻ നായരോടും ഞാൻ നന്ദി നിറഞ്ഞവനാണു്.

ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം സസന്തോഷം കയ്യേററെടുത്ത തിരുവനന്തപുരത്തെ ശ്രീ. വിലാസ്സ മുദ്രണാലയക്കാരോടു ഞാൻ നന്ദിമൂലം കടപ്പെട്ടവനാണു്.

ഈ ഗ്രന്ഥം ഇപ്രകാരം സവിനയം ലോകസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
17—5—1122.
1—1—1947.

ഗ്രന്ഥകാരൻ.

# DEDICATED

TO

*Mrs. Vijaya Lexmi Pandit, the great heroine in the battle of India's liberation at home and abroad.*

സ്വദേശത്തും വിദേശഭൂഭാഗങ്ങളിലും

ഭാരതസ്വാതന്ത്ര്യസമരത്തിലെ വീരനായിക,

ശ്രീമതി വിജയലക്ഷ്മിപണ്ഡിററിന്റെ

മഹനീയസമക്ഷം

അനുവാദപ്രകാരം സമർപ്പിച്ചിരിക്കുന്നു.

ഗ്രന്ഥകർത്താ,

# ശുദ്ധിപത്രം

| പുറം | വരി | അശുദ്ധം | ശുദ്ധം |
|---|---|---|---|
| 4 | 21 | ഇറക്കിവിട്ടിട്ടുള്ളതു് | ഇറങ്ങിവന്നിട്ടുള്ളതു് |
| 22 | 9 | പറയാൻ | പറയൻ |
| 45 | 5 | തുന്നിയി | തുന്നിയിട്ടുള്ള |
| 45 | 8 | സംഭവിച്ച | സംഭാവിച്ച |
| 60 | 24 | ബ്രഃഹ്മാസ്ത്രി | ബ്രഹ്മാസ്ത്രി |
| 62 | 21 | ചെയ്യുന | ചെയ്യുന്ന |
| 79 | 8 | സാമയവിനിയോഗം | സമയവിനിയോഗം |
| 94 | 19 | തൃപ്തിയാകുകയും | തൃപ്തരാകയും |
| 99 | 16 | കണ്ടമുതൽ | കണ്ടതുമുതൽ |
| 96 | 18 | എനിക്കുപകീരമുള്ള | എനിക്കുപകാരമുള്ള |
| 161 | 23 | ഗ്രന്ഥകാര | ഗ്രന്ഥകാരൻ |
| 167 | 10 | ഗൃഹണി | ഗൃഹിണി |
| 192 | 12 | ത്യജിച്ചിറക്കുവാൻ | ത്യജിച്ചിറങ്ങുവാൻ |
| 218 | 6 | ചിന്നമ്മയെ | ചിന്നമ്മ |
| 227 | 19 | കടക്കം | കാക്കം |
| 236 | 8 | Rough how | Rough-hew |
| 245 | 22 | ചിന്നമ്മയുടെ | ചിന്നമ്മയെ |
| 246 | 18 | കയാനായിക | കഥാനായിക |
| 258 | 7 | ജൌതിഷം | ജ്യൌതിഷി |
| 259 | 25 | സുഗന്ധോല്ലാസിന്ധി | സുഗന്ധോല്ലാസി |
| 261 | 24 | ലയിച്ചിരുന്ന | ലയിച്ചിരിക്കുന്ന |
| 268 | 21 | നിരാൾട്ട | നിരാൾട്ടാട |

# വിഷയസൂചിക

സമർപ്പണം.

മുഖവുര,

## അദ്ധ്യായം ൧.

“പ്രകാശമാനമായ ജന്മാഗ്രം.”

സ്ത്രീകൾക്കും പ്രാഭവമുണ്ട്—ഭാരതീയർ വൻപിച്ച സംസ്കാരത്തിന്റെ പിൻവാഴ്ചക്കാർ—ശിഥിലമായ ഭാരതസമുദായം—അനാക്രമപരിസരമാണ് സാമുദായിക സമ്പത്ത്—ആത്മബലങ്ങളും പാരമ്പര്യങ്ങൾ തകർന്നുതുടങ്ങി—സാമുദായികചിന്തകന്മാർ എങ്ങനെ മനുഷ്യരെ പ്രബുദ്ധരാക്കി?—ശ്രേഷ്ഠ സംസ്കാരത്തിന്റെ പ്രേരണ—മനുഷ്യസമുദായം മുഴുവനുമാണ് ചിന്നമ്മയുടെ ആദർശലക്ഷ്യം—ചിന്നമ്മ കേരളീയരുടെ ഇടയിൽ ശാശ്വതമായ മംഗളദീപം ജ്വലിപ്പിക്കുന്നു—മിസ്സസ് രാമൻതമ്പിയുടെ പ്രസ്താവന—ശ്രീ. ആർ. ഈശ്വരപിള്ളയുടെ അടക്കവാൻ കഴിയാത്ത ആഹ്ലാദം—മലയാളക്കരയിലെ ദിവ്യതാരം—മനുഷ്യരാശിയുടെ “അമ്മ”

## അദ്ധ്യായം ൨

“അക്കൻ എന്നെ പഠിപ്പിക്കുമോ”

കല്യാണി അമ്മയുടെ പ്രാർത്ഥന ഫലിച്ചു—അവർ തിരുവനന്തപുരത്തേയ്ക്കു പോയി—മിസ്സ് ബ്ലാംഫോർഡും

സ്ത്രീവിദ്യാഭ്യാസസമാരംഭവും — ജാതിവഴക്ക് — ഭിക്ഷാം ദേഹികൾ — അന്നമാണ് ഒന്നാമത്തെ സമുദായാവശ്യം —മർദ്ദിതരായ ജനതയെ വഴിതെറ്റിക്കുന്ന—അസമത്വത്തിന്റെ മൂലകാരണം — മതവഴക്കു — ചിന്നമ്മ സമാപ്രസന്ന—"ഞാൻ കക്കൂസ്സു വൃത്തിയാക്കുന്നതിനും സന്തോഷം ശീലിച്ചിട്ടുണ്ടു" പ്രണയത്തിൽ "പടങ്ങൾ" തൃണവൽഗ്ഗണിച്ചു—വിവാഹം—എഫ്. ഏ., പരീക്ഷാ വിജയം—സഹോദരങ്ങൾ—ബി. ഏ. പരീക്ഷ.

## അദ്ധ്യായം ൩

### ഇൻസ്പെക്ടസ്സ്

ഇൻസ്പെക്ടസ്സ് ജോലിയിൽ പ്രവേശിക്കുന്നു—സ്ത്രീസമാജസ്ഥാപനം—വിദ്യാഭ്യാസ പ്രചരണം—മരുന്നു പെട്ടിയും വൈദ്യപുസ്തകവും കൊണ്ടുള്ള യാത്ര—"കരുണയുള്ള അമ്മ" "ഈ ഉലകമുള്ള കാലം ഉദ്യോഗം വേണ്ട" —മദ്യപൻ പിൻതിരിയുന്നു—വിദ്യാലയങ്ങളിൽ ആരെയാണു നിയമിക്കേണ്ടതു്? ജാർജ്ജു ചക്രവർത്തിയുടെ കിരീടധാരണാഘോഷം—ചിന്നമ്മയുടെ അതിഥിസൽക്കാരം —"ഇതെനിക്കു വേണ്ട."

## അദ്ധ്യായം ൪

### പ്രബുദ്ധ

ശ്രീ തീർത്ഥപാദപരമഹംസർ—ചട്ടമ്പിസ്വാമികൾ —അഹിംസാപ്രതിഷ്ഠായാം തത്സന്നിധൌ വൈരത്യാഗഃ—

ഗൃഹഭക്തി—കന്യകാമഠം—ശോകസങ്കലിതമായ മുഖഭാവം—മതംവാദങ്ങളിലല്ല—സി. വി വിവർത്തനത്തിനു തെരഞ്ഞെടുത്ത പുസ്തകം—മിനിന്റെ സ്ഥാനത്തെ പൂർവം—ഉപദേശങ്ങളല്ലാതെ ശിക്ഷയില്ല—"എനിക്കു ഒരാളെയും വെറുക്കാനില്ല. ഞാൻ കുറവുതീർന്ന പൂർണ്ണയല്ല" --ഗൃഹഭരണം, പ്രഥമവിദ്യാലയം—മാതാവ് ആദ്യത്തെ അദ്ധ്യാപിക—പൂജാവിത്ത—ആകെയെല്ലാം സമാധാനിപ്പിക്കും?

## അദ്ധ്യായം ൫

### അങ്കുരം

ഒരു സംഭാഷണം—താരാഭായി—കളിസ്ഥലങ്ങളില്ലാത്ത യുവാക്കന്മാരും മേച്ചിൽസ്ഥലങ്ങളില്ലാത്ത പശുക്കളും ഒന്നുപോലെ—,ഇന്നത്തെ അംഗീകൃതവിദ്യാഭ്യാസം —"ഞാൻ അതു നിരത്തുവാൻ പറയുന്നതല്ല" കൊല്ലത്തെ സമ്മേളനം—"ഞാൻ ഇനി ശമ്പളം വാങ്ങുന്നതു ഇതു ഭയങ്കരകൃത്യം ചെയ്യുന്ന ആളെ കണ്ടുപിടിച്ചിട്ടു തന്നെ"—ശക്തമായി ഇതാക്കമററാരുമല്ല—"ഇനി അതു വേണ്ട"—"എന്നെ ഇത്രനാളും അറിയിച്ചില്ലല്ലോ— അങ്കുരം ജാതമായിക്കഴിഞ്ഞു?

## അദ്ധ്യായം ൬

### അനന്തരസംഭവങ്ങൾ

"ദാരിദ്ര്യമെന്നുള്ളതറിഞ്ഞവർക്കേ പാരിൽപരക്ലേശ വിവേകമുള്ളൂ" ത്യാഗത്തിനും സേവനത്തിനും വേണ്ട

രണ്ടു കാൎയ്യങ്ങൾ—വെളിയിലെ പ്രവൃത്തിക്കു അകത്തെ ബലമാണു് അവലംബം—ജന്മനാ നീചത്വം ആൎക്കും ഇല്ല—പ്രകടമായ ആലോചന—ജാക്കറെറുകളുടെ സ്ഥാനത്തു ജംപറുകൾ—"എല്ലാ ചട്ടങ്ങൾക്കും ഉപരിയായ ഒരു ചട്ടം ഉണ്ടു്" "കൎമ്മശക്തി മിഷ്യനറിമാൎക്കുമാത്രമല്ല" "പലൎക്കും ആശ്ചൎയ്യകരം"—മലയാളിയായ യൂറോപ്യൻ സ്ത്രീയുടെ അന്വേഷണം—ലോകചരിത്രത്തിൽ എന്നെന്നേയ്ക്കും സ്മരണീയമായ ഒരു വർഷം—"എനിക്കൊരു സ്വന്തം വീടുവേണ്ട"—ആശ്രയഹീനർ സ്വാശ്രയപ്രവൃത്തിക്കു സ്വാഗതം അരുളുന്നു—"ഇതു സ്വൎഗ്ഗലോകമോ!" വിനോദവില്ലന.

# അദ്ധ്യായം ൧

## മന്ദിരാംബയുടെ ആരംഭം

കണ്ണുനീർത്തുള്ളികൊണ്ടുള്ള പുഷ്പാഞ്ജലി—ശേഷിച്ചിരുന്ന സ്വൎണ്ണമാല—ബസൻറിന്നു് ശൂല്യത പോരാ—ജീവരക്തം ഒലിച്ചുപോകുന്നു—തൊലി ഉരിയുന്ന നിന്ദാപ്രഹാസങ്ങൾ—വി. കൃഷ്ണൻതമ്പിയുടെ വിശ്രമത്തിനു സ്വരൂപം കൊടുക്കുക എന്ന നവീനാദൎശം—കേണിരുന്നതിനു അവസാനമില്ലായിരുന്നു—സമൃദ്ധിയാണു് അവർ കാണുന്നതു്—ക്ലേശത്തെ അംഗീകരിക്കുന്ന ഒരു വാക്കുപോലും പ്രവൃത്തിക്കു് ഉന്മേഷം കൊടുക്കുന്നതാണു്—ശുശ്രൂഷകർ മടിക്കുന്നിടം—"എനിക്കു യശസ്സും അപ

ആലസ്യം ഒന്നുപോലെതന്നെ”—നിമിഷവും സഹിക്കുക സാദ്ധ്യമല്ല—ഓരോ മാസത്തിലേയും ഒന്നാംതീയതി—ദിവാൻ മി. രാഘവയ്യ—ആസന്നമരണനായ മകൻ—“ബുക്കിൽ എഴുതിച്ചേക്കുവാ”

## അദ്ധ്യായം ൮

### പുതിയ ഹിന്ദുകുടുംബം

“ഏതന്റെ സർവ്വകർമ്മങ്ങളിലും ഉള്ള ലക്ഷ്യം ഈശ്വരൻ തന്നെ”—“പരശുരാമക്ഷേത്രത്തിന്റെ രാജമാനസ്തംഭം”—വിജയരഹസ്യം—“വാളൊടിയുന്നതുവരെ യുദ്ധം ചെയ്ത തന്നെ”—“മണൽക്കാട്ടുകളിലെ ദേശസഞ്ചാരം—ഒരു സംവത്സരകാലം തുടർന്നുള്ള കാൽനട പിശാചുക്കൾ മാറുന്നു—വിശേഷ വിദ്യാഭ്യാസം—“അതു ധർമ്മമല്ല”—“എന്തുപേർ കൊടുത്താലും കിട്ടേണ്ട അർത്ഥം—“ഈ അമ്മ നിങ്ങളുടെ സമുദായത്തിലായിരിപ്പായല്ലോ”—“ഇനിയത്തെ വിദ്യാലയങ്ങൾ”—“ഹൃദയപീഠങ്ങളിലെ പെറ്റമ്മ”—ലൈസൻസില്ലാത്ത മോക്ഷ ഗൃഹസ്ഥനെ കൊണ്ടുവന്നു—സ്ത്രീകളെ കരയിപ്പിക്കുന്നു—നാമം ചൊല്ലുന്നിടത്തു ചിന്നമ്മയുടെ ചിത്രം—“എല്ലാപേർക്കും തൊഴിലും എല്ലാപേർക്കും സമാധാനവും”—എം. എൻ. നായരുടെ പ്രസംഗം—“ഒളിക്കാമെന്നു തോന്നുന്ന അവസരത്തിലെല്ലാം ഒന്നു ഓർത്തു കൊൾവിൻ”—ത്യാഗം എവിടെയാണു വേണ്ടതു?—“സ്തോത്രപ്രിയർക്കും സുഖികൾക്കും സ്ഥാനമില്ല.”

## അദ്ധ്യായം ൯

### പുതിയ ഹിന്ദുകുടുംബം

(തുടൎച്ച)

മിസ്സിസ് ബസൻറ—റവ്യൂഷൻവാദ്ധ്യാർ—തൊണ്ണൂററെട്ട വൃശ്ചികമാസത്തിലെ ഏകാദശിദിവസം—"ഇവിടെ ഓരോന്നിലും നിങ്ങളുടെ പേർ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും, അതല്ലാതെ കാണ്മാനില്ല"—സുശീലായോഗിനി—ശ്രദ്ധാനന്ദൻെറ പ്രശംസയും പരാതിയും—"പുരുഷന്മാരുടെ സുഖത്തിനായിമാത്രം ഉദ്ദേശിക്കപ്പെടരുതു്"—"ദേഷ്യംകൊണ്ടു ഫലമൊന്നുമില്ല"—"ഞാനൊരു റൊട്ടികിടങ്ങു നടത്തിക്കളഞ്ഞാലെന്തു്"—വൃദ്ധിക്ഷയം വന്നിട്ടും പ്രഭുവിൻെറ ആക്രോശം—സനാഥരുടെ പള്ളിക്കൂടത്തിൽപോയി പഠിച്ചിട്ടുവന്ന മെച്ചം—ഭാഗവതരുടെ പരാതി—പിരിവുകാരൻെറ മെക്കിട്ടുത്തും ഭാഗവതരുടെ മണ്ടയ്യം—മനോനൈർമ്മല്യത്തിനു കണ്ണുനീർ—ശിശുവിൻെറ സദ്യോമൃതിക്കു മാതാവിൻെറ അത്യാധാനം കാരണമാകുന്നു—പുതിയ ഹിന്ദുകുടുംബം നല്കുന്ന ജീവൽസന്ദേശം

## അദ്ധ്യായം ൧൦

### വൈഷമ്യങ്ങൾ

"വനിതാ മാതൃക"—"ദമയന്തിപ്രഭൃതികളായ സ്ത്രീകളെ അതിശയിക്കുന്നു"—"ഒരു മഴ പെയ്യിപ്പിച്ചു"—

ഒരു വീരന്റെ നില—രോഗശയ്യയിൽ—മനുഷ്യൻ പണം ഉണ്ടാക്കുന്നതു് എന്തിനുവേണ്ടി?—"നിങ്ങളെല്ലാം എനിക്കു പുത്രിമാർതന്നെ"—ലോകത്തെ സേവിക്കുന്നതിനും ദുഃഖം ശമിക്കുന്നതിനുമുള്ള രണ്ടു മാർഗ്ഗങ്ങൾ—"പിഴിഞ്ഞൊഴിക്കത്തക്കവിധം കണ്ണുനീർകൊണ്ടു നനഞ്ഞിരുന്നു"—അനാഥവർഗ്ഗത്തെ പ്രതിനിധീകരിക്കുന്ന പലരും—വെളുത്തേടൻ വരുമ്പോൾ—നിത്യവും സജീവങ്ങൾ.

## അദ്ധ്യായം ൧൧

### രോഗാനന്തരം

"അമ്മ ശ്രുതി കൂട്ടും"—"ദുസ്സഹത്തിൽ നിന്നാണു പരിഭവം."

"നിങ്ങൾ എന്നെ ഇത്ര വലിയ ആളാക്കേണ്ടതില്ല."—നിർദ്ദയം പെരുമാറുന്ന അമ്മ—"എന്റെ കുട്ടികൾ പട്ടിണി കിടക്കും."—വിസ്മയിച്ചിരിക്കുന്നു.

## അദ്ധ്യായം ൧൨

### വൈരുദ്ധ്യങ്ങൾ

"ഈ നാടകരംഗം"—"എന്തായാലും നടിക്കും." "യഥാർത്ഥമായ പരിഷ്കാരം വേണ്ടതുതന്നെ"—വനിതാസംഘക്കാരുടെ മല്ലിടൽ.

# അദ്ധ്യായം ൧൩

"വള്ളക്കാരൻ വള്ളത്തോടെ മുങ്ങുന്നു."

" There is a destiny that shapes our ends
Rough-hew them how we will."

ഏകാകിനിയായി രോദനംപൂണ്ടു നിൽക്കുന്ന—അരുണയെ കാണുമ്പോൾ—സ്ത്രീകൾ എന്തുകൊണ്ടു കുററങ്ങളിൽ ഏർപ്പെടുന്നു?—"വിലയേറിയ പൊതു സ്വത്ത്." "കാമോദ്വേഗങ്ങളിലെയും വലിയമ്മ"—അവസാനത്തെ ജന്മദിനം—സദ്യയ്ക്കു പകരം സന്ദേശം—ശാന്തിയും ശക്തിയും കിട്ടുന്നതിന്—തപാലാപ്പീസ്സുകാരുടെ ആശ്ചര്യം—ചിന്നമ്മയുടെ കയ്പു—ഔചിത്യാനൌചിത്യങ്ങൾ—വിവാഹത്തിന്റെ നിദാനം—സകല മനുഷ്യരുടേയും സ്വരൂപങ്ങൾ സുന്ദരങ്ങളാകുന്നതു എപ്പോൾ?—ചിന്നമ്മ ജനകീയശക്തിക്കു കൊതിക്കുന്നു—വക്കീൽ തോററു—മഹാരാജാവു തിരുമനസ്സിലെ തീർച്ച—"എന്റെ ഗുരുവിനെ പരിചരിച്ചില്ലെങ്കിൽ എനിക്കു വളർച്ചയില്ല"—"സർവ്വം ത്യജിച്ച ഒരു യോഗിനിയുടെ സാമീപ്യം"—"ജവ്ഹർലാൽ നെഹ്റു മന്ദിരം സന്ദർശിക്കുന്നു—പൂജാചിത്രത്തിന്റെ മുമ്പിൽ വിളക്കണയുന്നു—പൂക്കൾ നഷ്ടഗന്ധികൾ—ശത്രുവും മിത്രവും ഏകോപിച്ചു കണ്ണീരൊഴുക്കുന്നു—വേലക്കാർ സ്വയം വേലമുടക്കുന്നു—സത്പ്രേരണകളുടെ കാന്തി പ്രകർഷം—



# കെ. ചിന്നമ്മ

---

## അദ്ധ്യായം ൧

### "പ്രകാശമയമായ കർമ്മപഥം"

സ്ത്രീകൾ ഗൃഹകാര്യങ്ങൾ ഒഴിച്ചാൽ മററൊന്നിലും പങ്കെടുക്കാൻ പ്രാഭവമില്ലെന്നു വിശ്വസിച്ചുപോരുന്നവർ ഇന്നും കുറവല്ല. ഇന്നേയ്ക്കു്, മുപ്പതു കൊല്ലങ്ങൾക്കുമുൻപു മുതൽ തുടങ്ങി, ത്യാഗവും സേവനവുംകൊണ്ടു കർമ്മപഥത്തെ പ്രകാശമയമാക്കി, ഉന്മേഷവതിയായി കേരളത്തിൽ സഞ്ചരിച്ചുകൊണ്ടിരുന്ന ഒരേ ഒരു മഹതിയും, ഒരേ ഒരു മഹാമനസ്വിനിയുമാണു ശ്രീമതി കെ. ചിന്നമ്മ.

ദേശീയമായ പൌരുഷം നിലനിർത്തുന്നതിനുവേണ്ടി ഭാരതത്തിലെ വീരവനിതകൾ പലപ്പോഴും ചരിത്രം സൃഷ്ടിച്ചിട്ടുണ്ടു്. അവരുടെ സ്വാതന്ത്ര്യദാഹം ഇന്നും ജനതയെ തുള്ളിക്കുന്നവിധം ഗീതങ്ങളായി പാടിക്കേൾക്കാറുമുണ്ടു്.

ആദർശങ്ങളുടെ മണിനിലയനങ്ങളായ സീത, ദമയന്തിതുടങ്ങിയവരുടെ പിൻതുടർച്ചാവകാശവും ഭാരത

ഭൂവിനു കിട്ടിയിട്ടുണ്ടു്. ലോകത്തിന്റെ ഏതു ഭാഗത്തും ഒരു ഭാരതീയനുള്ള കൂടുതൽ മെച്ചം പരമ്പരാസിദ്ധമായ വൻപിച്ച ഒരു സംസ്കാരത്തിന്റെ പിൻവാഴ്ചക്കാരൻ എന്നതാണു്.

അതേ, ഒരു ഭാരതീയന്റെ ജന്മസ്വത്തു് സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പരിശ്രമവും, സമാധാനത്തിനുവേണ്ടിയുള്ള കാര്യബലവും, ലോകത്തിന്റെ നിലനിൽപ്പിനു വേണ്ടിയുള്ള ആദർശപ്രേമവുമാണെന്നു വിഖ്യാതമത്രെ.

കഴിഞ്ഞ ഒരായിരത്തിൽപ്പരം വർഷങ്ങളായി രാഷ്ട്രീയമായ കലഹങ്ങളും വിദേശ്യാധിനിവേശവും അനന്യൂതം നിലനിന്നുപോരുകയാൽ, വളർച്ചയുടെ മാതാവായ അന്തഃകരണം മുതൽ എല്ലാററിലും ഭാരതജനത വഞ്ചിക്കപ്പെട്ടിട്ടുണ്ടു്. അതായതു്, ന്യായമായി തോന്നുന്നതു് അതുപോലെ പറകവയ്യ; പറയുന്നതു് അതുപോലെ ചെയ്യവയ്യ;-ഇതാണു് ഈ ക്രമം. മനുഷ്യന്റെ വളർച്ചയ്ക്കൊത്ത യാതൊന്നും പുഷ്ടമ പാടില്ലായെന്നു മാത്രമല്ല, അവനു് അഹിതമായതും വളർച്ചയ്ക്കു പകരം നാശം ഫലമായിട്ടുള്ളതുമായ കാര്യങ്ങളിൽ അവനെ പ്രേരിപ്പിക്കുകയോ, ആകർഷിക്കുകയോ ആയി, ഭാരതസമുദായത്തിന്റെ ഗതി എന്നു വന്നുകൂടി.

വികലമായ—ശിഥിലമായ—ഈ ഭാരതസമുദായം, പ്രതിദിനം അററമില്ലാത്ത മനുഷ്യപ്രാണികളെ,-അവർക്കും മനുഷ്യാവശ്യങ്ങൾ ഉണ്ടെന്നു് ആരും അംഗീകരിക്കാതെ പുറം തള്ളിക്കൊണ്ടിരിക്കുന്നു. ഇന്നു നാം പരമ്പരയായി

അനുഭവിച്ചുപോന്നിരുന്ന സംസ്കാരത്തിന്റെ ശൈഥില്യം കൊണ്ടുമാത്രമല്ല:

ഒരു സമുദായത്തിന്റെ സൗഭാഗ്യം തീർച്ചപ്പെടുത്തുന്നതു്—സാമുദായികമായും, രാഷ്ട്രീയമായും അന്തരമീയമായും—ദ്രവ്യാധിഷ്ഠാനത്തിൽനിന്നുവേണം. അങ്ങനെ തന്നെയാണു് ജീവിതസ്വരൂപവും.

വ്യക്തിയുടെ വിചാരധോരണി സമഷ്ടിയുടെ ശൂന്യതയിൽ വിലയിച്ചുപോകുന്നു. എന്തെന്നാൽ പരിസരം മനുഷ്യന്റെ സ്രഷ്ടാവാകുന്നു.

വ്യഷ്ടിഗതമായ ജീവിതസമൃദ്ധി സമൂഹസമൃദ്ധിയിലാണെന്നും, സമൂഹസമൃദ്ധി കാലാനുഗതമായി പ്രകൃതിയുടെമേൽ മനുഷ്യൻ നാട്ടുന്ന സ്പഷ്ടരൂപമുഖവും ദ്രവ്യാധിഷ്ഠിതവുമായ പ്രയത്നഫലമായവിജയത്തിന്റെ പാരലിനൊറപ്പിച്ചാണെന്നും തീർച്ചയാണു്. പരിസരമാണു വ്യക്തിയെ സ്വയം ജീവിക്കുവാൻ പ്രാപ്തിയിലെത്തിക്കുന്ന സാമുദായികസമ്പത്തു്.

വളരെക്കാലമായി നമ്മുടെ ഭാരതഖണ്ഡത്തിൽ ഈ ബോധം ഇരുമ്പഴികൾക്കുള്ളിലെ തടവുകാരെന്നപ്പോലെ, നാമമാത്രമായി, അജ്ഞാതമായി ഔധർമ്യത്തിന്റെ അന്ധകാരത്തിൽ സൂക്ഷിക്കപ്പെടുകയാണു ചെയ്തിട്ടുള്ളതു്.

പൂർവ്വികമായ സംസ്കാരവിശേഷത്താൽ ദുരിതങ്ങളെല്ലാം ആകസ്മികങ്ങളാണെന്നു സമാധാനിച്ചുകൊണ്ടു്, കേവലം നിഷ്ക്രിയരായി ഭാവിയിൽ ശിവം വരുമെന്ന ഒരൊററ സങ്കല്പമാണു്, ജനിച്ചാൽ മരിക്കുന്നതുവരെ അവശഭാരതീയകോടികൾക്കുള്ള ഏകാവലംബമായി

ളുന്നവരെ കണ്ടിട്ടുള്ളതു്. ആ സങ്കല്പം ശരിയല്ലെന്നു കണ്ടിട്ടോ, ദുരിതങ്ങളുടെ കൂടുതൽകൊണ്ടോ തെരുവിൽ തെണ്ടിഅലയാൻ തുടങ്ങുമ്പോഴും, പിന്നീടു ഇവരുടെ വിചാരഗതി തങ്ങളെ മനുഷ്യകീടങ്ങളായി "ഒരുദൈവം" സൃഷ്ടിച്ചുവെച്ചായി എന്നതാണു്. അങ്ങനെ ആത്മബലത്തിലുംകൂടി ഭാരതക്കരയിലെ പാവങ്ങൾ ഒട്ടൊട്ടു താണുതുടങ്ങി.

സ്വാതന്ത്ര്യബോധവും സ്വാശ്രയശീലവും പരസ്പരഘടിതങ്ങളാണു്. സ്വാതന്ത്ര്യബോധമില്ലെങ്കിൽ സ്വാശ്രയശീലം കുറയും. സ്വാശ്രയശീലത്താൽമാത്രം സ്വാതന്ത്ര്യം മണിക്കൂറുകൾക്കുള്ളിൽ ലബ്ധമാകും. ഈ മാതിരി ഘട്ടങ്ങളിൽ അതായതു മനുഷ്യൻ മൃഗപ്രായനായിത്തീരുന്നിടത്തും അവനെ കണക്കിലേറെ ചൂഷണം ചെയ്യുന്നിടത്തും, അവന്റെ സ്വാതന്ത്ര്യം കവന്നു് അവനെ സ്വാശ്രയശീലമറ്റ ഒരടിമയായി താഴ്ത്തിയിരിക്കുന്നിടത്തുമാണു്, ഗംഭീരന്മാരായ സമുദായചിന്തകന്മാർ സമുദായത്തിനുവേണ്ടി ജീവിക്കുവാൻ തുടങ്ങിയിട്ടുള്ളതു്; വാക്കുകൊണ്ടു വാളെടുപ്പിച്ചിട്ടുള്ളതു്; സ്വാശ്രയശീലം സമ്പാദിച്ചുകൊടുത്തിട്ടുള്ളതു്; ഒരാദർശത്തിനുവേണ്ടി ജീവിക്കുവാനും മരിക്കുവാനും, നിർജ്ജീവം പഴകിയ പഴയ സമുദായച്ചെറ്റയിൽ നിന്നും ഉറസ്സായ പ്രബുദ്ധവായുവിൽ ഇറക്കിവിട്ടിട്ടുള്ളതു്.

ഇപ്പറഞ്ഞ സ്വാശ്രയശീലത്തിന്റെ അഭാവം നിമിത്തം ദിനംതോറും സമുദായഗോത്രത്തിൽ നിന്നും അശരണരായി പുറംതള്ളിക്കൊണ്ടിരിക്കുന്ന മനുഷ്യരൂപികൾക്കു വേണ്ടി, സ്വജീവിതം സർവാത്മനാ സമർ

പ്പിച്ചു, താൻ സ്വീകരിച്ച മഹദാദർശത്തിനുവേണ്ടി ക്ലേശത്തിലെരിഞ്ഞൊടുങ്ങിയ "ഭഗതി വനിതാമാതാ"വിന്റെ ചരിത്രമാണു് ഈ ഗ്രന്ഥത്തിനു വിഷയം. ഇവൾക്കു് ഇതിനു പ്രേരകമായിത്തീർന്നിട്ടുള്ളതു് ഭാരതത്തിന്റെ ആർഷസംസ്കാരം ഒന്നുമാത്രമാണു്. സ്വയം ജീവിക്കുവാൻ പ്രാപ്തിവരുന്നതോടുകൂടിയേ ദേശീയാഭിമാനം പീഡിതരിൽ തളിർക്കാൻ വഴിയുള്ളൂ എന്നാണു് ഈ സമുദായപ്രവർത്തക ധരിച്ചിട്ടുള്ളതു്. ഇവരുടെ പ്രവർത്തനകേന്ദ്രം ഭാരതത്തിന്റെ ഒരു കോണിലാണെങ്കിലും മനുഷ്യസമുദായം മുഴുവനുമാണു് ഇവർ ആദർശത്തിനു ലക്ഷ്യം വച്ചിട്ടുള്ളതു്.

"നിങ്ങൾ സ്ത്രീസമുദായത്തിനുവേണ്ടി വേലചെയ്യണം" എന്നു് ആത്മീയകാര്യങ്ങളിൽ ഈ കഥാനായികയുടെ ഗുരുവായി വന്ന ശ്രീ: തീർത്ഥപാദർ ഉപദേശിച്ചപ്പോൾ "അതേ ഗുരോ" എന്നു് അവർ വിനീതയായി, ഹൃദ്യമായി ഉത്തരം കൊടുത്തിട്ടു് അനുഗ്രഹോജ്ജ്വലമായ തന്റെ ആദർശം മൊട്ടിടുമ്പോൾ (മഹിളാമന്ദിരം സ്ഥാപിക്കുമ്പോൾ) ഗുരുവിനു് ഇങ്ങനെ എഴുതിയിരിക്കുന്നു. "അഞ്ചു സംവത്സരം കഴിയുമ്പോൾ മനുഷ്യസമുദായത്തിനുവേണ്ടി നിഷ്കാമമായി വേലചെയ്യാൻ കുറേപ്പേരെ ഈ സ്ഥാപനത്തിൽനിന്നും എനിക്കു ലഭിക്കും. അല്ലാതെ പ്രഭുക്കളുടെ മക്കൾ സമുദായത്തിനു വേലചെയ്യാൻ വരുമെന്നു് ആശിക്കേണ്ട. സിസ്റ്റർ നിവേദിതയെപ്പോലെ സിസ്റ്റർ നിവേദിതമാർ ഉണ്ടായിരുന്നുള്ളൂ. ഈ ന്യൂനത ഇന്നും രാമകൃഷ്ണമിഷൻകാർ അനുഭവിച്ചു പോരുന്ന ഒന്നാണു്."

ഈ കർമ്മധീര “ഒരിക്കലും തളരാത്ത സിരകൾ, ഒരിക്കലും നിറമേശാത്ത കണ്ണുകൾ, ഒരിക്കലും പതറിപ്പോകാത്ത വിചാരങ്ങൾ എന്നിവയത്രേ വിജയാചാര്യന്മാർ” എന്ന റസ്കിന്റെ മഹദ്വചനത്തെ ചുരുമുപാഠം പഠിപ്പിക്കുകയും, എഴുതി പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നതുകൂടാതെ, സ്വജീവിതംകൊണ്ടു് അതിനെ പ്രായോഗികമാക്കി, അങ്ങനെ കർമ്മയോഗസിദ്ധാന്തത്തിനു നിത്യമായ പുതുമയും ലബ്ധമാക്കി.

ശ്രീമതി ചിന്നമ്മ, ആരുംശരണമില്ലാതെ തെരുവിൽ തെണ്ടിയലഞ്ഞു ജീവിതം ദുരിതത്തിലാഴ്ത്തി അതിൽ തന്നെ കിടന്നു വിലയവും പ്രാപിക്കേണ്ടവരായിരുന്ന പല അനാഥസ്ത്രീകളുടെയും, കുട്ടികളുടെയും ജീവിതങ്ങളെ വിപ്ലവകരമായ പരിവർത്തനത്തോടുകൂടി, അനുക്രമം ഗുണോൽക്കർഷകമായ ഒരു പന്ഥാവിലേയ്ക്കു തിരിച്ചു. ശ്രീമതി ചിന്നമ്മ, അതിലൂടെ മനുഷ്യസേവനത്തിനു സ്വപരിശ്രമംകൊണ്ടു കേരളീയരുടെ (ഹൈന്ദവരുടെ) മുൻപിൽ ശാശ്വതമായ മാർഗ്ഗദീപം ജ്വലിപ്പിച്ചു് ആ കർമ്മപഥം ശോഭായമാനമാക്കിത്തീർക്കുകയും ചെയ്തു.

അബലകളായ പാവങ്ങളുടെ ഹൃദയകമലങ്ങളിൽ മാത്രമല്ല, നിഷ്കപടരായ ബഹുലക്ഷം സാധാരണജനങ്ങളിലും ആരാധകരായ നിരവധി സുകൃതിജനങ്ങളുടെ മനോമന്ദിരങ്ങളിലും, ആനിബസന്റ്, മഹാത്മജി, ജവഹർലാൽ തുടങ്ങി ഭാരതാംബികയെ പുളകം കൊള്ളിക്കുന്ന ഉത്തമസന്താനങ്ങളുടെ സ്മരണാമണ്ഡലങ്ങളിലുംകൂടി ശ്രീമതി ചിന്നമ്മ പ്രതിഷ്ഠ നേടിക്കഴിഞ്ഞിരിക്കുന്നു.

സ്ത്രീജനങ്ങളിൽ മറെറാരാളെയും വലയംചെയ്യാത്തധൎമ്മകൎമ്മമഹസ്സിനാൽ ചൂഴപ്പെട്ട ശ്രീ. ചിന്നമ്മ, കടലിൽ ചിറകെട്ടുംപോലെ തനിയേ ക്ലേശിച്ചുണ്ടാക്കിയ ഹിന്ദുമഹിളാമന്ദിരത്തെ ഉപലക്ഷണമാക്കി "മന്ദിരത്തിന്റെ ശാഖകൾ നാടെങ്ങും സ്ഥാപിതമായാൽ ഹിന്ദുസ്ത്രീലോകത്തിന് അനാഥത്വമോ, ആതുരത്വമോ അസംഭാവ്യമായിത്തീരുമെന്നു മാത്രമല്ല; ഇക്കാലത്തു വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ ഇടയിൽ ബാധിച്ചിട്ടുള്ള തൊഴിലില്ലായ്മയെക്കൂടി പരിഹരിക്കാൻ തക്കവണ്ണം ചില പ്രവൎത്തനരംഗങ്ങളും സ്ത്രീലോകത്തിനു ലഭ്യമാകുന്നതാണ്. അതിനുവേണ്ടി, ഓരോരുത്തരും ചെയ്യുന്ന ഏററവും നിസ്സാരമായ സഹായവും......ഏററവും സാരമായവിധത്തിൽ ഉപകരിക്കുന്നതാണ്." എന്നിങ്ങനെ അഗതിവനിതകളുടെ ജീവിതശ്രേയസ്സിനുവേണ്ടി അഭ്യൎത്ഥിക്കുന്നു.

ചിന്നമ്മയും മന്ദിരകാൎയ്യങ്ങളിൽ താങ്ങും തണലുമായി നിന്നു ഗംഭീരമായ സഹായങ്ങൾ ചെയ്തുകൊണ്ടിരുന്ന മിസ്സിസ് പി. രാമൻതമ്പി സംഭാഷണമദ്ധ്യേ ഇങ്ങനെ ഒരിക്കൽ പ്രസ്താവിച്ചു: "ഇന്നു നിങ്ങൾ എന്നെ സമീപിച്ചിരിക്കുന്നതു് ചിന്നമ്മയെപ്പററി ഒരു നല്ല അഭിപ്രായം കേൾക്കാമെന്നാശിച്ചായിരിക്കയില്ല. എന്തെന്നാൽ, മന്ദിരകാൎയ്യങ്ങളിലോ, അല്ലാതെയോ ഞങ്ങൾ തമ്മിൽ രസക്ഷയമുണ്ടായി പിരിഞ്ഞുവെന്നാണു മിക്കപേരും ധരിച്ചിരിക്കുവാൻ ഇടയുള്ളതു്. അധികംപേരും ഒന്നിന്റെയും സത്യാവസ്ഥ അറിയാൻ കൗതുകപ്പെടാത്തവരാണെന്നു തോന്നുന്നു. അഹോ! മന്ദിരം തുടങ്ങണം എന്നാലോചിച്ചപ്പോഴും, തുടങ്ങിയപ്പോഴും, അതിന്റെ പ്രവൎത്തനത്തിനായി ഇറങ്ങിയപ്പോഴും, അതെ

ന്തിന്? നിന്നുപോകയില്ലയോ? 'സ്ത്രീകളെ ചീത്തയാക്കുവാൻ' എന്നിങ്ങനെ ഏറിവന്ന എതിർപ്പിനോടെല്ലാം എതിരിട്ടുനിന്നു പാവങ്ങൾക്കുവേണ്ടിയുള്ള ഒരു ധർമ്മയുദ്ധത്തിലേർപ്പെട്ടിരുന്ന ചിന്നമ്മയെപ്പററി പറവാൻ എന്റെ യോഗ്യത പരിമിതമാണു്. അവർ മന്ദിരത്തിനു വേണ്ടി കഷ്ടപ്പെട്ടതോർക്കുമ്പോൾ, അവരുടെ നാമശ്രവണത്തിൽ തല കുനിക്കാത്ത ഒരു സ്ത്രീയും ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. അക്കാലത്തു് പൊതുവെ ഭാരതത്തിലെന്നു പറയാം പുതുമയുള്ള ഒരാശയമായിരുന്നു ആ ധീരമഹിളാരത്നം പുലർത്തിവന്നതു്"

മററൊരു സഹചാരിണി എഴുതിയിരിക്കുംവിധം "കേരളസ്ത്രീസമുദായത്തിന്റെ അധുനാതനചരിത്രത്തിൽ ധർമ്മസംസ്ഥാപനത്തിനായി ജന്മം സമർപ്പിച്ചു് വിജയിച്ച ഒരു മഹതിയുടെ ചരിത്രം രേഖപ്പെടുത്തുവാനുണ്ടെങ്കിൽ അതു മഹിളാമന്ദിരജനയിത്രിയായ ശ്രീമതി കെ. ചിന്നമ്മയുടേതാണു്. ഏററവും എളിയ നിലയിൽ നിന്നാരംഭിച്ചു് അതിവിശിഷ്ടാദർശമായി പരിണമിച്ച" ആ ജീവിതത്തെ സംബന്ധിച്ചു നമുക്കു നോക്കാം.

കർമ്മധീരയായ ചിന്നമ്മയുടെ സമാരംഭം കണ്ടിട്ടു് "പ്രകാശമയമായ കർമ്മപഥം" എന്നു പറഞ്ഞു ചിന്നമ്മയെ ശ്ലാഘിച്ചിട്ടു പിരിഞ്ഞുപോയ വിജ്ഞാനനിധിയും, ഗ്രന്ഥകാരനുമായ ശ്രീ: ആർ. ഈശ്വരപിള്ള താഴെ ഉദ്ധരിക്കുംവണ്ണം എഴുതുന്നതുവരെ അദ്ദേഹത്തിനു തന്റെ ആഹ്ലാദത്തെ അടക്കുവാൻ കഴിഞ്ഞിരുന്നില്ല. "പരിഷ്കാരത്തിന്റെ മുഖ്യോദ്ദേശം മനുഷ്യസമുദായത്തിലുൾപ്പെട്ട ഓരോ അംഗത്തിന്റെയും ജീവി

താവസ്ഥ സുരക്ഷിതമാക്കുകയാണെന്നാണു തോന്നുന്നതു്. അല്ലാതെ ഒരു ചെറിയ ഭാഗംമാത്രം സുഖിക്കയും, ഭൂരിഭാഗം കഷ്ടതയനുഭവിക്കുകയും ചെയ്യുന്ന ഒരവസ്ഥയല്ല യഥാൎത്ഥ പരിഷ്ക്കാരം. വാസ്തവം നോക്കിയാൽ നാം പലരും സ്വാൎത്ഥസേവനം ചെയ്തുകൊണ്ടു പരിഷ്ക്കാരമെന്ന ഛത്രത്തിൻ കീഴിൽ സസുഖം വിശ്രമിച്ചിരിക്കുയാണു്. സർക്കാർ സേവനത്തിനായി നിരന്തരം വഴക്കടിച്ചുകൊണ്ടിരിക്കുന്ന നമുക്കു സമുദായസേവനത്തിനു് എവിടെയാണു സമയം? സമുദായസേവനമെന്നുള്ളതിൽ സാധുക്കൾ, അനാഥകൾ, നിർഗ്ഗതന്മാർ, അന്ധന്മാർ, വികലന്മാർ ഇവരുടെ സംരക്ഷണം മുതലായി സമസൃഷ്ടങ്ങളുടെ കഷ്ടതയെ പരിഹരിക്കുന്നതിനുള്ള സകല ഉദ്യമങ്ങളും ഉൾപ്പെടുന്നു. പാശ്ചാത്യരാജ്യങ്ങളിൽ ഇതിലേയ്ക്കായി മതാദ്ധ്യക്ഷന്മാരുടേയും മററും കീഴിൽ അനാഥശാലകൾ നടത്തിവരുന്നുണ്ടു്. നമ്മുടെ നാട്ടിലും, ക്രിസ്തീയമതപ്രവൎത്തകന്മാർ ഇപ്രകാരമുള്ള സ്ഥാപനങ്ങൾ അവിടവിടെ സ്ഥാപിച്ചിട്ടുണ്ടു്. എന്നാൽ ഹിന്ദുക്കൾക്കു പ്രത്യേകമായി ഇപ്രകാരമൊരു (മഹിളാമന്ദിരം പോലെ) സ്ഥാപനവും ഉണ്ടായിരുന്നില്ല. ഈ ന്യൂനതയെ ഗ്രഹിക്കയോ, അതിനെ പരിഹരിക്കാൻ ശ്രമിക്കയോ ചിന്നമ്മയല്ലാതെ, മററാരും ചെയ്തതായി അറിവില്ല. നമുക്കു സമുദായസേവനവിഷയത്തിൽ ഒരു ഉത്തമ ദൃഷ്ടാന്തം നൽകുന്നതിനു് ആദ്യമായി പുറപ്പെട്ടതു നമ്മുടെ മാന്യസഹോദരിയാണെന്നു പറയുമ്പോൾ ആൎക്കും അസൂയ തോന്നുകയില്ലെന്നു വിചാരിക്കുന്നു...... ത്യാഗബുദ്ധിയാലല്ലാതെ സമുദായസേവനം സാദ്ധ്യമാകു

മെന്ന് ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അതു പോലെ അബദ്ധം മറെറാന്നില്ല.” ആ മഹാൻ, അഭിമാനം പൂണ്ടുകൊണ്ടു്, “തലസ്ഥാനത്തു് ഇന്നു കാണുന്ന മഹിളാമന്ദിരം, ഈ മഹതിയുടെ ഗാഢമായ ചിന്തയുടേയും, നിഷ്കളങ്കമായ മനുഷ്യസ്നേഹത്തിന്റേയും. അനുകരണീയമായ ത്യാഗശീലത്തിന്റേയും അശ്രാന്തമായ പ്രയത്നത്തിന്റേയും ഫലം ആണെന്നുള്ളതിനു സംശയമില്ല. ഇവിടെ ഇപ്പോൾ ഒരു അനാഥശാല, ഒരു മഹിളാവിദ്യാലയം, വിദ്യാർത്ഥിസത്രം, മതപാഠശാല മുതലായി അനേകം സ്ഥാപനങ്ങൾ ഉണ്ടു്. ചുരുക്കത്തിൽ സമുദായസേവനത്തിന്റെ പല വിഭാഗങ്ങളും ഇവിടെ പ്രതിനിധീകരിക്കപ്പെട്ടിട്ടുണ്ടെന്നു കാണാവുന്നതാണ്. ആദർശങ്ങൾ നമുക്കു എല്ലാപേർക്കും ഉണ്ടായിരിക്കാം; അവയെ പ്രതിനിധീകരിക്കുന്നതാണു പ്രയാസം. ഈ പ്രയാസം ഇപ്പോൾ ഈ മഹതിയുടെ പ്രയത്നംകൊണ്ടു് പരിഹരിച്ചു കഴിഞ്ഞു......

“കേരളത്തിലെ പ്രഭുക്കന്മാർക്ക് ഈ വിഷയത്തിൽ പ്രവർത്തിക്കാൻ സാധിക്കാത്തതു നിമിത്തമുള്ള മനഃസ്താപം, ഒരു അബലയാൽ സ്ഥാപിക്കപ്പെട്ട ഈ പുണ്യാലയത്തെ ഔദാര്യപൂർവം സഹായിക്കുന്നതുകൊണ്ടു് ഒരു വിധം തീർന്നുപോകുവാൻ ഇടയുണ്ടു്.” എന്നു രേഖപ്പെടുത്തിയിരിക്കുന്നു.

മഹിളാമന്ദിരത്തിനു സഹായം അർത്ഥിച്ചുചെല്ലാറുണ്ടായിരുന്ന പിന്നമ്മയിൽ ഒരു ഭടന്റെ ഗാംഭീര്യവും, യതിയുടെ ശാന്തതയും, ശിശുവിന്റെ മുഗ്ദ്ധതയും ഒരേ സമയത്തു കാണാൻ കഴിഞ്ഞിരുന്നുവെന്നു പല കേന്ദ്രങ്ങളിലും പല സന്ദർഭങ്ങളിലും പറയുന്നതു കേട്ടിട്ടുണ്ട്.

"കെട്ടഴിക്കാത്ത മടിശ്ശീലകൾ അധികവും ചിന്നമ്മയുടെ മുമ്പിൽ തെരുതെരെ അഴിഞ്ഞുവീഴും" എന്നു മന്ദിരത്തിനു ധനനിക്ഷേപം ചെയ്ത ദിവാൻ പേഷ്കാരായിരുന്ന ശ്രീ: നാരായണമേനോൻ പറയുന്നു.

ചിന്നമ്മയുടെ സംഭാഷണം മാത്രമല്ല, സ്വഭാവസാവലോകനങ്ങളും എല്ലാമെല്ലാം ഈ ധർമ്മകാര്യത്തിനു പ്രേരിപ്പിക്കുന്ന ഒന്നായിരുന്നു.

മന്ദിരത്തിന്റെ ശാഖകൾ നാട്ടിലെല്ലാം സ്ഥാപിച്ചു സമുദായത്തിൽനിന്നു പുറംതള്ളപ്പെട്ടുകൊണ്ടിരിക്കുന്ന അനാഥരെ ആത്മമാനം സമുദായാംഗങ്ങളാക്കി തിരിച്ചെടുക്കുന്നതിനു; "ഒരു സ്ഥാപനത്തിന്റെ സംരക്ഷണം അതിനുവേണ്ടി നിരന്തരം ചെയ്യുന്ന പ്രചരണവേലകൊണ്ടാണെന്നു ഇക്കാലത്തെ പൊതുപ്രവർത്തനവിജയങ്ങൾ പ്രത്യക്ഷപ്പെടുത്തി തുടങ്ങിയിരിക്കുന്നു" എന്നു ചിന്നമ്മ പറയും.

"വ്യക്തിപരമായ പ്രേരണകൾക്കാണു് ആളുകൾ അധികം പ്രാധാന്യം കൊടുക്കുന്നുള്ളു" എന്നു ചിന്നമ്മ പഴിക്കും.

"പ്രസംഗവേദികളിൽ അതിഗംഭീരങ്ങളായ പ്രസംഗങ്ങൾ നടത്തുവാനുള്ള പ്രസക്തി കാണുന്നതുപോലെ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലോ, സംരക്ഷണത്തിലോ ജനങ്ങൾക്കു്, വിശേഷിച്ചു ഹിന്ദുസമുദായത്തിനു താല്പര്യം കാണുന്നില്ല." എന്നു ചിന്നമ്മ പരാതിപ്പെടും.

ആരാണു് ഈ വിമർശം നടത്തുന്നതു? ഇന്നു "കേരളത്തിലെ ഏററവും വലിയ അവിഭാജ്യഹിന്ദുകുടുംബമായ" മഹിളാമന്ദിരത്തിന്റെ സ്ഥാപക.

“തന്നത്തു വലിപ്പം” തേടി സമുദായത്തിനെ അലംകോലപ്പെടുത്തുന്ന, മുതിർന്ന “സർപ്പദ്രഷ്ടി”കളെക്കൂടി അലിയിപ്പിക്കുകയും, മനുഷ്യത്വത്തിലേയ്ക്കു വീണ്ടുകൊണ്ടുവരികയും അല്പം ക്ഷമാപൂർവമുള്ള പെരുമാററം കൊണ്ടു സാധിക്കുമെന്നു ചിന്നമ്മ തെളിയിക്കുന്നു.

ഉത്തരതിരുവിതാംകൂറിലൊരിടത്തു പള്ളിക്കൂടം തുറക്കുവാൻ ആളുകളെ ഉത്സാഹിപ്പിക്കുന്ന ഒരു യോഗത്തിൽ ചിന്നമ്മ പ്രസംഗിച്ചുകൊണ്ടു നിൽക്കവേ “സർവഭൂതാശയാലയനായ ജഗദീശ്വരന്റെ ദിവ്യാനുഗ്രഹം അവരുടെ സ്മിതാലാപവീക്ഷണങ്ങളിൽനിന്നും വീണു ചിന്നിക്കൊണ്ടിരിക്കുന്നു” എന്നു ദൃക്സാക്ഷി കാണുന്ന സ്വാമിതീർത്ഥപാദപരമഹംസർ സഹഗാമികളോടു പറയുവാൻ ഇടയായതു യഥാർത്ഥമായ ഒരു ദീർഘദർശനം മാത്രമായിരുന്നു എന്നു് അനന്തരമുള്ള അവരുടെ ജീവിതഗതി തെളിയിക്കുന്നതു നമുക്കു നോക്കാം.

“പാവനമായ മനുഷ്യസേവനത്തിനു മലയാളക്കരയിൽ ഉദിച്ചുയർന്ന ഒരു ദിവ്യതാരം തന്നെയാണു ശ്രീ. ചിന്നമ്മ. അന്നുവരെയോ, അതിൽ പിന്നീടോ അതുപോലെ മലയാളക്കരയിൽ ഒരു സ്ത്രീ ഉണ്ടായിട്ടുള്ളതായി ഞാൻ കേട്ടിട്ടില്ല. അവർ ഭാവിവനിതാലോകത്തിന്റെ സേവനത്തിനും ജീവിതത്തിനും മാതൃകയും മാതാവും അത്രെ. “അമ്മ, അമ്മ” എന്നു മന്ദിരത്തിലെ കുട്ടികൾ ഇവരെ വിളിച്ചുകൊണ്ടു ചൂഴുന്ന കാഴ്ചയോർത്താൽ ഇവരെ പ്രകൃതി നിരാഡംബരയായി മനുഷ്യരാശിയുടെ എല്ലാം “അമ്മ”യായി അയച്ചതല്ലേ എന്നു തോന്നും. അവർ ഒരു സമുദായത്തിന്റെ അമ്മ മാത്രമല്ല, ഒരു

സമുദായത്തിനോ, ഒരു വർഗ്ഗത്തിനോ അല്ല അവരിൽ നിന്നും പഠിക്കുവാനുള്ളത്. എല്ലാ മനുഷ്യരും ഒന്നു പോലെതന്നെയാണെന്നും, മനുഷ്യസേവനമാണു മഹത്തമമായിട്ടുള്ളതെന്നും അവർ അറിഞ്ഞു. ഹിന്ദുമഹിളാമന്ദിരം സ്ഥാപിച്ചതുകൊണ്ട് അവർ ഒരു പ്രത്യേക സമുദായത്തിന്റെ അമ്മയെന്നു പറഞ്ഞുകൂടാ. എന്തെങ്കിലും സേവനം മനുഷ്യരാശിക്കു ചെയ്യാൻ അവസരം കിട്ടിയില്ലെങ്കിലോ എന്നു നോക്കിയിരിക്കുമ്പോഴാവാം അനാഥരായ ഹിന്ദുസ്ത്രീകളുടെ അവശത അവരുടെ ദൃഷ്ടിയിൽപെട്ടത്." ഇപ്രകാരമാണു്, ചിന്നമ്മയെ എതിർത്തുകൊണ്ടിരുന്ന ഗണനീയനായ ഒരു വ്യക്തിയുടെ അഭിപ്രായം.

"ദാരിദ്ര്യദുഃഖം ധാരാളം അനുഭവിച്ചറിഞ്ഞിട്ടുള്ള ഒരു അഗതിവനിതാമാതാവ്, പൈദാഹാദികൾകൊണ്ടു വലഞ്ഞോ, രോഗദുരിതങ്ങൾ അനുഭവിച്ചോ കഷ്ടപ്പെട്ടുന്നവരെ കാണുമ്പോൾ അവരുടെ ഹൃദയം കരുണാർദ്രമായിത്തീർന്നതി"ന്റെ ഫലമായി കർമ്മപഥത്തെ പ്രകാശമയമാക്കിയ പ്രശസ്തയായ ചിന്നമ്മയുടെ ജീവിതകഥകൾ എന്തെല്ലാമായിരിക്കാമെന്നറിയാനുള്ള കൗതുകം പ്രിയ വായനക്കാരിൽ ഉണർന്നിരിക്കാം.

## അദ്ധ്യായം ൨.

### "ആരാൻ എന്നെ പഠിപ്പിക്കുമോ"

സമീപത്തുള്ള കാളിക്ഷേത്രത്തിൽ ഭജനം പാർത്തിരുന്ന ആററിങ്ങൽ ഇടവാമഠത്തു വീട്ടിലെ കല്യാണി അമ്മ "ദേവീ! അവിടുന്നു് അനുഗ്രഹിച്ചു് ഒരു സ്ത്രീസന്താനത്തെ തരണമേ" ഇങ്ങനെ കേണിരന്നു പ്രാർത്ഥിച്ചു വന്നിരുന്നു. അവർ ഭർത്താവിനോടു്, "ഞാൻ ദൈവസന്നിധിയിൽ നമുക്കു് ദേവി തരുന്ന പെൺകുട്ടിക്കു് അവിടത്തെ പേരുതന്നെ ഇട്ടുകൊള്ളാമെന്നു നേർന്നിട്ടുണ്ടു്." എന്നു പറഞ്ഞു. പ്രതീക്ഷയിൽ നിന്നും കിട്ടുന്ന സുഖത്തിൽ പുത്രലാഭം ദർശിച്ചുപോരാൻ തുടങ്ങിയിരുന്ന, ഭർത്താവായ വേലായുധൻപിള്ള കല്യാണിയുടെ അഭിമതം ഒത്തു വരുവാൻ പ്രാർത്ഥിക്കുകയും ലബ്ധരായിട്ടുള്ള പുരുഷസന്താനങ്ങളെ കൗതുകത്തോടുകൂടി വളത്തിക്കൊണ്ടു വരികയും ചെയ്തുവന്നു.

ഒരു സാധാരണ കുടുംബം, ദാരിദ്ര്യം അധികം മേഞ്ഞു കളഞ്ഞിട്ടില്ലാത്ത ജീവിതം; എന്നിങ്ങനെയല്ലാതെ കർഷകനും പ്രവർത്തിപ്പിള്ളയുമായിരുന്ന ശ്രീ: വേലായുധൻപിള്ളയുടെ കുടുംബത്തെപ്പററി മറെറാന്നും പറവാനില്ല. കല്യാണി അമ്മ-സുശീലയായ ഒരു വനിത.

പ്രാർത്ഥന ഫലിച്ചു; ദേവി അനുഗ്രഹിച്ചു; ആയിരത്തി അൻപത്തിയെട്ടാമാണ്ടു ധനുമാസത്തിലെ അനിഴംനാളിൽ ചിന്നമ്മ ജനിച്ചു; അല്ല-"ചിന്നമ്മ" എന്നല്ല ദേവിക്കു് അമ്മ നേർന്നിരുന്ന പേരു്. അമ്മ മകളെ

'കോളു' എന്നു നാമകരണം ചെയ്തു. (കാളി എന്ന ദേവിയുടെ പേരുതന്നെയാണു് കാളു എന്നാക്കി മകൾക്കു കല്യാണി അമ്മ സമ്മാനിച്ചതു്.

ശിശു വളൎന്നു അഞ്ചുവയസ്സുവരെയായി. കല്യാണി അമ്മയുടെ സഹോദരീപുത്രി ജാനകി അമ്മ എന്ന പേരായ ഒരധ്യാപിക തിരുവനന്തപുരത്തെ വടക്കേകൊട്ടാരം പള്ളിക്കൂടത്തിൽ ജോലിനോക്കി വരികയായിരുന്നു. അവർ കാളുവിനു് ഏതാണ്ടു് അഞ്ചു വയസ്സാകുന്ന ഘട്ടത്തിൽ കുടുംബമായ എടവാരത്തിൽ പതിവുപോലെ അവധിയിൽ ചെന്നിരുന്നു. പുത്രദുഃഖംകൊണ്ടു വ്യാകുലയായിരുന്ന ജാനകി അമ്മ കാളുവിനോടു് "കുഞ്ഞു തിരുവനന്തപുരത്തിനു വരുന്നുവോ," എന്നു ചോദിക്കയുണ്ടായി. "അക്കൻ എന്നെ പഠിപ്പിക്കുമോ?" എന്നൊരു ചോദ്യം കുട്ടി ഉത്തരമായി കൊടുത്തു. "ഏതുവരെ കുഞ്ഞു പഠിക്കുമോ അതുവരെയും പഠിപ്പിക്കാം" എന്നു് ആൎത്തി അറിഞ്ഞ ജാനകി അമ്മ കുഞ്ഞിനെ സമാധാനിപ്പിച്ചു.

അഞ്ചു വയസ്സായ കുട്ടി, വിദ്യാൎത്ഥിനിയായി സ്വമനസ്സാലെ അച്ഛനമ്മമാരെ പിരിഞ്ഞു ദൂരസ്ഥലത്തേയ്ക്കു പോകാൻ ഇറങ്ങിനിൽക്കുന്നതു മററാരും പറഞ്ഞിട്ടല്ല. പഠിപ്പിക്കുമോ എന്നു ചോദിച്ച ചോദ്യം കുട്ടിയിൽ എങ്ങനെ ഉദിച്ചു എന്നും ആൎക്കും പറയാവതല്ല. പഠിപ്പിക്കാം എന്ന അലിവേറിയ സമാധാനംകൊണ്ടുമാത്രം ഞൊടിയിടയിൽ കളിക്കോപ്പുകളേയും, സഹോദരങ്ങളേയും, പിതാക്കളേയും കുട്ടി മറന്നുകഴിഞ്ഞു. മകളുടെ മനഃസ്ഥൈൎയ്യത്തെ ഓൎത്തു് ബന്ധുക്കൾ അത്ഭുതപ്പെട്ടു. അവർ തിരുവനന്തപുരത്തേയ്ക്കു പോയി.

നമ്മുടെ നായിക ഈ പ്രായത്തിലുള്ള അനവധി കുട്ടികൾക്ക് മാതൃകയായ മാതാവായിട്ടാണ് വിദ്യാർത്ഥിനിയിൽ കാണിച്ച പുതുമ "പൂർണ്ണത ലഭിച്ച വിശുദ്ധ മാതാ"വെന്ന് ഇതര മതസ്ഥർ വാഴ്ത്തുംവണ്ണം, "പ്രകൃതി നിരാഡംബരയായി മനുഷ്യരാശിയുടെയെല്ലാം അമ്മയായി അയച്ചതല്ലേ" എന്ന പ്രതിപക്ഷിയെക്കൊണ്ടും സന്ദേഹിപ്പിച്ച അതേ അമ്മതന്നെയാണ് വടക്കേക്കൊട്ടാരം സെനാനാമിഷൻ പള്ളിക്കൂടത്തിലേയ്ക്കു പോകുന്ന ബാലികയായ ചിന്നമ്മ

ഒരു ചെറിയ അമ്മയുടെ സ്ഥാനമേ, (ചിന്നമ്മ) തങ്ങളുടെ മകൾക്ക് ഈശ്വരപ്രേമാണത്തിലുറച്ച വിനയവിനമ്രമായ ചിന്താക്കൾ കാള എന്ന പേരു പരിഷ്ക്കാരത്തിനു പററിയതല്ല എന്നുകണ്ടു മാററിയപ്പോൾ, കൊടുത്തതുള്ള. അങ്ങനെയാണ് കാള ചിന്നമ്മയായത്.

ആററങ്ങൽ ജാതയായ ചിന്നമ്മ തിരുവനന്തപുരത്തു നീതയാകാൻ തുടങ്ങുന്നു. അദ്ധ്യാപികയായ സഹോദരിയുടെ സരളമായ സാഹചര്യം ഗുണോന്മുഖമായി, ചിന്നമ്മയെ വികസ്വരമാക്കുമെന്നാശിക്കുന്നത് അസ്ഥാനത്തിലല്ല.

ഇടയ്ക്കു വായനക്കാർക്ക് കൊട്ടാരത്തോടൊത്തു പള്ളിക്കൂടം വന്നതെങ്ങനെയെന്ന സന്ദേഹം വരാം.

മിഷനറിമാരുടെ കൂട്ടത്തിൽ തിരുവിതാംകൂറിൽ വന്ന "മിസ്സ് ബ്ളാംഫോർഡ്" എന്ന ആംഗ്ലേയവനിതയാണ് തിരുവിതാംകൂറിലെ സ്ത്രീകളുടെ ഇടയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിലാക്കിയത്. തിരുവിതാംകൂറിൽ വന്ന മിസ്സ് ബ്ളാംഫോർഡ് അന്നത്തെ നാട്ടു

വാഴിയായ ആയില്യംതിരുനാൾ മഹാരാജവു തിരുമനസ്സിലെയും അവിടത്തെ സചിവപുംഗവനായിരുന്ന സർ ടി. മാധവരായരെയും തന്റെ വിദ്യാപ്രചരണേംഗിതത്തെ മനസ്സിലാക്കി. പരിഷ്കൃതാശയരായ മഹാരാജാവും സചിവനും മദാമ്മയുടെ ആശയത്തോടു യോജിച്ചു. തിരുവിതാംകൂറിലെ രാജപ്രാസാദങ്ങളുടെ ഒരു ഭാഗം (വടക്കെകൊട്ടാരത്തിൽ) പള്ളിക്കൂടത്തിനായി ഉപയോഗിച്ചുകൊള്ളുവാൻ മദാമ്മയ്ക്കു രാജകീയാനുമതി ലഭിച്ചു. എന്നിട്ടും, വിദ്യാർത്ഥിനികളെ കിട്ടായ്കയാൽ ഉടനെ അദ്ധ്യയനമാരംഭിക്കുവാൻ നമ്മുടെ അദ്ധ്യാപികാദ്ധ്യക്ഷയ്ക്കു സാധിച്ചില്ല. ഈ കുറവു പരിഹരിക്കാൻ ദിവാൻ മാധവരായർ തന്റെ രണ്ടു പെൺകുട്ടികളെ ബ്ലാംഫോർഡിന്റെ സ്കൂളിലേയ്ക്കു അയച്ചു. ഇതുകണ്ടു രണ്ടുനായർ വിദ്യാർത്ഥിനികളും പ്രസ്തുത വിദ്യാലയത്തിൽ ചേർന്നു. ഇങ്ങനെയാണു് മിസ്സ് ബ്ലാംഫോർഡ് മദാമ്മയുടെ, ഈ രാജ്യത്തെ ഇംഗ്ലീഷ് പ്രചരണത്തിന്റെ സമാരംഭം.

വടക്കെകൊട്ടാരത്തിൽ ചിന്നമ്മയുടെ സതീർത്ഥ്യകളായ മററു രണ്ടുപേരെ വായനക്കാർ കേട്ടിരിക്കും. അവരിൽ ഒരാൾ, രാജ്യഭ്രംശംവന്ന ഭർത്താവിനോടൊത്തു പോയ ബി. കല്യാണിഅമ്മ; മറെറ ആൾ, ചിന്നമ്മയോടൊത്തു പിൽക്കാലത്തു പള്ളിക്കൂടം ഇൻസ്പെക്ട്രസ്സായിരുന്ന മിസ്സ് ലക്ഷ്മിഅമ്മ. ഇവർ മൂന്നുപേരുമായി സംസാരിക്കുമ്പോൾ തന്റെ ഭാഗം ജയിച്ചില്ലെന്നു കണ്ടാൽ ചിന്നമ്മ കരഞ്ഞെങ്കിലും ജയം തന്റേതാക്കുമെന്നു ലക്ഷ്മിഅമ്മ പറയുന്നു. "താൻ ന്യായമല്ലാത്തതു പറകയില്ല. അഥവാ, ന്യായരഹിതമായ ഒന്നിലാണു് ചെന്നി

റങ്ങിപ്പോയതെന്നു വന്നാൽ, അതു ശരിയെന്നു സ്ഥാപിക്കാൻ ചിന്നമ്മ സർവശക്തിയും പ്രയോഗിക്കും." എന്നു് ഇക്കാലത്തെ അനുസ്മരിച്ചുകൊണ്ടു മിസ്സ് ലക്ഷ്മിഅമ്മ പറയുന്നു. "ഞങ്ങളെക്കാളും പ്രായക്കുറവുള്ളതുകൊണ്ടു് ചിന്നമ്മ പറയുന്നതു ഞങ്ങൾ ശരിവെച്ചുകൊടുക്കും." എന്നിങ്ങനെ ലക്ഷ്മിഅമ്മ ആ കാലത്തെ ഒന്നുകൂടി വിശദപ്പെടുത്തിത്തരുന്നു.

ഇവർ മൂന്നുപേരും തോൽവി അറിയാതെ മെട്രിക്കുലേഷൻ ക്ലാസ്സിലെത്തി. ഇതിനിടയിൽ മഹാരാജാവു തിരുമനസ്സുകൊണ്ടു് എല്ലാക്കൊല്ലവും എഴുന്നെള്ളിയിരുന്നു്, ഓരോ ക്ലാസ്സിലെയും പ്രധാനവിജയിനികൾക്കു സമ്മാനദാനം നടത്തിവന്നിരുന്നതു പറയാൻ വിട്ടുപോയി. രാജകീയമായ ഈ പ്രോത്സാഹനങ്ങളെ കൂടാതെ പഠിക്കുന്നതിനു ഫീസ്സും കൊടുക്കേണ്ടതില്ലായിരുന്നു. അതിനാൽ, ക്രമേണ വിദ്യാർത്ഥിനികൾ വടക്കേ കൊട്ടാരത്തിൽ കൂടിക്കൂടി വന്നു. എങ്കിലും, ഈ മൂന്നു വിദ്യാർത്ഥിനികളാണു മെട്രിക്കുലേഷൻ പരീക്ഷയിൽ വടക്കേ കൊട്ടാരത്തിൽനിന്നും ചേന്നവർ. ഇവർക്കുശേഷം, മിസ്സ് ബ്ലാംഫോർഡിന്റെ പള്ളിക്കൂടത്തിൽ മൂന്നാംഫാറം വരെ ക്ലാസ്സുകൾ ഉള്ളൂ. നമ്മുടെ കഥാനായികയ്ക്കും, സതീർത്ഥ്യകൾക്കും മാത്രമായിട്ടാണു മെട്രിക്കുലേഷൻ ക്ലാസ്സ് മദാമ്മ അവിടെ ഏർപ്പെടുത്തിയതു്. അതിനു കാരണം ഉണ്ടു്: മനസ്വിനിയായ മദാമ്മയ്ക്കു, സമുദായസേവനത്തെപ്പററി കുറെ പാഠങ്ങൾ തന്റെ പ്രിയവിദ്യാർത്ഥിനികൾക്കു് വശമാക്കിക്കൊടുത്തിട്ടു വേണം വിദ്യാലയം വിട്ടുവാൻ അനുവദിക്കാവൂ എന്നൊരു

നുഗ്രഹം ഉണ്ടായി. അതേപ്പററി വിദ്യാൎത്ഥിനികളെ ഒട്ടു മനസ്സിലാക്കിക്കണമെങ്കിൽ അവർ തീൎച്ചയായും ബാല്യപ്രായം അതിക്രമിച്ചിരിക്കണം. അവൎക്കു ഗ്രന്ഥികളോടുള്ള കൌതുകം സാഹചര്യംകൊണ്ട് ഉണ്ടാകണം. മഹത്തരമായ ഈ ആദൎശം സാധിക്കാനായിട്ടായിരുന്നു, മദാമ്മ ഇവൎക്കു മൂന്നപേക്ഷയായിട്ടു മെട്രിക്കുലേഷൻവരെ ക്ലാസ്സുകൾ തന്റെ വിദ്യാലയത്തിൽ സൃഷ്ടിച്ചതു്.

ഇവരെ എന്താണു സോചനവിഷയത്തിൽ മിസ്സ് ബ്ളാംഫോർഡ്, അഭ്യസിപ്പിച്ചതെന്നു പറയാം. അക്കാലത്തു പൊതുനിരത്തുകളിലും മററും സ്ത്രീകൾ മേൽമുണ്ടില്ലാതെ സഞ്ചരിക്കുന്നതു നാട്ടിൻപുറങ്ങളിൽ മദാമ്മ കണ്ടിരുന്നു. സ്ത്രീകളുടെ സാക്ഷരതയെ സംബന്ധിച്ചു മാത്രമല്ല, അവരെ സ്പൎശിക്കുന്ന നാനാകാൎയ്യങ്ങളെപ്പററിയും ഇവർ ശ്രദ്ധിച്ചിരുന്നതായി പറയപ്പെടുന്നു. ഈ വത്സലശിഷ്യകളെ ചുരുക്കത്തിൽ സമുദായത്തിന്റെ ആവശ്യം എന്താണെന്നു ധരിപ്പിക്കുകയായിരുന്നു, ബ്ളാംഫോർഡ് മദാമ്മ ശാസിച്ചതിൽ ഗണ്യമായ സംഗതി. സ്വഭാവസംസ്കരണത്തിലും മദാമ്മ ഇവൎക്കു പാഠങ്ങൾ കൊടുത്തിട്ടുണ്ടു്. 'മദാമ്മയുടെ സൃഷ്ടിയാണു മിസ്സ്. ലക്ഷ്മിഅമ്മ" എന്നു ചിലർ നേരംപോക്കിൽ പറയാറുണ്ടു്. കാരണം, അവർ അവിവാഹിതകളാകകൊണ്ടാവാം. മാത്രമല്ല, മിസ്സ് ലക്ഷ്മിഅമ്മ സമൎത്ഥനായ ഒരു പുരുഷനിൽനിന്നും ഒട്ടും ഭരണവിഷയത്തിലും സാമൎത്ഥ്യത്തിലും താഴെയല്ലെന്നു് അവരുടെ ഉദ്യോഗനൈപുണികൊണ്ടും വിദ്യാഭ്യാസപ്രചരണത്തിനുള്ള യത്നംകൊണ്ടും സ്ഥാപിച്ചിട്ടുണ്ടു്.

അത് എന്തുതന്നെ പഠിച്ചാലെന്ത്, അത് എന്തുതന്നെ പഠിപ്പിച്ചാലെന്ത്, ഒരുവൻ ആയിരം സദുദ്യമങ്ങൾക്കുള്ള പരിപാടികളെക്കൊണ്ടു ഹൃദയം എങ്ങനെ ധന്യമാക്കിയാലെന്ത്, പ്രജായത്തശക്തി ഉണർന്നിട്ടില്ലാത്ത ഒരു ജനതാമദ്ധ്യത്തിൽ സാമാന്യജനങ്ങളുടെ ജീവിതത്തോതു നന്നാകാൻ വഴിയൊന്നുമില്ലാതിരിക്കുന്നിടത്തോളം കാലം വയററിനു വേണ്ടിയുള്ള യത്നങ്ങളെക്കൊണ്ടു ജീവിതം അവസാനിപ്പിക്കുകയാണു് എങ്ങും ലോകം അധികവും കണ്ടിട്ടുള്ള സാധാരണനടപ്പ്. പ്രത്യേകിച്ചും സർക്കാർ ഉദ്യോഗം വിദ്യാഭ്യാസത്തിന്റെ പരിണതഫലമെന്നു ധരിച്ചിരിക്കുന്ന രാജ്യങ്ങളിലെ സ്ഥിതി പറയേണ്ടതില്ലല്ലോ. പ്രയത്നത്തിനു വഴിയോ പ്രേരണയോ ഇല്ലാതെയും; പ്രയത്നിച്ചാൽ ന്യായമായ ഫലത്തിനു വകയില്ലാതെയും, കാലോചിതമായ വികാസം ഒന്നിലും ഇല്ലാതെയും, കെട്ടിക്കിടക്കുന്ന ജലംപോലെ പഴമയിൽ ഉറച്ചുനില്ക്കുന്ന ദരിദ്രമാനവലോകത്തിൽ, ഹൃദയം, സേവനതാല്പര്യം നന്നേ നിറഞ്ഞതാണെങ്കിലും, ആഹാരത്തിനു വഴിതേടുകയെന്ന, ഒടുങ്ങാത്ത ചക്രഭ്രമണത്തിൽ പരസഹസ്രം പേർ മൂകതയിൽ ഒടുങ്ങിപ്പോകുന്നു. അറിയപ്പെടത്തക്കവണ്ണവും സ്ഥാപിക്കപ്പെടത്തക്കവണ്ണവുമുള്ള ഒരു ജീവിതചരിത്രത്തിനു്, ജീവസന്ധാരണത്തിനു് ആവശ്യപ്പെട്ട ധനപരമായ സർവ്വ അസമത്വങ്ങളേയും അതിനു വേണ്ടിയുള്ള യത്നംകൊണ്ടു മാററിയിട്ടു് നമ്മുടെ കഥാനായിക ജീവിക്കുന്നതോടുകൂടി, ഭാരതത്തിലെ പാവങ്ങൾക്കു അത്ഭുതാവഹമായ ഒരു പ്രബുദ്ധതേജസ്സിനെയാണു് പിൽക്കാലത്തു സമ്മാനി

ച്ചിട്ടുള്ളതെന്ന് അപ്പോഴത്തെ ഇൻഡ്യൻ ഗ്രാമങ്ങളിലെ സ്ഥിതിയെപ്പററി പഠിച്ചിട്ടുള്ള ചരിത്രകാരന്മാർ സമത്ഥിക്കാതിരിക്കയില്ല. അറിയപ്പെട്ടിട്ടുള്ളിടത്തോളം ജാതിവഴക്കും മതവഴക്കും സമുദായോദ്ധാരണത്തിന് വിഷയമാക്കിയിട്ടുള്ള നമ്മുടെ ധീരന്മാരെ നാം ഇവിടെ ഓത്തുപോകുന്നു.

ജാതിവഴക്ക്:

അഹോ! അവരിൽ ഒരാൾപോലും ജനതയെ സേവിക്കുവാൻ ഇറങ്ങിയവരെന്നു തെളിയിക്കുന്ന യാതൊരു സംഭവവും അവരുടെ പിന്നിലില്ല. ദാരിദ്ര്യം, രോഗം, ദുഃഖം ഇവ മൂന്നുമാണ് മനുഷ്യനെ ജീവനോടെ ദഹിപ്പിക്കുന്ന കൊടുംദുഷ്ടാക്കൾ. ഇവയുടെ ജ്വാലകളിൽ ഒന്നാമത്തായി ദാരിദ്ര്യാഗ്നിയോടാണ് സേവനതല്പരനായ ഒരു മനുഷ്യസ്നേഹി പൊരുതാനടുക്കുന്നത്. രണ്ടാമത്തേത് മഹാമാരികൾ പിടിപെട്ട ജനത ഒടുങ്ങുമ്പോൾ. ദുഃഖം; ഇതു 'വകയുള്ളവർക്കും' 'ഇല്ലാത്തവർക്കും', ഉള്ളതാകകൊണ്ടും ചിലതിനു പോംവഴി കൃച്ഛ്രമാകകൊണ്ടും, ഉപായമായി, ദാരിദ്ര്യംകൊണ്ടും രോഗംകൊണ്ടും ജാതമല്ലെങ്കിൽ, ആത്മജ്ഞാനമാണ് വിധിച്ചിട്ടുള്ളത്. തൽക്കാലം, ദുഃഖത്തെ ഒരു മൂന്നാം തരത്തിൽപെടുത്തി നമുക്കു തള്ളാം. രോഗവും അതിനടുത്തതായി. പിന്നെ ജീവത്തായ പ്രശ്നം ദാരിദ്ര്യമാണ്. ഇതിന്, ഒരുവൻ സ്വയം ജീവിക്കുവാൻ പ്രാപ്തിയുണ്ടാക്കുന്ന ഒന്നിന്, മലയാളക്കരയിലെ സമുദായോദ്ധൃതർ എന്നു പറയുന്നവരിൽ ആരാണ് ജീവിച്ചതെന്ന് അറിയേണ്ടിത്തന്നെയിരിക്കുന്നു. അതേപ്പററി, അവരിൽ ആരെങ്കിലും പഠിച്ചിട്ടുള്ളതായി കാണാത്തതുകൊണ്ട് ആ ചരിത്രാവലോകനം വേണ്ടെന്നു വയ്ക്കാം.

എങ്കിലും, അവരെ മറക്കാൻവയ്യാ എന്നു വരുന്നു. എന്തെന്നാൽ, അതിൽ സമർത്ഥരെന്നു ചിലർ പറയുന്നവർ ജനങ്ങളെ വഴി തെററിച്ചിരിക്കുന്നു നോക്കുമ്പോൾ. ജാതിസമത്വമാണു് അവർ ജനങ്ങളെ പഠിപ്പിച്ചതു് പട്ടിണിക്കാരനായ പറയനും, മൃഷ്ടം അന്നം കഴിക്കുന്ന ബ്രാഹ്മണനും തമ്മിൽ അവർ ജാതിയിൽ സമത്വം ആവശ്യപ്പെട്ടു. സവർഗ്ഗത്തിൽപ്പെട്ടവരിൽപ്പോലും ഉണ്ണുന്നവനും, ഉണ്ണാത്തവനും തങ്ങളിൽ സാമ്യതയില്ലാ എന്നിരിക്കെ, മറിച്ചു് പറയൻ ഉണ്ണുന്നവനും, ബ്രാഹ്മണൻ ഉണ്ണാനില്ലാത്തവനുമായിരിക്കട്ടെ. എന്താണു് ഗതി? എവിടെയാണു് സമത്വം? ഉണ്ണാനുള്ള പറയനും, അതിനില്ലാത്ത ബ്രാഹ്മണനും എന്ന അസഹനീയമായ അസമത്വത്തിൽതന്നെ അവർ. അവിടെ ഭക്ഷണാധമർണ്യം ബ്രാഹ്മണനെ താഴ്ത്തിയിരിക്കുന്നു എന്നുള്ളതു് സ്പഷ്ടമാണല്ലോ! ഇങ്ങനെ സമത്വം ആരോടു് ആവശ്യപ്പെട്ടുവോ അവരും ഭക്ഷണാർത്ഥികൾതന്നെയെങ്കിൽ, ഇവർ ഏതു ജാതിയിൽ ജനിച്ചാലും ഭിക്ഷാംദേഹികൾ എന്ന ജാതിതന്നെയല്ലേ? ഈ സമത്വം ഇവരുടെ ജീവിതൈശ്വര്യത്തിന് എങ്ങനെ സഹായിക്കുന്നു എന്നു് ആലോചിച്ചു നോക്കുക! അന്നമാണു് ഒന്നാമത്തെ സമുദായാവശ്യം.

ജാതീയമായ സമത്വവാദംകൊണ്ടു് സമുദായസേവനം സാധിച്ചവരും, അതു് ഏററു പാടിയവരും, പുകഴ്ത്തുന്നവരും ഭൂമുഖത്തിൽനിന്നും പേരുപോലും ശേഷിക്കാതെ പോകേണ്ടിവരുന്നു. കഷ്ടം! അവർ, ജ്ഞാനമോ, ചിന്താശീലമോ ഇല്ലാതെ ഔദ്ധത്യത്താൽ ഭരിതരായിട്ടു മർദ്ദിതരായ ജനതയെ കേവലം വഴിതെററിക്കയാണു ചെയ്തിട്ടുള്ളതു്.

ധനത്തിന്റെ അസമത്വമാണ് എല്ലാററിന്റെയും അസമത്വമെന്നു നാം ധരിക്കേണ്ടതുണ്ടു്. ജാതീയമായ സമത്വം നേടിക്കഴിഞ്ഞതുകൊണ്ടു പട്ടിണിക്കാരുടെ സ്ഥിതിക്കു യാതൊരു മാററവും ഉണ്ടാകുന്നതല്ല. അവന്റെ കൈകൾക്കു യാതൊരു പുഷ്ടിയും കൂടുതൽ വന്നു ചേർന്നുകൊള്ളുകയില്ല. വ്യക്തിയുടെ ജീവിതസുരക്ഷിതത ശരിയാകുമ്പോൾ, ഇന്ന് എവിടെയെങ്കിലും വളർച്ചയ്ക്കു ബാധകമായി ജാതി ആരെങ്കിലും കാണുന്നുവെങ്കിൽ അന്നു് അതു് അറിയാനേയില്ലാത്ത ഒന്നായിത്തീരുമെന്നുള്ളതു് ഒരു ചരിത്രവാസ്തവം മാത്രമാണ്.

മതവഴക്ക്:

മതത്തെപ്പററി പഠിച്ചിട്ടുള്ള യാതൊരാളും മതവഴക്ക് ഉന്നയിച്ചിട്ടില്ല. അന്ധമായ മതത്തെ യവനികയാക്കിപ്പിടിച്ചുകൊണ്ട്, സ്വാർത്ഥകാര്യങ്ങൾക്കുള്ള അക്രമപ്രവർത്തികളാണ് നാം കേട്ടിട്ടുള്ളതും കണ്ടിട്ടുള്ളതുമായ സർവ്വ മതവഴക്കുകളും. ഇവയെല്ലാം ശിക്ഷാർഹങ്ങളാണ്. മതവഴക്ക്, പഴയ പൗരോഹിത്യവും പ്രഭുത്വവും വച്ചുപുലർത്തുവാൻ സമുദായമണ്ഡലത്തിലെ ഉപരിഭാഗങ്ങളിൽ മാത്രം വിഹരിക്കുന്നവർ സമുദായത്തിന്റെ അടിത്തട്ടിൽ—കേവലം മണ്ണിൽ ജീവിക്കുന്ന സാധാരണക്കാരന്റെ ജന്മാവകാശത്തെ—വഞ്ചിച്ചെടുത്തു സുഖം സ്വകീയമാക്കി കഴിക്കാൻ കൈക്കൊണ്ടിരിക്കുന്ന ഒരു ചൂഷണവിദ്യയാണെന്നു കാണാവുന്നതാണ്. മതവഴക്കിനു മലയാളം അത്ര പേരെടുത്തിട്ടില്ല. ഇടയ്ക്കു വന്നുകൂടിയ ഈ ചർച്ച നിറുത്തിയിട്ടു നമുക്കു പ്രകൃതത്തിലേയ്ക്കു കടക്കാം.

നമ്മുടെ കഥാനായികയും സഹവിദ്യാർത്ഥിനികളും മെട്രിക്കുലേഷൻ പരീക്ഷയ്ക്കു ചേർന്നു. എങ്കിലും, തിരുവിതാംകൂറിലെ "ആദ്യത്തെ മെട്രിക്കുലേററഡ് ഹിന്ദുവനിത" എന്ന സ്ഥാനം ബി. കല്യാണിഅമ്മ തട്ടിയെടുത്തു കളഞ്ഞു. അതിന്റെ അടുത്ത ആണ്ടിൽ മാത്രമേ മിസ്സ്. വില്യംസ് അദ്ധ്യക്ഷയായി നടത്തിവന്നിരുന്ന തിരുവനന്തപുരത്തെ ഗേൾസ് കാളേജിൽനിന്നും ചിന്നമ്മയും ലക്ഷ്മിഅമ്മയും ആ പരീക്ഷയിൽ ജയിച്ചുള്ളു.

മിസ്സ്, വില്യാംസിന്റെ കാളേജിൽ നിന്നുതന്നെ ചിന്നമ്മ എഫ്. എ. പരീക്ഷയ്ക്കു പഠിക്കുവാൻ കൂടി ലക്ഷ്മിഅമ്മയും ചിന്നമ്മയോടൊത്ത് ഉണ്ടായിരുന്നു ആകാലത്ത്, ചിന്നമ്മയ്ക്കു വീട്ടുജോലികൾ എല്ലാം നോക്കേണ്ടതായി വന്നിട്ടുണ്ട്. കാലത്തെ എണീററു, വെള്ളം കോരുക, അടിച്ചുതളിക്കുക, അരിവയ്ക്കുക തുടങ്ങിയുള്ള വീട്ടുജോലികൾ എല്ലാം സന്തോഷപുരസ്സരം അവർ ചെയ്തിരിക്കും. ഇതിനിടയിൽ പഠിക്കേണ്ടതു പഠിക്കയും ചെയ്യും. പിന്നെവേണം കാളേജിൽ പോകുവാൻ. വൈകുന്നേരം വീട്ടിൽ വന്നാലും കാലത്തെ ചര്യകൾ ആവർത്തിക്കേണ്ടതായി വരുന്നു. "ഒരുവണ്ടി വിറകു ഞാൻ തനിയെ ഒന്നോ രണ്ടോ ദിവസംകൊണ്ടു വെട്ടിക്കീറിയിട്ടുണ്ട്." എന്ന് ആ അനുഭവങ്ങളെ ഓർത്തുകൊണ്ടു പിൽക്കാലത്ത് ഒരിക്കൽ മന്ദിരവാസിനികളോടു ചിന്നമ്മ പറഞ്ഞിട്ടുണ്ട്. എന്തെല്ലാം വേലകൾ ചെയ്തിരിക്കേണ്ടിയിരുന്നാലും അതൊന്നും കഥാനായികയുടെ ശരീരത്തിന് അസ്വാസ്ഥ്യം ഉണ്ടാക്കിയിരുന്നില്ല. എന്തെന്നാൽ വേല തീരുന്നതോടുകൂടി മനസ്സും ക്ഷീണിച്ചുതീരു

വാൻ അനുവദിക്കാത്തതുകൊണ്ടുതന്നെ. മനസ്സു ക്ഷീണിച്ചുപോയാൽ ശരീരവും ക്ഷീണിക്കും. വായിക്കുക സാദ്ധ്യമല്ല. അതിനാൽ ചിന്നമ്മ സദാ പ്രസന്ന. ഒന്നു പഠിക്കാൻ അവസരം കിട്ടുന്നതിനുവേണ്ടി വളരെ ത്വരിപ്പിച്ചു വേലകൾ ചെയ്തുതീർക്കേണ്ടതു വിദ്യാർത്ഥിനിയായ നമ്മുടെ നായികയുടെ ദിനവൃത്തികളിൽ പ്രാധാന്യം കൊടുത്തിട്ടുള്ള "ഒന്നാണു". "എന്റെ ബാല്യകാലത്തു ഞാൻ കക്കൂസു വൃത്തിയാക്കുന്നതിനും സസന്തോഷം ശീലിച്ചിട്ടുണ്ടു്" എന്നു് ഗൗരിയമ്മയോടു പറഞ്ഞിട്ടുള്ള ഒരു സന്ദർഭത്തെ അവർ അനുസ്മരിപ്പിക്കുന്നു.

ചിന്നമ്മയുടെ കാളേജു് ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ ഗാന്ധർവരീത്യാ, പ്രസിദ്ധനായ സി. വി. രാമൻപിള്ളയുടെ സഹോദര(തഹശീൽദാർ നാരായണപിള്ള)പുത്രൻ ശ്രീ കുമാരപിള്ളയുമായി അവർ പ്രണയബന്ധത്തിലേർപ്പെട്ടു്. തന്മൂലം, ക്ഷമാപ്രസന്നയായിട്ടാണു വീട്ടിലേക്കെന്നല്ല, പള്ളിക്കൂടത്തിലേയ്ക്കുപോലും ചിന്നമ്മയ്ക്കു പോകേണ്ടിയിരുന്നതു്. സമുദായമര്യാദയാണു് ആ ഭയത്തിനു കാരണം. അപ്പോഴൊക്കെയും മിസ്സു്. ലക്ഷ്മിഅമ്മ അതാണു യഥാർത്ഥപ്രേമമെന്നും ദുഷ്യന്തനു ശകുന്തളയിൽ തോന്നിയ പ്രണയം എന്തായിരുന്നു എന്നും മററും പറഞ്ഞു് ആശ്വസിപ്പിച്ചിരുന്നു. സ്ഥാനവും ധനവുംകൊണ്ടു വലിപ്പമുള്ള ചിലരുടെ ഭാര്യാപദം ചിന്നമ്മയ്ക്കു കിട്ടുന്നതിനു പ്രയാസമില്ലായിരുന്നു. എന്നിട്ടു് അവർ ആ 'പദങ്ങളെ' തൃണവൽഗ്ഗണിച്ചു. പരിപൂർണ്ണമായ പ്രേമത്തിന്റെ അവാച്യമായ

സുന്ദരഗുപ്തഭാവനകൾ തികച്ചും ശക്തിദായകങ്ങളായി ത്തന്നെ തീരുന്നു. *

പലേ പ്രതിബന്ധങ്ങളും ശ്രീ: കുമാരപിള്ളയുമായുള്ള വിവാഹത്തിനു വന്നുചേൻന്നിട്ടും, ചിന്നമ്മ വരിച്ച പുരുഷനെത്തന്നെ വിവാഹംകൊണ്ടും സ്വീകരിച്ചു. ഇദ്ദേഹം അന്നു ബാംബെയിൽ നെയ്ത്തു വിദ്യാഭ്യാസം സംബന്ധിച്ചു പഠിക്കുകയായിരുന്നു. എഫ്. ഏ. പരീക്ഷ കഴിഞ്ഞ ഉടനെ ചിന്നമ്മ പുത്രവതിയായി. തിരുവനന്തപുരത്തെ മഹാവിദ്യാലയത്തിൽചേൻന്നു ബി. ഏ-ക്കു പഠിക്കുന്നതിനു ചിന്നമ്മയ്ക്കു നവപ്രസൂതി ബാധകമായിരുന്നില്ല.

ആയിരത്തി എൺപത്തെട്ട് ഇടവം തൊട്ടു ചിന്നമ്മയോടൊത്തുണ്ടായിരുന്ന ഗൗരിയമ്മ (ഇവർ ഇതുപ്രഥമമായി ഈ ഗ്രന്ഥത്തിൽ അല്പംമുമ്പു പ്രവേശിച്ചുകഴിഞ്ഞിട്ടുണ്ട്) എന്ന വനിതയോട്, നമ്മുടെ കഥാനായിക ഇപ്രകാരം പറഞ്ഞിരിക്കുന്നു: "എനിക്കു വലിയ ആളുകളുമായിട്ടുള്ള ബാന്ധവം ഇഷ്ടമായി തോന്നിയിരുന്നില്ല. കാരണം അവരുടെ അന്തസ്സിനേയും പാലിച്ചു വീട്ടിനകത്തു് ഒതുങ്ങി ഇരിക്കുവാനുള്ള ഒരു അടിമയായി തീൻ്നു പോകുമല്ലോ എന്ന ഭീതിയാണു്. ഞാൻ സുഖത്തിലല്ല ജനിച്ചതും വളന്നതും. ഏതെങ്കിലും ഒരു സമസൃഷ്ടത്തിന് ആശ്വാസം കൊടുക്കത്തക്കവിധം, ഭേദം

---

* പ്രകൃതാനുരൂപമായി ആംഗലകവി Byron പാടുന്നതു നോക്കുക.—

"Oh! love perfect is thy mystic art,
Strengthening the weak, and trampling on the strong."

സോദരപൂരണത്തിനായല്ലാതെ ജീവിച്ചുകൂട്ടുവാനുള്ള ആഗ്രഹം എനിക്കു ചെറുതിലെ ഉണ്ടായിരുന്നു. അതിനു വലിയവരുമായിട്ടുള്ള ബന്ധങ്ങൾ എപ്പോഴും തടസ്സങ്ങളാണു്. അതിനാലാണു് എനിക്കു ചേരുന്ന ഈ എളിയ നില ഞാൻ സ്വയം തെരഞ്ഞെടുക്കാൻ കാരണമായതും അതിൽ തന്നെ ഉറച്ചു നിന്നതും. ഇതു് എന്നെ അടിമയാക്കുകയില്ല എന്നു മാത്രമല്ല, എനിക്കു പലഗുണങ്ങൾ ഉണ്ടാകുവാൻ സഹായിക്കുകയും ചെയ്യും. മനുഷ്യൻ കാംക്ഷിക്കുന്ന ഭൗതികസുഖങ്ങളുടെ അപ്പുറം ഒരു അനന്തസുഖമുണ്ടെന്ന ആദ്ധ്യാത്മിക ചിന്തകൾ എന്നെ പ്രേരിപ്പിച്ച പരിസരങ്ങളിൽ ഒരു വലിയ സ്ഥാനം എന്റെ വിവാഹബന്ധത്തിനുണ്ടു്. മറിച്ചു, ഞാൻ പണക്കാരുടെ ഭാര്യയായിത്തീർന്നിരുന്നു എങ്കിൽ എനിക്കുള്ള ഈ ആത്മീയ ജ്ഞാനാസക്തി നഷ്ടപ്പെട്ടു പോയേനെ. ക്ലേശത്തിൽ നിന്നും പൊന്താൻ തുടങ്ങിയ ഞാൻ അന്നേ നിങ്ങളെപ്പോലെയുള്ള ശരണരഹിതർക്കായി ജീവിക്കേണമെന്നു തീർച്ചപ്പെടുത്തിയിരുന്നു" പിന്നേയും അവർ പറയുന്നു.

"അമ്മയ്ക്കു് (ചിന്നമ്മയ്ക്കു്) ഉള്ളതു അതുപോലെ പറയുവാൻ വളരെ ഇഷ്ടമാണു്. അന്യരെപ്പററിയും ഇതു തന്നെയാണു് അമ്മയുടെ സ്വഭാവം. അന്തസ്സിനുവേണ്ടി പുകഴ്ത്തി പറയുന്നതു് അമ്മയ്ക്കു് ഇഷ്ടമേ അല്ല. സ്തുതി വെറുപ്പാണു്. താൻ എല്ലാവരിലും താഴെയാണെന്നും താൻ പെട്ട കഷ്ടതകൾ പറയുവാൻ തനിക്കു് ഏറെ ഇഷ്ടമാണെന്നും അമ്മയിൽനിന്നും ഒരാൾക്കു പഠിക്കുന്നതിനു കുറച്ചു ദിവസത്തെ വേഴ്ചമതി."

എഫ്. ഏ. പരീക്ഷയിൽ സ്ത്രീകളിൽ ഒന്നാമതായി വിജയം സമ്പാദിച്ചതിനു "ബ്ലൂസംബലാസുബ്രഹ്മണ്യം മെമ്മോറിയൽ" വകയായ കീർത്തിമുദ്ര, നമ്മുടെ കഥാനായികയ്ക്കു ലഭിച്ചതു് ഇക്കാലത്തെ ഒരു വിശേഷ വാർത്തയാണു്.

ആ ഘട്ടങ്ങളിൽ തിരുവനന്തപുരത്തു കൂടാറുണ്ടായിരുന്ന പൊതുജനസദസ്സുകളിൽ ചിന്നമ്മ പോകാറുണ്ടായിരുന്നു. പുറമപാട്ടാം നടക്കുന്നതു് എന്താണെന്നു് അന്വേഷിക്കുവാൻ ഇവർക്കു പ്രത്യേകം നോട്ടമുണ്ടു്. സാധാരണ ഒരു യുവതിയിൽ കാണാവുന്ന ലജ്ജയിൽ കവിഞ്ഞതായിരുന്നു അന്നു ചിന്നമ്മയുടേതു്. അപ്പോൾ സദസ്സുകളിൽ, ചിന്നമ്മയ്ക്കു കുറച്ചേ സംസാരിപ്പാൻ കഴിഞ്ഞിരുന്നുള്ളു. സ്വഭാവത്തിന്റെ മാർദ്ദവത അന്നൊക്കെ ഇവരിൽ അണിയറയിൽ വേഷമിട്ടൊരുങ്ങുന്ന മട്ടിലായിരുന്നു. ലജ്ജയും അഭിമാനവും മികച്ച ഒന്നായിരുന്നു അന്നു്.

ഒരിക്കൽ തി. വി. (തിരുവിതാംകൂർ വിദ്യാഭിവർദ്ധിനി) മഹാജനസഭ സമ്മേളിച്ചിരിക്കുമ്പോൾ സഭാസ്യയായിരുന്ന ചിന്നമ്മയ്ക്കു മോഹാലസ്യം വന്നു നിലം പതിക്കാറായതും, താങ്ങിയെടുത്തു ശുശ്രൂഷിച്ചതും അതിലെ അന്നത്തെ പ്രവർത്തകരിൽ ചിലർ പറഞ്ഞുകേട്ടിട്ടുണ്ടു്. അതോടുകൂടി അല്പനേരംമാത്രം നീണ്ടുനിൽക്കുന്ന ഒരു മോഹാലസ്യം കുറേക്കാലം ചിന്നമ്മയ്ക്കു് ഉണ്ടായിക്കൊണ്ടിരുന്നു.

മലയാളത്തിലെ പ്രത്യേക പരിജ്ഞാനത്തെ പരിഗണിച്ചു്, മിസ്സ്. വില്യംസ്, വിദ്യാർത്ഥിനിജീവിത

തിലെ വിശ്രമാവസരങ്ങളിൽ അദ്ധ്യാപികയായി ചിന്നമ്മയെ ക്ലാസ്സ് പഠിപ്പിക്കുവാൻ അയച്ചിരുന്നു. അതിൽനിന്നും കിട്ടിയിരുന്ന വേതനം ഒന്നുമാത്രമാണ് അന്നു തിരുവനന്തപുരത്തു വിദ്യാഭ്യാസം ചെയ്യാനായി തന്റെ കൂടെ താമസിച്ചിരുന്ന സഹോദരന്റേയും, തന്റേയും, അത്യാവശ്യച്ചെലവുകൾക്ക് ഉപകരിച്ചിരുന്നതു്. ചിന്നമ്മയ്ക്കു മൂന്നു സഹോദരന്മാരും മൂന്നു സഹോദരികളും ഉണ്ടത്രെ ബി. ഏ.-യ്ക്കു പഠിക്കുമ്പോൾ ജീവിതത്തിന്റെ പരുപരുത്ത വശങ്ങൾ നല്ലപോലെ നമ്മുടെ കഥാനായികയെ ഉരസിയിട്ടുണ്ട്. അപ്പോൾ കാളേജിൽ കിട്ടിയിരുന്ന വേതനം വളരെ സഹായകമായിരുന്നു എന്നുതന്നെ പറയാം. വിവാഹത്തിനു്, ഇടയിൽ വന്നുചേർന്നിരുന്ന കുഴപ്പങ്ങൾകൊണ്ടു നമ്മുടെ നായിക, കലാലയജീവിതം അവസാനിപ്പിക്കുന്ന ബി. ഏ. പരീക്ഷയിൽ മലയാളം ഒഴിച്ചുള്ള വിഷയങ്ങൾക്കു പരാജിതയാകയാണു ചെയ്തതു്. രണ്ടാമത്തെ പ്രാവശ്യം എഴുതിയപ്പോൾ ഒരു ഭാഗം (ഇംഗ്ലീഷ്) കൂടി കിട്ടി. "എന്തിനു് പരീക്ഷാശ്രേണികളിൽ കയറിയിറങ്ങുന്നു?" എന്നു ചോദിക്കുന്ന ശ്രീ: ചിന്നമ്മ പിന്നീട് അതു മുഴമിക്കാൻ പോയതേയില്ല.

## അദ്ധ്യായം ൯.

### “ഇൻസ്പെക്ട്രസ്സ്”

ശ്രീമൂലം തിരുനാൾ തിരുമനസ്സുകൊണ്ടു് എഴുന്നെള്ളിയിരുന്നു, തൃക്കൈയ്യിനാൽ വിജയിനികളായ വിദ്യാർത്ഥിനികൾക്കു സമ്മാനങ്ങൾ നടത്തുന്നതു കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞുവല്ലൊ. ആ മഹാരാജാവു തിരുമനസ്സുകൊണ്ടുതന്നെയാണു പെൺകുട്ടികളുടെ വിദ്യാലയഭരണത്തിനു, മിസ്സ് ക്യാരപ്പിററ മദാമ്മയുടെ അധീനത്തിൽ അസി: ഇൻസ്പെക്ട്രസ്സുകളെ നിയമിക്കുന്നതിനു കല്പിച്ചതു. അപ്രകാരം ആയിരത്തിഎൺപതിനാലാമാണ്ടു, ചിന്നമ്മ, ഇൻസ്പെക്ട്രസ്സായി കോട്ടയത്തേക്കു നിയോഗിതയായി. അന്നു പതിനൊന്നു താലൂക്കുകളുടങ്ങിയ ഒരു ഡിസ്ട്രിക്ടാണു ശ്രീ: ചിന്നമ്മയുടെ അധികാരത്തിൻകീഴിൽ അവിടെ ഉണ്ടായിരുന്നതു്. അപ്പോൾ പറയത്തക്കവണ്ണം ലോവർ ഗ്രേഡിൽ പെടുന്ന അഞ്ചു പള്ളിക്കൂടങ്ങളും, അംഗീകാരമുള്ള മുപ്പതോ മുപ്പത്തഞ്ചോ വിദ്യാലയങ്ങളുമാണു ചിന്നമ്മയ്ക്കു ഭരിക്കുവാൻ അവിടെയുണ്ടായിരുന്നതു്.

“പൊതുനിരത്തിൽ ഇറങ്ങിയിട്ടുവന്നാൽ കുളിക്കണം” എന്നു് അക്കാലത്തെ ഹിന്ദുക്കൾ ആചാരം എന്നപോലെ അവിടങ്ങളിൽ വച്ചിരിക്കുന്ന ഒരു കാലത്താണു നമ്മുടെ കഥാനായിക ഇൻസ്പെക്ട്രസ്സായി ചെല്ലുന്നതു്. ഇവരിൽനിന്നും ആൺകുട്ടികൾ പോകട്ടെ,

പെൺകുട്ടികളെ പള്ളിക്കൂടത്തിൽ കൊണ്ടുവന്നു പഠിപ്പിക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. വിദ്യാർത്ഥിനികളെ കിട്ടിയില്ലെങ്കിൽ ചിന്നമ്മയ്ക്കു തന്റെ ലക്ഷ്യമായ വിദ്യാഭ്യാസപ്രചരണാർത്ഥം പുതിയ പള്ളിക്കൂടങ്ങൾ തുറക്കുക സാധ്യവുമല്ലല്ലൊ.

പള്ളിക്കൂടം തുറക്കുക, പരിശോധനയ്ക്കു പോവുക ഇവയെല്ലാം ചിന്നമ്മയ്ക്ക് ഏറെ ഉത്സാഹമുള്ള കാര്യങ്ങളാണ്. ഒരു കൊല്ലക്കാലം സ്വഭാര്യയ്ക്കു സ്ഥലങ്ങൾ പരിചയമുണ്ടാക്കിക്കൊടുക്കുന്നതിനു ശ്രീ: കുമാരപിള്ള ശ്രദ്ധ വച്ചു. അദ്ദേഹത്തിന്റെ പിതാവു തഹശീൽദാരായി വടക്കൻ താലൂക്കുകളിൽ ഉദ്യോഗം നോക്കിയിരുന്ന കാലങ്ങളിൽ ശ്രീ: പിള്ളയ്ക്കു [illegible] അവിടങ്ങളിൽ താമസിച്ചു പരിചയമുണ്ട്. പള്ളിക്കൂടം പരിശോധനാർത്ഥം ആറും തോടും തരണം ചെയ്തു, കാടും മേടും കടന്നും കോട്ടയത്തെ ഇൻസ്പെക്ട്രസ്സിനു സഞ്ചരിക്കേണ്ടതുണ്ട്: എന്നു പറഞ്ഞാൽ, മനുഷ്യസഞ്ചാരം നിശ്ശേഷം കുറഞ്ഞിടത്തും, ജനവിഹാരം അധികപ്പെട്ടിട്ടുള്ള വിപണി വീഥികളിലും, പല ജാതിമതസ്ഥന്മാർ കുടിയേറിപ്പാർക്കുന്ന ഉൾഗ്രാമങ്ങളിലും ഒന്നുപോലെ ചുററിക്കറങ്ങുക ചിന്നമ്മയ്ക്ക് അനിവാര്യമാണു; ഇഷ്ടവുമാണ്. സ്ത്രീകൾ, പ്രത്യേകിച്ചു സവർണ്ണസ്ത്രീകൾ, മന വിട്ടു പുറത്തുപോകാത്ത അക്കാലത്തു ശിപായിയുമായി പരിശോധനയ്ക്കു പോകുന്ന ചിന്നമ്മയെ കാണ്മാൻ വഴിനീളെയും, ഗൃഹം തോറും ആളുകൾ നോക്കിനില്ക്കുന്നതു സാധാരണമായ കാഴ്ചയായിരുന്നു. സ്ത്രീകൾക്കു മാത്രമല്ല, പുരുഷന്മാർക്കും. ചിന്നമ്മയുടെ പോക്കുവരവിനെ നോക്കിനിന്നിട്ടു "ചൊടി

ഴുള്ള ചെറുപ്പക്കാരി" എന്നു സ്വയം പറയാത്ത പരിഷ്കൃതാശയർ അവിടങ്ങളിൽ ഇല്ലായിരുന്നു. അതൊരു സാധാരണ പ്രശംസയായിരുന്നു.

ചിന്നമ്മ, സമുദായവുമായി ഇടപെടുവാൻ തുടങ്ങുന്നതു്, ചുററുപാടുമുള്ള ഭവനങ്ങളിൽ എന്താവശ്യം വന്നാലും പോകുക, വേണ്ടതു ചെയ്യുക, സാധുക്കളെ സഹായിക്കുക, സ്ത്രീകളെ സംബന്ധിച്ച സ്ത്രീസമാജങ്ങൾ പ്രവർത്തിക്കുക, അത്യാവശ്യം സ്ത്രീകൾ പഠിക്കേണ്ട കാര്യങ്ങളെപ്പററി എഴുതുക, പ്രസംഗിക്കുക ഇവയിലൂടെയാണു്. സ്ത്രീകൾ ഒരുതരം സന്താനോല്പാദന യന്ത്രങ്ങൾ എന്ന നിലയെ കവിഞ്ഞു് അവരെപ്പററി കൂടുതലൊന്നും പറയാനില്ലായെന്നു് അക്കാലത്തു ശങ്കരപ്പിള്ള ശിരസ്തദാർ എന്ന മാന്യൻ എഴുതിയ ലേഖനത്തിനു; ചിന്നമ്മ എഴുതിയ മറുപടിയോടുകൂടി, അവരെ സ്ത്രീകൾക്കു വേണ്ടി പോരാടുവാൻ കരുത്തും പഠിപ്പുമുള്ള ഒരു നായികയായി അന്നത്തെ മലയാള സ്ത്രീലോകം കരുതുവാൻ തുടങ്ങി

ശിരസ്തദാർക്കു ശ്രീ: ബി കല്യാണിയമ്മയും മറുപടി കൊടുത്തിട്ടുണ്ടു്.

ചിന്നമ്മയ്ക്കു മറുപടി എഴുതുവാൻ പോകരുതെന്നും, അവരെ ഒരു സാധാരണക്കാരിയായ സ്ത്രീയായി കരുതരുതെന്നും ശിരസ്തദാരെ ബന്ധുവായ ഒരു വനിത ഉപദേശിച്ചു. "അതോടെ ശിരസ്തദാരുടെ എഴുത്തും നിലച്ചു," എന്നു് അപ്പോൾ ചിന്നമ്മയോടുകൂടി താമസിച്ചുകൊണ്ടിരുന്ന ശ്രീ: ശങ്കരപ്പിള്ള (ശ്രീ: കുമാരപിള്ളയുടെ സഹോദരൻ) പറയുന്നു.

എൺപത്തഞ്ചാംമാണ്ടിടയ്ക്കു്, കരപ്പുറത്തു വച്ചുനടന്നിരുന്ന നായർ മഹാസമ്മേളനത്തിൽ ചിന്നമ്മ ക്ഷണപ്രകാരം പോകുകയുണ്ടായി. പ്രസംഗങ്ങൾ കേട്ടുകൊണ്ടിരിക്കവെ, സെക്രട്ടറിക്കു (ശ്രീ: സി. കൃഷ്ണപിള്ള) ചിന്നമ്മ ഒരു കുറിപ്പുകൊടുത്തു തനിക്കു രണ്ടു വാക്കുപറവാൻ അവസരം തരണമെന്നായിരുന്നു ആ തുണ്ടിൽ അവർ അപേക്ഷിച്ചിരുന്നതു്. അദ്ധ്യക്ഷൻ, റാവുബഹദൂർ എ. ഗോവിന്ദപ്പിള്ള അപേക്ഷയെ, സ്വാഗതംചെയ്തു. പരേതനായ അഭിഭാഷകപ്രമാണി പി. കെ. കേശവപിള്ള അവർകൾ അധഃകൃതരെ ഉദ്ധരിക്കുവാൻ സമുദായം യത്നിക്കണമെന്നും മററും സദസ്സിനെ ഉദ്ബോധിപ്പിക്കയായിരുന്നു. അങ്ങിനെയുള്ള ഒന്നിൽക്കൂടുതൽ പ്രസംഗങ്ങൾ കേട്ടുകൊണ്ടിരുന്ന ശ്രീമതി ചിന്നമ്മ എണീററു് ആ പുരുഷ സദസ്സിനെ അഭിസംബോധനം ചെയ്തുകൊണ്ടു ദീർഘമായി സംസാരിച്ചതിൽ "നിങ്ങളുടെ ഒരുവശം തളർന്നുകിടക്കുമ്പോൾ ആ വശത്തെപ്പററി യാതൊന്നും അന്വേഷിക്കാതെ എങ്ങിനെ നിങ്ങൾക്കു മുന്നോട്ടു പോവാൻ കഴിയും? നിങ്ങൾ സദസ്സു നടുങ്ങത്തക്കവിധം ഓരോരുത്തരും പ്രസംഗിച്ചുകേട്ടു. ഇതിൽ ആരെങ്കിലും, സ്ത്രീകളെപ്പററി പറയുകയുണ്ടായോ? സമുദായത്തിൽ സ്ത്രീകൾക്കുള്ള സ്ഥാനം ശരീരത്തിന്റെ പകുതിയ്ക്കൊപ്പമാണു്. നിങ്ങളുടെ സ്ത്രീകൾ അപരിഷ്കൃതരായി അടുക്കളയ്ക്കകത്തു കിടന്നു ഞെരുങ്ങുമ്പോൾ പരിഷ്കൃതരെന്നു പറയുന്ന നിങ്ങൾ സമുദായസേവനത്തിനു് എവിടെയാണു് പോകാൻ തുടങ്ങുന്നതു്." ഇപ്രകാരം ഒററ സ്ത്രീ പോലും, അംഗമായിട്ടോ, അതിഥിയായിട്ടോ ശ്രോതാക്ക

ളിൽ കാണാനില്ലാത്ത ആ സദസ്സിൽ പറഞ്ഞുകൊണ്ടു വീണ്ടും ഏതാണ്ടു് ഇപ്രകാരം വാദിച്ചു: "അധഃകൃതരെ ഉദ്ധരിക്കണംപോലും. പ്രസംഗിക്കുന്നവരുടെ വർഗ്ഗത്തിൽ അക്ഷരാഭ്യാസം ചെയ്തിട്ടില്ലാത്തവരും, മേൽമുണ്ടുധരിക്കാത്തവരുമായി എത്രയോ അധഃകൃതർ ഉണ്ടെന്നു് നിങ്ങൾ അറിയുന്നുണ്ടോ? അവരുടെസ്ഥിതിക്കു് ഒരു മാററം വരുത്തിയിട്ടു്, ഈ പ്രസംഗങ്ങൾ ചെയ്തിരുന്നെങ്കിലും, കേട്ടിരുന്നെങ്കിലും ഇവയ്ക്കു് അർത്ഥം എന്തെങ്കിലും ഉണ്ടായിരുന്നേനെ. അതു നോക്കാതെ, തങ്ങളുടെ ഭവനം ശുചിയാക്കാതെ അന്യഭവനം തൂത്തുവാരാൻ പോകുന്നതിലെ ന്യായമോ, ധർമ്മമോ എനിക്കു മനസ്സിലാകുന്നില്ല. നാം ആദ്യമായി നമ്മിലുള്ളവരുടെ അജ്ഞാനാപരിഷ്കൃതികളെ മാററാൻ നോക്കുക" ചിന്നമ്മയുടെ പ്രസംഗം തീൎന്ന ഉടനെ, അദ്ധ്യക്ഷനായിരുന്ന ശ്രീ: എ. ഗോവിന്ദപ്പിള്ള "മി. കേശവപിള്ള കിട്ടിയതു വാങ്ങി പാക്കററിൽ ഇട്ടുകൊള്ളണം." എന്നു ഫലിതത്തിൽ കാര്യംപറഞ്ഞു. വൃദ്ധന്മാരായ ഗൃഹസ്ഥന്മാർ "ഒരേ ഒരു പെൺപിള്ള" എന്നു സന്തോഷഭരിതരായി സ്തുതിച്ചുകൊണ്ടിരുന്നതു മറക്കാവതല്ലെന്നു്, അന്നു ചിന്നമ്മയെ അനുഗമിച്ചിരുന്ന ശ്രീ: ശങ്കരപ്പിള്ള പറയുന്നുണ്ടു്.

കരപ്പുറത്തുവച്ചു ചിന്നമ്മ "നായർ സമാജ"ത്തിലെ അംഗമായി. സ്ത്രീകളിൽ, ആ സമാജത്തിലെ ആദ്യത്തെ അംഗമാണു നമ്മുടെ കഥാനായിക. അതിന്നടുത്തയാണ്ടത്തെ മഹാസമ്മേളനത്തിനു കുറെ സ്ത്രീകളെയും കൂട്ടിക്കൊണ്ടാണു ചിന്നമ്മ പോയതു്. അനന്തരം, അടപ്പിച്ചു

തന്നെ നായർ സമ്മേളനത്തോടനുബന്ധിച്ചു സ്ത്രീസമ്മേളനവും ഏർപ്പെടുത്തപ്പെട്ടു.

എൺപത്തേഴിൽ, പെരുന്നയിൽ (ചങ്ങനാശ്ശേരി) കർമ്മകുശലനായ ശ്രീ: മന്നത്തു പത്മനാഭപിള്ളയുടെ അദ്ധ്യാസനത്തിൽ പണി കഴിപ്പിച്ച 'സമാജമന്ദിരം' സി. കൃഷ്ണപിള്ള, ഏ. ഗോവിന്ദപ്പിള്ള തുടങ്ങിയ മഹാശയന്മാരുടെ സാന്നിദ്ധ്യത്തോടെ ഉദ്ഘാടിതമായ മഹായോഗത്തിൽ ചിന്നമ്മയും പങ്കെടുത്തിരുന്നു. നൂതനമെന്ന ഒററ കാരണത്താൽമാത്രം പാശ്ചാത്യ പരിഷ്കാരങ്ങളെ അതേപടി പകർത്തുമ്പോൾ, വിജ്ഞന്മാരായ പൂർവികർ ഏർപ്പെടുത്തിയിട്ടുള്ളതിനെ അവധാനപൂർവം ഒന്നു പരിശോധിക്കുവാൻ നമുക്കു വിട്ടുപോകരുത് എന്നും, ഓരോന്നിലും ഓരോ നല്ല വശങ്ങൾ കാണാതെയിരിക്കയില്ലാ എന്നും, ചിന്നമ്മ അന്നു സംസാരിച്ചതിൽ പറകയുണ്ടായെന്നു ശ്രീ: മന്നം ഓർമ്മപ്പിക്കുന്നു. കുടുമ മുറിക്കുന്നതും മററും ശരിയല്ലെന്നുംകൊണ്ടിരുന്ന ചിന്നമ്മയുടെ സംഭാഷണാനന്തരം, പ്രസംഗിക്കാനെഴുന്നേററ ശ്രീ: കണ്ണൻ മേനവൻ "ശ്രീമതി ചിന്നമ്മ പറഞ്ഞതുപോലെയുള്ള സർവ പരിഷ്കാരദുർഗ്ഗുണങ്ങളും ഉള്ളവനാണു ഞാൻ" എന്ന ആമുഖത്തോടുകൂടി പ്രസംഗിച്ചതും ഇവിടെ സ്മരണീയങ്ങളാണ്.

പെരുന്നയിൽനിന്നും തിരിയെ കോട്ടയത്തു പോകുന്നതിനിടയ്ക്കു, അവിടെ ഒരു സ്ത്രീസമാജം ചിന്നമ്മ രൂപവൽക്കരിച്ചു. ഈവിധം സ്ത്രീകളുടെ പുരോഗമനത്തിനു കോട്ടയം ഡിസ്ട്രിക്ററിൽ തന്നെയല്ല, സമകരും

പോലെ രാജ്യത്തിന്റെ ഏതുഭാഗത്തും പോകുവാൻ അവക്കു സന്നദ്ധതയുണ്ടു്.

വിദ്യാഭ്യാസപ്രചരണത്തെപ്പററിയാണെങ്കിൽ കുറെ വളരെ പറവാനുണ്ടു്.

കോട്ടയത്തുതാമസമായതുമുതൽ "ഹോമിയോചികിത്സാ"സമ്പ്രദായങ്ങളടങ്ങിയ ഒരു പുസ്തകം ചിന്നമ്മ വാങ്ങിയിരുന്നു. അതു പഠിച്ചതിനുശേഷം, ഹോമിയോ മരുന്നുകളും വരുത്തി. മരുന്നുകൾ വിലകൊടുത്തുവാങ്ങാൻ നിവൃത്തിയില്ലാത്ത പാവങ്ങൾക്കു വേണ്ടിയായിരുന്നു ചിന്നമ്മയുടെ ഈ ഭേഷജപ്രയത്നം. അതു വീട്ടിനു ചുററുപാടും മാത്രമല്ല. സക്കീട്ടുപോകുമ്പോൾ മരുന്നുപെട്ടിയും വൈദ്യപുസ്തകവും വണ്ടിയിൽ സൂക്ഷിച്ചേയ്ക്കും. വഴിയരുകിലും, ചെന്നിറങ്ങുന്നിടത്തും കാണുന്ന രോഗാതുരരായ പാവങ്ങൾക്കു സൗജന്യമായി വിതരണം ചെയ്യും. പിന്നീടു് എത്ര സംവത്സരം കഴിഞ്ഞതാണു് ആ സ്ഥലത്തു ചിന്നമ്മ ചെല്ലുകയായിരുന്നാലും; പൂർവസ്മരണയോടെ മുൻപുരോഗികളായിരുന്നവരും, ഇതറിയാമെന്നുള്ളവരും വന്നു കൂട്ടം കൂടും. ഒരിക്കൽ വയ്ക്കത്തു സക്കീട്ടായി പോയിരുന്നപ്പോൾ മീൻ പിടിച്ചുകൊണ്ടുനിന്നിരുന്ന ബാലന്മാർ വന്നുകൂടിയതു്, കൂടെ പോയിരുന്ന ശ്രീ:ശങ്കരപ്പിള്ള അനുസ്മരിപ്പിക്കുന്നു. ഇൻസ്പെക്ട്രസ്സമ്മയുടെ ഭേഷജസമ്പർക്കം കൊണ്ടു വടക്കൻ താലൂക്കുകളിലെ പാവപ്പെട്ടവരിലധികംപേരും 'കരുണയുള്ള അമ്മ' എന്നുപറഞ്ഞു് ആദരിക്കാൻ തുടങ്ങി.

ഒരിക്കൽ, മൂവാററുപുഴയുള്ള ഒരു കടത്തുകടവിലേയ്ക്കു ചിന്നമ്മയുടെ വണ്ടി ചെന്നുനിന്നു. കടത്തുകാരൻ

ചാക്കുണ്ണി, ഒരു സക്കാരുദ്യോഗസ്ഥനേയും ചങ്ങാടത്തിൽ കയററിക്കൊണ്ടു് അക്കരെയെത്തുവാൻ രണ്ടുമൂന്നു കഴ ഊന്നിക്കഴിഞ്ഞിരുന്നു. വണ്ടിയിൽ വന്നിറങ്ങുന്ന ആറു ആരെന്നറിയാൻ കടത്തുകാരൻ അറിയാത്ത മട്ടിൽ ഒന്നു കണ്ണോടിച്ചു. അയാറു കണ്ടതു ചിന്നമ്മയേയും വണ്ടിയുമായിരുന്നു "അയ്യോ! എന്റെ അമ്മവന്നോ?" എന്നു ആഹ്ലാദിച്ചുകൊണ്ടും, "അമ്മയുടെവണ്ടി അക്കരെയാക്കിയല്ലാതെ ഇനി ആരേയും ഇല്ലേ," എന്നുപുലമ്പിക്കൊണ്ടും ചങ്ങാടത്തിലിരുന്ന ആളിനേയുംകൊണ്ടു് തിരിച്ചു തുഴഞ്ഞുവന്നു ആളെ കരയിലിറക്കിനിൎത്തി. ജാതാനുകമ്പയായ ചിന്നമ്മ, തനിക്കു രണ്ടാമതു പോയാൽ മതിയെന്നു പറഞ്ഞിട്ടും ചാക്കുണ്ണി അതു കേൾക്കുല്ല.

മീനച്ചലിലെ ഒരു പടുവൃദ്ധ, ചിന്നമ്മ സക്കീട്ടായി ചെന്നിട്ടുണ്ടെന്നു കേട്ടിട്ടുണ്ടെങ്കിൽ, ക്യാമ്പുഷെഡ്ഡിൽ കൊണ്ടുചെന്നാക്കുവാനായിക്കൊണ്ടു ബന്ധുക്കളോടു പറഞ്ഞു കരയാൻ തുടങ്ങും. ആ പ്രദേശങ്ങളിലെ സക്കീട്ടു തീൎന്നു പോയല്ലാതെ ചിന്നമ്മയുടെ ക്യാമ്പുഷെഡ്ഡിൽ നിന്നും ഇപ്പറഞ്ഞ വൃദ്ധ പോകുകയില്ല. ഈ വൃദ്ധയ്ക്കു നൂററിപതിനാറുവയസ്സു കഴിഞ്ഞിരുന്നുവെന്നും, ഇവൎക്കു ശതാഭിഷേകം കഴിക്കാറായ മക്കൾ ഉണ്ടായിരുന്നുവെന്നും ശ്രീ: ശങ്കരപ്പിള്ള പറയുന്നു. ഇവർ എങ്ങനെയാണു ചിന്നമ്മയെ പരിചയപ്പെട്ടതെന്നു പറകവയ്യ.

ഇങ്ങനെ, പ്രായമോ, ജാതിയോ, മതമോ നോക്കാതെ മനുഷ്യനെ മനുഷ്യൻ എന്ന നിലയിൽ സ്നേഹിച്ചു ഇവർ സ്വാധീനപ്പെടുത്തിയിട്ടുണ്ടു്. അതിനാൽ, പള്ളിക്കൂടം തുറക്കുന്നതിനു ജനങ്ങളെ വിളിച്ചുകൂട്ടി ഉത്സാഹ

പ്പെടുത്തുവാൻ ചിന്നമ്മയ്ക്കു പ്രയാസമില്ലാതായി. അതോടെ, തുറക്കുന്ന പള്ളിക്കൂടങ്ങളിൽ നാനാജാതി മതസ്ഥരുടെ കുട്ടികളെ അയപ്പിക്കുന്നതിനു ഇൻസ്പെക്‌ട്രസ്സമ്മയ്ക്കു വിഷമം കുറയുകയും ചെയ്തു.

അയിത്തം നിന്നു നൃത്തമാടുന്ന സവർണ്ണ ഹിന്ദുക്കളുടെ ഭവനങ്ങളിലെ ബാലികമാരെ എല്ലാപേർക്കും ഒന്നുപോലെ പഠിക്കാവുന്ന സർക്കാർപള്ളിക്കൂടങ്ങളിൽകൊണ്ടു ചെന്നേർപ്പെടുത്തി വിദ്യാഭ്യാസം ആരംഭിക്കുവാൻ ഈ വിദ്യാഭ്യാസപ്രചാരക ചില്ലറയൊന്നുമല്ല വിഷമിച്ചിട്ടുള്ളതു്. അയിത്തജാതിക്കാരോടിരുന്നു പഠിക്കുവാൻ തങ്ങളുടെ കുട്ടികളെ എങ്ങനെ അയക്കും എന്നു സന്ദേഹിക്കയും ശാഠ്യംപിടിക്കുകയും ചെയ്യുന്ന കുടുംബങ്ങളെ ഇൻസ്പെക്ട്രസ്സമ്മ വളരെ യുക്തിപൂർവം സംസാരിച്ചു മടക്കുന്നതിന് ഒടുവിൽ ഉപയോഗിച്ചവാചകങ്ങൾ ഏതാണ്ടിങ്ങനെയായിരുന്നു:

"ആകാശം ഇടിഞ്ഞു വീഴ്ന്നേയ്ക്കും; മേഘങ്ങൾ പൊളിഞ്ഞുപറക്കുകയാണു്. അതിനാൽ നിങ്ങൾ ഭൂമിയിലെ താമസം ഉടനെ മാറേറണ്ടിയിരിക്കുന്നു. കടലും ആഞ്ഞു് അലഞ്ഞുകൊണ്ടിരിക്കുന്നു. എപ്പോൾ ഇങ്ങുകയറുമെന്നറിഞ്ഞുകൂടാ. അതുകൊണ്ടും നിങ്ങൾ ഭൂമിയിലെ താമസം മാറേറണ്ടിയിരിക്കുന്നു. ഇതുകൊണ്ടൊന്നും നിങ്ങൾക്കു ദോഷം വന്നില്ലെങ്കിൽ, സവർണ്ണരായ നിങ്ങൾക്കു് അജ്ഞാനംകൊണ്ടുള്ള അവർണ്ണത്വം നീക്കുന്നതിനു പൊതുവിദ്യാലയത്തിൽ പോകുന്നതുകൊണ്ടു് ദോഷമൊന്നും വരാനില്ല. പഠിയ്ക്കാത്തവൻ, സ്വവർഗ്ഗത്തിലെ

പഠിച്ചവരതന്നെ അധമന്മാരാണു്. അതു നിങ്ങൾക്കാക്ക ന്നില്ലല്ലോ."

ഒരിക്കൽ അദ്ധ്യാപികയായി ഒരുനായർ യുവതിയെ നിയമിച്ചു് ചിന്നമ്മ ഉത്തരവിട്ടു. അന്നു വൈകുന്നേരം അവരുടെ ഭവനത്തിൽ പോയി അപ്പനമ്മമാരോടും ഒന്നു പറയണം എന്നു കരുതി. എന്തെന്നാൽ വീട്ടുകാരുടെ അനിശ്ചിതമനഃസ്ഥിതി അവക്കു് അറിയാമായിരുന്നതു കൊണ്ടു്. അപ്രകാരം ചിന്നമ്മ പോയി. അദ്ധ്യാപികയാകാൻ പോകുന്ന യുവതിയുടെ അമ്മ വെളിയിൽ വന്നു ചിന്നമ്മ അവരോടു പറഞ്ഞു. "നാളെമുതൽ മകളെ ഉദ്യോഗത്തിനയക്കണം" ഇതു കേട്ടിട്ടു നിർനിമേഷയായി നോക്കിനിന്ന ആ സ്ത്രീ ഉടനെ അകത്തേയ്ക്കു കടന്നുപോയി. അല്പം കഴിഞ്ഞു് ഒരു നെടിയ ഉലക്കയുമായി തിരിയെ വന്നു് "ഈ ഉലക്കയുള്ളകാലം എന്റെ മക്കൾക്കു് ഉദ്യോഗം വേണ്ട, ഞങ്ങൾ നെല്ലുകുത്തി പിഴയ്ക്കും." ഇങ്ങനെ ധിക്കാരവും പരിഭവവും വിഷാദവും കലർന്ന സ്വരത്തിൽ ആ സ്ത്രീ കയർത്തു. വളരെനേരംകൊണ്ടേ ഇൻസ്പെക്ട്രസ്സമ്മയ്ക്കു് ആ സ്ത്രീയെ കാര്യംപറഞ്ഞു മനസ്സിലാക്കാൻ കഴിഞ്ഞുള്ളു. കാര്യം ഗ്രഹിച്ചു കഴിഞ്ഞാൽ ചിന്നമ്മയോടു പിന്നീടു് ഒരക്ഷരം ചോദിക്കാൻ എടം ഉണ്ടാകില്ല. പറയുന്നതിലും അത്ര സ്ഫുടമായി അവർ പറയും. മനസ്സിലാക്കാൻ ത്രാണിയുള്ളവക്കു് പുതുതായ അനേകം കാര്യങ്ങളും അതിൽ ഉണ്ടായിരിക്കുമെന്നുള്ളതു് അനേകം പേരുടെ അനുഭവമാണു്. സംഭാഷണംമൂലവും കത്തുമൂലവും വിജ്ഞാനം വിതയ്ക്കുന്ന സ്വഭാവം ചിന്നമ്മയിൽ ബലവത്തരമാണു്.

കോട്ടയത്തെ പുത്തുപ്പള്ളി പള്ളിക്കൂടത്തിന്റെ ആവശ്യത്തിലേയ്ക്കു ഒരിക്കൽ കുറെ സ്ഥലം ഇൻജനിയർ കെ. കെ. കുരുവിളയെക്കണ്ടു ചോദിക്കണമെന്നു നാട്ടുകാരിൽ ചിലരോട്ടു ചിന്നമ്മ പറഞ്ഞിരുന്നു. അതിനുശേഷം ചിന്നമ്മ ആ സ്ഥലത്തു ചെന്നിരുന്നപ്പോൾ ഇൻജനീയർ കുരുവിളയുടെ വീട്ടിൽ സന്ദർശനാർത്ഥം പോയി. ചിന്നമ്മയെ കണ്ടു ഉടനെ "ആവശ്യപ്പെട്ടിരുന്ന ഏഴുപത്തു സെൻറു സ്ഥലവും തന്നുകഴിഞ്ഞിരിക്കുന്നു. അതിലേയ്ക്കു എന്നെ കാണേണ്ട," എന്നു സന്തോഷത്തോടെ ശ്രീ: കുരുവിള പറകയും, ചിന്നമ്മ കൃതജ്ഞതയോടെ മടങ്ങുകയും ചെയ്തു.

ഈ ഇൻസ്പെക്ട്രസ്സമ്മ കോട്ടയം ഡിസ്ട്രിക്റ്റിലെ കാര്യജ്ഞാനമുള്ളവക്കെല്ലാം കണ്ണിലുണ്ണിയത്രേ. ഇൻസ്പെക്ട്രസ്സമ്മയുടെ അവസരോചിതവും, ആകർഷണീയവുമായ ഒരു പെരുമാററത്തെപ്പററി പറയാം.

ഒരിക്കൽ മൂവാററുപുഴത്താലൂക്കിലെ ഒരു പള്ളിക്കൂടം പരിശോധനകഴിഞ്ഞു മടങ്ങുമ്പോൾ നേരം വൈകിത്തുടങ്ങിയിരുന്നതിനാൽ, വണ്ടി വേഗം വിടുവാനായി പറഞ്ഞിട്ടു, ചിന്നമ്മ ചാവട്ടയിൽ ചാരിവെളിയിലേയ്ക്കു നോക്കിക്കൊണ്ടിരുന്നു. മദ്യപനായ ഒരാൾ വണ്ടിയെ അനുധാവനം ചെയ്യുന്നതു ചിന്നമ്മ കാണാതെയിരുന്നില്ല. എങ്കിലും, വണ്ടിക്കാരനോടോ, കോച്ചുപെട്ടിയിൽ കൂടിയിരിക്കുന്ന ശിപായിയോടോ ഈ വിവരം പറഞ്ഞതില്ല. സ്ഥലം വിജനം; നേരം അസമയം. മദ്യപൻ അടുത്തുവന്നു. വണ്ടിയിൽ ചാടിക്കയറുവാൻ അയാൾ കാൽ ഉയർത്തി. നമ്മുടെ കഥാനായികയാകട്ടെ,

ഒട്ടുമേ ഭയചകിതയാകാതെ, സഹജമായ പുഞ്ചിരിയോടു കൂടി ചാവട്ട നീക്കിക്കൊണ്ടു പറഞ്ഞു: "വരണം, ഇരിക്കണം." 'വരണം, ഇരിക്കണം' എന്ന ഉപചാരമധുരിമ തന്നെ അയാളുടെ കാതിലും കേട്ടതു്. അല്ലാതെ സ്തംഭിപ്പാനുള്ള മന്ത്രങ്ങളൊന്നുമല്ല. മദ്യപന്നു ബോധമുണ്ടായി. "അമ്മേ! ചെയ്തുപോയ തെററിനെ ക്ഷമിക്കണേ." എന്നു പുലമ്പിക്കൊണ്ടു് അയാളുടെ ലഹരി പൂണ്ട മേൽനിലക്കമ്പത്തിൽ നിന്നും അനേകം വാഗ്വെടിങ്ങൾ പൊട്ടി പുറപ്പെട്ടുവിച്ചു. മാത്രമല്ല, അയാൾ പുറകോട്ടു പുറകോട്ടു നടന്നുതുടങ്ങിത്തുടങ്ങുകയും ചെയ്തു.

ചിന്നമ്മയുടെ, അതിശയകരമായ ആകർഷകശക്തിയും, വനിതാ സാധാരണമല്ലാത്ത സ്വഭാവവിശേഷവുമാണു് ഈ പെരുമാററത്തിൽ അടങ്ങിയിരിക്കുന്നതു് എന്നു് ചിന്നമ്മയുടെ ശേഷം കോട്ടയത്തു അസി: ഇൻസ്പെക്ടറസ്സായിരുന്ന ശ്രീമതി ചെല്ലമ്മ പറയുന്നു. അവർ സമർത്ഥിക്കുന്നു: "മററാതു സ്ത്രീക്കും അസാധാരണമായ ഈ ശക്തിവിശേഷം കിട്ടിയിട്ടില്ല."

"ഈ ഉലക്കയുള്ള കാലം എന്റെ മകൾ ഉദ്യോഗത്തിനു പോകുകയില്ല." എന്നു പറഞ്ഞിടത്തു ചിന്നമ്മ ഉപദേശരൂപേണ പ്രസരിപ്പിച്ച ആകർഷണശക്തിയല്ല, ഇവിടെ. അവസ്ഥാന്തരം ഇരുമ്പിനെ എന്നപോലെ കാണിച്ച ഹാസാവലോകനങ്ങളുടെ ഗംഭീരമായ വിജയശക്തി ജാള്യംകൊണ്ടു സ്തംഭിതയായിപ്പോകാതെ, കഴുത്തു കരുത്തോടു് "ഇരിക്കണേ"മെന്നു സ്വീകാര്യസ്വരത്തിലുച്ചരിച്ചപ്പോൾ വൈദ്യുതശക്തി തട്ടിപ്പോയാൽ എന്നു തിട്ടുക്കം കാണുമോ, അത്രയും തിട്ടുക്കം കാണാൻ കഴി

ഞ്ഞിരുന്നുവെന്നു മാത്രമല്ല, അവർക്കു ബോധവും കാഴ്ചയും ഉണ്ടാകുകയും ചെയ്തു.

ഈ വയ്യാവേലികൾ മൂലം പുതിയ പള്ളിക്കൂടങ്ങൾ തുറക്കുന്നതിനു ചിന്നമ്മയ്ക്കു വല്ലായ്മയുണ്ടോ? അതു് അവർ അറിഞ്ഞിട്ടേയില്ല. ചിന്നമ്മയുടെ സഹവിദ്യാർത്ഥിനി മിസ്സ്. ലക്ഷ്മിയമ്മ ഇതേ അവസരത്തിൽ തിരുവല്ലായിൽ ഇൻസ്പെക്ട്രസ്സായിരിക്കയായിരുന്നു. പള്ളിക്കൂടം തുറക്കുന്നതിനെപ്പററി അവർ പറയുന്നു: "ഞങ്ങളോടു പന്ത്രണ്ടു പള്ളിക്കൂടം തുറക്കുവാൻ സൗകര്യപ്പെടുത്തുവിൻ എന്നു് ആജ്ഞാപിച്ചാൽ, ഞങ്ങൾ അതിന്റെ ഇരട്ടിയ്ക്കായിരിക്കും സൗകര്യമുണ്ടാക്കുക."

ഈ കാലത്തു വിവാഹവതികളായ സ്ത്രീകളെ ഉദ്യോഗത്തിൽ സ്ഥിരപ്പെടുത്തുന്നതു് ആശാസ്യമല്ലെന്നു കാണിച്ചു മിസ്സ്. ക്യാരപ്പിററ്, ഡയറക്ടർ മിച്ചൽ സായിപ്പിനു റിപ്പോർട്ടു ചെയ്കയുണ്ടായി. പള്ളിക്കൂടം പരിശോധനയ്ക്കും മററും വിവാഹിതകൾ ശരിയായി പോകാൻ കഴികയില്ലായെന്നു് അവിവാഹിതയായ മദാമ്മയ്ക്കു് ഒരു തോന്നൽ തോന്നി. ആ അഭിപ്രായം ഡയറക്ടർ സായിപ്പു ശരിവയ്ക്കുകയും, അതിനാൽ, ചിന്നമ്മയെ ജോലിയിൽ സ്ഥിരപ്പെടുത്താതെയിരിക്കയും ചെയ്തു. ചിന്നമ്മയോടൊത്തു ജോലിയിൽ പ്രവേശിച്ചിട്ടുള്ള മിസ്സ്. ലക്ഷ്മിയമ്മ മുതലായവരെ ഇതിനകം ജോലിയിൽ സ്ഥിരപ്പെടുത്തിക്കഴിഞ്ഞിരുന്നു. വിവാഹവിരോധിയായ മദാമ്മയുടെ ശുപാർശിന്മേൽ സായിപ്പു ചെയ്ത തീരുമാനം ഗവണ്മെന്റിന്റെ മുമ്പിലേയ്ക്കു ചെന്നു.

സംഗതികളുടെ പരമാൎത്ഥം അറിയേണമെങ്കിൽ കീഴിൽ താൻ ഓരോ ആണ്ടിലും പരിശോധിച്ചിട്ടുള്ള സ്കൂളുകളുടെ എണ്ണവും, വിവരങ്ങളും, അതോടെ പുതിയ സ്കൂളുകൾ തുറക്കുന്നതിനുവേണ്ടി ചെയ്തിട്ടുള്ള ശ്രമങ്ങളും ഒന്നു പുനരവലോകനം ചെയ്യുവാൻ അന്നത്തെ ഗവൺമെന്റധ്യക്ഷനായ മി. പി. രാജഗോപാലാചാരി (പിന്നീടു സർ)ക്കു ചിന്നമ്മ എഴുതി. തന്റെ പ്രാപ്തിയും അപ്രാപ്തിയും തീർച്ചപ്പെടുത്തുന്നതു കീഴ് സംഭവങ്ങളാണു്, അല്ലാതെ മദാമ്മയും സായിപ്പും അല്ല എന്നു ചിന്നമ്മ ധൈര്യമായി മേധാവികളോടു പറകയും ചെയ്തു. അപ്പോഴേക്കു, "ചിന്നമ്മ ഇൻസ്പെക്ട്രസ്സിനെ സ്ഥിരപ്പെടുത്തിയില്ലെങ്കിൽ ഡയറക്ടർ സായിപ്പു രാജ്യത്തെ ദ്രോഹിക്കുകയാണു ചെയ്യുന്നതു്" എന്നു കോട്ടയത്തുനിന്നും ഒരു പൊതുജനാരവം മുഴങ്ങിത്തുടങ്ങി കഴിഞ്ഞിരുന്നു.

ഒടുവിൽ ജനഹിതത്തേയും ന്യായത്തേയും മാനിച്ചു ചിന്നമ്മ ഇൻസ്പെക്ട്രസ്സിനെ സ്ഥിരപ്പെടുത്തുകതന്നെ ചെയ്തു.

മേൽ ഔദ്യോഗികപക്ഷം അവിവാഹിതരോടാണെങ്കിൽ, ഇവിടെ ചിന്നമ്മയുടെ പക്ഷം വിവാഹിതരോടാണത്രെ കൂടുതൽ കരുണയോടുകൂടി വിദ്യാർത്ഥികളോടു പെരുമാറുവാനും കുഞ്ഞിനെ ഹിതമറിഞ്ഞു പരിചരിക്കുവാൻ ശീലിച്ചിട്ടുള്ളതിനാൽ വിദ്യാർത്ഥികൾക്കുള്ള ബൗദ്ധമായ കൂടുതൽ കുറവുകളെ കണ്ടുപിടിച്ചു് അദ്ധ്യയനം നടത്തുവാനും മിക്കവാറും വിവാഹവതികൾക്കു മിടുക്കുകൂടും എന്ന

താണു് ചിന്നമ്മയുടെ അഭിപ്രായത്തിനുള്ള അസ്ഥിവാരം.

ഭർത്താവും ഭാര്യയും അദ്ധ്യാപകവൃത്തിയിലാണെങ്കിൽ അവരെ ഒരേ പാഠാലയത്തിൽ നിയമിക്കുന്നതു് അവരുടെ സ്വഭാവസംസ്കരണത്തിനു് വളരെ അനുകൂലിച്ചതായിരിക്കും എന്നാണു് ചിന്നമ്മ ഇൻസ്പെക്ട്രസ്സിന്റെ മറെറാരഭിപ്രായം. ക്രിസ്തീയസഹോദരങ്ങളുടെ ഇടയിലാണു് ചിന്നമ്മയ്ക്കു് ഇങ്ങനെയുള്ള മിഥുനങ്ങളെ അധികം കാണാൻ കഴിഞ്ഞിട്ടുള്ളതു്. കഴിയുന്നിടത്തോളം അവരെ ഒരേ വിദ്യാലയത്തിൽ ചിന്നമ്മ നിയോഗിക്കാൻ നോക്കിയിട്ടുണ്ടു്.

വിദ്യാർത്ഥിനികൾക്കു സംഗീതത്തിലും, തുന്നൽ പണികളിലും, ഗൃഹശുചീകരണപരിപാലനങ്ങളിലും നിഷ്കർഷിച്ചുകൊണ്ടുള്ള പാഠങ്ങൾ കൊടുപ്പാനായി പ്രത്യേകം ശ്രദ്ധ നമ്മുടെ ഇൻസ്പെക്ട്രസ്സ് പതിപ്പിച്ചിരുന്നു.

കോട്ടയത്തുവച്ചു ചിന്നമ്മ ആഘോഷിച്ച ജാർജ്ജു ചക്രവർത്തിയുടെ കിരീടധാരണാഘോഷം, ആഡംബരാഢ്യവും മനോമോഹനവുമായ ഒന്നായി കേട്ടിട്ടുണ്ടു്. അദ്ധ്യാപികാദ്ധ്യാപകന്മാർ ഉത്സവം ഭംഗിയാക്കാനായിക്കൊണ്ടു സോത്സാഹം ശ്രമത്തിൽ പങ്കെടുത്തു. വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പൗരജനങ്ങൾ തുടങ്ങിയ ബഹുജനനിബിഡത ഉത്സവപ്പന്തലിനെ മുഖരിതമാക്കിക്കൊണ്ടിരുന്നു. കന്യകാമഠങ്ങളിൽനിന്നു കൊണ്ടുവന്നിരുന്നതും അദ്ധ്യാപികകളെക്കൊണ്ടു തുന്നിപ്പിച്ചതുമായ തുന്നൽത്തുമ്പുകളെക്കൊണ്ടു പ്രഭാതരശ്മികളുടെ കലവറ

യെന്നോണം ആ സമ്മേളനപ്പന്തൽ സമ്മോഹനമായി കാണപ്പെട്ടിരുന്നുവെന്നു് ചില ക്രിസ്തീയാദ്ധ്യാപികമാർ വർണ്ണിക്കുന്നതു കേൾക്കാം.

തുന്നൽപ്പണിയിൽ ചിന്നമ്മ വിദഗ്ദ്ധയായിരുന്നു. കോട്ടയത്തുവച്ചു ചിന്നമ്മ ചിത്രക്കമ്പളത്തിൽ തുന്നിയിട്ട രണ്ടുവാച്ചുറകൾ, ക്രയാധാരം പതിക്കാൻ തന്റെ ആററിങ്ങലത്തെ ഭവനത്തിൽ വരുത്തിയിരുന്ന സബ്ബ്‌രജിസ്ട്രാർ മി. പി. എം. രാമനു സന്തോഷസൂചകമായി സംഭവിച്ചതിനെ ഒരു ദിവ്യോപായനംപോലെ അദ്ദേഹം സൂക്ഷിച്ചിട്ടുണ്ടു്. വിശ്രമാവസരങ്ങളിലെ ശ്രമങ്ങളിൽപ്പെട്ട ഒന്നാണു കഥാനായികയുടെ മനോഹരമായ തുന്നൽപ്പണികൾ.

സംഗീതത്തിലും ഇൻസ്പെക്ട്രസ്സമ്മ വിദുഷിയാണു്. വിദ്യാർത്ഥിനികളെ ഉദ്ദേശിച്ചുകൊണ്ടു് അഭിനയപ്പാട്ടുകൾ രചിച്ചതും ഇവരുടെ കോട്ടയത്തെ ഉദ്യോഗകാലത്തായിരുന്നു.

വീട്ടിൽ അദ്ധ്യാപികമാരോ അദ്ധ്യാപകന്മാരോ കാണാനില്ലാത്ത ദിവസം ചിന്നമ്മയ്ക്കുണ്ടായിരിക്കുകയില്ല. ദൂരസ്ഥലങ്ങളിൽനിന്നും നടന്നു തളർന്നു വരുന്നവരെക്കണ്ടാൽ ഉടനെ ചിന്നമ്മ അവരുടെ അഭ്യർത്ഥന എന്തെന്നല്ല കേൾക്കുക പതിവു്. പിന്നെയോ, "ദാഹമുണ്ടോ?" "വിശപ്പുണ്ടോ?" എന്നായിരിക്കും.

ഒരിക്കൽ ആഹാരംകഴിഞ്ഞെഴുന്നേററ ഒരദ്ധ്യാപകന്റെ എച്ചിലില ഇൻസ്പെക്ട്രസ്സമ്മയുംതന്നെ എടുക്കേണ്ടിവന്ന കഥയും അവിസ്മരണീയമാണു്. ഹിന്ദുക്കൾ പൊതുവേ ഭക്ഷണത്തിൽ വർണ്ണാവർണ്ണാന്വേഷണം കാര്യ

മായി ചെയ്യുന്ന ഒരു കാലമായിരുന്നു അന്ന്. ചിന്നമ്മ, ഉദ്യോഗകാര്യമായി വന്നവനാണെങ്കിലും, ഔദാര്യബുദ്ധി കൊണ്ട്, ആ അദ്ധ്യാപകൻ ക്ഷുധാർത്തനാണെന്നു മന സ്സിലാക്കി അയാളുടെ ജാതീയമായ അധഃകൃതത്വത്തെ ഗണ്യമാക്കാതെ, താനിരുന്നുണ്ണുന്ന തളത്തിൽത്തന്നെ ക്ഷണിച്ചിരുത്തി ചോറു വിളമ്പുവാൻ പരിചാരികയോ ടാജ്ഞാപിച്ചു. ആഗതൻ ഭക്ഷണം കഴിച്ചു തൃപ്തനായി എണീററു. അയാൾ താൻ ഉണ്ണ ഇല എടുക്കാൻ ഭാവി ച്ചപ്പോൾ ചിന്നമ്മതന്നെ അതെടുത്തുകളഞ്ഞു് അതി ഥിയെ മാനിച്ചു.

ഗൗരിയമ്മയ്ക്കു്, കഥാനായികയിൽനിന്നും ഈ കഥ കേട്ടപ്പോൾ വിപ്ലവകരമായ ഒന്നായി തോന്നിപ്പോയെന്നു പറയുന്നു. "എന്നാൽ, അമ്മയെ, അടുത്തറിയാൻ സംഗ തിയായതോടുകൂടി അമ്മ കാണുന്ന ലോകവും, നമ്മുടെ വസ്തുകളുമായി സാമ്യതയൊന്നുമില്ലെന്നു പഠിക്കുവാ നൊത്തു." ഇങ്ങനെ ഗൗരിയമ്മ വീണ്ടും അതേപ്പററി സൂചിപ്പിക്കുന്നു.

വിശപ്പിനു് എന്തു ചെയ്യുന്നതിനും, ജാതി നോക്കാ തിരിപ്പാൻ ചിന്നമ്മ വസ്തുകാരിയെ ഉപദേശിച്ചു. നായികയെ അനുസരിക്കേണ്ടതു പരിചാരികയുടെ ധർമ്മം മാത്രമാണല്ലോ.

പിന്നിടൊരിക്കൽ, ചിന്നമ്മ ചേർത്തല സർക്കീട്ടായി പോയിരുന്നപ്പോൾ പരിചാരികയായി ഒരു ബാലികയെ കൂടിക്കൊണ്ടുപോയിരുന്നു. ഒരു ദിവസം പള്ളിക്കൂടം പരിശോധനകൾ കഴിഞ്ഞു് വിശ്രമസ്ഥലത്തു് ഇൻസ്പെ

ക്ടസ്സമ്മ മടങ്ങിയെത്തിയപ്പോൾ, പാറയിൽ തരകൻ എന്ന പ്രസിദ്ധ ഗൃഹസ്ഥൻ കാണാൻ വന്നിരിക്കുന്ന വിവരം അറിഞ്ഞു. ചിന്നമ്മ, അഭിവാദ്യത്തിനു, പ്രത്യഭിവാദ്യം ചെയ്തിട്ട്, തരകനെ ബഹുമാനപൂർവം വരുവാൻ ക്ഷണിച്ചു. വന്നു, തരകൻ പാരിതോഷികമായി, കൊണ്ടുവന്നിരുന്ന മൂന്നു പവനെയും ചിന്നമ്മയുടെ മുൻപിൽ വച്ചു. കഥ അറിഞ്ഞുകൂടാതെ, ഇൻസ്പെക്ടസ്സമ്മ "ഇത് എന്തിനാണ്?" എന്നു തരകനോടു ചോദിച്ചു. "ഇവിടെ വന്നുപോകുന്ന മാന്യന്മാരായ സർക്കാരുദ്യോഗസ്ഥന്മാർക്കു ഞാൻ എന്തെങ്കിലും സമ്മാനിച്ചയക്കുക പതിവുണ്ട്. അതുപോലെ ചെറുതായൊന്ന് ഇവിടുത്തോടും." ചിന്നമ്മ സ്നേഹാദരങ്ങളോടുകൂടി പറഞ്ഞു: "എന്റെ ഉദ്യോഗത്തിന് എനിക്കു ശമ്പളമുണ്ട്. ക്ഷമിക്കുക, ഇതു് എനിക്കു വേണ്ട. തരകൻ പരിഭവിക്കാതിരിക്കുമോ." അനന്തരം തരകൻ, ആ സ്വർണ്ണ നാണയങ്ങളെ പരിചാരികയായ ബാലികയുടെ നേർക്കു നീട്ടി. "അമ്മ തൊടാത്തതു ഞാനെടുക്കുമോ?" എന്നു ഖണ്ഡിതമായി ബാലിക പറഞ്ഞുകളഞ്ഞു

ഇങ്ങനെ പരിചാരികമാർക്കും, വിലപേറില്ലാത്ത സദാചാരപാഠങ്ങൾ കൊടുത്തു ധന്യരാക്കാൻ തന്റെ പ്രതിദിനജീവിതത്തിലെ സംഭവങ്ങൾ മാത്രം നമ്മുടെ കഥാനായികയ്ക്കു മതിയാവും. അതിനുവേണ്ടി സന്ദർഭം അവർക്ക് ഉണ്ടാക്കേണ്ടതില്ല.

# അദ്ധ്യായം ൪

## പ്രബുദ്ധത.

൧൦൮൭-ാമാണ്ടിടയ്ക്കാണു സ്വാമി തീർത്ഥപാദപരമഹംസർ നമ്മുടെകഥാനായികയെ കാണുന്നതു്. "ദിവ്യാനുഗ്രഹം" സ്വതസ്സിദ്ധമായിട്ടുണ്ടെന്നു പ്രഥമദർശനത്തിൽ ചിന്നമ്മയെപ്പററി ദീർഘദർശനം ചെയ്തതു് ഈ പണ്ഡിതയതിയത്രെ. ൮൭-ാമാണ്ടിടയ്ക്കു തന്നെയാണു ശ്രീ: ചിന്നമ്മ ഈ തത്വജ്ഞാനിയെ ആദ്ധ്യാത്മിക കാര്യങ്ങളിൽ ഗുരുവായി വരിക്കുന്നതും.

ഈദ്ദേഹം, അമാനുഷസിദ്ധിയും, നിർമ്മലമായ സ്വാനുഭൂതിയും സ്ഥിരാധിവാസം ചെയ്തുപോന്നിരുന്ന വിശ്രുതനായ ചട്ടമ്പി സ്വാമികളുടെ ശിഷ്യത്രയത്തിൽ ഒരാളാണു്.

ശ്രീ: ശങ്കരാനന്തരം ചട്ടമ്പി സ്വാമികളെപ്പോലെ ആത്മീയ ശക്തി ഉണർന്നിട്ടുള്ളവർ കുറച്ചേ ഈ മലയാളത്തനഗർഭയിൽ ഉണ്ടായിട്ടുള്ളു. സാക്ഷാത്തായ ജ്ഞാനത്തിന്റെ അന്തര്യാമിയായ പരിമളം നിന്നു വീശിനിന്നിരുന്ന ചട്ടമ്പി സ്വാമികളുടെ സമീപത്തു ക്രൂരവ്യാഘ്രങ്ങളും ഘോരസർപ്പങ്ങളും ഗൃഹജന്തുക്കളെപ്പോലെ വന്നുനിന്നു കളിക്കുമായിരുന്നു. സ്വാമികൾ, പാമ്പിനോടു "നീ കടിക്കരുതു്" എന്നു പറകയാണെങ്കിൽ, പാമ്പു കടിക്കയില്ല; തടത്തിൽ കറങ്ങിക്കിടക്കുകയേ ഉള്ളു; കടുവായോടു "നീ പശുവിനെ തൊടരുതെ"ന്നു കല്പിച്ചാൽ, കടുവാ വാലാട്ടി

കളിച്ചുകൊണ്ടു പോകുന്നതിനു് അനുമതി ചോദിക്കുന്ന മാതിരി മുഖത്തു നോക്കിനിന്നു ചുഴന്നു മിഴിക്കേയുള്ളു.

എന്നാൽ സ്വാമിക്കു സർപ്പദംശനം ഉണ്ടായിട്ടുണ്ടു്: സ്വാമി പാമ്പിനോടു് "നിനക്കു് ആൾ തെററിപ്പോയി. നിന്നോടെന്നല്ല ആരോടും എനിക്കു ഹിംസാബുദ്ധിയില്ലല്ലോ" എന്നു പറഞ്ഞിട്ടുള്ളതും, പാമ്പു തടത്തിൽ ചത്തുവീണിട്ടുള്ളതും പലൎക്കും അറിയാവുന്ന സംഭവങ്ങളാണു്. ആത്മീയമാണു് ഈ സംഭാഷണം. പാമ്പിന്റെ പശ്ചാത്താപം അതിന്റെ മരണകാരണമായിത്തീൎന്നു എന്നാണു പറയപ്പെടുന്നതു്.

ഹിംസ്രജന്തുക്കൾ മാത്രമല്ല, ചേര, തവള തുടങ്ങിയുള്ള ജലജന്തുക്കളും ഗൃഹജന്തുക്കളായ നായ്ക്കളും ഈ ദേഹത്തിന്റെ സവിധത്തിൽ ജാതിവൈരം വെടിഞ്ഞു നില്ക്കുമായിരുന്നു. അഹിംസ ശരിക്കും പരിചയിച്ചാൽ പ്രാണികൾ വൈരത്യാഗം വെടിഞ്ഞു ചുററും കൂടുമെന്ന ആൎഷപ്രമാണം ചട്ടമ്പി സ്വാമികൾ ശരിയെന്നു കാണിച്ചുകൊടുത്തിരുന്നു; അത്രമാത്രം.

ഒരിക്കൽ ഒരു കടുവായെ കളിപ്പിച്ച സംഭവം അറിയാമായിരുന്ന ഒരു യുവാവു സ്വാമികളോടു്, ഇതു് എങ്ങിനെ കഴിയുന്നു എന്നു ചോദിക്കുകയുണ്ടായി. സ്വാമികൾ അതിനു കൊടുത്ത ഉത്തരം, ഒരു വ്യാഴവട്ടക്കാലമെങ്കിലും ത്രികരണങ്ങൾകൊണ്ടും ഒരു പ്രാണിയേയും ഉപദ്രവിക്കാതെ അഹിംസ ശീലിക്കാമെങ്കിൽ, ഇതു് ആൎക്കും കഴിയുമെന്നായിരുന്നു. തങ്ങൾ ഒരാളുടെയും പ്രത്യേക സ്വത്തല്ല എന്നാണു്, പ്രഷ്ടാവിനെ ആകർഷിച്ചുകൊണ്ടുള്ള സ്വാമികളുടെ ഉത്തരം. പിന്നീടയാൾ, അതു ശീലിച്ചു വശമാക്കുകയായ

ന്നതേ വേണ്ടൂ. പ്രകാശം എല്ലാപേർക്കും കൂടിയുള്ളതാണെന്നും, അതു് ഉപയോഗിച്ചു ചെയ്യുന്ന കർമ്മമനുസരിച്ചാണു സ്തുതിയും നിന്ദയും ഉണ്ടാകുന്നതെന്നുംകൂടി, അത്ഭുതപ്പെട്ടുകൊണ്ടുള്ള ചോദ്യത്തിനു സ്വാമിജി കൊടുത്ത ഉത്തരത്തിൽ സൂചിപ്പിച്ചിരിക്കുന്നു.

ഈ ഗുരുദേവനാണു് ശ്രീമതി ചിന്നമ്മയുടെ ഗുരുവായ തീർത്ഥപാദപരമഹംസരുടെ ആദ്ധ്യാത്മികഗുരു. ആദ്ധ്യാത്മികകാര്യങ്ങളിൽ മാത്രമല്ല, സാമുദായികമായിട്ടും ചിന്നമ്മയ്ക്കു പ്രബുദ്ധത ഉണ്ടാകുന്നതായിരുന്നു എന്നു കാണാം. ശ്രീ: തീർത്ഥപാദസ്വാമികളുമായുള്ള അവരുടെ ശിഷ്യപരിചയം. ഒരിക്കൽ തീർത്ഥപാദർ ശിഷ്യയോടു ചോദിച്ചു: "സ്ത്രീകളെ ആശ്വസിപ്പിക്കുന്ന എന്തെങ്കിലും സ്ഥാവരമായി ചെയ്യുവാൻ ദേവി സന്നദ്ധയാണോ? അതിനു പ്രാപ്തയാണെന്നു് എനിക്കറിയാം" എന്ന പ്രശ്നത്തിന്റെ അവസാനംതന്നെ സമാധാനവും അനുബന്ധിതമായിരിക്കുന്നു; എങ്കിലും, "അതേ; എന്തെങ്കിലും സേവനം വേദനപ്പെടുന്ന സഹോദരങ്ങൾക്കുവേണ്ടി ചെയ്യുവാൻ ഞാൻ അവസരം നോക്കിയിരിക്കയാണു്" എന്നിപ്രകാരം ചിന്നമ്മ മറുപടി പറഞ്ഞു. തീർത്ഥപാദർ: "സ്ത്രീകൾക്കു വേണ്ടി ദേവി എന്തു ചെയ്യും? തെളിച്ചു പറയണം. നാം അതാണു ചോദിക്കുന്നതു്." "സ്ത്രീകൾക്കു വേണ്ടിത്തന്നെ എന്റെ സേവനം എന്നു് ഞാൻ ഉറപ്പിച്ചുപറയുന്നു" എന്നിങ്ങനെ ശിഷ്യ, പ്രതിജ്ഞയോടുകൂടെ ഗുരുവിനെ സമാധാനിപ്പിച്ചു. ഈ വിവരമടങ്ങിയ ഒരു കത്തിന്റെ പുറത്തു തീർത്ഥപാദർ "മഹാശപഥം" എന്നു രേഖപ്പെടുത്തിയിരിക്കുന്നു.

ഗുരുവിന്റെ നേൎക്കുള്ള ചിന്നമ്മയുടെ ഭക്തിയെ ഏറെ താഴ്ന്ന തരത്തിൽ ചിലർ വ്യാഖ്യാനിച്ചിട്ടുണ്ടു്. അപവാദവ്യവസായമാണു് അവരുടെ ഉദ്ദേശം; അല്ലെങ്കിൽ വളൎന്നുവരുന്ന ചിന്നമ്മയുടെ യശസ്സിനെ ഏതുവിധേന മലിനപ്പെടുത്താമെന്നുള്ള അസൂയാഗ്നി.

കെട്ടുകെട്ടായി വാഴൂർ തീൎത്ഥപാദാശ്രമത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള ചിന്നമ്മയുടെ കത്തുകളിൽ "എന്റെ ഗുരുനാഥൻ എന്നെ പഠിപ്പിച്ച ആദൎശങ്ങൾ ഒരു കാലത്തു ലോകത്തിനു അനുകരണീയമായി പ്രകാശിക്കണമെന്നു കരുതിയാണു" നമ്മുടെ കഥാനായിക ജീവിച്ചിട്ടുള്ളതെന്നു കാണാവുന്നതാണു്. "എന്റെ പ്രിയ പിതാവേ" എന്നു് അഭിസംബോധനം ചെയ്തുകൊണ്ടു് ഉപദേശങ്ങൾക്കു വിപരീതമായി താൻ ജീവിച്ചിട്ടുണ്ടെങ്കിൽ ഒരു പുത്രിയെന്നോണം വിചാരിച്ചു ക്ഷമിക്കുവാനഭ്യൎത്ഥിച്ചിട്ടുള്ള കത്തുകളും അക്കൂട്ടത്തിൽ കാണാവുന്നതാണു്.

ചിന്നമ്മയെ സംബന്ധിച്ച ഒരു സംഭാഷണമദ്ധ്യേ സൎവേ സൂപ്രണ്ടു ശ്രീ: എം. ആർ. പത്മനാഭപിള്ള ഇപ്രകാരം ഒരു വിശദീകരണം കൊടുക്കുകയുണ്ടായി. "നമുക്കു ചില ആളുകളോടും, ചില സാധനങ്ങളോടും തിരിച്ചെടുക്കാൻ വയ്യാത്ത വിധത്തിൽ സ്നേഹം തോന്നാറുണ്ടു്. താൻ എന്തിനു്, അയാളെ അല്ലെങ്കിൽ അതിനെ സ്നേഹിക്കുന്നു എന്നു ചോദിക്കുന്നതാണെങ്കിൽ നമുക്കു വാഗ്രൂപേണയുള്ള ഒരു ഉത്തരം പറയുവാൻ സാധ്യമല്ല. ഇതുപോലെയുള്ള ഒരു സ്നേഹമാണു ഭക്തിയായി പരിണമിച്ചു ശ്രീ: ചിന്നമ്മയ്ക്കു തീൎത്ഥപാദസ്വാമികളോടുണ്ടാ

യിരുന്നതു്. എന്തെന്നാൽ എന്നെ എന്നപോലെ എനിക്കു മഹതിയായ ശ്രീമതി ചിന്നമ്മയെ അത്രയും അടുത്തറിയാൻ കഴിഞ്ഞിട്ടുണ്ടു്."

ഈ അപവാദവ്യവസായം കൊണ്ടാവാം സ്ത്രീകൾ അധികവും പൊതുകാര്യങ്ങളിൽ ഇറങ്ങി പ്രവർത്തിക്കുവാൻ മടിക്കുന്നതെന്നു തോന്നുന്നു. എന്നാൽ, ചിന്നമ്മയെ സൃഷ്ടിച്ചിരിക്കുന്ന ലോഹം തന്റെ അചാഞ്ചല്യത്വം കൊണ്ടു പ്രത്യേകതയുള്ളതാണെന്നു സ്ഥിരീകരിച്ചിട്ടും, അപശബ്ദത്തിൽ തുടങ്ങുന്ന സർവ പദങ്ങളും കൃതജ്ഞതയിൽ ജോലി ചെയ്തുപോരുന്ന ഇപ്പറഞ്ഞ വ്യവസായക്കാർ അവരുടെ നേർക്കു് ഉപയോഗിച്ചുനോക്കാതിരുന്നിട്ടില്ല. എന്നിട്ടു്—?

"എന്റെ ഗുരുവിന്റെ നേർക്കു് എനിക്കുള്ള ഭക്ത്യാദരങ്ങൾ പരപ്രേരിതങ്ങളല്ല; എന്നല്ല നിരുദ്ദേശ്യകവുമാണു്. അതിനാലാണു് അതു പരിപൂർണ്ണമാകുമെന്നു ഞാൻ വിശ്വസിക്കുന്നതു്." എന്നു ചിന്നമ്മതന്നെ ഒരു കത്തിൽ എഴുതിയിരിക്കുന്നു.

കോട്ടയത്തെ ജീവിതം തുടങ്ങി ഇന്നു-വരെ ചിന്നമ്മയെ സന്ദർശിച്ചിട്ടുള്ള പലരുടേയും അഭിപ്രായം എല്ലാററിലും ഉപരിയായി അവരിൽ ആദ്ധ്യാത്മിക ശക്തി കളിയാടിയിരുന്നു എന്നാണു്.

മിസ്സിസ്സ് കെ. വേലുപ്പിള്ള എന്ന മഹിളയും ചിന്നമ്മയെ സന്ദർശിച്ച ആദ്യദിവസത്തെപ്പോലും "ആ മാന്യമഹതിയുടെ പ്രഥമസംഭാഷണം ഒരു ആത്മീയ ചിന്താഗതിയുടെ പ്രേരണയാണു് എന്നിൽ ഉദിപ്പിച്ചതു്" എന്നേ സ്മരിക്കുവാൻ കഴിഞ്ഞുള്ളൂ അവർ ഇങ്ങനെ എഴു

ളുന്നു. "പുസ്തകങ്ങളേയും, വർത്തമാനപ്പത്രങ്ങളേയും മററും പററിയുള്ള സംഭാഷണത്തെ തുടന്നു ശ്രീമതി ചിന്നമ്മ അവർകഠം എനിക്കു് ആദ്യമായി നൽകിയ പുസ്തകം ശ്രീരാമകൃഷ്ണദേവൻെറ മഹദ്വാക്യങ്ങളടങ്ങിയ പുസ്തകമായിരുന്നു. പിന്നീട്ടു്, കർമ്മയോഗം മുതലായ പുസ്തകങ്ങഠം വായിക്കുന്നതിനും ആ വന്ദ്യമാതാവു് എന്നെ പ്രോത്സാഹിപ്പിച്ചു. ശ്രീമതി ചിന്നമ്മ അവർകഠം ഇപ്രകാരമുള്ള ഗ്രന്ഥങ്ങളിൽ അടങ്ങിയിട്ടുള്ള ആശയങ്ങളേയും സ്ത്രീ സമുദായോന്നതിക്കാവശ്യമുള്ള പ്രയത്നങ്ങളേയും പററിയായിരുന്നു സാധാരണയായി എന്നോടു സംസാരിക്കാറുണ്ടായിരുന്നതു്. വ്യർത്ഥമായോ, തുച്ഛമായോ, ചപലമായോ ഉള്ള ഒററ വാക്കുപോലും ആ മഹതിയിൽനിന്നും പുറപ്പെട്ടിരുന്നില്ല. ഓരോ ദിവസവും ഞങ്ങഠം സംഭാഷണം കഴിഞ്ഞു പിരിയുമ്പോഠം അടുത്ത സമാഗമത്തെ സന്തോഷപൂർവം പ്രതീക്ഷിച്ചുകൊണ്ടാണു ഞാൻ യാത്ര പറയാറുണ്ടായിരുന്നതു്. ഇപ്രകാരമുള്ള ഞങ്ങളുടെ സംഭാഷണങ്ങഠക്കിടയിൽ കൊല്ലത്തു് (കോട്ടയത്തുനിന്നും കൊല്ലത്തുവന്നതിൽ പിന്നീട്ടു്) ഒരു സ്ത്രീസമാജം സ്ഥാപിക്കണമെന്നുള്ളതിനെ ആ മഹതി എന്നോടു പറഞ്ഞു."

അതായതു്, ആദ്ധ്യാത്മികജ്ഞാനത്തിനും, സമുദായസേവനത്തിനും തമ്മിൽ, വലിയ ഭാഗഭാഗിത്വമുണ്ടെന്നും, അതിനാൽ ഓരോ സമുദായാംഗത്തിനും ജ്ഞാനവിജ്ഞാനവും, ആത്മവിശുദ്ധിയും ലബ്ധമായിരിക്കേണമെന്നും ചിന്നമ്മ സ്ഫടികസ്പഷ്ടമായി ഗ്രഹിച്ചിരിക്കുന്നു. ഇതുരണ്ടും ശീലിക്കുന്നതുകൊണ്ടു ചിന്നമ്മയുടെ ഔദ്യോഗികജീവിതത്തിനോ, ഗാർഹസ്ഥ്യജീവിതത്തിനോ

ഭംഗമൊന്നും ഉണ്ടായിരുന്നില്ല. എന്നുള്ളതു പ്രത്യേകം ഓർക്കണം. സിസ്റ്റർനിവേദിത തുടങ്ങിയുള്ള യശസ്വിനികളെ ചിന്നമ്മ ഇവിടെയാണു ജയിക്കുന്നതു്. അവർ പിൽക്കാലത്തു നടത്തിവന്ന മഹിളാമന്ദിരമെന്ന മാസികയിൽ ആദ്ധ്യാത്മിക കാര്യങ്ങളെക്കൊണ്ടു സാമുദായിക പ്രബുദ്ധത സംജാതമാകാമെന്നു തെളിയിച്ചിട്ടുണ്ടു. അതിനുവേണ്ടി മികച്ചതത്വജ്ഞാനികളുടെ ലിഖിതങ്ങളായ ചിന്തകൾ പരിഭാഷപ്പെടുത്തി പ്രചരിപ്പിച്ചിരുന്നു. പ്രതികാരംചെയ്യാൻ ഒരുമ്പെടുന്നവരോടു ചിന്നമ്മ മഹദുക്തിയെ ഭാഷപ്പെടുത്തി എടുത്തുപറഞ്ഞു കൊടുക്കുന്നതു നോക്കുക:

"ദ്വേഷിക്കുന്നതിനു പകരം സ്നേഹിക്കുന്നതിനാൽ ആ ദ്വേഷത്തിനു നിങ്ങളുടെമേൽ യാതൊരു ശക്തിയും പ്രയോഗിക്കാൻ കഴിയാതാകുന്നു."

"എനിക്കു് ഒരു അന്യൻ ശത്രുവായിത്തീരത്തക്കവണ്ണം ഞാൻ യാതൊരു കാരണവും ഉണ്ടാക്കാതെയിരുന്നിട്ടും, എന്നെ അവൻ ദ്വേഷിക്കുന്നതിന്റെ ഹേതു എന്താണെന്നു് എനിക്കു് അറിഞ്ഞുകൂടാ" എന്നു ആശങ്കയുള്ളവരോടു്.

"നിങ്ങളുടെ മനസ്സിലും ഹൃദയത്തിലും ആ മാതിരി" ശത്രുഭാവത്തിന്റെ അണുപോലും ഇല്ലാതിരിക്കട്ടെ എന്നാണു നമ്മുടെ കഥാനായിക മനസ്സിലാക്കിക്കുന്നതു്. സേവനത്തിന്റെ വില അവർ ചൂണ്ടിക്കാണിക്കുന്നു. "അന്യോന്യം ആശ്വസിപ്പിക്കുക. എന്തെന്നാൽ മാർഗ്ഗം, പലപ്പോഴും ദുർഗ്ഗമവും, പാദങ്ങൾ വിവശങ്ങളും, ഹൃദയം ദുഃഖസമ്പൂർണ്ണവുമായിരിക്കുന്നു."

പരസ്പരം സ്നേഹിക്കാൻ ചിന്നമ്മ ഉപദേശിച്ചിട്ട്
"സ്നേഹിക്കാതിരിക്കുന്നതു് ജീവിക്കാതിരിക്കുന്നതിനു (മരി
ക്കുന്നതിനു്) തുല്യമാണു്." ഈ മഹാതത്വങ്ങളെ എന്തി
നാണു് ഉത്സവകാലത്തു് കലവറപ്പുരകളിൽ സൂക്ഷിച്ചിരി
ക്കുന്ന ഉരുപ്പടികൾ തേടിപ്പെറുക്കിയെടുത്തു്, ഉത്സവം
മോടിയാക്കാൻ കൊണ്ടുവരുന്നതുപോലെ ചിന്നമ്മ
ആവിഷ്കരിക്കുന്നതെന്നു ചോദിക്കയാണെങ്കിൽ, അതെ,
മാനവജീവിതോത്സവം കൊഴുപ്പിപ്പെടുത്തുവാൻതന്നെയെന്നു
കാര്യജ്ഞാനമുള്ളവർക്കു വേദ്യമാണു്. അതിനു് ചിന്നമ്മ
പറയുന്ന സമാധാനം ഇതാണു്: "നമ്മുടെ സാമുദായിക
നിലയെ ശരിപ്പെടുത്തുന്നതിനു നിദാനമായിരിക്കുന്നതും
ഈ തത്വങ്ങൾ തന്നെ."

സേവനത്തെപ്പററി ചിന്നമ്മ പറയുന്നു: "മററുള്ള
വർക്കുവേണ്ടി നമുക്കു ചെയ്യാവുന്ന വലിയ സേവനം
സ്വസഹായത്തിനു് അവരെ പ്രാപ്തരാക്കുകയാണു"
ഇതാണു് ഈ വിഷയത്തിൽ നമ്മുടെ കഥാനായികയുടെ
മുദ്രാവാക്യം. 'മനുഷ്യജീവിതത്തിന്റെ പരമതത്വം'
'ജീവിത പരിപൂർണ്ണത,' 'പ്രപഞ്ചതത്വം,' 'പ്രാർത്ഥനയുടെ
ആവശ്യകത' എന്നീ അതിഗഹനങ്ങളായ ലേഖനങ്ങൾ
(തർജ്ജിമ) വഴി ചിന്നമ്മ വിതറിയ വിജ്ഞാനബീജ
കണങ്ങൾ ഓരോ തലമുറയിലും സമുദായസേവനത്തിനു്
ആഹ്വാനം കൊടുത്തുകൊണ്ടിരിക്കുന്ന ഉത്തേജക ഗീതക
ങ്ങൾ തന്നെയല്ലേ? സാധാരണക്കാർക്കുവേണ്ടിയാണു
ചിന്നമ്മയുടെ യത്നം: അവരെക്കൊണ്ടു് ഒരു പുതിയ
സമുദായവീഥിയുടെ വിത്തു പാകിക്കുവാൻ: അവരെ
ക്കൊണ്ടു് സമുദായാഭിവൃദ്ധിക്കു് ഉപകരിക്കത്തക്കവണ്ണം

സമുദായ കാര്യങ്ങൾ ആസൂത്രണം ചെയ്യാൻ. അതാണ്, ഈ അധ്വാനങ്ങളുടെയെല്ലാം അകത്ത് ഒളിഞ്ഞുകിടക്കുന്ന മഹാരഹസ്യം. എന്നാൽ ചിന്നമ്മയെ ഒരു സമുദായ സേവകയെന്ന നിലയിലല്ലാതെ, ഒരു സമുദായ പരിഷ്കാരിണിയെന്ന നിലയിൽ കണ്ടിട്ടില്ല.

കുട്ടികളുടെ ഇടയിലും സദാചാരബോധം വളർത്തുന്നതിന്ന ചിന്നമ്മ അധികം ശ്രമിച്ചിട്ടുണ്ട്. ലഘുവായ കഥകൾ, ഈ വിഷയത്തിൽ അനവധി എഴുതിയിട്ടുണ്ട്. അതിൽ, ഔസ്തിൻകുട്ടിയുടേയും തള്ളയുടേയും കഥ മുതൽ കാണാം. സദാചാരം പ്രായോഗികമാക്കുന്നതിന്ന പ്രബുദ്ധത കൂടിയേ തീരൂ എന്നുള്ളതു സർവ്വസമ്മതമായ കാര്യമാണല്ലോ. സദാചാരത്തിൻെറ പ്രായോഗികാംശം സ്വഭാവസംസ്കരണമാണ്. സദാചാരം സഭാമണ്ഡപത്തിലെ സ്വർണ്ണസിംഹാസനമെന്നപോലെ ആകർഷണീയമത്രെ.

ഇതിനകം സാമുദായികമായി കോട്ടയത്തെ സ്ത്രീജനങ്ങളിൽ എന്തു മാററമാണ ചിന്നമ്മ വരുത്തിയിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലോ "മഹാജനസദസ്സുകളിൽ സ്ത്രീകൾ പങ്കെടുക്കണം" എന്ന് അവർ ഉൽബോധിപ്പിച്ചുകൊണ്ടേ ഇരുന്നു. കാപ്പുറത്തെ നായർ സമ്മേളനം തുടങ്ങി അങ്ങനെയുള്ള സദസ്സുകളിൽ സ്ത്രീകൾ ഭാഗഭാക്കുകളായാൽ അപമാനിതരാകയില്ലായെന്ന് അബലകളെ ബോധ്യപ്പെടുത്തുവാൻ അല്പംകൊണ്ടു ബലിഷ്ഠനായ ചിന്നമ്മയ്ക്കു കഴിഞ്ഞിട്ടുണ്ട്. അവരുടെ ലേഖനങ്ങളും, പ്രസംഗങ്ങളും, അഭിമുഖ സംഭാഷണങ്ങളും എന്നല്ല ദൈനംദിന ജീവിതംകൂടി അബലയെന്ന കരു

തിരപ്പോന്നിരുന്ന സ്ത്രീലോകത്തിന്ന ബലവും, ഓജസ്സും നൽകിക്കൊണ്ടിരിക്കുന്നു.

നായർ സമുദായത്തിന്റെ ഘടനയ്ക്കുവേണ്ടി അക്ഷീണം യത്നിച്ചിട്ടുള്ള ശ്രീ: സി. കൃഷ്ണപിള്ളയുമായി കല്പാണ്ടുറച്ചു പരിചയപ്പെട്ടുവാനും, പിന്നീട് ആ വിജ്ഞാനവൃദ്ധന്റെ അനുഭവങ്ങളിൽനിന്നും പലതും പഠിക്കുവാനും, നമ്മുടെ കഥാനായികയ്ക്ക് ഇതിനകം കഴിഞ്ഞിട്ടുണ്ട്. സി. കൃഷ്ണപിള്ളയുടെ സമുദായകാര്യത്തോടടുപ്പുറ്റി ശ്രീ: എൻ. കെ. കൃഷ്ണപിള്ള സൂക്ഷിച്ചിട്ടുള്ള റിക്കാർഡുകൾ മറ്റവായി അദ്ദേഹം കാണിച്ചുതന്നപ്പോഴാണ് പോലുമാത്രമേ ഈ ഗ്രന്ഥകാരന്. കേൾക്കാൻ കഴിഞ്ഞിട്ടുണ്ടായിരുന്ന സി. കൃഷ്ണപിള്ള അവർകളുടെ സംഘടനാശ്രമത്തിൽ എത്രയോ ആത്മഭാവോട്ടുകൂടിയ ബഹുമാനം തോന്നിത്തുടങ്ങിയത്. ഏതിനും, സാമുദായവനത്തിന്ന ചരിത്രമെഴുതാക്കുവാൻ പോകുന്ന നമ്മുടെ കഥാനായികയ്ക്കു സി. കൃഷ്ണപിള്ളയുമായുള്ള പരിചയവും പ്രബുദ്ധതയ്ക്കു വിഷയമായിട്ടുണ്ട്. എന്നാൽ ഇനി പറവാൻപോകുന്ന സംഭവമാണ് കഥാനായികയിൽ, പ്രബുദ്ധതയ്ക്കു മകുടം ചാർത്തിയിട്ടുള്ള സംഭവങ്ങളിൽ പ്രധാനപ്പെട്ടതു.

ഇൻസ്പെക്ടെസ്സുനാനിലയ്ക്കു കഥാനായികയ്ക്കു കന്യകാമഠങ്ങളിലെയും വിദ്യാലയങ്ങൾ പരിശോധിക്കുവാൻ പോകേണ്ടതായിട്ടുണ്ട്. അമ്മാതിരി വിദ്യാലയങ്ങളിൽ പോകുമ്പോൾ ഹിന്ദുമതത്തിൽനിന്നും പരിവർത്തനം ചെയ്തു നവമായി വന്നുചേർന്നിട്ടുള്ള ബാലികമാരുടെ സ്ഥിതികൾ പഠിക്കുവാൻ ചിന്നമ്മ ശ്രദ്ധിച്ചു

രോപാന്നിരുന്നു. കൂടാതെ, അവിടങ്ങളിലെ അദ്ധ്യയന ക്രമം (മതവിദ്യാഭ്യാസം ഉൾപ്പെടെ) തൊഴിൽപരിശീലനം, ബാലികമാരുടെ ജീവിതക്രമം എന്നിവയിൽ കഥാനായികയുടെ ദൃഷ്ടി, പ്രത്യേകം ഇതരർ അറിയാതെ പതിഞ്ഞിരുന്നു.

സത്യമായും ചിന്നമ്മ ശ്രദ്ധിച്ചു മതംമാറിയിട്ടുള്ള ഹൈന്ദവ ബാലികമാർ സ്വാതന്ത്ര്യശക്തി എന്ന ഒന്നു് അവർക്കില്ലാതെ പോയതുകൊണ്ടു മാത്രമാണു് ജീവസന്ധാരണത്തിനുവേണ്ടി (പ്രാണനാണല്ലോ മനുഷ്യൻ ഉണ്ടാക്കിവച്ചിട്ടുള്ള നീതിനിയമങ്ങളെക്കാളും വലുതു്) ഇതരമതം ആശ്ലേഷിക്കുക എന്ന കൃത്യത്തിനു വഴിപ്പെട്ടിട്ടുള്ളതെന്നു് അവർ പറഞ്ഞു. സ്വാതന്ത്ര്യവും, അടിമത്തവും ജീവിതത്തിൽ വന്നുചേരുന്നതു് എങ്ങനെയെന്നു് ആലോചിക്കുക.

ശുഭ്രവസ്ത്രങ്ങളും ചന്ദനക്കുറിയും ധരിച്ചു പരിശോധനയ്ക്കു ചെന്നിരിക്കുന്ന ഇൻസ്പെക്ട്രസ്സമ്മയെ കാണുമ്പോൾ ഹൈന്ദവപാരമ്പര്യത്തിൽ ജന്മമെടുത്തു വയററിനുവേണ്ടി മതംമാറിയിരിക്കുന്ന ബാലികമാരുടെ മുഖങ്ങളിൽ, അന്താങ്ങൾക്കു അനുഭവിക്കേണ്ടിവന്നിട്ടുള്ള പാരതന്ത്ര്യത്തെ ഓർത്തു് ഉദിക്കുന്ന മ്ലാനതയും, മിഴികളുടെ ശക്തിക്കുറവും, ശോകസങ്കലിതമായ മുഖഭാവവും ഇൻസ്പെക്ട്രസ്സമ്മ സൂക്ഷിച്ചുപോന്നു. ഇതെല്ലാം മനസ്സിലാക്കിട്ടു ഒരു കന്യകാമഠത്തിൽ(വരാപ്പുഴ)നിന്നും വെളിയിലിറങ്ങുമ്പോൾ അന്നുതന്നെ അനുഗമിച്ചിരുന്ന ബന്ധുവായ ശ്രീ: രാമൻപിള്ളയോടു് (ആയുർവേദഡിപ്പാർട്ടുമെൻറു് അദ്ധ്യക്ഷനായിരുന്ന ശ്രീ: നീലകണ്ഠപിള്ള

യുടെ സഹോദരൻ) താഴെ പറയുംപ്രകാരം പറകയുണ്ടായി. "ഹിന്ദുസമുദായത്തിലെ അനാഥരെ സംരക്ഷിക്കുന്നതിൽ ആൎക്കാണു ചുമതലയുള്ളതു്? മതംമാററത്തെ കാത്തു് ഞെട്ടിയും, ജീവത്രാണനത്തിനു വഴിയില്ലാതെ കേണും ദാരുണമായ അവസ്ഥയിൽ മതംമാററത്തിനു വഴങ്ങിയിട്ടുള്ള ബാലികമാരുടെ സ്ഥിതി ഹൃദയഭേദകമായിരിക്കുന്നു ഇതിനെപ്പററി ആൎക്കെങ്കിലും ചിന്തയുണ്ടോ? ഉണ്ണാനും ഉടുക്കാനുമുള്ളവർ, ആരാണു് സമുദായത്തിന്റെ സുഭിക്ഷത അന്വേഷിച്ചിറങ്ങുക! 'മനമങ്ങും മിഴിയിങ്ങും' എന്ന കണക്കിനുള്ള ഈ പരിവൎത്തനങ്ങളെല്ലാം വേദനയും, നിസ്സഹായതയും ഉദാഹരണങ്ങളാണു്. ഭാവിലോകം മതം, വ്യക്തിവിഷയമാക്കിക്കൊണ്ടു് ആചാരങ്ങൾക്കപ്പുറത്ത ഉണ്ണാനും ഉടുക്കാനുമുള്ള ഒരു മനുഷ്യസമുദായത്തിനു് [illegible]ക്കാതിരിക്കയില്ല. അന്നല്ലാതെ ഈ ദുരിതം നിശ്ശേഷം തീരുകയുമില്ല. എങ്കിലും, സ്വഭാവമോ അഭിപ്രായമോ ഉറയ്ക്കാത്ത ഈ ഹിന്ദുശലഭങ്ങളുടെ വയററിനുവേണ്ടിയുള്ള മതംമാററത്തെ തടയുവാൻ നാം ഒരു അനാഥാലയമുണ്ടാക്കി ഒരു സേവനതാല്പൎയ്യത്തെ പരത്തുകയെങ്കിലും ചെയ്യാതിരിക്കയാണെങ്കിൽ മനുഷ്യർ ഈ കാലങ്ങളിൽ ജീവിച്ചിരുന്നതായി ഭാവിലോകത്തു് ആരും ഗണിക്കുകയേ ഇല്ല. ഞാൻ പറഞ്ഞ രീതിയിലുള്ള ഒരു ആലയം എന്റെ മുൻപിൽ ഇന്നു ഉണ്ടായിരുന്നു എങ്കിൽ എനിക്കു് ഒരു അക്രമത്തോടു് എളുപ്പത്തിൽ പൊരുതാൻ കഴിഞ്ഞേനെ. ഒരു സമുദായപരിവൎത്തനം ഉണ്ടാകണമെന്നല്ല, അതിനിപ്പോൾ പിന്തുണ കിട്ടുകയില്ല, ഒരു

എളിയ സേവകനെന്ന നിലയിൽ, സമുദായത്തെ ഒന്നു സഹായിക്കാമെന്നുമാത്രം."

"മതം വാക്കുകളിൽ അല്ലാ" എന്നു സർവമതാചാര്യന്മാരും സമ്മതിച്ചിട്ടുണ്ടു്. ഈശ്വരനെ സാക്ഷാൽക്കരിക്കുകയാണു മതത്തിലൂടെ മനുഷ്യനു സാധിക്കേണ്ടതു്. ഏതെങ്കിലും ഒരു മതത്തെ ആസ്പദമാക്കി അനുഭൂതി ഉണ്ടായിട്ടുള്ള ഒരാൾ ആ മതത്തെ, വസ്ത്രം മാററുംപോലെ തള്ളിക്കളഞ്ഞിട്ടു്, വേറൊന്നിനെ സ്വീകരിപ്പാൻ കൂടി ഒരുമ്പെടുക ഉണ്ടാകുകയില്ല. കാരണം, അയാൾക്കു ത്യജിക്കാനും കൈക്കൊള്ളാനും ഒന്നുമില്ലാത്തതുകൊണ്ടുതന്നെ. സത്യം, ദേശം മാറിയാലും, ആചാരം മാറിയാലും, കെട്ടു മാറിയാലും, മട്ടു മാറിയാലും, വർണ്ണം മാറിയാലും ഒന്നു തന്നെയല്ലേ? അതിനാൽ, സത്യത്തിനെ ഉൾക്കൊള്ളുന്ന മതത്തെ മാററാൻ ഒരുങ്ങുകയില്ലല്ലോ. ഇതു പരീക്ഷിച്ചു നോക്കിയ ശ്രീരാമകൃഷ്ണപരമഹംസന്റെ അനുഭവം ഈ അവിഭക്തതത്വത്തെ ബലിഷ്ഠമാക്കിയിരിക്കുന്നു. വിശപ്പു ജീവികൾക്കെല്ലാം ഉണ്ടെന്നുള്ളതുപോലെ മതങ്ങളിലെല്ലാം സത്യവും ഉണ്ടു്. എല്ലാററിന്റേയും ലക്ഷ്യമോ ഒന്നു്. എല്ലാററിന്റേയും തത്വമോ ഒന്നു്.*

പിന്നെ, മതം മാററത്തിനു മനുഷ്യരെ തക്കംനോക്കി പ്രേരിപ്പിക്കുന്നവർ ചെയ്യുന്നതു്, അവരുടെ സംഖ്യ വർദ്ധിപ്പിക്കുവാനും അങ്ങനെ രാഷ്ട്രീയമായും സാമുദായികമായുമുള്ള കാര്യങ്ങളിൽ തീററതൊട്ടിക്കു പുറവും കൂടി

---

* "അഹം ബ്രഹ്മാസ്മി"—(ഹിന്ദുമതം)
"I and my father are one"—(ക്രിസ്തുമതം)
"ഹനൽഹക്ക"—(മഹമ്മദുമതം)

യിരിക്കുന്ന പന്നിക്കൂട്ടങ്ങൾപോലെ ആത്തിൻപാട്ടുകൂടി അവകാശം പറഞ്ഞു സിംഹഭാഗം മിഴുങ്ങുവാനും മല്ലടിക്കുവാനും അന്തഃഛിദ്രവും അടിമത്തവും വച്ചുപുലർത്തുവാനും വ്യക്തിവിദ്വേഷകവും ആത്മബോധമാത്രവുമായ മതത്തെ ഒരു പൊതുവിഷയമാക്കി, കീഴ്പ്പെട്ടതിനിട്ടുള്ളവരുടെ മേൽ തങ്ങൾക്കു ഉണ്ടെന്നു പറഞ്ഞുപോരുന്ന ആത്മീയാവകാശത്തിൽ ചിലർക്കു സസുഖം വാഴുവാനുമുള്ള വഞ്ചനയായിട്ടുമാണ് മതം മാററത്തിനു വേണ്ടിയുള്ള സർവമതന്റെ പ്രസംഗങ്ങളും ഇന്നുവരെ ഫലിച്ചു കണ്ടിട്ടുള്ളതു്.

മതംമാററി ഭക്ഷണക്ലേശമില്ലാത്ത ഒരുവനു വേണമെങ്കിൽ പറഞ്ഞുകൊടുക്കുക. ലോകനന്മയ്ക്കുള്ള തത്വങ്ങൾ പ്രചരിപ്പിക്കുക. നിങ്ങളുടെ പെരുമാററം അന്യനെ ആകർഷിച്ചുവെന്നാൽ വിദ്വജ്ജനങ്ങൾ നിങ്ങളെ സ്വയം ആദരിക്കും. ക്രിസ്തു ശിഷ്യൻ ആചരിക്കുന്നപോലെ ശത്രു് ഇതരനും പിൻതുടർന്നുകൊള്ളും. അല്ലാതെ ആംഗലസാഹിത്യത്തിലെ മഹാകവി മിൽട്ടൻ പാടും പോലെ സ്വാർത്ഥത്തിനായി ഏതു കാപട്യവും ചെയ്യുന്ന പുരോഹിതതലവന്മാരുടെ കൂട്ടുകെട്ടിൽനിന്നും ആത്മീയമായി യാതൊരു ഉയർച്ചയും ഈ മർദ്ദിതലക്ഷങ്ങൾക്കു കിട്ടുകയില്ല. *

---

"Enow of Such as for their bellies' Sake
Creep and intrude, and climb into the fold!
Of other care they little reckoning make,
Than how to scramble at the shearer's feast."

*(Lycidas)*

ഒരിക്കൽ മതവിശ്വാസം ജനിക്കാൻ പ്രായമാകാത്ത ഗൗരിയമ്മ എന്നു പേരായ ഒരു ഹിന്ദുബാലികയെ, കൈക്കലാക്കി സൂക്ഷിച്ചിരുന്ന മിഷണറിമാരിൽനിന്നും ആ കുട്ടിയുടെ പിതാക്കന്മാരെക്കൊണ്ടു് (ചിന്നമ്മയുടെ സഹായത്തിൽ) സധൈര്യം എതിരിട്ടുവിപ്പിച്ചു നിവൃത്തി വീണ്ടുകൊണ്ടുവന്ന കഥ പ്രസിദ്ധമാണു്. കോട്ടയത്തെ ക്രിസ്ത്യാനികൾക്കു അന്നു ഈ മതംമാററക്കാര്യത്തിൽ ചിന്നമ്മയുടെ ഇടപെടൽ ശ്ലാഘ്യമായി തോന്നിയിരുന്നു. ക്രിസ്ത്യാനിയായാലും മുസൽമാനായാലും, ഹിന്ദുവെന്നല്ല മററു ഏതു മതസ്ഥനായാലും ശരി, അവന്റെ മതത്തെ അവൻ ശരിയായി പഠിച്ചു് അതിലൂടെ സത്യാന്വേഷണം അവന് ക്രൂരതരമാകുന്ന സ്വാത്മനാ ബോധ്യപ്പെട്ടും മുമ്പെ ചെയ്യുന്ന സർവ്വ മതംമാററങ്ങൾക്കും സാധുത്വം കല്പിക്കാത്ത ചിന്നമ്മയ്ക്കു പ്രായമാകാത്ത ഒരു പെൺകുട്ടിയെ ബലാൽ പിടിച്ചു മതം മാററുന്ന മര്യാദയെ ഒരിക്കലും നിഷേധിക്കാതിരിപ്പാൻ കഴിയുന്നതല്ലല്ലോ. മിഷണറിമാരിൽനിന്നും വീണ്ടുകൊണ്ടുവന്ന ഗൗരിയമ്മ, അവരുടെ കൈയിൽ പോയിക്കൂടിയതിനു പശ്ചാത്താപപ്രകടനം നടത്തിയതായിരുന്നു ഭ്രംശത്തിന്റെ പരിഹാരം.

ഇക്കാലങ്ങളിൽ വിജ്ഞാനികളുടെ ചിന്താസമുച്ചയങ്ങളായ മഹാഗ്രന്ഥങ്ങൾ വായിക്കുന്നതിനു് ചിന്നമ്മ അത്യുത്സുകയായിരുന്നു. പിന്നീടു്, അതിഗഹനമായ ഈശ്വരസത്തയെ നിരൂപണം ചെയ്യുന്നു: “In Tune with the Infinitc” എന്ന മഹാഗ്രന്ഥം പരിഭാഷപ്പെടു

ത്തുന്നതിനും ഇക്കാലത്തെ ചിന്നമ്മയുടെ ഔൽസുക്യം കാരണമായിട്ടുണ്ടു്. ഇതിന് ആസ്പദമായ ഒരു ചരിത്രമുണ്ടു്.

ഗംഭീരാശയനായ സാഹിത്യകുശലൻ സി. വി. രാമൻപിള്ളയാണു മുകളിൽ പറഞ്ഞ ഗ്രന്ഥത്തിന്റെ മാഹാത്മ്യം മനസ്സിലാക്കി അന്യ ഭാഷയിലേയ്ക്കു തർജ്ജിമ ചെയ്യേണ്ടതാണെന്നു് ആദ്യമായി അഭിപ്രായപ്പെട്ടതു്: അദ്ദേഹം വായിച്ച പ്രസ്തുത പുസ്തകം ഭാഷപ്പെടുത്തേണ്ടതാണെന്നു പറഞ്ഞുകൊണ്ടു പ്രത്യേകം സൂക്ഷിക്കുകയും ചെയ്തിരുന്നു. ഈ വിവരം പിതാവിൽ(സി.വി.)നിന്നും ഗ്രഹിച്ചിരുന്ന ശ്രീ: ശേഖരപിള്ള പ്രാഗൽഭ്യമുള്ള ഒരാളെ നോക്കിയിരിക്കയായിരുന്നു. അങ്ങനെയിരിക്കുമ്പോഴാണു ചിന്നമ്മയുടെ പ്രബുദ്ധതയെപ്പററി ശ്രീ: ശേഖരപിള്ള കേൾക്കുന്നതു്. പിതാവു വിവർത്തനത്തിനു തിരഞ്ഞെടുത്തിരുന്ന പുസ്തകത്തെ ശേഖരപിള്ള ആശയം ധരിപ്പിച്ചു ചിന്നമ്മയെ ഏൽപ്പിച്ചു അവർ പ്രതിപത്തിയോടുകൂടി അതു വായിച്ചു: അനേകം തവണ വായിച്ചു: "ഞാൻ വായിച്ചിട്ടുള്ളതിൽ നല്ല ഒരു പുസ്തകം" എന്നു് അഭിപ്രായപ്പെട്ടു. ജ്ഞാനേന്ദ്രിയങ്ങളുടെ അഗാധതയെ സ്പർശിക്കുന്ന പല ബോധവീചികളും നമ്മുടെ കഥാനായികയിൽ ഉയർന്നു അനന്തരം. കുറെ നാളത്തെ അവധിയെടുത്തുകൊണ്ടു് ആ ഗ്രന്ഥം മുഴുവനും ചിന്നമ്മ തർജ്ജിമ ചെയ്തുതീർത്തു. എന്നിട്ടും ഇന്നും ആ പുസ്തകരൂപേണ സൂര്യപ്രകാശത്തിൽ വന്നിട്ടില്ല. അതിനു് ഉത്തരവാദി ശ്രീ: കുമാരപിള്ളയാണെന്നു സംഭാഷണമദ്ധ്യേ ഒരു കൈയെഴുത്തു പ്രതി കണ്ടപ്പോൾ ഗ്രന്ഥകാരൻ അദ്ദേഹത്തോടു

പറഞ്ഞതായി ഓർക്കുന്നു. ചിന്നമ്മ ഭാഷപ്പെടുത്തിയ ആ പുസ്തകം ഇരുപതു വിദേശഭാഷകളിലേയ്ക്കു തർജ്ജിമ ചെയ്തുകഴിഞ്ഞിട്ടുള്ളതാണു്.

പ്രബുദ്ധമായ ചിന്നമ്മയുടെ അന്തഃകരണം സജീവപ്രേമം കൂടുതൽ വളർത്തിക്കൊണ്ടിരുന്നതിനുള്ള ഒരു ദൃഷ്ടാന്തം ചുവടെ കൊടുക്കുന്നു:

ചിന്നമ്മയ്ക്കു, കോട്ടയത്തെ ജീവിതത്തിൽ മത്സ്യമാംസാഹാരാദികളോട ക്രമാതീതമായ അനുരാഗം ഉണ്ടായിരുന്നു. ഒരിക്കൽ അവർ [illegible] വള്ളത്തിൽ സഞ്ചരിക്കുമ്പോൾ പുഞ്ചകൃഷിക്കു വെള്ളം വറ്റിക്കുന്നിടത്തുനിന്നു മീൻ പൊങ്ങി പിടയ്ക്കുന്നതുകണ്ടിട്ട വിലകൊടുത്തു മേടിച്ചു് ഉടനെ വഞ്ചിയിൽ വച്ചുതന്നെ പാകപ്പെടുത്തുവാൻ കൂടെ ഉണ്ടായിരുന്ന വയ്പുകാരനോട് ആവശ്യപ്പെട്ടതായി ശ്രീ. തങ്കപ്പപ്പിള്ള പറയുന്നു. ഇതേ സംഭവത്തെ പിന്നീടൊരിക്കൽ ചിന്നമ്മ പേട്ട ഗേൾസ്സ്കൂളിലെ ഹെഡ്മിസ്ട്രസ്സായിരിക്കുമ്പോൾ വിദ്യാർത്ഥിനികളോട് ഒരു പ്രസംഗമധ്യേ പ്രസ്താവിച്ചിട്ടുണ്ട്. തന്റെ പൂജയ്ക്കായി അലംഭാവം ജനിക്കാത്തവണ്ണം കാണുന്നിടത്തു നിന്നും പൂക്കൾ വാങ്ങിയിട്ട ചിന്നമ്മ പറയുമായിരുന്നു. "ഞാൻ ഇതുപോലെ ഒരു കാലത്തു മീൻ വാങ്ങിയിരുന്നു ഇന്നു പൂക്കൾ വാങ്ങുന്നു" അത്രേയുള്ളൂ. മീനിന്റെ സ്ഥാനത്തെ ചിന്നമ്മയുടെ തൃഷ്ണ പൂക്കളോടായി മാറിയതു ജ്ഞാനത്തിന്റെ വർദ്ധനവുകൊണ്ടുതന്നെ എങ്കിലും ശ്രീ: തീർത്ഥപാദരുടെ ആഗമനത്തിനു ശേഷമാണു് എന്നും കൂടി പറവാനുണ്ട്. ആദ്യത്തേതു നാവിന്റെ രുചിക്കു്; രണ്ടാ

മഠത്തു് ആത്മാവിന്റെ രുചിക്കു്; അതാണു് അവയും തമ്മിലുള്ള വ്യത്യാസം.

പിന്നീടൊരവസരത്തിൽ മന്ദിരവാസിനിയായിരുന്ന ഗൗരി അമ്മയോടു കൂട്ടുകാരികളായ ചില ബാലികമാരെപ്പററി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ചിന്നമ്മ പറഞ്ഞു: "അന്നു ഞാൻ സ്വാമിജിയുടെ ഉപദേശം വാങ്ങിട്ടില്ല." ആദ്യമായി സ്വാമിജിയെ കൂട്ടിക്കൊണ്ടു് ഒന്നുരണ്ടു സന്ന്യാസികൾ എന്റെ വസതിയിൽ വന്നു. ആ ദിവസം ഞാൻ മത്സ്യം പലതരത്തിൽ പാകപ്പെടുത്തുകയായിരുന്നു. എന്റെ ഭവനത്തിൽനിന്നും എന്തെങ്കിലും ആഹാരം സ്വാമിജി കഴിക്കേണമെന്നു് എനിക്കുവേണ്ടി ഒരാൾ അദ്ദേഹത്തെ അറിയിച്ചു. "നാം ശ്മശാനങ്ങളിൽ നിന്നും ഒന്നും കഴിക്കുക പതിവില്ല" എന്നു വീട്ടിലെ ചര്യ എങ്ങനെയോ മനസ്സിലാക്കിയ സ്വാമിജി നിഷേധിക്കുന്നതു കേട്ടുകൊണ്ടു നിന്നിരുന്ന എന്റെ തൊലി മുഴുവൻ പൊളിയുന്നതുപോലെ എനിക്കു തോന്നി. പിന്നെ സമയം ഒട്ടും ദീർഘിപ്പിച്ചില്ല എന്റെ വീട്ടിൽ വളർത്തിയിരുന്ന കോഴികളെയെല്ലാം പിടിച്ചു് ആവശ്യപ്പെട്ട അയൽപക്കക്കാർക്കു കൊടുക്കുവാൻ. ആ ദിവസംതന്നെ ഞാൻ മീൻ കൂട്ടുന്നതും നിറുത്തി. പിന്നെ എന്നെപ്പോലെ മാംസാഹാരത്തെ വെറുക്കുന്നതായി ആരെയും കാണുകില്ലായെന്നു് എനിക്കുതോന്നി. സ്വാമിജിയുടെ സൂചനയെ ഉടൻ ഗ്രഹിക്കാനും സ്വമേധയാ അന്നുവരെയുള്ള ശീലത്തെ, അന്നുതുടങ്ങി അഹിതമായിക്കരുതി വെറുക്കാനും എനിക്കുണ്ടായിരുന്ന പ്രേരണയിൽ എനിക്കു സിദ്ധിച്ചിരുന്ന പാകതയും ഉൾപ്പെടുത്താം. എന്തെ

നാൽ ഇഷ്ടത്തിൽനിന്നു് ഇഷ്ടതരത്തിലായിപ്പോയല്ലോ എന്നു സഹജമായി തോന്നാവുന്ന ആ വല്ലായ്മ ഞാനറിഞ്ഞിട്ടില്ലാത്തതുകൊണ്ടു്. അന്നു്, എനിക്കു പ്രാണികളോടു കൂടുതൽ സ്നേഹം തോന്നിത്തുടങ്ങിയിരുന്ന ഒരു കാലവും ആയിരുന്നു. എത്രയോ കുറവുകളും എത്രയോ കുററങ്ങളും പരിഹരിച്ചിട്ടാണു ഞാൻ ഇത്രത്തോളം എത്തിച്ചേർന്നതെന്ന വസ്തുത എനിക്കു മറക്കാൻ കഴിഞ്ഞില്ലെങ്കിൽ എന്നിൽനിന്നും ഉപദേശങ്ങളല്ലാതെ അധികവും ശിക്ഷ കുററക്കാർക്കു കിട്ടുകയില്ല. എനിക്കു തെററുകൾ വന്നുകൊണ്ടു് ഒരാളെയും വെറുക്കാൻ കഴികയില്ല. ഞാൻ ഇന്നും കുറവുതീർന്ന പൂർണ്ണനല്ല. അവനവന്റെ തെററ് അവനവനെ ബോദ്ധ്യപ്പെടുത്തി സ്വയം തിരുത്താൻ തക്ക മാനസികപരിഷ്കാരം നാം ഇവർക്ക് ഉണ്ടാക്കിക്കൊടുക്കണം. പിന്നീടു് ഇവർ സ്വയം തെററു കണ്ടുപിടിച്ചു തിരുത്തിക്കൊള്ളുമെന്നു പറയേണ്ടതില്ലല്ലോ. തെററു ബോദ്ധ്യമായാൽ ഉടൻ അതിൽ പശ്ചാത്താപം വരും. പശ്ചാത്താപം ശിക്ഷകളിൽ വലുതാണു്. മാനസികമായ വളർച്ചയല്ല ശിക്ഷകൊണ്ടു് ഒരാളെയും താഴ്ത്തിക്കൂടാ."

ജ്ഞാനവർദ്ധനവുകൊണ്ടല്ലാതെ സ്ത്രീലോകത്തിനു താൻ ആശിക്കുന്നതൊന്നും സാദ്ധ്യമല്ലായെന്നു നമ്മുടെ കഥാനായിക ധരിച്ചിട്ടുണ്ടു്. അതിനുവേണ്ടി സൗകര്യം വരുമ്പോഴെല്ലാം വിജ്ഞാനസന്ദായകങ്ങളായ പ്രസംഗങ്ങൾ നമ്മുടെ നായിക സ്ത്രീലോകത്തെ ലക്ഷ്യമാക്കി ചെയ്തുകൊണ്ടിരുന്നു. അപ്രകാരമുള്ള ഒരു പ്രസംഗത്തിൽ ഗൃഹമാണു കുട്ടികൾക്കു പ്രഥമവിദ്യാലയമെന്നും അവി

ളത്തെ അദ്ധ്യാപികമാരായ മാതാവു സംസ്കാരസമ്പന്നയായിരുന്നുവെങ്കിലേ, സന്താനങ്ങളായ വിദ്യാർത്ഥികളെ പൊതുവേ ലോകഗതി രക്ഷിപ്പാൻ കഴികയുള്ളു വെന്നും ഒന്നൊന്നായി എടുത്തെടുത്തു പറഞ്ഞുകൊണ്ടു പിന്നമ്മ ഇങ്ങനെ തുടർന്നു: "ഇനി മാതാക്കൾ ശ്രദ്ധിക്കേണ്ട ഒരു സംഗതി തങ്ങളുടെ കുട്ടികളിൽ ഈശ്വരവിശ്വാസം എന്ന മഹത്തായ ഗുണത്തെ അഭ്യസിപ്പിക്കണം എന്നുള്ളതാകുന്നു. ഒരു സ്കൂളിൽ നമ്മുടെ ലൗകികമായ വിദ്യാഭ്യാസത്തിന് മാത്രമേ സൗകര്യം ലഭിക്കുന്നുള്ളൂ. തന്നിമിത്തം നമ്മുടെ ആത്മജ്ഞാനസംബന്ധമായ വിദ്യാഭ്യാസത്തിന് വഴി വേറെതന്നെ കണ്ടെത്തേണ്ടിയിരിക്കുന്നു. ഇതു ഗൃഹത്തിൽതന്നെ ആരംഭിക്കണം... ഈശ്വരവിശ്വാസം എന്ന മഹത്തായ ഗുണസമ്പാദനത്തിലാകുന്നു ഒരുവന്റെ സകല ശ്രേയസ്സും നിലനിൽക്കുന്നതു്... ഈശ്വരവിശ്വാസം തങ്ങളുടെ കുട്ടികളിൽ വേരൂന്നി സൽഫലത്തെ പുറപ്പെടുവിക്കുവാൻ പ്രാപ്തരാക്കേണ്ടതു് മാതാക്കന്മാരുടെ ചുമതലയാകുന്നു........ ഇവരുടെ അഭാവം ഒന്നുമാത്രമാകുന്നു നമ്മുടെ ഇടയിൽ ഏതു സമുദായത്തിലും നാം ഇച്ഛിക്കുന്നതുപോലെയുള്ള അഭ്യുദയം ഉണ്ടാകാതെ ഇരിക്കുവാനുള്ള മുഖ്യകാരണം......ഗൃഹമാകുന്ന വിദ്യാലയത്തിൽ നാം പഠിക്കുന്ന പാഠങ്ങൾക്കു്, മറ്റെല്ലാററിനെക്കാൾ ഒരു അസാധാരണശക്തിയുള്ളതും സാധാരണ വിദ്യാലയങ്ങളിൽനിന്നു സിദ്ധിക്കുന്ന വിദ്യാഭ്യാസം അതിനെ ആശ്രയിച്ചിരിക്കുന്നതുമാകുന്നു. പള്ളിക്കൂടത്തിൽനിന്നും ലഭിക്കുന്ന വിദ്യാഭ്യാസം മാത്രമേ സാധാരണ ജനങ്ങൾ വകവയ്ക്കാറുള്ളു. ഇതു തെററായ

ധാരണയാകുന്നു. ഗൃഹവിദ്യാഭ്യാസം ശരിയാകാത്തത മററുള്ളതിന് ഒരുമ്പെടുന്നതു്, അടിസ്ഥാനം ഉറപ്പിയ്ക്കാതെ കെട്ടപ്പെടുന്ന കോട്ടകൾ, വീടുകൾ മുതലായവപ്പോലെ ആയിത്തീരുമെന്നുള്ളതു തർക്കമററ സംഗതിയാകുന്നു." അതിനുവേണ്ടി എല്ലാ സമുദായത്തേയും, തന്റെ പരമമായ അഭിലാഷത്തെ അറിയിച്ചുകൊണ്ടു ചിന്നമ്മ ഉപസംഹരിക്കുന്നു:

"ഏതു സമുദായത്തിൽ സ്ത്രീകൾ മാനിക്കപ്പെടുന്നുവോ, ആ സമുദായം ജഗദീശ്വരനാൽ അനുഗ്രഹിക്കപ്പെടുന്നു. ഒരു ഗൃഹത്തിലേയോ, സമുദായത്തിലേയോ മാനത്തിനും അവമാനത്തിനും കാരണം സ്ത്രീകൾതന്നെയെന്നുള്ളതു പറയണമെന്നില്ലല്ലോ. വിദ്യാഭ്യാസംകൊണ്ടും സജ്ജനസംസർഗ്ഗംകൊണ്ടും മനഃപരിഷ്കാരം സിദ്ധിച്ചവരും, സുചരിതകളും, തങ്ങളുടെ കർത്തവ്യത്തെ ശരിയായി അറിയുന്നവരും ആയ സ്ത്രീജനങ്ങളാകുന്നു ഏതു സമുദായത്തിലും ഉണ്ടായിരിക്കേണ്ടതു്. അപ്രകാരം ലോകജീവിതത്തെ സമാധാനപൂർണ്ണവും, ആനന്ദകരവുമാക്കിത്തീർക്കുന്നവരും, മഹാന്മാരും മഹതികളുമായ സൽ സന്താനങ്ങളെ പ്രദാനം ചെയ്യുന്നവരും, വിദ്യാഭ്യാസത്തിന്റെ വാസ്തവമായ ഉദ്ദേശത്തെ മനസ്സിലാക്കി നിറവേററുന്നവരുമായ സ്ത്രീജനങ്ങളാൽ ഏതു സമുദായവും അലംകൃതമായി ഭവിക്കുന്നതിനു ജഗദീശ്വരൻ അനുഗ്രഹിക്കുമാറാകട്ടെ."

ഇങ്ങനെ നിരവധി പ്രസംഗങ്ങൾ സ്ത്രീവിദ്യാഭ്യാസപ്രചരണത്തിനായും, സമുദായോദ്ധാരണത്തിനായും കോട്ടയത്തെ ഇൻസ്പെക്ട്രസ്സമ്മ ചെയ്തുപോന്നു. ആഹാരക്രമം,

ശുചിത്വം, വസ്ത്രധാരണം എന്നിവകളിലും ഉപദേശം കൊടുക്കുന്നതിന് ഇവർ വിട്ടുപോകാറില്ലായിരുന്നു. കുട്ടികളുടെ ആരോഗ്യത്തിനുചേർന്ന ആഹാരം തയ്യാറാക്കാനും അതു കൊടുപ്പാനും അമ്മമാർക്കറിഞ്ഞുകൂടാ എന്നു, ആഹാരത്തിന്റെ ഗുണദോഷങ്ങൾക്കു ശാസ്ത്രരീതിക്കുള്ള ഉപോൽബലകമായി എടുത്തുകൊണ്ട് അവർ പറഞ്ഞുകൊടുത്തിരുന്നു. കുട്ടികൾ, രോഗികളാകുന്നതു് ഭക്ഷണം കൊടുക്കുന്നതിൽ അമ്മമാരുടെ ശ്രദ്ധാരാഹിത്യമോ, അറിവില്ലായ്മയോ ആയിരിക്കാം കാരണമെന്നു ചിന്നമ്മ, അമ്മമാർക്കു വെളിപ്പെടുത്തിക്കൊടുത്തിരുന്നു.

ഈശ്വരൻ സർവവ്യാപിയാണെന്നു പറഞ്ഞു സമാധാനിച്ചു്, എവിടെയിരുന്നും സൗകര്യം കിട്ടുമ്പോൾ ഈശ്വരനെ ധ്യാനിച്ചുകൊള്ളാമെന്നു് ഘോഷിച്ചുടങ്ങുന്നതു് മോഷ്ടമാണെന്നും, ആ വ്യാപാരത്തിൽ ഒട്ടെങ്കിലും പ്രേരണ കൈവരണമെങ്കിൽ ഗൃഹംതോറും ധ്യാനത്തിനു് ഒരു പ്രത്യേക സ്ഥലം ഒരുക്കപ്പെട്ടിട്ടില്ലാതെയിരുന്നാൽ സാധ്യമല്ലെന്നും; ഒത്തുവരുമെങ്കിൽ ഗൃഹാംഗങ്ങൾ കൂടിയിരുന്നു പ്രാർത്ഥനയ്ക്കു തയ്യാറാവുക നന്നാണെന്നും ശ്രീമതി ചിന്നമ്മ സ്ത്രീലോകത്തോടു് ഉപദേശിച്ചുപോന്നു.

"അമ്മ നാമം ചൊല്ലാൻനേരത്തു് (തിരുവല്ലായിൽ വച്ചു്) ഒന്നുരണ്ടു ഹിന്ദുബാലന്മാരെ കൂടാതെ സമീപത്തുള്ള പത്തിരുപതു ക്രിസ്തീയബാലകന്മാർ സമയത്തു തന്നിയേ വന്നു വട്ടമിട്ടിരുന്നു് അമ്മയോടൊപ്പം നാമം ചൊല്ലുന്നതുകണ്ടു ഞാൻ ആനന്ദാശ്രു വാർത്തുപോയി" എന്നു് ഗ്രന്ഥകർത്രിയായ ശ്രീമതി ജി. ആർ. തങ്കമ്മ ചിന്നമ്മ

യുടെ കൃതിയിരുന്നുകൊണ്ടുള്ള പ്രാർത്ഥനയെ അനുസ്മരി പ്പിക്കുന്നു.

ഇനി, ചിന്നമ്മയുടെ ഭവനത്തിലെ പൂജമുറിയി ലേയ്ക്കു നോക്കാം. അച്ച്റാകുസുമങ്ങളിൽനിന്നും, സുഗന്ധ ധൂപങ്ങളിൽനിന്നും വെളിയിലേയ്ക്കു വ്യാപരിക്കുന്ന പരിമളം: പൂജാസമയത്തു തെളിച്ചുകത്തി സർവ്വം പ്രകാശി ക്കുന്ന ദീപതാരാവാഹനമായ മഞ്ജുദീപം: നിറനീരടം വയ റൊഴിഞ്ഞു പോന്നതോ എന്നു തോന്നിപ്പിക്കുന്ന ഭഗവാൻ ശ്രീകൃഷ്ണഭഗവാന്റെ "കിഞ്ചനതുളസപ്പിട്ടും പുഞ്ചിരിപ്പൂവും" യോടുകൂടി രാധാസമേതനായി പരിസരങ്ങളെ അനർഘ സൗന്ദര്യപ്രഭകൊണ്ടു വിശുദ്ധസുഗന്ധപൂർണ്ണമാക്കിത്തീ ർക്കുന്ന പൂജാചിത്രം: ഇതൊക്കെ മുറി ചിന്നമ്മയ്ക്ക് എവിടെ താമസമായാലും അവിടെ അവരുടെ ഭവനത്തിൽ കാണാം.

പുലരുംമുമ്പേ കുളിയും ധ്യാനവും കഴിച്ച്, പുലരു മ്പോൾ ഗൃഹകാര്യങ്ങളിലും ഉദ്യോഗകാര്യങ്ങളിലും ഏർപ്പെ ടുന്ന ഇവരുടെ ശീഘ്രത കണ്ടാൽ, അല്പംമുമ്പു ധ്യാനനി രതയായിരുന്ന ചിന്നമ്മയാണോ ഇത് എന്ന് ആർക്കും സന്ദേഹം വരും. പരിപാടികളിൽ ഒന്നിൽനിന്നു മറ്റൊ ന്നിലേയ്ക്ക് അവർ കടക്കുന്ന ശീഘ്രത അത്രയ്ക്കുണ്ട്. ഓരോന്നിനും ഓരോ ചിട്ട ചിന്നമ്മ വച്ചിട്ടുണ്ട്.

സ്ത്രീലോകത്തിനും ഉദ്യോഗജീവിതത്തിനും സമുജ്ജ്വ ലമാതൃകയായ 'ഇൻസ്പെക്ട്രസ്സ് ചിന്നമ്മയെക്കൊണ്ടു കോട്ടയം ഡിസ്ട്രിക്റ്റിൽ വരാവുന്ന നന്മകൾ എല്ലാം വന്നു' എന്നു പൊതുജനജിഹ്വകൾ മുഴങ്ങിക്കൊണ്ടിരി ക്കവേ, കോട്ടയത്തെ പൗരാവലി അവർക്കു നൽകിയ

എൺപതെത്തട്ടിലെ യാത്രയയപ്പു മഹോത്സവത്തോടുകൂടി (കോട്ടയത്തുനിന്നും കൊല്ലം ഡിസ്ത്രിക്ടിലേയ്ക്കു്) ചിന്നമ്മ കോട്ടയത്തുനിന്നും ഉദ്യോഗം ഒഴിഞ്ഞു കൊല്ലത്തേയ്ക്കു യാത്രയായി.

നൂററിൽ ചില്വാനം അംഗീകൃതവിദ്യാലയങ്ങളും, അൻപതിൽപരം പുതിയ സർക്കാർ പള്ളിക്കൂടങ്ങളും, പരശ്ശതം വിദ്യാർത്ഥികളും, അഞ്ഞൂററിൽപ്പരം അദ്ധ്യാപികാദ്ധ്യാപകന്മാരുമാണു് ഇൻസ്പെക്ട്രസ്സ ചിന്നമ്മയുടെ ഭരണത്തിൽ അന്നു് ഇവിടെയുണ്ടായിട്ടുള്ളതു്. സമുദായോന്നതിക്കായി അവർ എന്തു ചെയ്തിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലോ.

ഗുണാകൃഷ്ടരായ ആരോടെല്ലാം അവർ യാത്ര പറയും? ആരെയെല്ലാം സമാധാനിപ്പിക്കും?

---

# അദ്ധ്യായം ൭.

## അങ്കുരം

"ദേ ഇതു കേൾക്കു നിങ്ങളെപ്പോലെയുള്ള ഒരു സ്ത്രീ തന്നെയല്ലേ ഇൻസ്പെക്ട്രസ്സ് ചിന്നമ്മ. അവർ പതിനൊന്നു താലൂക്കുകളടങ്ങിയ ഒരു ഡിസ്ട്രിക്റ്റിൽ വിദ്യാഭ്യാസപ്രചാരണം നടത്തി ജനങ്ങളുടെ ഇടയിൽ നിന്നും നേടിയിരിക്കുന്ന ബഹുമാനം എത്രമാത്രമുണ്ടെന്നു കേൾക്കൂ. അവിടങ്ങളിലെ സ്ത്രീകളെ എന്തെല്ലാംതരത്തിൽ അവർ നന്നാക്കി. സ്ത്രീകൾ ഒക്കെ വന്നു അവർ ഇങ്ങനെയെല്ലാം പാലിക്കുന്ന അവരുടെ യാത്രയയപ്പുപോലെ കോട്ടയത്തു് ഒരു ആഘോഷം നടന്നിട്ടില്ലാ എന്നാണു പത്രങ്ങൾ പറയുന്നതു്. അതിൽ ക്രിസ്തീയ സഹോദരങ്ങളുടെ യത്നം ഏറെ ശ്ലാഘനീയമായിരിക്കുന്നു."

ചിന്നമ്മയുടെ കോട്ടയത്തെ യാത്രയയപ്പിനെപ്പററി പത്രത്തിൽ വായിച്ചുകൊണ്ടിരുന്ന മാവേലിക്കര റായൽ സ്പെഷ്യൽ ഇംഗ്ലീഷ് സ്കൂളിലെ ഹെഡ്മാസ്റ്റർ ശ്രീ: കൃഷ്ണപിള്ള സമീപസ്ഥയായ ഭാര്യയെ ഇങ്ങനെ കേൾപ്പിച്ചിട്ടു തുടർന്നു: "നിങ്ങൾക്കു് ഒരു ഭാഗ്യമുണ്ടു്; അവർ നിങ്ങളുടെ സ്വദേശത്തേയ്ക്കു (കൊല്ലത്തേയ്ക്കു) തന്നെയാണു സ്ഥലംമാറി വരുന്നതു്. കൊല്ലം ഡിസ്ട്രിക്കിലെ സ്ത്രീകളുടെ ഭാഗ്യോദയം അടുത്തുകഴിഞ്ഞു. സ്ത്രീകളുടെ അജ്ഞതയെ കളഞ്ഞു കർത്തവ്യബോധം ഉണ്ടാ

ക്കാനും, സംഘടിപ്പിക്കാനും അവർ സന്നദ്ധയാണല്ലോ. നിങ്ങളുടെ ഭാവി അവരിൽതന്നെയാണു സ്ഥിതി ചെയ്യുന്നതു്" ഇപ്രകാരം പറഞ്ഞുനിറുത്തി.

ഈ അദ്ധ്യായം അവസാനിക്കുംമുമ്പ്, പ്രിയവായനക്കാരെ മുകളിൽ കണ്ട സംഭാഷണാനന്തരം ഉണ്ടാകുന്ന ഭാരണസംഭവം എന്താണെന്നു് അറിയാറാകും. ഇതു് എൺപത്തെട്ട് ഇടവമാസത്തിൽ ചിന്നമ്മ കൊല്ലത്തു വന്ന കാലത്തായിരുന്നു.

കോട്ടയത്തുവച്ചു നാം കണ്ട ഇൻസ്പെക്ട്രസ്സമ്മ തന്നെ കൊല്ലത്തു കാണുന്നതും. എന്തെന്നാൽ, "കൊല്ലത്തു് ഒരു സ്ത്രീസമാജം സ്ഥാപിക്കണമെന്നുള്ളതിനെ ആ മഹതി എന്നോടു പറഞ്ഞു. ഇതിലേയ്ക്കായുള്ള പ്രാരംഭയോഗത്തിനു ചിന്നമ്മയവർകളും കൊല്ലത്തുകാരിയായ ഒരു മാന്യസഹോദരിയും ഞാനും ഒപ്പിട്ടു ക്ഷണക്കത്തുകൾ അയക്കുകയും അനേകം സഹോദരികൾ യോഗത്തിൽ സന്നിഹിതകളാകുകയും ചെയ്തു." എന്നു് അക്കാലത്തു ചിന്നമ്മയെ സന്ദർശിച്ച പൂർവ്വശിഷ്യയായ മിസ്സിസ്സ് കെ. വേലുപ്പിള്ള പറയുംപ്രകാരം, സ്ത്രീസമുദായോന്നതിക്കായി പല പ്രവർത്തനങ്ങളിലും അവർ ഏർപ്പെട്ടുവാൻ തുടങ്ങി. കൊല്ലം, വള്ളിക്കീഴ് പുതുപ്പള്ളി അടങ്ങിയ സ്ഥലങ്ങളിൽ പെൺകുട്ടികൾക്കുവേണ്ടി പള്ളിക്കൂടങ്ങൾ തുറക്കുന്നതിനു ചിന്നമ്മ യത്നിക്കുകയും ഫലിപ്പിക്കുകയും ചെയ്തു.

ആ കാലഘട്ടത്തിൽ (എൺപത്താൻപതാമാണ്ടിടയ്ക്കു്) കൊല്ലത്തു വന്നിരുന്ന ഗാരാഭായി എന്ന

കായികാഭ്യാസചാതുൎയ്യം ആതിത്ഥ്യം അരുളുന്നതിനും അവൎക്കു വിട്ടുപോയതില്ല. കാണികളെ വിസ്മയിപ്പിക്കത്തക്ക ശരീരാഭ്യാസംകൊണ്ടു്, താരാഭായി, പുരുഷന്മാരായ കായികാഭ്യാസികൾക്കു മാത്രമേ സാധിക്കൂ എന്നു വച്ചിരുന്ന അഭ്യാസമുറകളെ ഉപരിയായ ചാതുൎയ്യത്തോടുകൂടി പ്രദൎശിപ്പിച്ചപ്പോൾ സ്ത്രീലോകത്തെക്കാൾ അധികം പുരുഷലോകമാണു് അത്ഭുതപ്പെട്ടുപോയതെന്നു പറയപ്പെടുന്നു. നിത്യമായ വ്യായാമംകൊണ്ടു് അബലകൾ എന്നു വച്ചിരുന്നവൎക്കും പുരുഷന്മാരോടൊപ്പം ശരീരദാൎഢ്യം ഉണ്ടാകാമെന്നു താരാഭായി സമൎത്ഥിച്ചു. അന്നത്തെ പത്രങ്ങൾ താരാഭായിയുടെ വിജ്ഞാപനങ്ങളും, ശൂലത്തിന്മേൽ ശ്വാസസംയമനംകൊണ്ടു കിടക്കുന്ന ചിത്രങ്ങളും പ്രസിദ്ധപ്പെടുത്തി.

താരാഭായി പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു വിജ്ഞാപനത്തിൽ "സ്ത്രീകളുടെ ശരീരബലം വൎദ്ധിപ്പിക്കയെന്നുള്ളതു കേവലം അസാദ്ധ്യമായിട്ടുള്ളതാണെന്നു പരക്കെ ഒരഭിപ്രായമുള്ളതായി തോന്നുന്നുണ്ടു്. ആ അഭിപ്രായത്തെ ഞാൻ തീരെ നിഷേധിക്കുന്നു; സ്ത്രീകൾക്കാവട്ടെ, പുരുഷന്മാൎക്കാവട്ടെ ശരീരംകൊണ്ടു പല നന്മകളും വരുത്താൻ സാധിക്കുമെന്നുള്ളതു ഞാൻ ഉറപ്പായി പറകയും ചെയ്യുന്നു. വ്യായാമംകൊണ്ടു ദേഹത്തിനും, അവയവങ്ങൾക്കും ആരോഗ്യമുണ്ടാകുന്നതും അങ്ങിനെ വരുമ്പോൾ നാഡിഞരമ്പുകൾക്കു ക്രമമായി വ്യാപരിക്കത്തക്ക ശക്തി ഉണ്ടാകുന്നതും, തദ്വാരാ, നമ്മുടെ തലച്ചോറിനു പുഷ്ടി കൂട്ടുന്നതുമാണു്. ചുരുക്കിപ്പറയുന്നതായാൽ കായികാഭ്യാസം മനുഷ്യൎക്കു ചൈതന്യത്തെ കൊടുക്കുന്നു. ആ

ചൈതന്യം തന്നെ ആണു നമ്മെ യഥാൎത്ഥ സ്ത്രീപുരുഷ ന്മാരാക്കിത്തീൎക്കുന്നതു. ശരീരസുഖവും ശക്തിയുമുള്ള മാതാപിതാക്കന്മാൎക്കു് ആരോഗ്യദൃഢഗാത്രന്മാരായ സന്താനങ്ങൾ ജനിക്കുന്നു. അതുകൊണ്ടു നിങ്ങൾക്കും നിങ്ങളുടെ സന്താനങ്ങൾക്കും പ്രിയമാതൃഭൂമിക്കും വേണ്ടി എന്റെ ഈ പ്രവൃത്തി എന്റെ ജീവദശയുടെ മുഖ്യധൎമ്മമാക്കിയിരിക്കുന്നു. ഞാൻ കാണിക്കുന്ന അഭ്യാസങ്ങൾ എന്റെ സ്വരാജ്യക്കാരെ (താരാഭായി ഉത്തരേന്ത്യക്കാരിയാണു്. അവർ സ്വരാജ്യം എന്നു പറയുന്നതു ഭാരതം മുഴുവനുമാണു്) കായികാഭ്യാസത്തിൽ ശ്രദ്ധാലുക്കളാക്കിത്തീൎക്കുന്നുവെങ്കിൽ, ഞാൻ തീൎച്ചയായും ഭാഗ്യവതിയായി; എന്റെ പ്രയത്നത്തിന്റെ ഫലവും സിദ്ധിച്ചു...... (അവർ ചെയ്തുപോരുന്ന കുന്തത്തിന്മേൽ കിടപ്പിനെപ്പററി) രണ്ടുകുന്തങ്ങൾ എന്റെ ചുമലിൻകീഴും, രണ്ടെണ്ണം മുട്ടിൻ കെണിപ്പിന്നടിയിലും വെയ്ക്കുന്നു. എന്റെ ശരീരത്തിന്റെ മുഴുവൻ ഭാരവും എന്റെ പൃഷ്ഠത്തിന്നടിയിൽ വച്ചിരിക്കുന്ന കുന്തത്തിന്റെ മേൽ വഹിപ്പിക്കുന്നു. ഇതു മറേറകുന്തത്തേക്കാൾ അരയ്ക്കാൽ ഇഞ്ചു് അധികം പൊക്കമുണ്ടു്. ഞാൻ അവിടെ ഒരു ബന്ധുപോലെയും, പാറപോലെ ഇളക്കമില്ലാതെയും കിടക്കേണമെന്നു് ഊഹിക്കാവുന്നതാണു്. ഏതെങ്കിലും ഒരവയവം അല്പം താഴ്ത്തിയാൽ കുന്തംകൊണ്ടു് എന്റെ ദേഹം മുറിപ്പെട്ടുപോകും. ഈ അഭ്യാസം എനിക്കു ചെയ്യാൻ സാധിക്കുന്നതു ശരീരത്തിന്റെ എല്ലാ ഭാഗവും മനശ്ശക്തിയാൽ അടക്കാൻ സാധിക്കുന്നതുകൊണ്ടാകുന്നു."

മഹിളകൾ വ്യായാമം ചെയ്യണമെന്നു് ഉപദേശിച്ചുപോരുന്ന ശ്രീമതി ചിന്നമ്മ അവർകളുടെ ശ്രമത്താ

വളരെ വിലപ്പെട്ടതായി താരാഭായിയുടെ ശരീരമാർഢ്യവും സാദ്ധ്യതകളും കാണികൾക്കു പ്രത്യക്ഷമാക്കിക്കൊടുത്തു. മാനസികമായും, ശാരീരികമായും വളർച്ച സിദ്ധിച്ചവൎക്കേ സൽസ്സന്താനങ്ങൾ കിട്ടുകയുള്ളു. അതാണു് ഭാരതഭൂമി ആവശ്യപ്പെടുന്നതും.

പതിതഭാരതത്തിന്റെ കിടപ്പിനെ ഓൎത്തു് ആകം ഒന്നാന്തു് അധികം വ്യഥപ്പെട്ടിട്ടുള്ള വിവേകാനന്ദസ്വാമികളുടെ, * ആരോഗ്യം തിമിൎത്തു് അധൃഷ്യരായിത്തീൎന്നിട്ടുള്ള ജനതയാണു് ഇന്നു രാജ്യത്തിനാവശ്യം, എന്ന ആഹ്വാനഗൎജ്ജിതം താരാഭായിയുടെ വിജയാപദാനം കാണുമ്പോൾ ഓൎമ്മയിലെത്തുന്നു.

ഏറിയ നാളായി ഭാരതജനതയുടെ പ്രധാനാവശ്യങ്ങളിൽ രണ്ടെണ്ണം ആരോഗ്യവും വിദ്യാഭ്യാസവുമാകുന്നു. ഇതു രണ്ടും വളൎച്ചയുടെ വിത്തുകളുമാകുന്നു. ഭാരതത്തിൽ പാരമ്പൎയ്യഗതമായി അപ്പനമ്മമാരിൽ നിന്നും ആരോഗ്യം, ഒട്ടു കിട്ടിയിട്ടുണ്ടെങ്കിൽ അതല്ലാതെ വ്യായാമംകൊണ്ടു് സമ്പാദിക്കുവാൻ യാതൊരു പ്രോത്സാഹനവും ഇല്ലെന്നു പറയേണ്ടിയിരിക്കുന്നു.

എത്ര ലക്ഷം കളിസ്ഥലങ്ങളാണു് ഇൻഡ്യൻഗ്രാമീണൎക്കായി പ്രത്യേകം ഒഴിച്ചു സൂക്ഷിച്ചിട്ടുള്ളതു്? സ്ത്രീകളെത്ര? പുരുഷന്മാരെത്ര? രാജ്യത്തിന്റെ വിസ്തൃതിയെന്തു്? ജനപ്പെരുപ്പം എങ്ങനെ? അകാലമരണനിര

---

* "........This Softness has been on us till we are dead; we have become like/ masses of cotten. What our country now wants is muscles of iron and nerves of steel, gigantic wills which nothing can resist,........"

ക്കെത്ര? നമ്മുടെ മലയാളക്കരയിൽത്തന്നെ നമുക്കു നോക്കാം. നമുക്കു് എത്ര പൊതു കളിസ്ഥലങ്ങൾ ഉണ്ടു്? സാധാരണക്കാരനും അവന്റെ സന്താനത്തിനും വ്യായാമം എന്നു പറഞ്ഞാൽ എന്തു കണ്ടു മനസ്സിലാകും; ആയാൽ എങ്ങനെ അതിനൊരുക്കപ്പെടുത്തിയിട്ടുള്ള ഒരു സ്ഥലമില്ലാതെ പരിശീലിക്കാൻ തുടങ്ങും? ജനങ്ങൾ കൂട്ടിക്കിടക്കുന്നിടത്തെ, ഏതാണ്ടു, കുറ്റിയടിച്ചു മൃഗങ്ങളെ കെട്ടിസൂക്ഷിക്കുന്ന മാതിരിയിലായിത്തീർന്നിട്ടുണ്ടു, അവരുടെ താമസസൗകര്യത്തിനുള്ള നിബിഡത. കളിസ്ഥലങ്ങളില്ലാത്ത യുവാക്കന്മാരും, മേച്ചിൽസ്ഥലങ്ങളില്ലാത്ത പശുക്കളും ഒന്നുപോലെതന്നെ. ജനകീയാരോഗ്യം കണക്കാക്കി നോക്കുന്നവർ ചാകുന്നതും ജനിക്കുന്നതുമല്ലാതെ മറ്റൊന്നിനെയും പറ്റി അന്വേഷിക്കുന്നതായി തോന്നുന്നില്ല. വെള്ളക്കാരുടെ ഇടയിൽ വീട്ടിനകത്തുപോലും പലതരം വിനോദങ്ങൾ ഉണ്ടു്. ഉണ്ണാൻ പോകുമ്പോൾ അഞ്ചുനിമിഷം താമസമുണ്ടെങ്കിൽ, ഉടനെ വരാന്തയിലെ മേശപ്പുറത്തൊരുക്കിയിട്ടുള്ള വിനോദങ്ങളിൽ അവർ അത്രയും നേരം ചെലവിടുന്നു. ആരാണു നമ്മുടെ ജനങ്ങളെ വ്യായാമത്തിനു ഉത്സാഹിപ്പിക്കുക? പഠിപ്പിക്കുക? കുറച്ചു പേർ, നഗരങ്ങളിൽ താമസിക്കുന്നവർ അറിഞ്ഞൊതുങ്ങി കളിക്കാൻ പോകുന്നതിനെ ആരും ഒരു രാജ്യത്തിന്റെ ആരോഗ്യത്തേയും വ്യായാമത്തേയും പറ്റി പരാമർശിക്കുമ്പോൾ അപ്രസംഗമായി എടുത്തു പറകയില്ലല്ലോ.

ഭാരതത്തിലെ ഇന്നത്തെ അംഗീകൃതവിദ്യാഭ്യാസം; വല്ലയിടത്തും ഉദ്യോഗം തേടിപ്പോകാൻ അതു് ഉള്ളവർക്കു സഹായിക്കുന്നുണ്ടു്: കൂടിയ പരിഷ്കൃതിയായി ഇൻഡ്യ

ത്തിലെ വിദ്യാഭ്യാസത്തിൽ കണ്ടിട്ടുള്ളത്. ഇടുങ്ങിയ ഒരു പ്രാദേശിക മനഃസ്ഥിതി അതിനുണ്ടാകുവാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളതാണ്. അല്ലാതെ, ഇൻഡ്യൻ ജനസമുദായത്തെ ഉണർത്തുന്നതും, ഉയർത്തുന്നതും, ഏകോപിപ്പിക്കുന്നതും, അവരെ സ്വാതന്ത്ര്യത്തിന്, അതായത്—പരസ്പരം ഉപകരിക്കുവാൻ പ്രാപ്തരാക്കുന്നതിനു നയിക്കുന്നതുമായ ഒരു വിദ്യാഭ്യാസമാണു രാജ്യത്തിന് ആവശ്യം. അതില്ല. ഇല്ലെന്നോ, സാക്ഷരത്വംതന്നെ ഭാരതത്തിൽ എത്ര ശതമാനം ഉണ്ട്? എല്ലാററിനും ഒരു സമാധാനം നമ്മൾ കേട്ടിട്ടുണ്ട്, ശീലിച്ചിട്ടുണ്ട്; ദാരിദ്ര്യം: ശതവർഷങ്ങളായി ദാരിദ്ര്യം എന്നുപറഞ്ഞു നാം സമാധാനിക്കുന്നു!! നമുക്കു പ്രകൃതത്തിലേയ്ക്കു പോകാം.

തൊണ്ണൂറെറാന്നാമാണ്ടിടയ്ക്കു "കൊല്ലത്തമ്മ" എന്നു പ്രഖ്യാതയായ തപസ്വിനിയുമായി പരിചയപ്പെടുന്നതിനും, അവരുടെ സമാധി സംബന്ധിച്ച ചടങ്ങുകളിൽ പങ്കുകൊണ്ടു വേണ്ടതു ചെയ്യുവാനും ചിന്നമ്മയ്ക്കു സാധിച്ചു. ഇക്കാലങ്ങളിൽ (തൊണ്ണൂറിൽ) മദ്ധ്യനാട്ടു നടന്നുവന്നിരുന്ന നായരീഴവ വഴക്കു പറഞ്ഞൊതുക്കി സൗഹാർദ്ദം സ്ഥാപിക്കുന്നതിനു ചങ്ങനാശ്ശേരി ശ്രീ. പരമേശ്വരൻപിള്ള തുടങ്ങിയ സമുദായാഭിമാനികളുടെ സഹകരണത്തിൽ കൂടിയ യോഗത്തിൽ നമ്മുടെ കഥാനായിക പങ്കെടുത്തിരുന്നതും പ്രസ്താവ്യമാണ്.

“വ്യർത്ഥമായോ, തുച്ഛമായോ, ചപലമായോ” ഒരു വാക്കുപോലും പറയുന്നതിനു വിശ്രമവേളകളിൽപോലും ചിന്നമ്മയ്ക്കു സമയമില്ലായിരുന്നു. സ്വന്തം കുട്ടികൾക്കോ, സമീപത്തുള്ള വിദ്യാർത്ഥിനികൾക്കോ, സംശയങ്ങളുമായി

വരുന്ന അദ്ധ്യാപികമാൎക്കോ, പാഠ്യവിഷയങ്ങളിലെ സംശയനിവൃത്തി വരുത്തുക ഒരു സമയമെങ്കിൽ, അടുത്ത പടിയായി, കരകളിലെ സ്ത്രീസമാജപ്രവൎത്തനങ്ങൾക്കു ഉപദേശം കൊടുപ്പാനും, ആദ്ധ്യക്ഷം വഹിപ്പാനും, ഇതൊന്നുമില്ലെങ്കിൽ, നിരക്ഷരനായ, താൻ നിയമിച്ചു കൂടെത്താമസിച്ചു പോരുന്ന (കൊല്ലത്തു) ശിപായിക്കു എഴുത്തു പറഞ്ഞുകൊടുക്കുന്നതിനായിട്ടും അവരുടെ സാമയവിനിയോഗം.

ഇപ്പറഞ്ഞ ശിപായി ചിന്നമ്മയോടുകൂടി കൊല്ലത്തു താമസിക്കുമ്പോൾ, വെള്ളപ്പാൻകാലത്തും വൈകുന്നേരത്തും നാമം ചൊല്ലേണമെന്നു ഇൻസ്പെക്ട്രസ്സമ്മ ഏർപ്പാടുചെയ്തിരുന്ന കാലത്തുണ്ടായ ഒരു സംഭവം പറയാം. വൈകുന്നേരം ചിന്നമ്മ നാമം ജപിക്കാൻ നേരത്തു, ശിപായിയും ഒരിടത്തിരുന്നു നാമം ചൊല്ലുക പതിവായിരുന്നു. എന്നാൽ, അതു, ആരംഭത്തിൽ അയൽവാസികൾക്കാൎക്കും അസുഖകരമായിക്കേട്ടിരുന്നില്ല. ആജ്ഞയനുസരിച്ചു വെള്ളപ്പാൻ നാലുമണിയാകുമ്പോഴേക്കും ഉച്ചത്തിൽ "നരനായിങ്ങനെ" എന്നും മററുമുള്ള കീൎത്തനങ്ങൾ ശിപായി ചൊല്ലാൻതുടങ്ങും. ഇതു കേട്ടുവന്നിരുന്ന അയൽപക്കക്കാൎക്കു, ഉറങ്ങാൻപററിയ വെള്ളപ്പാൻകാലത്തെ ഭംഗപ്പെടുത്തുന്ന ഇൻസ്പെക്ട്രസ്സമ്മയുടെ, ശിപായിയുടെ നേൎക്കു വല്ലാത്തദ്വേഷം തോന്നി. ഒരുദിവസം പരാതിയുമായി അവർ ചിന്നമ്മയുടെ വസതിയിൽ എത്തി. ആവലാതിക്കാരോടു ചിന്നമ്മ പറഞ്ഞു: "എന്റെ ശിപായി നിങ്ങളുടെ ഉറക്കത്തെ ഭംഗപ്പെടുത്തുന്നു അല്ലേ? ദീൎഘരാത്രിയുടെ അവസാനയാമത്തിൽ നിങ്ങൾ

ഈശ്വരനാമം കേട്ടുകൊണ്ടു് ഉണരുന്നതു അല്ലേ? നിങ്ങൾ എന്തുതന്നെ പറഞ്ഞാലും ഞാൻ അതു നിർത്തുവാൻ പറയുന്നതല്ല. ഇയാളുടെ ഈശ്വരനാമോച്ചാരണം കേൾക്കുമ്പോഴെങ്കിലും, നിങ്ങൾക്കു് ഈശ്വരസ്മരണയുണ്ടാകുവാൻ പ്രാർത്ഥിക്കുകയല്ലാതെ ഞാൻ മറ്റൊന്നും ചെയ്വാൻ നിശ്ചയിച്ചിട്ടില്ല." ഇതു കേട്ടുകൊണ്ടു പിൻതിരിഞ്ഞ ലജ്ജിതരായ പരാജിതപരാതിക്കാർ ക്രമേണ വെളുപ്പാൻ കാലത്തു കീർത്തനം ചൊല്ലാൻതന്നെ ശീലിച്ചുനോക്കി.

അവർക്കു് അസഹ്യമെന്നു തോന്നിയാലും തനിക്കു നല്ലതെന്നു തോന്നിയിട്ടുള്ള ഒന്നിനെ കൈവെടിയുവാൻ നമ്മുടെ കഥാനായികയ്ക്കു സാദ്ധ്യമായിരുന്നില്ല. പരഹിതം, സ്വഹിതമായി അറിയുവാൻ വൈഭവമുള്ള ചിന്നമ്മയിൽ അതൊരു അക്രമബുദ്ധിയായി പറയാവുന്നതുമല്ല. അങ്ങനെ ചിന്നമ്മയുടെ അചഞ്ചലത്വത്തിനു് ഉദാഹരണമായ ഒരു കഥ പറയാം.

കൊല്ലത്തെ ഇൻസ്പെക്ട്രസ്സമ്മ നിർബന്ധമായി ഏർപ്പെടുത്തി നടത്തിവന്ന അദ്ധ്യാപികാസംഘങ്ങൾ, ബാലികാസമാജങ്ങൾ ഇവ പ്രബലപ്പെട്ടു വരുമ്പോഴാണു കൊല്ലം ഡിസ്ട്രിക്റ്റിലെ (൯൨ തുലാം) അദ്ധ്യാപകസംഘാഘോഷം വിവിധ ചടങ്ങുകളോടുകൂടി കൊണ്ടാടുവാൻ അവർ തീർച്ചപ്പെടുത്തിയതു്. ആഘോഷങ്ങൾക്കു വേണ്ടിയുള്ള പന്തലുകൾ കെട്ടിത്തീർന്നപ്പോഴേയ്ക്കും ഡിപ്പാർട്ടുമെന്റ് അനുവാദം കൂടാതെ ഇത്തരം ഒരു സമ്മേളനം നടത്തുവാൻ പാടില്ലായെന്നുള്ള നിരോധനം ഇൻസ്പെക്ട്രസ്സ് മിസ്സ് ക്യാരപ്പിററിൽ നിന്നും ചിന്നമ്മയ്ക്കു കിട്ടി. ആ നിരോധനം കൈപ്പററിയിട്ടും, സമ്മേളനോൽസുക

മാത്ര അന്തരീക്ഷത്തെ അല്പമൃഷ്ടം ഇരുട്ടിക്കുവാൻ ഇൻസ്പെക്ടറസ്സ് ചിന്നമ്മ ഉദ്ദേശിച്ചില്ല. മറിച്ച്, സംഭരണ ഭാരിതമായ കലവറകൾ തടിപ്പിക്കുവാൻ അവർ പ്രവർത്തകരെ ഉത്സാഹിപ്പിച്ചു. തന്റെ നിരോധനം സ്വീകരിച്ചിട്ടും, സമ്മേളനത്തിനു വിഘ്നമൊന്നും കാണുന്നില്ലായെന്ന് അറിവുകിട്ടിയ ഇൻസ്പെക്ടറസ്സ് 'സർവ നടപടികളും ഉടൻ നിർത്തിവയ്ക്കണം' എന്ന് അസി: ഇൻസ്പെക്ടറസ്സ് ചിന്നമ്മയ്ക്കു കമ്പി അടിച്ചു. അതുകൊണ്ടും ചിന്നമ്മ പുറകോട്ടു പോകുന്നില്ലാ എന്നു കണ്ടിട്ടു ചിന്നമ്മയ്ക്കു ഡയറക്ടർ സസ്പെൻഡു ചെയ്യുന്നതായ ഒരു കമ്പി സന്ദേശം അയക്കുകയുണ്ടായി. ഈ കമ്പി കിട്ടുമ്പോൾ സമ്മേളനം ഉദ്ഘാടനം ചെയ്യുവാൻ നാലോ അഞ്ചോ ദിവസമേ ശേഷിച്ചിരുന്നുള്ളൂ. അപ്പോഴത്തെ ഗൗരവമേറിയ ഒരു വാർത്തയായി ഇതു എങ്ങും പരന്നു. ഇൻസ്പെക്ടറസ്സ് ചിന്നമ്മയുടെ ജോലി തുലയുമെന്ന വാർത്തയ്ക്ക് അനുനിമിഷം പ്രബലതയും കൂടിത്തുടങ്ങി. ഇതൊക്കെയായിട്ടും ചാഞ്ചല്യലേശമെന്യേ ചിന്നമ്മ പരിപാടികൾ തുടർന്നുകൊണ്ടുപോവാൻ തന്നെ പ്രവർത്തകരെ ധൈര്യപ്പെടുത്തിക്കൊണ്ടിരുന്നു. ദിവസവും അടുക്കാറായി. "ജോലി കളയാതെ ഇൻസ്പെക്ടറസ്സിനു ഇവയെല്ലാം നിർത്തിവച്ചുകൂടെയോ" എന്നു ജനങ്ങൾ സംസാരിച്ചുതുടങ്ങി. അക്കാലത്തു കൊല്ലത്തെ അഭിഭാഷകപ്രമാണിയായിരുന്ന ശ്രീ. ചങ്ങനാശ്ശേരി, സ്ഥലത്തെങ്ങും മുഴങ്ങുന്ന ഈ വർത്തമാനം അറിഞ്ഞു. മേലാളന്മാരുമായി പിണങ്ങി ഉദ്യോഗം പണയം വയ്ക്കുമെന്നു കേട്ടതിനാൽ, ചങ്ങനാശ്ശേരി, കാര്യം സംസാരിപ്പാനായി ചിന്നമ്മയുടെ വസതിയിലെത്തി. തൽകാലം

പരിപാടികൾ നിർത്തിവയ്ക്കണമെന്നു് അദ്ദേഹം ചിന്നമ്മയെ ഉപദേശിച്ചു. തന്നെ ഉപദേശിച്ച ആ പ്രിയമിത്രത്തോടു്, മേലാവിൽനിന്നും നിർത്തിവയ്ക്കുവാൻ ആജ്ഞാപിക്കാത്തതുകൊണ്ടും യാതൊരു സംരംഭവും താൻ തുടങ്ങിയിട്ടില്ലെന്നും, അദ്ധ്യാപികാദ്ധ്യേതാക്കളുടെ അഭിവൃദ്ധിയെ ഉദ്ദേശിച്ചു കേവലം വിദ്യാഭ്യാസപരമായ ഒരു സമ്മേളനം നടത്തുന്നതിൽ, ചോദ്യപ്പെടാവുന്ന രീതിയിൽ വല്ലതുമുള്ളതായി നിയമദൃഷ്ട്യാ ഭേദനാക്കുന്നതായാലും കാണാനില്ലെന്നും അതിനാൽ, ഏതു് അപകൃത്യത്തെ അനുസരിച്ചാണു്, സമ്മേളനം നിർത്തിവയ്ക്കുവാൻ തന്നോടു മേലാക്കന്മാർ ആജ്ഞാപിച്ചതെന്നു മനസ്സിലാകാത്തതുകൊണ്ടാണു് അങ്ങനെ ചെയ്യാത്തതെന്നും, ഈ കാരണത്തിൽ അനുസരണക്കേടു ചുമത്തി ശിക്ഷിക്കുന്നുവെങ്കിൽ ആയതു സസന്തോഷം സ്വീകരിച്ചു പിരിഞ്ഞുപോകുവാൻ തയ്യാറാണെന്നും, അതിനാൽ സമ്മേളനം നിശ്ചയിച്ചിട്ടുള്ള ദിവസം ആരംഭിക്കുന്നതാണെന്നും, ചിന്നമ്മ സമാധാനം പറഞ്ഞു.

ആ സപ്രദർശനസഭ ഉദ്ഘാടിതമായി അദ്ധ്യക്ഷനായി ആനയിക്കപ്പെട്ട മഹാകവി ഉള്ളൂർ പരമേശ്വരയ്യർ മനോഹരമായി ചിത്രശാലപോലെ വിതാനിക്കപ്പെട്ടിട്ടുള്ള വിസ്തൃതമായ പന്തലിലെ പ്രദർശനസാമഗ്രികളുടെ രാമണീയകത്തെ ഗ്രഹിച്ചുകൊണ്ടു "തിരുവിതാംകൂറിലെ വിദ്യാഭ്യാസയുഗത്തിൽ ശ്രീമതി ചിന്നമ്മയവർകൾ ചെയ്തിട്ടുള്ള പരിശ്രമത്തിന്റെ ഒരു മഹോത്സവമായിട്ടു് ഈ സമ്മേളനത്തെ കരുതേണ്ടിയിരിക്കുന്നു," എന്നു്,

[വിദ്യാർത്ഥിനികളുടെ —

(ശങ്കരാഭരണം ചായ്പ്പ്)

പല്ലവി

"പാഹിമാം ജഗദീശാ ഭക്തപ്രിയ
കാലിണ പണിയുന്നഹം

അനുപല്ലവി

ലോകത്തിലീദൃശം കാണും ചരാചരം
ആകവേ സൃഷ്ടിച്ച നാഥാ ജയ ജയ (പാഹിമാം)
ഉത്തുംഗശൈലങ്ങളും നദികളും
മൊത്തും പ്രഭാവത്തോടെ
ഭേദികളൊന്നുമുപകാരമാംവണ്ണം
ആനന്ദ സൃഷ്ടിച്ച നാഥാ! ജയ ജയ (പാഹിമാം)
സൃഷ്ടിവിലാസമിദം പുകഴ്ത്തുവാൻ
വിഷ്ണുദേവയില്ലാരവൻ
സൃഷ്ടിയെന്നല്ലഹോ സംഹാരമെന്നതും
ഇഷ്ടംപോൽ ചെയ്വോനാം നാഥാ ജയ ജയ
(പാഹിമാം)

പാപകൂപത്തിൽ നിന്നിട്ടെന്നെ നിത്യം
പാലയ കരുണാലയ!
ആപത്തഖിലവും സർവ്വേശ പോക്കിയെൻ
താപത്തെ തീർത്തു രക്ഷിക്ക മാം ദൈവമേ
(പാഹിമാം)"

"ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, മഹമ്മദന്മാർ മുതലായ എല്ലാ ജാതിമതസ്ഥന്മാർക്കും വൈമനസ്യം ജനിപ്പിക്കാതെ എല്ലാവർക്കും ഒരുപോലെ ഉതകത്തക്കതായിരിക്കണമെന്ന്" പ്രത്യേകം കരുതി ചിന്നമ്മയാൽ രചിക്ക

ച്ചെട്ടിട്ടുള്ള പ്രാർത്ഥനാലാപം കഴിയുമ്പോഴേക്കു] പ്രസ്താവിച്ചുകൊണ്ടുള്ള പ്രസംഗത്തോടുകൂടി ആദ്യദിവസത്തെ നടപടികൾ ഒന്നൊന്നായി ഉന്നീതങ്ങളായി. ജനക്കൂട്ടം അപാരമായിക്കണ്ടു. പുതുമയുള്ള പലതരം സാധനങ്ങൾ നിറച്ചിട്ടുള്ള പ്രദർശനശാല കയറിക്കാണ്മാൻ കേട്ടുകേട്ടു വെളിയിൽനിന്നും ആ മഹായോഗത്തിൽ തിക്കിക്കയറി സ്ഥാനം പിടിച്ച സാധാരണ ജനങ്ങൾ സമ്മേളനം എളുപ്പം സമാപിക്കുമോ എന്ന ആശങ്കയാൽ ആകുലേക്ഷണന്മാരായപ്പോഴാണു മൂന്നു ദിവസത്തേയ്ക്കു നിർദ്ദിഷ്ടമായ പരിപാടികളോടുകൂടി ഈ സമ്മേളനം നീണ്ടുനിൽക്കുമെന്നു് അദ്ധ്യക്ഷൻ പ്രസ്താവിക്കേണ്ടുണ്ടായതു്.

ആദ്യദിവസത്തെ നടപടികൾ അവസാനിക്കുമ്പോൾ ചിന്നമ്മ രചിച്ചിട്ടുണ്ടായിരുന്നു,

“വഞ്ചിഭൂമീനാഥാ! വിഭോ സഞ്ചിതൈശ്വര്യം ജയിക്ക
വഞ്ചിവാസവനാം പൊന്നുതമ്പുരാനേ! ജയിച്ചാലും
വഞ്ചിവാസിജനങ്ങളെ അഞ്ചിത കുതൂഹലേന
പഞ്ചമെന്യേ രക്ഷിച്ചെന്നും ചഞ്ചലം വിനാ വാഴേണേ
(വഞ്ചി)
നാരികൾക്കു വിദ്യാഭ്യാസം ഭൂരിമോദമുളവാക്കി
ഖ്യാതിമാനായ് വിളങ്ങുന്ന മേദിനീപതേ ജയിക്ക-
(വഞ്ചി)
ഉന്നതമാം തവകീർത്തി മന്നിലെന്നല്ലിന്ദ്രലോകം
തന്നിലും പ്രചരിച്ചെന്നും സന്തതമായ് വിളങ്ങണേ
(വഞ്ചി)
വഞ്ചിലക്ഷ്മീമാരായ് മേവും വഞ്ചിരാജ്ഞിമാരും ചിരം
വഞ്ചിഭൂമൗ വാണീടുവാൻ ലോകനാഥാ കൈതൊഴുന്നേൻ
(വഞ്ചി)”

ഈ വഞ്ചീശമംഗളവും കൂടി സംഗീതപ്പൊലിമയിൽ ആലാപിച്ചു് ഉപസംഹരിച്ചു കേട്ടിട്ടും "എന്തോ ഇനിയും ഇനിയുണ്ടു" എന്ന ആശയിന്മേൽ അനേകം സഭാവാസികൾ അവിടവിടെ ഉപവിഷ്ടരായി. അതൊരു ഉത്സവം തന്നെയായിരുന്നുവെന്നു്, അതിൽ പങ്കെടുത്തിരുന്നവരും പ്രദർശനം സന്ദർശിക്കാൻ വന്നവരും ഏകസ്വരത്തിൽ പറയുന്നു.

ചിന്നമ്മയുടെ ഘടനാസാമർത്ഥ്യം ഇന്നുവരെ അറിയപ്പെട്ടിട്ടുള്ള ആധുനിക ഭാരതവനിതകളിൽ ആർക്കെങ്കിലും ഉണ്ടായിരുന്നുവോ എന്നു സന്ദേഹിപ്പാനേയുള്ളു. ആ സാമർത്ഥ്യത്തെ വിശേഷിപ്പിക്കുന്നതു വിജ്ഞാനമോ, പുരോഗമനേച്ഛയോ മാത്രമല്ല, അന്യരിടപെടാത്ത പുരോഗതിക്കു് ആവശ്യമുള്ള സ്വാതന്ത്ര്യവും, അതിന്റെ കൂടെപ്പിറപ്പായ അചഞ്ചലത്വവുമത്രെ. *

പ്രഖ്യാതമായ ഈ സംഘാഘോഷത്തിൽ അദ്ധ്യാപകസംഘങ്ങളുടെ വാർഷികം, അദ്ധ്യാപികാസമാജങ്ങളുടെ വാർഷികം, ബാലികാസമാജങ്ങളുടെ വാർഷികം, വിദ്യാർത്ഥിനികളുടെ പ്രഹസനാഭിനയങ്ങൾ, പലമാതിരി കളികൾ, പാട്ടുകച്ചേരികൾ എന്നിങ്ങനെയുള്ള നിരവധി പരിപാടികൾ ഉൾപ്പെട്ടിരുന്നു. എന്നാൽ, ഇതൊന്നിലേയുമല്ല വിചക്ഷണന്മാർ അധികം പ്രശംസിക്കാൻ വകയായതു്:—ഘനശ്യാമമായ കളിമണ്ണുകൊണ്ടു പാർവ

---

* മനുഷ്യന്റെ വളർച്ചയ്ക്കു് അവന്റെ സ്വാതന്ത്ര്യാവകാശത്തെ വിട്ടുകൊടുക്കുകയേ വഴിയുള്ളു എന്നു സ്വാമി വിവേകാനന്ദൻ പറയുന്നതു നോക്കുക: "Let the men have the right of liberty that is the only Condition of growth."

ങ്ങൾ ഉണ്ടാക്കി, അതിൽ നദികൾ ഉത്ഭവിച്ചു് ഊറിയിറങ്ങി കൈവഴികളായി പിരിഞ്ഞൊഴുകുന്നതും, കാട്ടുകളും, വന്മരങ്ങളും, പട്ടണങ്ങളും, ഉൾനാട്ടുകളും, മഹാസമുദ്രങ്ങളും, ഉപദ്വീപുകളും ഉൾക്കടലുകളും മററുംചരിത്രപ്രധാനങ്ങളാകുന്ന കാഴ്ചകളും, വെവ്വേറെ ചായം കൊണ്ടു് അടയാളപ്പെടുത്തിയ, ഭൂഗോളത്തിൻെറയും, ഇൻഡ്യയുടെയും, പ്രത്യേകിച്ചു തിരുവിതാംകൂറിൻെറയും, ഭൂപടങ്ങൾ ചേതസ്സമാകർഷകമായി കണ്ടിരുന്നതിനെയാണു്. തുന്നലും, നെയ്ത്തും കൊണ്ടു് എന്തെല്ലാം പടങ്ങളും, വിചിത്രവസ്തുക്കളും അദ്ധ്യാപികമാരും വിദ്യാർത്ഥിനികൾക്കും ഉണ്ടാക്കുവാൻ ചിന്നമ്മയുടെ ശ്രമത്തിൽ കഴിഞ്ഞിരുന്നുവോ, അവയെല്ലാംപുള്ളമയിൽ തുട്ടുന്ന പുതുപൂക്കളെന്നോണം നയനാനന്ദകരങ്ങളായി പ്രദർശിതമായിരുന്നു. മററു കരകൗശലനിർമ്മിതസാമഗ്രികളിൽ, പുരാതനഗ്രന്ഥങ്ങൾ, കൈയെഴുത്തു താളിയോലലേഖനങ്ങൾ എന്നിവയുൾപ്പെടുങ്ങളിപ്പോകുന്നപ്രദർശനശാലയിലെ പണ്ടങ്ങൾഓരോന്നും ഓരോരുത്തർക്കും നൽകിയ വിജ്ഞാനം ഒന്നുമാത്രമാണു് ഈ പ്രദർശനസമ്മേളനാഘോഷം കൊണ്ടു് ചിന്നമ്മ കാംക്ഷിക്കയുണ്ടായിരുന്നതു്. അതു സാധിച്ചു എന്നു സന്ദർശകർ മുക്തകണ്ഠം സമർത്ഥിക്കുന്നു. സമ്മേളനം അവസാനിച്ചു.

ഈ ആഘോഷം നിർത്തിവയ്ക്കുവാനായി ആദ്യം ചിന്നമ്മയുടെ മേലാക്കന്മാർ നിർബന്ധിക്കാൻ പറയപ്പെടുന്ന ഒരു കാരണം അവർ അദ്ധ്യാപകന്മാരിൽ നിന്നും പണംപിരിക്കുന്നു എന്ന തെററിദ്ധാരണയായിരുന്നു. സമ്മേളനം സമാപിച്ചു്, അല്പംകഴിഞ്ഞതോടുകൂടി അന്വേഷണത്തിനായി ഇൻസ്പെക്ട്രസ്സും, ഡയറക്ടർ

സായിപ്പും കൊല്ലം മുജാവരിയിൽ എത്തി. വാൎത്തയറിഞ്ഞു മുജാവരിവാതുക്കൽ ജനങ്ങൾ കൂടിനിന്നിരുന്നു. സായിപ്പു വന്നിറങ്ങിയപ്പോൾ ജനക്കൂട്ടത്തിൽ നിന്നും "Here comes the Director of Public destruction" എന്നു ചിലർ വിളിച്ചുപറഞ്ഞു. ഈ നിഷേധഗൎജ്ജനത്തിന്റെ അൎത്ഥം പൊതുജനവിജ്ഞാനത്തെ വളൎത്തേണ്ട ആൾ അതു നശിപ്പിക്കുന്നു എന്നാണല്ലോ. അസൂയാഗ്നിയിൽ ദഹിച്ചുകൊണ്ടിരുന്ന ഇൻസ്പെക്ടൎസ്സിനും, ഡയറക്ടൎക്കും, ചിന്നമ്മയ്ക്കു പൊതുജനങ്ങൾ ഏകോപിച്ചു സഹായത്തിനുണ്ടെന്നു മനസ്സിലായി. ആ ഘോഷത്തിൽ പ്രധാനികളായ അദ്ധ്യാപകാദ്ധ്യാപികമാരുടെ മൊഴികൾ ഡയറക്ടർ വാങ്ങി പക്ഷേ ഒരു കുററം സ്ഥാപിക്കത്തക്കവണ്ണം ആ മൊഴികളിൽനിന്നും ഒന്നും കിട്ടിയില്ല. ആ വിദ്യാഭ്യാസധുരന്ധരൻ ഇച്ഛാഭംഗത്തോടെ ഉടനെ തിരുവനന്തപുരത്തെ തന്താങ്ങളുടെ ഉദ്യോഗപീഠങ്ങളിലേയ്ക്കു മടങ്ങിപ്പോകേണ്ടിത്തന്നെ വന്നു. വിദ്യാഭ്യാസപ്രചരണത്തിനു ചിന്നമ്മ സ്വീകാൎയ്യമായതെല്ലാം ചെയ്തും പോന്നു. പിന്നീട് മൂവാററുപുഴ നടന്ന പ്രദൎശനത്തിനു, കൊല്ലത്തെ പ്രദൎശനവിജയമാണു ചിന്നമ്മയെ ഗവൺമെന്റിൽനിന്നും നിയോഗിക്കുവാൻ കാരണമാക്കിയതെന്നു പറയേണ്ടതില്ലല്ലോ.

അദ്ധ്യാപനത്തിന്റെ ഏതെല്ലാം അംശങ്ങളിലാണു കുറവുകാണുന്നതെന്നു പരിശോധനയ്ക്കു ചെല്ലുമ്പോൾ ഓരോ ക്ലാസ്സിലും ചിന്നമ്മ ശ്രദ്ധയോടെ വീക്ഷിച്ചു പോന്നിരുന്നതിന്റെ ഫലമായാണു ചില വിഷയങ്ങൾ പഠിപ്പിക്കുവാൻ ഗ്രന്ഥങ്ങൾ ഇല്ലാ എന്നു അദ്ധ്യാപകന്മാർ സമാധാനം പറയുന്നതു കേട്ടിട്ടു കുട്ടികൾക്കു

സുഗ്രഹമായ രീതിയിൽ പ്രകൃതിപാഠകഥകൾ രചിച്ചതു്.

പ്രകൃതിപാഠങ്ങൾ രചിക്കുന്നതിനുള്ള കാരണത്തെപ്പററി ഫ. നമ്മ ഇങ്ങനെ എഴുതിയിരിക്കുന്നു. "എലിമെന്ററി പാഠശാലകളിൽ രണ്ടാംക്ലാസ്സു മുതൽ പ്രകൃതിപാഠം ഒരു നിർബന്ധവിഷയമായി നിർദ്ദേശിച്ചിരിക്കയാണല്ലോ? എന്നാൽ തത്സംബന്ധമായി അദ്ധ്യാപകന്മാർക്കാകട്ടെ വിദ്യാർത്ഥികൾക്കാകട്ടെ ഉപകരിക്കത്തക്കവണ്ണം മലയാളത്തിൽ ഒരൊററ പുസ്തകം ഇല്ലായ്കകൊണ്ടു സ്കൂളിൽ ഈ വിഷയം തൃപ്തികരമായി പഠിപ്പിച്ചുവരുന്നില്ല. ഓരോ സ്കൂളിലും അതാതു ക്ലാസ്സദ്ധ്യാപകന്മാർക്കു തോന്നിയതുപോലെ വല്ലതുമൊക്കെ പറഞ്ഞുകൊടുക്കുകയല്ലാതെ വിഷയത്തെ ഒരു നിർബന്ധവിഷയമായി നിർദ്ദേശിച്ചിട്ടുള്ളതിന്റെ ഉദ്ദേശം സാധിക്കത്തക്കവണ്ണം പഠിപ്പിക്കുന്നില്ല എന്നു് എനിക്കു് പൂർണ്ണബോദ്ധ്യം വരികയാലാണു്." "

അതുപോലെതന്നെ "ബാലികാപാഠശാലകളിൽ താഴ്ന്ന ക്ലാസ്സുകളിൽ സംഗീതം ശരിയായി പഠിപ്പിച്ചു കാണാത്തതിനെപ്പററി പലപ്പോഴും ചൂണ്ടിക്കാണിക്കേണ്ടിവരികയും മലയാളത്തിൽ ശരിയായ പാട്ടുകൾ ഇല്ലാത്തതുകൊണ്ടാണു് ഈ ന്യൂനതയ്ക്കു് ഇടയായിട്ടുള്ളതെന്നു് പലരും എന്നോടു പറയുകയും ചെയ്തിട്ടുണ്ടു്. ആ ന്യൂനതയെ പരിഹരിച്ചാൽകൊള്ളാമെന്നു് ഉദ്ദേശിച്ചു ഞാൻ ചെറിയ ഈ പുസ്തകം എഴുതുവാൻ ഉദ്യമിച്ചിട്ടുള്ളതു്......കൂടാതെ പാട്ടുകളെല്ലാം ചെറിയ കുട്ടികളിൽ അങ്കുരിപ്പിക്കേണ്ടവയായ ഈശ്വരവിശ്വാസം, രാജഭക്തി, സന്മാർഗ്ഗബോധം, മുതലായവയെ പ്രതിപാദിക്കു

ന്നവയാണ്." ഇങ്ങനെ ആ പുസ്തകത്തിന്റെ മുഖവുരയിൽ ചിന്നമ്മ രേഖപ്പെടുത്തിയിരിക്കുന്നു.

"നിങ്ങളുടെ ഈ ശ്രമം വളരെ അഭിനന്ദനീയമായിരിക്കുന്നു. കഥാവസ്തുക്കളുടെ പ്രകൃതിസിദ്ധമായ കോമളത്വത്തോടു യോജിച്ച നിങ്ങളുടെ അകൃത്രിമ ഭംഗിയായ ഭാഷാപ്രയോഗവും കൗതുകാവഹമായിരിക്കുന്നു.

ഉന്നമ്രനിർമ്മലരസാർമ്മികലപ്രശസ്തം
ചിന്നമ്മയാൽ സഫലിതനിർമ്മിതമിപ്പ്രബന്ധം
എന്മാനസത്തിലതിമാത്രമതായ മോദം
സമ്മാന്യമായിതധുനാജനതാത്യമന്ദം."

എന്നു സാഹിത്യപഞ്ചാനനൻ പി. കെ. നാരായണ പിള്ള അവർകളും;

"അഭിനയപ്പാട്ടുകൾ ഒന്നാം ഭാഗം എന്ന പുസ്തകം മുഴുവനും ശ്രദ്ധയോടെ വായിച്ചുനോക്കി. പ്രായം കുറഞ്ഞ പെൺകുട്ടികളെ പഠിപ്പിച്ച് അഭിനയിപ്പിക്കുന്നതിനു ഈ പാട്ടുകൾ എത്രയും അനുരൂപമായ വിധത്തിൽ ഉണ്ടാക്കപ്പെട്ടവയാണ്," എന്നു കേരളവർമ്മ വലിയ കോയിത്തമ്പുരാനും ചിന്നമ്മയ്ക്കു അയച്ച എഴുത്തുകളിൽ പ്രസ്താവിച്ചിരിക്കുന്നു. ഇതുകൂടാതെ ഭാനുവിക്രമൻ, സന്മാർഗ്ഗപാഠമാലിക എന്ന രണ്ടു രസകരങ്ങളായ കഥാപുസ്തകങ്ങളും ബാലവിദ്യാർത്ഥികളെ ഉദ്ദേശിച്ച ചിന്നമ്മ എഴുതിയിട്ടുണ്ട്.

വിദ്യാഭ്യാസപ്രചരണത്തിൽ ഇവർക്കുള്ള വിശേഷവിധിയായ ഉന്മേഷംപോലെ ഭരണകാര്യങ്ങളിലും കഥാനായിക മാതൃകയാണെന്നു വായനക്കാർ ഗ്രഹിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു, ഒരു കഥ പറയാം.

ഒരിക്കൽ, (ചിന്നമ്മ തിരുവനന്തപുരം ഡിസ്ത്രിക്റ്റിലിരിക്കുമ്പോൾ) പാറശ്ശാല പെൺപള്ളിക്കൂടത്തിലെ പ്രഥമാദ്ധ്യാപികയ്ക്കു് ഒരു സഹായാദ്ധ്യാപികയോടു തോന്നിയ വൈരം നിമിത്തം, തന്റെ വിരോധി (സഹായാദ്ധ്യാപിക) ചെയ്തതെന്നു പരസ്യപ്പെടുത്തി ശിക്ഷിക്കുന്നതിനായി, അനേകം ദിവസത്തെ ആലോചനയ്ക്കുശേഷം അവർ, ഒരു മാർഗ്ഗം കണ്ടുപിടിച്ചു അതു കണ്ടെത്തിയ മാർഗ്ഗം ഇതായിരുന്നു; പള്ളിക്കൂടം റിക്കാർഡുകൾ നശിപ്പിച്ചിട്ടു്, കുററം വിരോധിയുടെ മേൽ ചുമത്തുക എന്നതായിരുന്നു. അപ്രകാരം ഈ പ്രഥമാദ്ധ്യാപിക, മാർഗ്ഗം ലബ്ധമായതിനുശേഷം, താമസംകൂടാതെ ശത്രുസംഹാരത്തിനായുള്ള കർമ്മത്തെ ശ്രദ്ധമായി ചെയ്യുകയും ചെയ്തു. "എന്റെ ഒന്നാം അസിസ്റ്റൻറ പള്ളിക്കൂടംവക റിക്കാർഡുകൾ കീറി നശിപ്പിച്ചിരിക്കുന്നു" എന്നു് പ്രഥമാദ്ധ്യാപിക, ഇൻസ്പെക്ട്രസ്സ ചിന്നമ്മയ്ക്കു് എഴുതി.

യഥാർത്ഥസ്ഥിതികളൊന്നും ചിന്നമ്മയ്ക്കു് അറിഞ്ഞുകൂടി തനിക്കു കിട്ടിയ അറിവനുസരിച്ചു് അവർ സ്ഥലത്തു വന്നു. സഹായാദ്ധ്യാപികകൾ ഓരോരുത്തരായി ഇൻസ്പെക്ട്രസ്സിന്റെ മുമ്പിൽവന്നു, പ്രസ്തുത സ്കൂളിൽ നടന്നിരിക്കുന്ന സംഭവത്തെപ്പററി താന്താങ്ങളുടെ മൊഴികൾ കൊടുത്തുകൊണ്ടിരിക്കയായിരുന്നു. തെളിഞ്ഞ നല്ല നട്ടുച്ചയ്ക്കു പൊട്ടുന്നവെ ഇരുട്ടുവീണു ദിങ്മുഖം കറുക്കുമാറിൽ, മറെറാരു സംഭവം അവിടെ നടക്കുന്നു: ഇൻസ്പെക്ട്രസ്സ ചിന്നമ്മ മററദ്ധ്യാപികമാരെ വിസ്തരിച്ചുകൊണ്ടിരിക്കുന്നുവെന്നു പറഞ്ഞുവല്ലോ. അവിടെ പ്രഥമാദ്ധ്യാപി കടന്നുചെന്നു്, "എടി, നിനക്കെന്തുകാര്യം?

എന്റെ പള്ളിക്കൂടത്തിൽ കടന്നുവരുവാനെന്തധികാരം.? ഇറങ്ങ്; വെളിയിലിറങ്ങ്. എന്നെ ദ്രോഹിക്കുവാൻ ഇവരിൽനിന്നും കോഴിവാങ്ങുന്നുവോ?" എന്നിങ്ങനെയുള്ള സഭ്യാതിക്രമത്തോടും, വെററിലമുറുക്കി ചവച്ച് ഇൻസ്പെക്ടറസ്സിന്റെ ശിപായിയുടെ മേൽ തുപ്പിക്കൊണ്ടും, ചൂരൽ തടിയെടുത്തു അടിക്കാൻ ഓങ്ങിക്കൊണ്ടും, സ്വഭർത്താവിനെപ്പോലും നിസ്സങ്കോചം പ്രഹരിക്കുവാൻ വല്ലഭയെന്നു പേരുപത്തിയിട്ടുള്ള ആ പ്രഥമാദ്ധ്യാപിക ചിന്നമ്മയുടെ നേർക്ക് അടുത്തു. ചിന്നമ്മ എന്തെല്ലാം സംഭവിക്കുമെന്നു ചിരിച്ചുംകൊണ്ടു നോക്കിക്കൊണ്ടിരുന്നു. ആകെ കുഴപ്പമായി. ഒരു അദ്ധ്യാപകൻ ഇടയ്ക്കു കയറി ചെറുക്കുക കാരണം കോപോന്മാദമായ ആ സ്ത്രീ ശാപത്തിൽനിന്നും ആർക്കും പ്രഹരമേററില്ലായെന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ.

കോഴികൾ വാങ്ങിക്കൊണ്ടു വെളിയിലേയ്ക്കിറങ്ങിയ ചിന്നമ്മ "ഞാൻ ഇനി ശമ്പളം വാങ്ങുന്നതു് ഈ ഭയങ്കര കൃത്യം ചെയ്തതാരെന്നു കണ്ടുപിടിച്ചിട്ടുതന്നെ." എന്നു് അല്പം കോപതാപങ്ങൾ ഇടകലർന്ന സ്വരത്തിൽ പറഞ്ഞുകൊണ്ടു് അവിടെ നിന്നും തിരിച്ചു.

"അസിസ്റ്റന്റിനെ തുലപ്പാനായി ഹെഡ്മിസ്റ്റ്രസ്സ് ചെയ്തതു്" എന്നു സ്പഷ്ടമായി. സ്കൂൾവളപ്പിൽ ഉപയോഗശൂന്യമായി കിടന്നിരുന്ന കിണററിൽനിന്നും റിക്കാർഡുകൾ കെട്ടിക്കയററി; നേര്യതിന്റെ കസവും കരയും കൊണ്ടു ബന്ധിച്ചിരുന്ന ആ ഭാണ്ഡങ്ങൾ പരിശോധിച്ചപ്പോൾ പ്രഥമാദ്ധ്യാപികയുടെ "നാമാങ്കം" അതിൽ അങ്കിതമായി കാണപ്പെട്ടു. ഗവണ്മെന്റിൽനിന്നും കുററ

കാരിയായ പ്രഥമാദ്ധ്യാപികയെ ഇൻസ്പെക്ട്രസ്സ് ചിന്നമ്മയുടെ റിപ്പോർട്ടനുസരിച്ച് ഉടൻ ജോലിയിൽ നിന്നും പിരിച്ചയയ്ക്കുകയും ചെയ്തു.

ഒരു ഒന്നാംതരം നടനും, കവിയുമായ തിക്കുറിശ്ശി സുകുമാരൻനായരുടെ അദ്ധ്യാപികയായിരുന്ന അമ്മ പറയുകയാണ്: "ഉദ്യോഗകാര്യത്തിൽ ചിന്നമ്മ ഇൻസ്പെക്ട്രസ്സിന്റെ ചിരി സൂക്ഷിക്കേണ്ടതാണ്. നല്ലതിനും തീയതിനും അവർക്കു ചിരിതന്നെ. ഞാൻ പരണിയംസ്ക്കൂളിൽ ഇരിക്കുമ്പോൾ അവർ പരിശോധനയ്ക്കു് അവിടെ വന്നു. ഒന്നാംക്ലാസ്സിലെ ഒരു വിദ്യാർത്ഥിനിയോടു് അവർ ചോദിച്ചു. നിനക്കെത്ര കൈയ്യുണ്ടെന്നു". കുട്ടി, നാലു കൈയ്യുണ്ടെന്നു ഞൊടിയിടയിൽ ഉത്തരം കൊടുത്തു. ഇൻസ്പെക്ട്രസ്സ് "നീ മഹാലക്ഷ്മിയാണോ?" എന്നു ചോദിച്ചുംകൊണ്ടു കടന്നുപോയി റിക്കാർഡുകളും ക്ലാസ്സുകളും പരിശോധിക്കുവാൻ. ആരുടെ സങ്കടവും ദയവോടുകൂടി അവർ കേൾക്കും. കുററം കണ്ടാൽ സഹിക്കവയ്യാത്ത ശിക്ഷിക്കുകയും ചെയ്യും. എന്നാൽ ഇൻസ്പെക്ട്രസ്സിന്റെ വീട്ടിൽ ചെന്നാൽ, എത്ര താണതരത്തിൽ മററുള്ളവർ കരുതുന്നവരെയും ഉപചാരപൂർവം സ്വീകരിക്കും. അതിഥികൾ അവരുടെ ഭവനത്തിൽ ഉണ്ടായിരിക്കുന്നതു് ഒരു സൌഭാഗ്യംപോലെ അവർ കരുതിയിരുന്നു."

മയ്യനാട്ടെ മഹിളകളുടെ യോഗത്തിൽ (സാഹിത്യപ്രദർശനത്തോടുകൂടിയ) ആദ്ധ്യക്ഷം വഹിപ്പാൻ നമ്മുടെ കഥാനായിക പോയതും കൊല്ലത്തെ താമസക്കാലത്തായിരുന്നു. യോഗത്തിൽ ചിന്നമ്മ പ്രസംഗിച്ചുകൊണ്ടു നിൽക്കുന്നൊരു ചിത്രം "വനിതാരത്നം" എന്നൊരു മാസികയിൽ

പ്രസിദ്ധം ചെയ്തിരുന്നതു കാണ്മാനുണ്ടു്. പൊതുകാര്യങ്ങൾക്കും, ഉദ്യോഗകാര്യങ്ങൾക്കുമായി ആളുകൾ ഇടവിടാതെ ചെല്ലാറുണ്ടായിരുന്ന ചിന്നമ്മയുടെ ഭവനം ഒരു പൊതുസ്ഥലംപോലെ കണ്ടിരുന്നതായി സന്ദർശകർ ഇന്നും പറയുന്നുണ്ടു്. സംഭാഷണചതുരയായ ചിന്നമ്മയിൽനിന്നും, സന്ദർശനം കഴിഞ്ഞിറങ്ങുമ്പോൾ, നവമായി പഠിക്കുവാൻ പലതുമുണ്ടായിരിക്കുമെന്നുള്ളതു പ്രസിദ്ധമാണു്, "അവരുടെ നോട്ടത്തിൽനിന്നും, ചിരിയിൽനിന്നുംകൂടി സ്വഭാവത്തിൽനിന്നും എന്നപോലെ പഠിക്കുവാനേയുള്ളു" എന്നു തിരുവല്ലായിലെ ഒരു മാന്യമഹിള ചിന്നമ്മയെ സംബന്ധിച്ചു് അവർക്കു പഠിക്കാൻ കഴിഞ്ഞതെന്തെന്നു പറഞ്ഞുതരുന്നു.

ഈ അദ്ധ്യായം തുടങ്ങുമ്പോൾ വായിച്ച സംഭാഷണാനന്തരം ഉണ്ടാകുന്ന സംഭവം എന്തെന്നു് ഇതുവരെയ്ക്കും വായനക്കാരോടു പറഞ്ഞിട്ടില്ല. അങ്കുരം എന്നു് അദ്ധ്യായത്തിനു പേരു കൊടുക്കുന്നതിനനുരൂപമായി ഒന്നും കാണുന്നില്ലല്ലോ എന്നു പ്രിയ വായനക്കാർ കുറ്റപ്പെടുത്തുകയും ചെയ്യുന്നുണ്ടാവാം

ആംഗലസാഹിത്യത്തിൽ പ്രസിദ്ധനായ ഡാക്ടർ ജാൺസൺ കടവരാന്തകളിൽ മയങ്ങിക്കിടക്കുന്ന അനാഥകുട്ടികളുടെ കൈകളിൽ വെള്ളിനാണയങ്ങൾ കൊണ്ടുവച്ചു മുറുക്കിപ്പിടിപ്പിച്ചിട്ടു് ആളറിയിക്കാതെ കടന്നുപോകുന്ന കഥ അദ്ദേഹത്തിന്റെ പ്രസിദ്ധമായ ജീവിതചരിത്രം വായിച്ചിട്ടുള്ള വായനക്കാർ മനുഷ്യത്വപത്തിനു് ഉദാഹരണമായി മിക്കവാറും ഓർക്കുവാൻ വക

യുണ്ടു്. അപ്രകാരമുള്ള ഒരു ശ്രേഷ്ഠിയാണു ഇവിടെ പറയാൻ പോകുന്നതു്.

ശ്രീമതി ചിന്നമ്മ, തന്റെ കൂടെയുള്ളവരോ, ബന്ധുക്കളോ, തന്നെ സംബന്ധിച്ച മററാരുമോ അറിയാതെ അഗതികളെ സഹായിച്ചുകൊണ്ടിരുന്നു. “മറെറാരുത്തനുവേണ്ടി നമുക്കു ചെയ്യാവുന്ന വലിയ സേവനം സ്വസഹായത്തിന് അവനെ പ്രാപ്തനാക്കുകയാണു്,” എന്ന മുദ്രാവാക്യം സ്വീകരിച്ചിരിക്കുന്ന ചിന്നമ്മ, ആൎക്കെങ്കിലും എന്തെങ്കിലും കൊടുക്കുന്നതായാൽ അതു കാര്യമായി കണക്കാക്കാതെ തള്ളുന്നതു പേരിനുവേണ്ടി സംഭാവന ചെയ്യുന്നവർ പഠിക്കേണ്ടതുതന്നെയാണു്.

സ്വസഹായത്തിനു പ്രാപ്തി വരുത്തിയില്ലെങ്കിൽ, ഭിക്ഷുകനെ എന്നും ഭിക്ഷുകനായേ കാണ്മാൻ വഴിയുള്ളു എന്നതു് ഒരു പരമാൎത്ഥം മാത്രമാണു്. കുറച്ചുപേർ അവരുടെ സൗകര്യത്തിനൊത്തു വല്ലതും പിടിച്ചുപറിച്ചു വലിയവരാകയും, അധികംപേർ, സ്വാശ്രയശക്തിയില്ലാത്തവർ—സ്വസഹായത്തിനു പ്രാപ്തിവരാൻ പരിസരം അനുവദിക്കാത്തവർ താണവരായി, കൊടുക്കുന്നതുവാങ്ങി തൃപ്തിയാകുകയും ചെയ്യുന്ന സമ്പ്രദായത്തെ മനുഷ്യസമുദായത്തിൽനിന്നും പിഴുതു കളഞ്ഞല്ലാതെ മനുഷ്യനു മേൽഗ്ഗതി വരികയില്ലെന്നു പഠിച്ചും ചിന്തിച്ചും പരിശീലിച്ചും നോക്കാൻ നമ്മുടെ കഥാനായിക കോപ്പിടുന്നു: ഒരാദർശത്തിനുവേണ്ടി. ഒന്നു പ്രസിദ്ധമാണു്; ചിന്നമ്മ ഇൻസ്പെക്ട്രസ്സിനെ ചെന്നുകണ്ടാൽ ഉപദ്രവം ഒഴിക്കുവാനായി വല്ലതും കൊടുത്തു പറഞ്ഞയക്കുകയല്ലായിരിക്കും അധികവും അവർ ചെയ്യുന്നതു് എന്നു്. ഈ വിശ്വാസ

ത്തോടുകൂടി കോട്ടയം പരിസരങ്ങളിൽനിന്നും ദാരിദ്ര്യ പീഡിതരായ ഒരു അപ്പൻ, അമ്മ, അവരുടെ രണ്ടു് ആൺമക്കൾ, ഒരു പെൺകുട്ടി ഇത്രയുംപേർ ചിന്നമ്മയെ കാണ്മാനായി കൊല്ലത്തു വന്നുചേന്നു. പാവങ്ങൾക്കു പ്രാതസ്മരണീയയായ ചിന്നമ്മ, അവരുടെ സ്ഥിതി മുഴുക്കെ അലിവോടുകൂടി കേട്ടിട്ടു്, ആൺമക്കളിൽ ഏഴാം ക്ലാസ്സുവരെയുള്ള പഠിപ്പുണ്ടായിരുന്ന ആൾക്കു തന്റെ കൊച്ചുമകനെ മലയാളം പഠിപ്പിക്കുവാനും, മററാളെ ഒരു ചെറിയ സക്കാർ ജോലിയിലും ഏർപ്പെടുത്തി; അവരുടെ താമസത്തിനും, വേണ്ടതു ചെയ്തു. ആ കുടുംബം അവരുടെ നിലയ്ക്കൊത്തവണ്ണം സ്വാസ്ഥ്യത്തിനു പ്രാപ്തി വരുവോളം വേണ്ടതു നമ്മുടെ കഥാനായിക രഹസ്യമായി ചെയ്തുകൊണ്ടിരുന്നു. ഇന്നു് ആ കുടുംബം പരിശ്രമംകൊണ്ടു് അവിടെ ഭൂസ്വത്തും സ്വന്തമായ കെട്ടിടങ്ങളും ഉണ്ടാക്കിട്ടുണ്ടു്. ഇമ്മാതിരി പല സംഭവങ്ങളുണ്ടു്. കഥാനുബന്ധമായി ഒരു ഉപകഥയിലേയ്ക്കു തിരിഞ്ഞുപോയി. ഇനി പ്രകൃതംതന്നെ നമുക്കു് അവലംബം.

കോട്ടയത്തുനിന്നും ചിന്നമ്മയ്ക്കു നൽകിയ യാത്രയയപ്പിനെപ്പററി കേൾപ്പിച്ചിട്ടു്, സ്വഭാര്യയോടു "നിങ്ങളുടെ ഭാവി അവരിൽതന്നെയാണു സ്ഥിതിചെയ്യുന്നതു്," എന്നു ഹെഡ്മാസ്റ്റർ കൃഷ്ണപിള്ള പറഞ്ഞതു കൊല്ലത്തെ സ്ത്രീകളുടെ സാമുദായികോന്നമനത്തെ ഓർത്തിട്ടായിരുന്നു. എന്നാൽ "നിങ്ങളുടെ ഭാവി" എന്നു് ശ്രീ. കൃഷ്ണപിള്ള പറഞ്ഞതു തന്റെ വിധവയായ ഭാര്യയുടേയും, അനാഥരായ രണ്ടു കുട്ടികളുടേയും ഭാവിയായി പരിണമിച്ചു. ആ സംഭാഷണാനന്തരം മൂന്നാമത്തെ മാസത്തിൽ ഹെഡ്

മാസ്റ്റർ കൃഷ്ണപിള്ള ഇഹലോകവാസം വെടിഞ്ഞു. ഭർത്തൃനഷ്ടയായി നിരാലംബയായി എൺപത്തൊൻപത് ഇടവമാസത്തിൽ (ആറുവയസ്സായ തന്റെ മകൾക്ക്, അഞ്ചാം ക്ലാസ്സിൽ പ്രവേശം കിട്ടുവാൻ സ്കൂളിൽ എടം ഇല്ലായെന്നു പറയുന്നതിനാൽ അതിനു വഴിയുണ്ടാക്കണം എന്നു നിവേദനത്തോടെ ഒരു സ്ത്രീ ചിന്നമ്മയെ അടുക്കുന്നു. ഇവർ ചിന്നമ്മയെ കാണാൻവന്ന ദിവസം നമ്മുടെ കഥാനായിക തന്റെ നാലാമത്തെ പുത്രനെ പ്രസവിച്ച് അഞ്ചാംനാൾ ആകുന്നതേയുള്ളു. * അവരെ അകത്തു ചെല്ലുവാൻ ചിന്നമ്മ പറഞ്ഞയച്ചു. ചെന്നു. താപതാപിതയും, അനന്യശരണയുമായിരിക്കുന്ന അവരുടെ ഇപ്പോഴത്തെ സ്ഥിതികളും, ഭർത്തൃനഷ്ടത്തിനു മുമ്പിലുള്ള സുഖജീവിതവും ചിന്നമ്മ കേട്ടു. പിന്നീടു നമ്മുടെ കഥാനായിക കൂടുതലായി ഒന്നും ചോദിച്ചതോ പറഞ്ഞതോ ഇല്ല. അവൾക്ക് ഒരു കത്തെഴുതി കൈയ്യിൽ കൊടുത്തിട്ട്, ഈ കത്തു കൊണ്ടുകൊടുക്കണം; ഏതെങ്കിലും ഒരു കുട്ടിയെ വേറെ ചേർക്കുന്നുവെങ്കിൽ നിങ്ങളുടെ കുട്ടിയ്ക്കു മുൻഗണന കൊടുപ്പാൻ എനിക്കു പകരമുള്ള ആൾക്ക് ഇതിൽ എഴുതിയിട്ടുണ്ട്. എന്നു നിങ്ങളുടെ ഒരു സഹോദരിയെപ്പോലെ കരുതി യാതൊരു വല്ലായ്മയും കൂടാതെ

* ചിന്നമ്മ ഇതിനകം നാലു് ആൺകുട്ടികൾക്ക് അമ്മയായിട്ടുണ്ട്. ൧൧൦൭ കുംഭത്തിൽ അഞ്ചാമതു ഒന്നുകൂടി പ്രസവിച്ചുവെങ്കിലും ശിശു സദ്യോമൃതി അടഞ്ഞുപോയി. ആയുഷ്മാന്മാരായി മൂന്നുപേരാണു ചിന്നമ്മയുടെ സന്താനങ്ങളിൽ ഇന്നുള്ളത്. ഇവർ മൂന്നുപേരും തൃപ്തികരമാം വിധം സാപസഹായത്തിനു വിധേയരുമാണ്.

അടപ്പിച്ചു വന്നുകാണുക." ഇപ്രകാരം പറഞ്ഞു യാത്ര യാക്കി. ചിന്നമ്മയുടെ ഭവനത്തിൽനിന്നും ഈ ഇറങ്ങി പ്പോകുന്ന ഇരുപത്തഞ്ചു വയസ്സുമാത്രം പ്രായമുള്ള മഹിള യാണു്, ഈ ഗ്രന്ഥത്തിൽ ഇതിനുമുമ്പു പ്രവേശിച്ചു കഴി ഞ്ഞിട്ടുള്ള ഗൗരിഅമ്മ.

കുടുംബത്തിനും കുലമര്യാദകൾക്കും ആചാരക്രമം അനുസരിച്ചു് ഇവൾക്കു യാതൊരു ഭ്രംശവും വന്നിട്ടില്ല. ഭർത്താവിൻെറയോ തൻെറയോ കുടുംബങ്ങൾ ക്ഷയിച്ചിട്ടു മല്ല ഇവർ നിരാധാരയായിത്തീർന്നിരിക്കുന്നതു്: ഒരമ്മയ്ക്കു് ഒരു മകളായി ജനിച്ചു; ബാല്യത്തിലെ അമ്മ മരിച്ചു; ധനപുഷ്ടികൊണ്ടു മതിമറന്ന കാരണവന്മാരോടു് ഏററു നിന്നു പൊരുതിക്ക വാങ്ങുവാൻ ശക്തരായി ഇവർക്കു മററാരുമില്ല. അതൊന്നു മാത്രമാണു് ഇവരുടെ അനാ ഥതയ്ക്കുകാരണം.

തൊണ്ണൂററിരണ്ടിൽ കൊല്ലത്തു ഭയങ്കരമായ മസൂരി ബാധിച്ചു. ആ അവസരത്തിൽ ചിന്നമ്മയുടെ മൂന്നാ മത്തെ പുത്രനും മസൂരിദീനം പിടിപെട്ടു. രോഗഗ്രസ്ത നായ തനയനു ഔഷധം കൊടുത്തും, പരിചരിച്ചും, കുറച്ചു നാൾ, വെളിയിലിറങ്ങാതെ ചിന്നമ്മ കഴിച്ചിരുന്നു. അവർ പുത്രനെ വീണ്ടെടുത്തു.

തൻെറ പാർശ്വങ്ങളിൽ ആർക്കെങ്കിലും സുഖ ക്കേടാണെന്നു, പ്രത്യേകിച്ചു സ്ത്രീകൾക്കും കുട്ടികൾക്കും, നമ്മുടെ കഥാനായിക അറിയുവാൻ ഇടയായാൽ അവിടെ പോയി അന്വേഷിക്കുകയും, വേണ്ടിവന്നാൽ മരുന്നുകൊടുത്തു പരിചരിക്കയും ചെയ്തുപോന്നിരുന്നു.

മുൻപുതന്നെ അവർ തുടങ്ങിയിട്ടുള്ള ഔഷധവിതരണം നിർത്തുവാൻ കാരണമായ ഒരു സംഭവമാണു ചുവടിൽ വരുന്നതു്.

ഒരിക്കൽ കൊല്ലത്തു കാളറാദീനം പിടിപെട്ട ഒരു പെൺകുട്ടിയെ ഡാക്ടറന്മാർ പരീക്ഷിച്ചിട്ടു്, മരിച്ചുപോകുമെന്നു തീർച്ചപ്പെടുത്തി തള്ളിയിരിക്കുന്നതു, ദിനംപ്രതി അന്വേഷിച്ചുപോയിരുന്ന ചിന്നമ്മ അറിഞ്ഞു. ബാലികയുടെ മരണചേഷ്ട കണ്ടു, ആപൽക്കരണീയം എന്തെന്നു ചിന്നമ്മ സ്വയം ആലോചിച്ചു. ബന്ധുക്കൾ, ബാലികയുടെ മരണനിമിഷം ഉൽക്കണ്ഠയോടെ നോക്കിയിരിക്കയായിരുന്നു. "ആകട്ടെ, ഇത്രത്തോളമായല്ലോ; ഒരു മരുന്നുകൊടുക്കുവാൻ എന്നെ അനുവദിക്കുമോ?" എന്നു ചിന്നമ്മ അനുമതി ചോദിച്ചുകൊണ്ടു് ഒന്നാമത്തെ പ്രാവശ്യം കഴിഞ്ഞു, രണ്ടാമത്തെ തവണ മരുന്നുകൊടുത്തു കഴിഞ്ഞപ്പോൾ തണുപ്പും അതിസാരവും ഛർദ്ദിയും മത്സരിച്ചു, മരണമുഖത്തിൽവീണു ലയിക്കുവാൻ താമസമില്ലാതിരുന്ന ബാലിക കണ്ണുകൾതുറന്നു; അവൾക്കു ബോധംവീണു; അതിസാരം നിന്നു. അത്ഭുതത്രസ്തരായ ബന്ധുക്കൾ ആയിരമായിരം ആശീർവാദങ്ങൾകൊണ്ടു് ഇൻസ്പെക്ട്രസ്സമ്മയെ മാല്യംചാർത്തി അനുഗ്രഹിച്ചു.

ഇതു കഴിഞ്ഞു ചിന്നമ്മ തന്റെ ഔഷധവിതരണം നിർത്തുവാനുള്ള കാരണത്തെപ്പറ്റി ശ്രീ. ശങ്കരപ്പിള്ളയോടു് ഇപ്രകാരം പറയുകയുണ്ടായി: "ഞാൻ വളരെപ്പേർക്കു് ഔഷധം കൊടുത്തു; ആശ്വാസവും കണ്ടു. എന്നാൽ നിവൃത്തിയില്ലെന്നു കണ്ടു ഡാക്ടറന്മാർ തള്ളിയ ആ ബാലികയുടെ സുഖക്കേടു, ക്ഷണംകൊണ്ടു കുറ

ന്നതും രക്ഷപ്പെട്ടതും കേവലം അതിശയത്തിന്നേ വകയുള്ളു. വൈദ്യം പഠിക്കാത്ത ഞാൻ ഇനിയും ഇമ്മാതിരി ആസന്നാവസ്ഥകളിൽ മരുന്നുകൊടുക്കാൻ തുടങ്ങും. അതുകൊണ്ടു് ഒരു ദോഷം വന്നുവെങ്കിൽ പിന്നെ ഞാൻ ഒരു പാപിയായിത്തീരും, എൻെറ ഹൃദയത്തിന്. രണ്ടാമതു ഡാക്ടറന്മാർ വൈദ്യം പഠിക്കാത്തവർ ഇടപെട്ടാൽ ഫലം ഇതുതന്നെ എന്നു പറയാറുമാവും. അതിനാൽ ഇനി അതു വേണ്ട."

തൊണ്ണൂററിരണ്ടു് ഇടവത്തിൽ, ചിന്നമ്മ കൊല്ലത്തു നിന്നും തിരുവനന്തപുരത്തേക്കു സ്ഥലംമാറുമ്പോൾ പൊടിപൊടിപ്പൻ യാത്രയയപ്പു സൽക്കാരങ്ങൾ, സർവർക്കും ക്ഷേമപ്രദമായ അനർഘസേവനങ്ങളെ പരിഗണിച്ചു നൽകപ്പെട്ടു. അതിൽ, മിസ്സിസ് ഡാക്ടർ രാമൻതമ്പി തുടങ്ങിയ വ്യക്തികളുടെ വകയായി പ്രത്യേകം പ്രത്യേകം സൽക്കാരങ്ങൾ ഉണ്ടായിരുന്നു.

ഉദാരമനസ്കനായ ഡാക്ടർ രാമൻതമ്പിയോടു, കണ്ടു മുതൽ അന്നുവരെ പൊരുതിക്കു വേണ്ടതെല്ലാം കൊടുത്തു തന്റേയോ അവരുടേയോ (സഹായാർത്ഥികളുടെ,) ബന്ധുക്കൾ പോലും അറിയാതെ ചിന്നമ്മ നോക്കിവരുന്ന ഗൗരിയമ്മയുടെ, വിദ്യാർത്ഥികളായിരുന്ന രണ്ടു കുട്ടികളുടെ കാര്യം കുറച്ചുകാലത്തേക്കു നോക്കിക്കൊള്ളണമെന്നു് അർത്ഥിക്കുവാനായി പോയിരുന്നപ്പോഴാണു് ആ മഹാൻ അതിനു ബദ്ധകങ്കണനായിരിക്കുന്നുവെന്നു നമ്മുടെ കഥാനായിക മനസ്സിലാക്കുന്നതു്. "എൻെറ ഒരു കടമ മാത്രമാണു ഹെഡ്മാസ്റ്റർ കൃഷ്ണപിള്ളയുടെ കുട്ടികളെ ഈ അവസ്ഥ

യിൽ സഹായിക്കേണ്ടതു്. അതിനു ഞങ്ങൾ തങ്ങളിൽ അത്രക്കു വേഴ്ചയുണ്ടായിരുന്നു. എന്നെ ഇത്രനാളും അറിയിച്ചില്ലല്ലോ" എന്നു് ആ അവസരത്തിൽ ഡാക്ടർതമ്പി പറഞ്ഞതായിട്ടു നന്ദിനിറഞ്ഞ ഗൗരിയമ്മ സ്മരിക്കുന്നു.

താൻ പോററിവന്ന അനാഥക്കു, തന്റെ വേർപാടിൽ ആശ്വസിക്കുവാൻ ഒരു തണൽ കണ്ടെത്തിയതു് അതു് അനുഭവിക്കാൻ പോകുന്നവരെക്കാളും ആശ്വാസതരമായി നമ്മുടെ കഥാനായികയ്ക്കു തോന്നി.

"ഗൗരിയമ്മയ്ക്കും, തിരുവനന്തപുരത്തേക്കു പോരുവാൻ വേണ്ട ഒരുക്കങ്ങൾ ചെയ്യുകയാണു് എന്റെ അടുത്ത പ്രവൃത്തി." എന്നുമാത്രം അവസാനമായി പറഞ്ഞിട്ടു ചിന്നമ്മ കൊല്ലത്തെ ഉദ്യോഗജീവിതവും അവസാനിപ്പിച്ചുകൊണ്ടു തിരുവനന്തപുരത്തേക്കു യാത്രയായി.

ഗൗരിയമ്മ ചിന്നമ്മയെ സമീപിച്ചതോടുകൂടി സേവനോത്സുകമായ അവരുടെ ഹൃദയത്തിന്റെ പശ്ചാത്തലത്തിൽ ഒരു വിശിഷ്ടസ്ഥാപനത്തിന്റെ "അങ്കുരം" ജാതമായിക്കഴിഞ്ഞു. അത്രമാത്രം.

# അദ്ധ്യായം ൯.

## അനന്തരസംഭവങ്ങൾ.

തിരുവിതാംകൂറിന്റെ വടക്കേ അററംമുതലുള്ള സ്ത്രീസമുദായത്തിന്റെ ഒരു ജീവച്ചിത്രം തിരുവനന്തപുരത്തു വന്നിരിക്കുന്ന നമ്മുടെ കഥാനായികയുടെ ഹൃദയത്തിൽ ശരിക്കു പതിഞ്ഞിരിക്കുന്നു. സമുദായമണ്ഡലത്തിന്റെ ഉപരിഭാഗത്തു ചുററിക്കറങ്ങുന്നവൎക്ക് അതിൽ എത്രകണ്ടു ദൃഷ്ടിയുണ്ടെന്നോ അവർ സുസൂക്ഷ്മമായി അറിഞ്ഞിരിക്കുന്നു. അജ്ഞതയിലും, അടിമത്തനത്തിലും കിടന്നുഴലുന്ന അവശരായ സമുദായാംഗങ്ങൾക്കു പണം നോക്കി സ്ഥാനം കല്പിക്കുന്ന ഒരു ലോകത്തുനിന്നു കിട്ടുന്നതെന്തെന്നും, ഈ മൂകവൎഗ്ഗത്തിനുവേണ്ടി ആരെങ്കിലും ജീവിക്കാനിറങ്ങിയാൽ, അവൎക്കു ഇന്നുവരെ ലോകചരിത്രത്തിൽ എന്താണു ലബ്ധമായിട്ടുള്ളതെന്നും ചിന്നമ്മ നല്ലപോലെ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു.

"പണമില്ലാത്തവൻ പിണം" എന്ന സങ്കല്പമൎയ്യാദകളിൽ വിശ്വസിച്ചുറച്ചിട്ടുള്ള ഒരു സമുദായത്തിൽനിന്നും, ഈ സ്ഥിതിക്കു, ആരാണു സമുദായസേവനത്തിനു പ്രാപ്തനാകുന്നതും, മുന്നോട്ടുവരുന്നതും? ചിൽവ്വാന എന്നതു് എവിടെനിന്നു്? നിലവിലിരിക്കുന്ന രീതികളനുസരിച്ചു് കിട്ടുന്നതെന്തെല്ലാമായിരുന്നാലും—അതെത്ര പുറകോട്ടുതള്ളിയാലും, തന്റെ ആദൎശം ഒരു ശക്തിയാണെന്നു സ്ഥാപിക്കുവാൻ കഴിയുന്നതെത്രപേൎക്കു? "ദാരിദ്ര്യമെന്നുള്ളതറിഞ്ഞവൎക്കേ പാരിൽ പരക്ലേശവിവേകമുള്ളൂ" എന്നു

കവി പാട്ടുംപോലെ ദാരിദ്ര്യാഗ്നിയിൽ എരിഞ്ഞിട്ടുള്ള സാധാരണക്കാരിൽനിന്നു വേണം, പരക്ലേശപ്രചോദിതമായിട്ടു, അനുഗ്രഹപരമായ കാര്യങ്ങൾ പൊന്നുവാൻ: ക്ലേശങ്ങൾക്കും, അധമർണ്യത്തിനും ഒരേ ഒററ നിദാനമായ ഇല്ലായ്മയാൽ (പണക്ലേശത്തിനാൽ) താഴ്ത്തപ്പെട്ടവരുടെ ജീവിതങ്ങൾക്കു മോചനം കൊടുക്കുവാൻ: ഇതെങ്ങനെയാണു സാദ്ധ്യമാവുക! ചുററുപാടും നല്ലവണ്ണം പഠിച്ചതിനുശേഷം, തൽക്കാലസ്ഥിതിക്കു 'സേവനം' എന്ന ഒന്നുകൊണ്ടു സാധിച്ചുകൂടിയില്ലെങ്കിൽ സാമുദായികമായി മററുവിധത്തിൽ എന്തെങ്കിലും ചെയ്യുന്നതിനു പ്രയാസമാണെന്നു മനസ്സിലാക്കിയ കേരളത്തിലെ ആദ്യവ്യക്തിയത്രെ നമ്മുടെ കഥാനായിക. ഇതിനു മാർഗ്ഗമെന്തു്? ധനാഢ്യകാമികളുടെ പടിക്കൽ കാത്തുനിന്നു യാചിക്കേണ്ടി വരുന്നില്ലയോ? മാനാവമാനങ്ങൾ ദൂരെ കളഞ്ഞു, സഹിച്ചും, ത്യജിച്ചും കഥാനായിക തെളിയിക്കാൻ പാകംവിധം തന്നെ വേണ്ടിയിരിക്കുന്നു. ത്യാഗത്തിനും സേവനത്തിനും വേണ്ട രണ്ടു കാര്യങ്ങൾ ശ്രേഷ്ഠമായ ജ്ഞാനവും, വലിപ്പമുള്ള ഹൃദയവുമാകുന്നു. ഹൃദയം എന്നൊന്നില്ലെങ്കിൽ (ദ്വിപദചാരികളായി കാണുന്നവർക്കെല്ലാം അതുണ്ടെന്നു് ആരും ധരിക്കരുതു്) അന്യരുടെവേണ്ടിയുള്ള യാതൊരു സംരംഭത്തിനും, ക്ലേശത്തിനും സാദ്ധ്യമല്ലല്ലോ. ചുരുക്കത്തിൽ, വെളിയിലെ പ്രവൃത്തിക്കു് അകത്തെ ബലങ്ങളാണു അവലംബം എന്നു സ്പഷ്ടമാകുന്നു. ഇതു നേടുകയായിരുന്നു നമ്മുടെ കഥാനായിക ഇതുവരെ ചെയ്തുകൊണ്ടിരുന്നതു്. സേവനത്തിനുള്ള വിലയെ അതിനുള്ള ക്ലേശത്തോടുകൂടി കഥാനായിക കാണിച്ചു

കൊട്ടപ്പാൻ ഉതകുന്നവയാണ്. കെട്ടിപ്പിടിച്ചിരിക്കുന്ന കൃപണചിത്തങ്ങൾ അഗ്നിസ്പർശംകൊണ്ടു് ഉരുകിത്തുടങ്ങുന്ന വെണ്ണപോലെ ഉരുകിമാറുന്നതു്, അതായതു്, ചിന്നമ്മ ഭിക്ഷകൊടുക്കുവാൻ അറിഞ്ഞുകൂടാത്തവരെ, ശീലിക്കാത്തവരെ അതിനു ശീലിപ്പിക്കുന്നതു, ശ്രദ്ധാപൂർവം നമുക്കു നോക്കാം. ഒരുവിധത്തിൽ പഴയ സമുദായ രീതിക്കു പുതിയ യോഗക്ഷേമം ഉണ്ടാക്കിക്കൊടുത്തു സുസ്ഥിരമാക്കുവാനല്ലേ, ഈ യത്നമെന്നു ചില സഖാക്കൾ ചോദിച്ചേക്കാം. അങ്ങനെ പറവാൻ പാടില്ല. സമുദായത്തിൽ, എവിടെയാണു നിർഗ്ഗതികൾ കിടക്കുന്നതെന്നും, പണവും ഉജ്ജന്യമായ സ്ഥാനമാനങ്ങളുംകൊണ്ടു വലിയവരെന്നു സമ്മതിപ്പിക്ക('ഇല്ലാത്തവരെ'ക്കൊണ്ടു്)പ്പെട്ടിട്ടുള്ളവർ എവിടെയാണു നിൽക്കുന്നതെന്നും തെളിച്ചു്, ഒന്നാമതായി, നമ്മുടെ കഥാനായികയ്ക്കു് ലോകത്തിനു് എടുത്തുകാണിക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. രണ്ടാമതായി, ജന്മനാ, നീചത്വം ആർക്കും ഇല്ലെന്നും, സമുദായസ്ഥിതികളാണു് അതുണ്ടാക്കിവച്ചിട്ടുള്ളതെന്നും, മറ്റു സമുദായത്തിൽനിന്നും അഗതികളായി നീചത്വത്തിൽ പുറംതള്ളിക്കൊണ്ടിരിക്കുന്നവർക്കു ഹൃദയമുള്ളവരുണ്ടെങ്കിൽ ശാരീരികമായും മാനസികമായും വളർച്ചയുണ്ടാക്കിക്കൊടുത്തു സ്വസഹായത്തിനു് അവരെ പ്രാപ്തരാക്കാമെന്നും, ഉദ്ധരണശക്തി എളുപ്പത്തിൽ വന്നുകൂടുന്നതാണെന്നും, ചിന്നമ്മയ്ക്കു സമർത്ഥിക്കുവാൻ കഴിഞ്ഞു. അത്രയുമല്ല. പഴയ ആചാരമര്യാദകൾ യഥേഷ്ടം ചേർത്തു സാമുദായികമായി പറയത്തക്കവണ്ണം മേന്മ ഒന്നുമില്ലാതെ ഒതുങ്ങിയ ഒരു കാലഘട്ടത്തിൽ ആകർഷകമായ മനുഷ്യസേവനം എന്നതിലൂടെ

ഒരു ജനകീയപ്രബുദ്ധത സ്പഷ്ടമായി സംജാതമാകുവാനുള്ള യത്നമാണു നമ്മുടെ കഥാനായികയിൽനിന്നു നാം ഇനി പഠിക്കുന്നതു്.

ശ്രീമൂലം തിരുനാൾ മഹാരാജാവു "തിരുമനസ്സിലെ രാജ്യഭരണകാലത്താകട്ടെ, തിരുമനസ്സുകൊണ്ടു കല്പിച്ചു ചെയ്തിട്ടുള്ള നിരവധി പരിഷ്കാരങ്ങളിൽ പ്രഥമഗണനീയമായിത്തീർന്നിട്ടുള്ളതു്, തിരുമനസ്സുകൊണ്ടു സ്ത്രീവിദ്യാഭ്യാസവിഷയത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള അളവററ കാരുണ്യവും ഔദാര്യവും ആണെന്നു് ഏവരും സമ്മതിക്കുന്നതാണു്, തന്നിമിത്തം തിരുവിതാംകൂർ ഈ വിഷയത്തിൽ ഭാരതഭൂമിയുടെ ഇതരഭാഗങ്ങളുമായി താരതമ്യപ്പെടുത്തിയാൽ പ്രഥമസ്ഥാനത്തെയാണു് അർഹിക്കുന്നതെന്നു് എല്ലാവർക്കും ബോദ്ധ്യപ്പെട്ടിട്ടുമുണ്ടു്. ഇപ്രകാരം കരുണാനിധിയും വിശാലഹൃദയനുമായ തിരുമനസ്സുകൊണ്ടു നാട്ടിലെ അബലാവർഗ്ഗത്തിന്റെ ഐശ്വര്യാഭിവൃദ്ധിക്കായി നിരന്തരം ചെയ്തുകൊണ്ടിരിക്കുന്ന നന്മകളെ ഏററവും കൃതജ്ഞതയോടുകൂടി സ്മരിച്ചു തിരുമനസ്സിലേക്കു് അറുപതു വയസ്സു പൂർത്തിയാകുന്ന ആ പുണ്യദിനത്തെ സ്ത്രീകൾക്കായുള്ള ഒരു ധർമ്മസ്ഥാപനം മുഖേന ഓർമ്മിപ്പിക്കേണ്ടതു്" തിരുമനസ്സിനോടുള്ള കർത്തവ്യങ്ങളിൽ ഒന്നാണെന്നു, "ഷഷ്ടിപൂർത്തി മഹം കൊണ്ടാടേണ്ടതിനെപ്പററി ൧൦൮൫ കർക്കടകമാസത്തിൽ തിരുവനന്തപുരത്തു വച്ചു കൂടിയ സ്ത്രീകളുടെ പ്രാരംഭയോഗത്തിൽ വാദപ്രതിവാദങ്ങൾ നടത്തി" പിൻതാങ്ങാനായി ആളില്ലാത്തതിനാൽ, അപ്പോൾ പ്രമേയം അവതരിപ്പിച്ച ശ്രീ. ചിന്നമ്മയ്ക്കു പരാജയപ്പെട്ടു നിൽക്കേണ്ടിവന്നു. ഇതാണു

മഹിളാമന്ദിരസ്ഥാപനത്തെപ്പററി ആദ്യത്തെ പ്രകടമായ ആലോചന.

അക്കാലത്തു് അയിരൂർവച്ചു നടന്ന നായർ മഹാസമ്മേളനത്തിലെ വനിതാസമാജത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതിനു കഥാനായിക ക്ഷണിക്കപ്പെട്ടു. സമ്മേളനങ്ങളിൽ ചെന്നു പ്രസംഗിച്ചതുകൊണ്ടു ഫലമൊന്നുമില്ലെന്നു പറഞ്ഞുകൊണ്ടു വിമനസ്സയായിട്ടാണു ചിന്നമ്മ ക്ഷണം സ്വീകരിച്ചതെന്നു ക്ഷണിക്കുവാൻ ചെന്നിരുന്ന പത്രാധിപർ ശ്രീ. കെ. വേലുപ്പിള്ള പറകയുണ്ടായി, അന്നു തിരുവല്ലയിൽ ഇൻസ്പെക്ട്രസ്സായിരുന്ന മിസ്സ്. ലക്ഷ്മിഅമ്മയും ആ സമ്മേളനത്തിനു പോയിരുന്നു. തന്റെ ചുമതലയിൽപെട്ട അഗ്രാസനാധിപത്യം, മിസ്സ്. ലക്ഷ്മിഅമ്മയെക്കൊണ്ടു വഹിപ്പിക്കുന്നതിനു ചിന്നമ്മ കൗതുകപ്പെട്ടു. സ്ത്രീസമുദായത്തിന്റെ എളിയ നിലയിലുള്ള ഒരു വക്താവു് എന്ന നിലയിൽ അന്നു തന്റെ കൃത്യം കഥാനായിക നിർവഹിച്ചു. അവിടെ വച്ചാണു് അന്നു സ്ത്രീകൾ ഉപയോഗിച്ചുവന്നിരുന്ന ജാക്കററുകളുടെ സ്ഥാനത്തു് അത്രയും തുണിക്കു ചെലവില്ലാത്ത 'ജംബറുകൾ' ധരിക്കണം എന്നു തിരുമാനിക്കപ്പെട്ടതെന്നു മിസ്സ്. ലക്ഷ്മിഅമ്മ പറയുന്നു.

പ്രസംഗമെല്ലാം കഴിഞ്ഞു്, മിസ്സ്. ലക്ഷ്മിഅമ്മയും മററുമായി വിശ്രമിച്ചുകൊണ്ടിരിക്കവെ ചിന്നമ്മ അനാഥരായ ഹിന്ദുസ്ത്രീകൾക്കുവേണ്ടി ഉണ്ടാകേണ്ട മന്ദിരത്തെപ്പററി അവിടെ പറഞ്ഞു.

ശ്രീമൂലംതിരുനാൾ തിരുമനസ്സിലെ ഷഷ്ടിപൂർത്തി മഹാമഹം വന്നു, കൈയ്യിൽനിന്നും പണം ചെലവു

ചെയ്യും പരിശ്രമിച്ചും മിസ്സിസ്. പി. രാമൻതമ്പി നട ത്തിവന്ന സ്ത്രീസമാജം മുഖാന്തിരം ഷഷ്ട്യബ്ദപൂർത്ത്യുത്സ വം തിരുവനന്തപുരത്തെ സ്ത്രീകളാ കൊണ്ടാടി. ഇതിൽ ചിന്നമ്മ കണിച്ച ഔത്സുക്യം മററുള്ളോരിൽനിന്നും വലുതായിരുന്നു. ഈ ആഘോഷത്തിനു പിരിച്ചെടുത്ത തുകയിൽ മിച്ചം വന്നതിനെ എന്തുചെയ്യണമെന്ന് ആലോ ചിക്കാനായി ആഘോഷങ്ങൾ എല്ലാം തീർന്നതിൽ പിന്നീടു സ്ത്രീകളുടെ ഒരു യോഗംകൂടി. സ്ത്രീകൾക്കായുള്ള ഒരു ധർമ്മസ്ഥാപനം തുടങ്ങുവാൻ ആ തുക അനുവദി ക്കണമെന്നു ചിന്നമ്മ അപ്പോഴും ഒരു വാദംകൊണ്ടുവന്നു. ശക്തിയായ എതിർപ്പുകൾ അപ്പോഴും ഉണ്ടായി. 'അനാ ഥാലയം' എന്നാൽ എന്താണെന്നറിയാതെയാണ് ഒട്ടു പേരുടേയും പ്രതിരോധം. "വിദേശത്തുനിന്നും പണം വരവുള്ള ക്രിസ്ത്യാനികൾക്കേ അതു സാധിക്കൂ" എന്നു അറിഞ്ഞുകൊണ്ടോ അറിയാതെയോ ചിലർ ചിന്നമ്മ യോടു് ഏററു. എന്തിനു, മഹോജ്ജ്വലനായ കർണ്ണനെ, തക്കംനോക്കി ശല്യർ പറഞ്ഞുതാഴ്ത്തിയതുപോലെ അവിടെ ചിന്നമ്മയേയും ചിലർ നന്നേ താഴ്ത്തിനോക്കി. ഉചിതജ്ഞയായ ചിന്നമ്മ പുരുഷമായ എതിർപ്പിനു കാരണം അധികവും അജ്ഞതയാണു എന്നു മനസ്സിലാ ക്കിക്കൊണ്ടു, ആവേശജനകമായി സംസാരിച്ചതിനെ, മിസ്സിസ്. പി. രാമൻതമ്പി താഴെ വരുംപ്രകാരം പറഞ്ഞു തരുന്നു:

"അതും ഇതും പറയുമ്പോൾ എനിക്കു പറവാനു ള്ളതു് അകലത്താകും. ഇവിടെ കൂടിയിരിക്കുന്ന നമ്മിൽ അധികംപേർക്കും വേഷവിധാനങ്ങൾ ഉണ്ടു്; ഉണ്ണാനുണ്ടു്;

ഉടുക്കാനുണ്ടു്, സ്ഥാനവും ഉണ്ടു്. എന്നാൽ ഇതൊന്നു
മില്ലാത്തവർ, പെണ്ണുങ്ങൾ, അമ്മപെററവർ, വായും
വയറുമുള്ളവർ, ഹിന്ദുക്കൾ, സ്വവർഗ്ഗക്കാർ, എത്രയോ
പേർ നമ്മുടെ ഇടയിൽ തെണ്ടി തെരുവിൽ നടക്കുന്നു
ഇവിടെ ഇരിക്കുന്നതിൽ അധികംപേരും പക്ഷെ കണ്ടി
ട്ടില്ലായിരിക്കാം; ഉണ്ടെങ്കിൽ ഞാൻ പറയുന്നതു ശരി
യാണോ എന്നു് ഒന്നു് ഓർത്തുനോക്കുക. സഹോദരി
കളെ! ഇവർക്കും കുടുംബവും സ്വത്തും എല്ലാം ഒരു
കാലത്തു് ഉണ്ടായിരുന്നിരിക്കാം. സമുദായ ചക്രത്തിന്റെ
പേപിടിച്ച തിരിച്ചിൽകൊണ്ടു അവർ വെളിയി
ലേക്കു തള്ളപ്പെട്ടു: അവർ തെരുവുകളിൽ നടന്നല
ഞ്ഞാൽ എത്രനേരം നടക്കും! അവർ എവിടെ
ചെന്നു കയറും! ഈ ഒടുങ്ങാത്ത അലച്ചിൽ കണ്ടാൽ
ആർക്കാണു ഒരു അലിവു തോന്നുക!! അവരുടെ വിധിത
ന്നെയെന്നോ? സമുദായസ്നേഹിയായ ഒരാൾക്കു് ഇതുക
ണ്ടാൽ എന്താണു തോന്നുക? നമ്മെ ശ്ലാഘിക്കുമോ,
നിന്ദിക്കുമോ? ചട്ടപ്രകാരം നാം ഇവരെ അന്വേഷിച്ചി
ല്ലെങ്കിൽ നമ്മെ ആരും കുററപ്പെടുത്താനില്ല. എല്ലാ
ചട്ടങ്ങൾക്കും ഉപരിയായ ഒരു ചട്ടം ഉണ്ടു്. അന്തഃ
കരണം; അതു നമ്മെ കുററപ്പെടുത്തും, ഇല്ല; കുററപ്പെടു
ത്തിക്കൊണ്ടിരിക്കതന്നെ ചെയ്യുന്നു. അതില്ലെങ്കിൽ നാം
മനുഷ്യരല്ല. നമുക്കു സ്നേഹിക്കാനായി ഒരു ഹൃദയം ഉണ്ടെ
ങ്കിൽ തീർച്ചയായും ഈ അനാഥക്കുവേണ്ടി കുറെ സഹി
ക്കുകതന്നെ വേണം. അല്ലെങ്കിൽ, പരിണാമക്രമമനുസ
രിച്ചു് ഈ അനാഥവർഗ്ഗം ഏതെങ്കിലും ഒരു കാലത്തു
സനാഥരായിത്തീരാതെ ഇരിക്കയില്ല. അക്കാലത്തു, അതു

ധരേയും ജീവിച്ചിരുന്ന നമ്മുടെ പരമ്പരയെ അവർ മൃഗവർഗ്ഗത്തിൽ ഉൾപ്പെടുത്തും. സഹോദരികളെ! ശേഷം ചിന്തിക്കേണ്ടവയാണു. നാടുവാഴിയായ മഹാരാജാവു തിരുമനസ്സിലെ കാരുണ്യം വിദ്യാഭ്യാസത്തിനായി സ്ത്രീജനങ്ങളിൽ പെയ്യുതിന്റെ സ്മരണയ്ക്കു്, ഏവർക്കും ഈ നിർദ്ദേശം കൈക്കൊള്ളാവുന്നതേയുള്ളു. ക്രിസ്തുമിഷണറിമാർക്കേ അതു നടത്തുവാനുള്ളതാണെന്നു് ഏററവും ദയനീയമായ തിരിച്ചടി. എന്തുകൊണ്ടു മിഷണറിമാരല്ലാത്ത ഹിന്ദുക്കൾക്കു് അതു നടത്തിക്കൂടില്ലാ എന്നു ഞാൻ ചോദിക്കുന്നു. അങ്ങനെങ്കിലും ഒന്നു തുടങ്ങി മിഷണറി അല്ലാത്തതുകൊണ്ടു നിന്നുപോയി എന്ന അനുഭവചരിത്രം ഉണ്ടെങ്കിൽ അതു് എടുത്തുപറയുക; ഞാൻ കേൾക്കാൻ സന്നദ്ധയത്രേ. ഇപ്പോൾ കിട്ടും വന്നിരിക്കുന്ന ചെറുതുക (200 രൂ.) ഈ സൽകാര്യത്തിന്റെ പ്രാരംഭത്തിനായി അനുവദിക്കുക. കർമ്മശക്തി മിഷണറിമാർക്കുമാത്രമല്ല ഉള്ളതു്. ശ്രീഭഗവാൻ ഗീതയിൽ അരുളിച്ചെയ്യുംപ്രകാരം, നാം പ്രവൃത്തിക്കുകതന്നെ വേണ്ടു."

ഇപ്രകാരമുള്ള ചിന്നമ്മയുടെ ഉജ്ജ്വലപ്രഭാഷണം കേട്ടുകൊണ്ടിരുന്നവരിൽ മിസ്സിസ്. പി. രാമൻതമ്പി തന്നാൽ കഴിയുന്ന സർവ്വ സഹായസഹകരണങ്ങളും ഈ അഭ്യർത്ഥനയ്ക്കു ചെയ്തുകൊടുക്കുന്നതാണെന്നു പരസ്യമായി സ്ത്രീസമാജത്തിൽ പ്രസ്താവിച്ചു.

ഇതിനുശേഷം, അന്നു തിരുവിതാംകൂർ ദിവാനായിരുന്ന കൃഷ്ണൻനായരെ സന്ദർശിച്ചു്, ചിന്നമ്മ, താൻ ഒരു അനാഥാലയം തുടങ്ങുവാൻ പോകയാണെന്ന വാർത്ത അറിയിച്ചു. "അതിന്റെ ചുമതലകളോർത്തു ഞാൻ ഭയ

പ്പെടുന്നു. ഇതു് എങ്ങനെ നടത്തും?" എന്നാണു ദിവാനും ചിന്നമ്മയോടു ചോദിച്ചുപോയതെന്നു ശ്രീ. കുമാരപിള്ള അവർകൾ പറയുന്നു. നാട്ടിൽ സാധുക്കളുണ്ടെന്നും, അവരോടു ചോദിച്ചാൽ എന്തെങ്കിലും കിട്ടാതെ പോകുകയില്ലെന്നും, അമ്മാങ്കിരി സഹായംകൊണ്ടു് അതു വളൎന്നു യോഗ്യതയുണ്ടായി എന്നു കണ്ടിട്ടു ഗവണ്മെന്റു കഴിയുമെങ്കിൽ സഹായിച്ചാൽ മതിയെന്നും, അല്ലാതെ ഗവണ്മെന്റു സഹായംകൊണ്ടു നടത്തിക്കൊണ്ടു പോകാമെന്നു കരുതിയല്ല താൻ സ്ഥാപനം ആരംഭിക്കുന്നതെന്നും നമ്മുടെ കഥാനായിക ദിവാനെ കേൾപ്പിച്ചതായി ശ്രീ. കുമാരപിള്ളയിൽനിന്നും നമുക്കു ഗ്രഹിക്കാം.

ഒരുവിധം, "ആയിരത്തിതൊണ്ണൂററിനാലു കന്നി പതിനെട്ടാം തീയതി രാവിലെ ഉണ്ടായിരുന്ന ശുഭമുഹൂൎത്തത്തിൽ പന്ത്രണ്ടു അനാഥബാലികമാരേയും ചേൎത്തു കേവലം ഒരു ഈശ്വരപ്രാൎത്ഥനയോടുകൂടി മാത്രം രാജൎഷി ശ്രീമൂലം ഷഷ്ട്യബ്ദപൂൎത്തിസ്മാരകമായ" മന്ദിരത്തിന്റെ ഉദ്ഘാടനകൎമ്മം നടന്നു.

മന്ദിരം തുടങ്ങാനായി ഈ പന്ത്രണ്ടു ബാലികമാരെത്തന്നെ, പട്ടിണികിടന്നു മരിക്കയോ ആണെങ്കിലും ദുരഭിമാനം വച്ചുപുലൎത്തുന്ന ചാൎച്ചക്കാരിൽനിന്നും കൊണ്ടുവന്നു ചേൎക്കുവാൻ മന്ദിരാംബയ്ക്കു് ഒട്ടു ശ്രമം വ്യയമിടേണ്ടിവന്നു. ആദിയിൽ സനാഥൎക്കും അനാഥൎക്കും അനാഥാലയമെന്നാൽ എന്താണെന്നറിഞ്ഞുകൂടാതിരുന്നതുതന്നെ ഇതിനു കാരണം. അറബിക്കടലിൽ പാലമുറപ്പിക്കുന്നതിനു കെട്ടിത്താഴ്ത്തുവാൻ ആണു് ഈ കുട്ടികളെക്കൊണ്ടുപോകുന്നതു് എന്നുപോലും ചിലർ പറഞ്ഞു

പരത്തി. അല്പ ദിവസംകൊണ്ടു് ഈ വിഷമത്തിന്റെ പ്രാബല്യം കൊടുക്കുവാൻ വയ്യെന്നായി, മാററിവയ്ക്കാത്തക്ക വിധം മന്ദിരത്തിൽ അനാഥർ വരുവാൻ തുടങ്ങി. ഭക്ഷണാർത്ഥികളായി വരുന്ന വരുന്ന അനാഥരെയെല്ലാം ചേർത്തു് ഒരു അഗ്രശാല ഉണ്ടാക്കുവാനല്ല മന്ദിരംകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ജനതാമദ്ധ്യത്തിൽ ഒരാദർശം നട്ടുവളർത്തുന്നതിനുവേണ്ടതു ചെയ്യുകയാണു ചിന്നമ്മയുടെ ഉദ്ദേശ്യം. അതു തഴച്ചുകഴിഞ്ഞു എന്നു വന്നാൽ എങ്ങും തനിയെ പടർന്നുപിടിച്ചുകൊള്ളുന്നതിനു (കൂടുതലും മന്ദിരങ്ങൾ സ്ഥാപിതമാകുന്നതിനു്) ശ്രമം കുറച്ചുമതിയല്ലോ.

ചിന്നമ്മ ഏറെ നാളായി രൂപമെടുത്തുകാണുവാൻ കൊതിച്ചിരുന്നതും ദീർഘമായി ചിന്തിച്ചിരുന്നതും, കൂട്ടുമുള്ള എതിർപ്പുകളോടു് എതിരിട്ടുനിന്നും ആരംഭമിടാൻ അക്ഷീണം യത്നിച്ചിരുന്നതുമായ മഹിളാമന്ദിരം ഇതാ തുറക്കപ്പെട്ടിരിക്കുന്നു. കുറേപേരുടെ ചുമതലയെ ഏറെറടുക്കപ്പെട്ടിരിക്കുന്നു. ക്രമേണ അതുകൂടിക്കൊണ്ടും വരുന്നു. "ഇതു് എങ്ങനെ നടത്തിക്കൊണ്ടുപോകും" എന്നൊരു ചോദ്യം ആരിലും ഉണ്ടായിക്കൊണ്ടുമിരിക്കുന്നു

മന്ദിരം ഒരാഴ്ച നടന്നു് അടുത്ത ആഴ്ചയിലേക്കു കടക്കുമ്പോൾ, അടുത്ത ദിവസം—കൂടിയാൽ അടുത്ത ആഴ്ച അതു നിന്നുകൊള്ളും, പിന്നെ ഒരാഴ്ചകൂടി നടന്നു എന്നു കേട്ടാൽ അതു അടുത്ത ആഴ്ച നിന്നുകൊള്ളും എന്നിങ്ങനെ പുരോഗാമികൾ പറഞ്ഞുകൊണ്ടേ ഇരുന്നു. ഇതിനെപ്പററി മഹിളാമന്ദിരത്തിന്റെ ഒന്നാമത്തെ വാർഷിക റിപ്പോർട്ടിൽ "ഈ മന്ദിരശിശുവിന്റെ ജനനം

ചിലക്കും ആശ്ചര്യകരമായി എന്നു മാത്രമല്ല, പലരും, ഇതിന്റെ ജാതകം എഴുത്തുകാരിൽ ഭൂരിപക്ഷവും, ഇതിന്ന് അല്പായുസ്സു കല്പിക്കുകയും ചെയ്തു. ഒൻപതു ദിവസം, പതിനഞ്ചു ദിവസം, മൂന്നു മാസം എന്നിങ്ങനെയായിരുന്നു ഇതിന്റെ ജീവിതങ്ങളെ കണക്കാക്കിയിരുന്നതെന്നു അക്കാലത്തു ചില വർത്തമാനപ്പത്രങ്ങൾ ഘോഷിക്കുകൂടി ചെയ്തിരുന്നു" എന്നു കാണാം.

മഹിളാമന്ദിരം, ഷഷ്ട്യബ്ദപൂർത്തി സ്മാരകമായി ആരംഭിക്കണമെന്നു നിശ്ചയിച്ചതുകൊണ്ട് അടുത്ത തിരുനാളിന്നുമുമ്പ് അതു തുടങ്ങിക്കാണണമെന്നുള്ള മോഹമായിരുന്നു തൽക്കാല നടത്തിപ്പിന്നുപോലും യാതൊന്നും കാണാതെ പാട്ടത്തിന്നു വാങ്ങിയ ഒരു കെട്ടിടത്തിൽ (പൂജപ്പുര) ഉടനടി തുറക്കുവാൻ കഥാനായികയെ ത്വരിപ്പിച്ചതു്. ആദ്യമായി സ്ഥാപനത്തിലേക്ക് ആവശ്യമുള്ള സാധനങ്ങൾക്കുതന്നെയും ചിന്നമ്മക്കു ബുദ്ധിമുട്ടുകൂടാതെ കഴിപ്പാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ, മിസ്സിസ്; പി. രാമൻതമ്പി ആ വക അത്യാവശ്യസാധനങ്ങൾ ഒന്നാമതായി കൊടുത്തു മററുള്ളവൎക്കു മാതൃക കാണിച്ചിട്ടുള്ളതു മറന്നുകൂടാത്തതത്രെ. പഴയ സാമാനങ്ങൾ നന്നാക്കിയെടുത്തും ഇഷ്ടസഖികളായ ചിലരോടു വിവരം പറഞ്ഞു ചിലതു മേടിച്ചും ചിലതു വിലകൊടുത്തു വാങ്ങിയും, അങ്ങിനെ മന്ദിരശിശുവിന്റെ ആവശ്യങ്ങൾ നേടിക്കൊള്ളുവാൻ മന്ദിരാംബ ശ്രമിച്ചു. ഏതാണ്ട് ഒരു കൊല്ലംപോലും തികയുന്നതിന്നുമുമ്പു ചിന്നമ്മയെക്കൂടാതെ പട്ടികയിൽ പെട്ടിരുന്ന മന്ദിരം സെക്രട്ടറിമാരിൽ പലരും പിരിഞ്ഞുപോയി. മന്ദിരം

സെക്രട്ടറിമാരിൽ, "ഈ സ്ഥാപനം ഇത്രവേഗം ആരംഭിക്കുന്നതിനു പ്രധാനഹേതുഭൂത ശ്രീമതി സ്വയം പ്രകാശിനിഅമ്മാൾ ആകുന്നുവെന്നു് ഏറ്റവും നന്ദിപൂർവം പ്രസ്താവിച്ചുകൊള്ളുന്നു." എന്നു രേഖപ്പെടുത്തിയിട്ടുള്ള യോഗിനിഅമ്മയുടെ സഹകരണം, ആ ബാലാരിഷ്ടതാകാലത്തു മന്ദിരം നടത്തിക്കൊണ്ടുപോകാൻ വളരെ ഉപകരിച്ചിട്ടുണ്ടു്. മന്ദിരചരിത്രത്തെ ശ്രീ. തീർത്ഥപാദപരമഹംസർക്കു് ആയിടക്കു ചിന്നമ്മ എഴുതിയിട്ടുള്ള ഒരു കത്തിൽ ഇങ്ങനെ ക്രോഡീകരിച്ചിരിക്കുന്നു.

"പലതും ചെയ്യാനുണ്ടു്. എന്നാൽ ആരോഗ്യസ്ഥിതി മോശമായിട്ടാണു കാണുന്നതു്. മഹിളാമന്ദിരത്തിനുവേണ്ടി പരിശ്രമം ചെയ്തുവരുന്നു. നാൾക്കുനാൾ അഭിവൃദ്ധിയിൽ വരികയും ചെയ്യുന്നു. അടുത്ത ഒന്നാം തീയതിമുതൽ (ഈ കത്തെഴുതുന്നതു് ആയിരത്തിതൊണ്ണൂറ്റിനാലു് തുലാം ഇരുപത്താംതീയതിയാണു്) നെയ്ത്തുശാല ആരംഭിക്കുവാൻ വട്ടംകൂട്ടിവരുന്നു. പതിനഞ്ചു നായർകുട്ടികളും ഒരു ബ്രാഹ്മണക്കുട്ടിയും ഇപ്പോൾ ഉണ്ടു്. ഇനിയും അനേകം അപേക്ഷകളും ഉണ്ടു്. കുട്ടികളെ എല്ലാം പള്ളിക്കൂടത്തിൽ (ഇതോടു ചേർന്നുതന്നെയുണ്ടു്) അയച്ചു. തയ്യൽ പ്രത്യേകം പഠിപ്പിക്കുന്നതിനു് ഒരു യൂറേഷ്യൻ സ്ത്രീയെ നിയമിച്ചിട്ടുണ്ടു്. ഗീത-മുതൽ ഒരു ഭാഗവതംവരെ വായിക്കുന്നുണ്ടു്. ഞാനും സ്ഥലത്തുള്ളപ്പോഴെല്ലാം അവിടെത്തന്നെ കഴിച്ചുകൂട്ടുന്നു. മുപ്പതുവർഷത്തിൽ കൂടുതൽ അദ്ധ്യാപികാവൃത്തിയിൽ സർവീസുള്ള എന്റെ ഒരു ജ്യേഷ്ഠത്തിയെത്തന്നെ മന്ദിരത്തിലെ

മേനോൻ ആയി നിയമിച്ചിട്ടുണ്ട്. പ്രവർത്തകരെല്ലാം സന്തോഷത്തോടുകൂടി സഹകരിക്കുന്നു. മിസ്സിസ് രാമൻതമ്പി മുതൽപേർ മന്ദിരത്തിന്റെ ജീവനെന്നോർക്കേണ്ടവരാണ്. മാസം പത്തുരൂപ വരിയും ആണ്ടിൽ ഇരുനൂറുപറ നെല്ലും തേങ്ങയും മററു പല സഹായങ്ങളും ഏററുചെയ്തു വരുന്നു. അതുപോലെ ഇവിടത്തെ ഒന്നാം ജഡ്ജി, വക്കീലന്മാർ എല്ലാപേരും."

"നമുക്കു വേണ്ടതെല്ലാം ഈ പൂജമുറിയിലെ ചിത്സ്വരൂപൻ ശ്രീകൃഷ്ണഭഗവാൻ തന്നു രക്ഷിക്കും" എന്നു പറഞ്ഞുകൊണ്ട് ആദ്യമായി പൂജമുറിയാണ്. മഹാ കുടുംബമാകാൻപോകുന്ന മഹിളാമന്ദിരത്തിലെ ചിന്നമ്മയുടെ പ്രഥമസ്ഥാപനം. സമുദായത്തിന്റെ അടിസ്ഥാനം ആദ്ധ്യാത്മിക കാര്യങ്ങളിൽ ഉറപ്പിക്കേണ്ടതാണെന്ന (തന്നെപ്പോലെ അന്യനേയും കാണുക) കഥാനായികയുടെ മതമൊത്ത ഒരു ആദർശോദ്ഘാടന കൃത്യംകൊണ്ട് അവർ മന്ദിരത്തിൽ സ്ഥിരീകരിച്ചു എന്നതേയുള്ളൂ. ആദ്ധ്യാത്മിക കാര്യങ്ങളിലാണ്, വ്യക്തിസമൂഹമായ സമുദായം ഉറച്ചുനിൽക്കേണ്ടതെങ്കിൽ, വ്യക്തികളുടെ സദാചാരബോധത്തോടുകൂടിയുള്ള ജീവിതത്തിന് അവരെ പ്രാപ്തരാക്കുകയെന്നത് അനുപേക്ഷണീയവുമാണല്ലോ. അതിന്റെ കുറവാണ് സമുദായത്തെ ഛിന്നഭിന്നമാക്കുന്നതെന്നു ചിന്നമ്മ കണ്ടിരിക്കുന്നു. തനിക്കും അന്യനും ജീവനൊന്നാണ് "ആത്മവത് സർവ്വഭൂതാനി" എന്ന തത്വം ജീവിതത്തിൽ പ്രായോഗികമാക്കുവാൻ ജനതയെ പ്രബുദ്ധരാക്കുന്നതിനു കഴിഞ്ഞുവെങ്കിൽ സാമുദായികമായ ദുരി

തങ്ങൾക്കു ഒരു അറുതി വരുമെന്നാണ് നമ്മുടെ കഥാനായികയുടെ വിശ്വാസം. ആർഷഭാരതസംസ്കാരം അതാണ് ഒരു ഭാരതീയനെ യഥാർത്ഥത്തിൽ പഠിപ്പിക്കേണ്ടതു്. ശരിയായ മതവിശ്വാസത്തോടും സംസ്കാരത്തോടുംകൂടി കുറേപ്പേരെ പരിശീലിപ്പിച്ചു സമുദായമദ്ധ്യത്തിൽ സേവനത്തിനിറക്കുവാനുള്ള അത്യാകാംക്ഷ ചിന്നമ്മയിൽ ഉറന്നുനിൽക്കുന്നതാണ് അവരുടെ സർവ്വ യത്നങ്ങൾക്കും നിദാനം. "അഞ്ചു സംവത്സരം കഴിയുമ്പോൾ മനുഷ്യസമുദായത്തിനുവേണ്ടി നിഷ്കാമമായി വേല ചെയ്‌വാൻ കുറേപ്പേരെ ഈ സ്ഥാപനത്തിൽനിന്നും എനിക്കു ലഭിക്കും" എന്ന വരികൾ അതു ഉദ്ഘോഷണം ചെയ്യുന്നുമുണ്ടു്. അവസാനനിമിഷംവരെ അതു് ഇന്നു് സാധിക്കും, നാളെ സാധിക്കും എന്നിങ്ങനെ എണ്ണിയെണ്ണി മഠത്തിലുള്ള മന്ദിരവാസിനികളെ തയ്യാറാക്കുവാൻ ചിന്നമ്മ അത്യദ്ധ്വാനംചെയ്തുകൊണ്ടിരുന്നു. എന്നാൽ ആ ആശയം എത്ര കണ്ടു ഫലിക്കുന്നു എന്നു പിന്നീടു് അറിയാറാകും.

പരിപാടികളിൽ, അനാഥാലയവും പ്രാർത്ഥനാലയവും (പൂജമുറി) പള്ളിക്കൂടവും അല്ലാതെ മറ്റൊന്നും നടപ്പിലായിത്തുടങ്ങിയിട്ടില്ല. ദിവസം ഓരോന്നും തള്ളിനീക്കുന്നതിനകത്തു് ഒരു നൂറു തവണ മന്ദിരത്തിൽ കൊണ്ടുവരേണ്ട ഓരോ കാര്യങ്ങളെക്കുറിച്ചും ചിന്നമ്മ ആലോചിക്കും. ഇപ്പോൾ ഓരോന്നിന്റേയും പ്രാരംഭപരിശീലനമേ അവർ ചെയ്യുന്നുള്ളു. ആരംഭത്തിൽ കണ്ടിരുന്ന സഹപ്രവർത്തകരുടെ സഹകരണം കുറച്ചുനാൾ

ചെന്നപ്പോൾ പൊലിഞ്ഞു തീൎന്നു. ഭരണനിൎവഹണക്കമ്മററിയിലെ അദ്ധ്യക്ഷയായ മിസ്സിസ്. പി. രാമൻതമ്പി മാത്രം വാക്കും ധൎമ്മവും ഒരുപോലെ നിറവേററിക്കൊണ്ടിരിക്കുന്നു. അവർ പറയുന്നു: "ശ്രീ ചിന്നമ്മ ഓരോ പുതിയ കാര്യങ്ങളെപ്പററി ചൎച്ചചെയ്യാനായി കമ്മററി വിളിച്ചുകൂട്ടുമ്പോൾ മാത്രം മന്ദിരകാര്യം ഓൎത്തുപോന്നിരുന്നവരും അതിലുണ്ടായിരുന്നു. ശ്രീ. ചിന്നമ്മ കൊണ്ടുവരുന്ന പ്രസ്ഥാനങ്ങളെ അപ്പാടെ എതിൎക്കുന്നതിനു് അതിൽ ചിലർ എന്നോടു പറഞ്ഞിട്ടുണ്ടു്. അതു് ആ മഹതിയെ ഞാൻ അറിയിച്ചു വേദനപ്പെടുത്തീട്ടില്ല. ഒരിക്കൽ അങ്ങനെയുള്ള ഒരു കാര്യത്തെപ്പററി ഒരംഗം എന്നോടു സംസാരിച്ചുകൊണ്ടു നിന്നപ്പോൾ, അതിലേ കടന്നുവന്ന ചിന്നമ്മയ്ക്കു സംശയമുണ്ടായിട്ടു "അതെന്തായിരുന്നു സംഭാഷണവിഷയം" എന്നു് എന്നോടു ചോദിച്ചതിനു ഞങ്ങൾ ഒരു സ്വകാര്യം പറയുകയായിരുന്നു എന്നു പറഞ്ഞു ഞാൻ വിഷയം മറച്ചുകളഞ്ഞു."

ചിന്നമ്മ അനാഥകൾക്കു പരിണാമരമ്യങ്ങളായ ദിവസങ്ങൾ സൃഷ്ടിക്കുന്നതു നോക്കുക:—

ഉറക്കമെണീക്കുന്നതിനുമുമ്പു മന്ദിരവാസികൾ കീൎത്തനാലാപങ്ങൾ കൊണ്ടു് അവിടം മുഖരിതമാക്കുന്നു: ഉറക്കം എണീററു പുറത്തുവന്നാൽ പരസ്പരം അഭിവാദ്യം ചെയ്യുന്നു: താന്താങ്ങളുടെ ശയനസ്ഥലങ്ങളെ അടിച്ചു വാരിത്തളിച്ചു ശുചിപ്പെടുത്തുന്നു: തോട്ടത്തിൽ നട്ടുണ്ടാക്കിട്ടുള്ള മലക്കറിച്ചെടികൾക്കും, പുഷ്പലതകൾക്കും വെള്ളം കോരുന്നു: സംക്ഷിപ്തമായി—കളി, പ്രാൎത്ഥന, ഭക്ഷണം,

വിദ്യാഭ്യാസം, തൊഴിൽപരിശീലനം, സംഗീതശിക്ഷണം, വിശ്രമം, വിനോദം എന്നിവ ക്ലിപ്തസമയത്തു ചെയ്യുവാൻ, ജീവിതത്തിലെ ദിവസം ഒന്നുപോലും ക്ലിപ്തമല്ലാതിരുന്ന അനാഥർ ശീലിച്ചു കഴിഞ്ഞിരിക്കുന്നു: അവരെ ശീലിപ്പിക്കുന്നു:

എത്രപേരുടെ ത്യാഗംകൊണ്ടു വേണം ഇതു സാധിച്ചുകൂട്ടുവാൻ! യാതൊരു മൂലധനവുമില്ലാതെ തുടങ്ങിയ കേരളത്തിലെ ഈ ആദ്യസജീവജനകീയ സ്ഥാപനത്തിനുവേണ്ടി, കുറച്ചു ചെന്നപ്പോൾ ഉദ്യോഗകാര്യം, കുടുംബകാര്യം, പൊതുക്കാര്യം ഇങ്ങനെ പല ചുമതലകളുള്ള ചിന്നമ്മ മാത്രമല്ലാതെ മററാരും ഇല്ലെന്നു വന്നുകൂടുന്നു. അർദ്ധാംശത്തിലെങ്കിലും, തന്നെ പിന്നിട്ടിറങ്ങുവാൻ ആരുമില്ലാതെ താൻ വേർതിരിക്കപ്പെട്ടരീതിയിൽ, ഒരു ചെറുകാലഘട്ടത്തിനുള്ളിൽ ആയിത്തീർന്നുപോകുമെന്നു, കഥാനായിക ധരിച്ചിരുന്നില്ല.

"അന്നദാതാവായ പൊന്നുതമ്പുരാൻ തിരുമനസ്സിലെ തിരുനാമധേയസ്മാരകമായ ഈ പരിശുദ്ധസ്ഥാപനം ഹിന്ദുവർഗ്ഗത്തിൽപെട്ട സ്ത്രീജനങ്ങളുടെ സർവ്വതോമുഖമായ ശ്രേയോഭിവൃദ്ധിക്കു നിദാനമാകുകയും, അശരണരായും, മാനമായ കാലക്ഷേപമാർഗ്ഗം ഇല്ലാത്തവരായും ഉഴലുന്ന ഹിന്ദുസ്ത്രീകൾക്കു് അഭയസ്ഥാനമായും തീരത്തക്കവിധത്തിൽ ഈ സ്ഥാപനത്തെ രക്ഷിച്ചു നിലനിർത്തണം എന്നുള്ളതല്ലാതെ സ്വാർത്ഥപരമായ യാതൊരു വിചാരവും" കലർത്തിയിട്ടില്ലെന്നു് ഇക്കാലത്തു് എല്ലാപേർക്കുമായി ചിന്നമ്മ ഒരു വിശദീകരണം കൊടുക്കുകയു

ണ്ടായി "തിരുവിതാംകൂറിലെന്നല്ല, കേരളത്തിലും, ദക്ഷിണേന്ത്യയിൽ തന്നെയും ഹിന്ദുവർഗ്ഗത്തിന് ഉപയോഗിക്കപ്പെടത്തക്ക ഒരു സ്ഥാപനം ഇതല്ലാതെയില്ല എന്ന വസ്തുത"യും ഉദാഹരണമായി മലയായിലെ ഒരു യൂറോപ്യൻ സ്ത്രീ അനാഥയായ തന്റെ ആയയുടെ മകളെ താമസിപ്പിക്കുന്നതിനു സൌകര്യമുള്ള ഏതെങ്കിലും സ്ഥലമുണ്ടോ എന്നു ചിന്നമ്മയുടെ ഒരു സുഹൃത്തിന് എഴുതിയിരുന്നതിൽനിന്നും അറിയാവുന്നതാണ്. "ഒന്നാമത് ഈ മന്ദിരശിശുവിന് അല്പായുസ്സു കല്പിച്ചു പല ഭാഗത്തുനിന്നും പുറപ്പെട്ട ഗണിതങ്ങളാൽ ഉണ്ടായ മനഃപീഡ"ക്ക് ഒരു പല്ലവിയെന്നോണം, സ്വാർത്ഥലാഭങ്ങൾക്കുള്ള ഒരു പ്രസ്ഥാനവിശേഷമെന്ന് (മന്ദിരം) എതിരാളികൾ മുഴക്കിക്കൊണ്ടേ ഇരുന്നു. ഒന്നാം മഹായുദ്ധംമൂലം, "അഭൂതപൂർവമായ വിധത്തിൽ ലോകമാസകലം ക്ഷോഭദേവതയാകുന്ന ഭയങ്കരമൂർത്തിയുടെ അതിദാരുണമായ ആക്രമണത്താൽ പരിതപ്തമായിരിക്കുന്ന ഒരു ഘട്ടത്തിൽ—ലോകചരിത്രത്തിൽ എന്നെന്നേക്കും സ്മരണീയമായിത്തീർന്നിട്ടുള്ള ഒരു വർഷത്തിലാകുന്നു ഈ മന്ദിരശിശു ജനിച്ചതെന്നു" എല്ലാവരും ധരിക്കേണ്ടതാണ്. ഒരുപറ അരിക്കു രണ്ടുരൂപ വിലയുള്ള കാലം (ഈ വിലക്കയറ്റം അന്നുവരെ അറിഞ്ഞിട്ടുള്ളതിൽ വലുതെന്നു ജനങ്ങൾ പറഞ്ഞിരുന്നു). വസ്ത്രം തുടങ്ങിയ ഓരോ അത്യാവശ്യസാധനങ്ങൾക്കും അനാഥക്ക് എന്നു പറഞ്ഞാൽ കച്ചവടക്കാർ ചൂഷണത്തിൽ ലാഘിമ കാണിക്കുകയില്ലല്ലോ. എങ്ങും ഭയങ്കരമായ ക്ഷാമം. മിസ്സിസ് കെ. വേലുപ്പിള്ള ഒരു സംഭവം ഉന്നയിക്കുന്നു:

"ഈ ക്ഷാമകാലത്തു് അരി വാങ്ങുവാൻ നിവൃത്തിയില്ലാതെ വിഷമിക്കുമ്പോഠം ഒരിക്കൽ ചാലക്കമ്പോളത്തിൽ പോകുവാൻ വണ്ടികൊണ്ടുവരുന്നതിലേയ്ക്കായി അമ്മ ആജ്ഞാപിച്ചു. വണ്ടിയിൽ കമ്പോളത്തിൽ ചെന്നു. അവർ രണ്ടു വശങ്ങളിലേയും കച്ചവടക്കാരെ നോക്കിക്കൊണ്ടു മുന്നോട്ടു പോയി. ഒരു അരിക്കടയുടെ മുമ്പിൽ നിന്നിരുന്ന മുൻസിപ്പൽ സിൽബന്തിയെ വിളിച്ചു "ഇവിടത്തെ വലിയ പലചരക്കു വ്യാപാരി ആരാണെന്നു് ഒന്നു കാണിച്ചുതരണം. എന്റെ വണ്ടി ആ കടയുടെ മുമ്പിൽ വരുന്നതിനുമുമ്പു് സ്ഥലത്തെ മഹിളാമന്ദിരത്തിൽനിന്നും ഒരു അമ്മ വരുന്നു എന്നും വേണമെങ്കിൽ അവർ സ്ഥലത്തെ പള്ളിക്കൂടം ഇൻസ്പെക്ട്രസ്സാണെന്നും പറക" എന്നു് അമ്മ അപേക്ഷിച്ചതു കേട്ടു്, അമ്മയ്ക്കു് അപരിചിതനെങ്കിലും അയാഠംപോയി ഒരു കച്ചവടക്കാരനോടു് പറഞ്ഞുകൊണ്ടു നിൽക്കവേ, അമ്മയുടെ വണ്ടി ആ കടയുടെ മുമ്പിൽ ചെന്നുനിന്നു. വണിഗീശ്വരൻ വണ്ടിയുടെ അടുക്കൽ ഒതുങ്ങിവന്നുനിന്നു. അമ്മ സുസ്മേരവദനയായി അയാളെ ഒന്നു നോക്കിക്കൊണ്ടു് തല്ക്കാലം ആവശ്യമുള്ള സാമാനങ്ങളെപ്പററിയും, മന്ദിരത്തെപ്പററിയും ഒരു അവസരത്തിൽ കേഠംപ്പിച്ചിട്ടു വില താമസിയാതെ എത്തിക്കാമെന്നും പറഞ്ഞു തിരിച്ചുപോയി. അവർ മന്ദിരത്തിൽ എത്തി അല്പംകഴിഞ്ഞപ്പോഠം നാലു ചാക്കു് അരിയും അതോടെ വേണ്ട മററു സാമാനങ്ങളും അവിടെ ചെന്നുചേർന്നു."

ഇങ്ങനെ വിട്ടുവിട്ടുതൽ ചെയ്യുന്ന അപൂർവ്വം ചില കച്ചവടക്കാരും, ചിന്നമ്മ കുട്ടികഠംക്കു് ആഹാരത്തിനു വകയില്ലാതെ കരഞ്ഞു കണ്ണുമലഞ്ഞുമ്പോഠം

അവിചാരിതമായി വന്നുകിട്ടിയ ആയിരം രൂപ നോട്ടു മാറുവാൻ ചെല്ലുമ്പോൾ "രൂപൈ മൂന്നുവേണം കമ്മിഷൻ" എന്നു് ശ്രീ. എൻ. കെ. കൃഷ്ണപിള്ള തന്റെ 'കനകമംഗലം' എന്ന ആഖ്യായികയിൽ കാണിച്ചിട്ടുള്ള സ്വഭാവത്തിലുള്ളവരും ചിന്നമ്മയുടെ സമീപത്തുണ്ടെന്നു പ്രത്യേകം ഓർക്കണം.

തിരുവനന്തപുരത്തും പരിസരങ്ങളിലുമുള്ള കാര്യഗ്രഹണസാമർത്ഥ്യം ഉള്ളവരെ കണ്ടുപിടിച്ചു മന്ദിരനടത്തിപ്പിനു് ഓരോ തുക മാസവരിയായി കിട്ടുന്നതിനാണു് ഇവർ ചെയ്തിരുന്ന ആദ്യത്തെ ശ്രമം. ഇതിനിടയ്ക്കു, ക്ഷണംകൊണ്ടു് ഉണ്ടാകുന്ന ഉത്സാഹം ക്ഷണംകൊണ്ടു നശിക്കുന്നതാണെന്നു ചിന്നമ്മ സഹായത്തിനായി അർത്ഥിച്ചതിൻവണ്ണം സഹായിച്ചുകൊണ്ടിരുന്നവരിൽ ചിലർ സമർത്ഥിച്ചുകഴിഞ്ഞു. ആദ്യത്തെ ആണ്ടിൽ നാലായിരത്തി എഴുനൂററി നാല്പത്തിനാലു രൂപായിൽപ്പരം മന്ദിരാവശ്യങ്ങൾക്കു വേണ്ടിവന്നു, ഇത്ര വരവിൽ അല്പം കവിഞ്ഞ ചെലവായിരുന്നു. തിരുവനന്തപുരത്തു 'പയ്യാ നെട്ടുക്കുമ്പോൾ ഒരുപിടി അരി' എന്ന ചിന്നമ്മയുടെ അഭ്യർത്ഥന അനുസരിച്ചു പിരിഞ്ഞുകിട്ടിയ അരിക്കും വിലയിട്ടു വന്നതുംകൂടി ഉൾപ്പെടുത്തിയിട്ടും ഇരുന്നൂററിൽപ്പരം രൂപ മന്ദിരജനനിക്കു വേറെ കാണേണ്ടിവന്നു. "സ്ഥിരവരിക്കാർ എല്ലാം ആദ്യം സമ്മതിച്ചിരുന്നതുപോലെ മുറയ്ക്കു വരി തന്നു ഞങ്ങളെ സഹായിച്ചിരുന്നു എങ്കിൽ അധികച്ചെലവു വരികയില്ലായിരുന്നു, എന്നു മാത്രമല്ല, ആയിരം രൂപ മിച്ചവും വരുമായിരുന്നു" എന്നു ചിന്നമ്മ പറഞ്ഞിരിക്കുന്നു.

സഹായം പുറത്തുനിന്നും കിട്ടിക്കൊണ്ടിരിക്കണമെങ്കിൽ നമ്മുടെ കഥാനായിക ഇറങ്ങി സഞ്ചരിച്ചേമതിയാവൂ. മററ് എന്തെല്ലാം കാര്യങ്ങൾ തീർത്തിട്ടുവേണം ഇതിന് ചിന്നമ്മയ്ക്കു സമയമെടുപ്പാൻ. ആദിയിൽ ഇക്കാര്യത്തിൽ തഴച്ച സഹായിനിയായിരുന്ന ശ്രീ. യോഗിനിഅമ്മാൾ അസൗകര്യങ്ങളെ ഓർത്തു ഒട്ടു ചെന്നപ്പോൾ (ഒരു വർഷത്തിനകത്തു) പിരിഞ്ഞുപോയി. സാധാരണ ഒരു ഗൃഹനായികയെപ്പോലെ കഥാനായികയ്ക്കും, വീട്ടുകാര്യങ്ങളും, ഭർത്തൃശുശ്രൂഷയും, പുത്രപരിചരണവും നോക്കേണ്ടതായിട്ടുണ്ട് എന്നു പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ, മന്ദിരത്തിൻെറ ഭാരം കേവലം തൻെറ ചുമലിൽത്തന്നെ താങ്ങേണ്ടിവന്നതുമുതൽ വീട്ടുകാര്യങ്ങളിൽ കഥാനായിക കാണിച്ചിരുന്ന അനാസ്ഥയെ കണ്ടിട്ടു "നിങ്ങൾ സ്വന്തം ഭവനം മററുള്ളപോലെ നോക്കുന്നു അല്ലേ" എന്ന് ഒരു ബന്ധു ചോദിച്ചപ്പോൾ, "അതെ; എൻെറ വ്യക്തിത്വത്തിന് എനിക്കൊരു സ്വന്തം വീടുവേണ്ട" എന്നു പറഞ്ഞൊഴിഞ്ഞ ചിന്നമ്മ ഒരിക്കലും ഒരു സ്വന്തം വീടിന്റ അവകാശിനിയാകാതെ, തൻെറ വീട് മന്ദിരമാണെന്നുറച്ച് ത്യജിക്കയും സഹിക്കയും ആകുന്ന അഗ്നിപരീക്ഷകൾക്കു സന്നദ്ധയാകുന്നതിൻെറ പ്രാരംഭഫലമായ ഒരു ആണ്ടു കഴിഞ്ഞ മന്ദിരശിശുവിൻെറ വാർഷികാഘോഷത്തിൽ പങ്കുകൊള്ളാൻ, പരസ്നേഹപ്രബുദ്ധർ അനേകം പ്രാത്ഥനമോടനങ്ങൾക്കായിക്കൊണ്ടും, ഭോഷകട്ടങ്ങളായ പഴമ്മാർ ക്രൂടുതൽ എന്തെങ്കിലും പറഞ്ഞു പരത്തുവാൻ തങ്ങൾക്ക് ഉപകരിക്കത്തക്ക വകയുണ്ടോ എന്ന്, അന്യ

രറിയാത്ത രീതിയിൽ അന്വേഷിപ്പാനായിക്കൊണ്ടും പ്രഹർഷവദനരായി വന്നെള്ളുന്ന ആഘോഷങ്ങൾ ഇതാ അടുത്തുവരുന്നു:

ഇദം പ്രഥമമായി, ആശ്രയഹീനർ സ്വാശ്രയവൃക്ഷക്ക് സ്വാഗതം അരുളുവാൻ പോകുന്നു;

“അനാഥരക്ഷാശാല, സാമാന്യവിദ്യാഭ്യാസത്തിനുള്ള പാഠശാല, തൊഴിൽശാല, സാങ്കേതികപാഠശാല, വായനശാല, വിദ്യാർത്ഥിനീമന്ദിരം ഇത്രയും സ്ഥാപനങ്ങൾ ശാഖകളായി ചേൎക്കണം എന്നുള്ളതാകുന്നു ഉദ്ദേശിച്ചിട്ടുള്ളതു” “ഇവയിൽ ഇപ്പോൾ അനാഥരക്ഷാമന്ദിരവും, സാമാന്യ വിദ്യാഭ്യാസത്തിനുള്ള പള്ളിക്കൂടവും, തൊഴിൽശാലയും, സാങ്കേതിക പാഠശാലയും നടപ്പിൽ വരുത്തിയിട്ടുണ്ടു്” ഇവിടത്തെ അനാഥരക്ഷാമന്ദിരത്തിൽ “അനാഥരും, അഗതികളായ സ്ത്രീകളും ബാലികാബാലന്മാരും ഉൾപ്പെടെ നാല്പത്തഞ്ചു പേരെ ഇപ്പോൾ രക്ഷിച്ചുപോരുന്നുണ്ടു്. ഇവരിൽ സ്ത്രീകൾ മൂന്നുപേർ മാത്രമാണു്. ശേഷം നാല്പത്തിരണ്ടു പേരിൽ നാലു് ആൺകുട്ടികളും മുപ്പത്തെട്ടു പെൺകുട്ടികളുമാകുന്നു.........ഇവിടെ അഭയം പ്രാപിച്ചിട്ടുള്ള അനാഥ—സ്ത്രീകൾ മൂന്നുപേരാകുന്നു. അവരിൽ ഒരാൾ മാവേലിക്കര സ്പെഷ്യൽ സ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു മരിച്ചുപോയ മിസ്റ്റർ കൃഷ്ണപിള്ളയുടെ ഭാൎയ്യയാണു്. ഇവർ ഭർത്താവിന്റെ മരണശേഷം ശേഷിച്ച രണ്ടു സന്താനങ്ങളോടുകൂടി അശരണരായിത്തീരുകയാൽ ഇപ്പോൾ ഈ സ്ഥാപനത്തെ അഭയം പ്രാപിച്ചിരിക്കുന്നു. ഈ മഹതിയാകുന്നു മന്ദിരത്തിലെ മാനേജർ സ്ഥാനം ഇപ്പോൾ

വഹിച്ചുപോരുന്നതു്." "താഴ്ന്ന ജാതിക്കാർ എന്നു പറയപ്പെടുന്ന ഹിന്ദുവർഗ്ഗക്കാൎക്ക് പ്രവേശനം നൽകുന്നതിൽ സ്ഥലസൗകര്യം ഇല്ലായ്കയാൽ ഞങ്ങൾക്കു ഇതേവരെ സാധിച്ചിട്ടില്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. എന്നാൽ ക്രമേണ ആ സമുദായപ്രമാണികളും ഇക്കാര്യത്തിൽ ശ്രദ്ധിച്ചു ഞങ്ങളെ വേണ്ടുംവണ്ണം സഹായിക്കുവാൻ ഒരുമ്പെടുന്നപക്ഷം ആ ഉദ്ദേശ്യവും നിഷ്പ്രയാസം സാധിക്കുവാൻ കഴിയുന്നതാണു്. മന്ദിരം വക സാങ്കേതിക പാഠശാലയിലെ അദ്ധ്യാപകർ രണ്ടുപേരും ഈഴവയുവതികളാകുന്നു. അതുപോലെതന്നെ സ്കൂളിലും എല്ലാജാതി പെൺകുട്ടികൾക്കും പ്രവേശനം അനുവദിച്ചിട്ടുണ്ടു്. അതുകൂടാതെ കഴിഞ്ഞ ഇടവമാസാവസാനം മുതൽ സ്കൂളിൽ, പുറമെനിന്നും വരുന്ന ബാലികമാർ പകൽമുഴുവൻ ആഹാരമില്ലാതെ വലയുന്നതു കണ്ടിട്ടു അവൎക്കും ഒരുനേരം കഞ്ഞികൊടുത്തുവരുന്നുമുണ്ടു്. ഇവരിൽ, ഭൂരിപക്ഷവും ഈഴവർ, ചാന്നാന്മാർ മുതലായ വർഗ്ഗത്തിൽപെട്ടവരാകുന്നു. അവരവരുടെ ജാത്യാചാരമനുസരിച്ചുതന്നെ ജീവിച്ചുകൊള്ളുവാൻ ഞങ്ങൾ സൗകര്യം കൊടുത്തിട്ടുള്ളതും, ഒരു വർഗ്ഗത്തിന്റെ പ്രത്യേക ഉപയോഗത്തെ ഈ സ്ഥാപനം കാംക്ഷിച്ചിട്ടില്ലാത്തതുമാകുന്നു. എന്നാൽ ധനംകൊണ്ടും മററും ഈ സ്ഥാപനത്തെ സഹായിക്കുന്നവരിൽ ഭൂരിപക്ഷവും നായന്മാരും, ഇതരസമുദായത്തിൽനിന്നും ഞങ്ങൾക്കു ലഭിച്ചിട്ടുള്ള സഹകരണം വളരെ കുറവുമാണെന്നു പ്രസ്താവിക്കാതിരിക്കാൻ തരമില്ല." ഇങ്ങനെയാണു മഹിളാമന്ദിരത്തിനു ഒരു വയസ്സാകുമ്പോഴുള്ള മന്ദിരത്തിലെ അനാഥ രക്ഷാശാഖയുടെ

വൃത്താന്തം. രണ്ടാമത്തെ സ്ഥാപനം പള്ളിക്കൂടമാകുന്നു. മൂന്നാമത്തേതു തൊഴിൽശാല. "നെയ്ത്തു, തയ്യൽവേല, ചിത്രമെഴുത്തു, പനയോലകൊണ്ടുള്ള ഡപ്പിയുണ്ടാക്കുക, പുല്ലുകൊണ്ടു തട്ടിയുണ്ടാക്കുക ഇവ നടത്തിപ്പോരുന്നുണ്ടു്. ........മെഷീൻതയ്യലും കൈത്തയ്യലും അഭ്യസിപ്പിക്കുന്നുണ്ടു്. എല്ലാത്തരം തുന്നൽപ്പണികളും ഇവിടെ പരിശീലിപ്പിക്കണമെന്നു് ഉദ്ദേശിച്ചിട്ടുണ്ടു്........തൊഴിൽശാലയിൽ സ്ത്രീകൾക്കു പ്രയോജനപ്പെടാവുന്ന പലമാതിരി തൊഴിലുകളും അഭ്യസിപ്പിക്കണമെന്നു വിചാരിക്കുന്നുണ്ടു്. സാങ്കേതിക പാഠശാലയിൽ ആതുരശുശ്രൂഷാ പരിചരണം, പാചകം ഇവ ഉൾപ്പെടുത്തിയിട്ടുണ്ടു്." തൊണ്ണൂററിയഞ്ചിലെ മന്ദിരത്തിന്റെ വാർഷികം ദിവാൻ കൃഷ്ണൻനായരുടെ ആദ്ധ്യക്ഷത്തിൽ സമ്മേളിച്ചപ്പോൾ ഇത്രയും (അന്നത്തെ റിപ്പോർട്ടിൽനിന്നും മേൽ ഉദ്ധരിച്ചിരിക്കുന്ന) പുരോഗതി ചിന്നമ്മ മന്ദിരത്തിൽ വരുത്തിയിട്ടുണ്ടായിരുന്നു.

ചിന്നമ്മ നടത്തിയ മന്ദിരവാർഷികാഘോഷത്തെപ്പററി അല്പംപറയാം. നമ്മുടെ കഥാനായികയ്ക്കു സൈന്യവകുപ്പിലെ സഹോദരന്മാരെക്കൊണ്ടു് എന്തു് ഉപകാരവും സാധിച്ചുകൊള്ളുവാൻതക്ക പ്രാഭവമുണ്ടായിരുന്നു. മന്ദിരത്തിനു സമീപമുള്ള പാങ്ങോട്ടു, അന്നും പട്ടാളകേന്ദ്രം ഉണ്ടായിരുന്നുവല്ലോ. അവിടെനിന്നും കുറച്ചുപേർ വിശ്രമാവസരങ്ങളിൽ മന്ദിരാംബയെ സഹായിച്ചുവെന്നാൽ പന്തൽ കെട്ടുന്നതിനും വിതാനിക്കുന്നതിനുമുള്ള പ്രയാസം അല്പസമയംകൊണ്ടു ലഘൂകൃതമായിക്കഴിഞ്ഞു. കോട്ടയത്തും

കൊല്ലത്തും ചേതസ്സമാകർഷകങ്ങളായി വിതാനപ്പന്തൽ ഉണ്ടാക്കി ആഘോഷങ്ങൾ നടത്തിയ കല്യാണപ്രിയയായ കഥാനായികയുടെ കുറച്ചൊന്നും (അലങ്കാരങ്ങൾ) കൊണ്ടു മതിയാകുന്നതല്ലതാനും. നിറമനസ്സോടെ ചില സൈനികസഹോദരന്മാർ മന്ദിരാംബയെ സഹായിച്ചു. വളരെ പൊക്കത്തിൽ പന്തൽ തയ്യാറാക്കിച്ച്, അത്രയും പനച്ചെടികൾ പതിപ്പിച്ച് കരിക്കിൻ കുലകൾ, നിറയെപ്പഴുത്ത വാഴക്കുലകൾ, തോരണങ്ങൾ, കൊടികൾ ഇവകൊണ്ടു യഥോചിതം അലങ്കരിച്ചു. നിലത്തു സിതസൈകതം തഴപ്പിച്ച് വിരിക്കപ്പെട്ടു; പ്രവേശദ്വാരത്തിൽ നിന്നു നോക്കിക്കണ്ടാൽ, ഇതു വെള്ളിയുരുകിപ്പാഞ്ഞു നിരന്നിരിക്കയാണോ എന്നു തോന്നിപ്പിക്കത്തക്കവിധമായിരുന്നു. അലംകാരങ്ങളിൽ കണ്ണോടിച്ചുകൊണ്ടു ദിവാൻ കൃഷ്ണൻനായർ അടുത്തുനിന്നിരുന്ന ചിന്നമ്മയോട് "ഇതു സ്വർഗ്ഗലോകമോ" എന്നു ചോദിച്ചിട്ടുള്ളതു് ശ്രീ: കുമാരപിള്ള മറന്നിട്ടില്ല. ഇതെല്ലാം തന്റെ പരിശ്രമഫലമാണെങ്കിലും അന്നു് ചിന്നമ്മ ഒരു അതിഥിയുടെനിലയിലാണു് അവിടെ കഴിഞ്ഞിരുന്നതു്. (മന്ദിരം സെക്രട്ടറിയായി ചിന്നമ്മ ഇരുന്നുകൂടാ എന്നൊരു ഉത്തരവ് കുറച്ചുനാളത്തേയ്ക്കു ഊർജ്ജിതത്തിൽ വച്ചിരുന്നു. ഒട്ടുകഴിഞ്ഞു് അതു പിൻവലിച്ചു.)

ആ യോഗത്തിൽ രോമാഞ്ചകഞ്ചുകദാനം ചെയ്തിട്ടുള്ള ഒന്നു്, ചിന്നമ്മ രചിച്ചു് അനാഥബാലികമാർ ആലാപിച്ചുകേട്ട സ്വീകരണഗാനമായിരുന്നു.

"സൗജന്യമൂർത്തികളെ! പൂജനീയരെ!!
നിങ്ങളിൽ തിങ്ങീടേണം മംഗളം ഭംഗിയായി
മാനമേറീടും മഹാന്മാരെ! മഹതികളെ!
മാനശീലരെയിന്നു നിങ്ങൾക്കു നമസ്കാരം-(സൗജ)
പാരിലാധാരമായി മററാരുമില്ലാത്തവരിൽ
കാരുണ്യാമൃതംതൂകി പോററിടും പിതാക്കളെ (സൗജ)
നിങ്ങളന്നു നൽകും തുംഗധനങ്ങളിൽ താൻ
താങ്ങിയ ഈ മന്ദിരം ശ്രീ തിങ്ങി വളന്നിടുന്നു
മൂലധനമീഗേഹബാലികളെല്ലാരുകാത്തും
ശീലഗുണങ്ങൾ തിങ്ങും മാലാകരേയല്ലയിപ്പോൾ
ആയതമതികളെ ആയതിന്നു സഹായം
മായമററു നൽകുവാനായിരം കൈകളെതൊഴുന്നേൻ
കഷ്ടകാലമനാഥകൾക്കുഗേഹമിതിന്നു്
ശിഷ്ടരെ പെട്ടിടാതെ ശിക്ഷയായ് സൂക്ഷിക്കണേ.
ബാലാരിഷ്ടാദിയൊന്നും മേലിതിന്നണയാതെ
പാലിപ്പാൻ കനിയേണേ ശ്രീപത്മനാഭാ പോററീ!!!"

ഇതു കേട്ട സഭാവാസികളിൽമിക്കപേരുടെ കണ്ണുകളിൽനിന്നും ചുടു കണ്ണുനീർമുല്ലകൾ അടർന്നുകൊഴിഞ്ഞു. കഥാനായികയെ എതിർത്തിരുന്ന ചില ആഗതരുടെ കണ്ണുകളും ഇതിനു വ്യത്യസ്ഥമായിരുന്നില്ല.

സ്ഥലത്തെ വിദ്യാലയങ്ങളിൽനിന്നും കൊണ്ടുവന്നിരുന്ന വിദ്യാർത്ഥിനികൾ, മന്ദിരത്തിലെ അനാഥബാലികമാരുമായി സമ്മിളിതരായി തിരുവാതിരക്കളി തുട

ങ്ങിയ വിനോദങ്ങളിൽ ഏർപ്പെട്ടതും സദസ്യരെ അത്യധികം ആകർഷിച്ചിളക്കുകയുണ്ടായി. പുതുതായ 'സ്കൗട്ട്' കളുടെ സാന്നിദ്ധ്യവു, ആചാരവും ആ സമ്മേളനത്തിനു മോടികൂട്ടി. മന്ദിരാംബ ഏർപ്പെടുത്തിയിരുന്ന "വിനോദ വില്പന"കളിൽനിന്നും തൃപ്തികരമായ ഒരു തുക വിറവുകിട്ടി. നമ്മുടെ ഇടയിൽ വിനോദ വില്പന ആദ്യമായി കൊണ്ടുവന്നതും നമ്മുടെ കഥാനായികയത്രെ.

ആദ്യത്തെ ഒരുകൊല്ലത്തിൽ മന്ദിരത്തിനു സ്ഥിരമായികിട്ടാൻ തുടങ്ങിയിരുന്ന വരവു, മി. അനന്തരാമയ്യരുടെ ധർമ്മനിക്ഷേപത്തിൽനിന്നും നൂററിഎട്ടുരൂപയും, തിരുവിതാംകൂർ ഗവണ്മെൻറിൽനിന്നും ദിവാൻ കൃഷ്ണൻനായർ അനുവദിച്ചുകൊടുത്ത നാല്പതുരൂപയും മാത്രമായിരുന്നു. വെളിയിൽനിന്നുമുള്ള സംഭാവനകളും വരവും കൂടാതെ, "വിവിധവിനോദത്തിൽ നിന്നും" തൊഴിൽശാലയിൽ നിന്നുംകൂടി ഒരു ചെറിയ വരവും ചിന്നമ്മ മന്ദിരത്തിന് ഉണ്ടാക്കിയിരുന്നു. "ആറുപെൺകുട്ടികൾ കരമനഹയർഗ്രേഡ് പള്ളിക്കൂടത്തിൽപോയി പഠിച്ചുവരുന്നതും ഒരു പെൺകുട്ടി (നാം പരിചയപ്പെട്ടിട്ടുള്ള ഗൗരിയമ്മയുടെ മകൾ) ചാലഹൈസ്കൂളിൽ എട്ടാംക്ലാസ്സിൽ പഠിച്ചുവരുന്നതുമാകുന്നു" ഈവിധം കൂടികൂടി വരുന്ന ഓരോ ഇനത്തിനും വേണ്ടിയുള്ള ചെലവുകൾക്കു വീതംവീതമായി എന്തുമാത്രം ഉണ്ടാക്കിയാൽ മഹിളാമന്ദിരാംബികയ്ക്കു കിടന്നുറങ്ങാം?

# അദ്ധ്യായം ൧

## മന്ദിരാംബയുടെ അഭാവം

"മഹിളാമന്ദിരാധിപ താടിക്കകയ്യുംകൊടുത്തു സവ്യസനം തൂണും ചാരി........മന്ദിരത്തിന്റെ വരാന്തയിൽ നിൽക്കുന്നു. മന്ദിരവാസികളും അഗതികളും ആയ ബാലികകൾ, പ്രാതഃസ്നാനവും പ്രാർത്ഥനയും കഴിഞ്ഞു് മന്ദിരമുററത്തു വിഹരിക്കുന്നു. അവരുടെ വിഹാരങ്ങളും സ്നേഹപുരസ്സരങ്ങളായ പെരുമാററങ്ങളും കാണുംതോറും മന്ദിരാധിപയായ മഹിളാമണിയുടെ നയനങ്ങളിൽ ജലം നിറയുന്നു. ഒന്നു രണ്ടു തുള്ളി അവരറിയാതെതന്നെ അവരുടെ മാറിൽ വീണു വസ്ത്രം നനഞ്ഞിരിക്കുന്നു. എന്താണു് ഇവരുടെ ദുഃഖത്തിനു് കാരണം എന്നു് ആരും അറിയുന്നില്ല. താൻ പെററ സന്താനങ്ങൾക്കോ, താൻ പിറന്ന ഭവനത്തിലെ ബന്ധുക്കൾക്കോ വല്ല സുഖക്കേടും പിടിപെട്ടിട്ടുണ്ടോ. അങ്ങനെയാണെങ്കിൽ അവരെ അന്വേഷിക്കാതെ ഈ മന്ദിരത്തൂണിനെ ആധാരമാക്കി നിൽക്കേണ്ട ആവശ്യമില്ല. ഊണിലും ഉറക്കത്തിലും മന്ദിരത്തിന്റെ വളർച്ചയെത്തന്നെ ദീക്ഷിച്ചുകൊണ്ടിരിക്കുന്ന ഈ അമ്മയെ ലൗകികവ്യാപാരവ്യഥകളൊന്നും ബാധിക്കുന്നതല്ല. മന്ദിരമാണു് അവരുടെ ജീവൻ. അതുതന്നെയാണു് അവരുടെ ശരീരവും. അതിനാൽ മന്ദിരംതന്നെയാണു് അവരുടെ വ്യസനഹേതു

---

* ശ്രീ. എൻ. കെ. കൃഷ്ണപിള്ളയുടെ കനകമംഗലം എന്ന ആഖ്യായികയിൽനിന്നു്.

ളവന്നു് നിസ്സംശയം പറയാം. എന്നാൽ എന്താണു് ഇത്ര വളരെ വിഷമിക്കത്തക്കതായി മന്ദിരത്തിനുണ്ടായിട്ടുള്ളതു്........

അവർ ഇന്നുമാത്രം വിശേഷാലായികരയുന്നുവെന്നു ആരും പറഞ്ഞില്ല. പ്രത്യേകമായ ജോലിയൊന്നും കൂടാതെ ഏതെങ്കിലും സമയംവിശ്രമിച്ചിട്ടുണ്ടോ അപ്പോഴെല്ലാം പിന്നത്തെ ചിന്ത അവരുടെ മനസ്സിനെ ബാധിക്കുകയും ബാഷ്പധാര അവരെ കുളിർപ്പിക്കുകയും ചെയ്യാറുണ്ടു്. എന്നാൽ ഇന്നു വിശേഷാൽ ഒരു സംഭവംകൂടി ആ മഹിളാരത്നത്തെ അസ്വസ്ഥചിത്തയാക്കിയിരിക്കുന്നു. അന്നു ഉച്ചയ്ക്കു കുട്ടികൾക്കു ഭക്ഷണം കൊടുക്കുവാൻ അരിയാകട്ടെ, മററു സാമാനങ്ങളാകട്ടെ യാതൊന്നും അവിടെയില്ല.”

ഇങ്ങനെയുള്ള അവസ്ഥകളിൽ പൂജമുറിയിൽ കയറിയിരുന്നു കണ്ണുനീർത്തുള്ളികൾകൊണ്ടു് പുഷ്പാഞ്ജലി നടത്തുകയാണു് ചിന്നമ്മയുടെ പതിവു്. “അമ്മയുടെ പ്രാർത്ഥന ഒരിക്കലും ഫലിക്കാതിരുന്നിട്ടില്ല. പ്രാർത്ഥന കഴിഞ്ഞു് വെളിയിൽ വരുമ്പോൾ അധികവും ആളറിയിക്കാതെ പണമോ സാധനമോകൊണ്ടു് ആരും അവിടെ വരും.” എന്നു കൂടെയുണ്ടായിരുന്ന ഗൗരിയമ്മ ഒന്നല്ല പല അവസരങ്ങളിലെ അനുഭവങ്ങളെ വച്ചുകൊണ്ടു പറയുന്നു. ചിന്നമ്മയുടെ പ്രാർത്ഥനാമഹത്വം സർവവിദിതമാണു്. ജി. ആർ. തങ്കമ്മ തുടങ്ങിയ ബിരുദധാരിണികളായ യുവതികൾ ഇതുകണ്ടു് അവാച്യമായ വിസ്മയത്തിൽ ആണ്ടു നിന്നുപോയിട്ടുണ്ടെന്നു പറയുന്നു. സ്വാർത്ഥത തൊട്ടുതെറിക്കാതെ, തികച്ചും പരനിൽ

സാത്മ്യം കണ്ടിട്ടു്, ആ ജീവങ്ങളെ പുലൎത്തുവാനായിട്ടുള്ള പ്രാൎത്ഥന ഫലദായകമായിട്ടല്ലാതെ പരിണമിക്കാൻ തരമില്ലല്ലോ. "ഈശ്വരൻ എന്നെ വല്ലാതെ വിഷമിപ്പിച്ചു സന്തോഷിക്കുന്നു. എന്താ ചെയ്യുക." എന്നു ചിന്നമ്മ ശ്രീ. തീൎത്ഥപാദനു് എഴുതിയിട്ടുള്ളതു വിഷമങ്ങൾകൊണ്ടു വ്യാകുലപ്പെടുകയും, ഈശ്വരോന്മുഖമായി അതു് അൎപ്പിക്കുകയും ചെയ്യാൻ തുടങ്ങിയിരുന്നതിന്റെ ആദ്യഘട്ടത്തിലായിരുന്നു.

"മന്ദിരത്തിന്റെ ആരോഗ്യം മന്ദിരത്തിലെ അനാഥക്കുട്ടികളുടെ ആരോഗ്യത്തെ ആശ്രയിച്ചാണിരിക്കുന്നതു്." എന്നെഴുതുന്ന ചിന്നമ്മ എത്ര പട്ടിണിവേണമെങ്കിലും കിടന്നുകൊള്ളും; എന്നാൽ, മന്ദിരത്തിലെ കുട്ടികൾക്കു അടുത്ത നേരത്തെ ഭക്ഷണത്തിനു വകയില്ലെന്നു വരുമ്പോഴാണു് അവരുടെ കാൎയ്യം മുട്ടിപ്പാടയാൻ തുടങ്ങുന്നതു്.

"ഇന്നുച്ചയ്ക്കു കുട്ടികൾക്കു കഞ്ഞികൊടുക്കാനേ നിവൃത്തിയുള്ളൂ." എന്നു ഗൗരിയമ്മ ഒരു കുറിപ്പെഴുതിക്കൊടുത്തു് ഒരാളെ ചിന്നമ്മയുടെ ഭവനത്തിൽ അയച്ച ദിവസം, തന്റെ ഒരു കാലിന്റെ സുഖക്കേടുനിമിത്തം പുലൎന്നു മണി പതിനൊന്നായിട്ടും വെളിയിലിറങ്ങാൻ കഴിവില്ലാതെ കഥാനായിക വിഷമിച്ചിരിക്കയായിരുന്നു. "അനാഥരെ പുലൎത്താൻ ഇറങ്ങിയ എനിക്കു് അവരെ പട്ടിണിക്കിടുവാനോ ഈശ്വരൻ വിധിച്ചതു്." എന്ന അന്തസ്താപത്തോടുകൂടി ചിന്നമ്മ മന്ദിരത്തിൽ എത്തി.

ഇതിനകം, ഒരു ചെറിയ സ്വൎണ്ണമാലയൊഴിച്ചു, എല്ലാ ആഭരണങ്ങളും നമ്മുടെ കഥാനായിക മന്ദിര

ത്തിനുവേണ്ടി വിററുകഴിഞ്ഞിരിക്കുന്നു. അന്നു ശേഷിച്ചിരുന്ന ആ മാലയെ ഊരി ഗൗരിഅമ്മയുടെ കയ്യിൽ കൊടുത്തിട്ടു്, ചിന്നമ്മ പറഞ്ഞു: "ഇതിനെ ഇവിടുന്നാണെന്നു പറയാതെ പിരിവുകാരന്റെ കൈയിൽ കൊടുത്തയച്ചു പണയംവച്ചു കിട്ടുന്നതു വാങ്ങി ഇന്നത്തെ കാര്യങ്ങൾ മംഗളമാക്കുക. ഗൗരിഅമ്മേ, എനിക്കു തലവേദന തുടങ്ങി. കുറെ നേരത്തേയ്ക്കു എന്നെ ആരും വിളിക്കരുതു്." എന്നിട്ടു്, ഒരു മുറിയിൽ കയറി അവർ കിടപ്പായി.

ഒരു മണിക്കൂർ കഴിഞ്ഞില്ല, ഒരു ചെറുപ്പക്കാരൻ വിയർത്തൊലിച്ചു മന്ദിരത്തിനകത്തു വരുവാൻ ശിപായിയോടു് അനുവാദം ചോദിക്കുന്നു: ചുരുക്കിപ്പറയാം. "അമ്മേ! മന്ദിരത്തിലെ കുട്ടികൾക്കു് ഒരു സദ്യയ്ക്കു് എന്തു ചെലവാകും?" എന്നായിരുന്നു ആ യുവാവു ചിന്നമ്മയോടു ചോദിച്ച ചോദ്യം. ഗൗരിഅമ്മയോടു് അതു കണക്കാക്കി പറവാൻ ചിന്നമ്മ ഏർപ്പാടുചെയ്തിട്ടു "അതിനു വേണ്ടതു അവിടെ പറയും. സദ്യനടത്തുമ്പോൾ വന്നുനോക്കുക. നിങ്ങൾ എവിടെനിന്നു വരുന്നു?" ഇങ്ങനെ അവർ ചോദിച്ചു. അതു് ഗദ്ഗദത്തിലായിരുന്നു. ഇന്ന എടത്തിൽ നിന്നാണെന്നും ഇന്നാർ ചെയ്യുന്നതാണെന്നും പുറത്തു പറയരുതു് എന്നു തനിക്കു പ്രത്യേകം ആജ്ഞയുണ്ടെന്നു യുവാവു പറഞ്ഞതുകേട്ടുകൊണ്ടു്, വീണ്ടും മുറിക്കുള്ളിൽ ചിന്നമ്മ കയറി കിടപ്പായി.

ഇതുപോലത്തെ കഥകൾ ഒന്നുരണ്ടൊന്നുമല്ല: "സഹോദരങ്ങളെ! നിങ്ങൾ നടത്തുന്ന അടിയന്തിരദിവസങ്ങളിൽ മഹിളാമന്ദിരത്തിലെ അനാഥബാലികമാരെ

ഓമ്മിക്കുക. അന്ന് അവക്കും ഒരു സദ്യ കൊടുക്കുക.” എന്നു കഥാനായിക അഭ്യർത്ഥിച്ചിരുന്നതിന്റെ ഫലംതന്നെയായിരുന്നുവെങ്കിലും, അവസാനത്തിൽ ഈ വന്നുചേരുന്ന അവസരലബ്ധങ്ങളെല്ലാം ചിന്നമ്മ “ഈശ്വരൻ അയക്കുന്നതായിട്ടാണ്” കരുതുന്നത്. വളരെ വിഷമങ്ങൾ ഉണ്ടായിരുന്ന ആദ്യകാലങ്ങളിലും പട്ടിണിയെന്നുള്ളതു വന്നിട്ടില്ല. എന്നതിനു വീണ്ടും ഗൌരിയമ്മ ഒരു ഉദാഹരണം പറയുന്നു: “ഒരുദിവസം ഞങ്ങൾ ഊണുകഴിഞ്ഞു. അത്താഴത്തിനു മാർഗ്ഗമില്ലാതിരിക്കുമ്പോൾ അമ്മ വന്നു. അമ്മ സ്ഥിതി മനസ്സിലാക്കി. ‘ശരി ഇന്നു ക്രുപ്പകൊ പലഹാരവും കാപ്പിയും ഒരുക്കട്ടെ’ എന്ന് ഉപായം കണ്ടുകൊണ്ടു അമ്മ കുറെ ക്രുപ്പക് എടുത്തു പാകപ്പെടുത്തുവാൻ പറഞ്ഞു. കുറേനേരം ഒന്നും മിണ്ടാതെ ഒരിടത്തുപോയി ഇരിപ്പായി. അപ്പോൾ ഒരാൾ വിവിധ പലഹാരങ്ങളോടുകൂടിയുള്ള ഒരു കാപ്പി സദ്യയും പണവുംകൊണ്ടു അവിടെ വരുന്നു.”

“ശുഭപ്രതീക്ഷ” എന്ന ഗുണവിശേഷത്തിന് ചിന്നമ്മയും സദൃശയായ ഒരു സ്ത്രീ ഇന്നുവരെയുള്ള ഭാരതചരിത്രത്തിൽ വിരളമെന്നേ പറയാനുള്ളൂ. ആധുനികഭാരതത്തിന്റെ ദേശീയചരിത്രത്തിൽ ഇപ്പറഞ്ഞ ഗുണവിശേഷത്തിന് രാഷ്ട്രത്തിന്റെ യഥാർത്ഥസന്തതികൾ ചരിത്രമുണ്ടാക്കീട്ടുണ്ടെങ്കിലും, ചിന്നമ്മയുമായുള്ള ഒരു താരതമ്യനിരൂപണത്തിന് ഭാവിയിലല്ലാതെ നിവൃത്തിയില്ലെന്നു പറഞ്ഞു തൽക്കാലം സമാധാനിക്കേണ്ടിയിരിക്കുന്നു. മിസ്സിസ് ബസന്റിനെ പല ഗുണത്തിലും വായനക്കാർ ഇവിടെ ചിന്നമ്മയുമായി സ്വയം താരതമ്യ

പ്പെട്ടതിനാലാകാം. എന്നാൽ ശുഭപ്രതീക്ഷയും ഭാര്യ, അമ്മ, ഉദ്യോഗസ്ഥ സമുദായപ്രവർത്തക തുടങ്ങിയുള്ള കാര്യങ്ങൾക്ക് ഒന്നിനും വിഘ്നംകൂടാതെ, ഏകയായി അഗതിവനിതാസേവനത്തിനിറങ്ങിയിരിക്കുന്ന ചിന്നമ്മയുമായി ബന്ധന്റെ അതുല്യത പോരാ എന്നുമാത്രംപറഞ്ഞുകൊണ്ടു തൽക്കാലം പ്രകൃതത്തിലേയ്ക്കു പോകുന്നു.

വിഷമങ്ങളെന്തെല്ലാം വന്നിട്ടും, ഉള്ളതു കൂടാതെ പുതിയ പുതിയ സ്ഥാപനങ്ങൾ ചിന്നമ്മ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. അൻപതു്, അറുപതു, എഴുപതു്, തൊണ്ണൂറ് ഇങ്ങനെ കഴിയിൽ കവിഞ്ഞും ജീവകാരുണ്യം മാത്രം ആധാരമാക്കിക്കൊണ്ടിരിക്കുന്നു. ശരി; ഇരുനൂറിനോ, അഞ്ഞൂറിനോ ചിന്നമ്മയുടെ അദൃശ്യമായ മനസ്സ്ഥൈര്യത്തോളം ഉറപ്പുണ്ടെന്നു പറയുവാൻ സാധ്യമല്ല. അവസ്ഥാഭേദങ്ങളാൽ ചലിക്കപ്പെടാത്ത ഹൃദയദാർഢ്യത്തോടും, കീഴ്വഴങ്ങാത്ത ദൃഢനിശ്ചയങ്ങളോടും, മുൾവൃക്ഷങ്ങളാകുന്ന പരിസരങ്ങളിൽ തൊട്ടുരതിയും ഉരഞ്ഞും ജീവരക്തം ഒലിച്ചുപൊയ്ക്കൊണ്ടിരുന്നിട്ടും, മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുന്ന ചിന്നമ്മയിൽ മഹത്വത്തിന്റെ ഘടകങ്ങളിൽ അധികവുമുണ്ടെന്ന് ഒരു ദൂരവീക്ഷണം കൊണ്ടു് നിർമ്മത്സരബുദ്ധികൾക്ക് കാണ്മാൻ ക്ലേശം വേണ്ട.

ഒഴിവു ദിവസങ്ങളിൽ മന്ദിരത്തിനു സഹായമർത്ഥിച്ചുകൊണ്ടു ചിന്നമ്മ ഇറങ്ങിക്കൊണ്ടിരുന്നു. ഹൃദയാലുക്കളുടെ സഹായവും പ്രോത്സാഹനവും ഒരുവശത്തുണ്ടെങ്കിൽ, നീചനീചമായ സംഭാഷണവും അപഹാസവും മററു് ഉപദ്രവങ്ങളും എപ്പോഴും മറുവശത്തുനിന്നും നമ്മുടെ കഥാനായികയ്ക്കു കിട്ടിക്കൊണ്ടിരുന്നതിന് ഒട്ടും ലോപംവന്നിട്ടില്ല. ഒരുദിവസം തിരുവനന്തപുരത്തെ ഒരു

ഭവനത്തിൽ മന്ദിരത്തിനു സഹായമർത്ഥിച്ചുകൊണ്ടു ചിന്നമ്മ കയറിയപ്പോൾ, ഗൃഹനായിക "നിങ്ങളുടെ ശരീരത്തിനു് ഒരു കോട്ടവും വന്നിട്ടില്ലല്ലോ. പണമുണ്ടാക്കുവാൻ ഇതല്ലപണി!" എന്നൊരു വചോപഹാരമാണു് നമ്മുടെ കഥാനായികയ്ക്കു് ചാർത്തിയതു്.

ഇമ്മാതിരി തൊലി ഉരിക്കുന്ന നിന്ദാപഹാസങ്ങൾ മുഖദാവിൽ കേട്ടു ശീലിച്ചിട്ടില്ലാത്ത ചിന്നമ്മയ്ക്കാകട്ടെ കുറഞ്ഞൊന്നുമല്ല സങ്കടമുണ്ടായതു്. "ഈശ്വരൻ അവർക്കു നല്ലബുദ്ധി കൊടുക്കണേ എന്നു പ്രാർത്ഥിച്ചുകൊണ്ടും കണ്ണിൽ അടവിനിന്നിരുന്ന കണ്ണുനീർ തുടച്ചുകൊണ്ടും അടുത്തഭവനത്തിലേയ്ക്കു് അവർ നടന്നതായി" മിസ്സിസ്സ് കെ. വേലുപ്പിള്ള പറയുന്നു.

"നിങ്ങളുടെ മനസ്സിലും ഹൃദയത്തിലും അമ്മാതിരി ശത്രുഭാവത്തിന്റെ അണുപോലും ഇല്ലാതിരിക്കട്ടെ." എന്നു നമ്മുടെ കഥാനായിക നമ്മോടു് എടുത്തുപറഞ്ഞിട്ടുള്ളതിനെ അവർ എങ്ങിനെ സാക്ഷാല്ക്കരിക്കുന്നു എന്നാണു നാം ഇവിടെ പഠിക്കേണ്ടതു്.

അനുഗൃഹീതകലാകാരനായ വി. കൃഷ്ണൻതമ്പിയുടെ "വിദ്രുപത്തിനു സ്വരൂപം കൊടുക്കുക" എന്നനവീനാദർശത്തിനു നിസർഗ്ഗജമായ ഒരു കഥ അടിയിൽ വരുന്നു: ഒരിക്കൽ ചിന്നമ്മ, ചുററങ്ങൾ സർക്കീട്ടുപോയിരുന്നപ്പോൾ ചിറയിൻകീഴ് താലൂക്കിലുള്ള ഒരു ഗൃഹസ്ഥനോടു മന്ദിരത്തിനു സഹായിക്കണമെന്നു യാചിക്കുകയുണ്ടായി. അതിനു, സമാധാനമായി ഗൃഹസ്ഥൻ സഭ്യമല്ലാത്തരീതിയിൽ ചിന്നമ്മയോടു സംസാരിച്ചു് അവരെ മടക്കി. ദിവസങ്ങൾ കുറെ കഴിഞ്ഞു. അക്കാലത്തു ചിന്നമ്മയെ കാണാൻ ചെല്ലാറു

ണ്ടായിരുന്ന ഒരു യുവാവിനോട്ട് ആയിടയ്ക്കുള്ള വിശേഷങ്ങൾ പറഞ്ഞ കൂട്ടത്തിൽ ചിറയിൻകീഴത്തെ കഥയും അവർ സംഭാഷണത്തിൽ ഉൾപ്പെടുത്തിയിരുന്നു. താമസിയാതെതന്നെ തിരുവനന്തപുരത്തു കേസുകാര്യങ്ങൾക്കു വരാറുണ്ടായിരുന്ന ഇപ്പറഞ്ഞ ഗൃഹസ്ഥനെ ഈ യുവാവിനു എങ്ങനെയോ പരിചയപ്പെടാൻ കഴിഞ്ഞു. ഒരു ദിവസം തന്റെ വസതിയിൽ (തിരുവനന്തപുരത്തു്) യുവാവു ഗൃഹസ്ഥനെ കൂട്ടിക്കൊണ്ടുപോയി താമസിപ്പിച്ചു. അന്നു കോടതിയിൽ കേസുകഴിഞ്ഞു മടങ്ങുവാൻ ഗൃഹസ്ഥനു സമയം വൈകിപ്പോയിരുന്നു. അതിനാലാണു മനുഷ്യരോട്ട് അടുക്കുന്നപ്രകൃതത്തിലല്ലാതിരുന്ന ഇയ്യാൾ പരിചിതനായ യുവാവിന്റെ ഗൃഹത്തിൽ രാത്രി കഴിച്ചുകൂട്ടുവാൻ കൂടിയതു്. രണ്ടാമതൊരു പ്രാവശ്യവും കൂടി ഈ ഗൃഹസ്ഥനെ അതിഥിയാക്കാൻ നമ്മുടെ യുവാവിനു കഴിഞ്ഞു. അന്നു വൈകുന്നേരം അവർ നഗരം ചുററിക്കറങ്ങി എങ്ങിനേയോ മന്ദിരത്തിന്റെ നടയിൽ എത്തിച്ചേർന്നു. മന്ദിരമാകുന്നു മനസ്സിലാക്കിയതോടുകൂടി, ഗൃഹസ്ഥന്റെ മുഖം സൂര്യോദയത്തിലെചന്ദ്രനെന്നപോലെ വിളറിവശമായി. യുവാവ്.—"എനിക്കു ഇതിനകത്തു് ഒരാളെ കാണ്മാനുണ്ടു്. രണ്ടാംക്ഷണമായി പോയിട്ടു് ഉടനെ പോരാം." ഗൃഹസ്ഥൻ—"നിങ്ങൾ പോയിവരണം. എനിക്കു് എളുപ്പം ഇവിടം കടന്നു പോകണം. ഞാൻ ഇവിടത്തെ ഒരു സ്ത്രീയെ ചീത്തപറഞ്ഞിട്ടുണ്ടു്. അവൾക്കു പണം വേണംപോലും, അതിനായിരുന്നു." യുവാവു്—"സാരമില്ല. ആരറിയാൻ പോകുന്നു. അവരിൽനിന്നും നമുക്കു് അറിഞ്ഞാൽ

തന്നെയും സൽക്കാരമല്ലാതെ, അപകാരത്തിന്ന പകരം പ്രതികാരമുണ്ടാകുമെന്നു സംശയിക്കുകയേവേണ്ടാ." ഗൃഹസ്ഥൻ—"എന്നാലും എന്റെമനസ്സിന്ന ശക്തിവരുന്നില്ല." യുവാവു്—"അല്ല, വരണം" എന്നുപറഞ്ഞു് മനുഷ്യരോടു ഇണങ്ങിയിട്ടില്ലാത്ത ഭീരുവായ ആ പിശുക്കനെ ഒരു വിധം മനുഷ്യസംഘത്തിന്റെ അകത്തു കൂട്ടിക്കൊണ്ടു പോയി. നേരം സന്ധ്യയായി തുടങ്ങിയിരുന്നു. മന്ദിരം സന്ദർശിക്കാൻ വന്ന രണ്ടു മാന്യകളുമായി ചിന്നമ്മ സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. ആഗതരെ കണ്ടു കൊണ്ടു് ഉപചാരത്തിനായി ചിന്നമ്മ എണീററു് കസാലകറം ആനയിച്ചു് അവരെ ഉപവിഷ്ടരാക്കി. അപ്പോഴേയ്ക്കും സന്ധ്യാവന്ദനത്തിന് ബാലികമാർ പോകാറായി. തോട്ടത്തിൽ വെള്ളംകോരിക്കൊണ്ടു നിന്നിരുന്നവരും, കളിച്ചുകൊണ്ടുനിന്നിരുന്നവരും നാമജപത്തിന്ന വരുവാൻ ഒരുങ്ങിത്തുടങ്ങി. ചിന്നമ്മ ഒരുമണി ശബ്ദിച്ചു. ബാലികമാരിൽ കുറച്ചുപേർ അതിഥികറംക്കെതിരായി വന്നുനിന്നു.

ചിന്നമ്മ അവരോടു ചോദിച്ചു: "നിങ്ങളെ ചോറു തന്നു വളൎത്തുന്നവർ ആരാണു്?" "കുട്ടികറം—അമ്മ, അമ്മ" എന്നു് ഏകസ്വരത്തിൽ പറഞ്ഞു, ചിന്നമ്മ ഞാനല്ല; ഈ ഇരിക്കുന്ന ഗൃഹസ്ഥനായമഹാനെപ്പോലെയുള്ളവർ. ആകട്ടെ; നിങ്ങറം ആദ്ദേഹത്തിൻെറ ദിർഘായുസ്സിനായി പ്രാൎത്ഥിക്കണം. 'സുജനമൂൎത്തികളെ' എന്ന ഗാനം പാടുവിൻ, ഇദ്ദേഹംകേറംക്കട്ടെ." കുട്ടികറം പാടി നിറുത്തി. ഗൃഹസ്ഥൻ തേങ്ങിക്കരഞ്ഞു് വസ്ത്രാഞ്ചലത്തിനാൽ കണ്ണുനീർ തുടച്ചുകൊണ്ടു് "നാളെ വീട്ടിലെത്തി

മന്ദിരത്തിന്ന പണമയക്കാതെ ഇനി ഭക്ഷണമില്ല. അവിടുന്നു ഞാൻ പറഞ്ഞിട്ടുള്ള പരുഷവാക്കുകളെ സഹിച്ചു മാപ്പു തന്നില്ലെങ്കിൽ എനിക്കു ഗതിയില്ല. സർവ്വം ക്ഷമിക്കുക.”

പിന്നെയൊരിക്കൽ, ഒരു വടക്കൻയാത്രയിൽ ചിന്നമ്മ ഉദ്ദേശിച്ചതുപോലെ ആയാളുടെ സ്ഥിതിക്കുതക്കവണ്ണം ഒന്നും കൊടുക്കാതെ കുറെ പരുഷമായി സംസാരിച്ചിട്ട് എന്തോ കൊടുത്ത ഒരാൾ, തിരുവനന്തപുരത്തു വന്നപ്പോൾ മന്ദിരം കാണാനും വന്നു. പെററിട്ടു, നാല്പത്തഞ്ചുദിവസംപോലും തികയാതിരുന്ന ഒരു അനാഥശിശുവിനെ ചിന്നമ്മ മടിയിൽ കിടത്തി ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നതാണു സന്ദർശകന്റെ ദൃഷ്ടിയിൽ പെട്ടത്. അയാൾ താൻ പറഞ്ഞുപോയിട്ടുള്ള പിഴവാക്കുകളെല്ലാം ഭയപൂർവ്വം ക്ഷമിക്കുന്നതിന് കേണിരുന്നതിന് അവസാനമില്ലായിരുന്നു. ഇത്തരം കഥകൾ അനവധിയുണ്ട്.

മന്ദിരത്തിലെ കുട്ടികൾക്കു സദ്യ നൽകണമെന്ന് ആരെങ്കിലും നിശ്ചയിച്ചുവരുന്നതായി ചിന്നമ്മയ്ക്കു അറിവു കിട്ടുമ്പോൾ തന്റെ കുട്ടികളോട് (മന്ദിരത്തിലെ) അന്യർ കാണിക്കുന്ന സ്നേഹവായ്പിനെ ഓർത്ത് ഉണ്ടാകുന്ന ഉന്മേഷവും ദാരിദ്ര്യവത്തുകൾക്ക് ഉൽഭൂതമാകുന്ന ഉത്സാഹവും വിവരിക്കുക സാദ്ധ്യമല്ല. സമൃദ്ധിയാണ് അവർ കാണുന്നതു:—“വിഭവസമൃദ്ധമായ ഭക്ഷണം കൊടുത്തു കുട്ടികളെ ‘പീനരാക്കണം’” എന്നു സുഖമായി ഉണ്ടു ശീലിച്ചിട്ടില്ലാത്തവർ ചിന്നമ്മയെ പഴിച്ചുകൊണ്ടിരിക്കുമ്പോഴും കുപ്പുകട്ട്, പനങ്കിഴങ്ങ്, മലക്കറികൾ, പഴങ്ങൾ എന്നിവ സക്കീട്ടുകഴിഞ്ഞു മടങ്ങുമ്പോൾ

ഓരോ സ്ഥലങ്ങളിൽനിന്നും ധാരാളം വാങ്ങിക്കൊണ്ടാണു മന്ദിരാംബ തിരികെ മന്ദിരത്തിൽ എത്തുന്നതു്. "മന്ദിരത്തിനു മലക്കറിയും പൂജയും പൂവും വാങ്ങിയാൽ അമ്മയ്ക്കു മതിയാകയില്ല" എന്നാണു സഹചാരിണി ഇന്നലെയെന്നോണം സ്മരിക്കുന്നു.

ഇതിനകം, അധികാരമുള്ള ഉദ്യോഗത്തിലിരിക്കുന്ന ചിന്നമ്മ അദ്ധ്യാപികമാരെക്കൊണ്ടു മന്ദിരത്തിനു പ്രചാരണം നടത്തിക്കുന്നു എന്നൊരു പരാതി ഇൻസ്പെക്ട്രസ്സ് ക്യാരപ്പിറവ പറയാതിരുന്നില്ല. എന്നാൽ, ആ ദുശ്ശങ്കയെ പാലിച്ചുകൊള്ളുവാൻ മദാംമ്മയ്ക്കു അവസരം കൊടുത്തുകൊണ്ടു, മററു നിഷേധങ്ങളൊന്നും പുറപ്പെടുവിക്കാതെ സ്വാതന്ത്ര്യമായി കൂടുതൽ സമയം മന്ദിരത്തിനുവേണ്ടി ചെലവിടുവാനായിട്ടുകൊണ്ടു ഇൻസ്പെക്ട്രസ്സ് ഉദ്യോഗത്തിൽനിന്നും പിരിഞ്ഞു ഒരു അദ്ധ്യാപികയായി പോകുവാൻ തനിക്കു സന്തോഷമേയുള്ളു എന്നു തന്റെ മേലുദ്യോഗസ്ഥയെ അവർ അറിയിച്ചു; അതിൻവണ്ണം തിരുവനന്തപുരം പേട്ടയിലെ പെൺപള്ളിക്കൂടത്തിൽ ഹയർ ക്ലാസ്സുകൾ ഏർപ്പെടുത്തുകയാൽ ചിന്നമ്മ, ഹെഡ്മിസ്ട്രസ്സായി അവിടെ നിയമിതയായി. ഇതു് തൊണ്ണൂററഞ്ചിലായിരുന്നു.

മഹിളാമന്ദിരം സംബന്ധിച്ച കഥാനായികയ്ക്കുണ്ടായിട്ടുള്ള വ്യഥകളിൽ ഓരോദിനം വളരെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നതു് അതിനു സ്വന്തമായ ഒരു സ്ഥലവും കെട്ടിടവും ഇല്ലാ എന്നുള്ളതാണു്. നാൾക്കുനാൾ അഭിവൃദ്ധിയിൽ വരുന്ന മന്ദിരത്തിനു തനിയേ ഇറങ്ങിനടന്നു് എല്ലാക്കാര്യവും അന്വേഷിച്ചുകൊണ്ടുവന്നു നടപ്പിക്കുന്ന

കൂട്ടത്തിൽ കൂടെ, സ്ഥലത്തിനുവേണ്ടിയുള്ള ശ്രമവും ചെയ്യുവാൻ സമയം വൈകിപ്പോയിരിക്കുന്നു എന്നു മന്ദിരാംബ, വാടകകൾ കൊടുത്തു തീർക്കുക എന്ന "തീരാദുരിതത്തവണ" വരുമ്പോഴെല്ലാം പ്രത്യേകിച്ചും ഓർക്കാറുണ്ടു്; എന്നുമാത്രമല്ല, ബാല്യം കഴിഞ്ഞാറായ മന്ദിരകുമാരിയെ തന്റെ വീക്ഷണമനുസരിച്ചു പൂർണ്ണമായി പരിഷ്കരിച്ചു ഗുണകലമാക്കി വിപുലപ്പെടുത്തുവാനുള്ള അസൗകര്യങ്ങളും ഇതിനു കാരണമായിട്ടുണ്ടു്.

സ്ഥലത്തിനുവേണ്ടിയുള്ള ശ്രമം തൊണ്ണൂററഞ്ചിൽ ആരംഭിക്കപ്പെട്ടു. മന്ദിരത്തിന്റെ പുരോഗതിക്കു അന്നും എന്നും സഭാര്യയും തുണ നിന്നിരുന്ന ശ്രീ. കുമാരപിള്ളയുടെ നിർദ്ദേശപ്രകാരം തിരുവനന്തപുരത്തു സർക്കാർ വകയായി കിടന്നിരുന്ന ഒരു സ്ഥലം (ഇപ്പോഴത്തെ മഹിളാമന്ദിരം സ്ഥിതിചെയ്യുന്ന)തന്റെ ധർമ്മസ്ഥാപനത്തിനു പതിച്ചു കിട്ടണമെന്നു കാണിച്ചു് ചിന്നമ്മ അപേക്ഷ അയച്ചു. ഇതുപോലെ സൗകര്യപ്രദമായ മറെറാരു സ്ഥലം മന്ദിരാംബ വേറെയെങ്ങും കണ്ടെത്തിയില്ല. അപേക്ഷയിന്മേൽ അനുകൂലമായ വിധത്തിൽ നടപടി നടത്തുവാൻ പ്രയാസമായിട്ടാണു് ഇരിക്കുന്നതെന്നു ദിവാൻ കൃഷ്ണൻനായരുടെ ഗവർമ്മെന്റിൽനിന്നും ചിന്നമ്മ ഗ്രഹിച്ചു. "അതൊരു ശീഘ്രപ്രയത്നമായിരുന്നു" എന്നാണു് ഈ ശ്രമത്തെ ഓർത്തിട്ടു ശ്രീ. കുമാരപിള്ള പറയുന്നതു്. അപേക്ഷിച്ചിട്ടുള്ള സ്ഥലമൊഴിച്ചു (പ്രസ്തുതസ്ഥലം ഗവർമ്മെൻറു് ആവശ്യത്തിനു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതായിരുന്നു) വേറെ എവിടെയെങ്കിലും ചോദിച്ചുകൊള്ളുവാൻ ദിവാൻ കൃഷ്ണൻനായർ ചിന്നമ്മയോടു് ഒരു സന്ദർശന

വേലയിൽ പറകയും ചെയ്തു. താൻ അപേക്ഷിച്ച സ്ഥലം തന്നെ കിട്ടണമെന്നു, വൈരാഗ്യത്തോടുകൂടി കഥാനായിക യത്നം തുടൎന്നു. ഏതായാലും, ചോദിച്ചിരിക്കുന്നതൊഴിച്ച് വേറെ ഏതു സ്ഥലം വേണമെങ്കിലും കൊടുക്കാൻ വിഷമമില്ലെന്നു ദിവാൻ കൃഷ്ണൻനായർ ബലപ്പിച്ചു പറഞ്ഞു. എങ്കിലും, പ്രസ്തുതസ്ഥലം മന്ദിരാവശ്യത്തിനു വേണ്ടി പതിച്ചുകൊടുക്കുവാൻ ഒടുവിൽ അനുകൂലമായ നടപടികൾ നടന്നുകൊണ്ടിരിക്കവേ ദിവാൻ കൃഷ്ണൻ നായർ ഉദ്യോഗം ഒഴിഞ്ഞുപോയി.

തൊണ്ണൂററിയഞ്ചിൽ ഹെഡ്മിസ്ട്രസ്സായി ജോലിമാറിയതിനു പിന്നെ, മന്ദിരത്തിൽ വിഘ്നംകൂടാതെ ഇടപെടുവാൻ, ചിന്നമ്മയ്ക്കു കൂടുതൽ സമയം കിട്ടിത്തുടങ്ങി. അക്കാലത്തു മന്ദിരത്തിലെ കരകൗശലശാലയിൽ നിൎമ്മിച്ച സാധനങ്ങൾ മദ്രാസിൽ വച്ചു നടന്ന പ്രദർശനത്തിനയച്ച് അതിൽ നിന്നും കിട്ടിയ ബഹുമതിമൂലം നമ്മുടെ കഥാനായിക വളരെ സന്തോഷവതിയായിത്തീൎന്നിരുന്നു. ക്ലേശത്തെ അംഗീകരിക്കുന്ന ഒരു വാക്കുപോലും പ്രവൃത്തിക്ക് ഉന്മേഷം കൊടുക്കുന്നതാണു. മുൻപു സക്കിട്ടുകഴിഞ്ഞു മടങ്ങിവരുമ്പോൾ മാത്രം കഴിഞ്ഞിരുന്ന പല പ്രവൃത്തികളും ഇപ്പോൾ ദിവസേന മന്ദിരത്തിൽ ചെയ്യുവാൻ ചിന്നമ്മക്കു് ഒരു വിധം സൗകൎയ്യംകിട്ടിയിട്ടുണ്ട്. ഉദാഹരണമായി, പ്രായംകുറഞ്ഞ ബാലികമാരെ, അരികിലിരുത്തി തലചീകി പേൻ എടുത്തു, തേച്ചുകുളിപ്പിച്ചു, ശുഭവസ്ത്രവുംധരിപ്പിച്ചു,കൂടെവച്ചുന്നിരുന്നു് അമ്മമാർ മക്കളെയെന്നപോലെ ഊട്ടിവന്നിരുന്നതു് ഇപ്പോൾ ദിനവും മന്ദിരാംബയ്ക്കു് ചെയ്യാമെന്നാ

യിട്ടുണ്ട്. കുട്ടികൾക്കു രോഗംപിടിപെടുമ്പോൾ, വൈദ്യനെ വരുത്തുന്നതിനും ശുശ്രൂഷകർ മടിക്കുന്നിടത്തു സസന്തോഷം ഒരമ്മയുടെ നിറഞ്ഞ പ്രേമത്തോടുകൂടി മലമൂത്രങ്ങൾപോലും എടുത്തു മാററി ധാത്രീകൃത്യം നിർവ്വഹിക്കുന്നതിനും ഇപ്പോഴും ചിന്നമ്മയ്ക്കു അവസരം കിട്ടാതെവരുന്നില്ല. താൻ സ്ഥലത്തില്ലാതിരിക്കുമ്പോൾ ഒരു അനാഥയ്ക്കു പ്രത്യേകിച്ചുബാലികമാർക്കു സുഖമില്ലായെന്നു കേൾക്കുകയാണെങ്കിൽ കഥാനായികയ്ക്കുണ്ടാകുന്ന വെമ്പൽ പറയാവതല്ല. കുട്ടികൾ അമ്മ അമ്മ എന്നു വിളിച്ചുകൊണ്ട് ചിന്നമ്മയ്ക്കു ചുററും ചൂഴുന്നതു കാണുമാൻ രസമുള്ള കാഴ്ചയത്രെ. ഈ കുട്ടികൾ മാത്രമല്ല കഥാനായികയ്ക്കു പരിചയപ്പെട്ടിട്ടുള്ള പലരും 'അമ്മ' എന്നാണു് കഥാനായികയെ വിളിക്കാറുള്ളതു്. ചട്ടമ്പിസ്വാമികൾ തീർത്ഥപാദപരമഹംസർ തുടങ്ങിയ യതീന്ദ്രന്മാർ ചിന്നമ്മയെ 'ദേവി' എന്നാണു് അഭിസംബോധനംചെയ്യുന്നതു്. ഒരിക്കൽ (മന്ദിരം തുടങ്ങുന്നതിനുമുമ്പു്) മരുതുംകുഴി നായർസമാജത്തിൽ "ജീവിതരംഗത്തിൽസ്ത്രീകളുടെ സ്ഥാന"ത്തെപ്പററി ഉപന്യസിച്ച ചിന്നമ്മയെപ്പററി കൃതജ്ഞതാപ്രകടനത്തിൽ ശ്രീ. എം. ആർ. വേലുപ്പിള്ളശാസ്ത്രി "ഇനി അമ്മയെപ്പററിയാണു പറവാനുള്ളതു്" യുവാക്കന്മാർ തുടർന്നിരുന്നതിൽനിന്നും 'അമ്മ'യെന്ന അഭിസംബോധനം കഥാനായികയ്ക്കു മന്ദിരാരംഭത്തിനുമുമ്പുതന്നെ യുവാക്കന്മാരിൽ നിന്നും ലബ്ധമായിരുന്നെന്നു കാണാവുന്നതാണു്. സമുദായകാര്യങ്ങളെപ്പററി അവരുടെ ചർച്ചയും അന്വേഷണവും അത്രയ്ക്കു സ്പൃഹണീയങ്ങളാണു്. അതിനാലാണു് അവരെ സമുദായത്തിന്റെ "അമ്മ" എന്നു

വിളിക്കാൻ തുടങ്ങിയിരുന്നത്. അതു മുൻകൂട്ടി കണ്ടുകൊണ്ടാണ് എന്നു തോന്നുന്നു. ഹൈക്കോടതി ജഡ്ജി ദിവാൻ ബഹദൂർ എ. ഗോവിന്ദപ്പിള്ള സ്ത്രീസമുദായോദ്ധാരണത്തിൽ ചിന്നമ്മയുടെ ഊർജ്ജസ്വലതയെ സൂചിപ്പിച്ചുകൊണ്ട് "സ്ത്രീസമുദായത്തിന് എന്തെല്ലാം അനുഗ്രഹങ്ങളാണ് ഈ മഹതിമൂലം ഉണ്ടാകുന്നതെന്നു നിശ്ചയിക്കാവതല്ല" എന്നു അവിടെ പറകയുണ്ടായിട്ടുള്ളത്.

ത്യാഗസ്വരൂപിണിയായ നമ്മുടെ കഥാനായിക, മററാരിടത്തുനിന്നും ഒന്നുംകിട്ടാതിരിക്കുമ്പോൾ, ശമ്പളം വാങ്ങി മന്ദിരത്തിനുവേണ്ടി അരിക്കടെചിൽ കൊടുത്തു തീർത്തിട്ട്, ഭർത്താവിൻെറ ശമ്പളവും അനാഥകുട്ടികളുടെ അത്യാവശ്യങ്ങൾക്കു ചെലവിട്ടുതീർത്തിട്ടു വെറും കാപ്പിയും കൊടുത്തു സനാഥരായ സ്വന്തം കുട്ടികളോട് പാഠാലയങ്ങളിൽ പോകുമ്പോൾ "ഉച്ചയ്ക്കു ചോറു കിട്ടും" എന്നു സമാധാനിപ്പിച്ച് അയയ്ക്കുന്നതും സമയത്തിന് ഉടുത്തുകൊണ്ടു വെളിയിലിറങ്ങുവാൻ മുണ്ടില്ലാതെ വരുമ്പോൾ മന്ദിരത്തിലെ കച്ചമുണ്ടു മുറിച്ചു ഉടുത്തു സന്തുഷ്ടിയടഞ്ഞിട്ടുള്ളതും ഞാൻതന്നെ അറിഞ്ഞിട്ടുണ്ടു"!!

ഇക്കാലത്തൊരുദിവസം പിഴവുകാരൻവന്ന് (മന്ദിരത്തിലെ ഒരു ജോലിക്കാരൻ) "അമ്മയെ ദുഷിച്ച് ഇന്നൊരാൾ ഒരുപാടു പറഞ്ഞു." എന്നു മന്ത്രിച്ചതു ഗൗരിഅമ്മവഴി ചിന്നമ്മ അറിഞ്ഞപ്പോൾ അവർ പറഞ്ഞു: "മേലാൽ അയാളോടു. അതു കേൾക്കാൻ നില്ലേണ്ടാ എന്നു പറഞ്ഞേച്ചാൽമതി. ഒരിടത്തു ഒരു റോസചെടിനിൽക്കുകയാണെങ്കിൽ അതിൻെറ മണം ആരൊക്കെ വെറുത്താലും പരന്നുകൊണ്ടിരിക്കതന്നെ ചെയ്യും. അതു

പോലെ എന്തെങ്കിലും എനിക്കു ഗുണമായി കരുതാൻ ഉണ്ടെങ്കിൽ, ആരു് എന്തുതന്നെ പറഞ്ഞാലും ഉള്ളതു് ഉള്ളതുതന്നെയല്ലേ? എനിക്കു യശസ്സും അപയശസ്സും ഒന്നുപോലെതന്നെ. മേലാൽ എന്നെപ്പററി എനിക്കൊന്നും കേൾക്കേണ്ടാ”

ശാന്തഗംഭീരമായ മുഖവും, കരുണാർദ്രതക്കാൾ ശോകം അധികരിച്ചു് ആരെയും ഉണർത്തിപ്പിക്കുന്നതായ നോട്ടങ്ങളും ‘ചിന്നമ്മയുടെ ചിരി’യെന്നു പ്രസിദ്ധമായ സ്മിതപുഷ്പവർഷവും, കൊഴുത്തുരുണ്ടു നിട്ടതങ്ങളായ ഭടൻറതു പോലെയുള്ള—ഉപധാനങ്ങളായ അവയവങ്ങളും, വീർത്ത വയറും; അഞ്ചടിയിൽ അല്പം കുറവു വരുന്ന പൊക്കവും ചേർന്നിണങ്ങുന്ന ചിന്നമ്മയ്ക്കു പരാക്ഷേപങ്ങളെ എങ്ങനെവേണമെങ്കിലും സഹിക്കുവാൻ കഴിയും; എന്നാൽ മന്ദിരവാസികളുടെ ക്ലേശമോ പുരോഗമനത്തിലുള്ള വിഘ്നമോ നിമിഷനേരവും സഹിക്കുക സാധ്യമല്ല. ആ പുരോഗമനവാഞ്ഛയെ താഴെ വരുന്ന സംഭവത്തിൽ നോക്കുക:—

ഓരോ മാസത്തിലെയും ഒന്നാംതീയതി മന്ദിരത്തിലെ കുട്ടികൾക്കു വിശേഷസമൃദ്ധമായ സദ്യ കൊടുപ്പാനായിട്ടെന്നപോലെ പുലർന്നുപോന്നിരുന്നു. ആ പരിവൃത്തിയിൽപ്പെട്ട തൊണ്ണൂററിയാറു ചിങ്ങം പുലരാൻ പോകുന്നു. മലക്കറി നറുക്കുന്നതിനും, ഉപ്പേരി വറുക്കുന്നതിനും, വിഭവം നിറച്ച പാത്രമെടുത്തു വിളമ്പുന്നതിനും പതിവുപോലെ തനിക്കു് അടുത്ത ദിവസം പുലരുന്ന ഒന്നാംതീയതി സദ്യയ്ക്കു ഒക്കുകയില്ലെന്നും, ഒന്നിനും കുറവു വന്നുപോകരുതെന്നും ഗൗരിയമ്മയോടും പാചക

കാരികളായ ബ്രാഹ്മണസ്ത്രീകളോടും ഏർപ്പാടുചെയ്തിട്ട്
ആസന്നാവസ്ഥയിൽ സ്വഭവനത്തിൽ കിടക്കുന്നപുത്രന്റെ
അടുക്കലേക്കു എത്തിക്കൊള്ളുവാൻ, ചിന്നമ്മ അസ്വ
സ്ഥയായിട്ട് ഇറങ്ങിപ്പോയി.

ആ ഒന്നാം തീയതി കൃത്യത്തിനു പുലന്നു. മണി
ഒൻപതുകഴിഞ്ഞു. ദിവാൻ കൃഷ്ണൻനായരെ തുടർന്നു തിരു
വിതാംകൂർ ദിവാനായിവന്നതു മി. രാഘവയ്യ ആയി
രുന്നുവല്ലോ. സർക്കാർ മുതലെടുപ്പു കൂട്ടുവാൻ ഉത്സാഹി
ച്ചിട്ടുള്ള തിരുവിതാംകൂർ ദിവാൻജിമാരിൽ ഒരാളാണു
മി. രാഘവയ്യ.

അവിചാരിതമായി ദിവാൻ മി. രാഘവയ്യ മന്ദിരം
അനൗദ്യോഗിക നിലയിൽ സന്ദർശിക്കാനായി നടയിൽ
വന്ന്, അകത്തു പ്രവേശിക്കുന്നതിന് അനുവാദം ചോദിച്ചു
കൊണ്ടുവരുവാൻ ശിപായിയോടു പറഞ്ഞയച്ചിട്ടു
നോക്കി നിൽക്കുന്നു. നിമിഷം അധികം കഴിഞ്ഞില്ല,
ഗൗരിഅമ്മ നടയിൽവന്നു: ദിവാനും പത്നിക്കും, അഭി
വാദ്യം ചെയ്തിട്ടു, പ്രത്യഭിവാദ്യം സ്വീകരിച്ചുകൊണ്ട്
അകത്തേക്കു വഴിതെളിച്ചു. കേവലം അഗതിവനിത
കളും, അനാഥബാലികാബാലന്മാരുമല്ലാതെ തിരുവിതാം
കൂർ ഭരണകൂടത്തിന്റെ സാരഥ്യം വഹിക്കുന്ന ദിവാനെ
സ്വീകരിപ്പാൻ അവിടെ മററാരും ഇല്ലെന്നുള്ളതു് വായ
നക്കാർ ഓർമ്മയിൽ വച്ചുകൊള്ളുക.

അകത്തു കടന്ന മി. രാഘവയ്യായുടെയും പത്നിയു
ടെയും ദൃഷ്ടിയിൽ പെട്ടതു വിളമ്പിയ ഇലകളുടെ മുമ്പി
ലിരുന്നു, മന്ദിരവാസികൾ ഉണ്ണാനിരിക്കുമ്പോൾ പതി
വുള്ള പ്രാർത്ഥന നടത്തുന്നതാണു്. അതു നോക്കി ഒട്ടു
നേരം ദിവാനും പത്നിയും അവിടെ നിന്നു. പത്നിയോടു്,

അഗതി വനിതകളെ ശീലിപ്പിച്ചിരിക്കുന്നതിൻെറ വൈശിഷ്ട്യത്തെപ്പററി പറഞ്ഞിട്ടു ദിവാൻ സമ്മുഖിയിൽ വിളമ്പിയിരിക്കുന്ന ഇലകളുടെ മുമ്പിൽ ചെന്നു നോക്കി കണ്ടു. ശ്ലാഘിച്ചുകൊണ്ടു് അവർ അവിടുന്നുപോയി, വിദ്യാലയം, വായനശാല, മതപാഠശാല, തോട്ടം എന്നിങ്ങനെ ഓരോന്നും കാണുവാൻ തുടങ്ങി.

ഇതിനിടയിൽ മന്ദിരത്തിലെ പൂജമുറിയിൽ കടന്നിരുന്ന ഒരു ബാലിക അവിടത്തെ ചൈതന്യമൂർത്തിയായ ശ്രീകൃഷ്ണഭഗവാന്റെ മുമ്പിൽ കത്തിനിന്നിരുന്ന ദീപത്തെ ഇരട്ടിപ്പിച്ചു ജ്വലിപ്പിക്കുകയും സുഗന്ധധൂപം പുകയ്ക്കുകയും ചെയ്തുകഴിഞ്ഞിരുന്നു. ശ്രീകൃഷ്ണബിംബത്തിൽ ചാർത്തിയിരുന്നതും അന്നു ചിന്നമ്മയ്ക്കു പ്രസാദത്തോടൊത്തു കൊണ്ടുകൊടുക്കുവാൻ എടുത്തുവച്ചിരുന്നതുമായ രണ്ടു പുഷ്പഹാരങ്ങൾ രണ്ടു തട്ടങ്ങളിലാക്കി, വിശേഷവിധിയായി അന്നു നിവേദിക്കയുണ്ടായ മാമ്പഴം കൽക്കണ്ടം മുതലായ പഴങ്ങളും രണ്ടായി പകുത്തു തട്ടങ്ങളിൽ വച്ചുതീർന്നപ്പോഴേയ്ക്കും ദിവാനും പത്നിയും പൂജമുറിയുടെ നേരെവന്നു തൊഴുതുനിന്നു. വഞ്ചിയിൽ കാണിക്ക ഇട്ടു. ബാലിക രണ്ടു കൈകൊണ്ടും താങ്ങിയെടുത്തു രണ്ടു തട്ടങ്ങളിലായി പ്രസാദോപഹാരങ്ങൾ നൽകി, തൻെറ കർമ്മം ഭംഗിയാക്കി.

ദിവാൻ യാത്രയാകാൻ തുടങ്ങുന്നു: മറെറാരു അഗതിവനിത, "ഇവിടെ വരുന്ന സന്ദർശകർ ഈ പുസ്തകത്തിൽ എന്തെങ്കിലും എഴുതുക പതിവുണ്ടു്." എന്നു പറകയും, വിനീതയായി ആ പുസ്തകം അതിഥിയുടെ കൈയിൽ കൊടുക്കുകയും ഒന്നിച്ചുകഴിഞ്ഞു. അതുവാങ്ങി തന്റെ

ഗൗരവത്തിന്ന ഭംഗംവരാത്തവിധം പേനയെ ചലിപ്പിച്ചിട്ട് എല്ലാപേക്ഷമായി വന്ദനവും പറഞ്ഞു സന്ദർശകരായ അതിഥികൾ പോയി.

മാന്യവായനക്കാരെ! എന്താണ് ഇവിടെ നടന്നതു്? തെരുവിൽ തെണ്ടിയലഞ്ഞു നടക്കേണ്ടിയിരുന്ന അഗതി വനിതകൾ സന്ദർശകനായി വന്ന തിരുവിതാംകൂർ ദിവാനെ മര്യാദയിൽ സ്വീകരിച്ചു്, കുലത്തിന്ന ചേർന്ന ആഢ്യതയിൽ സൽക്കരിച്ചു്; അനുപമമായ രീതിയിൽ ബഹുമാനിച്ചു്, തങ്ങളുടെ ഭവനത്തിൽ സംപൂജ്യനായ ഒരു അതിഥി വന്നിരുന്നു എന്നതിന്ന തെളിവും വാങ്ങി യാത്രപറഞ്ഞു് അയച്ചിരിക്കുന്നു. മന്ദിരാംബയുടെ അഭാവം ഒന്നിനും ഇവരെ അപ്രാപ്തരാക്കുക ഉണ്ടായില്ല. സുസംസ്കൃതവും, സുസംപൂജ്യവും, സുധന്യവുമായ മന്ദിരവാസിനികളുടെ ഈ പെരുമാററമാല്യം, വജ്രവൈഡൂര്യക്കല്ലുകൾ കോർത്തിണക്കിയ രത്നഹാരങ്ങളെക്കാൾ, പരിശീലനമാകുന്ന ശ്രമത്തിൽ പണിതെടുത്തു് ഇവരുടെ കയ്യിൽ പെരുമാററത്തിന്ന് ഏല്പിച്ചതിന്റെ ഭംഗി അവർ അവസരോചിതം കൂട്ടി; അത്രേയുള്ളു. പാവനം!!

'അമ്മ'—ചിന്നമ്മ വരുന്നു: ആസന്നമരണനായ മകനേയും തള്ളിയിട്ടാണ്: മുഖത്തു രക്തമില്ല; വിയർപ്പുതുള്ളികൾ പൊടിഞ്ഞിരിക്കുന്നു;—മന്ദിരത്തിൽ വന്നു കയറി. നേരെ ശ്വാസം, ഇഴയ്ക്കാതെ, പോയിത്തുടങ്ങിയിട്ടില്ല. "എന്താകെക്കെച്ചൂയ്യ്?" എന്നു ഗൗരിഅമ്മ ഉയ മറിയാതെ നോക്കിക്കൊണ്ടു ചോദിച്ചു. അവർ: "അമ്മ

ഞെങ്ങളെ ശീലിപ്പിച്ചിട്ടുള്ളതുപോലെ വേണ്ടതൊക്കെയും ചെയ്യു."

"ഈശ്വരാ! സ്ഥലം പതിച്ചുതരാൻ സ്ഥാപനത്തിനു യോഗ്യതയുണ്ടോ എന്നു് അവസാന തീർച്ചചെയ്യാനല്ലേ ദിവാൻ വന്നിരുന്നതു്. ആട്ടെ, നടന്നതെല്ലാം വിസ്തരിച്ചു പറയണം." നടന്നതു്, നടന്നതുപോലെ ചിന്നമ്മയെ, ഗൗരിഅമ്മ വിസ്തരിച്ചു കേൾപ്പിച്ചു. ചിന്നമ്മ:— "ബുക്കിൽ എഴുതിച്ചുവോ?" ഗൗരിഅമ്മ: "ഉവ്വ്"

"എന്റെ വീട്ടുദുഃഖങ്ങൾ എല്ലാം എനിക്കു സഹിക്കാം. മന്ദിരത്തിന്റെ വളർച്ചയ്ക്കു വിഘാതമായി എന്തെങ്കിലും വന്നാൽ എനിക്കു സഹിക്കവയ്യ. അനാഥസംരക്ഷകനായ ശ്രീഭഗവാൻ നമ്മെ രക്ഷിക്കുമെന്നു് എനിക്കുറപ്പുണ്ടു്." അത്രതന്നെ ആ വിഷയത്തെക്കുറിച്ചു് അന്നു ചിന്നമ്മ സംസാരിച്ചതു്.

# അദ്ധ്യായം വ്വ.

## പുതിയ ഹിന്ദുകുടുംബം

"ജാതസ്യ ഹി ധ്രുവോ മൃത്യുഃ ധ്രുവം ജന്മമൃതസ്യ ച-
തസ്മാദപരിഹാൎയ്യേൎത്ഥേ ന ത്വം ശോചിതുമൎഹസി."

ഈ വരികളാണു്, പുത്രൻ മരിച്ചു നാലാംനാൾ ഭഗവൽഗീത എടുത്തു നിവൎത്തപ്പോൾ നമ്മുടെ കഥാനായിക കാണുകയുണ്ടായതു്. (കഴിഞ്ഞ അദ്ധ്യായത്തിൽ, ആസന്നമരണനായി കിടന്നിരുന്ന ചിന്നമ്മയുടെപുത്രനെപ്പററി പറഞ്ഞിട്ടുണ്ടല്ലോ) ഇതുകണ്ടു് ഈശ്വരമാഹാത്മ്യം ഓൎത്തു വിസ്മയിച്ചുപോയതായും സങ്കടപ്പെട്ടു കരയുന്നസമയം പ്രവൃത്തിക്കായി ചെലവിടുവാൻ അന്തഃകരണം തന്നെ ഉപദേശിച്ചുകൊണ്ടിരിക്കുന്നതായും പുത്രനഷ്ടത്തെപ്പററി തന്റെ ഗുരുവായ ശ്രീ. തീൎത്ഥപാദനു് ചിന്നമ്മ എഴുതിയ കത്തിൽ പറഞ്ഞിരിക്കുന്നു. സഹിക്കാൻ എത്രവരെ കഴിയുമെന്നും ത്യജിക്കാൻ എത്രവരെ അറിയാമെന്നും സംഭവങ്ങൾ കഥാനായികയോടു ചോദ്യപ്പെടുന്നതുപോലെ തോന്നുന്നു. അങ്ങനെയുള്ള അനവധി സംഭവങ്ങളിൽ ഇതു് ഒന്നുമാത്രം: അനാരോഗ്യം എന്നതു ചിന്നമ്മയെ വിട്ടൊഴിയാതെ ഉപദ്രവിച്ചുകൊണ്ടും ഇരിക്കുന്നു. "പലതും ചെയ്യാനുണ്ടു്. എന്നാൽ ആരോഗ്യസ്ഥിതി മോശമായിട്ടാണു കാണുന്നതു്" എന്നു മന്ദിരാംഗങ്ങൾ എഴുതിയ കത്തിൽ നിന്നുതന്നെ കഥാനായികയുടെ ആരോഗ്യം മോശമാണെന്നു കാണ്മാൻ പ്രയാസമില്ല. അതിൽ പിന്നീടു് മന്ദിരം തുടങ്ങി കുറച്ചു ചെന്നതിൽ

പിന്നീട്) ശ്രീ. തീത്ഥപാദന് എഴുതിയ ഒരു കത്തിൽ "കഴിഞ്ഞ കന്നിമാസം മുതൽ തുടങ്ങിയ ശരീരക്ഷീണം ഇപ്പോൾ എല്ലാംകൊണ്ടും വർദ്ധിച്ചിരിക്കുന്നു. ആഹാരം വേണ്ട. ഒരു കൊല്ലമായി ഗോതമ്പാണ് ഊണ്. അതും ഒരുനേരം. ഇപ്പോൾ അതും വേണ്ടാതായിരിക്കുന്നു. ഹൃദ്രോഗം പിടിപെട്ടിരിക്കുന്നു. ഒരു ചുമയും മുട്ടലും. സംസാരിപ്പാൻ വഹിയ." കഥാനായിക ഇപ്രകാരം തന്റെ ആരോഗ്യസ്ഥിതിയെ വിവരിച്ചിരിക്കുന്നു.

വിവൃണുതമായ ഈ ആരോഗ്യസ്ഥിതിയിൽ നിന്നും മോശമായിക്കൊണ്ടിരിക്കുന്ന ഒന്നുതന്നെയാണ് മന്ദിരം തുടങ്ങിയതുമുതൽ തന്റെ അവസാനംവരെയും ചിന്നമ്മയുടേത്. ഇതോടുകൂടിയാണ് അവർ പാവങ്ങൾക്കുവേണ്ടി ജീവിതം അർപ്പിച്ചിട്ടുള്ളത്. "എന്റെ സർവ കർമ്മങ്ങളിലും ഉള്ള ലക്ഷ്യം ഈശ്വരൻതന്നെ" എന്നെഴുതുന്ന ഈ കർമ്മയോഗിനിക്കുണ്ടോ അനാരോഗ്യഗണനയാൽ കൃത്യവിലോപം വരുത്തുവാൻ കഴിയുക? ഉടൽ വീഴുന്നതു തന്നെ അററം.

ദിവാൻ രാഘവയ്യാ മന്ദിരം സന്ദർശിച്ചതിൽ പിന്നീടത്തെ വാത്ത ഒന്നും പറഞ്ഞില്ലല്ലോ. ആര്യമിഷണറിയായ ജൂഷിറാം രേഖപ്പെടുത്തിയിട്ടുള്ളതുപോലെ "പരശുരാമക്ഷേത്രത്തിന്റെ അഭിമാനസ്തംഭ"മായ ചിന്നമ്മയുടെ വിശിഷ്ടസ്ഥാപനം കണ്ടു സന്തോഷഭരിതനായ മി. രാഘവയ്യാ ഉടനേതന്നെ മന്ദിരത്തിനുവേണ്ടി ചോദിച്ചിരുന്നതും, നടപടികൾ നടത്തപ്പെട്ടിരുന്നതുമായ സ്ഥലം, കരവെന്യേ പതിച്ചുകൊടുക്കുവാൻ ഉത്തരവുകൾ പുറപ്പെടുവിച്ചു. കിട്ടി.

സ്ഥലം കിട്ടുന്നതിന്നു മുമ്പുണ്ടായിരുന്ന വ്യഥയെ ക്കാളും, ഇപ്പോൾ, കിട്ടിയതിനെ എങ്ങിനെ ഉപയോഗ യോഗ്യമാക്കിത്തീൎക്കും എന്ന ചിന്ത ഒരു മഹാവ്യഥയായി കഥാനായികയെ ഉപദ്രവിക്കാൻ തുടങ്ങി. അഗതിവനിതകൾക്കായി, ഒരു ഹിന്ദുവലോകത്തിന്നു ഒരാദൎശത്തിന്നു നിദൎശനമായി, സമുദായമദ്ധ്യത്തിൽ പുതിയ ഹിന്ദുകുടുംബം ഒന്നു പണിതുണ്ടാക്കി, അതിന്നുവേണ്ട ഘടകങ്ങളിൽ അത്തുറപ്പിക്കുക എന്നതു സുദുഷ്കരമെന്നല്ലാതെ പറയാനില്ല. അതോ, അബലകളുടെ വൎഗ്ഗത്തിൽ പിറന്ന—ഒരു വ്യക്തിക്കു! കുറഞ്ഞകണക്കിൻപ്രകാരം തന്നെയും കെട്ടിടങ്ങൾക്കു ഇരുപതിനായിരം രൂപാ വേണ്ടിയിരിക്കുന്നു. പ്രതിമാസം മന്ദിരവാസിനികളുടെ കഷ്ടിച്ചുള്ള സാധാരണ ചെലവിന്നാണെങ്കിലും, മുന്നൂറിന്നുമേൽ നാന്നൂറിന്നകത്തുള്ള (രൂപ) തുക ചിന്നമ്മയ്ക്കു മുട്ടാതെ ഉണ്ടാക്കേണ്ടിയിരിക്കുന്നു. കഥാനായികയുടെ ആരോഗ്യസ്ഥിതിയെപ്പററി പറഞ്ഞിട്ടുമുണ്ടല്ലൊ: കൎമ്മയോഗത്തിന്നു നവവും, ശാശ്വതവുമായ പ്രയോഗവ്യാഖ്യാനം (സ്വജീവിതംകൊണ്ടു്) തയ്യാറാക്കുന്ന കഥാനായിക ഇവിടം കടന്നുപോകുന്ന കാഴ്ച കാണേണ്ടതുതന്നെയാണു്. ഇവർ വിഷമങ്ങളെല്ലാം കടന്നുപോയി ലക്ഷ്യത്തിലെത്തുമെന്നുള്ളതിന്നു ഒരു ന്യായംമാത്രം ഇവിടെ വെളിവാക്കികിടപ്പുണ്ടു്: എന്തെന്നാൽ, സ്വാൎത്ഥത എന്നതു കഥാനായികയ്ക്കു ഒന്നിലും ഇല്ലെന്നുള്ളതുതന്നെ. ഏറെ വിഷമിക്കുന്ന ഒരവസരത്തിൽ അവർ ഗുരുവിനെഴുതിയ ഒരു കത്തിൽ "വല്ല ദിക്കിലും പൊയ്ക്കളയാമെന്നു വച്ചാൽ

അതും നിവൃത്തിയില്ലാതായിരിക്കുന്നു. അതു ഭീരുത്വമായി പരിണമിക്കും. സ്ത്രീകൾക്കുവേണ്ടി മാത്രം ഞാൻ വേല ചെയ്യുന്നു അല്ലേ? യഥാർത്ഥത്തിൽ അല്ല. എന്നെക്കൊണ്ടു ശപഥം ചെയ്യിച്ചതു സ്ത്രീകൾക്കുവേണ്ടിയിട്ടുതന്നെ എന്നു വരികിലും ലോകത്തിനുവേണ്ടി ഞാൻ വേല ചെയ്യുന്നു... .......എന്റെ ഓരോ നിമിഷവും പരനുവേണ്ടി വേല ചെയ്യുകയാണു്. എനിക്കു് എന്റെ കാര്യമൊന്നുമില്ല." ഇങ്ങനെ എഴുതിയിരിക്കുന്നു. "എനിക്കു് എന്റെ കാര്യമൊന്നുമില്ല" എന്ന ചിന്നമ്മയുടെ ആത്മബോധമാണു് അവരുടെ വിജയരഹസ്യം. അതു മാത്രമാണു് അവർ മുന്നോട്ടു പോകുമെന്നുള്ളതു വിശ്വസിപ്പാൻ നമുക്കു കരുത്തുണ്ടാക്കുന്നതു്. എന്തെല്ലാം വിഷമങ്ങൾ വന്നിട്ടും ഈ കർമ്മധീര പറയുന്നതിങ്ങനെയാണു്: "........വാളൊടിയുന്നതുവരെ യുദ്ധം ചെയ്യുകതന്നെ. ജയമോ പരാജയമോ വരട്ടെ." എന്തെല്ലാമായാലും, താൻ തന്റെ കർമ്മത്തിൽനിന്നും പിന്മാറുകയില്ലാ എന്ന സേനാനിയുടെ വാക്കുകളും ഇത്ര നിശിതമായി, ഇത്ര ഉദ്വേഗജനകമായി തോന്നുകയില്ല.

മന്ദിരം ആരംഭിച്ചതിനുശേഷം ഉദ്യോഗവ്യഗ്രതകളിൽനിന്നും ഒട്ടുസമയം വിശ്രമിപ്പാൻ കിട്ടിയെന്നു വന്നാൽ, ധനശേഖരണത്തിനായി സഞ്ചരിച്ചു ശീലിച്ചിട്ടുള്ള കഥാനായികയ്ക്കു് ഒരു മഹാകുടുംബം പണിതുണ്ടാക്കുന്നതിനു് എത്രമാത്രം വിശ്രമം അററു പണിയേണമെന്നു് അറിയാൻ കഴിഞ്ഞിട്ടുണ്ടു്: അതായതു്, താൻ കയ്യേററടുത്തിരിക്കുന്ന കൃത്യം എന്താണെന്നു അവർ നല്ല

ഖണ്ണം ഹൃദിസ്ഥമാക്കിട്ടുണ്ടു്. താൻ തന്റെ കർമ്മത്തിനു വേണ്ടിയല്ലാതെ മററൊന്നിനും അല്ലെന്നു് അവർ ഉറപ്പിച്ചു പറയുകയായിരുന്നു ഇതുവരെയുമുള്ള ജീവിതം കൊണ്ടു ചെയ്തിട്ടുള്ളതു്. കൂടാതെ, എല്ലാ മനുഷ്യരും പ്രവർത്തിക്കുമ്പോൾ ചിന്നമ്മയും പ്രവർത്തിക്കുന്നതു കൂടാതെ, എല്ലാ മനുഷ്യരും വിശ്രമിക്കുമ്പോഴും അവർ പ്രവർത്തിക്കുന്നുണ്ടു്. ഫ്രാൻസ്-ലെ ക്രിസ്തുമസ്സ് ഒഴിവു കാലത്തു പണപ്പിരിവിനായി സഞ്ചരിക്കുമ്പോൾ ഒരിക്കൽ അവർ ഇങ്ങനെ എഴുതിയിരിക്കുന്നു: "എന്റെ വെക്കേഷൻ കാലത്തെ വിശ്രമം ഈ കരപ്പുറത്തെ മണൽക്കാട്ടുകളിൽ ദൈവപ്രസഞ്ചാരം ചെയ്യുന്നതാണു്. ജഗദീശ്വരന്റെ മഹിമ ഒന്നൊന്നായി അറിയുന്നു." അതാണു്, ശരീരത്തിനോ മനസ്സിനോ തളർച്ച തോന്നിക്കാതെ, വിശ്രമിക്കാതെ, താൻ പ്രവർത്തിച്ചെങ്കിലേ ആവൂ എന്ന ബോധമാണു്—ആശ്വാസം പകരുന്നതു്.

കെട്ടിടം പണിക്കുവേണ്ടി ചിന്നമ്മ പലതും ആലോചിച്ചുനോക്കിക്കൊണ്ടിരിക്കുന്നു. ധനികന്മാരായ വ്യക്തികൾ രണ്ടോ നാലോ പേർ ഒത്തുകൂടി മന്ദിരം പണിക്ക് ഉത്സാഹിച്ചാൽ നമ്മുടെ കഥാനായികയുടെ അത്യദ്ധ്വാനംകൊണ്ടു് ഇരമ്പിക്കയറുന്ന അനാരോഗ്യം തീർച്ചയായും ലഘൂകൃതമാകുമായിരുന്നു. ആരാണു് അത്രയ്ക്കു മഹാമനസ്കർ? മറിച്ചു്, അധികവും ധനികന്മാർ എന്തെങ്കിലും ഒരു തുക അഭ്യർത്ഥനാപത്രത്തിൽ എഴുതുകയുണ്ടായാൽ, അതു വാങ്ങാനായി നടന്നു നടന്നു്, ഒടുവിൽ നിരാശപ്പെട്ടു ഹൃദയം തകരുകയേ ഗതിയുള്ളു എന്നു ചിന്നമ്മയ്ക്കു ധാരാളം മനസ്സിലായിട്ടുണ്ടു്. "എല്ലാം [illegible]

സിക്കാം; പണത്തിന (പൊതുകാൎയ്യങ്ങൾക്കു) വേണ്ടിയുള്ള വാഗ്ദാനങ്ങൾ വിശ്വസിച്ചിരിക്കുന്നിടത്തോളം അബദ്ധം മറെറാന്നില്ല." എന്നിങ്ങനെ അഭിവന്ദ്യനായ ഒരു ഭാരതനേതാവു പറഞ്ഞിട്ടുള്ളതു് എത്രയോ ശരിയാണു്. ഈ വാസ്തവങ്ങളെല്ലാം ചിന്നമ്മയുടെ അനുഭവങ്ങളാണു്. സ്ഥലത്തുള്ള ഒന്നോ രണ്ടോ പ്രഭുക്കന്മാരോടു് എന്തെങ്കിലും അഭ്യൎത്ഥിച്ചിട്ടു് അവരുടെ സമയവും നോക്കി ആ പാരതന്ത്ര്യത്തിൽപെട്ടു സമയം കളയാതെ, തന്റെ പ്രസ്ഥാനത്തെപ്പററി നാടുനീളെ. സഞ്ചരിച്ചു് അറിവുണ്ടാക്കി കൊടുക്കുമ്പോൾ ഒരാൾ അല്ലെങ്കിൽ മറെറാരാൾ സഹായിക്കാതെ ഇരിക്കയില്ലെന്നു് അവർ അനുഭവങ്ങൾകൊണ്ടു തീൎച്ചപ്പെടുത്തീട്ടുണ്ടു്. ആ വഴിയിൽനിന്നും മന്ദിരം പണിക്കുവേണ്ട പണം ഉണ്ടാക്കുവാൻ നോക്കുകതന്നെയെന്നു മന്ദിരാംബ സ്ഥിരപ്പെടുത്തി.

പണം വലിയ തുകയായി ഒട്ടുചിലേടങ്ങളിൽനിന്നും ഉണ്ടാക്കി ആവശ്യങ്ങൾ നടത്തി മിണ്ടാതിരിക്കുക എന്നതല്ല നമ്മുടെ കഥാനായികയുടെ അഭിവാഞ്ഛ. രാജ്യമെങ്ങും സേവനത്തിന്റെ പാഠങ്ങൾ പഠിപ്പിക്കുകയും, താൻ അതിനുവേണ്ട ക്ലേശയജ്ഞത്തിൽ എരിഞ്ഞൊടുങ്ങിയാലും തന്റെ പിൻപിൽ ആ മഹാദാൎശം നട്ടുവളൎത്തപ്പെടുകയും ചെയ്യണം എന്നുള്ളതുമാകുന്നു.

ഇതിനകം കെട്ടിടങ്ങൾക്കുവേണ്ട സൎവ്വ ആലോചനകളും ചിന്നമ്മ പൂൎത്തിയാക്കിക്കഴിഞ്ഞു. ഒരു സംവത്സരകാലമത്രയുമുള്ള സഞ്ചാരത്തിനായി കഥാനായിക ഒരുക്കങ്ങൾ ചെയ്യുന്നു. ഒന്നാമത്തേതു് ഒരു കൊല്ലത്തേയ്ക്കു (ഫാൻന്യ-കൎക്കടകം) അവധിക്കു് അപേക്ഷിക്കുകയായി.

ക്കുന്നു. തീൎത്ഥപാദനു ചിന്നമ്മ ഇതിനെപ്പററി ഇങ്ങനെ എഴുതിയിരിക്കുന്നു. "മനസ്സിനു സുഖമോ വിശ്രമമോ തീരെയില്ല. അവധി അനുവദിച്ചു. ചാൎജ്ജുവിടുവാൻ ഇതേവരെ സാധിച്ചില്ല. ഇരുപതാം തീയതി ചാൎജ്ജുവിടാമെന്നു വിചാരിക്കുന്നു. ഈയാണ്ടിലെ പത്തുദിവസവും ഇവിടെത്തന്നെ താമസിച്ചു കണക്കുകൾ തീൎക്കുന്നതിനും രണ്ടുവൎഷത്തെ റിപ്പോൎട്ടുകൾ എഴുതുന്നതിനും ചിങ്ങത്തിൽ കെട്ടിടം പണി ആരംഭിക്കുവാൻ വേണ്ട വ്യവസ്ഥകൾ ചെയ്യുന്നതിനുമായി വിനിയോഗിക്കാം. ചിങ്ങം ഒന്നാംതീയതി തന്നെ കെട്ടിടം വകയ്ക്കുള്ള ധനശേഖരണത്തിനു തിരിക്കും.......പിന്നെ എത്രനാൾ സഞ്ചരിക്കണമെന്നോ എവിടെയെല്ലാമെന്നോ ഭഗവാൻ നിൎദ്ദേശിക്കുന്നതുപോലെ അനുവൎത്തിക്കാം. കെട്ടിടങ്ങൾക്കു് അറുപതിനായിരം രൂപാ വേണം. നാക്കുകൊണ്ടു് അമിതവ്യയം ചെയ്‌വാൻ ധാരാളംപേർ ഉണ്ടെന്നല്ലാതെ ധനംകൊണ്ടോ ശരീരംകൊണ്ടോ മിതമായിട്ടുപോലും വ്യയം ചെയ്യുവാൻ ആരുമില്ല. എന്തായാലും ഇനി അതൊന്നും പറയേണ്ട ആവശ്യമൊന്നുമില്ല. ഞാൻ അറുപതിനായിരം വീടുകൾ സന്ദൎശിച്ചു് ഒരു രൂപാവീതം ഭിക്ഷ വാങ്ങാമെന്നേ വിചാരിക്കുന്നുള്ളു. ജഗദീശ്വരൻ അതിനു് ഹൃദയബലവും കായബലവും തരട്ടെ. അത്രയുള്ളു." ഈ കത്തിന്റെ പുറത്തു "കാൎയ്യമാത്രം" എന്നു് ശ്രീ തീൎത്ഥപാദർ ഒരു കുറിപ്പിട്ടിട്ടുള്ളതായി കാണുന്നു. താൻ ഇന്നതെല്ലാം ചെയ്തുകഴിഞ്ഞുവെന്നും ഇന്നതെല്ലാമാണു് അടുത്ത പടി ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും ചിന്നമ്മ തന്റെ ഗുരുവിനെഴുതീട്ടുള്ള ആ ലേഖ

നപ്രപഞ്ചത്തിൽ കാണ്മാനുണ്ടു്. തീൎത്ഥപാദനു് സ്വശിഷ്യയോടുള്ള സ്ഥായി അവാച്യമാണു്.

ഒരിക്കൽ ൧൦൯൯-ൽ ചേൎത്തലവച്ചു സ്വാമി തീൎത്ഥപാദരെ കണ്ടുമുട്ടിയ ശ്രീമാൻ, ആർ. അച്യുതൻതമ്പിയോടു് "നിങ്ങൾ തിരുവനന്തപുരമല്ലേ? നമ്മുടെ ശിഷ്യയായ ചിന്നമ്മയെ അറിയുമോ? ക്ഷേമം തന്നെയാണല്ലോ?" ഇങ്ങനെയായിരുന്നു സംഭാഷണം തുടങ്ങിയതെന്നു, ശ്രീ. തമ്പി ഉദ്ധരിക്കുന്നു.

സ്വാമികളുടെ ശിഷ്യവാത്സല്യം ശാസനയാണെന്നു തോന്നിപ്പിക്കുന്ന പല കത്തുകളും കാണ്മാനുണ്ടു്. അതു് ക്ലേശജ്വാലയിൽ തപ്തമായിരിക്കുന്ന അയോഗോളകം പോലത്തെ ചിന്നമ്മയുടെ മനസ്സിനെ കൂടുതൽ തപിപ്പിക്കുകയോ തണുപ്പിക്കുകയോ ഏതാണു് ചെയ്യുന്നതെന്നു പറകവയ്യ. അങ്ങനെ ശാസിച്ചുകൊണ്ടുള്ള ഒരു കത്തിന്നു് (ആ കത്തു കാണാനില്ല) ചിന്നമ്മ തീൎത്ഥപാദനു് അയച്ച മറുപടിയിലെ ഒരു ഭാഗം ചുവടേ ചേൎക്കുന്നു.

"ഞാൻ പലപ്പോഴും എന്റെ ഹൃദയത്തെ തുറന്നു് എന്റെ ഗുരുവിനു സമൎപ്പിച്ചിട്ടുണ്ടു്, അങ്ങു് അൎജ്ജുനനു പരമേശ്വരൻ കിരാതവേഷത്തിൽ കാട്ടിയ രൂപത്തെ എന്നോടു് അവലംബിക്കുകയല്ല വേണ്ടതു്, നേരെമറിച്ചു ശ്രീകൃഷ്ണൻ അംഗീകരിച്ച പ്രകൃതംമതി. ഭഗവാൻ അൎജ്ജുനനെ അറിഞ്ഞതുപോലെ അങ്ങു് എന്നെയും അറിയുന്നുവല്ലൊ. പിന്നെ എന്തിന്നു് ആ പരീക്ഷ? ഒന്നു തീൎച്ച തന്നെ. വെള്ളത്തെ അകററാൻ ശ്രമിച്ചാൽ അതു വീണ്ടും ഉടനെ ഒന്നിച്ചു ചേരുകയല്ലാതെ രണ്ടായിത്തീരുന്നതല്ല. അങ്ങു് എത്രതന്നെ വലിച്ചെറിഞ്ഞാലും പോകാത്ത

വണ്ണം ദൃഢമായി ഈ ആത്മവു് അങ്ങിൽ പതിഞ്ഞിട്ടുണ്ടെന്നു ഓർത്തുകൊള്ളണം............എന്റെ ഉദ്യമത്തിന്റെ നേർക്കു് എനിക്കുള്ള ഭക്ത്യാദരങ്ങൾ പരപ്രേരിതങ്ങളല്ല; എന്നല്ല, നിരംട്ടശൃകവുമാണു്. അതിനാലാണു് അതു പരിപൂർണ്ണമാകുമെന്നു ഞാൻ വിശ്വസിക്കുന്നതു്."

നിശ്ചയപ്രകാരം കെട്ടിടം പണിയുവാൻ പണം ഉണ്ടാക്കുവാനായി നമ്മുടെ കഥാനായിക ഇറങ്ങിത്തിരിച്ചു. ഒരു അരിവയ്പുകാരനും, ഗൗരിഅമ്മയും അല്ലാതെ മററാരും ഈ നീണ്ട സഞ്ചാരത്തിനു ചിന്നമ്മയുടെ കൂട്ടില്ല. സഞ്ചാരത്തിനായി ഇറങ്ങും മുമ്പു്, കെട്ടിടത്തിനു കുററിവച്ച ആശാരിക്കു കൊടുപ്പാൻ അന്നു സംഭാവനവകയിൽ ഹൃദയപൂർവ്വം ശ്രീ അച്യുതൻതമ്പി (കരസ്പാണ്ടൻസൂപ്രണ്ടു)യുടെ കയ്യിൽനിന്നും കിട്ടിയിരുന്ന മൂന്നുരൂപായിൽനിന്നു ചെലവായിരുന്നതു എന്നു പറഞ്ഞാൽ, തലേന്നാൾവരെ, മറെറാന്നും ഈ ഹിന്ദുകുടുംബമന്ദിരനിർമ്മിതിക്കു മുതലായി അവശേഷിച്ചിട്ടില്ല (കിട്ടിയില്ല) എന്നു വായനക്കാർ മനസ്സിലാക്കിക്കൊള്ളുമല്ലോ. എല്ലാം ശ്രീ. കുമാരപിള്ളയേയും അദ്ദേഹത്തിന്റെ സഹോദരനായ ശ്രീ. ശങ്കരപ്പിള്ളയേയും ഭരമേല്പിച്ചിട്ടാണു് കഥാനായികയുടെ ധനശേഖരണത്തിനായുള്ള വേർപാടു്.

അപ്പോൾ കൊല്ലവർഷം തൊണ്ണൂററേഴു പുലന്നതേയുള്ളു. അവർ നടന്നു. ദിവസവും കാൽ കഴയുന്നതുവരെ നടക്കും. ഓരോ കരയിലും അവർ ചെന്നെത്തും. ആദ്യമായി കരപ്രമാണിയെ കണ്ടുപിടിക്കാൻ നോക്കും. ചിലേടത്തു ഫലിക്കും; ചിലേടത്തു മറിച്ചുമാവും. ഈ

രീതിയിൽ അവർ പോയി, കൊല്ലത്തെത്തി. അപ്പോഴേക്കും മഹിളാമന്ദിരം ഒരു സവർണ്ണസ്ഥാപനമാകണമെന്നും അതിന് അവർണ്ണർ ആരും ധനസഹായം ചെയ്തുപോകരുതെന്നും കാണിച്ച് ചിന്നമ്മയ്ക്ക് എതിരായി ഒരു മാന്യന്റെ ലേഖനങ്ങൾ ഒരു പത്രത്തിൽ വന്നുകഴിഞ്ഞു.

"ഒരു കാശുപോലും അവർണ്ണരിൽനിന്നും സ്വീകരിപ്പാനായി അമ്മ അങ്ങോട്ടു പോയിട്ടില്ല." എന്നാണു ഈ വിഷയത്തിൽ ചിന്നമ്മ എന്തു നയമാണു അനുവർത്തിച്ചിരുന്നതെന്നു ഗൗരിഅമ്മയോടു ചോദിച്ചപ്പോൾ പറകയുണ്ടായതു്:—"നാം അവർക്കുവേണ്ടി പ്രകടമായി ഒന്നും ചെയ്യുന്നില്ല. അതിനാൽ നാം അവരോട് ഒന്നും തന്നെ ചോദിപ്പാനോ സ്വീകരിപ്പാനോ പാടില്ല." എന്നായിരുന്നു ഇതേ സംബന്ധിച്ച്, ഇക്കാലത്തൊരിക്കൽ കഥാനായിക പറഞ്ഞിട്ടുള്ളതു്. ഉൽപതിഷ്ണുക്കളിൽ ചിലർ ഒരിക്കൽ ചിന്നമ്മയോടു് "എല്ലാവർക്കും മന്ദിരത്തിൽ പ്രവേശം അനുവദിക്കാത്തതെന്തെ"ന്നു ചോദിച്ചപ്പോൾ അവർ ഇപ്രകാരം ഒരു മറുപടി കൊടുത്തതായി ഗൗരിഅമ്മ ഓർമ്മിപ്പിക്കുന്നു. "സ്വഗൃഹങ്ങളിൽ ഇത്തരം പരിഷ്കാരങ്ങൾ വരുത്തിയിട്ടുവേണം നിങ്ങൾ ഇപ്രകാരം എന്നോടു ചോദിക്കേണ്ടതു്. സ്വാതന്ത്ര്യവും തന്റേടവുമുള്ള ഹിന്ദുക്കൾ പരസ്പരം ജാതിസ്പർദ്ധയോടുകൂടി പെരുമാറുമ്പോൾ, തത്സമുദായത്തിൽപെട്ട അനാഥരെയെല്ലാം ചേർത്തു് ഒരു പ്രത്യേക ജാതിയുണ്ടാക്കിയാൽ അവർക്ക് എവിടെയാണു സ്ഥാനം? സമുദായം പരിഷ്കരിക്കുന്നതോടുകൂടി മന്ദിരവും പരിഷ്കരിക്കപ്പെടും."

ചിന്നമ്മ വാങ്ങുകയല്ല ചെയ്യുന്നത്; കൊടുക്കുകയായിരുന്നു. എങ്ങും സേവനത്തെപ്പററി അനർഘങ്ങളായ പാഠങ്ങൾ അവർ കൊടുത്തുകൊണ്ടേ പോയി. "ഈശ്വരനെ ഉദ്ദേശിച്ചു ചെലവിടുന്നതിനെ ഈശ്വരാംശം നിറഞ്ഞവരായ, ഈശ്വരസന്താനങ്ങളായ പാവങ്ങൾക്കായി ചെലവിടുക. അവരും ജീവിതവേദനയിൽനിന്നും രക്ഷപ്പെട്ടു നിങ്ങളോടൊപ്പം എത്തുവാൻ യത്നിക്കുക. സമസ്ഥങ്ങളിൽ ഒരു ഭാഗം നരകത്തിൽ കിടന്നു പിടയുമ്പോൾ മറെറാരു ഭാഗം കണ്ടിട്ടും കണ്ണും അടച്ചിരിക്കുന്നതു് എല്ലാവരേയും ഒന്നുപോലെ ജീവൻ നൽകി സൃഷ്ടിച്ചിറക്കിയ ദൈവത്തിനു സഹിക്കുകയില്ല." ഇങ്ങനെ അറിയത്തക്കവണ്ണം, പഠിക്കത്തക്കവണ്ണം അഭ്യസിച്ചുകൊണ്ടു സഞ്ചരിക്കാനിറങ്ങിയ ചിന്നമ്മയാണു പ്രകൃതമായ പ്രതികൂലവിമർശനത്തിനു പാത്രീഭവിച്ചതു്.

പിന്നീടു ചിന്നമ്മ സഞ്ചരിച്ചിരുന്ന ഇടങ്ങളിൽ മന്ദിരകാര്യമായി സഞ്ചരിക്കാനിടയായ ശ്രീമതി. ജി. ആർ. തങ്കമ്മ പറയുന്നു: "അമ്മ തിരുവിതാംകൂറിന്റെ ഓരോ കരയിലും സാധുസേവനം ഈശ്വരസേവനമാണെന്നു പഠിപ്പിച്ചു കഴിഞ്ഞിരിക്കുന്നതായി എനിക്കു ബോധ്യം വന്നു. അതിനാൽ ജനങ്ങളുടെ അപ്രതീക്ഷിതമായ ആനുകൂല്യവും, വിശിഷ്യ, അഭ്യസ്തവിദ്യരുടെ സഹായസഹകരണങ്ങളും കണ്ടിട്ടു് അമ്മ ഉണ്ടാക്കിയിരിക്കുന്ന അതിതീവ്രമായ പ്രചരണത്തെപ്പററി വിസ്മയിക്കാതെ തരമില്ല. ഇതിലേയ്ക്കു് അമ്മയുടെ പാദസ്പർശം ഏൽക്കാത്ത ഭൂമി നമ്മുടെ രാജ്യത്തു കുറച്ചുമാത്രമേ കാണുകയുള്ളൂ."

അവൎണ്ണർ ചിന്നമ്മയെ സഹായിക്കാൻ പാടില്ലാ എന്നെഴുതിയ അതേ ആ മാന്യന്റെ വൎഗ്ഗത്തിൽ പെട്ട വക്കം സ്വദേശിനിയായ ഒരു യുവതി, മന്ദിരത്തിന്റെ പ്രാരംഭകാലംമുതൽ, തയ്യൽ അദ്ധ്യാപികയായി അവിടെ നിയമിതയായിട്ടുണ്ടു്. (ഇതു് മന്ദിരത്തിന്റെ ഒന്നാമത്തെ വാഷിക റിപ്പോർട്ടിൽനിന്നും ആറാം അദ്ധ്യായത്തിൽ ഉദ്ധരിച്ചിട്ടുള്ളതാകുന്നു) അവൎക്കു മന്ദിരത്തിലെ സംരക്ഷണത്തിലും ശമ്പളത്തിലും ചിന്നമ്മ പ്രത്യേകമായ താമസസൗകര്യം ഉണ്ടാക്കി കൊടുത്തിട്ടുണ്ടു. ചിന്നമ്മയും അവൎണ്ണർ സഹായിക്കരുതെന്നു് എഴുതിയ അതേ ആ മാന്യന്റെ വൎഗ്ഗത്തിൽപെട്ട ഒരു പെൺകുട്ടിയെ (നെയ്ത്തു് അദ്ധ്യാപികയുടെ സഹോദരീപുത്രി) മന്ദിരത്തിൽനിന്നും പണം ചെലവിട്ടു തിരുവനന്തപുരത്തെ ആംഗ്ലേയബാലികാപാഠശാലയിൽ അന്നു പഠിപ്പിച്ചു വരികയും ആയിരുന്നു. ചുരുക്കത്തിൽ ഇവർ മന്ദിരത്തിൽ പചിക്കപ്പെടുന്ന ഭക്ഷണം കഴിച്ചു സുഖമായി, മാനമായി ജീവിക്കുകയായിരുന്നു. അതെ വായനക്കാരെ, പരമാൎത്ഥം അന്വേഷിച്ചു വ്യവഹരിക്കുവാൻ ക്ലേശിക്കുന്നതു് എത്ര പേരാണു്?

“ഈശ്വര സന്നിധിയിൽ ഏവരും സമന്മാരാണു്” എന്നുപറഞ്ഞുകൊണ്ടു്, നമ്മുടെ കഥാനായിക ബാധോപദ്രവം പിടിപെട്ടു വരുന്ന (സമുദായരീത്യാ അധഃകൃതരെന്നു കൊണ്ടാടിപ്പോന്നിരുന്ന) സമീപവാസികളായ ബാലികമാരെ മന്ദിരത്തിലെ ആരാധനാമൂൎത്തിയായ ശ്രീകൃഷ്ണ സന്നിധാനത്തിൽ കയററിനിൎത്തി അവൎക്കുവേണ്ടി പ്രാൎത്ഥിക്കുന്നതിനു കാണിച്ചിട്ടുള്ള വ്യഗ്രത പറയാവതല്ല.

(അതുമൂലം പിശാചുക്കൾ മാറുകയും ചെയ്തിരുന്നു) അന്നു ക്ഷേത്രപ്രവേശനം അനുവദിക്കപ്പെട്ടിട്ടില്ല. പുലയക്കുട്ടികളെ ആശ്ലേഷിച്ചു മടിയിൽ ഉപവിഷ്ടരാക്കി എഴുത്തിനിരുത്തുന്നതു് നമ്മുടെ കഥാനായികയ്ക്കു് ഏററവും ഇഷ്ടപ്പെട്ട കൃത്യമായിരുന്നു. മന്ദിരത്തിലെ 'സൺഡേ സ്കൂളിൽ' പുലയർ തുടങ്ങിയ കുട്ടികൾക്ക പ്രത്യേകം ക്ലാസ്സു കൊടുക്കുവാനും, ഭക്ഷണം കൊടുക്കുവാനും നമ്മുടെ കഥാനായിക പ്രത്യേകം ഉത്സാഹിച്ചിരുന്നു. അങ്ങനെ പലതുണ്ടു്.

മഹത്തുക്കളെ എവിടെ തെററിദ്ധരിക്കുന്നുവോ അവിടെ നിസ്തുലപ്രഭാവത്തുക്കളായി അവർ നിൽക്കുന്നു എന്നുള്ളതു് അവരുടെ ചരിതങ്ങൾക്കു മാററുകൂട്ടുക മാത്രമാണു്.

പിൽക്കാലത്തു്, ചിന്നമ്മ തിരുവല്ലയിൽ താമസിക്കുമ്പോൾ, മന്ദിരാംബരയെ സഹായിച്ചുകൊണ്ടു മന്ദിരത്തിൽ താമസിച്ചിരുന്ന ശ്രീ. ജി. ആർ. തങ്കമ്മയും ജാത്യാചാരങ്ങളെപ്പററി പ്രതിപാദിച്ചു് ചിന്നമ്മ ഇങ്ങനെ എഴുതിയിരിക്കുന്നു.

"മന്ദിരത്തിൽ ജാത്യാചാരങ്ങൾ അനുസരിച്ചു പ്രവർത്തിച്ചുകൊള്ളാമെന്നത്രേ ആദ്യം പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം. അങ്ങനെ ഒരു അഭിമാനത്തോടുകൂടിയാണു പലരും, അനാഥർ മാത്രമല്ല, അവിടെ താമസിക്കുവാൻ മടിക്കാതിരുന്നതും കുട്ടികളെ അയച്ചിട്ടുള്ളതും. തിരുവനന്തപുരത്തെ സ്ഥിതി എങ്ങനെയിരുന്നാലും പുറംദിക്കുകൾ ഇനിയും യാഥാസ്ഥിതികത്വത്തിലാണു

സ്ഥിതിചെയ്യുന്നതു്. നമുക്കു് അവരുടെ സഹായമാണു് കൂടുതൽ ലഭിച്ചിട്ടുള്ളതും ലഭിക്കേണ്ടതും. എനിക്കു് ഈയിടെ വന്ന ഒരെഴുത്തിൽ ഇങ്ങനെ എഴുതിക്കാണുന്നു. 'മഹിളാമന്ദിരത്തിൽ ജാതിമര്യാദയെ ശരിയായി പരിപാലിക്കണമെന്നു മാനേജരോടു പറയണം. മന്ദിരത്തിലെ ശിശുവിനെ സൂക്ഷിച്ചു വളർത്തേണ്ടതു് അതിന്റെ അമ്മയുടെ ധർമ്മമാണു്" ഈ അഭിപ്രായത്തിനു് കാരണമെന്തെന്നു മനസ്സിലാകുന്നില്ല...... സമുദായനടപടികൾക്കെതിരായി നാം പുറപ്പെടുന്നപക്ഷം നാം ഒരു കുടുംബത്തെയല്ല പല കുടുംബങ്ങളെയും ദോഷപ്പെടുത്തുകയാണു്. അനാഥസംരക്ഷണത്തിനു പകരം 'മഹിളാമന്ദിരജാതി' എന്ന ഒരു പ്രത്യേകവർഗ്ഗത്തെ സൃഷ്ടിക്കരുതെന്നുംകൂടി കരുതണം. ജാതിഭേദം ഉണ്ടാകുവാനോ ഇല്ലാതാകുവാനോ ആർക്കുംതന്നെ അധികാരം സിദ്ധിച്ചിട്ടില്ല. ഉള്ളവരിൽ അതു് ഉണ്ടായിരിക്കട്ടെ. അതു വ്യക്തിസ്വാതന്ത്ര്യമാണു്. പൂർവാപരചിന്ത കൂടാതെ അതുണ്ടാകുവാനോ ഇല്ലാതാകുവാനോ നാമാരു്? നമ്മുടെ പരിഷ്കാരത്തിനു് അനുകൂലികളല്ലാത്തവർ ഉണ്ടെങ്കിൽ അവരെ അതിൽ ബദ്ധപ്പെടുത്തുന്നതു് ഹിംസയാകുന്നതല്ലേ? അതു ധർമ്മമല്ല. സമുദായപരിഷ്കാരം സ്ഥാപനത്തിന്റെ ഉദ്ദേശ്യത്തിൽപെട്ടതല്ല. അതു് സമുദായപരിഷ്കാരികളുടെ ചുമതലയാകുന്നു. സമുദായം അന്നന്നു് അനുവർത്തിക്കുന്ന രീതി സ്ഥാപനത്തിൽ നമുക്കു് അനുകരിക്കുവാനേയുള്ളു."

'നായർമഹിളാമന്ദിരം' എന്ന പേർ മന്ദിരത്തിനു കൊടുക്കണം എന്നു് ചിലർ നിർദ്ദേശിച്ചപ്പോൾ "പാടില്ല;

ഹിന്ദുമഹിളാമന്ദിരം എന്നായിരിക്കണം എന്തു പേർ കൊടുത്താലും കിട്ടേണ്ട അർത്ഥം” എന്നു ചിന്നമ്മ വാദിച്ചിരുന്നതു് എത്ര ദീർഘദർശനപരമായിരുന്നു !! അതു് പിൽക്കാലത്തു് എല്ലാ വർഗ്ഗങ്ങളേയും ഉൾക്കൊള്ളുമെന്നു് അവർ അന്നേ കണ്ടിരുന്നു.

നമ്മുടെ കഥാനായിക ഒരിക്കലും വളർച്ചയുടെ വിരോധിയായി ഒരിടത്തും കാണുന്നില്ല.

ചിന്നമ്മയുടെ മഹത്വം മനസ്സിലാക്കിയ ക്രിസ്തീയ മഠങ്ങളിലെ അംഗങ്ങൾ എന്നല്ല, അധിപകർപോലും 'പരിപൂർണ്ണത ലഭിച്ച വിശുദ്ധമാതാവു്' എന്നു പറഞ്ഞുകൊണ്ടു കഥാനായികയെ വണങ്ങിവന്നിരുന്നതു് പ്രസിദ്ധമാണു്.

ഒരിക്കൽ ചിന്നമ്മ വാഴപ്പള്ളി (ചങ്ങനാശ്ശേരി)യിലെ കന്യകാമഠം സന്ദർശിച്ചപ്പോൾ പുറകേക്കൂടിയ ക്രിസ്തീയ സഹോദരിമാർ കൂടെയുണ്ടായിരുന്ന ശ്രീ. ജി. ആർ. തങ്കമ്മയോടു പറഞ്ഞതു്: “നിങ്ങളുടെ സമുദായത്തിനു് എന്തു ഭാഗ്യമാണുള്ളതു്! ഈ അമ്മ നിങ്ങളുടെ സമുദായത്തിലായിപ്പോയല്ലോ. ഞങ്ങൾക്കു് ഈ പ്രകാരം പൂർണ്ണത ലഭിച്ച 'മദറി'നെ ഇതുവരെ ലഭിച്ചിട്ടില്ല,” എന്നായിരുന്നു. എന്നു മാത്രമല്ല, ആ കന്യകാമഠത്തിലെ ഹെഡ്മിസ്ട്രസ്സ് ചിന്നമ്മയുടെ മനഃപൂർവ്വമായ സഹായവും ഉത്സാഹവുംകൊണ്ടാണു് ഉയർന്നിട്ടുള്ളതെന്നു്, അവിടത്തെ ഹെഡ്മാസ്റ്റർ മി. റ്റി. ജെ. ജോസഫ് ഈ ഗ്രന്ഥകാരനോടു പറയുകയുണ്ടായി.

മി: ററി. ജെ. ജോസഫ് തുടൎന്നുപറഞ്ഞു: "ഉദ്യോഗനിലയിൽ ഒരാളിൽനിന്നും പ്രതീക്ഷിക്കാൻ വയ്യാത്തതും വളരെ വിശ്വാസമുള്ളവരും ചെയ്യുവാൻ മടിക്കുന്നതുമായ സഹായങ്ങളും ഞങ്ങളെ വിശ്വസിച്ച് ആ ഇൻസ്പെക്ട്രസ്സമ്മ ചെയ്തിട്ടുണ്ട്. ഒരാളിന് ഒരു നന്മ ചെയ്തുവെന്ന് അവൎക്കു തോന്നാത്തവണ്ണം ആയിരിക്കും പിന്നീട് അമ്മ അവരോടു പെരുമാറുന്നതു്. അമ്മ ചെയ്യുന്നതെല്ലാം സന്തോഷത്തോടും വിശ്വാസത്തോടും കൂടിയത്രെ. ഒരു കാലത്തു സ്ത്രീവിദ്യാഭ്യാസത്തിന് അക്ഷീണം യത്നിച്ചിരുന്ന ആ അമ്മതന്നെ ഞങ്ങളുടെ വകയായി മലയാളത്തിനു ഹൈസ്കൂൾ ഏൎപ്പെടുത്തുന്നകാൎയ്യം ആലോചിക്കാൻ പോയിരുന്നപ്പോൾ പറഞ്ഞതു്:—"ആദ്യം നിങ്ങൾ കുട്ടികളോടു പറയേണ്ടതു് ഉദ്യോഗത്തിനാണ് വിദ്യാഭ്യാസം എന്ന് ആരും വ്യാമോഹിക്കരുതു് എന്നുവേണം. പിന്നീടേ അദ്ധ്യയനം തുടങ്ങാവൂ. അവരവരുടെ മനോവികാസത്തിനാണു വിദ്യാഭ്യാസം എന്നു പറയുക. അല്ലാതെ ഈ വിദ്യാഭ്യാസംകൊണ്ടു് ആളുകൾ വഞ്ചിതരാകരുതു്. തൊഴിലില്ലാത്തവരെ സൃഷ്ടിച്ചിറക്കുന്ന ഒരു കേന്ദ്രമായിരിക്കരുതു് ഇനിയത്തെ വിദ്യാലയങ്ങൾ" എന്നായിരുന്നു. എന്തിനു അവരുടെ ഗുണങ്ങൾ അനവധിയാണു്. ഞങ്ങളുടെ വിദ്യാലയത്തിലെ ഒരു വാൎഷികോത്സവത്തിനു് അമ്മ വന്നിരുന്നു. അപ്പോൾ, അതിനു മുന്നിലും പിന്നിലും അത്ര വളരെ ആൾക്കൂട്ടം ഞങ്ങൾ കണ്ടിട്ടില്ല. സാധുസേവനത്തിനായി ജീവിതം നീക്കിവച്ചിട്ടുള്ള ചിന്നമ്മയെ കാണാൻ ആബാലവൃദ്ധവനിതകൾ തിക്കിത്തിരക്കിയതും മറക്കാവതല്ല. ഒരു

വെള്ളവസ്ത്രവും ഉടുത്തു (വെള്ള ഉടുപ്പിടുന്നതു്) ഒരു വെള്ള മേൽമുണ്ടും പുതച്ചു് അദ്ധ്യക്ഷപീഠത്തിന്മേൽ വന്നിരുന്ന ചിന്നമ്മ കാണികളുടെ ഹൃദയപീഠങ്ങളിൽ പെററമ്മയെന്നോണം പതിഞ്ഞിട്ടുണ്ടു്. അവരുടെ ചരിത്രത്തെപ്പററിയാണെങ്കിൽ — ഹിന്ദുസമുദായത്തിന്നു് എന്നല്ല. എല്ലാ ജാതിക്കാർക്കും, മതസ്ഥർക്കും, ജീവിതത്തിന്നു് കൗതുകവും, രസവും, പുതുമയും കൊടുക്കുന്നതും അതുപോലെ പഠിച്ചു് അനുകരിക്കാവുന്നുള്ളതുമായ മററൊരു ചരിത്രം ആധുനികലോകം രേഖപ്പെടുത്തിയിട്ടുള്ളതിൽ കാണുകയില്ല. സേവനത്തിന്റെ പര്യായമാണു് ചിന്നമ്മ"

ഓരോ ദിവസവും ഇന്നു മുകപിരിച്ചുവച്ചിട്ടേ അന്നത്തെ യാത്ര അവസാനിപ്പിക്കൂ എന്ന കഥാനായികയുടെ ദൃഢനിശ്ചയം അത്ഭുതകരം തന്നെയാണു്. മന്ദിരം പണി മുറയ്ക്കു നടന്നുകൊണ്ടിരിക്കുന്നു. അതിനു ശ്രീ. കുമാരപിള്ളയും സഹോദരനും അഹോരാത്രം ചുടുചുടുപ്പോടുകൂടി ശ്രമം ചെലവിടുന്നു. ചീഫ് ഇൻജിനീയർ നടേശയ്യർ വേണ്ട നിർദ്ദേശങ്ങൾ ഉദാരമായി കൊടുത്തുകൊണ്ടിരിക്കുന്നു.

നമ്മുടെ കഥാനായികയുടെ ഭർത്താവിനെപ്പററി രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. ശ്രീ. കുമാരപിള്ളയുടെ ഭാര്യാപദം കഥാനായികയ്ക്കു കിട്ടിയതു് മഹിളാമന്ദിരസ്ഥാപനത്തിന്നു് സീമാതീതമായ സഹായകമായിത്തീർന്നിട്ടുണ്ടു്. സകല സന്ദർഭങ്ങളിലും മന്ദിരത്തിന്റെ നാഡീചലനം സ്പർശിച്ചുനോക്കിക്കൊണ്ടിരുന്ന ഒരാളാണു് ചിന്നമ്മയുടെ ഭർത്താവായ ശ്രീ. കുമാരപിള്ള അവർകൾ. വിഷമങ്ങളെക്കൊണ്ടു കുഴങ്ങി 'എനിക്കു വയ്യ' എന്നു പറഞ്ഞു കഥാനായിക ക്ഷീണിതയാകുമ്പോൾ 'എല്ലാം നേരെ

യാകം. മനസ്സ് സ്വസ്ഥമായി വയ്ക്കു് എന്ന സാന്ത്വനവാക്കുകളോടുകൂടി കാര്യങ്ങൾ അടുത്ത ഘട്ടത്തിലേയ്ക്കു നീക്കുന്നതിനു സദാ യത്നിച്ചിട്ടുള്ള ആളാണ് ശ്രീ. കുമാരപിള്ള. പ്രശസ്തരായ സന്ദർശകർ വരുമ്പോൾ, പൊട്ടുന്നനെ എല്ലാററിനും ആളറിയാതെയുള്ള ഭംഗികൊടുത്തിട്ടു അവിടന്നു മറയുന്ന ഒരു നിഷ്കാമൻതന്നെ ശ്രീ. കുമാരപിള്ള. മിസ്സ്. ക്യാരപ്പിററു് ഇൻസ്പെക്ട്രസ്സിന്റെ കാലത്തു് മന്ദിരത്തിലെ നെയ്ത്തുശാലയ്ക്കു, സഹായധനം കൊടുപ്പാനായി സാമഗ്രികൾ കണക്കാക്കിയപ്പോൾ, ആയിരത്തിഅഞ്ഞൂറു രൂപ വിലവരുന്ന നെയ്ത്തു സാമാനങ്ങൾ അവിടെ ഉള്ളതായി കാണപ്പെട്ടു. ഇതു് അത്രയും തന്നെ, ശ്രീ പിള്ള സ്വന്തം പണം കൊടുത്തു മേടിച്ചു മന്ദിരത്തിൽ ഘടിപ്പിച്ചിട്ടുള്ളതായിരുന്നു. ശ്രീ. പിള്ള ഒരു ഒന്നാംതരം നെയ്ത്തു വിദഗ്ദ്ധനാണു്. വടക്കേഇൻഡ്യയിൽ വലിയ ഉദ്യോഗത്തിൽ ശ്രീ. പിള്ളയെ വിളിച്ചിട്ടും കഥാനായികയോടുള്ള സ്നേഹത്തെ ഓർത്തു മാത്രം കരുതി നാട്ടിലെ ഉദ്യോഗംകൊണ്ടു തൃപ്തിപ്പെട്ടു്, വിശ്രമാവസരങ്ങളിൽ നമ്മുടെ ഹിന്ദുകുടുംബത്തിനുവേണ്ടി സ്വകാര്യമായി പ്രവർത്തിക്കുവാൻ പോന്ന ഇദ്ദേഹം സ്മരണീയനും സ്തുത്യർഹനുമത്രെ.

ഇവർ തങ്ങളിൽ ഒരു കാര്യത്തിൽമാത്രം പിണങ്ങാറുണ്ടു്. യന്ത്രസാമഗ്രികൾ ഇണക്കുവാനും, പിരിക്കുവാനും പ്രത്യേക പാടവമുള്ള ശ്രീ. പിള്ള രാത്രി ഉറങ്ങാനുള്ള സമയങ്ങളിലും ചില സാമാനങ്ങൾ എടുത്തുവച്ചു പണിതുകൊണ്ടിരിക്കും. പകലത്തെ അത്യധ്വാനാന

ന്നും ചെന്നുകിടക്കുന്ന ചിന്നമ്മ "നേരം പന്ത്രണ്ടുമണിയായാലും കിടന്നുറങ്ങുവാൻ സമ്മതിക്കുകയില്ല." എന്നു പറഞ്ഞു കലമ്പും. ഇതല്ലെങ്കിൽ ഇവർ തങ്ങളിൽ ഭിന്നിപ്പേ ഇല്ല.

സഞ്ചരിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ കഥാനായികയെ അന്വേഷിക്കാം. നടന്നുക്ഷീണിച്ച് കടവരാന്തകളിൽ കയറിയിരുന്നു തളർച്ചയാററിയും, പിന്നെയും നടന്നും, ദുർഗ്ഗമങ്ങളായ വഴികൾ കടന്നും, ചിലേടത്തു ചെല്ലുമ്പോൾ കരുണയില്ലാത്ത ഈ മനുഷ്യരുടെ ഇടയിൽ എന്തിനു താനിറങ്ങി കഷ്ടപ്പെടുന്നു, എന്നു തോന്നിപ്പിച്ചു തിരിച്ചോടിക്കുന്ന വിധത്തിൽ പല സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നിട്ടും ആരെല്ലാം പഴിച്ചാലും ഹസിച്ചാലും പുഞ്ചിരിയോടുകൂടി അവക്കു സേവനതത്വം കൊണ്ടുതന്നെ സമാധാനം കൊടുപ്പാൻ കരുതുകപ്പെടുകയും, അതിനു നിവൃത്തിയില്ലെങ്കിൽ, അങ്ങനെയുള്ള ഭവനം വിട്ടിറങ്ങുമ്പോൾ, "അവർക്കു നല്ല ബുദ്ധി കൊടുപ്പാനായി ഞാൻ പ്രാർത്ഥിച്ചിട്ടുണ്ട്. എന്നോട് അയാൾ പെരുമാറിയതു പിന്നീട് ഓർക്കാതെ പോകയില്ല. ഓർക്കലെങ്കിൽ സ്വയം ലജ്ജിതനും ശിക്ഷിതനും ആകാതെയിരിപ്പാൻ തരമില്ല. അങ്ങനെ അയാൾ നന്നാകുന്നതാണ്". അല്ലാതെ നാമ അങ്ങോട്ട് എതിർത്താൽ നമ്മുടെ എതിർപ്പിനെ എന്തു മൂഢത്വംകൊണ്ടാണ് മടക്കാമെന്നോർത്തു പൈശാചികമായി അയാളുടെ ബുദ്ധി രൂപമെടുക്കും. രണ്ടുപേരും മൃഗങ്ങളെപ്പോലെ ഹിംസാബുദ്ധിയോടുകൂടി ഇടഞ്ഞു മാനസികമായ ഒരു വിടവോടുകൂടി അകലുകയും ചെയ്യും." എന്നിങ്ങനെ കൂടെയുള്ളവരോടു

ഒരു മഹാതത്വത്തെ തൻ്റെ പ്രസംഗവ്യാഖ്യാനം കൊണ്ടു അനുദിനം വിശകലനം ചെയ്തു നമ്മുടെ കഥാനായിക മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു.

ഇണങ്ങുന്ന സ്വഭാവമുള്ളവരെല്ലാം ദർശനമാത്രയിൽ കഥാനായികയുടെ വശഗരാവും; എന്നാൽ, ഇണങ്ങാത്ത മൃഗസ്വഭാവമുള്ളവർ തനിയെവന്നു അടിപണിഞ്ഞിട്ടുള്ള പല സംഭവങ്ങളിൽ ഒന്നു പറയാം.

മന്ദിരത്തിലെ പ്രാഥമികവിദ്യാലയത്തിൽ അദ്ധ്യാപകനായിരുന്ന ശാന്തിതീർത്ഥനുമായി ൧൧൦൮-ാമാണ്ടിടക്കു പണപ്പിരുവിസ് കൊട്ടാരക്കര അന്നത്തെ പോലീസ് ഇൻസ്പെക്ടരുടെ ആതിത്ഥ്യം സ്വീകരിച്ചുകൊണ്ടു ചിന്നമ്മ വിശ്രമിക്കവേ, പത്തനാപുരംതാലൂക്കിൽ അഞ്ചൽ എന്ന സ്ഥലത്തു ഒരു വലിയ ഗൃഹസ്ഥൻ ഉണ്ടെന്നറിഞ്ഞു അയാളെ കാണ്മാനായി ഒരു ദിവസം കാലത്തു ശാന്തിതീർത്ഥനെയും കൂട്ടിക്കൊണ്ടു അവർ പുറപ്പെട്ടു. വണ്ടിത്താവളം വിട്ടു രണ്ടു നാഴിക നടന്നുവേണം ഗൃഹസ്ഥൻ്റെ വീട്ടിലെത്തുവാൻ; ഉച്ചവെയിൽ മൂത്തുകഴിഞ്ഞിരുന്നു. ആ വെയിലും ഏറ്റു കുന്നും മേടും കയറിയിറങ്ങി ചിന്നമ്മയും ശാന്തിതീർത്ഥനും ഗൃഹസ്ഥൻ്റെ വീട്ടിലെത്തി. ക്ഷീണിതയായ കഥാനായികയുടെ രണ്ടാം മുണ്ടെടുത്തു പൂമുഖത്തു വിരിച്ചു, വീട്ടിൽ കയറിയ ഉടനേ കിടക്കേണ്ടിവന്നു. ഇവർ വരുന്നതു നോക്കിക്കൊണ്ടിരുന്ന ഗൃഹസ്ഥൻ മുറുക്കുവാൻ ഒട്ടു കയ്യിലെടുത്തുകൊണ്ടു തട്ടതിയിൽ ഉറങ്ങിപ്പോയി. പിന്നീടാണു പോയ ആൾ ഇന്നാരാണെന്നു ശാന്തിതീർത്ഥൻ മനസ്സിലാക്ക

ന്നതു്. നിലം പതിച്ചിരിക്കുന്ന ചിന്നമ്മയ്ക്കു കുറെ വെള്ളം കൊണ്ടുവന്നുകൊടുക്കേണ്ട അത്യാവശ്യകത മനസ്സിലാക്കിയ ശാന്തിതീർത്ഥന തുള്ളി ചൂടുവെള്ളം അവിടെനിന്നും ലഭിച്ചില്ലെന്നുമാത്രമല്ല, വെള്ളം കോരുവാൻ ഒരു പാളപോലും സമയത്തിനു കിട്ടിയതുമില്ല. കുറച്ചു കഴിഞ്ഞു്, തീർത്ഥൻ കേണതിന്റെ ഫലമായി ക്ലാവു നിറഞ്ഞ ഒരു കലയപ്പാന കിട്ടിയതുകൊണ്ടു്, കിണററിൽനിന്നും വെള്ളം കോരി, കഥാനായികയ്ക്കു കൊടുത്തു. ചിന്നമ്മ എണീററ, നേരെ അന്തഃപുരത്തേയ്ക്കു കടന്നു ചെന്നു ഗൃഹണിയെക്കണ്ടു് സംസാരിപ്പാൻ തുടങ്ങി. ഒന്നും ഫലിക്കുന്നില്ലെന്നുകണ്ടുകൊണ്ടും, ഇവരെ ഭിക്ഷയിടാനെങ്കിലും പഠിപ്പിക്കാതെപോയാൽ ശരിയല്ലെന്നു ധരിച്ചുകൊണ്ടും പറഞ്ഞു:—"ആകട്ടെ; മന്ദിരത്തിലെ ഒരു കുട്ടിയുടെ ഒരുനേരത്തെ ഭക്ഷണത്തിന്നു് എന്തെങ്കിലും തരിക. അരിയായിരുന്നാലും മതി." നേരത്തു വയ്യാനല്ലാതെ ആ ഭവനത്തിൽ ഗൃഹണിക്കു അരി കിട്ടുക ഉണ്ടാകയില്ല. അതും സമയത്തിനു പുര തുറന്നു ഗൃഹനായകൻ എടുത്തുകൊടുത്തു എങ്കിൽ—!!

ചിന്നമ്മ അവിടെനിന്നും മടങ്ങി. നേരം ഇരുട്ടി. ഒരാൾ ശാന്തിതീർത്ഥനോടു് അവരുടെ വിശ്രമസ്ഥലമായ പോലിസ് ഇൻസ്പെക്ടരുടെ ഭവനത്തിൽവന്നു" "തിരുവനന്തപുരത്തുനിന്നു ഒരു അമ്മ ഇവിടെ വന്നിട്ടില്ലേ? അവരെ എനിക്കൊന്നു കാണണം" എന്നു പറയുന്നു. തീർത്ഥൻ ആളെ മനസ്സിലാക്കി. "അമ്മ ധ്യാനത്തിനു പോയിരിക്കുന്നു. ഇപ്പോഴും പുറത്തുവരുമെന്നു തോന്നുന്നില്ല" എന്നു് ആൾ വരുന്നതുകണ്ടിട്ടു വീട്ടിൽ

നിന്നും ഇറങ്ങി ഓടിയ അഞ്ചലിലെ ഗൃഹസ്ഥനോടു തീൎത്ഥൻ പറഞ്ഞു. അയാൾ വെള്ളപ്പോളും വേണമെങ്കിലും കാത്തിരുന്ന് അമ്മയുടെ സൗകൎയ്യത്തിനു കണ്ടുപോവാനാണു വന്നിരിക്കുന്നതു്. എന്തെന്നാൽ, നമ്മുടെ അഗതിവനിതാമാതാവു്, അഞ്ചലിലെ ആ ഭവനത്തിൽനിന്നും മടങ്ങുന്നതിനുമുമ്പുതന്നെ, അയാളുടെ മകനെ പോലീസുകാർ ലൈസൻസില്ലാത്ത തോക്കു കൊണ്ടുനടന്നതിനു പിടികൂടികഴിഞ്ഞിരുന്നു. അതിനു്, ഇപ്പോൾ, താൻ വീട്ടിൽനിന്നും ഇറങ്ങിപ്പോയതിനു ക്ഷമാപണം ചെയ്യുവാനും, മകനെ പോലീസിൽനിന്നും ഇൻസ്പെക്ടരോടു പറഞ്ഞു വിടുതൽ ചെയ്യിക്കുവാനുമാണു്, കഥാനായികയെ കാണ്മാൻ ഗൃഹസ്ഥൻ തേഞ്ഞുകൊണ്ടു വന്നിരുന്ന സമയം കാക്കുന്നതു്.

ഇനി ഇങ്ങനെയല്ല. കരുനാഗപ്പള്ളിയിലെ പുരാതനവും പ്രസിദ്ധവുമായ ഒരു നായർകുടുംബത്തിൽ കൊല്ലത്തുനിന്നും യാത്രതുടൎന്നു ചിന്നമ്മ എത്തിച്ചേൎന്നു. അവിടത്തെ അങ്കണപരിസരങ്ങൾ മാത്രം കണ്ടിട്ടുള്ള വനിതകളുമായി, ചരിതമെല്ലാം പറഞ്ഞുകൊണ്ടിരിക്കുന്ന കൂട്ടത്തിൽ, താൻ ഒരുകൊല്ലം മുഴുവൻ സഞ്ചരിക്കാനാണു് ഇറങ്ങിയിരിക്കുന്നതെന്നും, എങ്കിലേ പണിതുടങ്ങികഴിഞ്ഞ തന്റെ അഗതിവനിതാലയം പൂൎത്തിയാകയുള്ളു എന്നും ചിന്നമ്മ പ്രസ്താവിച്ചപ്പോൾ, ഒരു സ്ത്രീയാണല്ലോ ഇതെല്ലാം ചെയ്യുന്നതെന്നും ആചാരമാകുന്ന അസ്വാതന്ത്ര്യച്ചുവരുകൾക്കകത്തു് അതുപോലത്തെ സ്ത്രീകളായ തങ്ങൾ ചകയ്യുംകൊള്ളാത്ത തടവുകാരായികിടന്നു നരകിക്കുന്നവരല്ലോ എന്നും ഓർ

ത്തോർത്തു് അതിലൊരാം മനസ്സത്തകി മൂളിക്കരയാൻ തുടങ്ങിയതു് ഉച്ചത്തിലായ്ക്കലൊലിച്ചതും ഇവിടെ പ്രസംഗമാണു്.

മഹാത്മുക്കളുടെ ജീവിതഗതി അതർഘിക്കുന്ന മഹത്വത്തോടുകൂടി അനുസ്വഭിക്കുന്നതിനു പ്രഗത്ഭനായിരുന്ന അഷിമരത്ത കാരണവർ നിറമെകെനിട്ടി ചിന്നമ്മയെ ത്തുഷ്ടിപ്പെടുത്തി അവിടുന്ന യാത്രയാക്കി. ഇതേവിധം, ചിന്നമ്മയുടെ പരനുവേണ്ടിയുള്ള ക്ലേശപൂർണ്ണമായ ജീവിതത്തെപ്പററി കേട്ടമാത്രയിൽ, അനുകമ്പാർദ്രയായി തേങ്ങിക്കരഞ്ഞ ഒരു അന്തർജ്ജനത്തേപ്പററിയും മറക്കാവതല്ലെന്നു ഗൗരിയമ്മ പറയുന്നു.

"ഞാൻ ഉദ്ദേശിച്ചിട്ടുള്ള പണം പിരിച്ചു മന്ദിരത്തിനു് അയച്ചിട്ടേ എന്റെ ഈ വളർത്താൻ തുടങ്ങിയിരിക്കുന്ന ദീക്ഷ(താടി) എടുക്കുകയുള്ളൂ" എന്നു ശപഥം ചെയ്തു മന്ദിരത്തെ സഹായിച്ചിട്ടുള്ള ശ്രീ. പ്രാക്കുളം പരമേശ്വരൻപിള്ള കഥാനായികയെപ്പററി സ്മരിക്കുന്നതു നോക്കുക

"അമ്മ കൊല്ലത്തുവന്നിട്ടു് ആ പ്രാവശ്യം അധികം താമസിച്ചില്ല. അതുവഴി അവർ പ്രാക്കുളത്തുവന്നു വീട്ടിൽ താമസമാക്കിക്കൊണ്ടു് ചുററുപാടുമുള്ള വീടുകൾ സന്ദർശിച്ചു. ആ വഴി കിട്ടിയിരുന്നതു തുച്ഛമായ സംഖ്യകളായിരുന്നു. അതും മിക്കവാറും പെണ്ണുങ്ങളിൽ നിന്നുമായിരുന്നു. ഈ ഗതി അമ്മയുടെ ഹൃദയത്തെ എങ്ങനെ ബാധിച്ചിരുന്നു മനസ്സിലാക്കാൻ എനിക്കു സംഗതിവന്നു. അമ്മയുടെ പാവനമായ ഉദ്ദേശ്യവും എന്നാൽ അതിനു

വേണ്ടിയുള്ള സഹായികളുടെ കുറവും എന്നെ ഇളക്കി. അടുത്തദിവസംതൊട്ടു ഞാൻ അമ്മയുടെകൂടെ സഞ്ചരിപ്പാനിറങ്ങി. കിട്ടുന്നസംഖ്യ കുറേശ്ശെ കൂടിക്കൂടിവന്നു. ദിവസം ഇത്രപണം പിരിച്ചു് മന്ദിരത്തിന്നു അയക്കണം എന്നു വയ്ക്കുകയും വലിയ മുട്ടുകൂടാതെ അതു നടക്കുകയും ചെയ്തുതുടങ്ങി. എന്നെപ്പോലെ മററു ചില സഹോദരികളും അമ്മയോടൊത്തു ഇടയ്ക്കിടയ്ക്കു സഞ്ചരിച്ചിരുന്നു. ഞാൻ ഏതു തരത്തിൽ ആ കർമ്മയോഗിനിയെ സഹായിച്ചു എന്നതു എനിക്കു പറയണമെന്നില്ല. ചോദ്യത്തിന്നു ഉത്തരമായി രണ്ടുവാക്കു പറഞ്ഞുനിർത്തുകയാണു് നല്ലതു്. ഞങ്ങൾ ഓരോ പുതിയ എടങ്ങളിൽ ചെല്ലുമ്പോൾ, അമ്മയ്ക്കുവേണ്ടി എന്റെ ആദ്യത്തെ ജോലി, കുളിപ്പുര, മറപ്പുര ഇവ മറയ്ക്കുന്നതിനാണു്. സർവ്വസുഖങ്ങളും ത്യജിച്ചിറങ്ങിയിരിക്കുന്ന അമ്മയുടെ സഞ്ചാരം കരകൾതോറും വലിയൊരു ശബ്ദം ഉണ്ടാക്കിക്കൊണ്ടിരുന്നു. സാധുസേവനം ഈശ്വരസേവനം തന്നെയാണെന്നു വെളുത്താൽ ഇരുട്ടുന്നതുവരെയും അമ്മ പഠിപ്പിച്ചുകൊണ്ടേപോയി. നാലുകെട്ടിൽനിന്നു് ഇടക്കെട്ടിലേയ്ക്കും, ഇടക്കെട്ടിൽനിന്നു നാലുകെട്ടിലേയ്ക്കുംമാത്രം സഞ്ചരിച്ചു്, പഠിച്ചിരുന്ന സ്ത്രീകൾമുതൽ പാഠാലയത്തിൽ കഷ്ടിച്ചു പോകുവാൻ തുടങ്ങീട്ടുള്ള ബാലികമാർവരെ അമ്മയിൽ നിന്നും ഓരോ പാഠങ്ങൾ പഠിച്ചുകൊണ്ടേ ഇരുന്നു. കെട്ടിടത്തിന്നു (മന്ദിരത്തിന്നു) ഓടു വാങ്ങാനാണു ഞങ്ങൾ വടക്കുനിന്നും കൊട്ടാരക്കരവഴി കൊല്ലത്തു വന്നതു്. അപ്പോൾ, ആ വർഷം ഏകദേശം അവസാനിക്കാറായിരുന്നു! ഈ അവസരത്തിൽ എന്റെ ഭാര്യയും മകനും

രോഗമൂർച്ഛിതരായി കിടക്കയായിരുന്നു. എന്നെ എവിടെ യാണെന്നറിഞ്ഞു് വിവരം അറിയിക്കാനായി വടക്കോട്ടുള്ള ഓരോ താലൂക്കുകളിലേയും സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും വീട്ടിൽനിന്നും കമ്പി അടിച്ചിരുന്നു. അന്വേഷണങ്ങൾക്കെല്ലാം 'ഇവിടെനിന്നും പോയി' എന്നു വീട്ടിൽ മറുപടി കിട്ടിക്കൊണ്ടിരുന്നു. കൊല്ലത്തു വന്ന ഉടനേ കർണ്ണാരുന്തുദമായ ഈ വാർത്ത എന്റെ ചെവിയിൽ എത്തി. അമ്മയോടു അനുമതിയും വാങ്ങിക്കൊണ്ടു ഞാൻ ഉടനേ തിരിച്ചു. ഞാൻ വീട്ടിലെത്തി അല്പം കഴിഞ്ഞപ്പോൾ ധാരധാരയായി കണ്ണുനീരും ഒഴുക്കിക്കൊണ്ടു് അമ്മ ഗൗരിഅമ്മയുമായി അവിടെവന്നു. അക്കാലം എല്ലാം പോയി. എന്നാലും, ഇന്നു മഹിളാമന്ദിരത്തിനു പാടുപെട്ട അമ്മയെ ഓർക്കുമ്പോൾ ഞാൻ ധന്യനാണു്. അതാ നോക്കണം ഞാൻ നാമം ചൊല്ലുന്നിടത്താണു്, ആ അമ്മയുടെ ചിത്രം കാണുന്നതു്."

ഞങ്ങൾ എന്തു വേണമെന്നു ചോദിക്കുന്ന ഗൃഹിണിഗൃഹസ്ഥന്മാരോടു് "നിങ്ങൾ എന്തു വേണമെന്നോ?" "നിങ്ങളുടെ കുഞ്ഞുങ്ങൾക്കുവേണ്ടി നിങ്ങൾ വ്യയം ചെയ്യുന്നില്ലേ? അതിന്റെ ചെറിയ ഒരംശം മന്ദിരത്തിലെ അനാഥരായ കുട്ടികൾക്കുവേണ്ടി ചെലവിടുക" അല്ലെങ്കിൽ "നിങ്ങൾ ആഹ്ലാദമായി കഴിച്ചുകൂട്ടുന്ന അടിയന്തിരദിവസങ്ങളിലെങ്കിലും മന്ദിരത്തെ ഓർമ്മിക്കുക. ജന്മനാളുകൾ, ഓണാഘോഷം ഇത്യാദിനങ്ങളിലായാലുംമതി" എന്ന ചാതുര്യപൂർവമുള്ള ചിന്നമ്മയുടെ വിവരണവും അഭ്യർത്ഥനയും അത്രേ ചോദ്യങ്ങൾക്കു പകരം കൊടുക്കുന്നതു്. ഈ

വിവരണം ഒട്ടുവിലേടത്തു വളരെ ഗുണാകരമായി കണ്ടിട്ടുണ്ട്. തൽഫലമായി ആ യാത്രയിൽ സ്ഥാവരസ്വത്തുകൾ ദാനമായി കൊടുപ്പാൻ മഹാമനസ്കതയുള്ള ചിലർ ഉദ്യുക്തരായി. ഗ്രന്ഥവിസ്തൃതിഭയത്താൽ ആ വക വിവരണങ്ങൾ ചുരുക്കുന്നു.

ചില സ്ഥലങ്ങളിൽ ചിന്നമ്മയെ കല്യാണത്തിനു പോകുംപോലെ ജനങ്ങൾ പിൻതുടന്നിരുന്നു. "ഞങ്ങൾ അനേകംപേർ അമ്മയോടൊത്തു ഉണ്ടായിരുന്നാലും, തിരിഞ്ഞുപിടിക്കുന്നപോലെ അമ്മയോടുടെ പാവങ്ങൾ ധർമ്മം ചോദിക്കുകയുള്ളൂ. അമ്മ അവരുടെ പ്രതിക്ഷയിൽ കവിഞ്ഞു കൊടുക്കുന്നതും കാണാം, പിന്നീട് അമ്മ പറയും: "മന്ദിരത്തിന്റെ ശാഖകൾ നാടെങ്ങും വന്നുകൂടുമ്പോൾ നാം ഇപ്പോൾ കാണുന്ന ദാരിദ്ര്യമോ അനാഥത്വമോ സ്ത്രീജനങ്ങൾക്കു കാണുകയില്ല. അങ്ങനെ എല്ലാവർക്കും തൊഴിലും എല്ലാവർക്കും സനാഥത്വവും വന്നുകൂടും. അതിനാൽ നമ്മുടെ പ്രവൃത്തികൾ ശീഘ്രതയ്ക്കു ഉദാഹരണങ്ങളായി ഭവിക്കട്ടെ."

പിന്നീടു തിരുവല്ലയിൽവച്ചു് മുണ്ടു ചോദിച്ച ഒരു യാചകസ്ത്രീക്ക്, കഥാനായിക ഉടുത്തിരുന്ന മുണ്ടിനെത്തന്നെ അഴിച്ചു കൊടുത്തിട്ട് പകരം മുണ്ടു കൊണ്ടുവരുവാൻ താമസമുണ്ടായതുകൊണ്ടു "അമ്മയ്ക്കു കുറേനേരം കുളിമുറിയിൽ കയറി ഇരിക്കേണ്ടിവന്നു" എന്നു അന്നവിടെ ഉണ്ടായിരുന്ന ശ്രീ. ജി. ആർ. തങ്കമ്മ പറയുന്നു. യാചകർ ചോദിച്ചുകഴിഞ്ഞാൽ കൊടുക്കാതെ ഇരിക്കുക ചിന്നമ്മയ്ക്കു സാദ്ധ്യമല്ല.

സഞ്ചരിച്ചു സഞ്ചരിച്ചു് ചിന്നമ്മ വയ്ക്കത്തെത്തി.

വൃശ്ചികം പിറന്നിരുന്നു. അഷ്ടമികാലം വന്നു. മാര്ഗ്ഗമദ്ധ്യേ, ചിലേടത്തിറങ്ങി ചിന്നമ്മയെ സഹായിച്ചിരുന്ന ശ്രീ എം. എൻ. നായരും അവിടെ വന്നുചേർന്നു. വയ്ക്കത്തെ അഷ്ടമികാലത്തുള്ള സന്മാര്ഗ്ഗപോഷണിമഹായോഗത്തിനു ജനതതി, വർഷകാലത്തെ നിർഝരിണികൾ ഝല്ലാഝല്ലാരവങ്ങളോടെ പാഞ്ഞൊഴുകി വരുന്നതുപോലെ വന്നുകൊണ്ടിരിക്കുന്നു. ക്ഷണപ്രകാരം സന്നിഹിതയായിരുന്ന ചിന്നമ്മയെ ശ്രീ. എം. എൻ. നായർ പ്രസംഗമണ്ഡപത്തിൽ ക്ഷണിച്ചുകൊണ്ടുവന്നിരുത്തി. അവരുടെ സമീപത്തു ഗൌരിഅമ്മയും ഉപവിഷ്ടയായി. യോഗനടപടികൾ തുടങ്ങി. അന്നത്തെ പ്രഭാഷകന്മാരിൽ പ്രമുഖനായ ശ്രീ. എം. എൻ. നായർ ജനവദനങ്ങളെ കാണാവുന്നിടത്തോളം നോക്കിനിന്ന് തന്റെ പ്രഭാഷണം ആരംഭിച്ചു. ഒന്നര മണിക്കൂറോളം നീണ്ടുനിന്ന ആ വചോവിഹാരത്തിൽനിന്നും കാതുകൾ കമ്പിളാക്കി കോരിഎടുത്തുകൊണ്ടിരുന്ന സഭ്യരിൽ, ചിന്നമ്മയുടെ സാധുസേവനം എന്നു ഒന്നല്ലാതെ വേറേ ഒന്നും പതിച്ചില്ല.

"പുരാണകാലങ്ങളിലെ ശിബിജീമൂതവാഹനാദികളുടെ ത്യാഗം നിങ്ങൾ കേട്ടിട്ടുണ്ട്. എന്നാൽ ആ ത്യാഗമല്ല ജീവിതം മുഴുവനും അർപ്പിച്ചുകൊണ്ടുള്ള ഈ അമ്മയുടെ മഹാത്യാഗം. പരന്മാർക്കുവേണ്ടി സുസുഖങ്ങളെ ത്യജിക്കുന്നതിന് ഈ അമ്മ ജീവിതം ഇഷ്ടപ്പെടുന്നു. അവസരം വന്നുപോയതുകൊണ്ട് ത്യജിച്ചേതീരൂ എന്നതല്ല ഈ പെരിയ അമ്മയിൽനിന്നും നാം പഠിക്കേണ്ടതു്..........

"നിങ്ങളുടെ ജീവിതത്തിൽ ഇന്നൊരു ഉത്സവം തന്നെ എന്നു കരുതുക. നമ്മുടെ മാതൃഭൂവിൽ, സ്ത്രീജനങ്ങളിൽ നിങ്ങൾ ഇതുപോലെ എത്രപേരെ കണ്ടിട്ടുണ്ട്? നിങ്ങൾ ഇവരുടെ ക്ലേശത്തെപ്പററി കേട്ടുവോ? അറിഞ്ഞുവോ? നിങ്ങൾ പരിപൂതയായ ഈ അമ്മയുടെ അന്യനവേണ്ടിയുള്ള നിരന്തരക്ലേശത്തെ ലഘൂകരിപ്പാൻ എന്തു ചെയ്തിട്ടുണ്ട്?" ഇപ്രകാരം എം. എൻ. നായർ സഭാവാസികളോടു ചോദിച്ച ചോദ്യങ്ങൾ അവരെ വികാരതരളിതരാക്കിത്തീർത്തു. തടത്തിൽതന്നെ, യഥാശക്തി ഓരോ തുക മന്ദിരാംബയ്ക്കു സംഭാവിക്കുവാൻ ജനങ്ങൾ തിരക്കി എഴുന്നേററു.

അഷ്ടമി തീന്നു. തെക്കോട്ടു പോകുന്നവരിൽ ചിലർ അപ്പോൾതന്നെ എം. എൻ നായർ ആവേശപൂർവ്വം പുകഴ്ത്തിയ മഹിളാമന്ദിരം കാണ്മാൻ ഉന്നിത്തിരിച്ചു. ചിന്നമ്മ വയ്ക്കത്തുനിന്നും യാത്ര തുടന്നു.

"വീട്ടുകളിൽ വളരുന്ന കുട്ടികൾ അനാഥരാണു്. എന്തെന്നാൽ അവരെ എങ്ങനെ വളത്തിയാലും ചോദിപ്പാൻ ആരും ഇല്ല. മറിച്ച് മന്ദിരത്തിലെ കുട്ടികളെപ്പററി വിമർശിപ്പാൻ ആളുകൾ ഉണ്ടു്. ഞാൻ ഇല്ലാത്തപ്പോൾ, ഞാൻ അവിടെ ഉള്ളതുപോലെതന്നെ മന്ദിരകാര്യങ്ങൾ വീഴ്ചകൂടാതെ നടത്തിക്കൊള്ളേണം." ഇപ്രകാരം ഉപദേശിക്കുന്ന കഥാനായികയ്ക്കു്, എവിടുന്നെല്ലാം സന്ദർശകർ എപ്പോഴെല്ലാം വന്നാലും പശ്ചാൽപീഡയ്ക്കു വഴിയില്ലല്ലോ. ഭരമേല്പിക്കപ്പെട്ടിട്ടുള്ളവർ അതിനു് വിപരീതം ചെയ്കയില്ല എന്നാണു് ചിന്നമ്മയുടെ വിശ്വാസം.

ഒരിക്കൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന മന്ദിരാം ബസ്സും മന്ദിരത്തിലെ ഒരു ബാലിക വെളിയിലാരെക്കോ എഴുതിയ ഒരു കത്ത് എങ്ങിനെയോ വന്നുകിട്ടി. അതിനു അവർ കൊടുത്ത ഉപദേശരൂപേണയുള്ള മറുപടി അടിയിൽ വരുന്നു. സഹസ്രക്കണക്കിനു കത്തുകൾ എഴുതി മന്ദിരവാസിനികളെ (വെളിയിൽ സഞ്ചരിക്കുമ്പോൾ) 'ആത്മബോധം വരുത്തുവാൻ ചിന്നമ്മ യത്നിച്ചിട്ടുണ്ട്'. "പ്രിയപ്പെട്ട കുഞ്ഞുങ്ങളെ അമ്മയെ നിങ്ങൾക്കെന്നും ഒളിക്കാമെന്നു തോന്നുന്ന അവസരത്തിലെല്ലാം ഒന്നു ഓർത്തുകൊൾവിൻ. നിങ്ങളിലും അമ്മയിലും നിവസിക്കുന്ന ഭഗവാൻ സർവാന്തര്യാമിയും സർവ്വസാക്ഷിയുമാണെന്നുള്ളതു തന്നെ. ഭഗവാൻ നിങ്ങളെ സകരുണം സൂക്ഷിക്കുന്നു. സ്നേഹിക്കുന്നു. നിങ്ങൾ എത്രപേർ ഭഗവാനെ സ്നേഹിക്കുന്നു? എന്ന് പരിശോധിക്കുക. ദിവസേന നിങ്ങളിൽ ഓരോരുത്തരുടേയും ജോലിവിവരം സമയ വിനിയോഗം മുതലായവയടങ്ങിയ ഒരു ഡയറി എഴുതാനറിയാവുന്നവരെല്ലാം എഴുതി സൂക്ഷിക്കണം. അതിൽനിന്നും നിങ്ങളിൽ ഉണ്ടാകുന്ന അഭിവൃദ്ധി എത്രയെന്നു കൂടെക്കൂടെ പരിശോധിക്കുക. നിങ്ങൾ എല്ലാപേരും വലിയവരാകുവിൻ. അതിന്റെ അർത്ഥം വല്ലവരും തരുന്നതിനെ തിന്നുതടിക്കുവിൻ എന്നല്ല. ജീവിതവിജയലബ്ധിക്കായി സ്വാതന്ത്ര്യശക്തിയുള്ളവരാകാൻ ശ്രമിക്കുവിൻ. "വിതയ്ക്കുന്നതേ ആർക്കും കൊയ്യുവാൻ കഴിയൂ" എന്നുള്ള തത്വം നിങ്ങളുടെ സ്മരണാപഥത്തിൽനിന്നും മായാതിരിക്കട്ടെ."

അനാഥർ എല്ലാം വലിയവരായിക്കാണണം എന്ന ഒററ വിപ്ലവകരമായ ആശയമാണു നമ്മുടെ കഥാനായി

കയെ ഇത്രത്തോളം ത്യജിക്കുവാനും, ഇത്രത്തോളം സഹിക്കുവാനും പ്രേരിപ്പിച്ചിട്ടുള്ളതു്. പ്രകൃതവശാൽ ത്യാഗത്തെപ്പററി ഒരു ഉദ്ധരണത്തിലേയ്ക്കു വായനക്കാരെ ക്ഷണിക്കുന്നു. *

“മനുഷ്യനെ ഉയർത്തുവാൻ സാധിച്ചിട്ടുള്ള രണ്ടാമത്തെ (ഒന്നാമത്തേതു സമസൃഷ്ടിസ്നേഹം) കണ്ടുപിടിത്തമാണു ത്യാഗം. ത്യാഗം എന്നതു നമുക്കു വളരെ പുരാതനകാലങ്ങൾ മുതൽ പരിചയമാണു്. നേതാവിനോടോ, ഭർത്താവിനോടോ, ഒരുമിച്ചു ഉടൻ കട്ടകയറുക, യജമാനനുവേണ്ടി പ്രാണൻകളയുക മുതലായവ സകല സാഹിത്യങ്ങളിലും പ്രസിദ്ധങ്ങളാണു്. അവ, വായിച്ചു നാം രോമാഞ്ചം കൊള്ളാറുമുണ്ടു്. എന്നാൽ, ഇവയൊക്കെ ത്യാഗാഭാസങ്ങൾ മാത്രമാണു്. ബുദ്ധിക്കും മനസ്സിനും, ആത്മാവിനും വേണ്ട വളർച്ച സിദ്ധിച്ച ഒരു മനുഷ്യന്റെ ത്യാഗമല്ല, അടിമത്യാഗമാണു്. ഭർത്താവിലും നേതാവിലും, യജമാനനിലുമുള്ള കേവലം സ്വാർത്ഥപരമായ മനുഷ്യനെന്ന നില ബോധിക്കാതെ മിഥ്യാകൃതമായ ഈശ്വരബുദ്ധി ആരോപിച്ചുകൊണ്ടുള്ളതാണു് ഈവക ത്യാഗം. അടിമകൾക്കു മാത്രമേ അതു സാദ്ധ്യമാകയുള്ളൂ. അടിമയിൽ നിന്നുമുയർന്ന മനുഷ്യന്റെ ത്യാഗമാണു് നമുക്കിവിടെ വിഷയം. നാം മേല്പ്പറഞ്ഞ കഥകൾ വായിച്ചു രസിക്കുന്നതു തൽക്കാലം കവിസങ്കേതങ്ങളിൽ ഉൾപ്പെട്ടുനിന്നിട്ടും, നമ്മുടെ ദുർവ്വാസനകളാൽ യഥാർത്ഥം ലഭിക്കായ്കകൊണ്ടോ മാത്രമാണു്. യഥാർത്ഥ

* “വി. കൃഷ്ണൻതമ്പി”യിൽ നിന്നു്.

ത്യാഗം നാം കണ്ടുവരാറുള്ളതു് അധികവും എളിയവരെ ഉദ്ദേശിച്ചാണു്. ഒരു മാതാവു് അധികം ശുശ്രൂഷ ചെയ്യുന്നതു് ദുർഭഗനോ ദുർബ്ബുദ്ധിയോ ആയ പുത്രനെ ആണു്. ഒരു ധാത്രി (Nurse) ഉറക്കമിളച്ചു ക്ലേശിക്കുന്നതു ദൃഢഗാത്രന്മാർക്കു വേണ്ടിയല്ല, ചോദ്യപ്പെടാവുന്ന രീതിയിൽ ശരീരം മുഴുവൻ വ്രണിതനായവനു വേണ്ടിയാണു്. അദ്ധ്യാപകൻെറ സകല ക്ലേശങ്ങളും, സമർത്ഥന്മാരായ വിദ്യാർത്ഥികൾക്കുവേണ്ടിയല്ല; അവർ അയാളെ കൂടാതെ തന്നെ മുന്നോട്ടു വന്നുകൊള്ളും; ക്ലാസ്സിലെ ബുദ്ധിഹീനന്മാർക്കു വേണ്ടിയാണു്. പൊതുജനോപകാരികൾ അധികം ധനവ്യയം ചെയ്യുന്നതു് സമാധാനമായി ജീവിക്കുന്ന പൗരനുവേണ്ടിയല്ല; കൊള്ളക്കാർക്കും കുടിയന്മാർക്കും, കച്ചവടക്കാർക്കും വേണ്ടിയാണു്. പൊതുജനപ്രവർത്തകന്മാർ വളരെ ക്ലേശിക്കുന്നതു അജ്ഞതയിലാണ്ടു് അധഃപതിച്ചു സമുദായങ്ങൾക്കുവേണ്ടിയാണു്. ഇങ്ങനെ ത്യാഗമനുഷ്ഠിച്ചുകാണുന്നതു് സർവ്വത്ര അനർഹങ്ങളെന്നു നാം ഗണിക്കാവുന്ന പാത്രങ്ങളിലാണു്. മനസ്സിനോ, ബുദ്ധിക്കോ, ശരീരത്തിനോ രോഗം ബാധിച്ചു പലർക്കും വെറുപ്പിനു പാത്രീഭവിച്ചിട്ടുള്ളവർക്കുവേണ്ടിയാണു് യഥാർത്ഥത്യാഗം ആവശ്യപ്പെടുന്നതു്."

"......പലർക്കും വെറുപ്പിനു പാത്രീഭവിച്ചിട്ടുള്ളവർക്കുവേണ്ടിയാണു് യഥാർത്ഥത്യാഗം ആവശ്യപ്പെടുന്നതു്" എന്ന തത്വത്തിനു ശരിയായ പിൻബലമത്രേ നമ്മുടെ കഥാനായിക. അതിനു് അവർക്കു സഹിക്കേണ്ടിവന്ന അപമാനത്തിൻെറ പിൻതാങ്ങലോടുകൂടി, അഭ്യസ്തവിദ്യകളായ സ്ത്രീകൾതന്നെ അവർക്കെതിരായ ഒരു പ്രബ

ണൊപ്രസ്ഥാനത്തിൽ ദത്തശ്രദ്ധരായിരുന്ന പിൽക്കാല ത്തൊമിക്കൽ ശ്രീ. ജി. ആർ. തങ്കമ്മയും എഴുതിയ ഒരു കത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:—"സമുദായസേവനത്തെ ആദർശമാക്കുന്നപക്ഷം അപമാനം സഹിക്കുവാനുള്ള മനഃശക്തിപരിശീലനംകൂടി ശീലിക്കേണ്ടതാകുന്നു. യഥാർത്ഥത്തിൽ ഈ മഹാഭാഗ്യത്തിന് ഇടവന്നിട്ടുള്ള മഹാത്മാക്കളെല്ലാം എന്നും അപമാനിക്കപ്പെടുകയാണു് ചെയ്തിട്ടുള്ളതു്. ക്രിസ്തുവിന് എന്തായി അനുഭവം? അവരെല്ലാം സ്വത്വം സന്ത്യാഗം ചെയ്‌വാൻ സന്നദ്ധരായതിനാലാണു് ഇന്നു് ആരാധ്യരായി തീർന്നിട്ടുള്ളതു്. ഈ കൃത്യനിർവ്വഹണത്തിൽ സ്തോത്രപ്രിയർക്കും സുഖികൾക്കും സ്ഥാനമില്ല. എനിക്കു സുഖമില്ലാത്തതിനാൽ തൽക്കാലം വിരമിക്കുന്നു."

മഹാത്മാക്കളുടെ ചരിതങ്ങൾ ഓർത്തോർത്തു് ആശ്വസിച്ചടങ്ങുകയല്ലാതെ, അപമാനംപറ്റി, തന്റെ ആദർശത്തെ വലിച്ചെറിഞ്ഞിട്ടു പോകുന്നതു കാണുവാനായി, യത്നിക്കുന്നവരോടു ഏകയായ ഈ അഗതിവനിതാമാതാവു എന്താണു ചെയ്യുക? "ഏതു അവസ്ഥാന്തരങ്ങളേയും സന്തോഷസംതൃപ്തികളോടുകൂടി സഹിക്കുന്നതാണു് ഉത്തമമായ മതവിശ്വാസലക്ഷണം" എന്നു കഴങ്ങിയ അവസ്ഥകൾ തരണം ചെയ്യുന്നതിനായി, ഒരു മതാചാര്യയെപ്പോലെ നിർദ്ദേശിച്ചെഴുതുന്ന കഥാനായിക എത്ര ആയിരം മടങ്ങുകൂട്ടിയാണു് അതു സ്വാനുഭവത്തിൽ കൊണ്ടുവന്നിട്ടുള്ളതെന്നു പറയേണ്ടതില്ലല്ലോ.

വഴിനടന്നു ക്ഷമയുള്ളവർ "ഇനി നടക്കാൻ വയ്യ" എന്നു പറഞ്ഞു വല്ലായ്മ കാണിയ്ക്കുമ്പോഴൊക്കെയും,

അവരെ ശിശിരീകരിക്കുന്ന തന്റെ പുഞ്ചിരിയോടുകൂടി യുള്ള സംഭാഷണംമൂലം ക്ഷീണമാററി "ഈ വീട്ടിൽ പോയാൽ ഒന്നും കിട്ടുന്ന കോളില്ല" എന്നു പറഞ്ഞു തന്നെ ആരുതന്നെ നിരുത്സാഹപ്പെടുത്തിയാലും 'ഒന്നു പോകുക തന്നെ' എന്ന ശുഭാപ്തിദീക്ഷയോടെ അവിടവും സന്ദർശിച്ചു്, കിട്ടിയാലും ഇല്ലെങ്കിലും അന്തരിക്ഷത്തിനു ചൈതന്യവും പാവനതയും സംജാതമാക്കിക്കൊണ്ടു്, തിരുവനന്തപുരത്തിനു വടക്കുള്ള മിക്കതാലൂക്കുകളിലും കാൽനടയായി സഞ്ചരിച്ചു്, തന്റെ പുതിയ ഹിന്ദുകുടുംബ നിർമ്മിതിക്കു ധനം യാചിച്ചു് ഒരു കൊല്ലക്കാലം ക്ലേശത്തിന്മേൽ ക്ലേശങ്ങളോടെ യത്നിച്ചിട്ടും, ആ ശ്രമം കൊണ്ടു മാത്രം പണി മുഴുവനായ മഹിളാമന്ദിരം കാണുവാനായി കൊണ്ടു കഴിയാതെ, പിന്നെയും തീവ്രമായ യത്നം അവശേഷിക്കുന്നതായി കണ്ടുകൊണ്ടു് തൊണ്ണൂറേറഴ കർക്കടകത്തോടുകൂടി കഥാനായിക തിരുവനന്തപുരത്തേയ്ക്കു മടങ്ങി.

# അദ്ധ്യായം ൯

## പുതിയ ഹിന്ദുകുടുംബം

## (തുടർച്ച)

"എനിക്കു തീരെ സുഖമില്ല. കാലിലെങ്ങും നീരുണ്ടു്. കഷായം കുടിക്കുന്നു. കേവലം അനാഥത്വം ഇപ്പോൾ എനിക്കായി. മന്ദിരകാര്യങ്ങൾക്കു പണം വേണ്ടയോ? പണത്തിനു ഞാൻതന്നെ പോകയും വേണം. അതെങ്ങിനെ ഇപ്പോൾ സാധിക്കും?.......എങ്കിലും ക്രരയുടെ (പ്രധാന കെട്ടിടങ്ങളുടെ) സകലപണികളും തീൎന്നു. മിസ്സിസ്സ്. സരോജിനി ദേവിയെ കാണാൻ സാധിച്ചില്ല. മിസ്സിസ്സ്. ബസന്റ് മന്ദിരം സന്ദർശിച്ചു. വളരെ സന്തോഷിച്ചു. എന്നെ കൈ നീട്ടി അനുഗ്രഹിച്ചു" ഇങ്ങനെയാണു് തൊണ്ണൂററെട്ടു തുലാമാസത്തിൽ തന്റേയും മന്ദിരത്തിന്റേയും സ്ഥിതികളെപ്പററി ചിന്നമ്മ ശ്രീ. തീൎത്ഥപാദനു് എഴുതിയിരിക്കുന്നതു്. ശരീരത്തിന്റെ അസ്വാസ്ഥ്യവും പണത്തിന്റെ അത്യാവശ്യവും തങ്ങളിൽ മത്സരിക്കുന്ന—മസ്തിഷ്കം ചുട്ടുവിപ്പിക്കുന്ന ഒരു ഘട്ടമാണു് ഇപ്പോൾ നമ്മുടെ കഥാനായികയുടേതു്. അക്കാലത്തു ചിന്നമ്മയുടെ ഭവനത്തിലെ സ്ഥിതി എന്തായിരുന്നു എന്നു നെയ്യാററിൻകരത്തെ വക്കീൽ ജി. രാഘവൻ പിള്ള പറയുന്നതു നോക്കുക:

"മഹതിയായ ചിന്നമ്മയുടെ ഭവനത്തിൽ ഞാൻ തിരുവനന്തപുരത്തു ലാകാളേജിൽ പഠിക്കുമ്പോൾ അവരുടെ ഒടുവിലത്തെ മകനു് ട്യൂഷൻ കൊടുക്കുവാൻ നിയു

കനായി. ഒരു പത്തു മാസക്കാലം ഞാൻ കുട്ടിയെ പഠിപ്പിച്ചുകൊണ്ടിരുന്നു. എനിക്കു അവരോടുള്ള ബഹുമാനങ്ങളെല്ലാമുംതന്നെ എന്നോടും അവൎക്കു സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നു. അവരുടെ തണുപ്പിക്കുന്ന പെരുമാററവും വാക്കുകളും മാസംപ്രതി ഫീസ്സ് ചോദിക്കുവാൻ എന്നെ അനുവദിച്ചിരുന്നില്ല. അവർ അതിനെപ്പററി ഇതുവരെ ഒന്നും പറഞ്ഞതും ഇല്ല. ഒടുവിൽ എനിക്കു പരീക്ഷ അടുക്കാറായപ്പോൾ, കുറച്ചുനാളത്തേയ്ക്കു അസൗകര്യമായിരുന്നതുകൊണ്ടു് ഞാൻ തൽക്കാലത്തേയ്ക്കു വിട ചോദിച്ചു — സന്തോഷപൂൎവ്വം അവർ അനുമതി തന്നു. പിന്നെ കുറേനാൾ കഴിഞ്ഞു് ഞാൻ കരമന താമസിക്കവേ എന്റെ ഭവനത്തിന്റെ വാതുക്കൽ ഒരു വണ്ടിയിൽ ചിന്നമ്മ വന്നു് എനിക്കു് ആളയച്ചു. ഞാൻ നടയിൽ ചെന്നു. എന്റെ നേൎക്കു് ഒരു പൊതി നീട്ടിക്കൊണ്ടു് "ദയവായി ഇതു വാങ്ങുമോ?" എന്നു് എന്നോടു് അൎത്ഥിച്ചു. എനിക്കു മനസ്സിലായി. അതു് എനിക്കു ഫീസ്സ് വകയിൽ വരേണ്ട തുകയാണെന്നു്. ഞാൻ യാചിച്ചു: ഞാൻ കണ്ടിട്ടുണ്ടു്, അവിടുന്നു മന്ദിരത്തിനുവേണ്ടി, സ്വന്തം വീട്ടാവശ്യത്തിനായുള്ള സാധനങ്ങൾ എടുത്തു് ഉപയോഗിച്ചിട്ടു്, പിന്നീടു് വീട്ടാവശ്യങ്ങൾക്കു് മുട്ടു വരുമ്പോൾ സസന്തോഷം സഹിക്കുന്നതു്. മണിക്കൂൎതോറും അന്യനുവേണ്ടി ക്ലേശിക്കുന്ന നിങ്ങൾ ദയവായി എന്നെ ഈ തുക വാങ്ങുവാൻ നിൎബന്ധിക്കരുതേ.

"എന്റെ ജോലിയുടെ കൂലി ഞാൻ വാങ്ങണമെന്നു്" അവർ നിൎബന്ധിച്ചു എങ്കിലും, എന്റെ അഭ്യൎത്ഥനയെ അവർ ഒടുവിൽ കൈക്കൊണ്ടു. എനിക്കു

മാപ്പുതന്നു. പിന്നീട് എവിടെവച്ചു് എന്നെ കാണുക യാണെങ്കിലും, അവിടെനിന്ന് എന്നോട്ട് കുശലപ്രശ്നം ചെയ്തിട്ടേ അവർ പോകുകയുണ്ടായിരുന്നുള്ളൂ."

അവധി തീന്നു; ചിന്നമ്മ ജോലിയിൽ പ്രവേശിച്ചു. ആയാണ്ടത്തെ (തൊണ്ണൂററെട്ട) ഓണമൊഴിവിന്നു അവർ വിശ്രമമെന്യേ ധനശേഖരണത്തിനായി വീണ്ടും പോകയും, യാത്ര അവസാനിച്ചു് മടങ്ങുംമുമ്പ് ഗുരുവായൂർചെന്നു ദർശനം കഴിക്കുക എന്ന അഭീഷ്ടം നേടുകയും ചെയ്തു.

തന്റെ വിശ്രമം ഇല്ലാത്തവേലയും, രോഗഗ്രസ്തമായ ശരീരവും, സഹിക്കേണ്ടിവരുന്ന അപവാദവും നമ്മുടെ കഥാനായികയെ ഒന്നിലും ഭയപ്പെടുത്തുന്നില്ല. അധികം വിഷമിക്കുമ്പോഴും, അവർ അധികം സ്വാതന്ത്ര്യം അറിയുന്നു. ജയിക്കുന്നതുവരെ പ്രവൃത്തി ശരിപ്പെടുത്തുവാൻ യത്നിക്കുന്നു: ഒരററത്തു കടമുണ്ടു്; ഒരററത്തു വിഷമങ്ങളുണ്ടു്, എല്ലാ അററങ്ങളിലും പുരോഗമനേച്ഛ ഉണ്ടു്; ഈ ക്രമത്തിൽ,ഇതിനിടെ "പണിതീന്നിടത്തോളം മതി. തീരാത്തതു താമസമാക്കിക്കൊണ്ടു് മുഴുവിപ്പിച്ചുകൊള്ളാം" എന്ന മന്ദിരംപണിയെ സംബന്ധിച്ചു് കഥാനായികരിൽഹംവയ്ക്കുവാൻ തുടങ്ങി. അങ്ങനെ തൊണ്ണൂററെട്ട വൃശ്ചികമാസത്തിലെ ഏകാദശി ദിവസം അനാഥക്കായുള്ള പുതിയ ഹിന്ദുകുടുംബത്തിലേയ്ക്കു്, കേരളത്തിലെ (ഭാരതത്തിലെ) അഗതിവനിതാമാതാവു തന്റെ അനാഥരോടുകൂടിഗൃഹപ്രവേശം നടത്തി. ആ ഏകാദശി ദിവസം, ഇഷ്ടദൈവമായ (മന്ദിരത്തിലെ) ശ്രീകൃഷ്ണപരമാത്മാവിനെ ഭജനകൊണ്ടും പ്രാർത്ഥനകൊണ്ടും ആരാധിച്ചതോടുകൂടി അവിടത്തെ അധിനിവേശം സ്ഥിരീ

കരിക്കപ്പെട്ടു. പ്രാക്കളും പരമേശ്വരൻപിള്ളയുടെ കണക്കായുള്ള അന്നത്തെ ഗോതമ്പുകഞ്ഞിയായിരുന്നു അവിടെ പചിച്ച പ്രഥമഭക്ഷ്യം.

അന്നു് മന്ദിരമുററത്തു് ആയിരത്തിൽപ്പരം രൂപാ ചെലവുചെയ്തു മിസ്സിസ്. പി. രാമൻതമ്പി കഴിപ്പിച്ച കിണററിൽനിന്നും ആദ്യമായി വെള്ളംകോരാൻ തുടങ്ങിയപ്പോൾ ചിന്നമ്മ പറഞ്ഞു:

"എനിക്കൊന്നു വിട്ടുപോയി, ഈ കിണററിന്റെ ഭിത്തിയിൽ മിസ്സിസ് തമ്പിയുടെ മഹാമനസ്കതയെ രേഖപ്പെടുത്തുവാൻ." "അല്ല" എന്നു തുടങ്ങിയിട്ടു് മിസ്സിസ് തമ്പി പറഞ്ഞു: "എന്തു്? എന്നെപ്പററിയോ? അതിനു അവകാശിനി നിങ്ങളല്ലാതെ മററാരാണു്? ഇവക്കുവേണ്ടി (മന്ദിരവാസികൾക്കു) നിങ്ങളല്ലേ നിമിഷംതോറും ക്ലേശിച്ചുള്ള ഈ ധർമ്മസ്ഥാപനത്തിനു ജീവിതം സമർപ്പിച്ചിരിക്കുന്നതു്! നിങ്ങളുടെ ശ്രമംകൊണ്ടല്ലെങ്കിൽ ഞങ്ങളാരും ഇവിടെ വന്നുഎന്നോ, നോക്കിയെന്നോ വരികയില്ല. ഇവിടെ ഓരോന്നിലും നിങ്ങളുടെ പേർ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും, അതല്ലാതെ കാണ്മാനില്ല. ആരെ ബോദ്ധ്യപ്പെടുത്താനാണു് നിങ്ങൾ ക്ലേശിക്കുന്നതു്? ഞാൻ കുട്ടികൾക്കു വെള്ളംകോരി കുടിക്കുവാൻ ഒരു കിണറു കഴിപ്പിച്ചതു നിങ്ങളോടുള്ള സഹതാപചിഹ്നമായിട്ടുമാത്രം കരുതിക്കൊള്ളുക. ഈ മഹാകുടുംബം ഉണ്ടാക്കിയ നിങ്ങളുടെ പേരല്ലാതെ എന്റെ പേരു കൊത്തിവച്ചു് അതു് എന്നും എന്റെ അല്പബുദ്ധിയെ വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുകയോ?"

ത്യാഗവും സേവനവും മുദ്രാവാക്യമായി സ്വീകരിച്ചിരിക്കുന്ന കഥാനായികയുടെ പുതിയ ഹിന്ദുഭവനത്തിൽ അനാഥർ മാത്രമല്ല സനാഥരും താമസിച്ചു പഠിക്കുവാൻ എത്തിയിട്ടുണ്ടു്.

പരിഷ്കൃതമായ ഗുരുകുലമാതൃകയാണ് മഹിളാമന്ദിരം എന്നു പറഞ്ഞിട്ടുണ്ടല്ലോ. വിദ്യാഭ്യാസം, (ഇംഗ്ലീഷുൾപ്പെടെ) ആതുരസേവനപാഠങ്ങൾ, മതബോധം എന്നിവയ്ക്കു അവിടെ പ്രാധാന്യം കല്പിക്കപ്പെട്ടിട്ടുണ്ടു. എന്നാൽ, എല്ലാററിനേയും അതിക്രമിച്ചുള്ള അവിടത്തെ വൈശിഷ്ട്യം സുദുർലഭയായ മന്ദിരമാതാവിന്റെ നേതൃത്വവും സാമീപ്യവുമാകുന്നു. അവിടെയാണ് ചിന്നമ്മയെ നിരാശ ബാധിച്ചിട്ടുണ്ടെങ്കിൽ ഉള്ളതും. ഉദ്യോഗം, മന്ദിരത്തിനുവേണ്ടിയുള്ള ധനാർജ്ജനം ഇവ കഴിച്ച് മന്ദിരത്തിൽ താമസിച്ച് യഥേഷ്ടം മന്ദിരവാസികളുടെ ശിക്ഷണത്തിനായി സമയം ചെലവിടുവാൻ സാധിക്കാതെപോകുന്നതിൽ — ഇതാണ് നമ്മുടെ കഥാനായികയുടെ തോൽവി. മനുഷ്യസേവനത്തിനായി കുറേപ്പേര് ഒരു നിശ്ചിതകാലഘട്ടത്തിനുള്ളിൽ തനിക്കു കിട്ടുമെന്ന് ആശിച്ചിരുന്ന ചിന്നമ്മയ്ക്കു്, ത്യാഗസ്വഭാവമുള്ള ഒരൊററ സഹായിനിയെക്കൂടി കിട്ടിയില്ലെന്നെങ്കിൽ, വിശ്വോത്തരമായ ആ സേവനോദ്ദേശ്യം സാധിച്ചുകൂടുമായിരുന്നു എന്നു സ്പഷ്ടമാണല്ലോ. സ്വകീയമായ വ്യക്തിത്വത്തെ ആശ്രയിച്ചുമാത്രമാണ് മന്ദിരമാകുന്ന ആദർശം നിൽക്കുന്നതെന്നു മനസ്സിലാക്കിയ കഥാനായികയ്ക്കു്, തന്റെ ആദർശത്തെ സ്ഥിരമായി ജനമാനസത്തിൽ പരത്തിക്കൊണ്ടി

രിപ്പാൻവേണ്ടി സ്ഥാപനത്തെ ഉറപ്പിക്കുന്നതുവരെയുള്ള ശ്രമംകൊണ്ടു് ജീവിതം ചെലവിട്ടു തീർക്കേണ്ടതായിട്ടാണു വന്നിട്ടുള്ളതു്.

മന്ദിരാംബ സ്ഥലത്തുള്ളപ്പോൾ ഓരോ കാര്യ്യവും അവഗാഢം ശ്രദ്ധിച്ചുകൊണ്ടും ഉപദേശിച്ചുകൊണ്ടും ചെയ്തുകൊണ്ടും ഇരിക്കുന്നു. ഏതു വിഷയത്തിൽ ഏതു കുട്ടി വാസന കാണിക്കുന്നുവോ, ആ വിഷയത്തെ പ്രത്യേകം പഠിപ്പിക്കുവാൻ മന്ദിരാംബ ഏർപ്പാടുചെയ്യുന്നു. പാട്ടിലാണു് ഒരു കുട്ടിക്കു വാസനയെന്നു കരുതുക. മന്ദിരത്തിലെ ഭാഗവതരെക്കൂടാതെ, വെളിയിൽനിന്നും ഭാഗവതരെ വരുത്തി പഠിപ്പിക്കുവാൻ അവർ ശ്രദ്ധിക്കുന്നു. കുട്ടികൾക്കു എന്തു വേണമോ അതു കൊടുക്കും. ചൊറി ചിരങ്ങു പിടിച്ചിട്ടുള്ള കൊച്ചുകുട്ടികളെ മരുന്നുവെള്ളത്തിൽ തേച്ചുകുളിപ്പിക്കും; കരയുമ്പോൾ മാറോടു ചേർത്തണച്ചുകൊണ്ടു് മേൽമുണ്ടറ്റത്തു് ചിരങ്ങിലെ നീരു ഒപ്പിയെടുക്കും; ഉറക്കും; പഠിപ്പിക്കും; പൂജമുറിയിൽ കയറിയിരുന്നു ധ്യാനനിരതയായി പൂജ കഴിക്കും; കൂട്ടമായി പ്രാർത്ഥന നടത്തിക്കും; പ്രാപ്തിയുള്ളവരെക്കൊണ്ടു വേല ചെയ്യിപ്പിക്കും; സ്വാശ്രയശീലം അവർക്കു ഉണ്ടാകുവാൻ വേണ്ടതെല്ലാം ചെയ്യും; ചെയ്യിപ്പിക്കും; അത്രമാത്രം.

ഞായറാഴ്ചതോറും വിജ്ഞന്മാരായ ആളുകളെ ക്ഷണിച്ചു വരുത്തി സന്മാർഗ്ഗബോധോദ്ദീപകങ്ങളായ പ്രഭാഷണങ്ങൾ മന്ദിരവാസിനികൾക്കുവേണ്ടി കഥാനായിക നടത്തിച്ചു വന്നിരുന്നു. മന്ദിരബാലികമാരുടെ വിജ്ഞാനം വളരുന്നതു കാണുക, മന്ദിരാംബയെ ഏറെ ആശ്വസിപ്പിക്കുന്ന ഒന്നായിരുന്നു. സമുദായ സേവനത്തിനു എന്തു

മാത്രമല്ല, ഗൃഹജീവിതത്തിനും ഉത്കൃഷ്ടമായ ജ്ഞാനം
സ്ത്രീകൾക്കുണ്ടായിരിക്കണമെന്നു എപ്പോഴും സ്ഥാപി
ക്കുന്ന കഥാനായികയുടെ യത്നങ്ങൾ ബഹുമുഖങ്ങളാണു്.
സത്സംസർഗ്ഗം അന്തരീക്ഷത്തിനു തന്നെയും പവിത്രത
വരുത്തുന്നതാണെന്നു മന്ദിരാംബയ്ക്കു അറിയാം: സുശീലാ
യോഗിനി എന്ന ഉത്തരേന്ത്യൻ മഹിളയെ അവർക്കു വേ
ണ്ടുന്ന പൂജയ്ക്കും ഹോമത്തിനും ഉള്ള കോപ്പുകൾ എല്ലാം
കൊടുത്തും തന്റെ സ്വദസ്സ്ഥങ്ങളായ വിഷമസന്ധി
കളിലും ചിന്നമ്മ മന്ദിരത്തിൽ താമസിപ്പിച്ചിരുന്നു.
സന്യാസിമാരെ ഭിക്ഷയ്ക്കായി മന്ദിരത്തിൽ ക്ഷണിച്ചുവരു
ത്തുകയും, അവരെക്കൊണ്ടു പ്രസംഗങ്ങൾ നടത്തുകയും
ചെയ്യുന്നതിൽ ചിന്നമ്മ ഉത്സുകയാണു്.

ഒരിക്കൽ മന്ദിരം സന്ദർശിക്കാൻ വന്ന ശ്രദ്ധാനന്ദൻ
(സന്യാസി) മന്ദിരബാലികമാർ പ്രാർത്ഥനാമണ്ഡപത്തിൽ
കൂടിനിന്നു പ്രാർത്ഥിക്കുന്നതും, ഗായത്രിമന്ത്രം ഉരുക്കഴിക്കു
ന്നതും കണ്ടു അടക്കാൻ വയ്യാത്ത ആനന്ദം ഉള്ളവനായിട്ടു അ
ദ്ദേഹം പറഞ്ഞു: "മിസ്സിസ്. ചിന്നമ്മ ചെയ്തുകൊണ്ടിരിക്കു
ന്നതു മഹത്തരമായ കർമ്മം തന്നെയാണു്" എന്നു തുടങ്ങി
യിട്ടു് "ഇതു തിരുവനന്തപുരത്തെ ഏകസ്ഥാപനം ആയി
രുന്നിട്ടും, മതിയാകുന്നിടത്തോളം സഹായം ഹൈന്ദവ
മാന്യന്മാർ നൽകുന്നില്ലാ" എന്നുള്ളതിൽ അദ്ദേഹത്തിനു
ക്ലേശിക്കാതിരിപ്പാൻ കഴിഞ്ഞില്ല. "ശരിയായ സഹായം
ലഭിക്കുന്നുവെങ്കിൽ രാജ്യത്തിന്റെ നന്മയ്ക്കായി മിസ്സിസ്
ചിന്നമ്മ സ്ഥാപനത്തെ അഭിവൃദ്ധിപ്പെടുത്തുമെന്നുള്ള
തിൽ" അദ്ദേഹത്തിനു ഉറപ്പുണ്ടാവുകയും ചെയ്തു. (ഭാര
തീയരും പാശ്ചാത്യരും ആയ പല സന്ദർശകരും ചിന്ന

മ്മയുടെ സ്വഭാവത്തിനു മതിയാകുന്നിടത്തോളം ധന സഹായം കിട്ടുന്നില്ലാ എന്നു കൂടെന്ന് അഭിപ്രായപ്പെട്ടു കൊണ്ടിരുന്നു) മിസ്സിസ് ബെസന്റ് രേഖപ്പെടുത്തിയിരിക്കുംപോലെ "ഐഹികവ്യാപാരങ്ങളിലെ പ്രഭാവതികളായ പ്രയത്നശാലികളായും പ്രസന്നകളായും" തീരുന്നതു കൂടാതെ, ഒരു പടികൂടി കടന്നു കുറേ ഐഹികസന്യാസിനിമാരെ സമുദായസേവനത്തിനു കിട്ടുമോ എന്നു പരിശോധിക്കുവാനുംകൂടിയാണ് വിദ്യാഭ്യാസത്തിനു വേണ്ടതു, പശ്ചാത്തലം ചിന്നമ്മ സംജാതമാക്കുന്നതു്. റസ്കിൻ * പറയുംപോലെ സ്ത്രീകളെ ഗൃഹകാര്യങ്ങളിൽ മാത്രമല്ല, രാഷ്ട്രകാര്യങ്ങളിൽക്കൂടി രാജ്ഞിമാരായി—ലോക ശാന്തിയുടെ രാജകുമാരികളായി കാണണം എന്നതാണ് ചിന്നമ്മയുടെ അഭിലാഷം. അതിനു സമുദായമദ്ധ്യത്തിൽ, സ്ത്രീകൾക്കു ഐക്യബലവും ആവശ്യമാണെന്നു കഥാനായിക പല തവണ ഉദ്ഘോഷിച്ചിട്ടുണ്ട്.

(൧൦൯൭-ൽ പെരുന്നയിൽ ചിന്നമ്മ സ്ഥാപിച്ച സമാജത്തെപ്പററി മൂന്നാം അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അന്ന് ചിന്നമ്മ ചെയ്ത പ്രസംഗത്തിന്റെ പ്രധാനഭാഗം ശ്രീ. കുമാരപിള്ളയുടെ ഔദാര്യത്താൽ ലബ്ധമായിട്ടുള്ളതിൽനിന്നും കുറേ ഇവിടെ ഉദ്ധരിക്കാം.)

---

* "...............Queens you must always be; Queens to your lovers; Queens to your husbands and your sons; Queens of higher mystery to the World beyond, which bows itself, and will for ever bow, before the myrtle crown, and the Stainless Sceptre, of Womanhood"

"സ്ത്രീസമാജത്തെപ്പററി പൊതുവെയുള്ള ആക്ഷേപം എന്തെന്നാൽ സ്ത്രീകളുടെ ഇപ്പോഴത്തെ അവസ്ഥ സമാജങ്ങൾക്കു അനുവദിക്കുന്നില്ല എന്നുള്ളതാണു്. അതായതു തന്നെത്താൻ നടത്തുവാൻ സ്ത്രീകൾക്കു ശക്തിയില്ലെന്നും പുരുഷസഹായം ആവശ്യപ്പെടുന്നു എന്നും ഉള്ളതാകുന്നു.

"ഒരാന കുഴിയിൽ വീണാൽ അതിനെ നയിക്കുന്നതിനു മറെറാരാനയുടെ സഹായമല്ലെ ആവശ്യമായിരിക്കുന്നതു്. ആയതു ആ താപ്പാനയല്ലാതെ മററാക്കെങ്കിലും കഴിയുന്നതാണോ? എന്നതുപോലെതന്നെ കുറെക്കാലമായി സ്ത്രീജനങ്ങളോടു കാണിച്ചുപോരുന്ന നിർദ്ദയത്വത്താൽ ഏററവും അധോഗതിപ്രാപിച്ചിരിക്കുന്നവരായ സ്ത്രീകളെ ഉയർത്തേണ്ടതു പുരുഷന്മാരുടെ ചുമതലയാണെന്നു പ്രത്യേകം ചിന്തിക്കേണ്ടതാകുന്നു.

"ഇനി അവരെപ്പററിയുള്ള ഒരാക്ഷേപം, അവർ സ്ത്രീസമാജം സ്ഥാപിക്കുന്നതു് അതിന്റെ ഉദ്ദേശ്യസാദ്ധ്യത്തിനല്ല, അനുകരണഭ്രമമുള്ളവരായിട്ടാണു് എന്നുള്ളതാകുന്നു. അതായതു് അവരുടെ മനസ്സിന്റെ പോക്കു ബാഹ്യപരിഷ്കാരത്തിലേയ്ക്കാണു്, പ്രയോജനത്തിലേക്കല്ല എന്നാണു്. ഇതിൽ ഏറെക്കുറെ വാസ്തവമില്ലെന്നില്ല. ഇതല്ല സമാജത്തിന്റെ ഉദ്ദേശം. എന്നാൽ ഇക്കാര്യത്തിലും സ്ത്രീകൾ എന്താണു് ആലോചിക്കേണ്ടതു്. വിദ്യാഭ്യാസം കൊണ്ടും മററും പരിഷ്കാരികളെന്നു പുറമേ നടിച്ചു് നിത്യസഹവാസം ചെയ്യുന്ന പുരുഷന്മാരെ തന്നെ അനുകരണഭ്രമമുള്ളവരായിട്ടല്ലേ കാണുന്നതു്.

"ഈ നവീനകാലത്തു ഒരുവനെ സർവ്വഥാ ശ്ലാഘ്യനും യോഗ്യനും ആക്കിത്തീൎക്കുന്നതു പാശ്ചാത്യവിദ്യാഭ്യാസമാണല്ലൊ. അതുതന്നെയാണല്ലൊ ഇപ്പോൾ ഇൻഡ്യയിൽ മാതൃകാഭാഷയായി സ്വീകരിച്ചിട്ടുള്ളതും. അങ്ങിനെ ഇരിക്കെ ആ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള സഹോദരന്മാർ കുടുമയും മുറിച്ചു്, അർദ്ധക്ഷൗരവും ചെയ്യിച്ചു്, ഷർട്ടു്, കോട്ടു, ബൂട്ട്സ്, ടൈ, കാളർ ഇവയും ധരിച്ചു് പോരെങ്കിൽ മിക്കവാറും നിരീശ്വരവാദികളുമായിത്തീർന്നിരിക്കുമ്പോൾ സ്ത്രീകൾ അനുകരണഭ്രമമുള്ളവരായി കാണപ്പെട്ടാൽതന്നെയും അതു അത്ര കുററകരമാണെന്നു ഒരിക്കലും അഭിപ്രായപ്പെടാനില്ലല്ലൊ. ഏതായാലും എന്റെ മാന്യസഹോദരിമാരോടു് എനിക്കു രണ്ടു വാക്കുകൂടി പറയുവാനുണ്ടു്. പാശ്ചാത്യരുടേയോ മററു അനുകരണീയരായ ഇതര സമുദായക്കാരുടേയോ വേഷത്തേയോ, നാട്യത്തെയോ മാത്രം നിങ്ങൾ അനുകരിക്കാതിരിപ്പിൻ. കിന്തു അവരുടെ സൽപ്രവൃത്തികളേയും, ആശയവിശേഷങ്ങളേയും അനുകരിച്ചു് പ്രവൎത്തിക്കുവിൻ. പരിഷ്കൃതകളായ പാശ്ചാത്യസ്ത്രീകൾ രോഗികളെ ചികിത്സിക്കുക, വിദ്യാഭ്യാസപ്രചാരം വരുത്തുക, മതപ്രചാരം വരുത്തുന്നതിനുദ്യമിക്കു, സമുദായോന്നതിക്കായി പരിശ്രമിക്കുക, കാരാഗൃഹത്തിൽപെട്ടുഴലുന്നവരുടെ കഷ്ടതകളെ നിവാരണം ചെയ്യുക, യുദ്ധത്തിൽ മുറിവേൽക്കപ്പെടുന്ന തങ്ങളുടെ വൎഗ്ഗക്കാരെ ശുശ്രൂഷിക്കുക മുതലായി ലോകോപകാരപ്രദങ്ങളായ സൽപ്രവൃത്തികൾക്കായിട്ടാണു ഒരുങ്ങിയിട്ടുള്ളതും ഒരുങ്ങുന്നതും. ആ വക പ്രവൃത്തികളിൽ നമുക്കു് അവരെ അനുകരിക്കാം.

“ഉന്നമനമാൎഗ്ഗങ്ങളിൽ ഏററവും പ്രധാനപ്പെട്ട ഭാഗങ്ങളെ ഏറെക്കുറെ വിസ്തരിച്ചുകഴിഞ്ഞു. ചുരുക്കിപ്പറഞ്ഞാൽ വിശപ്പടക്കുവാനാഹാരവും, ഉടുക്കുന്നതിന്നു വസ്ത്രവും മാത്രം കിട്ടുന്നതുകൊണ്ടു് സ്ത്രീകളുടെ സ്ഥിതി നന്നാകുന്നതല്ലെന്നും, സ്ത്രീകൾ മനുഷ്യവൎഗ്ഗത്തിൽപ്പെട്ടവരാണെന്നും, തന്മൂലം മനുഷ്യത്വം എന്ന അവസ്ഥ അവൎക്കുമുണ്ടെന്നും, ആഹാരവിഹാരാദികളെക്കൊണ്ടുമാത്രം ആയുഷ്കാലത്തെ നയിക്ക എന്നുള്ളതല്ല ജീവിതത്തിന്റെ ഉദ്ദേശ്യമെന്നും ഈശ്വരമാഹാത്മ്യത്തെ അറിയുന്നതിന്നും പ്രകൃതിവൈചിത്ര്യത്തെ ശ്രദ്ധാപൂൎവ്വം നിരൂപണം ചെയ്തു അനുഭവിക്കുന്നതിന്നും ഗുണദോഷങ്ങളെ തിരിച്ചറിഞ്ഞു പ്രവൎത്തിക്കുന്നതിന്നും പ്രാപ്തകളാക്കിത്തീൎക്കുന്നതുതന്നെയാണു സമുദായനന്മയ്ക്കുവേണ്ടി പുരുഷന്മാർ ചെയ്യേണ്ടുന്ന ഒന്നാമത്തെ പ്രവൃത്തിയെന്നു ഓൎമ്മിപ്പിച്ചുകൊള്ളുന്നു............

“സാമുദായികങ്ങളും ഗാൎഹികങ്ങളുമായുള്ള നിയമങ്ങൾ പുരുഷന്മാരുടെ സുഖത്തിന്നായി ഉദ്ദേശിക്കപ്പെട്ടതു്.........ഭവനസുഖത്തിന്നു പ്രധാനമായിരിക്കുന്നതു് ഒരു കുടുംബത്തിലുള്ള അംഗങ്ങൾ പരസ്പരം സൗഹാൎദ്ദത്തോടും, വിശ്വാസത്തോടും പെരുമാറുക എന്നുള്ളതാണു്. .......ഇനി പറയാനുള്ളതു് സ്ത്രീകൾ തന്നെ തങ്ങളുടെ സ്ഥിതിയെ പരിഷ്കരിക്കണം എന്നുള്ളതിൽ ശ്രദ്ധാലുക്കളായിരിക്കണം എന്നുള്ളതാകുന്നു: തങ്ങളുടെ സ്ഥിതി മോശമാണെന്നു മനസ്സിലാക്കിയുംകൊണ്ടു്, ക്ഷമയോടുകൂടി സകല കഷ്ടതകളെയും സഹിച്ചുകൊള്ളാമെന്നു വിചാരിക്കുന്നതു കേവലം മൌഢ്യസൂചകമാണല്ലോ. സ്വാൎത്ഥതല്പരതയുടെ ആധിക്യംനിമിത്തം പുരുഷന്മാർ

തങ്ങളോട്ട് കാണിക്കുന്ന അനീതികളെ ഒക്കെ പൂർവ്വജന്മകൃതഫലമാണെന്നും മററും ഉറച്ച് സഹിച്ചുകൊണ്ടിരിക്കുന്നതു അശേഷം യുക്തമല്ല. തങ്ങളുടെ മനസ്സാക്ഷി അനുകൂലിക്കാത്ത വിചാരങ്ങൾ പാപവും, തദനുസരണം പ്രവർത്തിക്കുന്നതു് തങ്ങളുടെ പിൻഗാമികൾക്കു ഒരുവിധം നാശവുമാകുന്നു. സ്ത്രീകളുടെ ബുദ്ധിപൂർവ്വകമായ സഹകരണം കൂടാതെ യാതൊരു സമുദായവും പരിഷ്കാരദശയെ പ്രാപിക്കുന്നതല്ല എന്നുള്ള തത്വത്തെ വിസ്മരിച്ച് പരിഹാസംകൊണ്ടും മററും അവരുടെ നിലയെ താഴ്ത്തുന്നതിനു ശ്രമിക്കുകയാണ് പുരുഷന്മാർ ചെയ്യുന്നതെങ്കിൽ അതിനെ അശേഷം വകവയ്ക്കാതെയും സ്വധർമ്മങ്ങളെ മറന്നുപോകാതെയും ജീവിതത്തിൻെറ ഉദ്ദേശ്യസാദ്ധ്യത്തിനു ഉതകുന്നവയായ ചില നിശ്ചിതമാർഗ്ഗങ്ങളെ തെരഞ്ഞെടുത്തു് ഐക്യത്തോടുകൂടി തങ്ങളുടെ ഉന്നതിക്കായി ശ്രമിക്കേണ്ടതാകുന്നു സ്ത്രീകളുടെ ചുമതല. തങ്ങളുടെ കുററങ്ങളെ അവരവർതന്നെ മനസ്സിലാക്കി പരിഹരിക്കുന്നതല്ലയോ അത്യുത്തമമായ മാർഗ്ഗം "വിതച്ചതേ കൊയ്യൂ" എന്നുള്ളതായിരിക്കണം മനോഗതി. എന്നാൽ ഫലം നല്ലതായും അഭിനന്ദനീയമായും തന്നെ പരിണമിക്കും.

"ഏതായാലും സ്ത്രീജനങ്ങളെക്കൂടി ഉയർത്തിക്കൊണ്ടുവരുമെങ്കിൽ മാത്രമേ സമുദായം അഭിവൃദ്ധിയെ പ്രാപിക്കൂ......അവരുടെ ഉദ്യമം പുരുഷന്മാരെ അതിക്രമിക്കണമെന്നല്ലെന്നും, സ്വധർമ്മാനുഷ്ഠാനത്തിനു പകരം നിന്ദിച്ചു മനോത്സാഹപ്പെടുത്തുവാനുള്ള പുരുഷന്മാരുടെ ശ്രമം നിഷ്ഫലമാണെന്നും, ഇന്നു് അല്ലെങ്കിൽ നാളെ

"അവർ തന്നെത്താൻ അവരുടെ ഉദ്ദേശത്തെ സാധിക്കു
മെന്നും കരുതിക്കൊള്ളാവുന്നതുമാണ്. യഥാൎത്ഥമായ
ഈശ്വരഭക്തി, സ്ഥിരോത്സാഹം, ഐകമത്യം, അനസൂയ,
അധൎമ്മഭീരുത്വം മുതലായ സൽഗുണങ്ങളെ മുൻനിൎത്തി
സ്ത്രീകൾ പ്രവൃത്തിച്ചുകൊണ്ടാൽ മാത്രം മതിയാകും.
ആവകയ്ക്കു അവർ പ്രാപ്തകളായി തീരത്തക്കവണ്ണം
സർവ്വദാ ജഗദീശ്വരൻ അനുഗ്രഹിക്കുമാറാകട്ടെ."

അങ്ങനെ ഉള്ള സംഘങ്ങൾ സ്ഥാപിക്കുവാനും
വിദ്യാവിതരണം ചെയ്യുവാനും, ആ വഴി പരമോൽകൃഷ്ട
മായ മനുഷ്യസേവനത്തിനു് ഒരു വിളക്കിൽനിന്നും മററു
പല വിളക്കുകൾ കത്തിക്കുംമാതിരി നിരവധിപേരെ സ്വ
യം ത്യജിച്ചിരിക്കുവാൻ പ്രാപ്തരാക്കുവാനുമാണ്, വിദ്യാഭ്യാ
സം കൊണ്ടായാലും വ്യവസായം കൊണ്ടായാലും വ്യായാ
മം കൊണ്ടായാലും തന്റെ മന്ദിരബാലികമാരെ നമ്മുടെ
കഥാനായിക മാതൃകാപരമായ പാഠങ്ങൾ കൊടുത്തു
ഒരുക്കുവാൻ ദൂരദൃഷ്ടിയോടെ ഓരോ പദ്ധതികളും അവലം
ബിച്ചു നോക്കുന്നതു്.

പലതരം വാസനാഗതികൾ ഉള്ളവരാണല്ലോ മനു
ഷ്യർ. എന്നാൽ ശീലിപ്പിക്കാനാളില്ലാതെ അനാഥരായി
അവശരായി നടന്നിരുന്ന ചില അനാഥരുടെ വാസനാ
ഗതികൾ ഭരമേററു സംരക്ഷിക്കുവാനെടുക്കുന്നവരെ കര
യിപ്പിക്കത്തക്കവിധം ആയിരുന്നു. വളൎന്നു വരുന്ന പത്തെ
ഴുപതിൽപ്പരം മന്ദിരവാസികളെ ഭരിക്കുക മാത്രമല്ല
അവരുടെ സ്വഭാവസംസ്കരണത്തിനു പ്രത്യേകം
യഥാവസരം ശ്രദ്ധിക്കേണ്ടതു് എത്രകണ്ടു ആവശ്യമെന്നു

പറഞ്ഞറിയിക്കുക സാദ്ധ്യമല്ല. നിർദ്ദിഷ്ടമായ മന്ദിരനിയമ പടികളെ ഒന്നു രണ്ടാവൃത്തി എപ്പോഴും സദാചാരത്തിന്മേൽ ഉറച്ച സ്വഭാവദാർഢ്യത്തെപ്പററി, പാഠങ്ങൾ കൊണ്ടും പരിസരം കൊണ്ടും പരിചയംകൊണ്ടും പെരുമാററം കൊണ്ടും അനവരതം ബോധിപ്പിച്ചു കൊണ്ടിരുന്നിട്ടും ഭേദിക്കാതെ പ്രത്യേകം കഥാനായികയുംതന്നെ ഒന്നുരണ്ടുപേരെ ശാസിക്കേണ്ടതായി വന്നിട്ടുണ്ട്. കൂട്ടത്തിൽ ഒരാളെ, ഏതെങ്കിലും ദുർവ്വാസന ഉദിക്കാൻ തുടങ്ങി എന്നാൽ ആയതു് എത്രപേരെ എങ്ങിനെ എല്ലാം ബാധിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഒരു സംഗീതാദ്ധ്യാപികയെയും, ഒരു ബ്രാഹ്മണയുവതിയെയും മന്ദിരമര്യാദാലംഘനപ്പെടുത്തുവാൻ ശ്രമിച്ചതിന്, ചിന്നമ്മ നിശിതമായി ശാസിച്ചിട്ടുണ്ട്. അവർ രണ്ടാളോടും മന്ദിരാംബ പറഞ്ഞതു ഒന്നുതന്നെയായിരുന്നു "നിങ്ങൾ ദുർവ്വാസനകൾക്കടിമപ്പെട്ട എന്നു പറഞ്ഞു് ഞാൻ നിങ്ങളെ പുറത്തു മററുള്ളവരെയുംകൂടി ചീത്തയാക്കാനായി വിടുവാൻ നിശ്ചയിച്ചിട്ടില്ല. നിങ്ങൾ സഭ്യതകൾ എന്നു തികച്ചും ബോദ്ധ്യമാകുന്നതുവരെയും, ജീവിതത്തോടുള്ള ഉത്തരവാദിത്വത്തെ സ്വയം പേറുവാൻ നിങ്ങളിൽ പ്രാപ്തി കാണുന്നതുവരെയും നിങ്ങൾക്കു പരിശീലനം വേണമായിരിക്കുന്നു. അതിനു നിങ്ങളെ ദ്വേഷിക്കുവാനല്ല, സ്നേഹിക്കുവാനാണു് ഞാൻ ഇഷ്ടപ്പെടുന്നതു്. ദ്വേഷംകൊണ്ടു് ഫലമൊന്നുമില്ല"

ഇങ്ങനെ മന്ദിരാംബ പറഞ്ഞിട്ടുള്ളതു് കേട്ടിട്ടുള്ള മന്ദിരത്തിൽ അദ്ധ്യാപകനായിരുന്ന മഹോപാദ്ധ്യായ പി. കെ. നരസിംഹൻപിള്ള "വേദാന്തത്തിന്റെ പരമതത്വത്തെ ചിന്നമ്മ, ശാസനയിലും അനുഭൂ

തിയിൽ സാക്ഷാത്കരിക്കുക ആയിരുന്നു"വെന്നു പറയുന്നു. ചിന്നമ്മയുടെ ശാസനകൾ ഒരു പടത്തലവന്റെ ആജ്ഞകളെക്കാൾ ഗംഭീരതരങ്ങളായിരിക്കും.

ഒന്നിനു മര്യാദാപുരസ്സരമുള്ള പെരുമാററമാണു് പാരമ്പര്യമായി കിട്ടിയിട്ടുള്ളതെങ്കിൽ മറെറാന്നിനു വെറിപിടിച്ച ഒരു നാക്കു കുപ്രസിദ്ധി നേടിക്കൊടുത്തിരിക്കും; ഈ ക്രമത്തിലാണു് അനാഥർ മന്ദിരത്തിലേക്കു വരുന്നതു്. ഇവരെ നേരേ ആക്കുന്നതിനു്,—ജീവിതത്തിനോടു ചുമതല ഉള്ളവരാക്കിത്തീർക്കുന്നതിനു്,—സ്വാശ്രയശക്തി സമ്പാദിച്ചുകൊടുക്കുന്നതിനു് മന്ദിരാംബയ്ക്കുള്ള ചുമതല എത്രയെന്നു വായനക്കാർ സ്വയമാലോചിക്കുകയാണു് വേണ്ടതു്.

ജ്ഞാനം, സർവിധമായ മാനസിക ദുർബലതയേയും മാററിക്കൊള്ളുമെന്നു കരുതിയാണു്, കഥാനായിക അതിനുവേണ്ട സാഹചര്യങ്ങൾക്കു് അധികം സ്ഥാനം കൊടുത്തിട്ടുള്ളതു്. 'മഹിളാമന്ദിരം' എന്ന പേരിൽ ചിന്നമ്മ തുടങ്ങിയ മാസിക, സ്ഥാപനത്തിന്റെ പുറത്തും കൂടി വിജ്ഞാനം വിതരണം ചെയ്യുന്നതിലേക്കായിരുന്നു.

“മഹാജനങ്ങളെ” “കേരളീയഹിന്ദുവനിതകളുടെ സർവവിധമായ ശ്രേയോഭിവൃദ്ധിയെ കാംക്ഷിച്ചും, ഒരു യഥാർത്ഥരാജർഷിയായി വാണരുളിയിരുന്ന പുണ്യാത്മാവായ ശ്രീമൂലംതിരുനാൾ തിരുമനസ്സിലെ പാവനസ്മാരകമായും സ്ഥാപിച്ചിട്ടുള്ള 'ഹിന്ദുമഹിളാമന്ദിരം' നടത്തിത്തുടങ്ങിയിട്ടു ഇപ്പോൾ എട്ടു കൊല്ലങ്ങൾ കഴിഞ്ഞിരിക്കുന്നു ഇതിനിടയ്ക്കു അതിന്റെ ഉദ്ദിഷ്ടകാര്യങ്ങളിൽ

ഏതാനുമൊക്കെ സാധിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും സധൈൎയ്യം പ്രസ്താവിക്കാവുന്നതാണു്."

"ഇങ്ങനെ ഈ സ്ഥാപനത്തിന്റെ പ്രതിഛായ എന്ന നിലയിൽ അതിന്റെ എല്ലാ ആദർശങ്ങളോടുംകൂടി — അതേ നാമത്തിൽത്തന്നെ നാടെങ്ങും സഞ്ചരിക്കുവാനുദ്യമിക്കുന്ന ഈ മാസിക സ്ഥാപനത്തിന്റെ വിജ്ഞാനപ്രചരണകൃത്യം നിർവഹിക്കുന്നതുകൂടാതെ, അതിന്റെ ഉദ്ദേശമഹിമാവിന്നനുരൂപമായ വിധത്തിൽ, കേരളീയ ഹിന്ദുഭവനങ്ങളിൽ നിവസിക്കുന്ന സഹോദരിമാർക്കു ആദ്ധ്യാത്മികവും ലൌകികവും ആയ ജ്ഞാനാഭിവൃദ്ധി ഉണ്ടാക്കി അവൎക്കു കൎത്തവ്യോദ്ബോധനം നൽകത്തക്കവണ്ണം ധൎമ്മോപദേശം ചെയ്യുവാനും യഥാശക്തി യത്നിക്കുന്നതാണു്." മാസിക തുടങ്ങുമ്പോൾ ചിന്നമ്മ ചെയ്തിരുന്ന പ്രസ്താവന ഇങ്ങനെയായിരുന്നു.

ശ്രേഷ്ഠമായ മതബോധം തൊട്ടുതുടങ്ങി, വിവിധ വിഷയങ്ങളിൽ വ്യാപരിച്ചുകൊണ്ടിരുന്ന, മഹിളാമന്ദിരം മാസിക, കവികുലഗുരുവായ എഴുത്തച്ഛന്റെ കാവ്യവ്യവഹാരത്തിൽ, ഉത്തുംഗമായ സദാചാരതന്തു, മറെറല്ലാററിനുമുപരിയായി നിബന്ധിതമായിരിക്കുന്നതുപോലെ, വിശുദ്ധവിജ്ഞാനവിവൃതമായ സംവിധാനത്തിനു പ്രകീർത്തിതമായിരുന്നു. സർവോപരി, സന്മാർഗ്ഗബോധത്തിനു അനുയോജ്യം എന്നതായിരുന്നു അതിന്റെ പ്രത്യേകത. സേവനത്തെപ്പററിയും നിരവധി പാഠങ്ങൾ മഹിളാമന്ദിരംമാസിക കൊടുത്തുകൊണ്ടിരുന്നു. ആദ്യലക്കത്തിൽതന്നെ പ്രസിദ്ധമായ 'ബെർണാഡോ' അനാഥാലയത്തെപ്പററി അവർ എഴുതി. മന്ദിരത്തെപ്പററി

കേട്ടിട്ടു, (മാസികവഴി) നെയ്യാററിൻകരത്താലൂക്കിലുള്ള പെരുമ്പഴുതൂർ മലയാളം പള്ളിക്കൂടത്തിലെ വിദ്യാർത്ഥികൾ വരിയിട്ടെടുത്തു മന്ദിരത്തിനയച്ചു കിട്ടിയ പതിനാലു ചക്രംപോലും, "ഏററവും സാരമായ വിധത്തിൽ ഉപകരിക്കുന്നതാണു" എന്നു മഹാമനസ്കതയോടെ സ്വീകരിച്ചുകൊണ്ടു പരസ്യമായി അവരോടു കൃതജ്ഞത പറയുവാനും മഹിളാമന്ദിരം പ്രവർത്തകരും, മാസിക സഭകളും പ്രദാനം ചെന്ന ചുരുക്കത്തിൽ, മന്ദിരവും മന്ദിരാദർശവുമെന്താണെന്നു പൊതുജനങ്ങൾക്കു മാസികമൂലം പഠിക്കുവാനെടുത്തു അതിന്റെ ഉൾക്കട്ടിയും ഉള്ളടക്കവും എന്താണെന്നും എന്താവശ്യങ്ങളെന്നും പ്രഥമസമ്പുടത്തിൽ കണ്ടിരുന്ന ശ്രീ. തീർത്ഥപാദപരമഹംസരുടെ ആശംസാപദ്യത്തിൽ സൂചിപ്പിച്ചിട്ടുള്ളതിൽ നിന്നു അല്പവും വ്യത്യാസം, ഇന്നു നിൽക്കുംനാൾ വരെ കാണ്മാനില്ലായുന്നു. *

ദൂരദേശങ്ങളിൽ നിന്നും വിദ്യാഭ്യാസത്തിനായി തലസ്ഥാന നഗരിയിൽ വന്നു താമസിക്കുന്ന വിദ്യാർത്ഥിനികളുടെ താമസസൗകര്യത്തിനായി ഒരു വിദ്യാർത്ഥിസത്രവും ഇക്കാലത്തു മഠാനായിക സ്ഥാപിച്ചു.

ഒരുദിവസം സ്വാമിമഹാപ്രസാദിനെ മന്ദിരവാസികൾക്കായി ഒരു പ്രഭാഷണം നടത്തുന്നതിനു വേണ്ടി ക്ഷ

---

* "സനാതന മതോൽകൃഷ്ട
ധർമ്മകർമ്മ പ്രകാശകം
"മഹിളാമന്ദിരം" സമ്യഗ്
ഭാതു വിശ്വംഭരാശ്രയം."
ബ്രഹ്മശ്രീ തീർത്ഥപാദ പരമഹംസ സ്വാമികൾ.

ണിക്കപ്പെട്ടിരുന്നു. സ്വാമികളെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ഭിക്ഷയും അന്നു നടന്നിരുന്നു. വിദ്യാർത്ഥി സത്രത്തിലെ വിദ്യാർത്ഥിനികൾക്കും അന്നു മന്ദിരത്തിൽ വെച്ചു ഒരു വിരുന്നു ഉണ്ടായിരുന്നു. പ്രസംഗാനന്തരം ഈ സൽക്കാരങ്ങളെല്ലാം കഴിഞ്ഞു വരുമ്പോഴേക്കും നേരം സന്ധ്യകഴിഞ്ഞിരുന്നു. അതിനാൽ വിദ്യാർത്ഥി സത്രത്തിൽനിന്നും വന്നിരുന്ന വിദ്യാർത്ഥിനികൾ പൊയ്ക്കൊള്ളുവാനാവി ത്വര കൂട്ടുന്നതു ചിന്നമ്മ ശ്രദ്ധിച്ചു. ചിന്നമ്മ, മന്ദിരത്തിൽ വിശ്രമിച്ചിട്ടു അടുത്ത പ്രഭാതത്തിൽ സത്രത്തിലേയ്ക്കു പോയാൽ മതിയെന്നു ആ വിദ്യാർത്ഥിനികളോടു പറഞ്ഞു എങ്കിലും, അവരിൽ അധികംപേരും അനാഥരുടെ വാസസ്ഥലത്തു തങ്ങൾ എങ്ങനെ കഴിച്ചുകൂട്ടും എന്ന മുരടിച്ച മനസ്ഥിതിയിൽ അപ്പോൾതന്നെ പോകുവാൻ അക്ഷമരായി. മന്ദിരത്തിന്റെ ഒരു ശാഖാസ്ഥാപനമായ വിദ്യാർത്ഥി സത്രത്തിലെ താമസക്കാരുടെ, (വിദ്യാർത്ഥിനികളുടെ) മന്ദിരത്തിൽനിന്നും പൊയ്ക്കൊള്ളുവാനുള്ള അനാവശ്യ പരിഭ്രമം കഥാനായികയെ വല്ലാതെ ക്ഷോഭിപ്പിച്ചു. അവർ സ്തോഭമൂത്തു പറഞ്ഞു "ഇതിനേക്കാൾ ഞാനൊരു റൊട്ടിക്കിടങ്ങു നരത്തികളെ ഞാലെന്തു? നിങ്ങൾക്ക (ശേഷിച്ചവർക്ക) വണ്ടിയിൽ ഇടം കിട്ടാത്തതുകൊണ്ടു് നിങ്ങളുടെ മുഖങ്ങളിൽകാണുന്ന കുണ്ഠിതവും ഭീതിയും പറയാവതല്ലല്ലോ. എന്താ ഇതു കാട്ടുമൃഗങ്ങളുടെ സങ്കേതം വല്ലതുമാണോ?" "അതാണു സനാഥരായ വിദ്യാർത്ഥിനികളുടെ മനസ്ഥിതി അമ്മയ്ക്കു മനസ്സിലായതു്" എന്നു അദ്ധ്യാപിക ദേവകിഅമ്മ പറയുന്നു.

അതുപോലെതന്നെ പിന്നീടൊരിക്കൽ മന്ദിരത്തിലെ അദ്ധ്യാപകനായിരുന്ന ശാന്തിതീർത്ഥൻ പൂജപ്പുരത്താമസിച്ചിരുന്ന വൃദ്ധിക്ഷയം വന്ന ഒരു പ്രഭുവിനോടു "കുഞ്ഞുങ്ങളെ മന്ദിരത്തിലെ പള്ളിക്കൂടത്തിൽ അയയ്ക്കണം" എന്നപേക്ഷിച്ചപ്പോൾ "എന്തു പറഞ്ഞു? അനാഥപിള്ളരോടു എന്റെ കുഞ്ഞുങ്ങൾ ഒരുമിച്ചിരുന്നു പഠിക്കാൻ വരുകയോ?" എന്നു പ്രഭു ആക്രോശിച്ചുകൊണ്ടു തീർത്ഥനെ യാത്രയയച്ച ഒരു സംഭവവും കഥാനായികയെ കണക്കിലേറെ വല്ലായ്മപ്പെടുത്തിട്ടുണ്ടു്.

എന്നാൽ, മന്ദിരത്തിൽ കുട്ടികളെ പഠിക്കുവാനയക്കണം എന്നു തീർത്ഥൻ അപേക്ഷിക്കയുണ്ടായ, അതേ പ്രഭുവിന്റെ ആ മക്കൾതന്നെ ഒരിക്കൽ മന്ദിരത്തിൽ ഒരു നാടകാഭിനയം നടക്കുമ്പോൾ അനുവാദം കൂടാതെ അകത്തു കടക്കുവാൻ തള്ളിക്കയറിയതിനു് ദ്വാരപാലകന്മാർ വലിച്ചു പൊതുനിരത്തിലെറിയേണ്ടിയും വന്നിട്ടുണ്ടു്. അവർ സനാഥരുടെ പള്ളിക്കൂടത്തിൽ പോയി പഠിച്ചിട്ടുവന്ന മെച്ചം അതായിരുന്നുവത്രേ!!

"എല്ലാപേരെയും സ്നേഹിക്കുക. വിശ്വസിക്കുന്നതു കുറച്ചുപേരെ" എന്ന * ഷേക്സ്പിയരുടെ വചനത്തിനു തുല്യമായി അനുഭവങ്ങൾക്കു ശേഷം, നമ്മുടെ കഥാനായികയും പറയാനിടയായ ഒരു സംഭവം അടിയിൽ വരുന്നു.

"അമ്മേ! എന്റെ എല്ലാപ്രവൃത്തികളെയും ഗൌരി അമ്മ (മന്ദിരം മാനേജർ) പ്രത്യേകം സൂക്ഷിച്ചുകൊണ്ടിരിക്കുന്നു." എന്നു ഒരിക്കൽ മന്ദിരത്തിലെ ഒരു ഭാഗവതർ

---

* Love all, trust a few..........."
(All's well that Ends well)

മന്ദിരാംബയോട്ട ചെന്ന സങ്കടംപറഞ്ഞു. പറഞ്ഞു കൊണ്ടു നിൽക്കവെ, ഭാഗവതർ കരയുകയുംചെയ്തു. ഏതു കാറവും ചെയ്തിട്ടു (മന്ദിരവാസികൾ) ചിന്നമ്മയുടെ മുൻപിൽ ആരെങ്കിലും വന്ന കരഞ്ഞു പറയുകയാണെങ്കിൽ, ഞായം എവിടെയാണെങ്കിലും തൻെറ മുൻപിൽ വന്ന കരഞ്ഞവരോട്ട ആയിരിക്കും ചിന്നമ്മയ്ക്കു കൂടുതൽ അലിവു തോന്നുന്നതു എന്ന ഈ ഭാഗവതർ ധരിച്ചിട്ടുണ്ടു്. ആ ധാരണ വിജയിച്ചു. ഗൗരിഅമ്മയെ വിളിച്ചു് ഭാഗവതർക്കു സദസത്‌വിവേചനത്തിന പ്രാപ്തി വന്നതുകൊണ്ടു "അവരുടെ പരാതി രണ്ടാമതു കേൾക്കാൻ തരംവരാതിരിക്കട്ടെ" എന്ന വിധിക്കുകയുംചെയ്തു. ഈ പരാതി കേട്ടമാത്രയിൽ ചിന്നമ്മ "അവർ അങ്ങനെ നിങ്ങളെ സൂക്ഷിക്കുന്നതു നിങ്ങളോടുള്ള സ്നേഹം കൊണ്ടായിരിക്കാം" എന്ന പറഞ്ഞപ്പോഴാണു് ഭാഗവതർ കരഞ്ഞതു്. ദിവസം ഒട്ടു പോയി.

ഒരു ദിവസം ശ്രീ. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള ചിന്നമ്മയെക്കാണ്മാനായി മന്ദിരത്തിൽവന്നു. വളരെനേരം അന്ന ചങ്ങനാശ്ശേരിയും ചിന്നമ്മയും സംസാരിച്ചുകൊണ്ടിരുന്നു. സംഭാഷണമദ്ധ്യേ, അതുവരെ ഉടയ്ക്കു കലവറക്കാരിയുടെ ജോലികൂടി നോക്കിവന്നിരുന്ന പറയപ്പെട്ട ഭാഗവതരെ വിളിച്ചു്, "മാമ്പഴം കൊണ്ടു വന്നതിൽ കിടപ്പുണ്ടോ?" എന്ന ചിന്നമ്മ ചോദിച്ചു. സാദരം "തീർന്നുപോയി" എന്ന ഭാഗവതർ മറുപടി പറഞ്ഞിട്ടു പോകയുംചെയ്തു. സമുദായകാര്യങ്ങളെപ്പററിയും മററും സംസാരിച്ചു കൊണ്ടിരുന്ന ചങ്ങനാശ്ശേരി സന്ദർശനം കഴിഞ്ഞു പോയി. യാദൃച്ഛികമായി

മായി കലവറപ്പുരയുടെ വാതുക്കൽക്കൂടി കടന്നുപോയ ചിന്നമ്മ പെട്ടെന്നു നിന്നു. ഭാഗവതർ മാങ്ങ ചെത്തിപ്പൂളി പരിവുകാരനു കൊടുക്കുന്നതും അയാൾ ഫലിതം പറഞ്ഞുകൊണ്ടു തിന്നുന്നതുമാണു മന്ദിരാംബയുടെ ദൃഷ്ടിയിൽ പെട്ടതു്. പരിവുകാരന്റെ ചെകിട്ടത്തും, ഭാഗവതരുടെ മണ്ടയ്ക്കും എത്ര വേഗമാണു് ചിന്നമ്മ തൊഴിക്കാൻ തുടങ്ങിയതെന്നു പറകവയ്യാ. രണ്ടുപേരെയും വെളിയിൽ എടുത്തുതള്ളി ഉപസംഹരിച്ചിട്ടു, "അഹോ മനുഷ്യർക്കു തിന്മയിലുള്ള പ്രതിപത്തി ഭയങ്കരംതന്നെ. അതിലേയ്ക്കു തിരിയപ്പോകാനല്ലേ അന്നു എന്റെ മുമ്പിൽ നിങ്ങൾ നിന്നു കരഞ്ഞതു്" എന്നു പറഞ്ഞ കഥാനായിക കയർത്തു. ശോകസന്തോഷഭരിതയായിട്ടു മന്ദിരാംബ പറഞ്ഞു. "ഇന്നത്തെക്കൂടി നിങ്ങളെ ഞാൻ വെളിയിൽ അയക്കുന്നില്ല. ഇന്നത്തോട്ടു നിങ്ങളുടെ താമസം എന്റെ വീട്ടിലാണു്. നിങ്ങളെ പഠിപ്പിക്കുവാൻ കഴിയുമോ എന്നു ഞാൻ നോക്കട്ടെ"

അതിനുശേഷം, കുറച്ചുകാലം മന്ദിരബന്ധുവായിരുന്നു പ്രസിദ്ധിയുള്ള ഒരു യുവതിക്കു ചിന്നമ്മ എഴുതിയ ഒരു കത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ഞാൻ വിശ്വസിക്കുന്നില്ലെന്നു പരാതിപ്പെടുന്നു അല്ലേ? ആരെയാണു് വിശ്വസിക്കേണ്ടതെന്നോ എന്തിനെയാണു അവിശ്വസിക്കേണ്ടതെന്നോ അറിയുന്നില്ല. എന്നു മാത്രമല്ല പെട്ടെന്നു വിശ്വസിക്കുന്നതിനേക്കാൾ നല്ലതുപോലെ പരിശോധിച്ചറിഞ്ഞിട്ടു വിശ്വസിച്ചറിഞ്ഞാൽ മതിയാകും എന്നാണു് അനുഭവം എന്നെ ബോധിപ്പിക്കുന്നതു്. എന്നാൽ സ്നേഹ

ത്തിനു ഒരു കുറവുമില്ലെന്നും ഉണ്ടാവുന്നതല്ലെന്നും വിശ്വസിച്ചുകൊൾക"

മാനസികമായ ദുർവ്യാപാരങ്ങൾ സ്വഭാവദൂഷ്യങ്ങളായി പരിണമിക്കുംമുമ്പേ, ചികിത്സ നിശ്ചയിച്ചു ഭേദപ്പെടുത്തുവാനുള്ള ചിന്നമ്മയുടെ ഉദ്യോഗം, ആതുരസേവനതല്പരക്ക് മേൽപ്പറഞ്ഞവിധമുള്ള സമുദായാംഗങ്ങളെ ശുദ്ധിമത്തരമാക്കിത്തീർക്കുവാൻ നൂതനമായ ഒരു പന്ഥാവുതന്നെ തുറന്നിട്ടു. തന്റെ അഗതിവനിതകളുടെ മനോനൈർമ്മല്യത്തിനു കണ്ണുനീർ വാർത്തു പൂജാമുറിയിൽ കയറിയിരുന്നു ചിന്നമ്മ പ്രാർത്ഥിക്കയും ചെയ്യുമായിരുന്നു. തള്ളിക്കളയുകയല്ല, സ്വീകരിക്കുകയാണു നമ്മുടെ കഥാനായികയുടെ ആദർശവൈശിഷ്ട്യം. ഇതു ലോകചരിത്രത്തിൽ എത്രപേർക്കു കഴിഞ്ഞിട്ടുണ്ടെന്നു വായനക്കാർ ആരാഞ്ഞു നോക്കേണ്ടതുതന്നെയാണു".

മന്ദിരത്തിൽ ആദ്യം നമ്മുടെ കഥാനായിക നടത്തിയ പാണിഗ്രഹണമഹോത്സവം, മന്ദിരവാസിനിയായ മീനാക്ഷിഅമ്മ എന്ന വനിതയെ ശ്രീ കണ്ണൻമേനോൻ സ്വീകരിച്ചതായിരുന്നു. ബ്രാഹ്മണാചാരപ്രകാരം നാലു ദിവസത്തെ അടിയന്തിരത്തോടുകൂടി അതിന്നടുത്തായി നടത്തിയ ബ്രാഹ്മണബാലികയുടെ പാണിഗ്രഹണോത്സവം ഏറെ ആഡംബരാഢ്യമായിരുന്നുവെന്നു പറയപ്പെടുന്നു. എല്ലാ അടിയന്തിരങ്ങളും അന്നത്തെ സമുദായരീതിക്കനുസരിച്ചു മാത്രമേ ചിന്നമ്മ നടത്തിയിട്ടുള്ളു. ബാലികമാരുടെ ഋതുശാന്തികർമ്മങ്ങളും ഗൃഹസ്ഥഭവനങ്ങളിൽ എന്നോണംതന്നെ മന്ദിരത്തിലും നടത്തിവന്നിരുന്നു.

"അയാൾ ഇനിയും വരുന്നുണ്ടോ? ഒരു നല്ല മുണ്ടുമുറിച്ചു കൊണ്ടുവരുവിൻ, പലകയിൽ വിരിക്കുവാൻ" എന്നു ചിന്നമ്മ പറഞ്ഞതും സന്നിഹിതരായിരുന്ന മന്ദിരവാസികൾ ആകെയും തിമിർത്തു ചിരിച്ചുപോയതും കുറേകാലത്തേയ്ക്കു അമ്മാതിരി കർമ്മങ്ങൾ വരുമ്പോഴൊക്കെയും അവിടെ എവരും ഓർത്തിരുന്ന "അമ്മയുടെ ഫലിതങ്ങളിൽ ഒന്നാണു്."

തൊണ്ണൂറെറട്ടു കുംഭത്തിൽ ചിന്നമ്മ പ്രസവിച്ച പുത്രന്റെ സദ്യോമൃതിയുടെ കാരണം മാതാവിന്റെ അത്യദ്ധ്വാനം ആണു് എന്നു പറയപ്പെടുന്നു. ആ അത്യദ്ധ്വാനം ജീവിതച്ചൂളയിൽ എരിഞ്ഞുകൊണ്ടിരുന്ന എത്രയോ പേരെ ആശ്വസിപ്പിക്കുവാനുള്ളതായിരുന്നു!!

മനുഷ്യൻ മനുഷ്യനെ സ്നേഹിച്ചു്, ആശ്വസിപ്പിക്കുന്നതിൽ കൂടുതൽ ഈശ്വരനുവേണ്ടി ഒന്നും ചെയ്യാനില്ലെന്നു ലോകത്തെ പഠിപ്പിക്കുന്നതാണു് ഒരു യഥാർത്ഥ മനുഷ്യസ്നേഹിയുടെ കർത്തവ്യമെന്നു സ്ഥാപിക്കുന്നതിനാണല്ലോ കഥാനായികയുടെ അദ്ധ്വാനങ്ങൾ ആകെയും. അതാണു ഈ പുതിയ ഹിന്ദുകുടുംബം ലോകത്തിനു നൽകുന്ന ജീവൽസ്സന്ദേശം.

ഇതോടടുപ്പിച്ചു മഹാത്മാഗാന്ധിയുടെ ലേഖനങ്ങളും ജീവിതവും ഇതേ സന്ദേശത്തെത്തന്നെ ഭാരതത്തിൽ മുഴക്കാൻ തുടങ്ങിയിരുന്നു. *

---

* "Not until and unless we have fed and clothed the Skeletons of India, will religion have any meaning for them. They are living the Cattle life today, and we are responsible for it……………religion is Service of the helpless. God Manifestes himself to us in the form of the helpless and the stricken" YOUNG INDIA, 14 August 1921.

# അദ്ധ്യായം ൧൦.

## വൈഷമ്യക്കരം.

“ഇന്ത്യ എത്രയും ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന വനിതാ മാതൃക ഉത്തമത്തിലുള്ളതാകുന്നു”* എന്നു കഥാനായികയുടെ ആരാധകഗണങ്ങളിൽ ഒരാൾ രേഖപ്പെടുത്തിയിട്ടുള്ളതു എത്രത്തോളം ശരിയാണെന്നു ദേശസ്നേഹികളും പൗരുഷശാലികളുമായ വായനക്കാരോടു പറയേണ്ടതില്ലല്ലോ.

എങ്കിൽ, നമ്മുടെ കഥാനായിക “ഒരു കുടുംബത്തിലെ നായിക മാത്രമല്ല, ഒരു വംശത്തിന്റെ ജീവനും, ഒരു നാട്ടിന്റെ തേജസ്സുമാണു്” എന്നു അവരുടെ പരസഹസ്രം ആരാധകന്മാരിൽ ഒരു മഹിള + ഉൽഘോഷിക്കുന്നതു്, യഥാക്രമം, ഒരു കുടുംബത്തിലെ എന്നാൽ കഥാനായികയുടെ പുതിയ ഹിന്ദുകുടുംബത്തിലെ എന്നും ഒരു വംശത്തിന്റെ എന്നതു് സ്ത്രീവംശത്തിന്റെ എന്നും ഒരു നാട്ടിന്റെ എന്നതു ഭാരതനാട്ടിന്റെ എന്നുമാണു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നു പ്രത്യേകം ആമുഖം ഒന്നും കൂടാതെ സ്പഷ്ടമാണല്ലോ.

ഭാരതസീമകളെയും കഴിഞ്ഞു്, സാർവ്വലൗകിക ദൃഷ്ടികൊണ്ടു സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള വീക്ഷിച്ചു പറയുന്നതുപോലെയുള്ള “അവരെക്കാൾ സൗശീല്യവും, വിനയാദിസൽഗുണ മാഹാ

---

* ശ്രീയുത് എൻ. രാമകൃഷ്ണപിള്ള

\+ ശ്രീമതി ബി. ആനന്ദവല്ലി അമ്മ

ത്മ്യവും ഉള്ള കേരളീയ സ്ത്രീകളെ എനിക്ക പരിചയമില്ല. മഹിളാമന്ദിരപ്രതിഷ്ഠയിൽ അവർ പ്രദർശിപ്പിച്ചിട്ടുള്ള ദൃഢനിഷ്ഠ വിചാരിക്കുമ്പോൾ സാർവലൌകീകകളായ സ്ത്രീകളിൽ അവർ അസാധാരണയാണെന്ന പറയേണ്ടിയിരിക്കുന്നു. ദമയന്തി പ്രഭൃതികളായ പൗരാണിക സ്ത്രീകളെ അതിശയിക്കുന്ന നിഷ്ഠാദാർഢ്യം അവരുടെ സ്വഭാവത്തിൽ നിഗൂഢമായി ലയിച്ച് പ്രവൃത്തിപഥത്തിൽ പ്രകാശിച്ചു കണ്ടിട്ടുള്ള" അവസ്ഥയിൽ എത്തിച്ചേർന്ന് ചിന്നമ്മ രോഗഗ്രസ്തമായ ശരീരത്തോടുകൂടി, അതിതീവ്രമായി ക്ലേശിക്കുന്നു:

"സന്ധ്യാസമയത്തിൽ കോഴഞ്ചേരിയിൽ എത്തി. എനിക്ക യാതൊരു പരിചയത്തിനും ഇടയായിട്ടില്ലാത്ത ഒരു പ്രദേശത്ത് സന്ധ്യാസമയത്തു ചെന്നെത്തിയപ്പോൾ അല്പം പരിഭ്രമം ഉണ്ടാകാതിരുന്നില്ല. പത്തനംതിട്ടയ്ക്കു കാറും അന്നേദിവസം ഇല്ലാതായി. ഏതായാലും മുന്നോട്ടു തന്നെ നടന്നു. ആറിനക്കരെ കടന്നു. കമ്പോളങ്ങളിൽകൂടി മുസ്സാവരിയിലെത്തുവാൻ ശ്രമിച്ചു. അപ്പോളൊരുവൻ ഒരു കാളവണ്ടി (ചക്കടാവണ്ടി) രണ്ടു മണിക്കൂർ കൊണ്ടു പത്തനംതിട്ട എത്തിക്കത്തക്കവണ്ണം വിടാമെന്നു പറഞ്ഞു. എനിക്ക കയറുവാൻ അൽപം പ്രയാസം ഉണ്ടായിരുന്നതുകൊണ്ടും ശരീരസ്ഥിതിയെ ഓർത്തും ഒരു നിമിഷം വിഷമിച്ചു നോക്കിനില്ക്കവെ കോന്നിയിൽക്കാരായ രണ്ടുപേർ വന്നു. "ഇതിൽക്കയറേണ്ട രാവിലെ മൂന്നു മണിക്കുള്ള ബസ്സിൽ പത്തനംതിട്ട പോയാൽമതി" എന്നു പറഞ്ഞു. എന്തിനു പറയുന്നു. അവർ മര്യാദക്കാരും

ഒരാം വാംഗാർഡും ആയതിനാൽ ഞാൻ അവരുടെ സഹായത്തോടുകൂടി മുസ്സാവരിയിൽ എത്തി. അവിടത്തെ മുസ്സാവരി കേവലം ഒരു ക്യാമ്പുഷെഡ്ഡു മാത്രമാണു്. അരമൈതാനിമാത്രം. എന്നാലും അവിടെത്തന്നെ രാത്രി കഴിച്ചുകൂട്ടാമെന്നുവച്ചു. കുറേ ഗോതമ്പിട്ടു കഞ്ഞി വച്ചു ഒരു സമ്മന്തിയുമുണ്ടാക്കി ഭക്ഷണം കഴിച്ചു മഞ്ഞിന്റെ കാഠിന്യം എനിക്കു അസഹ്യമെന്നു കണ്ടിട്ടാ ജഗന്നിയന്താവു ഒരു മഴ പെയ്യിപ്പിച്ചു വെളുപ്പിനു പത്തനംതിട്ടയ്ക്കു പോന്നു. മുസ്സാവരിയിൽ പതിനൊന്നു മണി വരെ വിശ്രമിച്ചു ദിനകൃത്യങ്ങൾ അതേവരെ ഉള്ളതെല്ലാം കഴിച്ചു കോന്നിയ്ക്കുപോയി...... എത്ര ദിവസങ്ങളിൽ ഞാൻ ഇവിടെത്താമസിക്കുമെന്നു തീർച്ചയില്ല... .... എന്റെ കാലിലെ വേദന മിനിഞ്ഞാന്നു മുതൽ അത്യധികമാണു്. നീരു ധാരാളമുണ്ടു്. നടക്കാൻ തീരെ വയ്യ."

ഈ ഉദ്ധരണം നൂററിരണ്ടിലെ ക്രിസ്സുമസ്സ് ഒഴിവിനു പണപ്പിരിവിനു ഇറങ്ങിയ ചിന്നമ്മ തീർത്ഥപാദരെഴുതിയ ഒരു കത്തിൽ നിന്നാകുന്നു. ദയനീയമായ ഈ കത്തു് വായനക്കാരുടെ കണ്ണുകളിൽ കണ്ണുനീർ നിറപ്പിക്കും; എന്നാൽ, നമ്മുടെ കഥാനായികയുടെ പ്രതിദിനജീവിതത്തിൽ ഇതുപോലെ അനേകം ദയനീയതമങ്ങളായ ലേഖനങ്ങൾക്കു വക ഉണ്ടായിരിക്കുന്നതുകൊണ്ടു അവക്കു ദയനീയമല്ല; മറിച്ചു, അവ കർമ്മബോധോദ്ദീപനത്തിനുള്ള പ്രേരണാഗീതങ്ങൾ മാത്രമാണു്.

അവർ പറയുന്നു. "എന്റെ ശരീരസ്ഥിതിയെപ്പററി എന്നെ സ്നേഹമുള്ളവരാരും യാതൊന്നും ചോദിക്കരുതെന്നു ഞാൻ നിർബന്ധപൂർവം അപേക്ഷിക്കുന്നു. ഈ

ശരീരം ഉള്ളടത്തോളം ദുഃഖംതന്നെ. ഈ ദുഃഖമയമായ പഞ്ജരം പൊളിഞ്ഞുപോയല്ലാതെ സുഖമില്ലതന്നെ. അതിനാൽ അതു കഴിയുന്നതും വേഗത്തിൽ പൊളിഞ്ഞു പോകട്ടെ. അതിനെ എന്തിനപേക്ഷിക്കണം....ഏതായാലും അവസാനംവരെ വേല ചെയ്യാം"

തന്റെ കർത്തവ്യത്തെ അറിയുന്ന ഭടൻ ഉടൽമുഴുവൻ മുറിപ്പെട്ടാലും എല്ലിനെ നിണം കഴുകിയാലും ശരീരം നിലംപതിക്കുന്നതുവരെയും യുദ്ധംചെയ്യുന്നതാണു്. മുറിപ്പെട്ടുവീഴാറായ ഒരു വീരഭടന്റെ നിശ്ചയവും നാട്ടിനെ രക്ഷിപ്പാനായി അവൻ വാളെടുത്തപ്പോൾ ചെയ്തിട്ടുള്ള വീരപ്രതിജ്ഞയേയും ഓർമ്മിപ്പിക്കുന്നതാണു് ചിന്നമ്മയുടെ തീൎത്ഥപാദനുള്ള ഈ കത്തു്. അവരുടെ ക്ലേശസഹനങ്ങളെല്ലാം, മൃദുലമനസ്സുകൾക്കു ദയനീയമായി തോന്നാമെങ്കിലും ജസ്റ്റിസ് മി. ശങ്കരപ്പിള്ള പറയുന്നതുപോലെ "വീരോചിതമായിട്ടുള്ള രീതിയിലായിരുന്നു."

വാതരോഗം ക്രമാതീതമായി. വഞ്ചിഭൂമിയെ പല പ്രാവശ്യം അങ്ങോട്ടുമിങ്ങോട്ടും നടന്നളക്കാനെന്നപോലെ അധികവും തന്റെ വിശ്രമാവസരങ്ങളിൽ സേവനതന്തുക്കളെ ചിതറിക്കൊണ്ടു സഹായമൎത്ഥിച്ചു സഞ്ചരിച്ചിരുന്ന മന്ദിരാംബ കിടപ്പിലാകാൻ പോകുന്നു.

"മഹാജനങ്ങളെ! നിങ്ങൾ ആഹ്ലാദമായി കഴിച്ചുകൂട്ടുന്ന ഓണദിവസത്തിൽ മന്ദിരത്തിലെ അനാഥരെ ഓൎമ്മിക്കുക." എന്നു ചിന്നമ്മ അൎത്ഥിച്ചിരുന്നതിന്റെ ഫലമായി, ഒരിക്കൽ, തക്കല മിസ്സിസ്സ്. കല്ലുപ്പാറ കേശവൻ തമ്പി പിരിച്ചയച്ച തുക അവസരത്തിനുപകരിച്ചതു

കൊണ്ടു നിറഞ്ഞ നന്ദിയോടുകൂടി, "മിസ്സിസ്സ്. കേശവൻ തമ്പിയെപ്പോലുള്ള മഹാമനസ്വിനികൾ ഒരു പത്തു പേർ രണ്ടുദിവസമെങ്കിലും മന്ദിരത്തിനുവേണ്ടി പ്രയത്നിക്കാൻ സന്നദ്ധരായിരുന്നുവെങ്കിൽ മഹിളാമന്ദിരത്തിന്റെ സ്ഥിതി എത്ര സുഭഗമാകുമായിരുന്നു" എന്നു ചിന്നമ്മ രേഖപ്പെടുത്തുവാൻ കാരണമായതുപോലെ തന്റെ രോഗാവസ്ഥയിൽ മന്ദിരത്തിനുവേണ്ടി ഒരു ദിവസമെങ്കിലും ആണ്ടിലൊരിക്കൽപോലും അല്പമൊന്നു പരിശ്രമിക്കുന്നതിന് അവർ ആരെയും കണ്ടിട്ടില്ല. കഥാനായികയുടെ ശരീരസ്ഥിതി മോശപ്പെട്ടുതുടങ്ങി. ദേഹം മുഴുവൻ ഒരുതരം പൊള്ളൽമാതിരി പരുക്കൾ ഉണ്ടായി നിറഞ്ഞ് കിടക്കുവാൻ വയ്യ, എഴിക്കുവാൻ വയ്യ എന്ന നിലയിലായി.

ഇതേസംബന്ധിച്ച് ഗൗരിഅമ്മ ഒരു ഉപകഥ പറയുന്നു: അതായത്, അസൂയാവിഷ്ടർ ചെയ്ത ആഭിചാരകർമ്മത്തിന്റെ ദോഷമായിട്ടാണ് ശരീരം മുഴുക്കെയും ചിന്നമ്മയ്ക്കു പൊള്ളി പരുക്കൾ ഉണ്ടാവാൻ തുടങ്ങിയതെന്നും, ആ ദോഷം തീർക്കുവാനായി മന്ത്രോപാസനം ചെയ്യുവാൻ വന്നിരുന്ന ഒരു മലയാളബ്രാഹ്മണൻ തീർക്കുന്ന ആളിന്റെ ജീവൻ ഒരു തിരിച്ചടിയായി നഷ്ടപ്പെട്ടുപോവുമെന്നും, അപ്രകാരം കർമ്മാനന്തരം അദ്ദേഹം സ്വഭവനത്തിൽ എത്തിച്ചേർന്ന് ഏതാനും നാളുകൾക്കുള്ളിൽ ഒരു ബലി എന്നോണം തന്റെ ജീവൻ നഷ്ടപ്പെട്ടതായും, ആ സംഭവം മാനസികമായ ഒരു തീരാവ്യാധിയെ കഥാനായികയിൽ ഉണ്ടാക്കിയതായും!!

ഇങ്ങനെ രോഗത്തിന്റെ ആദ്യത്തെ ആക്രമണം മന്ത്രോപാസക കർമ്മംകൊണ്ടും, ഔഷധപ്രയോഗം കൊണ്ടും ഒരുവിധം നിരോധിക്കപ്പെട്ടപ്പോൾ, മഞ്ഞപ്പിത്തം കലശലായി സംശയാസ്പദമായി നീണ്ട രോഗശയ്യയിൽ കിടക്കത്തക്കവണ്ണം കഥാനായികയെ വിഴുങ്ങികഴിഞ്ഞു. മഞ്ഞൾനിറത്തിൽ ദിവസം അനവധി തവണ ഛർദ്ദിക്കുകയും, അനവധി തവണ മോഹാലസ്യപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. നിമിഷംപോലും വ്യർത്ഥമായി ചിലവിടുവാനില്ലാതിരുന്ന നമ്മുടെ നായിക ഛർദ്ദിച്ചും മോഹാലസ്യപ്പെട്ടും വേദനപ്പെട്ടും ഒരു കിടപ്പിൽത്തന്നെ കിടക്കുകയായി.

ഇക്കാലങ്ങളിൽ കണ്ണുനീരോടുകൂടി മന്ദിരകാര്യങ്ങളെപ്പററി ശ്രീ. കുമാരപിള്ളയോടു ചോദിച്ചറിയുകയും നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ടിരിക്കുകയുംമാത്രം ചെയ്തുകൊണ്ടിരുന്നു. മന്ദിരം, മാസിക, വിദ്യാർത്ഥിസത്രം, പുറത്തു താമസിച്ചു പഠിച്ചുകൊണ്ടിരുന്ന പുത്രന്റെ വിദ്യാഭ്യാസം, ഗൃഹകാര്യങ്ങൾ ഇവ എല്ലാം കഥാനായിക ഈ അവസ്ഥയിലും ഭംഗംകൂടാതെ നടത്തിക്കൊണ്ടുപോയി എന്നു പറഞ്ഞാൽ മതിയല്ലോ. നൂററിരണ്ടിൽ ആരംഭിച്ച സുഖക്കേട്, കുറഞ്ഞും കൂടിയും, ഏതാണ്ട ഒരു കൊല്ലത്തോളം ചിന്നമ്മയെ ഉപദ്രവിച്ചുകൊണ്ടിരുന്നു. അവർ, എവിടെത്താമസിച്ചാലാണു്, എന്തു് ഔഷധം സേവിച്ചാലാണു് എളുപ്പം തന്റെ അഗതിവനിതകളുടെ പരിരക്ഷണത്തിനു മതിപ്പാൻ സാധിച്ചുകൂടുമെന്നു പരീക്ഷിച്ചുനോക്കിക്കൊണ്ടേ ഇരുന്നു. വിശ്രമാർത്ഥം, കന്യാകുമാരിയിലും തിരുവനന്തപുരത്ത ശംഖുമുഖം കടൽപ്പു

റത്തു അനുബന്ധമായിരുന്ന സത്രത്തിലും മാറി മാറി താമസിച്ചുകൊണ്ടിരുന്നു. കന്യാകുമാരിയിലെ താമസക്കാലത്തു അവിടത്തെ ഭഗവതി ക്ഷേത്രത്തിൽ ഒരു ദിവസം തൊഴാൻപോയ ചിന്നമ്മ ബോധാലസ്യപ്പെട്ടു തല ചിതറിപ്പോകത്തക്കവണ്ണം വീണതായും, തന്റെ പ്രാണപ്രേയസി തറയിൽ തട്ടുംമുമ്പുതന്നെ അരുകിൽ നിന്നിരുന്ന ശ്രീ. കുമാരപിള്ള കടന്നുപിടിച്ചു ഉയർത്തിയതായും ഉള്ള ഒരു സംഭവവും ഇവിടെ പറവാനുണ്ടു്.

രോഗശയ്യയിലെ മന്ദിരമാതാവിനുതന്നെ, മന്ദിരത്തിനു ലക്ഷണമാറ്റം തേടേണ്ടുന്നപോലെ, മറ്റെല്ലാ ഭരണപരിചരണങ്ങൾക്കുമായി മന്ദിരത്തെ തള്ളിയിട്ടു, ഭരണസമിതിയിൽ പേർ പിടിച്ചിരുന്ന പലരും ഇക്കാലത്തു പിരിഞ്ഞു പോയി ഇതോടൊപ്പം ഛിദ്രങ്ങൾ മൂലം പരസ്പരം മന്ദിരാദർശത്തെ തകിടം മറിക്കുവാൻ ഇടവരാതെ ഈ ആദർശകൂട്ടങ്ങളെ ചിന്നമ്മ രജിസ്റ്റർ ചെയ്യിച്ചിരുന്നതു ഭാഗ്യമായി എന്നു തോന്നിപ്പോകുന്നു.

"ഞാൻ മരണശയ്യയിൽ കിടന്ന അവസരത്തിൽ ഈ സ്ഥാപനത്തെ ലക്ഷ്യമാക്കി ഒരു ദിവസത്തെ ചിലവിനെങ്കിലും വേണ്ടതു ചെയ്യുവാനോ അനാഥരായ കുട്ടികളെ ഒന്നു ചെന്നന്വേഷിക്കുവാനോ" നമ്മുടെ കഥാനായികയ്ക്കു സ്വഭാവപ്രിയകളായ യാതൊരു വനിതയും ഇല്ലാതിരുന്നതായി അവർ എഴുതിയിരിക്കുന്നു.

സുഖക്കേടു കുറഞ്ഞുതുടങ്ങി. രോഗദുര്യോഗക്കൊടുങ്കാറ്റിൽ അണഞ്ഞുപോകാതെ പാവങ്ങളുടെ ഭാഗ്യപ്രദീപമായ നമ്മുടെ കഥാനായിക ഒരുവിധം രക്ഷപ്പെട്ടെഴുന്നേറ്റു സഞ്ചാരം തുടരുവാൻ പാടില്ലാത്ത സർ

കൊടുംരോഗവും വഹിച്ചു്, (പൂൎണ്ണസുഖം കിട്ടാത്ത ശരീരം കൊണ്ടു) എങ്ങിനെ മന്ദിരകാൎയ്യങ്ങളും അന്വേഷിക്കുന്നു എന്ന ഒരു കത്തിനു ഇങ്ങനെ അവർ മറുപടി എഴുതിയിരിക്കുന്നു. "ഞാൻ രോഗഗ്രസ്ഥയായി ബാക്കി ജീവിതം നയിക്കണമെന്നു ഭഗവാൻ നിശ്ചയിക്കുന്നുവെങ്കിൽ ആ രോഗഗ്രസ്ഥമായ ശരീരം നാരായണഭട്ടതിരി പറഞ്ഞതുപോലെ "ഉരുത്തമദേശികനായി" ഞാൻ വരിക്കുന്നതാണു്. "വരുന്നതെല്ലാമേ വളന്ന ദുഃഖങ്ങൾ എന്നല്ലതിന്റെ വരുന്നതെല്ലാമേ വളന്ന സൗഖ്യങ്ങൾ എന്നാശ്വസിക്കുവാൻ തക്കമനഃസ്ഥിതി എനിക്കുണ്ടാവട്ടെ."

ആരോഗ്യം ക്ഷയിച്ചു തുടങ്ങിയ കാലത്തും മേടും പള്ളവുമെല്ലാം അരോഗദൃഢഗാത്രന്മാരായ ചെറുപ്പക്കാർ തോൽക്കത്തക്കവണ്ണം ചുറുചുറുക്കോടുകൂടി നമ്മുടെ കഥാനായിക കടന്നുപൊയ്ക്കൊണ്ടിരുന്നു.

നൂററിനാലാമാണ്ടിടയ്ക്കു ചിന്നമ്മയോടൊത്തു കരുനാഗപ്പള്ളിയിൽ സഞ്ചരിച്ചിരുന്ന ജി. ആർ. തങ്കമ്മ, നടന്നു കാൽകഴഞ്ഞു് ക്ഷീണിക്കുന്നതു കണ്ടിട്ടു്, ചിന്നമ്മ പറഞ്ഞു:—"നിങ്ങളാരും ഇതൊന്നും അനുഭവിച്ചിട്ടുള്ളവരല്ല. എനിയ്ക്കാണെങ്കിൽ ഇതു് സാധാരണവുമാണു്. എന്നെ മുന്നോട്ടു കൊണ്ടുപോകുന്നതു് എന്റെ മനശ്ശക്തിയല്ലാതെ ശരീരശക്തിയല്ല. അതു് എന്നെ പ്രാപ്യസ്ഥാനത്തെയ്ക്കു എത്തിക്കുകയും ചെയ്യും. ഇത്ര ചെറുപ്പത്തിലെ നിങ്ങളെല്ലാം ഇപ്രകാരമുള്ള മനശ്ശക്തി ഉണ്ടാക്കാൻ ശ്രമിച്ചാൽ ഈ ലോകത്തു് മഹാത്മാക്കളല്ലാത്ത അനേകം സത്‌പ്രവൃത്തികൾ ചെയ്യുവാൻ നിങ്ങൾ കഴിവുള്ളവരായിത്തീരും."

ശ്രീമതി ജി. ആർ. തങ്കമ്മയെക്കൂടാതെ മററു ചില സഹോദരികളും ഇക്കാലങ്ങളിൽ മന്ദിരകാര്യങ്ങളിൽ ചിന്നമ്മയെ സഹായിച്ചിട്ടുണ്ടു്. എന്നാൽ, അതിലാക്കും കഥാനായികയെ അനുകരിപ്പാൻ കഴിഞ്ഞിട്ടില്ല. പ്രാപ്തി കണ്ടിരുന്നിട്ടും ശ്രീ ജി. ആർ. തങ്കമ്മയ്ക്കും, ചിന്നമ്മയുടെ സേവനവിഷയത്തിൽ ഒരു സമാധാനം കൊടുപ്പാൻ കഴിഞ്ഞില്ല. ഇന്നത്തെ സമുദായസ്ഥിതിക്കു സ്വാഭീഷ്ടത്തിന് വ്യക്തിഗതമായി മറെറന്നു തേടുവാനും നേടുവാനും ഉള്ളവരാണു് മനുഷ്യർ അത്രയുംപേരും എന്നുതന്നെ പറയാം. അങ്ങനെ ഉള്ള ഒരു മനുഷ്യലോകത്തുനിന്നും സ്വസുഖങ്ങളെല്ലാം വലിച്ചെറിഞ്ഞിട്ടു് പരനുവേണ്ടി വേല ചെയ്യുവാൻ ആരും ഉണ്ടാകാതെ പോകുന്നതിൽ ഖേദിക്കാൻ അവകാശമില്ലല്ലോ.

മന്ദിരബന്ധം അവസാനിപ്പിച്ചിട്ടു് ഉന്നതവിദ്യാഭ്യാസത്തിനു പോകുവാൻ വൈകില്ലെന്നു മന്ദിരാംബയെ അറിയിച്ച കത്തിനു്, ജി. ആർ. തങ്കമ്മയുടെ എഴുതിയ മറുപടിയിൽ ഈ വിധം ചിന്നമ്മ പറഞ്ഞിരിക്കുന്നു. "എന്തിനു് പരീക്ഷാശ്രേണികളിൽ കയറുവാൻ ശ്രമിക്കുന്നു? പണം കിട്ടുമെന്നുദ്ദേശിച്ചല്ലേ? അല്ലാതെ എന്തു പ്രയോജനമാണു്? അതാണോ ജീവിതലക്ഷ്യം? മഹിളാമന്ദിരത്തിലെ ഭരണനിർവ്വഹണം സാദ്ധ്യമാകുന്നതു് സർവസംഗപരിത്യാഗിയായ ഒരു മഹാമനസ്വിനിക്കു ആണെന്നു ഓർമ്മിച്ചുകൊള്ളുകയേ വേണ്ടു. ഞാൻ അതല്ലാത്തതുകൊണ്ടാണു് എന്നാൽ സാദ്ധ്യമാകാത്തതു്. പണമുണ്ടാക്കുവാനായി മനുഷ്യർ ജീവിക്കുന്നതിനേക്കാൾ, ജീവിതോദ്ദേശ്യത്തിനു പണമുണ്ടാക്കുകയാണു് വേണ്ടതു്."

മഹത്കാൎയ്യങ്ങൾക്കുവേണ്ടി ജീവിക്കുക, എന്നു എത്രതന്നെ പ്രചരിപ്പിച്ചിട്ടു; ജീവിച്ചു കാണിച്ചുകൊടുത്തിട്ടും, മനുഷ്യസ്വഭാവത്തിനു തന്നെ അനുകരിക്കുവാൻ സ്ഥിരനിശ്ചയമുള്ള യാതൊരാളെയും ചിന്നമ്മയ്ക്കു കാണാൻ കഴിഞ്ഞില്ല. അനുകരിപ്പാൻ വയ്യാത്തവണ്ണം ചിന്നമ്മ എന്തുചെയ്തു?

സഹിക്കുകയും ത്യജിക്കുകയും എന്ന രണ്ടു കൃത്യങ്ങളും ഈശ്വരനോളം മഹത്വമുള്ളതും സൂൎയ്യനോളം പ്രകാശമുള്ളതും ചന്ദ്രികപോലെ ശീതളമായതും സാഗരംപോലെ അധൃഷ്യമായതുമത്രെ. മുമ്പൊരു കത്തിൽ, "ഈ കൃത്യത്തിൽ കേവലം സ്വാതന്ത്ര്യപ്രിയക്കും സുഖികൾക്കും സ്ഥാനമില്ല" എന്നു കഥാനായിക പറഞ്ഞിട്ടുള്ളതു വായനക്കാർ ഓൎക്കുമല്ലോ. വീണ്ടും അവർ "എന്റെ സ്വന്തം വീടൊഴിഞ്ഞു ശിഷ്ടമെല്ലാം എനിക്കു സുഖമാണു്. അതിൽ അതിശയിപ്പാനില്ല. എന്നെക്കൊണ്ടു അവൎക്കു യാതൊരുപകാരവുമില്ലല്ലോ." ഇങ്ങനെ സേവനത്തെപ്പററി എടുത്തുപറയുന്നതിൽനിന്നും, സ്വന്തം വീട്ടിനു ഉപകരിക്കുന്ന ഒരംഗമായി താൻ ജീവിച്ചിട്ടില്ലെന്നു ചിന്നമ്മ സ്പഷ്ടമാക്കുന്നു. അതേ കത്തിൽ തുടൎന്നു വേറൊരു ഭാഗത്തു "എനിക്കു പെൺമക്കൾ ഇല്ലെന്നു ഞാൻ ഒരിക്കലും വ്യസനിക്കാറില്ല. എനിക്കു ലോകത്തെ സ്നേഹിക്കുവാൻ കഴിയുന്നിടത്തോളം ആ പരിതാപത്തിനു എനിക്കു ഇടയുണ്ടാവുന്നതല്ല. നിങ്ങളെല്ലാം എനിക്കു പുത്രിമാർതന്നെ. ലോകത്തിലെങ്ങും ആണും പെണ്ണും എന്നെ 'അമ്മ' എന്നു കരുതുകയും ചെയ്യുന്നു. അതുകൊണ്ടു ഒരിടത്തും ശുശ്രൂഷക്കുറവോ വിഷമതകളോ ഉണ്ടാവുന്നുമില്ല."

സമാഹൃതമായി, ലോകത്തെ സേവിക്കണമെങ്കിൽ സ്വന്തം വീടുപോലും ത്യജിക്കണമെന്നു കാണിച്ചതോടുകൂടി ദുഃഖം ശമിക്കണമെങ്കിൽ ലോകത്തെ സ്നേഹിക്കണമെന്നും ചിന്നമ്മ ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നു.

വിഷമങ്ങൾക്കുമേൽ വിഷമങ്ങളെക്കൊണ്ടു നമ്മുടെ കഥാനായിക അഹോരാത്രം പീഡിതയായിരിക്കുന്നു. മന്ദിരകാര്യങ്ങൾക്കു വാങ്ങിയിട്ടുള്ളതിൽ കൊടുത്തുതീർക്കേണ്ട സംഖ്യകൾക്കു കടക്കാരുടെ ഉപദ്രവം ദീനക്കിടക്ക മുതൽ കഥാനായികയെ അലട്ടിക്കൊണ്ടിരിക്കുന്നു. ഇക്കാലത്തു ഒരു ദിവസം പരിപൂർണ്ണമായി മന്ദിരം ഭക്ഷണത്തിനു മുട്ടാൻതുടങ്ങുന്നു.

തലേന്നാൾ സ്വഭവനത്തിൽനിന്നും അരിയും കോപ്പും മന്ദിരത്തിലേക്കു കൊണ്ടുപോരികയാൽ, മന്ദിരത്തിനു മുട്ടുന്ന ഈ ദിവസം, ചിന്നമ്മയുടെ ഭവനത്തിലും വയ്ക്കുവാൻ വകയില്ലാതായി. അതൊരു മാസാവസാന സമയമായിരുന്നു. ഒരു തരത്തിൽ പലഹാരം യാതൊന്നും ഇല്ലാത്ത കുറെ കാപ്പിയുണ്ടാക്കി ഗൃഹത്തിലെ കുഞ്ഞുങ്ങൾക്കു കൊടുത്തു പള്ളിക്കൂടത്തിലയച്ചിട്ടു ചിന്നമ്മ മന്ദിരത്തിൽ എത്തി. അവിടെ കുറെ പൊടിയരി ശേഷിച്ചിരുന്നു. അതിനെ പാകപ്പെടുത്തി പ്രായംകുറഞ്ഞ കുട്ടികൾക്കു കൊടുക്കുവാൻ ഏർപ്പാടുചെയ്തു. വെളിയിലത്തെ വിദ്യാലയങ്ങളിൽ പഠിക്കുന്ന മന്ദിരവാസിനികൾ "ഇന്നു പോകേണ്ട" എന്നു ആജ്ഞാപിക്കപ്പെട്ടു. അന്നു ചിന്നമ്മയും അവധിക്കു ഫാറം കൊടുത്തയച്ചു. അവർ, അവിടെ കൂടെയുണ്ടായിരുന്ന ശാന്തിതീർത്ഥനെ അരികിൽ വിളിച്ചു പറഞ്ഞു: "ഇന്നു ആരു എന്നെക്കാണുവാൻ

വന്നാലും കാണുവാൻ ഒക്കുകയില്ല എന്നു പറഞ്ഞേക്കണം." അവർ പോയി ഒരു മുറിയിൽ കയറികിടപ്പായി. മണിക്കൂറുകൾ ഒന്നു രണ്ടു കഴിഞ്ഞു. മിക്കവേക്കും വിശപ്പു കലശലായി. പഠിക്കുന്ന വിദ്യാർത്ഥികൾക്കും, പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർക്കും ഒന്നുപോലെ തൊണ്ട വരണ്ടു തുടങ്ങി. എന്നിട്ടും ഒരു നിശ്ശബ്ദത അല്ലാതെ അവിടത്തെ മഹാനസത്തിൽ മറെറാന്നും ഇല്ല. അപ്പോഴേക്കും അടച്ചിരുന്ന വാതിലിൽ (ഗേററിൽ ആരോ ഇടവിടാതെ മുട്ടുന്നതുകേട്ടു "അമ്മയെക്കാണാനാണെങ്കിൽ ഇന്നൊക്കുകയില്ല" എന്നു പറഞ്ഞുകൊണ്ടു ശാന്തിതീർത്ഥൻ വന്നു. "നല്ലകാര്യം. അമ്മയെക്കാണാൻ ഒക്കുകയില്ലന്നോ? എനിക്കു കണ്ടേതീരാവൂ" എന്നു് ആഗതൻ ശാഠ്യം തുടങ്ങി. നിർബ്ബന്ധപ്രകാരം തീർത്ഥൻ പോയി ദിഗംബരന്റെ വിവരം അറിയിച്ചു. തീർത്ഥൻ പറയുകയാണ്: "ഞാൻ മുറിയുടെ നടയിൽചെന്നു ശബ്ദം ഉണ്ടാക്കിയപ്പോൾ നടയരികിൽ വന്ന അമ്മയുടെ മേൽമുണ്ടു മുഴുവനും പിഴിഞ്ഞൊഴിക്കത്തക്കവണ്ണം കണ്ണീർകൊണ്ടു നനഞ്ഞിരുന്നു. അപ്പോഴും കണ്ണുകളിൽനിന്നും കണ്ണീർ വീണുകൊണ്ടിരുന്നു. അമ്മ അതു മറയ്ക്കുന്നുണ്ടായിരുന്നു. ഒരുവിധം "ആളിനെ വരുവാൻ പറയൂ" എന്നു മാത്രം പറഞ്ഞിട്ടു അമ്മ മുറിയുടെ നടയിൽനിന്നു.

"ക്ഷമിക്കണം അമ്മേ" ഇതായിരുന്നു ആഗതനിൽനിന്നും വന്ന ആദ്യവാചകം. "അച്ഛന്റെ ജന്മനാളിന്നാണ്. ഇവിടെ ഇന്നുകാലത്തെ തന്നെ ഒരുസദ്യ നടത്തുവാനായി വേണ്ടതു ഇന്നലെ എത്തിക്കണം എന്നു് എന്നോടു പറഞ്ഞിരുന്നു. മറെറാരാവശ്യം പ്രമാണിച്ചു

പെട്ടെന്നു വേറൊരു സ്ഥലത്തേക്കു പോകേണ്ടിവന്നതിനാൽ താമസിച്ചുപോയി. ക്ഷമിക്കണം, ഇവിടെ കൊണ്ടുപോരാൻ വാങ്ങിയിട്ടിരുന്ന മലക്കറിയിൽ കുറേ അറിയാതെ വീട്ടിലെ സദ്യയ്ക്കു നുറുക്കിക്കളഞ്ഞു. തികയാത്തതിനു ആവശ്യമുള്ള പണം ഇവിടെ ഉണ്ടു്. ഉച്ചയ്ക്കു മന്ദിരത്തിലെ കുട്ടികൾ ഉണ്ണുന്നതു കണ്ടിട്ടു ചെന്നുപറഞ്ഞു എങ്കിലെ അച്ഛൻ ഉണ്ണുകയുള്ളു. പതിവുള്ള ചോറും കറികളും ഇവിടെ ഉണ്ടല്ലോ? ശേഷം വിഭവങ്ങൾ ഉണ്ടാക്കുന്നതിനു ആജ്ഞാപിക്കുവാൻ വൈകിക്കൂടാ. ഇതാ സദ്യയ്ക്കുള്ള പണം. തികയാത്തതു എത്തിച്ചുതരാം.” ഇതു കേട്ടിട്ടു ഗൽഗദത്തിലാണു മന്ദിരാംബ “പണം അവിടെ കൊടുത്തയയ്ക്കുമല്ലോ” എന്നുപറഞ്ഞിട്ടു വീണ്ടും മുറിയിലേയ്ക്കു പോയതെന്നു തീർത്ഥൻ പറയുന്നു.

ഒരു രണ്ടുമൂന്നു മണിക്കൂറുകൾക്കുള്ളിൽ ഭക്ഷണം തയ്യാറായി. മന്ദിരവിദ്യാലയത്തിൽ തന്നെ ചിന്നമ്മയുടെ ഒരു മകൻ പഠിക്കുന്നുണ്ടു്. വീട്ടിൽ ഭക്ഷണം ഇല്ലാത്തതിനാൽ മൂത്ത മററു രണ്ടു പുത്രന്മാരേയും കൂടി വണ്ടി കൊടുത്തയച്ചു മന്ദിരത്തിൽ വരുത്തി. “ഇന്നു നിങ്ങൾക്കും ചോറു ഇവിടെയാണു്” എന്നു ചിന്നമ്മ അവരോടു പറഞ്ഞു. എല്ലാവർക്കും മന്ദിരവാസികൾ ഉൾപ്പെടെ വിളമ്പി. ഉണ്ണാൻനേരത്തു പതിവുള്ള പ്രാർത്ഥനതിന് ഉടനെ തന്റെ പുത്രന്മാരിൽ ഒരാളെ നോക്കിക്കൊണ്ടു് “അനാഥർ എന്നു പറഞ്ഞു മന്ദിരത്തിലെ കുട്ടികളോടു് നിനക്കു ഒരു പ്രത്യേകമനോഭാവം ഉണ്ടു്. അതു തീർക്കാനായി ഈശ്വരൻ വച്ചപരീക്ഷയാണു് ഈ ഊണു്. അതു

തീരട്ടെ; ഇവരോടിരുന്നു ഉണ്ണു ഇരച്ചോറു്" എന്നു ചിന്നമ്മ പറഞ്ഞു. ഇതും ഗൽഗദത്തിലായിരുന്നു.

എങ്ങനെയെല്ലാമുള്ള അനാഥരുടെ ചുമതലയാണു നമ്മുടെ കഥാനായികയ്ക്കുള്ളതു്! കാളറാ പിടിപെട്ടു് പരവശയായി മരണം അടഞ്ഞ മാതാവിന്റെ ഭൌതികാവശിഷ്ടങ്ങളായി വന്നുകിട്ടിയ കൊച്ചുകുട്ടികൾ, മാതൃവിയോഗാനന്തരം വളർത്താൻ നിവൃത്തിയില്ലാതെ പിതാവു മുക്കിക്കൊല്ലാൻ തുടങ്ങിയപ്പോൾ രക്ഷപ്പെടുത്തിക്കൊണ്ടുവന്ന ഇളംപൈതൽ, പ്രസവിച്ചിട്ടുടനേ മാതാവു മരിച്ചുപോയ "പൂവുങ്കപൈതങ്ങൾ, നിരാലംബരായ വിധവകൾ, ബാലികമാർ, ബാലന്മാർ, * സ്മാർത്തവിചാരം കഴിച്ചു പുറംതള്ളപ്പെട്ട നമ്പൂതിരിസ്ത്രീ തുടങ്ങി അനാഥവർഗ്ഗത്തെ പ്രതിനിധീകരിക്കുന്ന പലരും ചിന്നമ്മയുടെ ചുമതലയിൽ ഉണ്ടു്. ഇവർക്കെല്ലാം സന്മാർഗ്ഗികരായ ഒരു ജീവിതം നയിപ്പാനും, മാനമായി എന്തെങ്കിലും തൊഴിൽചെയ്തു കാലയാപനം ചെയ്യുവാനും കരുത്തു വരുത്തുക എന്ന വൻചുമതല, ഇവരെ സംരക്ഷിക്കുന്നതു കൂടാതെ, നമ്മുടെ കഥാനായികയിൽ സ്ഥിതിചെയ്യുന്നു. അതിനു വഴി പലതും അവർ ആരാഞ്ഞുകൊണ്ടിരിക്കുന്നു. മിസ്സിസ് വേലുപ്പിള്ളയ്ക്കു പിന്നീടൊരിക്കൽ തിരുവല്ലയിൽനിന്നും എഴുതിയ ഒരു കത്തു താഴെ വരുന്ന വരികളെക്കൊണ്ടു് ചിന്നമ്മ സമാപിക്കുന്നതു നോക്കുക. "വല്ല

---

* സ്മാർത്തവിചാരം കഴിച്ചു പുറംതള്ളുന്ന ഒരു അന്തർജ്ജനത്തെപ്പററി, സദസ്യതിലകൻ ടി. കെ. വേലുപ്പിള്ളയുടെ ഹേമലതയിൽ ചാതുര്യമായി വർണ്ണിക്കപ്പെട്ടിട്ടുണ്ടു്. ഹേമലതയിൽ ചിന്നമ്മയെ ശ്രീ. ടി. കെ. ചിത്രണം ചെയ്തിട്ടുണ്ടു്.

പ്പോഴും മന്ദിരത്തിൽ ഒന്നു പോകണം: ഞാനിപ്പോൾ അവിടെ നെല്ലുകുത്തുവ്യവസായം ഏർപ്പെടുത്തിയിട്ടുണ്ടു്. മന്ദിരനിവാസികൾക്കുതന്നെ, അല്പം കൂലിയേർപ്പാടിലാണ്. ആ കൂലിയും മററാദായവും അവർക്കു ഒരു സ്വകാര്യസമ്പാദ്യത്തിനുതന്നെ. അങ്ങനെ രണ്ടു മാസം കഴിഞ്ഞാൽ ഒരു ചെറിയ ബാങ്കു അവർക്കായി ഉണ്ടാകണം. മന്ദിരം വിടുമ്പോൾ അവർക്കു് വല്ലതും നമുക്കു കൊടുത്തയയ്ക്കാം. അതാണു."

"മന്ദിരത്തിൽ രണ്ടു ദിവസമെങ്കിലും താമസിച്ചിട്ടു പോയാൽ ശുചിത്വം എങ്കിലും പഠിക്കാതെപോവുകയില്ല" എന്നു് വായനക്കാർക്കു പരിചയപ്പെട്ടിട്ടുള്ള സ്വസഹായത്തിന്മേൽ ജീവിക്കാൻ പ്രാപ്തരായി മന്ദിരംവിട്ടുപോയ രണ്ടുപേരുടെ മാതാവായ ഗൗരിഅമ്മ പറയുന്നു.

വെള്ളത്തടൻ വരുമ്പോൾ ചിന്നമ്മ (മന്ദിരത്തിലുള്ളപ്പോൾ) കൊച്ചുകുട്ടികളുടെ അഴുക്കുമുണ്ടുകൾ അങ്ങിങ്ങു ചെന്നു തേടി തോളിൽ പെറുക്കിയിട്ടുകൊണ്ടു്, ശുചിത്വത്തിനെപ്പററി പറഞ്ഞിട്ടുള്ള കഥകൾ അക്കാലത്തു മന്ദിരത്തിൽ താമസിച്ചിരുന്നവരിൽ പലരും ഇന്നലെ എന്നോണം, ഓർക്കുന്നുണ്ടു്.

ദുർവാരം മാംസളമായി വെളിയിലേയ്ക്കു തള്ളി, ശുശ്രൂഷിപ്പാനായി നിയുക്തരായിരുന്നവർക്കു വെറുപ്പിനു പാത്രമായിക്കണ്ടിരുന്ന ഒന്നു രണ്ടു അനാഥക്കുട്ടികളെ, ശുശ്രൂഷിച്ചു് പൂവുപോലെ താലോലിച്ചു്, വേദന അറിയാതെ ഔഷധം കൊടുത്തു പരിചരിക്കുന്നതിനു് മന്ദിരാംബ കാണിച്ചിട്ടുള്ള ശ്രദ്ധയും കരുണയും നിറഞ്ഞ

രംഗങ്ങൾ നിത്യവും സജീവങ്ങൾ തന്നെയെന്നു മന്ദിരവാസികളായിരുന്നവരിൽ ചിലർ ഹൃദയപൂർവ്വം അനുസ്മരിക്കുന്നു. ചിന്നമ്മയുടെ അങ്ങിനെയുള്ള ആതുരപരിരക്ഷണശുശ്രൂഷകൾ എത്ര ചെയ്താലും മതിവരികില്ലതന്നെ.

---

## അദ്ധ്യായം ൧൮

### രോഗാനന്തരം

രോഗാനന്തരം, ആയിരത്തിഒരുനൂററിമൂന്നാമാണ്ടു വിദ്യാലയവർഷാരംഭത്തോടുകൂടി ചിന്നമ്മക്കു വീണ്ടും ഇൻസ്പെക്ട്രസ്സായി തിരുവല്ലാഡിസ്ട്രിക്റ്റിലേയ്ക്കു സ്ഥലം മാററപ്പെട്ടു. ഈ സ്ഥലംമാററം ചിന്നമ്മയ്ക്കു ഇഷ്ടപ്പെട്ടതായിരുന്നു. ആരോഗ്യം വീണ്ടെടുപ്പാൻ സ്ഥലംമാററംകൊണ്ടു കഴിഞ്ഞേയ്ക്കും എന്ന ആശയല്ല; ശക്തിയായി തൻെറ സ്ഥാപനത്തിനുവേണ്ടി വടക്കൻതാലൂക്കുകളിൽ പലപ്പോഴും എന്നപോലെ ഇപ്പോഴും വേല ചെയ്യുവാൻ കുറച്ചുകൂടി സൗകര്യമായി എന്നതുകൊണ്ടുമാത്രം.

അന്നു തിരുവല്ലയിലെ പെൺപള്ളിക്കൂടത്തിൽ ഹെഡ്മിസ്ട്രസ്സായിരുന്ന അമ്മുക്കുട്ടിഅമ്മ ചിന്നമ്മയെപ്പററി ഇങ്ങനെ സ്മരിക്കുന്നു.

"അമ്മയെ പ്രവൃത്തിയില്ലാതെ ഞാൻ ഒരുദിവസവും കണ്ടിട്ടില്ല. ഏതു സമയം ചെന്നാലും അമ്മ എന്തെ

ങ്കിലും പ്രവൎത്തിച്ചുകൊണ്ടിരിക്കും. ആ ജോലി ചെയ്തു കൊണ്ടിരിക്കയും കാണാൻചെല്ലുന്ന ആളിൻെറ കാൎയ്യം ശ്രദ്ധാപൂൎവ്വം കേട്ടു നിവൃത്തിഉണ്ടാക്കികൊടുക്കുകയും ചെയ്യും. ഒരു ഉദാഹരണം എടുത്തുകൊൾക: മന്ദിര ത്തിലെ കുട്ടികൾക്കു കൊടുത്തയപ്പാനായി ഏത്തയ്ക്കാ വററൽ വറുക്കുകയാണെങ്കിൽ അതു വറുക്കുകയും, സംസാ രിക്കുകയും ഒരേസമയത്തുതന്നെ അമ്മ നടത്തികൊണ്ടി രിക്കും. മന്ദിരത്തിൽ നിന്നും രോഗം പിടിപെട്ട ഒരു കുട്ടിയെ, ശുശ്രൂഷണാൎത്ഥം അന്നു്, അമ്മയോടൊത്തു തിരുവല്ലായിൽ താമസിപ്പിച്ചിരുന്നു. കുട്ടിയെ ആശ്വസി പ്പിക്കുവാനായി കഥകൾ പറഞ്ഞുകൊടുക്കുന്നതും, വായി ക്കുന്നതും ഒപ്പിടുന്നതും എന്നിങ്ങനെ ഒരവസരത്തിൽ പലേകാൎയ്യങ്ങളിൽ ഏൎപ്പെട്ടു സമയം മുതലാക്കിയാലും സമയം പൊയ്പോകുന്നുവല്ലോ എന്നുപറഞ്ഞു കൃത്യ ങ്ങൾക്കു അമ്മ വീണ്ടും ധൃതിശംക്കൂട്ടും. മന്ദിരത്തിനു ധന ശേഖരണാൎത്ഥം, ഉദ്യോഗകാൎയ്യങ്ങളിൽനിന്നും അല്പം വിശ്രമം കിട്ടിയാൽ ഇതിനിടയിൽ പോകുവാനും അമ്മ അക്ഷമയാണു്. അതോടുകൂടി കൂടെക്കൂടെ മന്ദിരത്തിൽ പോയിവരുന്നതിനും അമ്മ ധൃതികൂട്ടും."

ഒരിക്കൽ, തിരുവല്ലയിൽനിന്നും മന്ദിരത്തിൽ വന്നു മടങ്ങിയിട്ടു, മന്ദിരഭരണം ഏററു നടത്തിവന്നിരുന്ന ബി രുദധാരിണിയായ ഒരു യുവതിക്കു ചിന്നമ്മ ഇങ്ങനെ എഴു തുകയുണ്ടായി "ഞാൻ പോരുന്ന അവസരത്തിൽ പല കാൎയ്യങ്ങളും പറഞ്ഞിട്ടുപോരേണ്ടതുണ്ടായിരുന്നു. വന്ന ഉടൻ എഴുതയക്കാമെന്നു വിചാരിച്ചിട്ടു ഇന്നേ സാധി ച്ചുള്ളൂ........മന്ദിരത്തെ സംബന്ധിച്ചു എനിക്കു അല്പ

മൊന്നു എഴുതേണ്ടതായിട്ടുണ്ടു്. ആയതു് എന്നെ തെററിദ്ധരിക്കാതെ വായിക്കണം.

'മന്ദിരത്തിന്റെ ആരോഗ്യം, മന്ദിരത്തിലെ അനാഥക്കുട്ടികളുടെ ആരോഗ്യത്തെ ആശ്രയിച്ചാണിരിക്കുന്നതു്. മന്ദിരത്തെ ദർശിക്കുന്നവർക്കു പുറമെ ബഹുമോടിയായി കാണാമെങ്കിലും എന്റെ ദൃഷ്ടിയിൽ പതിഞ്ഞിട്ടുള്ളതു് ഏറ്റവും വ്യസനകരമായിട്ടാണിരിക്കുന്നതു്. കുട്ടികളുടെ ആരോഗ്യം വളരെ ക്ഷീണിച്ചു പിശാചു ബാധിച്ചവരെപ്പോലെ ഇരിക്കുന്നു. കെട്ടിടം എത്ര മോടിപിടിപ്പിച്ചാലെന്തു്? സാരമില്ല. കൊച്ചുകുട്ടികളുടെ........കവിൾ വീർത്തും മന്ദിച്ചും ഇരിക്കുന്നതു മട്ടും സുഖകരമല്ല. പേൻ പെരുക്കുമ്പോൾ തല മൊട്ടയിടുന്നതിനെക്കാൾ പേൻ പിടിക്കാതെ സൂക്ഷിക്കയാണു വേണ്ടതു്. കുട്ടികളുടെ ഡിസിപ്ലിൻ തീരെ ശരിയാകുന്നില്ല........അതിനാൽ ഞാൻ ഏതാനംപേർക്ക് ജോലി വിഭാഗിച്ചുകൊടുത്തിട്ടുണ്ടു്. അതിൻവണ്ണം നിഷ്കർഷയായി അവരെക്കൊണ്ടു ചെയ്യിക്കണം" ചാരത്തെന്നപോലെ ദൂരത്തിരുന്നാലും ചിന്നമ്മ സംഗതികൾ ഗ്രഹിക്കയും ഉടനുടൻ കണ്ടതു കണ്ടതുപോലെ പറകയും പരിഹാരം നിർദ്ദേശിക്കയും ചെയ്യുന്നതു ഉചിതവും നിശിതവുമായ തരത്തിലാണു്. താൻ ആർക്കുവേണ്ടിയാണു്, ചിലപ്പോൾ രൂക്ഷമായും എഴുതുകയോ പറകയോ ചെയ്യേണ്ടിവരുന്നതെന്നു് വല്ലായ്മപ്പെടുന്നവർ ഓർക്കുമെങ്കിൽ തന്നോടു് ആർക്കുമേ പരിഭവത്തിനു വകയില്ല എന്നു അവർ ഓർമ്മിപ്പിക്കുകയും ചെയ്യും.

ഇതുപോലെ, ചിന്നമ്മ അയച്ച ഒരു കത്തിനു പരിഭവപ്പെടുന്ന ഒരു മറുപടി കിട്ടിയപ്പോൾ "പരിഭവത്തിൽ ഞാൻ സന്തോഷിക്കുന്നു. സ്നേഹത്തിൽനിന്നാണ് പരിഭവം. അതില്ലെങ്കിൽ പരിഭവവുമില്ലല്ലോ... ....സ്ഥാപനത്തെ സംരക്ഷിക്കേണമെന്നേ വേണമെന്നെല്ലാം. സർവേശ്വരനിൽ ആ ഭാരത്തെ പരിപൂർണ്ണവിശ്വാസത്തോടുകൂടി സമർപ്പിച്ചു പ്രവർത്തിക്കുകതന്നെ. ആചിപ്ശക്തി സകലതും നടത്തിക്കൊള്ളും. നാം മനുഷ്യരെ ആശ്രയിക്കുന്തോറും നമുക്കു ദുഃഖവും ഇച്ഛാഭംഗവുമേ ഉണ്ടാകാനിടയുള്ളൂ. അതിനാൽ ഈശ്വരനെത്തന്നെ സമാശ്രയിക്കുക" പരിഭവവും ദുഃഖവും ഇച്ഛാഭംഗവും നിമിത്തം മടുത്തുപോകാതെ ഈശ്വരവിശ്വാസം വളർത്തി, ഈശ്വരനിൽ സമർപ്പിതമായി കൃത്യങ്ങൾ ചെയ്യുവാൻ പ്രേരിപ്പിക്കുകയാണ് 'സംപൂജ്യയായ' ചിന്നമ്മ ഇവിടെ ചെയ്യുന്നത്?.

വാക്കുകളിൽ സംപൂജ്യയെന്നു അന്യർ കല്പിക്കുന്ന സ്ഥാനത്തെ ചിന്നമ്മ നിഷേധിച്ചിട്ടുള്ള ഒരു സംഭവമാണ്, തന്റെ ഒരു പുസ്തകം മന്ദിരാംബയ്ക്കു സമർപ്പിക്കുവാൻ അനുവാദം തരണം എന്നു അഭ്യർത്ഥിച്ച ജി. ആർ. തങ്കമ്മയ്ക്കു അവർ എഴുതിയ ഒരു കത്തിൽ കാണുന്നത്. "സമർപ്പണം വേണ്ടതന്നെ. എനിക്കു സമർപ്പിക്കുന്നതിൽ ഞാൻ ഇഷ്ടപ്പെടുന്നില്ല. നിങ്ങൾ എന്നെ അത്രവലിയ ആളാക്കേണ്ടതില്ല. ഞാൻ പറഞ്ഞിട്ടുള്ളതുപോലെ എന്നോടു സ്നേഹവും ഭക്തിയും എന്നും മനസ്സിൽ ഉണ്ടായിരുന്നാൽ ഞാൻ കൃതാർത്ഥയാവും"

"സ്നേഹവും ഭക്തിയും" എന്നു ചിന്നമ്മ വിവക്ഷിക്കുന്നതു പരസേവനത്തിൽ മനുഷ്യൻ കാണിക്കേണ്ടുന്ന

ദൃഢനിശ്ചയത്തെ സൂചിപ്പിക്കുകയാകുന്നു. അതുണ്ടെങ്കിൽ, താൻ, ആ കർമ്മങ്ങളിലൂടെ ധന്യയായിക്കൊള്ളുമെന്നാണ്—ഹൃദയങ്ങളിൽ പ്രതിഷ്ഠ നേടിക്കൊള്ളുമെന്നാണ്—സമാധാനം. ഹൃദയാധിഷ്ഠിതമായ സ്നേഹത്തിൽ കവിഞ്ഞു തനിക്കു ആരും ഒന്നും ചെയ്യുന്നതു ചിന്നമ്മയ്ക്കു ഇഷ്ടമില്ലായിരുന്നു.

തിരുവല്ലയിൽവച്ചു, ഒരു ദിവസം കാൽവഴുതി വീണു കൈ തിരമ്പിയ വാർത്തകേട്ടു സമീപത്തുള്ള പെൺപള്ളിക്കൂടങ്ങളിലെ അദ്ധ്യാപികമാർ പഠിപ്പിച്ചുകൊണ്ടിരുന്ന ക്ലാസ്സുകളിൽനിന്നും ഇറങ്ങി ഇൻസ്പെക്ടസ്സമ്മയെക്കാണ്മാൻ ഓടിപ്പോവുകയുണ്ടായി. അവർ, ചിന്നമ്മയെക്കണ്ടപ്പോഴാണ് തങ്ങൾ കൃത്യവിലോപം വരുത്തുന്നവരോട് 'നിർദ്ദയം പെരുമാറുന്ന അമ്മയുടെ' സമീപത്താണു നിൽക്കുന്നതെന്നു മനസ്സിലാക്കി, ക്ലാസ്സുപേക്ഷിച്ചിട്ടു ഓടിയതിൽ എന്തു പറയുമോ എന്നു വേവലാതിപ്പെട്ടുവാൻ തുടങ്ങിയതു്. അവരുടെ ചിന്നമ്മയോടുള്ള അവധിയില്ലാത്ത സ്നേഹവായ്പാണു് കൃത്യവിലോപത്തിനു കാരണം. എങ്കിലും, നമ്മുടെ കഥാനായികയ്ക്കു അതിഷ്ടമായില്ല.

കുട്ടനാടൻ പ്രദേശങ്ങളിൽ സഞ്ചരിച്ചു സ്ഥിരമായി ആണ്ടുതോറും മന്ദിരാവശ്യത്തിലേയ്ക്കു കൃഷിക്കാർ ഉദാരമായി യഥാശക്തി നെല്ലുകൊടുക്കത്തക്കവണ്ണമുള്ള ഒരു ശ്രമത്തിനു അക്കാലത്തെ ഒരു മദ്ധ്യവേനലൊഴിവിൽ ചിന്നമ്മ, പോകുവാൻ തീർച്ചപ്പെടുത്തിയിരിക്കുമ്പോൾ മലബാറിൽ കൂടുന്ന വനിതകളുടെ ഒരു മഹാസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കുവാനായി ക്ഷണിക്കപ്പെട്ടു.

എന്നിട്ടു അതു നിരസിക്കുവാനുണ്ടായ കാരണത്തെപ്പററി ജി. ആർ. തങ്കമ്മ ചോദിച്ചപ്പോൾ ചിന്നമ്മ പറഞ്ഞു: “ഞാൻ കുറെ യശസ്സുനേടാൻ പോയാൽ എൻെറ കുട്ടികൾ പട്ടിണിയാകും”

ചിന്നമ്മയോടു, എത്ര കുട്ടികളുണ്ടെന്നു ചോദിച്ചാൽ അപ്പോൾ എത്ര കുട്ടികൾ മന്ദിരത്തിലുണ്ടോ അതോടെ, ഔരസസന്താനങ്ങളായ മൂന്നുപേരെയുംകൂടി ഉൾപ്പെടുത്തിയിട്ടുവരുന്ന എണ്ണത്തെ അവർ പറയുമായിരുന്നു.

നൂററിനാലാമ്മാണ്ടു അനാഥബാലന്മാക്കുവേണ്ടി ചങ്ങനാശ്ശേരിത്താലൂക്കിലെ വാഴൂർ എന്ന സ്ഥലത്തു ഒരു അനാഥാലയം തുറന്നു. തിരുവല്ലായിൽ നിന്നുള്ള ഒരു കത്തിൽ “തിരുവല്ലായിൽ അടുത്ത മാസത്തിൽ മന്ദിരത്തിൻെറ ഒരു ശാഖാസ്ഥാപനം തുറക്കണമെന്നു വിചാരിക്കുന്നു. ഒരുക്കങ്ങൾ ചെയ്തുവരുന്നു” എന്നിങ്ങനെ കേവലം അനാഥാസംരക്ഷണത്തിനുവേണ്ടി മാത്രമുള്ള ചിന്താഭാരംകൊണ്ടു കഥാനായികയുടെ നിമിഷങ്ങളോരോന്നും ഗുരുതരങ്ങളാണു്. താൻ മരണശയ്യയിൽനിന്നും രക്ഷപ്പെട്ടു് എഴുന്നേററാതെ ഉള്ളു എന്ന കഥ, അവർ അനുദിനം പീഡിതയാണെങ്കിലും, വിസ്മരിച്ചിരിക്കുന്നതു പോലെ തോന്നുന്നു.

# അദ്ധ്യായം ൨൮

## വൈരുധ്യങ്ങൾ

ഇക്കാലത്തു, ചിന്നമ്മയുടെ ആരോഗ്യത്തിനായി പ്രാൎത്ഥിച്ചുകൊണ്ടു് ശ്രീമതി ജി. ആർ. തങ്കമ്മ അയച്ച ഒരു കത്തിനുള്ള "ആരു പ്രാൎത്ഥിച്ചാലെന്തു്? ലാലാജിയുടെ അവസാനം എങ്ങനെയായി. ഈ നാടകരംഗത്തിൽ എത്ര വീരശൗൎയ്യപരാക്രമങ്ങളോടു അഭിനയിക്കുന്നവരും അവൻെറ അട്ടഹാസങ്ങളെല്ലാം നിയതിയുടെ ആഹ്വാനത്തിൽ അവസാനിക്കതന്നെചെയ്യും. ഒരു ക്ഷണനേരത്തേയ്ക്കു പോലും മാററിവയ്ക്കാവതല്ല. എന്നിട്ടും മനുഷ്യൻെറ അഹങ്കാരം എത്ര ദയനീയമായിരിക്കുന്നു. ഇക്കാണുന്നതെല്ലാം സത്യമെന്നു ഭ്രമിച്ചു് ഉള്ള സത്യത്തെ അറിയാൻ ശ്രമിക്കപോലും ചെയ്യുന്നില്ല. മനസ്സു ആ പഥത്തിൽ സഞ്ചരിക്കുവാൻ പ്രാപ്തമാകുന്നില്ല. അതും സൃഷ്ടിമഹത്വം തന്നെ." മറുപടിയിൽ ഇങ്ങനെ എഴുതിയിരിക്കുന്നു.

മലയാളമലകൾക്കുള്ളിൽ മാത്രം ഒതുങ്ങിനില്ക്കാതെ അഖിലഭാരതദൃഷ്ടിയോടുകൂടി ലാലാജിയെപ്പോലുള്ള ഗംഭീരപുരുഷന്മാരെയും സിസ്റ്റർ നിവേദിതയെപ്പോലുള്ള സേവനതല്പരകളേയും ചിന്നമ്മ പ്രകൃത്യനുരൂപമായി സാഹോദര്യത്തിനു ചൂണ്ടിക്കാണിക്കാറുണ്ടു്. ക്രിസ്തുമുതൽ ഇങ്ങോട്ടു നോക്കുന്നതായാൽ പലമഹാത്മാക്കളും തങ്ങൾ ജീവിച്ചതായി ഭാവിലോകം അറിയേണമെന്നു് അവരുടെ പ്രവൃത്തികളിലും വാക്കുകളിലും നിഗ്രഹനം ചെയ്തിട്ടുള്ളതായി കാണ്മാനുള്ളതുപോലെ നമ്മുടെ

കഥാനായികയും തൻെറ വ്യക്തിത്വത്തെ സ്ഥാപിക്കുന്നതിനു വീരോചിതമായ പ്രാഗത്ഭ്യം പ്രദർശിപ്പിക്കുന്നതു ഈ ഗ്രന്ഥത്തിൽ പലയിടത്തും കാണാം.

ഇനി, മേൽ ഉദ്ധൃതമായ കത്തിൽ "മനുഷ്യൻെറ അഹംകാരം എത്ര ദയനീയമായിരിക്കുന്നു" എന്നെഴുതുവാൻ ആത്യന്തികവും സ്പർശകവും ആയ എന്തെങ്കിലും സംഭവം ഉണ്ടായിട്ടുണ്ടോ എന്നു ആരാഞ്ഞുനോക്കാം. "ലൌകികാവശ്യങ്ങൾക്കായി ഈ ശരീരം മേലാൽ ഉപയോഗിക്കപ്പെടുകയില്ല. അതിനാൽ അതു സർവ്വേശ്വരനിൽ സമർപ്പിച്ചുകഴിഞ്ഞിരിക്കുന്നു. അതു എന്നായാലും നശിക്കും. എല്ലാവരും ഉപേക്ഷിക്കുകയും ചെയ്യും. അതിൽ അത്ര ഭ്രമിച്ചിട്ടാവശ്യമില്ല. നിങ്ങളാരും എന്നെ കണ്ടുതപ്പെടരുതു" എന്നിങ്ങനെ ലോകം മുഷിഞ്ഞു ചിന്നമ്മ സാധാരണ ലോകത്തുനിന്നും അകലാൻ കാംക്ഷിക്കുന്നതായി ഒരു കത്തിൽ കാണ്മാനുണ്ടു.

ആയിരത്തി ഒരുന്നൂറിനുശേഷം ചിന്നമ്മയെ ബാധിച്ച രോഗബാധയെക്കാളും, വേദനാകരമായി, നൂതനമായി തിരുവനന്തപുരത്തുണ്ടായ 'വനിതാസംഘം' ചിന്നമ്മയോടു എതിരിടുവാൻ തുടങ്ങി. 'ആ എതിരിടൽ വളർന്നു വളർന്നു വന്നു', പാവങ്ങൾക്കുവേണ്ടി അഹോരാത്രം ചിന്തിച്ചും പ്രയത്നിച്ചും ക്ലേശിച്ചും ഹൃദയരക്തം വററിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ കഥാനായികയെ വ്രണിതചിത്തയാക്കിത്തീർത്തു എന്നു പറഞ്ഞാൽ മതിയല്ലോ. മന്ദിരത്തിന്റെ ഭരണം, പറയപ്പെട്ട സംഘവനിതകൾക്കു വിട്ടുകൊടുക്കണമെന്നായിരുന്നു അവരുടെ പ്രക്ഷോഭം. ഈ ക്ഷോഭസ്വരം ഉയരാൻതുടങ്ങിയ ആദ്യഘട്ടത്തിൽ

അന്നു മന്ദിരബന്ധുവായ ഒരു പ്രവൎത്തകയ്ക്കു ചിന്നമ്മ ഇങ്ങനെ എഴുതി. "മന്ദിരത്തിന്റെ ഭരണം നിരുത്തരവാദിത്വം വഹിക്കുന്ന ഒരു പ്രൈവററു സംഘത്തിനു ഒന്നുകൊണ്ടും വിടാൻ തരമില്ല. മന്ദിരം കേവലം ഒരു സംഘവുമല്ല. ഒരു മഹാസ്ഥാപനമാണു്. ആരുടേയും ആജ്ഞാനുസരണം സ്ഥാപിതവുമല്ല. അതിന്റെ പരിപാവനമായ ആദൎശത്തിനു വൈകല്യം വരുത്തുവാനോ ഞാൻ ജനങ്ങളോടും ഗവൺമെന്റിനോടും നിൎവഹിക്കേണ്ട ചുമതലയെ വിസ്മരിച്ചു പ്രവൎത്തിക്കുവാനോ ഒരിക്കലും സാദ്ധ്യമല്ല. മന്ദിരം സ്ഥാപിച്ച നാൾ മുതൽ ഇന്നേവരെ അനുസരിച്ചുപോരുന്ന ആദൎശത്തെ ലക്ഷ്യമാക്കി 'മഹിളാമന്ദിരം അസോസിയേഷൻ' എന്ന നിലയിൽ പ്രവൎത്തിക്ക അല്ലാതെ തദ്വിപരീതമായി യാതൊരാലോചനയും മന്ദിരഭരണവിഷയത്തിൽ ആരും ഹാജരാക്കേണ്ട ആവശ്യമേ ഇല്ല. മന്ദിരം തിരുവനന്തപുരത്തെ വനിതാസംഘത്തെ ആശ്രയിച്ചല്ല ജീവിക്കുന്നതു്. മഹിളാമന്ദിരം അസോസിയേഷൻ രജിസ്റ്ററാക്കപ്പെട്ടിട്ടു ഇതു ഒൻപതാമത്തെ കൊല്ലമാണു്. അതിൽ അംഗങ്ങളായി പുരുഷന്മാരും, സ്ത്രീകളുമുണ്ടു്. അതിന്റെ വ്യാപ്തി തിരുവിതാംകൂറിലും, പുറമേയും ഉണ്ടുതാനും. ആ പൊതുജനവിശാസ്യതയെ ഭഞ്ജിച്ചുള്ള ഒരു വ്യവസ്ഥയ്ക്കും ആരും ഒരുങ്ങേണ്ട ആവശ്യമില്ല. വനിതാസംഘത്തെ ഞാൻ അപലപിക്കുന്നില്ല. വല്ല സഹായവും ഈ ധൎമ്മകൃത്യത്തിൽ ചെയ്യുവാൻ നല്ല മനസ്സുണ്ടെങ്കിൽ അവർ ചെയ്യട്ടെ. ഇല്ലെങ്കിൽ വേണ്ട. മന്ദിരം ഏതുകാലപൎയ്യന്തം ആരിൽനിന്നും നിൎബന്ധിതമായ യാതൊരാനുകൂല്യത്തെയും

അർത്ഥിച്ചിട്ടില്ല. അതു് അതിലാഭത്തെയോ നഷ്ടകാംക്ഷയോ ഉദ്ദിഷ്ടഫലമായി കരുതുന്നതല്ല. കേവലം ധർമ്മതത്വങ്ങളെയാണു് ആദർശമാക്കുന്നതു്. അനാഥസംരക്ഷകനായ ജഗന്നിയന്താവു ആരംഭം മുതൽ അതിനെ നടത്തിക്കൊണ്ടുപോകുന്നു. മേലും, നടക്കുകതന്നെ ചെയ്യും. ഇഷ്ടമുള്ളവരെല്ലാം പങ്കുകൊള്ളട്ടെ. അല്ലാത്തപക്ഷം പിന്മാറട്ടെ. ഞാൻ ജീവിച്ചിരിക്കുന്നേടത്തോളം ആ സ്ഥാപനം അതിന്റെ ആദർശത്തിൽ നിന്നും വ്യതിചലിക്കുന്നതിന്നു് അനുവദിക്കുകയില്ല."

ഈ സന്ദർഭത്തിൽ കഥാനായിക വേറൊരു കത്തിൽ എഴുതുന്നു. "മത്സരത്തിനൊരുങ്ങുന്ന രംഗങ്ങളിൽ നിന്നും ഒഴിഞ്ഞുമാറുന്നതിന്നു് ആരുടെയും സഹായം വേണ്ടല്ലൊ. ശ്രീരാമൻ പറഞ്ഞിട്ടുള്ളതുപോലെ "രാജ്യം ഭരിപ്പാൻ ഭരതൻമതി; രാജ്യമുപേക്ഷിപ്പാൻ ഞാനും മതി" അങ്ങനെ എങ്കിൽ അങ്ങനെയാവട്ടെ. യുദ്ധത്തിന്നു് പുറപ്പെട്ടാൽ ഞാൻ മാത്രം ഒരു പുറത്തു ഉണ്ടാവുക ഉള്ളുവല്ലോ. എന്നാൽ സർവശക്തനായ ശ്രീഭഗവാൻ അർജ്ജുനനെ എന്നപോലെ എന്നെയും കടാക്ഷം."

താൻ നടപ്പിൽ വരുത്തിയിട്ടുള്ള ചട്ടങ്ങൾക്കു് ഈഷൽഭംഗം വരുകയോ വരുത്തുകയോ ചെയ്യുക എന്നുള്ളതു് ചിന്നമ്മയ്ക്കു സഹ്യമല്ല. മന്ദിരത്തിലെ ആശ്രമജീവിതക്രമത്തിന്നു് ഭംഗം വരുന്നതായിട്ടുടനെ ചിന്നമ്മ ഇടക്കാലത്തു് മന്ദിരഭരണം ഏററു നടത്തിവന്നിട്ടുള്ളവർക്കു് എഴുതിയിട്ടുള്ളതായി കാണുമാറുണ്ടു്. അങ്ങനെ ഒരു അസ്വാതന്ത്ര്യം സ്ഥാപനത്തിന്നൊരുകാലത്തും വന്നുകൂടാ എന്നതാണു് ചിന്നമ്മയുടെ തീർച്ച. "യഥാർത്ഥ

മാത്രപരിഷ്കാരം വേണ്ടതുതന്നെ" എന്നു അവർ ഉട്ടപ്പിൽ തുന്നിപ്പിടിപ്പിക്കുന്ന ഉന്നതവിദ്യാഭ്യാസപരിഷ്കാരപരിധികൾക്കപ്പുറത്തു നില ഉറപ്പിച്ചുകൊണ്ടു് തനി ഭാരതീയ എന്ന നിലയിൽ എടുത്തുപറയുന്നു; ആചരിക്കുന്നു; പ്രചരിപ്പിക്കുന്നു. ആദർശങ്ങൾക്കു വിഘാതം വരാതെ മന്ദിരം അതിൻെറ പ്രത്യേകതയോടെ, സാധുസേവനത്തെ ഉദ്ബോധിപ്പിച്ചുകൊണ്ടു നിന്നുപോകുന്നതിനു്, അതിൻെറ വൈതരണിക്ലേശങ്ങൾ കടന്നുപോകുവാനുള്ള യത്നം കൂടാതെ, അറുപതിനായിരം രൂപയോളം അന്നു വില നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്ഥാവരസ്വത്തും മന്ദിരാംബ മന്ദിരത്തിനു സമ്പാദിച്ചിട്ടുണ്ടു്. അങ്ങനെ മന്ദിരാദർശം ഒരു കാലവും നശിക്കാതെ നിലനിന്നുപോകുവാൻ മന്ദിരാംബ സുദസ്സഹങ്ങളായ വിഷമങ്ങളോടെ താഡിതമായി യത്നിച്ചുകൊണ്ടുവരുമ്പോഴാണു് വനിതാസംഘക്കാരുടെ, മല്ലിടൽ. അതു് ചിന്നമ്മയെ മന്ദിരത്തിൽനിന്നും പുറംതള്ളണം എന്നുവരെ എത്തിച്ചേർന്നു, പത്രപംക്തികളിൽ സ്ഥലം പിടിച്ചു. ചിന്നമ്മയുടെ സ്വാർത്ഥപൂർത്തികൾക്കാണു് മന്ദിരം എന്നിങ്ങനെ പല ദുഷ്പ്രവാദങ്ങളും പരത്തിത്തുടങ്ങി. ചിന്നമ്മയുടെ പക്ഷത്തു നിൽക്കുന്നവർ എന്നു ധരിപ്പിച്ചിരുന്ന പലരും ഈ ഘട്ടത്തിൽ മറുപക്ഷത്തിലാണെന്നു ബോദ്ധ്യപ്പെട്ടു. അപ്പോൾ ഒന്നുകൂടി വിശദീകരിച്ചുകൊണ്ടു് ചിന്നമ്മ എഴുതിയ കത്തിൽനിന്നും ഏതാനും നമുക്കു ഗ്രസിക്കാം.

"ഞാൻ ആയുഷ്കാലം മുഴുവൻ ഈ സ്ഥാപനത്തിൻെറ ആദർശത്തെ നിലനിർത്തുവാൻ പരിശ്രമിച്ചു

"കൊള്ളാമെന്നുള്ള കരാറിന്മേൽ എന്നെ വിശ്വസിച്ച തന്നെയാണു് ഗവൎമ്മെന്റും സ്ഥാപനത്തിന്റെ ആരംഭത്തിൽ അനേകമുള്ള മഹതീമഹാന്മാരും, സ്ഥാവര സ്വത്തുകൊണ്ടും, ധനംകൊണ്ടും, ശരീരംകൊണ്ടും, വിദ്യ കൊണ്ടും എല്ലാം എന്നെ സഹായിക്കുവാൻ ഉദ്യമിച്ചതു. എന്നാൽ വനിതാസംഘമോ? അതു സ്ഥാപിച്ചിട്ടു ഒരു കൊല്ലമായിട്ടുണ്ടു്. ലക്ഷ്യമെന്തു്? പറയത്തക്കതായി ഒന്നും ഇല്ല. ഉദ്യോഗസ്ഥകളും ചില ഉദ്യോഗസ്ഥന്മാരുടെ ഭാൎയ്യമാരുമായ തിരുവനന്തപുരത്തുള്ള ഏതാനും ചില വലിയ ആളുകൾ അവരുടെ സൗകൎയ്യാനുസരണം സമുദായസേവനം ചെയ്യാമെന്നു കരുതി സ്ഥാപിച്ചിട്ടുള്ളതാണു. അതു നല്ലതുതന്നെ. അതു ഈ സ്ഥാപനത്തെയും സൗകൎയ്യമുള്ളപ്പോൾ സഹായിക്കുമെന്നാണു് മുൻപൊരിക്കൽ പറഞ്ഞിട്ടുള്ളതു്! അതിൽ ഇത്ര ലയിക്കുവാൻ എന്തുറപ്പാണുള്ളതു്? അവൎക്ക അതു പറയുവാൻ എന്തവകാശമാണുള്ളതു്? അവരുടെ ഇടയിൽത്തന്നെയുള്ള ഉൾത്തിരക്കും അസൂയയും ആദ്യമേ നീക്കി അതിന്റെ ഉദ്ദേശസാദ്ധ്യം വരുത്തി കാണിക്കട്ടെ. ഈ അസോസിയേഷൻ ഒരിക്കലും മഹിളാസംഘമോ വനിതാസംഘമോ ആകുന്നതല്ല. മന്ദിരം അസോസിയേഷനിൽ പുരുഷന്മാരും ഉണ്ടു്. ഒരണം സ്ത്രീകൾക്ക വിട്ടുവെങ്കിലും Vote ചെയ്യുവാൻ അവൎക്ക അധികാരമുണ്ടു്. ജനവരി ഒഴിവിനു അവരെക്കൂടി ക്ഷണിച്ചു വേണമതു ഞാൻ ചെയ്തു കൊള്ളാം.

"ഞാൻ ഒരു സ്ത്രീയെന്നുള്ള നിലയെല്ലാം ഉപേക്ഷിച്ചു്, കായക്ലേശത്തെയോ, ധനനഷ്ടത്തെയോ, കഷ്ടം

'ഭോജനകൃത്യങ്ങളിലോ യാതൊന്നും വകവയ്ക്കാതെ കാൽനടയായി തിരുവിതാംകൂർ നീളെ നടന്നു ഗൃഹംതോറും ഭിക്ഷയെടുത്തപ്പോഴും എന്നെ അനുഗമിക്കാൻ നാട്ടിലെ എന്റെ സഹോദരന്മാരല്ലാതെ ഒരൊററ വനിതാരത്നവും ഉണ്ടായിരുന്നില്ല. സന്ന്യാസി, ഗൃഹസ്ഥൻ, വാനപ്രസ്ഥൻ, ബ്രഹ്മചാരി എന്നീ ആശ്രമോപാസകരിൽ എല്ലാവരും ഉദ്യോഗസ്ഥാനുദ്യോഗസ്ഥരും ധർമ്മപ്രേരിതമായ ഈ കൃത്യത്തിൽ ഇറങ്ങിപ്പുറപ്പെട്ടു. എന്നെ സഹോദരി നിർവിശേഷമായ വാത്സല്യത്തോടും. മാതൃതുല്യമായ ഭക്തിയോടും കൂടി ശരീരംകൊണ്ടും ധനംകൊണ്ടും സഹായിച്ചിട്ടുണ്ട്. അതിനാൽ അസോസിയേഷന്റെ അന്യഥായുള്ള പരിവർത്തനത്തിനുമുൻപ്, അതിനുവേണ്ടി സർവ്വഥാ വ്യയം ചെയ്തിട്ടുള്ളവരുടെ അഭിപ്രായംകൂടി അറിയേണ്ടതല്ലേ? കേവലം ബി. ഏ ബിരുദധാരിണികളായതിനാൽ മഹിളാമന്ദിരം അസോസിയേഷൻ കാര്യത്തിൽ അവർക്കു പറയാൻ കാര്യം ഉണ്ടാകുന്നതല്ലല്ലോ. അതുകൊണ്ടു് ഞാൻ എന്റെ മുൻ എഴുത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ വനിതാസംഘാംഗങ്ങളിൽ മഹിളാമന്ദിരം അസോസിയേഷനിൽ ചേരുവാൻ മനസ്സുള്ളവർ ചേർന്നു പ്രവർത്തിക്കയല്ലാതെ മറിച്ചുവരുവാൻ ഒന്നുകൊണ്ടും സാദ്ധ്യമല്ല............ഇന്നത്തെ നിലയ്ക്കു ഞാൻ സ്ഥാപനം മററാരെയെങ്കിലും ഏല്പിച്ചാൽ ഞാൻ രാജവംശത്തോടും ബഹുജനങ്ങളോടും ഒരു വൻചതിയായിരിക്കും ചെയ്യുന്നതു്. ഞാൻ അവിടത്തെ ലാഭത്തെ മോഹിച്ചല്ല ഇതേവരെ നടത്തിയതെന്നു ഏവർക്കും ഇപ്പോൾ ബോദ്ധ്യ

"മായല്ലോ. * സിക്രട്ടറിയെമാററുവാനും, വനിതാസംഘത്തിനു മരണം നൽകാനുമൊക്കെയുള്ള ആലോചനകൾ കൗൺസിൽഅംഗങ്ങൾ എല്ലാംകൊണ്ടും എന്നെയല്ലേ അറിയിക്കേണ്ടിയിരുന്നതു്..............

"കഷ്ടം! അഹൊ എത്ര കൃതഘ്നമായ സമുദായം! പന്ത്രണ്ടുസംവത്സരം തന്റെ സർവ്വസ്വാതന്ത്ര്യം പരിത്യജിച്ചു് കാടും മേടും കരയും കായലും എല്ലാം നടന്നുതന്നെ (മോട്ടോർ തുടങ്ങിയ വാഹനത്തിലല്ല) ഒരു സ്ഥാപനത്തെ തുടങ്ങി ഇത്രമേൽ ആക്കിയപ്പോൾ എന്റെ അനുവാദം കൂടാതെയും, എന്നോടു ആലോചിക്കപോലും ചെയ്യാതെയും മറെറാരുസംഘം രൂപീകരിച്ചുകളയാമെന്നു തോന്നിയ മനസ്ഥിതി എന്തു കഷ്ടമാണു്! ഞാൻ മരണശയ്യയിൽ കിടക്കുന്ന അവസരത്തിൽ ഈ സ്ഥാപനത്തെ ലക്ഷ്യമാക്കി ഒരു ദിവസത്തെ ചെലവിനു എങ്കിലും വേണ്ടതു ചെയ്യുവാനോ അനാഥയായ കുട്ടികളെ ഒന്നു പരിപാലിക്കുവാനോ തിരുവനന്തപുരത്തെ വനിതാസംഘം എന്തു കൊണ്ടു മുതിന്നില്ല?

"മന്ദിരത്തിനുള്ള ധനബാഹുല്യതകൾക്ക ആരുള്ളതരം പറയുമെന്നാണു് നിശ്ചയം? ആകപ്പാടെ നടത്തിയതു നടത്തി, പത്രത്തിൽ പേരുംപെടുത്തിച്ചു്, കുറേകഴിയുമ്പോൾ ആരിലെങ്കിലും കുററവും ചുമത്തി ഭരണക്കാർ പിന്മാറും. സ്ഥാപനവും നശിക്കും............അതു ഞാൻ സമ്മതിക്കുകയില്ല. ശരിയായ ഒരു മൂലധനത്തിന്മേൽ സ്ഥാപനം ഉറയ്ക്കുന്നതുവരെ അതിന്റെ പരിരക്ഷണത്തിനു ഞാൻ അവകാശിയാണു്."

---

* ചിന്നമ്മ.

ഇതിനിടയിൽ, മന്ദിരത്തിൽ താമസിച്ചുപോരുന്ന ചില യുവതികൾ വെളിയിലുള്ള എതിരാളികളായ കമ്പഞികളുടെ പ്രേരണയും വഴങ്ങി, കുട്ടികളുടെ ഇടയിൽ കുഴപ്പം വലിച്ചിടുവാനും യഥേഷ്ടം പുറത്തുപോവാനും, കലശലായ ഉപദ്രവം ഉണ്ടാക്കിത്തുടങ്ങി. ഒട്ടുകഴിഞ്ഞു് അതിൽ പശ്ചാത്താപം പ്രകടിപ്പിച്ചുകൊണ്ടു് മന്ദിരവാസിനിയായ ഒരു യുവതി മന്ദിരാംബയ്ക്കു എഴുതിയപ്പോൾ, അവർ അതിനുള്ള മറുപടിയിൽ "നീ എന്നോടു മാപ്പു ചോദിച്ചതെന്തിനു്? നീ നിന്നോടു തന്നെ നിന്നെപ്പററി ചില ചോദ്യങ്ങൾ ചെയ്യു അപരാധം എന്നു തോന്നുന്ന വല്ല പ്രവൃത്തിയും ചെയ്തിട്ടുണ്ടെങ്കിൽ മാപ്പു ചോദിക്കുക. അല്ലാതെ മേൽഗതിക്കു വകയില്ല. എന്നെ നിനക്കു ഒളിക്കാമായിരിക്കാം. എന്നാൽ നിന്നെ നിനക്കു ഒളിക്കാവുന്നതല്ലല്ലോ. അതിനാൽ നിന്റെ ശാസിതാവു് നീ തന്നെയാവാൻ ശ്രമിക്കുക. അന്തസ്സാക്ഷാൻ ജഗദീശ്വരനോടു തന്നെയാണു നീ മാപ്പുചോദിക്കേണ്ടതു്". നിങ്ങൾ മന്ദിരം വിട്ടുപോകണമെന്നും മററും പറയുമ്പോൾ തടഞ്ഞിട്ടുള്ളതു ഈശ്വരകാരുണ്യം നിങ്ങളിലില്ലാതെ പോകുന്നുവല്ലോ, എന്നു കരുതി മാത്രമായിരുന്നു. കമ്മഗതി അതല്ലെന്നു കണ്ടപ്പോൾ മുതൽ ഞാൻ അതിൽനിന്നും വിരമിച്ചു എന്നേയുള്ളു. എന്നാലും നിങ്ങളുടെ ഭാവിയെ ഓർത്തു ഞാൻ മനസ്സുരുകി പ്രാർത്ഥിച്ചു പോരികയാണു്. അനാഥസംരക്ഷകനായ ശ്രീഭഗവൽസന്നിധിയിൽ നിങ്ങൾക്കുവേണ്ടി ഞാനെത്ര കണ്ണുനീർ പൊഴിച്ചിട്ടുണ്ടെന്നു നീ അറിഞ്ഞിട്ടുണ്ടോ? ഭഗവാനാകട്ടെ എന്റെ പ്രാർത്ഥനാനുസരണം മറെറല്ലാ അനുഗ്രഹങ്ങളും തന്നുകൊണ്ടുതന്നെയിരിക്കുന്നു. എന്നാൽ അവ

യെ യഥാവിധി അറിഞ്ഞു ജീവിക്കുവാൻ പാപപ്രകൃതി നിങ്ങളെ അനുവദിക്കുന്നില്ല.......'വിതയ്ക്കുന്നതേ കൊയ്യൂ' അതിന്നു ഭഗവാൻ എന്തു ചെയ്യും? അതു മാററാൻ അവരവർ തന്നെ ശ്രമിച്ചേ മതിയാവൂ. ഞാൻ നിങ്ങളെ സ്നേഹിക്കുന്നതുപോലെ നിങ്ങൾക്കു എന്നെ സ്നേഹിപ്പാൻ കഴിയുന്നില്ല. അതിന്നു ഞാനല്ല ഉത്തരവാദി. എഴുത്തിലെ വാചകങ്ങൾ സ്വന്തം ആത്മപ്രേരണയാൽ എഴുതിയതാണെങ്കിൽ നിനക്കു ശ്രേയസ്സുണ്ടാകും. അതല്ല, ആരുടെയോ പ്രേരണമൂലം വന്നതാണെങ്കിൽ നീ എഴുത്തു വായിച്ചു മനസ്സിലാക്കുക: "തന്നെത്താനറിയാഞ്ഞാൽ പിന്നെത്താനറിയും,"മന്ദിരത്തിൽനിന്നും പോകണമെന്നു തോന്നുമ്പോൾ, എന്നെയും ഈ വാക്യത്തെയും ഓർക്കുക.

"മന്ദിരത്തിൽ ഇത്രയും താമസിച്ചിട്ടും നിന്റെ മനസ്സു ഭഗവൽസ്മരണയ്ക്കും പൂജയ്ക്കും അർഹമായിതീരാത്തതിൽ കുണ്ഠിതമുണ്ടു് .........ഇനി ചെല്ലമ്മയാകട്ടെ. നീ തന്നെത്താൻ തയ്യാറാകുക. കഷ്ടം! ദീപം കണ്ടു ആഹാരസാധനം ആണ്" എന്നു ഭ്രമിച്ചു് അതിൽ ചാടി മരിക്കുന്ന ഈയ്യലിനെപ്പോലെ ലോകം നിന്നെ വ്യാമോഹിപ്പിക്കാതിരിക്കട്ടെ. ഹാ! നിങ്ങൾ അനുഭവിക്കുന്ന ജീവിതസുഖമെവിടെ? ലോകഗതി എവിടെ? ഈ എഴുത്തു നല്ലപോലെ വായിച്ചു് നിത്യം പാരായണം ചെയ്യണം," ഇങ്ങനെ എഴുതി.

ഇക്കാലത്തു മന്ദിരവാസികളെ മനഃപൂർവ്വം ഇളക്കി പുറത്തു വിടുവാൻ ഒന്നല്ല പലപ്രേരണകളും ഉണ്ടായിട്ടുണ്ടു്. അവിടെയെല്ലാം വീഴാതെ ചിന്നമ്മ തരണം ചെയ്തതു് അസാധാരണമായ അവരുടെ വ്യക്തിത്വം

കൊണ്ടുമാത്രമാണു്. അതേ! അസാധാരണംതന്നെയായിരിക്കണം, മനുഷ്യസേവനത്തിനിറങ്ങുന്നവരുടെ ജ്ഞാനശക്തിയും, കർമ്മശക്തിയും.

ജീവിതം (Existence) എന്നതു പ്രപഞ്ചത്തിൽ എല്ലാററിനും ഉണ്ടു്. പക്ഷേ മഹത്വം (Excellence) വളരെ കുറച്ചുപേൎക്കേ ഉള്ളു. നസ്രേത്തിലെ വിപ്ലവകാരിയായ ആത്മീയ ചിന്തകനെ (ക്രിസ്തു) മുൾക്കിരീടങ്ങൾ അണിഞ്ഞു്, കൊലപ്പുള്ളികളോടൊപ്പം ക്രൂശിന്മേൽ തറയ്ക്കപ്പെട്ടപ്പോൾ തന്റെ ഹിംസകന്മാൎക്കു വേണ്ടി, അവരുടെ അജ്ഞാനതിമിരിതമായ നിഷ്ഠുരത മൂലം അനുഭവിക്കുന്ന സ്വാത്മപീഡനത്തെ ഗണിക്കാതെ, അദ്ദേഹം ഈശ്വരനോടു് മാപ്പിരക്കുകയുണ്ടായി. അവിടെ ജീവികളുടെ നാശത്തിൽ കേൾക്കുന്ന രോമനത്തിനോ, രോഷത്തിനോ നിരാശയ്ക്കോ സ്ഥാനമില്ല. സമസൃഷ്ടിസ്നേഹം നിറഞ്ഞ ആ യതീശ്വരന്റെ അവസാന വാക്കുകൾ, നിതാന്തസുന്ദരമായ മഹത്വത്തിലേയ്ക്കു സ്വചരിത്രത്തെ ഉയൎത്തപ്പെട്ടു.

എല്ലാവരും വീഴുന്നിടത്തു വീഴാതെ നിൽക്കുക അത്ര എളുപ്പം സാധിക്കുന്ന ഒന്നല്ല. ചിന്നമ്മ വീണില്ല.

# അദ്ധ്യായം ൧൯

## "വള്ളക്കാരൻ വള്ളത്തോടെ മുങ്ങുന്നു"

"............ശരീരം തീരെ സുഖംഇല്ല. എല്ലാ പ്രാവശ്യവും തിരുവനന്തപുരത്തുവന്ന കാലിൽ നീരുമായി തിരിച്ചു പോരികയാണു പതിവു്. കഴിഞ്ഞ പ്രാവശ്യവും അങ്ങനെ തന്നെ. ഇപ്പോൾ സുഖമില്ലെന്നു തന്നെയല്ല ജോലിക്കൂടുതൽനിമിത്തം സ്വൈരവുമില്ല. അതിനാൽ അടുത്തമാസത്തിൽ തിരുനാളിനോടുചേർന്ന് ഒന്നുരണ്ടു ദിവസം ക്യാഷ്വലവധിയുമെടുത്തുകൊണ്ടു് അങ്ങോട്ടു വരാമെന്നാണു വിചാരിക്കുന്നതു്. ചിലതെല്ലാം ഓർക്കുമ്പോൾ ഉദ്യോഗത്തിൽ നിന്നുതന്നെ ഉടനേ പിൻവലിഞ്ഞു ഇനി ബാക്കിയുള്ള ആയുശ്ശേഷം മന്ദിരത്തിനും സമുദായത്തിനുമായി ത്തന്നെ നയിക്കട്ടേയോ എന്നും വിചാരമുണ്ടു്. ആയതു ആലോചനാവിഷയമായിരിക്കയാണു്.......... .....എല്ലാം ഈശ്വരേച്ഛയല്ലേ? നോക്കുക ആര്യസമാജക്കാരുടെ പുതിയജാതി സ്ഥാപനവും മന്ദിരത്തിന്റെ മുൻപിൽത്തന്നെ കൊണ്ടുവന്നിരിക്കുന്നു. അതിന്റെ അനൗചിത്യത്തെപ്പററി കഴിഞ്ഞ പ്രാവശ്യം മി. ദാസ്സിനോടു് പറഞ്ഞതാണു്............മന്ദിരത്തിന്റെ സമീപത്തു താമസിച്ചു് മന്ദിരത്തിലെ ജാത്യാചാര നിബന്ധനകൾ, മതാനുഷ്ഠാനം ഇവയെല്ലാം തെററാണെന്നു വാദിക്കുകയും മററു വിമർശനങ്ങൾ നടത്തുകയും അതിൽപെട്ട ചിലർ ചെയ്യുന്നതായിട്ടാണു് അറിയുന്നതു്. എന്തിനു്? എല്ലാംകൊണ്ടും മന്ദിരത്തിന്റെ കഷ്ടകാലം തന്നെ. തിരുവനന്തപുരത്തെ മഹതികളുടെ ശ്രദ്ധ Child Welfare ലാണു്. ഇവർക്കു സാധുക്കളിൽ അലിവു തോന്നാത്തതെന്തു്? അതിലെ

"Lady Doctors മാസത്തിൽ ഒരുദിവസം മന്ദിരത്തിലെ അനാഥശിശുക്കളെയും സ്ത്രീകളെയും പരിശോധിക്കുകയും ചെയ്താൽ മാത്രം അത്ര ആളുകൾ സാദ്ധ്യമാവുകയില്ലേ? ഏതായാലും കഴിഞ്ഞ പതിനൊന്നു കൊല്ലങ്ങൾ കഴിഞ്ഞുകൂടിയിരിക്കുന്ന പ്രകാരം ശ്രീഭഗവാൻ മേലും നടത്തിക്കൊണ്ടുപോകും.

"There is a destiny that Shapes our ends
Rough how them how we will"

അങ്ങനെ സമാശ്വസിക്കാം. വല്ലപ്പോഴും മന്ദിരത്തിൽ ഒന്നു പോകണം" ഇങ്ങനെ തൊണ്ണൂററിഅഞ്ചു കന്നിയിൽ ചിന്നമ്മ മിസ്സിസ്സ്, കെ. ചെല്ലമ്മയ്ക്കു എഴുതിയിരിക്കുന്നു. ഈ കത്തിൽനിന്നും കഥാനായിക ഇത്രയുമായിട്ടും താൻ തികച്ചും ഏകാകിനിയായിത്തന്നെ കാണുന്നുവല്ലോ എന്ന ഖേദംപൂണ്ടു നിൽക്കുന്നതായികാണാം. അവർ തോററിരിക്കുന്നു: അവർ വിചാരിച്ചതുപോലെ, മനുഷ്യസേവനത്തിനു ത്യജിച്ചിറങ്ങുവാൻ ഒരൊററയാളെയും കണ്ടില്ല. ചിന്നമ്മയുടെ സേവനമാഹാത്മ്യത്തെപ്പററി കേട്ടു, ഇടക്കാലത്തു മന്ദിരകാര്യങ്ങളിൽ സഹായിക്കുവാൻ വന്നിട്ടുള്ള ഒരൊററ ബിരുദധാരിണിക്കോ, മന്ദിരത്തിൽ നിരതരായവരിൽ ആർക്കെങ്കിലുമോ, ഈ വിശിഷ്ടഭാരതപുത്രിയുടെ ചേവടികളെ പിൻതുടർന്നിറങ്ങുവാൻ കഴിഞ്ഞിട്ടില്ല: ഇതാണു് അവരുടെ തോൽവി. ഇതു അവരെ പീഡിപ്പിച്ചിട്ടുള്ള അളവും പറയാവതല്ല. ദിവസവും പലതവണ, വിഷാദങ്ങളും, മുന്നോട്ടുപോകുവാനുള്ള അഭിവാഞ്ഛകളുംകൊണ്ടു് നിറയുന്ന ചിന്നമ്മയുടെ ഹൃദയത്തിൽ പറയപ്പെട്ട ഈ തോൽവിയും

പങ്കെടുത്തുപോന്നിരുന്നു. പക്ഷെ, അവർ അതു ഗോപ്യമായി വച്ചിരിക്കുന്നു എന്നുമാത്രം.

അതൊരു തോൽവി എന്നു പറയുവാൻ നിവൃത്തിയില്ല: സത്യത്തെ, സുവർണ്ണരശ്മികൾ വിതറുന്ന പ്രപഞ്ചകാര്യങ്ങൾ മൂടിനിൽക്കുന്നു: ആ സുവർണ്ണരശ്മികളിൽനിന്നും കണ്ണു പിൻവലിച്ചു് സർവത്തെയും പ്രകാശിപ്പിക്കുന്നതും അന്തര്യാമിയുമായ സത്യത്തെ അന്വേഷിക്കുവാൻ, മനുഷ്യകോടികളിൽ എത്രപേർക്കു കഴിഞ്ഞിട്ടുണ്ടെന്നുള്ളതു ആലോചിക്കുമ്പോൾ, മനുഷ്യസേവനാത്ഥം ത്യാഗബുദ്ധിയോടുകൂടി ചിന്നമ്മയെ പിന്നിട്ടിറങ്ങുവാൻ വിഷയങ്ങളെ ധ്യാനിക്കുന്ന ലോകത്തുനിന്നും ആരെയും കാണാൻ കഴിഞ്ഞില്ല എന്നുള്ളതു ഒരു തോൽവിയായി പറവാൻ നിവൃത്തിയില്ല

"ഏതു സമയത്തും മഹിളാമന്ദിരം എന്നൊരു വിചാരമേ അവൾക്കുണ്ടായിരുന്നുള്ളൂ" എന്നു് മന്ദിരാരംഭത്തിൽ, ചിന്നമ്മയ്ക്കു അല്പമാത്രമായ പിൻതുണയ്ക്കു ചൊന്നിട്ടു, "സാദ്ധ്യമല്ലെന്നുകണ്ടു പിരിഞ്ഞുപോയ ഒരു മഹിള പറയുംപ്രകാരം 'മന്ദിരം' 'മന്ദിരം' എന്നു മാത്രമാണു് ഇക്കാലത്തു അവർ സ്വപ്നത്തിൽപോലും ദർശിക്കാനും പറയാനുമുള്ളതു്". ഉള്ളതിനെ പോററുവാനും, ശരിയായ അധിഷ്ഠാനത്തിൽ ഉറപ്പിക്കുവാനും, അതോടെ ശാഖകൾ നാടെങ്ങും തുറക്കുവാനും അവർ സവ്വദാ നിരാബാധം, നിരങ്കുശം, അക്ഷീണം യത്നിക്കുന്നു. അതായതു, തെരുവിൽ ഒരു അശ്ശരണനെ അവർ കാണുമ്പോൾ കട്ടകടെ കണ്ണീർ വാർത്തുകൊണ്ടു് "എങ്ങിനെയാണു ഇവനു സ്വയം ജീവിക്കുവാൻ പ്രാപ്തിവരുത്തുക," എന്നു്

ചിന്തിച്ചു ചിന്നമ്മ "അന്തരാവഴി തേടിപ്പോകും കാലക്ഷേപത്തിനു വകയില്ലാത്തതിനാൽ കമാർഗ്ഗങ്ങളിൽ ഏർപ്പെടുന്ന ഒരു സ്ത്രീയെ കാണുകയാണെങ്കിൽ "തൊഴിൽ കൊടുത്തിരുന്നുവെങ്കിൽ ഇവരും നശിക്കുകയില്ലായിരുന്നു" എന്നു ഹൃദയം നൊന്തു ചിന്നമ്മ പറയും. ശ്വാസം മുട്ടുന്നവിധം ക്ലേശിപ്പിക്കുന്ന പണത്തിന്റെ കാര്യവും അതോടെ ചിന്നമ്മയുടെ ഹൃദയാകാശത്തിൽ വന്നടിക്കും. എത്ര യത്നിച്ചാലും പണത്തെപ്പററി അവർ പറയുന്നതു് "എന്തായാലും ഒരുമുഴം കയറു് എത്താതെ കിടക്കും" എന്നത്രെ.

മാതാക്കൾ, താന്താങ്ങളുടെ സന്താനങ്ങൾക്കു്, ജീവിതങ്ങളിൽ ഓരോ സ്ഥാനം ഉണ്ടായിരിക്കണണം എന്നു ആശിക്കാറുണ്ടു്. അതേ ആ ആശതന്നെ, തീവ്രതരം എന്ന വ്യത്യാസത്തോടുകൂടി നമ്മുടെ കഥാനായികയുടെ ജീവിതത്തിൽ, ആശ്രയരഹിതരായി കാണുന്നവരോടുണ്ടായിട്ടുള്ളതു്. അതിനാലാണു് അവരെ 'സംഗതിവനിതാമാതാവു' എന്നു അറിയപ്പെട്ടിട്ടുള്ളതും.

ഏതു മനുഷ്യനോടും ഉള്ള ചിന്നമ്മയുടെ പെരുമാററം സംസ്കാരസമ്പന്നയായ ഒരമ്മയുടേതാണു്. "ചിന്നമ്മ എന്ന പേർ കേൾക്കുന്ന മാത്രയിൽ താന്താങ്ങളുടെ പെററമ്മമാരുടെ മഹനീയചിത്രങ്ങളെ മനോരപ്പ്ണങ്ങളിൽക്കൂടി വീക്ഷിക്കാത്ത മലയാളികൾ ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല" എന്നൊരു സംസ്കൃതചിത്തനായ വിമർശകൻ പറഞ്ഞിരിക്കുന്നു. ഇതുതന്നെ പ്രൗഢനായ മററൊരു സംസ്കൃതാശയനും പറയുന്നു. "അവർ വാസ്തവത്തിൽ സമുദായത്തിന്റെ മാതാവാണു്. ശ്രീമതി

ചിന്നമ്മയുടെ നാമധേയം നമുക്ക് വിലയേറിയ പൊതു സ്വത്താകുന്നു"

ചിന്നമ്മയുടെ താഴ്മ നോക്കുക. ഒരിക്കൽ സഞ്ചാരമദ്ധ്യേ വിശ്രമത്തിലേയ്ക്കായി, ഒരുദ്യോഗസ്ഥനാൽ ചിന്നമ്മ ക്ഷണിക്കപ്പെട്ടു. ഉദ്യോഗസ്ഥൻ ചിന്നമ്മയുടെ ഉററ മിത്രവും ആയിരുന്നു. ആ സ്ഥലത്തുതന്നെ മഹിളാമന്ദിരത്തിൽ താമസിച്ച് വിദ്യാഭ്യാസം ചെയ്തു ഒരു അനാഥ യുവതി, ഇപ്പോൾ ജീവിതത്തിന് സനാഥയായി ജോലിയിൽ ഇരിപ്പുണ്ടായിരുന്നു. ഇതേയവസരത്തിൽ ആ യുവതിയും, ചിന്നമ്മയോട് വളരെക്കാലം ഉണ്ടായിരുന്ന യുവതിയുടെ മാതാവും ആയി തങ്ങളുടെ ചെറിയ പരിസരത്തിനുള്ളിൽ എങ്ങനെ ഈ "വലിയ അമ്മയെ" (ചിന്നമ്മയെ) സ്വീകരിക്കുമെന്നുള്ളിലുണ്ടെങ്കിലും, ആശാഭരിതരായി നോക്കിയിരിക്കയായിരുന്നു. അവർ തങ്ങളിൽ പറഞ്ഞു:--"ഇനി ആര എങ്ങനെയെല്ലാം രാജോചിതമായി ഒരുക്കിയാലും അമ്മ നമ്മുടെ ആതിത്ഥ്യത്തിനേ വരുകയുള്ളു. തീർച്ചയായും അമ്മ വരാതിരിക്കയില്ല" അവരുടെ മാനസങ്ങൾ കൃഷ്ണനെക്കാണാൻ തിരിച്ച അക്രൂരൻേറതു എന്നപോലെ ഓരോ ഭാവനകളെക്കൊണ്ട് വികസ്വരങ്ങളായി.

കഥാനായിക തന്റെ, വിശ്രമത്തിനായി ഒരുക്കങ്ങൾ ചെയ്തിരിക്കുന്ന ഉദ്യോഗസ്ഥമിത്രത്തോടു "ക്ഷമിക്കണം. എന്റെ പാവപ്പെട്ട ഒരു കുട്ടി അവളുടെ അമ്മയുമായി ഇവിടെ അദ്ധ്യാപികയായി ഇരിപ്പുണ്ട്. ഇന്ന് അവിടെയാണു എന്റെ വിശ്രമം" എന്നിങ്ങനെ വിട ചോദിച്ചുകൊണ്ട്, ഉദ്യോഗസ്ഥന്റെ കുടുംബത്തെപ്പററി

മാതൃസഹജമായ അന്വേഷണങ്ങൾ എല്ലാം നടത്തിയിട്ടു ചിന്നമ്മ അവിടുന്നിറങ്ങി നേരെ അദ്ധ്യാപികയുടെ ഭവനത്തിലേയ്ക്കു നടന്നു. "അവർ ഏതു ഭവനത്തിൽ വന്നാലും അവരെ ആ ഭവനത്തിലെ അമ്മയായിട്ടു തോന്നും. ഓരോ കാര്യങ്ങളെപ്പററി അന്വേഷിക്കുന്നതും, ഓരോ കാര്യങ്ങൾക്കു നിർദ്ദേശം കൊടുക്കുന്നതും കണ്ടാൽ ചിന്നമ്മ മനുഷ്യർ അധിവസിക്കുന്ന ഓരോ ഭവനങ്ങളിലേയും വലിയ അമ്മയായിട്ടല്ലാതെ മനുഷ്യരോടിണങ്ങിയിട്ടുള്ള യാതൊരാൾക്കും തോന്നുകയില്ല." എന്നിങ്ങനെ ഒരു സംഭാഷണമദ്ധ്യേ ശ്രീ. ആർ. വാസുദേവൻ പിള്ള (നെയ്യാററിൻകര) പറകയുണ്ടായതും ഇവിടെ സ്മരണീയമാണു്.

ചിന്നമ്മയുടെ അവസാനത്തെ ജന്മദിനം വന്നു. അന്നു മന്ദിരവാസിനികൾക്കു, കഥാനായിക തിരുവല്ലയിൽനിന്നും ഒരു സന്ദേശം അയച്ചു. ശാന്തോജ്ജ്വലവും കരുണാർദ്രവുമായ ഒരു ഹൃദയം ഉൾക്കൊണ്ടുനിൽക്കുന്ന സന്ദേശം ഇങ്ങനെ തുടങ്ങുന്നു:

"നാളെ എന്റെ ജന്മനാളാണു്. എന്നാൽ ഈ പ്രാവശ്യം നിങ്ങൾക്കു ഒരു സദ്യ നൽകുന്നതിനുപകരം ഒരു സന്ദേശം അയയ്ക്കണമെന്നത്രേ ഞാൻ വിചാരിക്കുന്നതു്. ജന്മതിഥി ആഘോഷങ്ങൾക്കു, അന്നദാനത്തെക്കാൾ ജ്ഞാനദാനത്തിനു ശ്രേഷ്ഠതമമുണ്ടെന്നു ശ്രീസ്വാമി വിവേകാനന്ദൻ അഭിപ്രായപ്പെട്ടിട്ടുമുണ്ടു്."

"പ്രിയപ്പെട്ട കുഞ്ഞുങ്ങളേ!"

൧. "ഈശ്വരൻ സർവ്വശക്തനും സർവ്വനിയാമകനും സർവ്വസാക്ഷിയുമാണെന്നു നിങ്ങൾ പൂർണ്ണമായി വിശ്വ

സിക്കുകയും, ആ ഭഗവൽകരുണക്കായി നിത്യം ഭക്തിപൂർവ്വം പ്രാർത്ഥിക്കുകയും ചെയ്യണം."

വ. "കൃതഘ്നത (നന്ദികേട്) പഞ്ചമഹാപാതകങ്ങളിൽ ഒന്നാണെന്ന് ഓർമ്മിച്ചുകൊള്ളുക നിങ്ങളിൽ ആരാണു തന്നും ഇപ്പോൾ ഏതൊരു വൃക്ഷത്തണലിൽ വിശ്രമിക്കുന്നുവോ, ആ വൃക്ഷം ഇനിയും അനേകം പേർക്ക വിശ്രമം നൽകുമാറു ചിരംജീവിയായിരിക്കുന്നതിനു പ്രാർത്ഥിക്കയല്ലാതെ, അതിൻെറ ചുവട്ടിൽ കാഞ്ഞവെള്ളം ഒഴിച്ചോ മൂലച്ഛേദംചെയ്തോ നശിപ്പിക്കാൻ ശ്രമം ചെയ്യരുതാത്തതാകുന്നു."

ന. "ഉദ്ദേശമില്ലാതെ ചുററിത്തിരിഞ്ഞു നടന്നാൽ യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ലെന്നു നല്ലപോലെ ഓർമ്മിച്ചുകൊള്ളുക."

൪. "ആട്ടിൻകുട്ടിയുടേയും തള്ളയുടേയും കഥ നിങ്ങൾ നിത്യവും പാഠംചെയ്യേണ്ടതാണ്."

ര. "നമ്മിലുള്ള സർവ്വദുർവാസനകളേയും അകററി, ലോകസംഗ്രഹാർത്ഥം പ്രവർത്തിക്കുവാനുള്ള സദ്വാസനയും ശാന്തിയും സർവേശ്വരനിൽനിന്നും കിട്ടുമാറു നിത്യം പ്രാർത്ഥനചെയ്യണം."

ന്ന. "വൃക്ഷത്തിൻെറ കൊമ്പിലിരുന്നു മൂലച്ഛേദം ചെയ്വാൻ ശ്രമിക്കുന്നതു വൃക്ഷത്തിനെന്നപോലെ തങ്ങൾക്കും നാശഹേതുകമാണെന്നുള്ള വസ്തുത ഒരിക്കലും മറന്നുപോകരുത്."

ം. "പ്രതികാരബുദ്ധി ഈശ്വരസന്താനങ്ങൾക്കുള്ളതല്ലെന്നും അനുഗ്രഹമാത്രമല്ലെന്നും വിശ്വസിച്ചുകൊള്ളണം."

വ്യ. "ദിവസേന ഓരോരുത്തരും സ്വയംശോധന ചെയ്ത് അവരവരുടെ കുറവുകളെ സ്വയം പരിഹരിക്കുവാൻ പ്രാപ്തിയുള്ളവരായിത്തീരണം"

ൻ. "മന്ദിരത്തിൽനിന്നും വെളിയിലിറങ്ങുമ്പോൾ ഒരു നല്ല ശരീരമുണ്ടോ എന്നല്ല പരിശോധിക്കേണ്ടതു്. എന്നാൽ ഒരു പരിശുദ്ധമായ ഹൃദയവും പരിശുദ്ധമായ ആത്മാവും നിങ്ങൾക്കുണ്ടോ എന്നാണു് നോക്കേണ്ടതു്. മന്ദിരത്തിൽനിന്നും നിങ്ങൾ സമ്പാദിക്കേണ്ടതു് ഒടുവിൽ പറഞ്ഞതവയത്രെ."

ഈ സന്ദേശം ഒരു നിശ്ശബ്ദരോദനത്തോടുകൂടിയാണു് ചിന്നമ്മ എഴുതിയിരിക്കുന്നതു് എന്നു കാണാവുന്നതാണു്. അതിനു കാരണം ചിന്താശക്തിയുള്ള വായനക്കാരോടു പറയേണ്ടതില്ല.

ദുർവാസനകളകന്നു ശാന്തിയും ശക്തിയും കിട്ടുന്നതിനു്, ഈശ്വരഭജനം ഔഷധമായി വിധിക്കുന്ന മന്ദിരാംബ, അവനവന്റെ കുറവുകളെ അവനവൻ പരിഹരിക്കുവാൻ പ്രാപ്തി കൈവരുത്തുന്നതിനു പ്രത്യേകം നിർദ്ദേശം നൽകിയിട്ടു്, അന്തശ്ഛിദ്രവും നന്ദികേടും പ്രതികാരബുദ്ധിയും നാശത്തിന്റെ പ്രവേശദ്വാരങ്ങളാണെന്നു ചൂണ്ടിക്കാണിച്ചിട്ടു്, മനുഷ്യനു് പരിശുദ്ധങ്ങളായ ഹൃദയവും ആത്മാവും ആയിരിക്കട്ടെ സമ്പാദ്യം എന്നു സമാപിക്കുന്നു.

ഇനി നമ്മുടെ കഥാനായികയുടെ കസ്തൂപടയെപ്പറ്റി രണ്ടു വാക്കു പറയാം. ചിന്നമ്മ ചിരിക്കുന്നതിന്റെ സമ്മോഹനതയെപ്പറ്റി ജനങ്ങൾ, 'ചിന്നമ്മയുടെ ചിരി'

എന്നു് ഒരു ശൈലി എന്നൊന്നും പറഞ്ഞുപോരുന്നുണ്ടു്. അതുപോലെതന്നെയാണു്, ചിന്നമ്മയിൽനിന്നും കത്തുകൾ കിട്ടുവാൻ ഭാഗ്യം ഉണ്ടായിട്ടുള്ളവർ അവരുടെ കയ്യപടയുടെ ഗാംഭീര്യത്തെപ്പററി പറയുന്നതും. അതിന്റെ ദാർഢ്യത്തിന്നു് ചിന്നമ്മയ്ക്കു വശമുള്ള ഏതു ഭാഷയിലാണെങ്കിലും കുറവു കണ്ടിരുന്നില്ല.

ഒരിക്കൽ, ചിന്നമ്മയുടെ പേരിൽ വന്നിട്ടുള്ള ഒരു തുക വാങ്ങുന്നതിന്നു് അവർ ഗുമസ്ഥന്റെ കയ്യിൽ അധികാരപത്രം എഴുതിക്കൊടുത്തു തപാലാപ്പീസ്സിൽ അയച്ചു. അധികാരപത്രം വാങ്ങി നോക്കിയിട്ടു്, തപാലാപ്പീസ്സുകാർ "ഇതു് ഒരു സ്ത്രീയുടെ കയ്യ്പടയോ" എന്നാശ്ചര്യപ്പെട്ടുകൊണ്ടു്, ആളെ നിഷേധിച്ചയച്ചു. പിന്നീടു് അതു് തന്റേതുതന്നെയാണെന്നു, ആശ്ചര്യപ്പെട്ടു നിഷേധിച്ച തപാലാപ്പീസ്സുകാരെ ബോദ്ധ്യപ്പെടുത്തുന്നതിന്നു് ചിന്നമ്മയ്ക്കു വേറേ തെളിവുകൂടി അയക്കേണ്ടിവന്നു.

"മാതൃവിയോഗത്തെപ്പററി ചിന്നമ്മ എഴുതിയിട്ടുള്ള ഒരു ചെറുകത്തു കഥാനായികയുടെ കയ്യ്പടയും ഒപ്പും കാണിക്കുന്നതിന്നു ചുവടെ കൊടുക്കുന്നു:



മാതൃവിയോഗത്തിനു മുമ്പ് കഥാനായികയുടെ പിതാവ് ഇഹലോകവാസം വെടിഞ്ഞിരുന്നു.

“ചിന്നമ്മയുടെ ഔചിത്യം” എന്നുപറഞ്ഞു ചിലർ അധികം സ്തുതിക്കാറുള്ള ഒരു സംഭവത്തെപ്പററി പറയാം.

ചട്ടമ്പിസ്വാമികളുടെ ആലസ്യാവസരത്തിൽ, ദർശിക്കാൻവന്ന പലരും പല സാധനങ്ങൾ കൊണ്ടുവന്നു സ്വാമിജിയെ പ്രീണിപ്പിക്കാൻ ഉത്സാഹിച്ചിരുന്നു.

അങ്ങാരുണത്തിൽ, വാൎത്ത അറിഞ്ഞു നമ്മുടെ കഥാനായി കയും ആഖ്യസ്യം അന്വേഷിച്ച് അവിടെ എത്തി. ഒരു വട്ടിയിൽ കുറെ പൊടിയരിയും, ഒരു ഭരണിയിൽ കുറെ കണ്ണിമാങ്ങയുംകൂടെ ചിന്നമ്മ കൊണ്ടുചെന്നിരുന്നു. രോഗശയ്യയിൽ ഓൎമ്മക്ക കണ്ണിമാങ്ങയും പൊടിയരിയും പോലെ മറ്റൊന്നിനും ആവശ്യമില്ലല്ലൊ. ഇതു് "ചിന്നമ്മയുടെ ഔചിത്യം" എന്നു ചിലൎക്ക പറയാറാക്കി. വായനക്കാർ ഇവിടെ മഹാരഥനായ ഭീഷ്മരുടെ ശരശയ്യയേയും, അജ്ജുനദുൎയ്യോധനന്മാരുടെ ഔചിത്യാനൌചിത്യങ്ങളേയും ഓൎക്കുമല്ലൊ.

ഇപ്പോൾ മഹിളാമന്ദിരം എന്നുപറഞ്ഞാൽ, രാജ്യത്തെങ്ങും അറിയാറായിട്ടുണ്ടു്. സ്ഥാപനത്തെക്കാളും സ്ഥാപകയേ ആണു് ജനങ്ങൾ കൂടുതൽ മാനിക്കുന്നതു്. മന്ദിരത്തിലെ വിനോദവില്പനകൾ, പ്രഹസനാഭിനയങ്ങൾ, പ്രസംഗങ്ങൾ എന്നിവകളിൽ ക്ഷണംകൂടാതെ തന്നെ അഭ്യസ്തവിദ്യരായ പല നാഗരികരും സംബന്ധിക്കാറുണ്ടു്: മന്ദിരത്തിലെ ശ്രീകൃഷ്ണനെ കൂപ്പുവാൻ പരിസരങ്ങളിൽനിന്നും, സായാഹ്നങ്ങളിൽ സനാഥരായ സ്ത്രീകൾ വരാറുണ്ടു്. സനാഥവിദ്യാൎത്ഥികൾ പഠിക്കുവാൻ കൂടിയിട്ടുണ്ടു്. അനാഥർ എന്ന വാക്കു ഉച്ചരിച്ചാൽ അതോടെ സംപൃക്തമായി നിൽക്കുന്ന ചിന്നമ്മയുടെ നിമ്മത്സരബുദ്ധികൾ രാജ്യത്തെങ്ങും ആരാധിക്കാൻ തുടങ്ങിയിട്ടുണ്ടു്. ക്രമേണ, ചിന്നമ്മയുടെ അഭൎത്തൈസ്ഥൈര്യത്തെപ്പററി പ്രതിപക്ഷികളും മനസ്സാ സ്തുതിച്ചു തുടങ്ങി. ഇതൊക്കെയായിട്ടും, ചിന്നമ്മയ്ക്കു മതിയാവോളം ധനസഹായം കിട്ടിയിട്ടില്ല എന്നുള്ളതു പറ

യാതെ വയ്യ. ധനം ഇല്ലെങ്കിൽ എങ്ങിനെ തന്നെ ഹൃദയം മുന്നോട്ടുപോകുവാൻ ചിറകടിച്ചാലും ഗതി മുന്നോട്ടുവക വിഷമമാണല്ലൊ. ധനതത്വങ്ങളാണു് സമുദായത്തിന്റെ ആസ്പദം. മനുഷ്യന്റെ പരിശുദ്ധമെന്നു പറയപ്പെടുന്ന വിവാഹത്തിന്റെ നിദാനംപോലും ചരിത്രദൃഷ്ട്യാ ധനമത്രെ സ്പശിച്ചിട്ടുള്ളതാണു്. ധനമാണു് ജീവിതവും ജീവനും എന്നുകൂടി പറയാം. ചില വ്യക്തികളുടെ പേരിൽ മാത്രം ഒതുങ്ങി കൂടുന്നിടത്താണു് "ധനം സർവ്വനാശത്തിന്റെയും മൂലം" എന്നു ആചാര്യന്മാർ പറഞ്ഞിട്ടുള്ളതു്. എന്നാൽ, പൊതുപ്രയത്നഫലമായ ധനം എല്ലാവർക്കുമാകുമ്പോൾ,—പ്രയത്നിച്ചാൽ പ്രയത്നാനുസരണം എല്ലാവർക്കും ധനം കിട്ടിത്തുടങ്ങുമ്പോൾ, മിച്ചം എല്ലാവരുടെയും ആവശ്യങ്ങൾക്കായി വീതിക്കപ്പെടുമ്പോൾ വിരൂപങ്ങളായ സകലമനുഷ്യരുടെയും സ്വരൂപങ്ങൾ സുന്ദരങ്ങളായിത്തീരും. അതിനുവേണ്ടതു യാതൊന്നും, വൻതോതിൽ പ്രവൃത്തി കൊടുക്കത്തക്കവിധം യാതൊരു സമാരംഭവും ഇല്ലാതിരിക്കുമ്പോൾ, ആരെല്ലാം ധർമ്മബുദ്ധികൊണ്ടു നമ്മുടെ കലാനായികയെ സഹായിച്ചാലും ആ സഹായങ്ങൾകൊണ്ടു കാര്യങ്ങൾ എല്ലാം നടന്നുകൂടുകയും, ആദർശങ്ങൾ വിപുലങ്ങൾ ആയി പരിണമിക്കുകയും ചെയ്യുന്നില്ലല്ലൊ. പൊതുവെ ധനാഗമം കുറവായും, ഉള്ളതു ചിലരുടെ അധികാരത്തിലായും തീർന്നിട്ടുള്ള ഒരു ലോകത്തു, ഹൃദയം ഉള്ളവർക്കു കീശയിലൊന്നും ഇല്ല, പണം ഉള്ളവർക്കു അതിന്റെ സദ്വിനിയോഗം അറിഞ്ഞു ചെലവിടുവാൻ പണം സമ്പാദിച്ചുകൊടുത്തിട്ടുള്ള ഹൃദയരാഹിത്യം അനുവദിക്കയില്ല എന്നിരിക്കെ, എത്ര ജീവത്തായ ആദർശം ആവിഷ്കരിച്ചാലും പണക്കുറം

മുന്നോട്ടുപോകാതെ മടങ്ങുന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ.

ഇവയ്ക്കിടക്ക ചിന്നമ്മയെ ക്ഷണിച്ചിട്ടുള്ള എല്ലാ പ്രസംഗാവലികളിൽനിന്നും അവർ പരിപൂർണ്ണമായി ഒഴിഞ്ഞുമാറിയിരിക്കുന്നു. കേവലം പ്രവൃത്തിക്കുമാത്രം അവർ സമയം ചെലവിടുന്നു. പ്രസംഗം എന്നുള്ളതു അവർ തീരെ നിർത്തിയിരിക്കുന്നു. പ്രസംഗിച്ചതുകൊണ്ടുണ്ടായിട്ടുള്ള ഫലത്തെ അവൾ അനുഭവങ്ങളെക്കൊണ്ടു തുലനം ചെയ്യാൻ കഴിഞ്ഞിരിക്കുന്നു.

ചിന്നമ്മ എത്രത്തോളം നിരാശിതയായിട്ടുണ്ടെന്നു നോക്കുക:

ഒരിക്കൽ, മന്ദിരത്തിലെ പ്രാഥമിക വിദ്യാലയത്തിലെ ഒരദ്ധ്യാപകൻ സർക്കാർ സർവ്വീസ്സിൽ പോകുവാൻ ഉത്സാഹിക്കയാണെന്നു ചിന്നമ്മയെ അറിയിച്ചപ്പോൾ അവർ വല്ലാതെ മടുപ്പോടുകൂടി പറഞ്ഞു "നിങ്ങളെല്ലാരും ഒന്നൊന്നായി സർക്കാർ സർവ്വീസ്സിൽ പോയാൽ ഇമ്മാതിരി ഗ്രാൻറു പള്ളിക്കൂടത്തിൽ പഠിപ്പിക്കുവാൻ ആളെ കാണും?"

"അന്യോന്യം ആശ്വസിപ്പിക്കു"വാൻ പര്യാപ്തമായ ഒരു ജനകീയ ശക്തിക്കായി അവർ കൊതിച്ചു. ഉദ്യോഗം, ധനം, സ്ഥാനം ഇവയ്ക്കായി തന്നത്താൻ വലിപ്പംതേടുന്ന ഒരു ലോകത്തു അവർ തോററു. എത്രകാലം സാമ്പത്തികദുരിതത്തിൽ നിന്നും ജനത മുക്തമാവാതെയിരിക്കുമോ, അത്രയുംകാലം തന്നത്താൻ വലിപ്പം തേടലിനും, പരസ്പരം ഭിന്നിക്കുന്നതിനും എന്നല്ല സർവ്വ പൈശാചിക പ്രേരണകൾക്കും അറുതി വരുകേ ഇല്ല.

തന്നത്തു വലിപ്പം തേടൽ എങ്ങനെയെല്ലാമെന്നു നോക്കുക:

മന്ദിരം പണിക്കായുള്ള ചിന്നമ്മയുടെ സഞ്ചാര മദ്ധ്യേ കാൎത്തികപ്പള്ളിത്താലൂക്കിലെ ആമ്പക്കാട്ടു കുടുംബക്കാർ മന്ദിരത്തിനു ദാനമായി കുറേ നിലങ്ങൾ കൊടുപ്പാൻ തീർച്ചപ്പെടുത്തി. പോലീസ്സ സൂപ്രണ്ടായിരുന്ന ശ്രീ. ആർ. കെ. കൃഷ്ണപിള്ള അതിനുവേണ്ട ഒത്താശകൾ അപേക്ഷകൂടാതെതന്നെ ചിന്നമ്മയ്ക്കു ചെയ്തുകൊടുത്തു. ആ ഒത്താശകളുടെ ഫലമാണു ആമ്പക്കാട്ടുകാരുടെ ദാനമെന്നു പ്രത്യേകം ഓർക്കണം. എന്നാൽ, ദാനം കൊടുപ്പാൻ നിശ്ചയിക്കപ്പെട്ട പ്രസ്തുത വസ്തുകൾ അന്നു കൊല്ലത്തു വക്കീലായിരുന്ന ശ്രീ. ശങ്കരമേനോനു ഒരു ബാദ്ധ്യതയിൽ പെട്ടിരിക്കുന്നായിരുന്നു. അതിനാൽ വക്കീൽ ശങ്കരമേനോനെ കാണ്മാനായി ചിന്നമ്മ കൊല്ലത്തു എത്തിച്ചേർന്നു: കണ്ടു സംഭാഷണം ആരംഭിക്കുന്നതിനു മുമ്പു തന്നെ മേനോൻ പറഞ്ഞു. "ഏതു ധൎമ്മാലയത്തിനായാലും ശരി, നിലങ്ങൾ ഒഴിഞ്ഞുതരാനാണെങ്കിൽ നിങ്ങൾ എന്നെ കാണേണ്ട" ആദ്യം ഒന്നു ആശ്ചര്യപ്പെട്ടുവെങ്കിലും, യുക്തിപൂർവ്വം ചിന്നമ്മ വക്കീലിനോടു സംസാരിക്കാൻ തുടങ്ങി.

"അയ്യോ! നിങ്ങൾ എന്താണു പറഞ്ഞതു്! നിങ്ങളിൽനിന്നും ഇത്ര സംഭ്രാന്തിയും ഇത്ര തൃഷ്ണയും ഞാൻ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. ആകട്ടെ, എന്നോടു സംസാരിപ്പാൻ ഇടം തരിക. നിങ്ങൾക്കു അഭിമാനം ഉണ്ടെന്നാണു എന്റെ വിശ്വാസം. താൻ ഉണ്ടു സുഖിക്കണമെന്നും അന്യർ എങ്ങിനെ പോയാലും തര

കേടില്ലെന്നും ഉള്ള ആ അഭിമാനത്തെയല്ല ഞാൻ കരുതുന്നതു്. താൻ ഉണ്ണുന്നതോടുകൂടി സമുദായവും ഉണ്ണണം എന്ന അഭിമാനം ആണു് എന്റെ വിവക്ഷ. അഭ്യസ്തവിദ്യനാണല്ലോ. അങ്ങനെയുള്ള ഒരഭിമാനം ഉണ്ടെങ്കിൽ, നിങ്ങൾക്കു ഇന്നായാലും നാളെയായാലും ജന്മികൾക്കു ഒഴിഞ്ഞുകൊടുക്കേണ്ട ഒരു വസ്തുവേ, തുക പററിക്കൊണ്ടു് നഷ്ടം ഒന്നും കൂടാതെ നിരാലംബരായ മന്ദിരത്തിലെ പെൺകുട്ടികളെ ഓർത്തു് എന്തുകൊണ്ടു ഒഴിഞ്ഞു തന്നുകൂടാ? ഒരാൾ ധർമ്മം തരാമെന്നു പറഞ്ഞപ്പോൾ, നിങ്ങളുടെ വലിപ്പം കുറഞ്ഞുപോകുമല്ലോ എന്നു കരുതിയല്ലേ ഒരു പുണ്യാലയത്തിനു് എതിരായി നിങ്ങൾ നിൽക്കുന്നതു്? ഇതു തരാതിരിക്കുന്നതുകൊണ്ടു നിങ്ങളുടെ വലിപ്പം കൂടുമോ, അതോ കുറയുമോ? ദയവായി എല്ലാം ഒന്നു ആലോചിച്ചു നോക്കിയിട്ടു് ഒരു മറുപടി പറയുമല്ലോ."

വക്കീലിനു്, തന്റെ വാദമുഖങ്ങളിൽനിന്നും ഒഴിയാൻ വയ്യാത്തവിധം ചിന്നമ്മ സംഭാഷണത്തെ നയിച്ചു ഒടുവിൽ വക്കീൽ പറഞ്ഞു: "ശരി, ഇപ്പോൾ മണി പത്തുകഴിഞ്ഞിരിക്കുന്നു. പന്ത്രണ്ടു മണിക്കകത്തു് എനിക്കു വരേണ്ട തുക മുഴുവൻ കൊണ്ടുവരിക. ഇന്നു തെററിയാൽ ഇക്കാര്യത്തിനു നിങ്ങൾ എന്നെ കാണുകയേ വേണ്ട."

അപ്പോൾ ചിന്നമ്മയുടെകൂടെയുണ്ടായിരുന്ന പ്രാക്കുളം പരമേശ്വരൻപിള്ള പറകയാണു്. "ശങ്കരമേനോന്റെ മരിക്കണേക്കു് അമ്മ കടന്നുപോയതു് അത്ഭുതംതന്നെയാണു്. സൂപ്രണ്ടു കൃഷ്ണപിള്ള അവർകളുടെ സഹായം ഒന്നുമാത്രമാണു് കൃത്യസമയത്തിനുമുമ്പുതന്നെ അമ്മയെ വീണ്ടും മേനോനെ കാണാൻ എടയാക്കിയതു്.

എന്തെന്നാൽ, ശങ്കരമേനോനെ അമ്മ കാണുമ്പോൾ, അമ്മയുടെ കയ്യിൽ തുക മുഴുവൻ ഇല്ലായിരുന്നു. അമ്മ ജയിച്ചു. തീപ്പൊരി ചിതറുന്ന വേഗത്തിലാണു് അമ്മ അവിടം തരണംചെയ്തതു്."

ഇതുപോലെ ഇനിയും സംഭവങ്ങൾ ഉണ്ടു്. അവയിൽ ഒന്നുകൂടി പറയാം. അഭ്യസ്തവിദ്യർ എന്നു അഭിമാനിക്കുന്നവരുടെ പക്ഷപാതബുദ്ധിയും വൃത്തികെട്ട ഹ്രസ്വബുദ്ധിയും ഇവിടെ കാണാം. അതു് അധികവും അസൂയയിൽനിന്നും പൊന്തുന്നു.

അന്നു് മി. അനന്തരാമയ്യരുടെ ധർമ്മനിക്ഷേപത്തിൽനിന്നും മന്ദിരത്തിനു ഒന്നും കിട്ടിത്തുടങ്ങിയിരുന്നില്ല. ആ ധർമ്മനിക്ഷേപത്തിലെ പ്രതിവർഷമുള്ള ചെറിയ ആദായം എന്തു ചെയ്യണം എന്നു ആലോചന വന്നു. അതു തീർച്ചപ്പെടുത്തുവാനുള്ള അധികാരം നാടു വാണിരുന്ന മഹാരാജാവിനെ നിക്ഷേപകൻ വച്ചിരുന്നു. അതിനാൽ അതേപ്പററിയുള്ള കടലാസ്സുകൾ മുറപ്രകാരമുള്ള നടപടികൾക്കുശേഷം തിരുമനസ്സിലെ മുമ്പിൽ ചെന്നു. അവിടുന്നു മഹിളാമന്ദിരത്തിലെ അനാഥബാലികമാക്കുവേണ്ടി ആ തുക കൊടുപ്പാൻ കൗതുകപ്പെട്ടു. എന്നിട്ടു തിരുമനസ്സിലെയ്ക്കു വിട്ടുപോയിരിക്കുമെന്നു ഊഹിച്ചുകൊണ്ടും തങ്ങളുടെ ഹ്രസ്വബുദ്ധിയെ കൂടുതൽ പ്രകാശിപ്പിച്ചുകൊണ്ടും ഇതു മഹിളാമന്ദിരത്തിലെ അനാഥബാലികമാക്കല്ല, കൊടുക്കേണ്ടതെന്നും, ബ്രാഹ്മണർക്കു "കാൽ കഴികിച്ചൂണി"നാണു് നൽകേണ്ടതെന്നും ബ്രാഹ്മണപ്രിയരായ ചില ഉദ്യോഗസ്ഥന്മാർ അതിന്മേൽ

കുറിപ്പിട്ടു തിരുമനസ്സിലേയ്ക്കയച്ചു. ആ നിർദ്ദേശങ്ങളുടെ താഴെ "മഹിളാമന്ദിരത്തിൽ ബ്രാഹ്മണക്കുട്ടികളും ഉണ്ടു്" എന്നു് അതിൽ രേഖപ്പെടുത്തി, അങ്ങനെ തിരുമനസ്സുകൊണ്ടു് ആ ധർമ്മനിക്ഷേപത്തിനു് അവസാനതീർച്ച ചെയ്തു.

മഹാരാജാവു തിരുമനസ്സുകൊണ്ടു മന്ദിരത്തിൽ ബ്രാഹ്മണക്കുട്ടികളും ഉണ്ടു് എന്നു് കുറിപ്പിട്ടതു് ഒരത്ഭുതമായിരുന്നു എന്നാണു് ഈ സംഭവം വിശകലനം ചെയ്ത ശ്രീ. കുമാരപിള്ള പറയുന്നതു്. എന്തെന്നാൽ, ഒരു കാരണവശാലും ആ വർത്ത തിരുമനസ്സിനെ അറിയിക്കുക ഉണ്ടായിട്ടില്ല എന്നിരിക്കെ തിരുമനസ്സുകൊണ്ടു് അതു സൂക്ഷ്മം ഗ്രഹിച്ചിരുന്നുവെന്നുള്ളതിൽ. അതോടെ, രാജഹിതത്തെ നിർദ്ദേശങ്ങളോടെ, പുരശ്ശോധനയ്ക്കു നീക്കിയ ഉദ്യോഗസ്ഥന്മാരുടെ അറിവില്ലായ്മയും അന്വേഷണക്കുറവും പക്ഷപാതംകൊണ്ടുള്ള തന്നുവലിപ്പും തേടലും എത്രകണ്ടു വികൃതമായിരിക്കുന്നുവെന്നു പറയേണ്ടതില്ല. രാത്രി എത്ര ഉയർന്നു കറുത്താലും പ്രഭയുടെ ആസ്ഥാനമായ നഭസ്ഥലത്തിൽ നിസ്സർഗ്ഗംവീശുന്ന താരങ്ങളുടെ കതിരൊളികൾ താഴോട്ടേയ്ക്കു അല്ലാതെ പതിക്കയില്ലല്ലോ.

സ്നേഹമില്ലാത്ത നശിച്ച അടിമകളുടെ മനോഭാവമാണു് തന്നുവലിപ്പുംതേടൽ: അന്യന്റെ അധഃപതനത്തിൽ തന്റെ ഉയർച്ച കാണുന്നവരും അവർതന്നെയാണു്.. അന്യന്റെ സംരംഭത്തെ എന്തുപായം കൊണ്ടായാലും അധഃപതിപ്പിച്ചിട്ടു്, അവഹേളിച്ചിട്ടു്, ഉന്മൂലനാശം ചെയ്തിട്ടു്, തന്നെക്കൊണ്ടു കഴിയാത്ത ഒരു സൽക്കാര്യത്തിൽ അന്യൻ ഉദ്യമിക്കുവാൻ എന്തു് എന്ന അമർഷംകൊണ്ടു് അ[illegible]സ്മാരോപദ്രവം

കൊല്ലുന്ന വൻപന്മാരെ ശോഭേദങ്ങളെക്കൊണ്ടു് തെല്ലും കലുങ്ങാത്ത നമ്മുടെ കഥാനായിക തന്റെ ക്ഷമാപുരസ്സരം, സഹനപൂർവ്വം, ശുഭപ്രതീക്ഷാപൂർവ്വം ഉള്ള ഗതികൊണ്ടു് പുഴിക്കു സമമായിത്തീർത്തിട്ടുണ്ടു്; ഉരുക്കിയിട്ടുണ്ടു്. ഈ പാരററിൽ തോൽക്കാതെ ആദർശം തള്ളിക്കളയാതെ, കർത്തവ്യനിരതയായി ചിന്നമ്മ നിൽക്കുന്നു: സാധാരണക്കാരിയായ ഈ സ്ത്രീക്കു സാർവലൗകികതയുണ്ടാക്കിട്ടുള്ളതു് ഈ നില ഒന്നുതന്നെ.

വെറും സ്വകാര്യോദ്യോഗം തേടൽകൊണ്ടു സ്വാർത്ഥസേവനം നടത്തിപ്പോരുന്ന ജനതാമദ്ധ്യത്തിൽ, വ്യക്തിയുടെ ഉയർച്ചയും അധഃപതനവും രാജ്യത്തിന്റെ പൊതുശ്രേയസ്സിനെയും അധഃപതനത്തിനേയുമാണു കാണിക്കുന്നതെന്നു എത്രപേർക്കു് അറിയാൻകഴിയും? മതത്തിനു (ജാത്യാചാരങ്ങൾക്കു) വേണ്ടി മരിക്കുന്ന ഈ പററങ്ങളിൽ എത്രപേർക്കു സ്വാർത്ഥത അവരുടെ ത്രികരണങ്ങളേയും മിഴുങ്ങിയിരിക്കെ അന്യന്റെ സുഖം തന്റെ സുഖമാണു് എന്നു ആശ്വസിക്കുവാൻ കഴിയും? ഈ സ്ഥിതിയിൽ ദേശീയവും സാമുദായികവുമായ അന്തസ്സും ഐക്യതയും ഉയർച്ചയും ഉൽക്കൃഷ്ടമായ ജ്ഞാനവും പരമോൽക്കൃഷ്ടമായ പരസ്നേഹവും ഇവർക്കു എങ്ങനെയാണുവന്നുകൂടുക? ഇതിനെല്ലാററിനും ഒരു ഉണർവാണു് നമ്മുടെകഥാനായിക. മനുഷ്യസേവനത്തിനു കുറേപ്പേരെ കിട്ടുമെന്നുള്ള മോഹംകൊണ്ടു ചിന്നമ്മ സേവനമാരംഭിച്ചു. എന്നാൽ അനുഭവത്തിൽ വിശകലനം ചെയ്തു നോക്കിയപ്പോൾ അതിന്റെ സാദ്ധ്യതയുള്ള വൈഷമ്യങ്ങളെ അവർക്കു കാണാൻ കഴിഞ്ഞതോടുകൂടി ഒരു ജീവിതം അതിലേയ്ക്കു ചെലവിട്ടു, ജീവിച്ചു

കാണിച്ചുകൊടുക്കുകയാണു് സേവനമെന്നു അവർ കണ്ടു. മതഗ്രന്ഥങ്ങളിൽ ആത്മസാക്ഷാത്കാരത്തിനു അനുപേക്ഷണീയങ്ങളെന്നു വിധിച്ചിട്ടുള്ള ഗുണങ്ങൾ, തിരിയിൽ നിന്നു കൊളുത്തിയ പന്തം എന്നപോലെ ഇവരിൽ പ്രകാശമാനമായിരിക്കുന്നു. ആത്മാവുതന്നെയാണു് പ്രക്ഷോഭിപ്പിക്കുന്ന സർവ്വ പരിസരങ്ങളിലും ഇവക്ക് സാന്ത്വനം അരുളുക; ശാന്തിക്കായി ആകർഷകങ്ങളായ ഗുണങ്ങൾ കൊണ്ടു പരിസരത്തെ ജയിക്കുവാൻ ശക്തയാക്കുക; മുന്നോട്ടു പോകുവാൻ പ്രചോദനം കൊടുക്കുക; അതേ, ആത്മബലംമാത്രം.

പ്രകാശത്തിനു തമസ്സിനെ കടന്നേ തീരൂ; കടക്കുക തന്നെ ചെയ്യും. ആ ജ്ഞാനമാണു് ചിന്നമ്മയുടെ ശുഭപ്രതീക്ഷയുള്ള കാന്തി. അതിന്റെ പരിശുദ്ധിയാണു് അവരുടെ കുളിർപ്പിക്കുന്ന ചിരി.

എന്നാൽ, ഒരു തീവ്രവേദനയെ പൊതിഞ്ഞിട്ടാണു് സുഖസോപാനങ്ങളിൽ കയറിഇറങ്ങാത്ത സാധാരണക്കാരിയായ—മണ്ണിൽജീവിച്ചു പരനുവേണ്ടിമണ്ണിൽമരിക്കുന്ന ഈ സ്ത്രീ ചിരിക്കുന്നതെന്നു് സുഖസമൃദ്ധികളിൽ മുഴുകുന്ന 'ഉയർച്ച'യുള്ളവരോ, അതിനു കൗതുകം ഉണ്ടെങ്കിലും വഴിയില്ലാത്തതിനാൽ താഴത്തുതന്നെ ജീവിക്കുന്ന 'താഴ്ന്നവരോ' അന്വേഷിച്ചിട്ടില്ല.

ഇവിടെ ലാങ്സ്റ്റൺ ഹഗ്സ് (Langston Hughes) എന്ന നിഗ്രോ കവിയുടെ ഈ വരികൾ അനുയോജ്യമായിരിക്കുന്നു.

"Because my mouth
Is wide with laughter
And my throat
Is deep with song
You do not think

I suffer after
I have held my pain so long

* * * * *

Because my mouth
Is wide with laughter
You do not hear
My inner cry?
Because my feet are gay with dancing
You do not know I die."

എന്താണു ചിരിക്കുമ്പോഴും ചിന്നമ്മയുടെ ഉള്ളിലെ തീവ്രവേദന? എല്ലാററിനും താൻ ഏകയായിപ്പോയല്ലോ എന്നവിചാരംമാത്രം. അതായത്തു ഈ നാടകരംഗത്തിലെ തന്റെ അഭിനയം അവസാനിക്കുമ്പോൾ തന്നെ ഈടൻ വേദിയിൽ ആരേയും കാണാൻ സാധിക്കാതെ പോകുന്നുവല്ലോ, അതല്ലാതെ ദൈനംദിന ക്ലേശങ്ങൾകൊണ്ടോ മററുപ്രതികൂലപരിസരങ്ങൾ കൊണ്ടോ ചിന്നമ്മ കാര്യമായി ഇത്രമാത്രം അകം നോവിച്ചിട്ടില്ല. ഇതുവരെ ഉള്ള ദുഃഖങ്ങൾ എല്ലാം ആത്മബലംകൊണ്ടു് ചിന്നമ്മ സഹിച്ചു; പലതും തരണംചെയ്തു ഇതുമാത്രം ഒരു തീവ്രവേദനയെ നമ്മുടെ കഥാനായികയിൽ ഉണ്ടാക്കിയിരിക്കുന്നു.

സ്ത്രീ, വംശം നിലനിറുത്തുന്നതിനു സന്താനം ഇല്ലെന്നു കണ്ടാൽ ചിറകററ പക്ഷി എന്നപോലെ നിരാശ്രിതയാണു്. എന്നാൽ, നമ്മുടെ കഥാനായികക്കാകട്ടെ, വംശത്തെപ്പററിയോ, സന്താനത്തെപ്പററിയോ ദുഃഖമൊന്നുമില്ല. അതു് ആലോചിക്കുവാൻപോലും

അവൎക്കു സമയമില്ല. ചിന്നമ്മ ഇവിടെ ഖേദിക്കുന്നതു് മനുഷ്യസേവനത്തിനു് ജീവിതം സമൎപ്പിച്ച തന്നെ തുടൎന്നു് ആരെയും കാണുന്നില്ലല്ലോ എന്നതിൽ മാത്രം. ചിന്നമ്മയുടെ വംശം നിലനിറുത്തുന്ന സന്താനത്തെ നോക്കുക. സേവനത്തിനൊരു പിൻഗാമി അവർ കണ്ടില്ല.

ചിന്നമ്മയുടെ ധാത്രീത്വത്തിലുള്ള നൈപുണി ഈ ഗ്രന്ഥത്തിൽ പലയിടത്തും വന്നിട്ടുണ്ടു്. എന്നാൽ ശ്രീ. തീൎത്ഥപാദപരമഹംസരെ അദ്ദേഹത്തിന്റെ ആപല്ക്കരമായ സുഖക്കേടു കാലത്തു ചിന്നമ്മ ശുശ്രൂഷിച്ചതാണു് ശുശ്രൂഷ. എന്തെല്ലാം കാൎയ്യങ്ങളാണു് നേരം വെളുത്താൽ തല ചായ്ക്കുന്നതുവരെ (ഉറങ്ങുന്നതുവരെ) ചിന്നമ്മയ്ക്കുള്ളതെന്നു പ്രിയവായനക്കാരോടു് ഇനി പറയേണ്ടതില്ല. പ്രത്യേകിച്ചും അവരുടെ ആരോഗ്യം നിപതിച്ചുതുടങ്ങിയിട്ടു കാലം കുറേ ആകയും ചെയ്തിരിക്കുന്നു. ഉറങ്ങാതെ ഇരിക്കുക അവൎക്കു സാദ്ധ്യമല്ല. എങ്കിലും കണ്ണു പൂട്ടാതെ അടുത്തിരുന്നു അനവധി നാൾ അഹോരാത്രം ശുശ്രൂഷിച്ചതിന്റെ ഫലം മാത്രമായിരുന്നു ആ പതനത്തിൽനിന്നും സ്വാമി രക്ഷപ്പെട്ടതെന്നു്, വാഴൂർ ആശ്രമത്തിലെ അദ്ദേഹത്തിന്റെ ശിഷ്യന്മാർ പറയുന്നു. ചിന്നമ്മ എത്ര വൃത്തിയോടുകൂടി ഓരോന്നും എടുത്താലും, സ്വാമി ചിലപ്പോൾ വൃത്തിയില്ലെന്നു പറഞ്ഞു് നിശിതമായി ശാസിക്കും. അപ്പോൾ നെല്ലിപ്പലക ഇറക്കിയ കിണററിലെ വെള്ളമേ സ്വാമി കുടിക്കുക ഉള്ളൂ. അതിലേയ്ക്കു ചിന്നമ്മ തന്നെ അകലെ ഉള്ള കിണററിൽ പലപ്പോഴും കുടവുമെടുത്തുകൊണ്ടു് വെള്ളത്തിനായി

പോകും. ഇതെല്ലാം ഒരുക്കിയാലും സ്വാമിയുടെ ശാഠ്യം ദുസ്സഹമായിരുന്നു. ചിലപ്പോൾ അല്പം ചൂടു കുറഞ്ഞതാണു് പാനീയമെങ്കിൽ സ്വാമി ചോദിക്കും: "നിങ്ങൾ എന്നെ കൊല്ലാനാണു തുടങ്ങുന്നതു് അല്ലേ?" ഇതെല്ലാം ചിന്നമ്മ സസന്തോഷം സഹിച്ചിരുന്നു. ഇതു കണ്ടിട്ടു് ഒരാൾ ചിന്നമ്മയോടു ചോദിച്ചു:—"അമ്മയ്ക്കു്, ഉദ്യോഗം ഉണ്ടു്; മഠിടം ഉണ്ടു്; മററു നൂറുനൂറുകൂട്ടം പൊതുകാര്യങ്ങൾ ഉണ്ടു്;—ഇതിന് ഒരു നഴ്സ് മതിയാകുമല്ലോ. ഈ ശാസന അമ്മ എങ്ങനെ സഹിക്കുന്നു?"

ചിന്നമ്മ, "അതേ, ഈ ശാസനം തന്നെയാണു്, എന്നെ, എനിക്കറിയാറാക്കിയിട്ടുള്ളതു്. സഹിച്ചു് ഈ ഘട്ടത്തിൽ എന്റെ ഗുരുവിനെ ഞാൻ പരിചരിച്ചില്ലെങ്കിൽ എനിക്കു വളർച്ചയില്ല."

സ്വാമിജിയുടെ സുഖക്കേടു കുറഞ്ഞുതുടങ്ങി. ശുശ്രൂഷക നിവന്നു് ആശ്വസിച്ചുതുടങ്ങി. സുഖക്കേടു് കുറഞ്ഞു എന്നു കണ്ട രാത്രി കഴിഞ്ഞു് അടുത്ത പ്രഭാതത്തിൽ സ്വാമിജി ചിന്നമ്മയോടു പറഞ്ഞു:—"ദേവീ! ഞാൻ കടലിൽവീണു പിടയുകയായിരുന്നു. ശ്വാസം പോകുമെന്ന ഘട്ടത്തിൽ, ഒരാൾ വള്ളവുമായിവന്നു്, എന്നെ വള്ളത്തിൽ കയററി. അയാൾ തന്നെ തുഴഞ്ഞുവന്നു എന്നെ കരയ്ക്കിറക്കി. കഷ്ടം! ഞാൻ ഇറങ്ങി തിരിഞ്ഞു നോക്കിയപ്പോൾ എന്നെ രക്ഷിച്ച ആ വള്ളക്കാരൻ വള്ളത്തോടെ മുങ്ങുന്നതാണു് ഞാൻ കണ്ടതു്." ഇതു് സ്വാമിജിയുടെ സ്വപ്നമായിരുന്നു. അദ്ദേഹം ക്രമേണ ആരോഗ്യവാനായിത്തീർന്നു. ഈ സംഭവം എന്തിനെയാണു് സൂചിപ്പിക്കുന്നതെന്നു് വായനക്കാർക്കു് അടുത്തു അറിയാറാകും.

മന്ദിരം സന്ദർശിക്കാനായി സ്വാമി തീർത്ഥപാദർ പലപ്പോഴും പോയിരുന്നു. ഒരിക്കൽ മന്ദിരവാസിനിയായ ഒരു യുവതി ചെന്നു് "സ്വാമി വന്നിരിക്കുന്നു" എന്നു വളരെ പതുക്കെ ചിന്നമ്മയോടു പറഞ്ഞു. കേട്ടുകൊണ്ടു ചിന്നമ്മ തിരിഞ്ഞു് "നിങ്ങൾ സ്വാമി വന്നിരിക്കുന്നു എന്നു പറഞ്ഞ സ്വരവും അനുനയവും ഒരു കാമുകിയോടു കാമുകൻ വന്നിരിക്കുന്നുവെന്നു രഹസ്സിൽ ചെന്നു അറിയിക്കുംപോലെയാണു്. ഉറക്കെപ്പറയുക 'സ്വാമി വന്നിരിക്കുന്നു' എന്നു്. അദ്ദേഹം എന്റെ ഗുരുവാണു്. ഒന്നും മറയ്ക്കരുതു്. ഒന്നും ഒളിക്കരുതു്. അന്തശ്ശുദ്ധിക്കായി എല്ലാം തുറന്നുപറയുക. അതു ശീലിച്ചാൽ നിങ്ങൾക്കു പതുക്കെ പറയത്തക്കവണ്ണമോ ഒളിക്കത്തക്കവണ്ണമോ പിന്നെയൊന്നും കാണുകയില്ല. അതു ശീലിക്കാത്തതുകൊണ്ടാണു പരിശുദ്ധിയുള്ള കാര്യങ്ങൾപോലും മലിനപ്പെടുത്തി നിങ്ങൾ പുറത്തുകാണിക്കുന്നതു്. 'സ്വാമി വന്നിരിക്കുന്നു എന്നുള്ളതു എത്ര പരിപൂതമായ വാർത്ത!"

"അഹം ബ്രഹ്മാസ്മി" എന്ന അഗാധ അനുഭവത്ത ആദ്ധ്യാത്മികചിന്തയിൽ ചിന്നമ്മ മുഴുകിയിരിക്കുന്നു: അവർ സജീവരിൽ കാരുണ്യം പെയ്തുകൊണ്ടിരിക്കുന്നു. അക്കാലത്തെ ഒരീഴവസഹോദരൻ പറയുന്നു. "അമ്മയെ ഞാൻ പലതവണ കണ്ടിട്ടുണ്ടു്. ഒരിക്കലും ജടിലമായ ജാതിഭാവനകൾ അമ്മയിൽ കണ്ടിരുന്നില്ല. ഒടുവിലത്തെ ഘട്ടത്തിൽ ജഡബുദ്ധി എന്നാക്ഷേപിക്കത്തക്ക വിശേഷിപ്പിക്കപ്പെട്ടതിലൊക്കെത്താലും അമ്മയുടെ അറിവു

എന്നു നിലയായി. ഒടുവിൽ സൎവംത്യജിച്ച ഒരു യോഗിനിയുടെ സാമീപ്യമായിരുന്നു അമ്മയുടെ സാമീപ്യം.”

“മകനേ, ഞാൻ ഇനി അധികം ജീവിക്കയില്ല.” എന്നു ഇയ്യിടെ ഒരിക്കൽ പത്തനംതിട്ട പള്ളിക്കൂടം പരിശോധന കഴിഞ്ഞു മടങ്ങുമ്പോൾ കൂടെ ഉണ്ടായിരുന്ന ഇളയ (ഒടുവിലത്തെ) മകനോടു ചിന്നമ്മ പറയുക ഉണ്ടായി. ഒരു ജ്യോതിഷം അപ്രകാരം പറഞ്ഞിട്ടുള്ളതായും മിക്കവാറും അതു ശരിയാവാൻ വകയുള്ളതായും അവർ മകനെ കേൾപ്പിച്ചു. അന്നുകഴിഞ്ഞു പിന്നെയും ദിവസങ്ങൾ ഒട്ടുപോയി.

ആയിരത്തി ഒരുനൂററിയാറു ഇടവത്തിൽ തിരുവനന്തപുരത്തു വന്നിരുന്ന പണ്ഡിററ് ജവഹർലാൽനെഹ്റു നമ്മുടെ അഗതിവനിതാമാതാവിന്റെ പ്രവൎത്തനങ്ങളെപ്പററി കേൾക്കുകയും മഹിളാമന്ദിരം സന്ദർശിക്കുകയും ചെയ്തു കഥാനായികയുടെ അവസാനമായിക്കണ്ട പ്രശസ്ത ഭാരതപുത്രൻ പണ്ഡിററ് നെഹ്റുവായിരുന്നു.

നൂററി ആറു മിഥുനം പതിനാറാം തിയതിയോടുകൂടി ഒരു ചെറിയ ജലദോഷപ്പനി കഥാനായികയെ ബാധിച്ചു. അതിനാൽ, മററദ്ധ്വാനങ്ങൾ കൂടാതെ മൂന്നു ദിവസം വിശ്രമിച്ചു. നാലാംനാൾ ഉച്ച കഴിഞ്ഞതിനു ശേഷം അപ്പോൾ കൂടെ ഉണ്ടായിരുന്ന ഇളയ മകനെ വിളിച്ച് “മകൻ തിരുവനന്തപുരത്തുപോയി അപ്പനെ കൂട്ടിക്കൊണ്ടു വരണം. എനിക്കൊന്നു കാണണം എന്നു മാത്രം പറയുക,” ഇങ്ങനെ പറഞ്ഞിട്ടു സ്വസ്ഥമായി കിടന്നു.

അന്നു സമീപത്തുള്ള (തിരുവല്ലയിൽ) ക്ഷേത്രങ്ങളിലെല്ലാം വഴിപാടുകൾ കൊടുക്കുന്നതിനു ഏർപ്പാടുചെയ്തു. എല്ലാ മതതത്വങ്ങളും ഒന്നാണെന്നു അറിയാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ചിന്നമ്മ ഒന്നാം കിടയിലുള്ള ഹൈന്ദവ വനിതയത്രേ. അവർ സംസാരിക്കുന്നതും എഴുതുന്നതും എല്ലാം ഹിന്ദുമതത്തിലൂടെ ആണെന്നു പറയാം. അവർ എഴുതുന്ന കത്തുകളുടെ തുടക്കംപോലും ഹൈന്ദവമുദ്ര കൊണ്ടു അടയാളപ്പെടുത്തിയിരുന്നു. പ്രായേണ കത്തുകളുടെ ആദ്യം "ഓം തത് സത്" എന്നു കാണിച്ചിരുന്നു. തന്നിൽനിന്നു എന്തെങ്കിലും നന്മ കാണാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അതെല്ലാം ഹൈന്ദവമതത്തിലുള്ളതാണെന്നും തിന്മകളെല്ലാം തന്റേതാണെന്നും ചിന്നമ്മ പറയുമായിരുന്നു.

൧൯-൧൧-൧൦൬ നേരം വൈകിത്തുടങ്ങി. ഈ ദിവസം നമ്മുടെ കഥാനായിക പതിവുള്ള പ്രാർത്ഥനയ്ക്കായി എണീററില്ല. പൂജമുറിയിൽ വിളക്കു കത്തിച്ച്, പൂജനടത്തുവാൻ അവിടെയുണ്ടായിരുന്ന ഒരു സ്ത്രീയോടു അവർ പറഞ്ഞു. പൂജകഴിഞ്ഞു പ്രസാദത്തെ പ്രതീക്ഷിച്ചുകൊണ്ടു പൂജമുറിയ്ക്കെതിരെ ഉള്ള കിടക്കയിൽ ചിന്നമ്മ കിടന്നു.

വിളക്കു കത്തിച്ചു. ഇന്നുവരെയില്ലാത്ത ഒരു സംഭവം അവിടെക്കണ്ടു. കത്തിച്ച ഉടൻ പൂജാചിത്രത്തിന്റെ മുമ്പിൽ വിളക്കണഞ്ഞു. വിളക്കു തുളുമ്പെ എണ്ണ ഒഴിച്ചിട്ടുണ്ടായിരുന്നു. അവിടത്തെ അന്തരീക്ഷം ആകെയും നിർജ്ജീവമായിക്കണ്ടു. എന്നത്തെയും സുഗന്ധോല്ലാസിസന്ധികളായ പൂക്കൾ. അന്നു നിഷ്പ്രഭങ്ങളും നഷ്ടഗന്ധികളുമായിക്കണ്ടു. നോക്കിക്കിടന്നിരുന്ന ചിന്നമ്മ ചോദിച്ചു:

"ഇവിടത്തെ വിളക്കണഞ്ഞു അല്ലേ?" എന്നുമാത്രം. ഇതായിരുന്നു നമ്മുടെ അഗതിപന്നിത്രാണാതാവിൻെറ ഒടുവിലത്തെ വാചകം. അവിടെ ക്രൂരിരുട്ട വീണതുപോലെ തോന്നി. രണ്ടാമതും വിളക്കു കത്തിച്ചു. അപ്പോൾ വിളക്കണഞ്ഞതുകൊണ്ട എങ്കിലും, പിന്നീട ചിന്നമ്മ ഉരിയാടിയതില്ല.

മകനിൽനിന്നും, തൻെറ പ്രാണപ്രേയസിയുടെ സുഖമില്ലാത്ത അവസ്ഥയും, കാണണം എന്നുള്ള ആഗ്രഹവുംകൂടി കേട്ടപ്പോൾ ശ്രീ. കുമാരപിള്ള കുട്ടംതന്നെ താമസിയാതെ ചിന്നമ്മയെ വിദ്യാഭ്യാസത്തിനായി അഞ്ചാം വയസ്സിൽ തിരുവനന്തപുരത്തേയ്ക്കു കൊണ്ടുപോരിക ഉണ്ടായ ശ്രീമതി ജാനകിഅമ്മയുമായി തിരുവല്ലയിലേയ്ക്കു തിരിച്ചു. അവർ ചിന്നമ്മയുടെ ഭവനത്തിലെത്തി. അപ്പോൾ രാത്രി മണി പന്ത്രണ്ടുകഴിഞ്ഞിരുന്നു. ഭർത്താവും സഹോദരിയും മകനോടൊത്തു കാണാൻ വന്നിട്ടുള്ള വിവരം ചിന്നമ്മ അറിഞ്ഞു. ചിന്നമ്മ, തുടൻ്റാങ്ങവാൻ കഷ്ടപ്പെടുന്നതു കണ്ടിട്ട്, ശ്രീ കുമാരപിള്ള, 'പിന്നെ സംസാരിക്കാം. ഒന്നു കുളിക്കട്ടെ' എന്നുപറഞ്ഞുകൊണ്ട് കുളിപ്പാനായിപ്പോയി. കുളികഴിഞ്ഞു മടങ്ങി. മണി രണ്ടിനോടു സമീപിച്ചു. ശ്രീ. കുമാരപിള്ള ചിന്നമ്മയെ ഒന്നു രണ്ടു വിളിച്ചു; വിളികേട്ടില്ല. ശരീരത്തിൽ തട്ടി വിളിച്ചുനോക്കി; അനക്കമില്ല. ആർക്കും അറിയാൻ കഴിഞ്ഞിട്ടില്ല, ഈ ഭാരതപുത്രി എപ്പോഴാണ് എങ്ങിനെയാണ് ഇഹലോകവാസം വെടിഞ്ഞതെന്ന്. അവർ സ്വസ്ഥയായി ഉറങ്ങാൻ കിടന്നു: അത്ര അറിയാവൂ.

ആ രാത്രിതന്നെ മൃതശരീരം "ഇന്നു കേരളത്തിലുള്ള ഏററവും വലിയ അഖിലരാജ്യഹിന്ദുകുടുംബമായ മഹിളാ മന്ദിര"ത്തിലേയ്ക്കു കൊണ്ടുവരപ്പെട്ടു (ആദ്യം മന്ദിരത്തിനടുത്തുള്ള ഗ്ലാഡ്സ്റ്റൺലാഡ്ജിലും പിന്നീടു മന്ദിരത്തിലും)

അഗ്നിപർവ്വതം പൊട്ടി ഉരുകിയാൽ മനുഷ്യർ കാണിക്കുന്ന സംഭ്രാന്തി എന്തായിരിക്കുമെന്നു വായനക്കാർ ഊഹിച്ചുകൊള്ളുക. സർവ്വവും പൊള്ളിക്കുന്നവ; പാത്രങ്ങൾ, മുഖങ്ങൾ, സംഭാഷണങ്ങൾ സർവവും അലിയിക്കുന്നവ. ശത്രുവും മിത്രവും ഇന്നു ഏകോപിച്ചു കണ്ണീരൊഴിക്കുന്നു.

ഏകാന്തമായി തന്റെ അനാഥക്ക് രക്ഷണത്തിനു വക കാണാതെ അശരണയായി മന്ദിരാംബ എത്രയോ ദിവസം മന്ദിരത്തിലെ മുറികളിൽ കരഞ്ഞിരുന്നു! അന്നു അവർ ഏതിന്നു ഏകയായിരുന്നു. അന്നു ആ ഒരു മുഖത്തിൽനിന്നേ കണ്ണുനീർ ധാരധാരയായി പാവങ്ങൾക്കുവേണ്ടി ഒഴുകിയിരുന്നുള്ളൂ. അതു ഈശ്വരനെല്ലാതെ മററാരും അറിഞ്ഞിരുന്നുമില്ല. ഇതാ, ഇന്നു, മന്ദിരത്തിലെ അനാഥരും നഗരിയിലെ സനാഥരും ഒരുപോലെ കരയുന്നു. ആ മുററവും മുറികളും നിറയെക്കൂടി കരയുന്നു. ആർക്കും അസൂയയില്ല. അസൂയ ആരെയും ദ്രോഹത്തിന് പ്രേരിപ്പിക്കുന്നില്ല. എതിർപ്പില്ല. നിന്ദയില്ല ഒരു മഞ്ഞ ഷാളും പട്ടും പുതച്ച് മന്ദിരഭവനത്തിൽ ദീർഘനിദ്രയിൽ ലയിച്ചിരുന്ന ചിന്നമ്മയുടെ ചുററും നഗരത്തിലെ ബിരുദധാരിണികൾ ഉൾപ്പെടെ പല വനിതകളും, ഇരുന്നു ഓരോന്നു പറഞ്ഞു കേഴുന്നു; കേഴുന്നു.

ശ്രീ. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, ജസ്റ്റീസ് ജി ശങ്കരപ്പിള്ള തുടങ്ങിയുള്ള സഹൃത്തുക്കൾ നഷ്ടചേഷ്ടന്മാരായി മന്ദിരമുററത്തു നോക്കിനില്ക്കുന്നു. സീമന്തപുത്രൻ ഇഞ്ചിനീയർ ശ്രീധരൻനായർ ചിന്നമ്മയുടെ അന്ത്യകർമ്മങ്ങൾ നടത്തി. "സ്വജീവിതത്തിന്റെ ഭൗതികസ്വരൂപമായ ആ മഹാധർമ്മസ്ഥാപനത്തിൽതന്നെ ആ മഹതിയുടെ ഭൗതികാവശിഷ്ടം അന്ത്യവിശ്രമമടഞ്ഞു." അന്നത്തെ പത്രങ്ങളിലെ മുഖപ്രസംഗങ്ങൾ ഹൃദയസ്പൃക്കുകളാണ്. മാതൃകയ്ക്കു, അന്നു നടന്നിരുന്ന 'സർവീസി'ൽനിന്നും അല്പം ഇവിടെ ഉദ്ധരിക്കുന്നു.

"കേരളമടക്കം മാതാവായി പൂജിക്കുന്ന ഹിന്ദു മഹിളാമന്ദിരാധിപ ശ്രീമതി ചിന്നമ്മ അവർകൾ ഇന്നലെ രാത്രി രണ്ടുമണിക്കു തിരുവല്ലായിൽ വച്ചു അപ്രതീക്ഷിതമായി അകാലചരമം പ്രാപിച്ചിരിക്കുന്നു എന്ന വാർത്ത ഞങ്ങളെ സ്തംഭിപ്പിച്ചിരിക്കുന്നു. ഇത്രയും സങ്കടകരമായ ഒരു മഹാനഷ്ടവാർത്ത ഈ അടുത്ത കാലത്തെങ്ങും കേരളത്തിലുണ്ടായിട്ടില്ല. എന്നല്ല കേരളോല്പത്തിക്കുശേഷം ഇതിനു മുമ്പെങ്ങും ഇത്ര സങ്കടകരമായ ഒരു മഹതീനഷ്ടം കേരളത്തിനുണ്ടായിട്ടുള്ളതായും ഞങ്ങൾ അറിയുന്നില്ല. കേരളമടക്കം ജാതിമതഭേദമെന്യേ പുംസ്ത്രീഭേദമെന്യേ ഇത്ര സാർവത്രികമായും ഹാർദ്ദമായും സ്നേഹിക്കയോ ആദരിക്കയോ ചെയ്തിട്ടുള്ള ഒരു മഹതിയും വേറെയുണ്ടെന്നു തോന്നുന്നില്ല. അങ്ങിനെയുള്ള ശ്രീമതി ചിന്നമ്മയുടെ ജീവിതത്തിന്റെ മഹത്വവും നഷ്ടത്തിന്റെ മഹത്വവും ചിന്താതീതമാകുന്നു. ഈ വാർത്ത കേരളത്തെ ആകമാനം സ്തംഭിപ്പിക്കുന്നതാണ്."

"ശ്രീമതി ചിന്നമ്മയ്ക്കു നാല്പത്തെട്ടു വയസ്സേ ആയിട്ടുള്ളു. കേരളീയ ഹിന്ദുമഹിളകൾക്ക എന്നല്ല; ഭാരതീയ ഹിന്ദുമഹിളകൾക്കതന്നെ സമുദായസേവനത്തിന ഒരുത്തമമാതൃക കാണിച്ചുകൊടുക്കുന്നതിനുള്ള അതിശ്രമത്താലുണ്ടായ അനാരോഗ്യക്ഷയത്താൽ ചിലപ്പോൾ ചില അസുഖങ്ങൾ ശ്രീമതി ചിന്നമ്മയെ പീഡിപ്പിക്കാറുണ്ടായിരുന്നെങ്കിലും സാരമായ യാതൊരു സുഖക്കേടും ആ മഹതിക്കുണ്ടായിരുന്നില്ല. അതിനാൽ ഈ അകാലചരമം ഏററവും അപ്രതീക്ഷിതമായിരുന്നു. കേരളം എങ്ങിനെ ഇതു സഹിക്കും എന്നു ഞങ്ങൾ അറിയുന്നില്ല.

"ശ്രീമതി ചിന്നമ്മയ്ക്കു കേരളത്തിൽ ഉള്ള സ്ഥാനം യഥാർത്ഥത്തിൽ അദ്വിതീയമാണ്. ഈ മഹിളയോളം നിസ്വാർത്ഥമായ സമുദായസേവനത്തിൽ ഉത്സുകയും ഏതു ക്ലേശങ്ങളേയും സഹിച്ച് ഉന്നതാദർശത്തെ ലക്ഷ്യമാക്കി നിരന്തരപരിശ്രമം ചെയ്യുന്നതിന വാശിയുമുള്ളവരും, നിരാശ്രയജീവികളെ സ്വന്തകുഞ്ഞുങ്ങളെപ്പോലെ സ്നേഹിച്ചു വളർത്തി ആനന്ദിക്കുന്നതിനുള്ള സമചിത്തതയോ ഹൃദയവിശാലതയോ ഉള്ളവരും ആയ മററാരു മഹതിയെ, കേരളത്തിൽ, ഹിന്ദുസമുദായത്തിൽ കാൺമാൻ സാമാന്യജനങ്ങൾക്ക സാധിച്ചിട്ടില്ല........ഈ മഹതി വെറും പ്രസംഗംകൊണ്ടോ ഉപദേശംകൊണ്ടോ അല്ല സമുദായസേവനം ചെയ്തുകൊണ്ടിരുന്നത്. 'ഹിന്ദുമഹിളാമന്ദിരം' എന്നു, കേരളത്തിലെ—ദക്ഷിണേന്ത്യയിലെ ഏക ഹിന്ദുസ്ഥാപനം—ഭാരതത്തിലെതന്നെ പ്രഥമസ്ഥാപനം ഈ മഹിളാരത്നത്തിന്റെ ഉത്സാഹത്തിൽ ഉണ്ടാക്കിയതും വളർത്തിയതും ആയ ഒരു വമ്പിച്ച

"സ്ഥാപനമാകുന്നു. പ്രസ്തുതമായ ഏതു പ്രസ്ഥാനത്തിൽ പ്രവേശിക്കുന്നവർക്കും അത്രത്ര പ്രയോജനകരമായിരുന്നാലും യഥാസ്ഥിതികന്മാരായ പല പ്രഭുക്കന്മാരുടേയും സമുദായദ്രോഹികളുടെയും തടസ്സമുണ്ടാകുക സാധാരണമാണെല്ലാം. അപ്രകാരം ശ്രീമതി ചിന്നമ്മയ്ക്കു സ്ത്രീകളും പുരുഷന്മാരുമായ പലരുടെ ശകാരങ്ങളെ സഹിക്കയും തടസ്സങ്ങളെ തരണം ചെയ്കയും........ചെയ്യേണ്ടതായി വന്നിട്ടുണ്ട്........ഇതിൽപ്പരം ഒരു നഷ്ടം കേരളത്തിനും കേരളീയ മഹിളകൾക്കും ഹിന്ദുസമുദായത്തിനും ഇനി ഉണ്ടാവാനില്ല."

നമ്മുടെ കഥാനായിക പാവപ്പെട്ട വേലക്കാരെ എത്രത്തോളം സ്നേഹിച്ചിരുന്നുവെന്നു നോക്കുക. ഈ ചുട്ടു പഴുത്ത വാർത്ത നാടെങ്ങും പരക്കവേ, വാഴൂർ തീർത്ഥപാദാശ്രമത്തിന്നടുത്തു കെട്ടിടം പണിയിലേർപ്പെട്ടിരുന്ന വേലക്കാരുടെ ചെവിയിലും എത്തുകയുണ്ടായി. പുലർന്നു മണി പതിനൊന്നു ആയതേയുള്ളു. വാർത്തകേട്ട വേലക്കാർ ഇതികർത്തവ്യതാമൂഢരായി, അവരവരുടെ വേലയ്ക്കുള്ള ഉപകരണങ്ങളെയും ദൂരെ വലിച്ചെറിഞ്ഞിട്ടു ഭ്രാന്തർ എന്നപോലെ അവർ ഓടിപ്പോയി, കൂടുതൽ വാർത്ത കേൾക്കുന്നതിനു, പട്ടണത്തിൽനിന്നും വാഹനങ്ങളും ആളും വരുന്ന രാജപാതക്കവലയിൽ കൂട്ടംകൂടി.

അവിടെ മാത്രമല്ല, പല സ്ഥലത്തും വേലക്കാർ സ്വയം വേലമുടക്കി. ദുഃഖസൂചകമായി പല (പ്രൈവറ്റ്) വിദ്യാലയങ്ങളും അടയ്ക്കപ്പെട്ടു. നാട്ടിലെയുള്ള അദ്ധ്യാപികമാരും അദ്ധ്യാപകന്മാരും, മററു ജനതതിയും

അനുശോചനയോഗങ്ങൾ കൂടുകയും ശൽഗദംകൊണ്ടു പ്രസംഗങ്ങൾ ഭംഗപ്പെട്ടു ദുഃഖഭാരിതമായ മുഖങ്ങളോടെ പിരിഞ്ഞുപോകുകയും ചെയ്യുന്ന യോഗങ്ങൾ പലതും കാണുമാറായി. തിരുവനന്തപുരത്തു കൂടിയ യോഗത്തിൽ ശ്രീമത്തിരോട്ടു എം. എൻ. നാരായണപിള്ള വിരചിച്ചു വായിച്ചു അനുശോചനപദ്യങ്ങൾ സഭാവാസികളെ ദുഃഖംകൊണ്ടു് മരവിപ്പിക്കുകതന്നെ ചെയ്തു. ആ പദ്യങ്ങൾ —:

ഫ. "ഹാ കഷ്ടം ദുഃഖവാരാന്നിധിയിലിവരടി-
ഞ്ഞുപ്പുനീർബാഷ്പവാഷ്പാ
ലാകം മട്ടേന്തുമാറിക്കഠിനവിധി വിധിച്ചോരു നീങ്ങി-
ഞ്ഞരീതി.
ആകാം എന്തും നമുക്കെന്നഴമപലരണം തത്രകാട്ടും-
വിധംസപർ-
ലോകം പൂകാനകാലത്തരുളി മഹതിയാമമ്മ ചിന്നമ്മ-
തന്നെ"

ഒ. "പോയി നമ്മൾക്കുനല്ലാർ ജനമണി-
മണിയാമമ്മയാദർശദീപം
പോയീധർമ്മകകർമ്മപ്രകടന മഹിളാമന്ദിരസ്തംഭ-
മിപ്പോൾ
പോയീ സാമൂഹ്യബന്ധത്തികവിനരുണമാനുള്ള-
നിസ്വാർത്ഥധാമം
പോയീ ദുഃഖപ്രവാഹപ്രളയമതിലിതാ കേരളം-
സാധുലോകം"

ന. "ധർമ്മിഷ്ഠോൽബോധപുഷ്പാഞ്ജലിസകല-
വുമീ മന്ദിരോദ്ധാരണാർത്ഥം

നമ്മാൽ ചെയ്യേണ്ടുകർമ്മം തുടരുവതിലുമിത്യാഗമാം-
ചാമ്പലിന്നും
നിർമ്മായപ്രൗഢസംപൂജ്യതയുമഖില നേതൃ-
പ്പീഠം കൈകവരുത്തി-
ട്ടമ്മാന്യാത്മപ്രശാന്തിക്കൊരുവഴിയരുളാമമ്മ എന്നും-
ജയിപ്പൂ."

ചിന്നമ്മയോട്ട് ഉടനേതന്നെ, മന്ദിരകാര്യങ്ങളിൽ പലപ്പോഴും സഹകരിച്ചിരുന്ന മനസ്വിനിയായ ശ്രീ. പി. തങ്കമ്മ മന്ദിരഭരണം ഏറെറടുത്തു.

വായനക്കാരിൽ ചിലക്ക് വല്ലായ്മ തോന്നിയേക്കാം, ഗ്രന്ഥകാരൻ ചുവടേ പറയുന്ന ഒരു കാര്യത്തിൽ. ജനങ്ങൾ കൂട്ടമായി വ്യഥപ്പെടുന്നതു നാം കണ്ടു. എന്നാൽ ചിന്നമ്മയെ പിൻതുടൻ സേവനത്തിനു രംഗത്തുവരാനോ, ചുരുക്കത്തിൽ ഒരു ജനകീയവിജയത്തിൻെറ ലക്ഷ്യമായിട്ടു, നിതാന്തവന്ദ്യയായ ചിന്നമ്മയുടെ ഒരു സ്മാരകസ്തംഭം സ്ഥാപിക്കുവാനോ അതുമല്ലെങ്കിൽ ആദായം മുതലാളിമാരെക്കൊടുത്തുകൊണ്ട്, കേവലം ഗതിയില്ലാത്ത നിരാലംബക്ക് എങ്കിലും പ്രവൃത്തിചെയ്തു ജീവിക്കുവാൻ അവരുടെ പേരിൽ ഒരു തൊഴിൽശാല സ്ഥാപിക്കുവാനോ ഉദ്യോഗിച്ച് ഒരൊററയാൾപോലും മുന്നോട്ടു വന്നിട്ടില്ലാത്തതു ഓർക്കുമ്പോൾ, ചിന്നമ്മതന്നെ ഒരു കത്തിൽ എഴുതിയിരിക്കുംപോലെ "ലോകത്തിന്റെ നാനാവശങ്ങളേയും പാർത്തുനോക്കി തൃപ്തിയടഞ്ഞ പരമാത്മാവിന് ഈ കാണുന്ന കാഴ്ചകളും പാറച്ചിലുകളെല്ലാം അന്യത്വമായിട്ടല്ലാതെ വിചാരിപ്പാൻ ന്യായമില്ല" എന്നതിനോടുകൂടി ഗ്രന്ഥകാരനും യോജിക്കാതെ തരമില്ല.

ബ്രിട്ടീഷ് ഇൻഡ്യയിൽ നോക്കുക, പ്രശസ്തരായ ഭാരതപുത്രന്മാരുടെ പേരിൽ നടത്തപ്പെടുന്ന പല സ്ഥാപനങ്ങളും

യശഃസ്തംഭങ്ങളും ഇതേ ഈ ഇംഗ്ലീഷുഭരണം തുടങ്ങിയതിൽ പിന്നിട്ടുതന്നെയാണു് ഉണ്ടായിട്ടുള്ളതു്. അവർ(ബ്രിട്ടീഷ് ഇൻഡ്യയിലെ ഭാരതീയർ) ഇതേ ഇംഗ്ലീഷുഭരണകാലത്തു തന്നെയാണു് വരുന്ന അനവധി നൂററാണ്ടുകളിൽ നിൽക്കേണ്ട സ്വാതന്ത്ര്യബോധം ആകുന്ന അഭേദ്യമായ ദേശീയ ദുർഗ്ഗം ജനഹൃദയങ്ങളിൽ ഉറപ്പിച്ചിട്ടുള്ളതും.

നമ്മുടെ കണ്ണുനീരിനു് അർത്ഥമില്ലെന്നല്ലാ, മാപ്പിരന്നുകൊണ്ടിപ്പറഞ്ഞതിൽനിന്നും ഗ്രഹിക്കേണ്ടതു്. നമ്മുടെ ഒരു കഴിവില്ലായ്മ നമ്മുടെ എല്ലാ വളർച്ചയേയും നിഹനിച്ചുകൊണ്ടു് നമ്മെ നിലം പതിപ്പിച്ചിരിക്കുന്നു. അതെന്താണെന്നു വായനക്കാർ സ്വയം തീർച്ചപ്പെടുത്തുക.

പച്ച മാംസവും ഭുജിച്ചു്, മരംതോറും ഭുജബലവും പരീക്ഷിച്ചുകൊണ്ടു് കാടോടിയായി നടന്നിരുന്ന പുരുഷന്റെ പരമ്പരയ്ക്കു് ഇന്നുവരെ ഉള്ള എല്ലാ പരിഷ്കൃതികൾക്കും പ്രേരകശക്തിയായി നിന്നതു് സ്ത്രീമാത്രമാണു്. ഈ കാടോടി മനുഷ്യനു്, പ്രേമം തുടങ്ങിയ മൃദുല വികാരങ്ങൾ ഉണ്ടാകുവാൻ കാരണക്കാരിയും സ്ത്രീ തന്നെ. പാമ്പിനെപ്പോലെ ചീറിക്കൊണ്ടിരുന്ന ആദിമ മനുഷ്യനെ ഞെട്ടിച്ചു വേദന ഉളവാക്കി, എല്ലാററിലും സ്ഥിതിചെയ്യുന്ന ഒരു മഹാശക്തിക്കു നാം വശഗരാണെന്നു പ്രസവവേദന തുടങ്ങിയ ക്ലേശങ്ങളെക്കൊണ്ടു് മനസ്സിലാക്കിച്ച സ്ത്രീയുടെ പരമ്പരതന്നെയാണു് ഇന്നത്തെ സ്ത്രീവർഗ്ഗവും. എന്നിട്ടു എന്തു പററി? പുരുഷൻ സ്ത്രീയിൽ കണക്കററു ലയിക്കുവാൻ (രസിക്കുവാൻ) തുടങ്ങിയതോടുകൂടി, അവൻ, തന്നോടു എല്ലാററിലും സഹകരിച്ചിരുന്ന സ്ത്രീയെ വീണ, തുടങ്ങിയ മധുരവിനോദ സാധനങ്ങളെ പട്ടറയിൽ പൊതിഞ്ഞു സൂക്ഷിക്കുന്നതു

E/102



പോലെ, ഭദ്രമായി വീട്ടിനകത്തു സൂക്ഷിക്കുവാൻ തുടങ്ങി. ഈ പതിവു് ഭൂമിയിൽ അനേകം സ്ഥലത്തും ഒന്നുപോലെതന്നെ ആയിരുന്നു. അപൂർവമായി ചരിത്രത്തിൽ ഈ പതിവിനെ ലംഘിച്ചു ചരിത്രം സൃഷ്ടിച്ചിട്ടുള്ള സ്ത്രീകളെ കാണാനുണ്ടെങ്കിലും പൊതുവെ സ്ത്രീയുടെ നില അടുത്ത കാലംവരെ പറഞ്ഞതുതന്നെ.

ജനപ്രബുദ്ധത കൈവന്നിട്ടുള്ള രാഷ്ട്രങ്ങളിലെ സ്ത്രീകൾക്കു, മുൻപുതന്നെ സാമുദായികമായി ഉയർച്ചകിട്ടിത്തുടങ്ങി. ജപ്പാനിലെ സ്ത്രീകൾ കഴിഞ്ഞ അറുപതു കൊല്ലങ്ങൾക്കുള്ളിൽ അമേരിക്കയിലെയും യൂറോപ്പിലെയും വനിതകളെ അതിശയിക്കത്തക്കവണ്ണം ഉയർന്നിട്ടുണ്ടു്. റഷ്യയിലെ പരിഷ്കൃതരായ ചില വനിതമാർ രാഷ്ട്രീകമായ കാര്യങ്ങളിൽ ഇടപെട്ടതിനാൽ ശിക്ഷയുടെ പരമാവധിവരെ അനുഭവിച്ചു ചരിത്രം സമ്പാദിച്ചിട്ടുണ്ടു്. ഏതാണ്ടു് ഇക്കാലത്തു് ഒരു സാധാരണ കുടുംബത്തിൽ ജനിച്ചു്, സാധാരണ പരിതഃസ്ഥിതികളിൽ വളർന്നു്, അസാധാരണ വിഷമങ്ങളോടെ പടപൊരുതു നിന്നു്, പുരുഷനും സ്ത്രീയ്ക്കും ആദർശപരമായ ഒരു വിശിഷ്ടാദർശത്തിനായി ജീവിച്ച ശ്രീ. ചിന്നമ്മ കേരളത്തിന്റേ എന്നല്ല, ഭാരതസ്ത്രീകളുടെ ആകെയും അഭിമാനസ്തംഭം തന്നെ അല്ലേ? നിരാർഭടയാണെങ്കിലും, ഉജ്ജ്വലയായ ഈ അഗതിവനിതാമാതാവിന്റെ ചിത്രങ്ങൾ ഓരോ ഭാരതീയസ്ത്രീയുടെയും ഭവനങ്ങളുടെ മുൻഭാഗത്തു സത്പ്രേരണകൾക്കുള്ള കാന്തിപ്രകർഷമായി പരിലസിക്കാതിരിക്കുമോ?

ശുഭം

# പുതിയ പുസ്തകങ്ങൾ

| | | | | |
|---|---|---|---|---|
| വിജയവിപ്ളവം (നാടകം) | | 1 | 8 | 0 |
| ഭഗ്നഹൃദയം | (നാടകം) | 1 | 8 | 0 |
| (By കറിച്ചിത്താനം) | | | | |
| കുളക്കടവിൽ | (ഹാസ്യകവിത) | 1 | 0 | 0 |
| (By മാസ്റ്റർ സുന്ദരം) | | | | |
| അമ്മ | (ചെറുകഥകൾ) | 0 | 8 | 0 |
| (By മതിൽഭാഗം) | | | | |
| ഇന്ദുമതി (ഡിററക്ററീവ് നാവൽ) | | 2 | 8 | 0 |
| (By തിരുക്കാട്ട് എം. കല്യാണിഅമ്മ) | | | | |
| ശശികല | (നാടകം) | 2 | 0 | 0 |
| (By N. P.) | | | | |
| നിർമ്മല | (നാവൽ) | 1 | 0 | 0 |
| (By കിളിമാനൂർ വി. നാരായണൻപോററി) | | | | |
| മാലിനീമാലിന്യം (നാവൽ) | | 3 | 0 | 0 |
| (By കെ. പി. നാരായണൻഉണ്ണി) | | | | |
| വിശ്വപ്രേമം | (നാടകം) | 1 | 4 | 0 |
| (By നടുവിൽമഠം) | | | | |

ശ്രീവിലാസ് പ്രസ്സ്

& ബുക്ക്ഡിപ്പോ,

തിരുവനന്തപുരം.